KOTTAYAM PUBLIC LIBRARY

Call No RM 294.5 NAI-S Acc. No 42796

Author നായർ, എം. കെ

Title ശബരിമലയുടെ ഇതിഹാസം.

REFERENCE



*An artist's impression of the FACT Pavilion at the International Fair, Madras, and at the Indian National Exhibition, New Delhi. Inspiration for the architectural motif has come from the temple at Tirupunithura, near Cochin.*

# On the banks of the River Periyar . . . a new temple

*For me, the temple or the gurdwara or the ıurch or the mosque to-day are the places ɦere human beings labour for the ɔod of humanity, of other human beings".*

— Jawaharlal Nehru

REFERENCE

ıladi, the hallowed birth-place of Adi ınkara, lies on the banks of the Periyar ver; so does Udyogamandal, the scene d setting of a new industrial complex— which FACT is the nucleus and the cal point. And one of Nehru's temples today!

orshippers at the altar of technology, en at FACT find the answer to their ayers in the fertilisers they produce. t their real mission goes beyond. hich is propagating the fertiliser lt...and winning new converts to it.

Ambalamedu, near Cochin, yet another mple' is taking shape. A Rs. 450-million ject with a production capacity of ,000 tonnes of ammonia and 330,000 nes of urea a year, it is being built by FACT Engineering & Design ganisation (FEDO).



*The FACT plant on the banks of the Periyar.*



*Activity at Ambalamedu, site of the Cochin Project.*

ACT ...foremost name in fertilisers!

THE FERTILISERS AND CHEMICALS TRAVANCORE LTD

ശരണമയ്യപ്പാ!

*Space donated by*

# K. P. P. GROUP OF CONCERNS

M/s. Kerala Nut Food Co.
M/s. Lakshman & Co.
M/s. Asiatic Export Enterprises
M/s. Indian Nut Products
M/s. Quilon Marine Produce Co.
M/s. P. Raghavan Pillai
M/s. Quilon Rubber Produce Co.
M/s. Poyilakkada Industrial & Trading Corp:
M/s. Poyila, Rubber & Plastics
M/s. Poyilakkada Enterprises

Importers, Exporters, Manufacturers, Processors, Cashews, Cashewnut Shell Liquid, Tobacco, Marine Products, Tin Containers, Estates, Tread Rubber, Rubber Moulded & Extruded Products etc.

SWAMI SARANAM

WHY ENGINEERS AND ARCHITECTS SPECIFY

# GLEAMCEM

WATERPROOF CEMENT PAINT

It Withstands Severe Weather Conditions
It Prevents Penetration of Moisture
It Gives Maximum Covering Area
It Is Available In 22 Pleasing Shades

*AND STILL CHEAPER TOO*

*Manufacturers:*

**THE ALANKAR INDUSTRIES**
**KOTTAYAM-1.**
(Phone 2500)

REFERENCE

---

SWAMI SARANAM

*With the best compliments from*

## M/S. V. K. CHELLAPPAN PILLAI

General Merchants & Commission Agents
**KOTTAYAM - KERALA.**

**STOCKISTS & DISTRIBUTORS FOR THE PRODUCTS:**

*M/s. Tata Oil Mills Co., Ltd.*
*,, Chesbrough-Ponds Inc.*
*,, Colgate Palmolive India (Pvt.) Ltd.*
*,, Rallis India Ltd.*
*,, Tata Fison Ltd.*
*,, Esso Standard Easten Inc.*

Telegrams: "BHADHRA"

Telephone 2305 / 2391 / 4054

NATIONAL BOOK STALL SPCS LTD. BR. KOTTAYAM

AYYAPPAN SARANAM

Space Donated By,

**PREMDEVAS** & **PIPESANS**

KOTTAYAM

Stainless Steel Merchants and Distributors for Medicines of Sadhana Awsadhalaya. Calcutta

KOTTAYAM

Dealers in Pipes Sanitary wares and Allied materials

---

PURE MILK HAS NO SUBSTITUTE

**Drink More Milk!** **Eat More Butter!**

For Milk, Curd, Butter, Ghee etc.

Contact

KOTTAYAM DISTRICT

Co-OPERATIVE MILK SUPPLIES UNION LTD. No. 3482

**KOTTAYAM.** Phone 2112

---

# ശബരിമലയുടെ ഇതിഹാസം

വിഷുവിനും മണ്ഡലത്തിനും മകരസംക്രമത്തിനും സന്നിധാനത്തിലുള്ള അയ്യപ്പസേവാസംഘം ആഫീസിൽ നിന്നും ഈ ഗ്രന്ഥം ലഭിക്കുന്നതാണ്. സംഘത്തിന്റെ കോട്ടയം ആഫീസിൽനിന്നും ഗ്രന്ഥം എല്ലായ്പ്പോഴും ലഭിക്കും.

# ശബരിമലയുടെ ഇതിഹാസം

42796

X

REFERENCE

അഖിലഭാരത അയ്യപ്പസേവാസംഘം പ്രസിദ്ധീകരണം

# THE GLORY OF SABARIMALA

First Published December 1968

Price Rs. 5.00

Published by

**ALL INDIA AYYAPPA SEVA SANGHOM**

R
294.535 095 483
NAI.S.

922.945

REFERENCE

# സ്വാമിശരണം

അഖിലഭാരത അയ്യപ്പസേവാസംഘത്തിൻെറ ചിരകാലമായുള്ള ഒരഭിലാഷമാണ് ഈ ഗ്രന്ഥം സാക്ഷാത്കരിച്ചിരിക്കുന്നതു്. ശബരിമലയുടെ സ്ഥലപുരാണവും ധർമ്മശാസ്താവിന്റെ പ്രശസ്തിയും ഉൾക്കൊള്ളുന്ന പ്രാമാണികമായ ഒരു ഗ്രന്ഥത്തിന്റെ അഭാവം ഈ പ്രസിദ്ധീകരണം പരിഹരിക്കും എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. വൈദികവും മതപരവുമായ ശാസ്ത്രസങ്കല്പവും അയ്യപ്പൻെറ വീരേതിഹാസങ്ങളും ഹൈന്ദവദർശനസാരങ്ങളും ശബരിമല വ്രതത്തിൻെറ അനുഷ്ഠാനക്രമങ്ങളും ഫലശ്രുതിയും സമഞ്ജസമായി സമാഹരിച്ചുകൊണ്ടു് പണ്ഡിതനായ ശ്രീ പി. കെ. പരമേശ്വരൻനായർ തയ്യാറാക്കിയിട്ടുള്ള പ്രബന്ധമാണു് ഈ പ്രസിദ്ധീകരണത്തിലെ പ്രധാന ഉള്ളടക്കം. കഴിഞ്ഞ കാൽനൂററാണ്ടുകാലമായി അയ്യപ്പഭക്തന്മാരെ ശുശ്രൂഷിച്ചുപോരുന്ന അഖിലഭാരത അയ്യപ്പസേവാസംഘത്തിൻെറ ചരിത്രവും ഇതിൽ നിബന്ധിച്ചിട്ടുണ്ടു്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ ഭാഷകളിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ ഗ്രന്ഥം സ്വാമിഭക്തന്മാർക്കു് പ്രയോജനപ്പെടും എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഈ ഗ്രന്ഥത്തിൽനിന്നുള്ള വരുമാനം കോട്ടയം തിരുനക്കരക്ഷേത്രസന്നിധിയിൽ അയ്യപ്പസേവാസംഘംവകയായി ഒരു മന്ദിരം പണിയുന്നതിനു് ഉപയോഗപ്പെടുത്തുന്നതാണു്. മന്ദിരത്തിൻെറ നിർമ്മിതി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

ഈ ഗ്രന്ഥത്തിൻെറ പ്രസാധനത്തിനുവേണ്ടി സഹായംനൽകിയിട്ടുള്ള എല്ലാവർക്കും അയ്യപ്പസേവാസംഘത്തിൻെറ പേരിലും പ്രസാധകസമിതിയുടെ പേരിലും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ നിബന്ധത്തിൽ എന്തെങ്കിലും പാകപ്പിഴകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അതു പൊറുക്കുമാറാകണം എന്നു് ഇരന്നുകൊണ്ടു് എല്ലാ ചരാചരങ്ങൾക്കും അഭയമരുളുന്ന ഭഗവാൻ അയ്യപ്പന്റെ തൃച്ചേവടികളിൽ ഭക്തിപൂർവ്വം ഈ ഉപഹാരം അർപ്പിച്ചുകൊള്ളട്ടെ.

പ്രസാധകസമിതിക്കുവേണ്ടി

എം. കെ. കെ. നായർ

(അദ്ധ്യക്ഷൻ)

# പ്രസാധകസമിതി

**രക്ഷാധികാരി**

മാർത്താണ്ഡവർമ്മ ഇളയരാജാ

**അദ്ധ്യക്ഷൻ**

എം. കെ. കെ. നായർ

**കാര്യദർശി**

സി. എൻ. ശ്രീകണ്ഠൻനായർ

**നിർവ്വാഹകാംഗങ്ങൾ**

പ്രാക്കുളം ഭാസി
കെ. പി. കേശവമേനോൻ
പി. ടി. രാജൻ
കെ. എൻ. പിഷാരടി
സ്വാമി ആത്മരദാസ്
ആർ. ശങ്കർ
ആർ. പി. നായർ
കാമ്പ്രർ നീലകണ്ഠപ്പിള്ള
പി. കെ. ചന്ദ്രാനന്ദൻ
കെ. പി. കരുണാകരപിഷാരടി
എം. കെ. മാധവൻനായർ
ഹരിഹരസുബ്രഹ്മണ്യഅയ്യർ
എൻ. ഗോവിന്ദമേനോൻ
ഡോക്ടർ പി. ഏ. വേലായുധൻപിള്ള

**അംഗങ്ങൾ**

1 വി. നാഗപ്പൻനായർ
2 എൻ. കൃഷ്ണയ്യർ
3 കെ. രാജഗോപാലൻ
4 അമ്പലപ്പുഴ രാമവർമ്മ
5 കെ. കെ. രാജാ
6 എം. എസ്. കുമാരൻനായർ
7 വി. അർജ്ജുനറെഡ്യാർ
8 എൻ. കെ. പൊതുവാൾ
9 എസ്. ബാലകൃഷ്ണൻനായർ
10 സി. ഭാസ്കരൻ
11 സി. കെ. അച്യുതവാരിയർ
12 കെ. ജി. ശ്രീധരൻനായർ
13 പി. ജി. വാഞ്ചീശ്വരൻ
14 വി. രാഘവൻ
15 കെ. എസ്. കർത്താ
16 കെ. എൻ. നായർ
17 ടി. ബി. രാജശേഖരൻനായർ
18 എൻ. ചെല്ലപ്പൻപിള്ള
19 പി. കെ. ശിവരാമപിള്ള
20 എം. എൻ. ബാലകൃഷ്ണൻനായർ
21 തിരുവാപ്പ് ബാലൻ
22 കെ. പി. അച്യുതപൊതുവാൾ
23 പി. പി. കുമാരൻനായർ
24 പി. നീലകണ്ഠൻനായർ
25 എൻ. ഗോപാലക്കുറുപ്പ്
26 വി. എസ്. എ. വാരിയർ
27 കെ. പി. ശിവശങ്കരൻനായർ

REFERENCE
REFERENCE




സത്യമായ പൊന്നു പതിനെട്ടാംപടിയേ ശരണമയ്യപ്പാ!

# ശബരിമലയുടെ ഇതിഹാസം

പി. കെ. പരമേശ്വരൻനായർ

REFERENCE

# 1. ശബരിമലയും ധർമ്മശാസ്താവും

സംസ്കാരസമ്പന്നങ്ങളായ എല്ലാ ജനവർഗ്ഗങ്ങളുടേയും ചരിത്രത്തിൽ തീർത്ഥങ്ങൾക്കും പുണ്യസ്ഥലങ്ങൾക്കും ഒട്ടൊക്കെ പ്രാധാന്യമുണ്ടെങ്കിലും ഭാരതത്തെപ്പോലെ തീർത്ഥസ്ഥലങ്ങളുടേയും പുണ്യക്ഷേത്രങ്ങളുടേയും നാടെന്നു പറയാവുന്ന ഒരു രാജ്യം വേറെ ഉണ്ടെന്നു തോന്നുന്നില്ല. പ്രകൃതിവിലാസരമ്യങ്ങളും, ഗഹനസുന്ദരങ്ങളുമായ എത്രയെത്ര പർവ്വതസാനുക്കളും, നദീതടങ്ങളും, വനതല്ലജങ്ങളുമാണു വൈദികകാലംമുതല്ക്കേ പുണ്യസ്ഥലങ്ങളായി ഭാരതീയർ കരുതിവന്നിട്ടില്ലാത്തതു്? പ്രകൃതിഭംഗിയും ദിവ്യതയും കൂട്ടിയിണക്കി മനുഷ്യന്റെ സൗന്ദര്യബോധത്തേയും, ആസ്തിക്യബുദ്ധിയേയും ഉത്തേജിപ്പിച്ചു്, ഈശ്വരചൈതന്യം അനുഭൂതമാക്കുവാൻ ഭാരതീയർക്കുണ്ടായിരുന്ന കഴിവു് ഒന്നു വേറെതന്നെയാണു്. ഭാവഗംഭീരങ്ങളായ പ്രകൃതിദൃശ്യങ്ങളിൽ ദേവതാത്മകത കല്പിക്കുന്നതിനും, ഈശ്വരസാന്നിദ്ധ്യം ആരോപിക്കുന്നതിനുമുള്ള പ്രവണത മറേറതൊരു നാട്ടുകാരെയും അപേക്ഷിച്ചു ഭാരതീയരിൽ ഏറിയതോതിൽ പ്രകടമായി കാണുന്നുണ്ടു്. നയാഗ്രാ വെള്ളച്ചാട്ടം ഇൻഡ്യയിലായിരുന്നെങ്കിൽ അതു കേവലം വിസ്മയാന്വേഷികളായ കൗതുകയാത്രക്കാരുടെ വിനോദത്താവളമെന്ന നിലയെ കവിഞ്ഞു് ആദ്ധ്യാത്മികപ്രാധാന്യമുള്ള ഒരു പുണ്യസ്ഥലമായി രൂപാന്തരപ്പെട്ടുമായിരുന്നുവെന്നു സിസ്റ്റർ നിവേദിത പറഞ്ഞതു് അക്ഷരംപ്രതി ശരിയാണു്. ഈശ്വരസാക്ഷാൽക്കാരത്തിനു വെമ്പുന്ന ഭാരതീയഹൃദയം ഈശ്വരന്റെ സർഗ്ഗപ്രഭാവം തുളുമ്പിനില്ക്കുന്ന പ്രകൃതിദൃശ്യങ്ങളെ ആവേശപൂർവ്വം മനസാ ആലിംഗനംചെയ്തതിന്റെ ഫലമായിട്ടാണു് ഭാരതത്തിന്റെ നാനാഭാഗങ്ങളിലും ഇത്രവളരെ തീർത്ഥാടനകേന്ദ്രങ്ങൾ നിലവിൽവന്നതു്. ഭാരതീയന്റെ മതസങ്കല്പത്തിൽ ഇത്തരം ദിവ്യപ്രദേശങ്ങൾക്കു മുഖ്യസ്ഥാനം ലഭിച്ചു. സാമാന്യമനുഷ്യജീവിതത്തിലെ വൈരുദ്ധ്യങ്ങളുടേയും മാത്സര്യസംഘട്ടനങ്ങളുടേയും മദ്ധ്യത്തിൽനിന്നു പിൻവാങ്ങിയാൽമാത്രമേ ഐശ്വര്യമായ സത്യസൗന്ദര്യങ്ങൾ കണ്ടെത്താൻ കഴിയൂ എന്നു ഗ്രഹിച്ച പുരാതന ദാർശനികർ പ്രശാന്തസുന്ദരങ്ങളായ ഇത്തരം പുണ്യസ്ഥലങ്ങളെ സമാശ്രയിച്ചതു കേവലം സ്വാഭാവികം മാത്രമാണു്. ഈശ്വരദർശനത്തിനു സാധകമായ മനനധ്യാനാദികൾക്കും ആരാധനാനുഷ്ഠാനങ്ങൾക്കുമായി അവർ നിരന്തരം സന്ദർശിച്ചുവന്ന ഈ പുണ്യഭൂമികളുടെ മാഹാത്മ്യങ്ങളെ പൂർവ്വമഹർഷിമാർതന്നെ പാടിപ്പുകഴ്ത്തിയിട്ടുണ്ടു്.

വൈദികകാലത്തു് ഗംഗാ യമുനാദി നദികൾക്കും, ഹിമവദ് വിന്ധ്യാദി പർവ്വതങ്ങൾക്കും ദിവ്യതീർത്ഥത കല്പിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ആര്യന്മാരുടെ അധിനിവേശം ദക്ഷിണാപഥങ്ങളിലേക്കു വ്യാപിച്ചതോടുകൂടി തീർത്ഥസ്ഥാനങ്ങളുടെ എണ്ണവും വർദ്ധിച്ചുകാണുന്നു. ഗോദാവരി, നർമ്മദ, കാവേരി മുതലായ നദികളും, മലയമഹേന്ദ്രാദി പർവ്വതങ്ങളും തീർത്ഥഭൂമികളുടെ കൂട്ടത്തിൽ സ്ഥാനംപിടിക്കുന്നു. മഹാഭാരതം തുടങ്ങിയ പുരാണങ്ങളിലും അതതു കാലഘട്ടങ്ങളിലെ നിരവധി പുണ്യസ്ഥലങ്ങളേയും തീർത്ഥാടനകേന്ദ്രങ്ങളേയും കുറിച്ചുള്ള പരാമർശങ്ങൾ ഉണ്ടു്. വിശേഷിച്ചും ഭാരതം വനപർവ്വത്തിൽ ''ആറും മലകളും, പുണ്യമേറും ദേവാലയങ്ങളും'' എന്നീ പലയിനങ്ങളിലായി ശതാധികം പുണ്യസ്ഥലങ്ങളേയും അവയുടെ മാഹാത്മ്യങ്ങളേയും വിസ്തരിച്ചു വർണ്ണിച്ചിട്ടുണ്ടു്. ബദരി, വാരാണസി, പ്രയാഗ, ഗയ, കാഞ്ചീപുരം, ദ്വാരക, ഗോകർണ്ണം തുടങ്ങിയ പ്രശസ്ത പുണ്യസ്ഥലങ്ങൾ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഗാരുഡപുരാണവും നിരവധി തീർത്ഥങ്ങളെക്കുറിച്ചു പറയുന്നു. ശിവചരിതത്തിൽ 'കുമാരി' എന്നു നാമകരണംചെയ്യപ്പെട്ടിട്ടുള്ള തീർത്ഥസ്ഥാനം കന്യാകുമാരിയായിരിക്കാൻ ഇടയുണ്ടു്. ഗാരുഡപുരാണത്തിൽ രാമേശ്വരത്തെ പരാമർശിച്ചിട്ടുണ്ടു്.

തീർത്ഥാടനകേന്ദ്രങ്ങൾ കേവലം ആത്മീയപ്രാധാന്യം മാത്രമുള്ള ആരാധനാസ്ഥ

ലങ്ങളായിരുന്നില്ല. പുരാതനഭാരതത്തിന്റെ അഖണ്ഡതയുടേയും ഏകീഭാവത്തിന്റേയും പ്രതീകങ്ങളുംകൂടിയാണ് അവ. ബദരിമുതൽ കന്യാകുമാരി വരെയും, ദ്വാരകമുതൽ കാമരൂപം വരെയും വിതറിക്കിടക്കുന്ന ഈ തീർത്ഥസ്ഥാനങ്ങളിൽ മിക്കതും ഭാരതമാകെ അറിയപ്പെട്ടിരുന്നു. എല്ലാ പ്രദേശങ്ങളിൽനിന്നും ജനങ്ങൾ തീർത്ഥയാത്രക്കാരായി ഈ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചുവരികയും ചെയ്തിരുന്നു. ദക്ഷിണോത്തരദേശങ്ങൾ തമ്മിലുള്ള അനുസ്യൂതമായ സമ്പർക്കത്തെ അവ നിലനിറുത്തിവന്നുവെന്നു മാത്രമല്ല, ഹിമവൽസേതുപര്യന്തമെന്ന ഏകഭാരതാശയത്തെ ദൃഢീകരിക്കുകയും ചെയ്തു. പ്രാദേശികവിഭാഗങ്ങൾ, ആചാരക്രമങ്ങൾ, വേഷഭാഷാദികൾ എന്നിവയിലെല്ലാം, ഭാരതത്തിൽ അങ്ങോളമിങ്ങോളം കാണുന്ന ഭിന്നതകളുടേയും വൈചിത്ര്യങ്ങളുടേയും ഇടയ്ക്കുകൂടി, ആദ്ധ്യാത്മികതയുടേയും മതവിശ്വാസത്തിന്റേയുമായ ഒരു സൗവർണ്ണസൂത്രം, പുരാതനകാലംമുതല്ക്കേ വിഭിന്നജനതകളെ തമ്മിൽ സംയോജിപ്പിച്ചിരുന്നു. ഭാരതത്തിലെ തീർത്ഥസ്ഥലങ്ങളും പുണ്യക്ഷേത്രങ്ങളും ഈ ആദ്ധ്യാത്മികതയുടെ രക്ഷാദുർഗ്ഗങ്ങളായിത്തീർന്നതിനാൽ പ്രാദേശികഭിന്നതകൾക്കും വേഷഭാഷാഭേദങ്ങൾക്കും അതീതമായ ഒരു സങ്കല്പം അവയിൽ അന്തർഭവിച്ചിരുന്നു. ഒരേ വേദസംഹിത, ഒരേ ഉപനിഷത്സഞ്ചയം, ഒരേ പുരാണസംഹിത, ഒരേ വേദാന്തമണ്ഡലം, എന്നിവപോലെ ഒരേ തീർത്ഥസ്ഥലങ്ങളും ഭാരതീയജനതയെ പൊതുവെ കൂട്ടിയിണക്കി.

തീർത്ഥാടനം മതപരമായ ഒരു ധർമ്മമായപ്പോൾ ദേശസഞ്ചാരം ജനങ്ങൾക്ക് ഒരു അനുപേക്ഷ്യകർത്തവ്യമായി പരിണമിച്ചു. റോഡുകളോ വാഹനങ്ങളോ ഇല്ലാതിരുന്ന പ്രാചീനകാലങ്ങളിലും ഭാരതത്തിന്റെ നാനാഭാഗങ്ങളിലുംനിന്നു തീർത്ഥാടകസംഘങ്ങൾ ഉറുമ്പിൻപറ്റങ്ങളേപ്പോലെ കാൽനടയായി സഞ്ചരിക്കുകയും, ഓരോ കേന്ദ്രങ്ങളിൽ തടിച്ചുകൂടി പരസ്പരം സമ്പർക്കം പുലർത്തിവരികയുംചെയ്തു. ശീഘ്രതരമായറിയ വാഹനങ്ങളിൽ മിന്നൽവേഗത്തിൽ സഞ്ചരിച്ച് കാര്യമാത്രമായ ക്ഷണികസമ്പർക്കത്തിനുശേഷം തമ്മിൽ പിരിയുന്ന ആധുനികസഞ്ചാരക്രമത്തെ അപേക്ഷിച്ച് ജനതകളേയും ദേശങ്ങളേയും കുറിച്ച് വ്യക്തമായ ബോധവും ധാരണകളും ഹൃദയബന്ധങ്ങളും പരസ്പരം ഉണ്ടാകുവാൻ മേല്പറഞ്ഞ യാത്രാസമ്പ്രദായം ഏററവും പര്യാപ്തമായിരുന്നു. ഭിന്നതയും വൈരുദ്ധ്യങ്ങളുംനിറഞ്ഞ ഭാരതത്തിന്റെ ചരിത്രപരമായ പരിവർത്തനങ്ങൾക്കിടയ്ക്ക് ഈ ഏകീകരണശക്തി പ്രവർത്തിച്ചിരുന്നില്ലെങ്കിൽ നമ്മുടെ ദേശീയ ഐക്യം ഇത്രയെങ്കിലും ഭദ്രമായിരിക്കുമായിരുന്നോ എന്നു സംശയമാണ്.

പൗരാണിക തീർത്ഥാടനകേന്ദ്രങ്ങളുടെ ഭൂപടത്തിൽ കേരളത്തിനും ഗണ്യമായൊരു സ്ഥാനമുണ്ടായിരുന്നു. മഹാഭാരതാദി ഗ്രന്ഥങ്ങളിൽ ഗോകർണ്ണം, കുമാരി മുതലായ സ്ഥലങ്ങളെക്കുറിച്ചുള്ള പരാമർശം ഇതിനെ സാക്ഷീകരിക്കുന്നു. എന്നാൽ ആ കാലങ്ങൾക്കു മുമ്പുതന്നെ സഹ്യപർവ്വതത്തിലെ ശബര്യാശ്രമവും പമ്പാതീർത്ഥവും പ്രഥിതങ്ങളായിരുന്നുവെന്നുവേണം വിചാരിക്കാൻ. വാല്മീകിരാമായണത്തിൽ പരാമൃഷ്ടമായിട്ടുള്ള മാതംഗാശ്രമവും, ശബരിപീഠവും കേരളത്തിലേവതന്നെയാണോ എന്നുള്ളതിൽ വാല്മീകിരാമായണത്തിലെ ഭൂമിശാസ്ത്രദൃഷ്ട്യാ സംശയമങ്കുരിച്ചേക്കാമെങ്കിലും, 'പമ്പ' എന്ന പേരിൽ ഇൻഡ്യയിൽ മററെങ്ങും ഒരു നദിയില്ലാത്തതിനാലും, ഏറിയ കാലമായി മാതംഗാശ്രമം, ശബരിയാശ്രമം മുതലായവയുടെ സ്ഥാനം ശബരിമലയോടനുബന്ധിച്ച് സങ്കല്പിക്കപ്പെട്ടുവരുന്നതിനാലും, ശബരിവാടത്തിന്റേയും പമ്പാസരിത്തിന്റേയും രാമായണത്തിലെ വർണ്ണനകൾ ഇന്നു കാണുന്ന ശബരിപീഠത്തിനും പമ്പയ്ക്കും ഏറെക്കുറെ അനുയോജ്യമായിരിക്കുന്നതിനാലും, ഐതിഹ്യത്തെ തീരെ അടിസ്ഥാനരഹിതമായി തള്ളിക്കളവാൻ പാടില്ല. ഇതിനകം ഭുവനപ്രശസ്തമായിക്കഴിഞ്ഞിരിക്കുന്ന ശബരിമലയുടെ ഇപ്പോഴത്തെ ആസ്ഥാനം പൗരാണികകാലത്ത് അത്രമേൽ അറിയപ്പെട്ടിരിക്കാൻ ഇടയില്ലെങ്കിലും, അത്യന്തം പാവനവും, പ്രകൃതിവിലാസരമ്യതകൊണ്ട് ദിവ്യതീർത്ഥത തുള്ളിത്തുളുമ്പിയിരുന്നതുമായ പരിസരങ്ങളാണ് അവയെന്നുള്ളതിനു തർക്കമില്ല.

വാല്മീകിരാമായണത്തിൽ വർണ്ണിത

മായിരിക്കുന്ന ശബര്യാശ്രമപ്രദേശത്തേയും ശബരിയും ശ്രീരാമനുമായുള്ള കൂടിക്കാഴ്ചയേയും പരാമർശിക്കാതെ ശബരിമലയുടെ ഇതിഹാസത്തിലേക്കു കടക്കാൻ സാദ്ധ്യമല്ല. ശബരി ജന്മനാ ഒരു ശബര(വേട)സ്ത്രീയായിരുന്നു. മാതംഗമഹർഷിയുടെ ശിഷ്യന്മാരായി ആ പ്രദേശത്തു വസിച്ചിരുന്ന ഋഷിമാരെ ദീർഘകാലം പരിചരിച്ച് ആത്മബോധം ഉദിച്ച് മോക്ഷാർഹയായിത്തീർന്ന ഒരു ആത്മീയപരിചാരിണിയായിരുന്നു ശബരി.* സീതാന്വേഷണത്തിനിടയ്ക്ക് ഒരുകാലത്തു ശ്രീരാമൻ ആ പുണ്യപ്രദേശത്ത് എത്തുമെന്നും, അതോടുകൂടി ശബരിക്കു ബ്രഹ്മസായുജ്യം ലഭിക്കുമെന്നുമുള്ള ദീർഘദർശനം കാലേകൂട്ടിയുണ്ടായിരുന്നു. മാതംഗാശ്രമംവിട്ട ഋഷിമാർ,

‘‘ആഗമിഷ്യതി തേ രാമഃ
സുപുണ്യമിമമാശ്രമം.’’

(ഏററവും പാവനമായ ഈ ആശ്രമത്തിൽ ശ്രീരാമൻ ആഗതനാകും.) എന്നിങ്ങനെ ശബരിയെ പ്രത്യാശാഭരിതയാക്കി അനുഗ്രഹിച്ചു. അതനുസരിച്ചു ശ്രീരാമൻ വന്നുചേർന്നതും ഭക്തയും, മോക്ഷാർത്ഥിനിയുമായ ശബരി ഫലമൂലാദികൾ നല്കി ശ്രീരാമലക്ഷ്മണന്മാരെ സൽക്കരിച്ചതും, പരമപദം പ്രാപിച്ചതുമായ രംഗം വാല്മീകി ഏററവും വാസ്തവികമായി വർണ്ണിച്ചിട്ടുണ്ട്. വന്യങ്ങളായ മധുരഫലങ്ങളെ തന്നത്താൻ ഭക്ഷിച്ചു പരീക്ഷിച്ചുനോക്കി സുമധുരങ്ങളെന്നു ബോദ്ധ്യംവന്നതിനുശേഷമാണത്രെ ആ തപസ്വിനി അതിഥികൾക്കു നല്കിയതു്.

‘‘ഫലാനി ച സുപക്വാനി
മൂലാനി മധുരാണി ച
സ്വയമാസ്വാദ്യ മാധുര്യം
പരീക്ഷ്യ പരിഭക്ഷ്യ ച
പശ്ചാൽ നിവേദയാമാസ
രാഘവാഭ്യാം ദൃഢവ്രതാ
ഫലാന്യാസ്വാദ്യകാകുൽസ്ഥ
സ്തസ്യൈ മുക്തിം പരാം ദദൗ.’’

എന്നിങ്ങനെയാണ് ആ അതിഥിപൂജയേയും, അതിന്റെ അവസാനത്തിൽ ഭക്താഗ്രേസരയായ ആതിഥേയിയുടെ മോക്ഷപ്രാപ്തിയേയുംകുറിച്ചു വാല്മീകി പ്രസ്താവിച്ചിട്ടുള്ളതു്. സ്വതേജസ്സിൽത്തന്നെ ലയിക്കുകയായിരുന്നു ശബരിയെന്നും കവി സൂചിപ്പിച്ചിട്ടുണ്ട്. അങ്ങനെ ജാതിചിന്തകൾക്കെല്ലാം അതീതമായി കേവലം പരിശുദ്ധമായ ഈശ്വരപ്രേമം കൊണ്ടു മാത്രം ഉപലബ്ധമായ ഒരു ബ്രഹ്മസായുജ്യപ്രാപ്തിക്കു സാക്ഷ്യംവഹിച്ച മാതംഗവനം പിന്നീടു ശബരിയുടെ മോക്ഷത്തോടു് അനുബന്ധിതമായി സ്മരിക്കപ്പെട്ടുതുടങ്ങി. അങ്ങനെ മാതംഗവനം ക്രമേണ ശബരിമലയായ്ത്തീ പരിണമിച്ചു.

ശബരിമല മറെറാരു പ്രകാരത്തിലും പുരാതനകാലം മുതല്ക്കേ പ്രശസ്തിപ്രാപിച്ചു. കേരളദേശത്തിന്റെ സംസ്ഥാപകനെന്നു സങ്കല്പിക്കപ്പെട്ടുവരുന്ന പരശുരാമൻ ഇന്ത്യയിൽ ഇതരദേശങ്ങളിൽനിന്നു ബ്രാഹ്മണരെ കേരളത്തിലേക്കു് ആനയിച്ചശേഷം പുതിയ ഭൂവിഭാഗത്തിന്റെ രക്ഷയ്ക്കുവേണ്ടി നടത്തിയ പതിനെട്ടു ശാസ്താപ്രതിഷ്ഠകളിൽ ഏററവും പ്രാധാന്യം വഹിക്കുന്നതു് ശബരിമലയിലേതാണ്. സഹ്യാദ്രിക്കപ്പുറം പതിനെട്ടു മലകളിലായി പതിനെട്ടു ശാസ്താക്കന്മാരേയും, കടൽത്തീരത്തിലെ പതിനെട്ടു സ്ഥാനങ്ങളിലായി അത്രയും ദേവിമാരേയും പരശുരാമൻ പ്രതിഷ്ഠിച്ചതായിട്ടാണ് ഐതിഹ്യം. ശാസ്താപ്രതിഷ്ഠകൾ ഓരോന്നും എവിടെയാണെന്നു തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ലെങ്കിലും, ശബരിമല, അച്ചൻകോവിൽ, ആര്യങ്കാവ്, കുളത്തൂപ്പുഴ എന്നിങ്ങനെ ഏതാനും ക്ഷേത്രങ്ങളുടെ കാര്യത്തിൽ വലിയ സംശയത്തിനവകാശമില്ല. അച്ചൻകോവിൽ ക്ഷേത്രത്തിൽ ഇരുപ്പുള്ള ഒരു വാളിന്റെ സ്വർണ്ണംകൊണ്ടുള്ള പിടിയിൽ ‘കാന്തമല ദേവസ്വംവക’ എന്ന ലിഖിതം കാണുന്നതു്, പരശുരാമപ്രതിഷ്ഠിതവും, പില്ക്കാലത്തു നാമാവശേഷവുമായ ഒരു ശാസ്താക്ഷേത്രത്തെക്കുറിക്കുന്നതായി പുരാവിത്തുകൾ പറയുന്നു. ആ ക്ഷേത്രം എവിടെയായിരുന്നെന്നു സൂക്ഷ്മമായി നിർണ്ണയിക്കപ്പെട്ടിട്ടി

---

* ‘‘മാതംഗശിഷ്യാസ്തത്രാസൻ
ഋഷയസ്സുസമാഹിതാഃ
തേഷാമദ്യാപി തത്രൈവ
ദൃശ്യതേ പരിചാരിണി
ശ്രമണീ ശബരീനാമ
കാകുൽസ്ഥ ചിരജീവിനീ’’ (വാ. രാ.)
എന്നിങ്ങനെയാണ് ശാപമോക്ഷാനന്തരം ദിവ്യരൂപം പ്രാപിച്ച കബന്ധൻ ശ്രീരാമനോടു ശബരിയെക്കുറിച്ചു പറയുന്നതു്.

ല്ലെങ്കിലും അതു ശബരിമലയ്ക്കു സമീപമുള്ള പൊന്നമ്പലമേടായിരിക്കാൻ ഇടയുള്ളതായി ചില അഭിപ്രായമുണ്ടു്.

ശാസ്താപ്രതിഷ്ഠകളെക്കുറിച്ചു പറയുമ്പോൾ ഇൻഡ്യയിൽ മറ്റെങ്ങുമില്ലാത്തതും, കേരളീയരുടെ ഇടയിൽ ചിരപ്രതിഷ്ഠ നേടിയതുമായ ശാസ്ത്രസങ്കല്പത്തെക്കുറിച്ചു പൊതുവേ ചില കാര്യങ്ങൾ പ്രതിപാദിക്കേണ്ടതായിട്ടുണ്ടു്. ശാസ്താവിന്റെ ഉത്ഭവം, അനന്തരചരിത്രം മുതലായവ മിക്കവാറും കേവലം ഇതിഹാസബദ്ധമായി മാത്രമാണിരിക്കുന്നതു്. കേരളത്തിലും, പാണ്ടിനാട്ടിൽ ചില ഭാഗങ്ങളിലും ചാത്താ, മാചാത്താ, കണ്ടൻചാത്താ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന ദേവതകളുടെ ആരാധന നിലവിലിരുന്നിരുന്നു. പ്രധാന പുരാണങ്ങളിൽ ശാസ്താവെന്ന ദേവനെക്കുറിച്ചു് പരാമർശമൊന്നുമില്ല. പുരാണങ്ങളിലെ ഉപാഖ്യാനങ്ങളോടനുബന്ധിതമായി, ശാസ്താവിന്റെ ഉത്ഭവത്തെ സംബന്ധിക്കുന്ന ചില ഐതിഹ്യങ്ങൾ കേരളത്തിൽ പൂർവ്വകാലം മുതല്ക്കേ പ്രചാരത്തിലിരുന്നിരുന്നു. അവയിലൊന്നു്, പാലാഴിമഥനകാലത്തു് അസുരന്മാരെ മോഹിപ്പിക്കുവാൻ വിഷ്ണു മോഹിനീരൂപം കൈക്കൊണ്ട അവസരത്തിൽ ശിവനു് മോഹിനിയിൽ ഉണ്ടായ പുത്രനാണു് ശാസ്താവു് അഥവാ 'ഹരിഹരപുത്രൻ' എന്നതാണു്.

ശിവമോഹിനീകഥ ഭാഗവതപ്രഥിതമാണെങ്കിലും ശാസ്താവിന്റെ ജനനകഥ ഭാഗവതത്തിൽ വരുന്നില്ല. എന്നാൽ കേരളത്തിൽ പ്രചാരമുള്ള 'ഭൂതനാഥോപാഖ്യാനം' എന്ന സംസ്കൃതഗ്രന്ഥത്തിൽ വിഷ്ണുമായയായ മോഹിനിയിൽ ശിവാംശജനായി അവതരിച്ച ശാസ്താവിനെ സാക്ഷാൽ താരകബ്രഹ്മമായി കല്പിക്കുകയും ആ ദിവ്യാവതാരത്തിനു മഹത്തായ ഒരുദ്ദേശമുണ്ടായിരുന്നതായി വ്യക്തമാക്കുകയും ചെയ്തിട്ടുണ്ടു്. വിഷ്ണുമായയും ശിവശക്തിയും തമ്മിലുള്ള ചേർച്ചയിൽനിന്നുത്ഭൂതനാകുന്ന ഹരിഹരപുത്രനാൽ മാത്രമേ താൻ വധ്യയാകാവൂ എന്ന ഒരു വരം ബ്രഹ്മാവിൽനിന്നു വാങ്ങി ഉദ്ധതയായിത്തീർന്ന മഹിഷിയെന്ന അസുരസ്ത്രീയുടെ ഹനനമായിരുന്നു ശാസ്താവിന്റെ അവതാരോദ്ദേശമെന്നാണു ഭൂതനാഥോപാഖ്യാനത്തിൽ പറഞ്ഞിട്ടുള്ളതു്. ഇതിനോടു് അടുത്ത സാദൃശ്യം വഹിക്കുന്ന മറെറാരു ഇതിഹാസംകൂടിയുണ്ടു്. സ്വന്തം തപോബലംനിമിത്തം അജയ്യനായിത്തീർന്ന ശൂർപ്പകൻ എന്ന അസുരനെ വിഭ്രമിപ്പിക്കാൻ വിഷ്ണു കൈക്കൊണ്ട മോഹിനീരൂപത്തിൽ ശിവൻ ആസക്തനായിത്തീർന്നതിന്റെ ഫലമായുണ്ടായ ശൈവ വൈഷ്ണവയോഗമാണു ശാസ്താവിന്റെ ജനനത്തിനു കാരണമായതെന്നു മറെറാരു കഥകൂടി കേരളത്തിൽ പ്രചാരത്തിലിരിക്കുന്നു. ഇവ കൂടാതെ പത്മപുരാണപ്രഖ്യാതമായ ജലന്ധരാസുരവധത്തോടു ബന്ധപ്പെടുത്തി പ്രതിപാദിച്ചിട്ടുള്ളതാണു മറെറാന്നു്. ജലന്ധരനെന്ന അസുരനെ കൊല്ലുവാൻ വൈഷ്ണവശൈവപ്രഭാവങ്ങൾ തമ്മിൽ യോജിച്ചതിന്റെ ഫലമായി ശ്രീചക്രരൂപത്തിൽനിന്നു് അമോഘമായ ഒരു ദിവ്യായുധമുണ്ടായതായും, ശിവനിൽ അന്തർലീനമായി കിടന്നിരുന്ന ആ ദിവ്യായുധം ഒടുവിൽ പ്രയോഗിച്ചു ശിവൻതന്നെ ജലന്ധരനെ വധിച്ചതായും വർണ്ണിക്കുന്നതാണു പ്രസ്തുതകഥ. പുരാണകഥകളും കേരളേതിഹാസങ്ങളും ഇടകലർന്നുള്ള ഈവക ആഖ്യാനങ്ങളുടെ സാമാന്യസ്വഭാവം എന്തുതന്നെയായാലും, അവയിൽനിന്നു ശാസ്താവിനെക്കുറിച്ചുള്ള ആദിമസങ്കല്പമെന്തെന്നു മനസ്സിലാക്കാൻ കഴിയും.

വൈഷ്ണവ–ശൈവാരാധനകളുടെ ഉൽഗ്രഥനാത്മകമായ ഒരു നവ്യസങ്കല്പമാണു് ശാസ്ത്രപൂജയിൽ നാം കാണുന്നതു്. വിദേശത്തുനിന്നു് ആര്യബ്രാഹ്മണരെ കേരളത്തിലേക്കു നയിച്ചു് കുടിവയ്പിച്ച പരശുരാമൻ ഇവിടത്തെ സ്ഥലവാസികൾ ആരാധിച്ചുവന്ന ദേവതകളെ ദേശരക്ഷാശക്തികളായി പ്രതിഷ്ഠിച്ചതിൽനിന്നു് കേരളാധിനിവേശത്തിൽ അദ്ദേഹത്തിന്റെ ലക്ഷ്യവും മാർഗ്ഗവും എന്തെന്നു വ്യക്തമാകുന്നുണ്ടു്. പരശുരാമന്റെ പ്രവേശം ബലാല്ക്കാരമായ ഒരു കൈയേററമായിരുന്നില്ല. അതു സൈനികമായ ഒരു മുന്നേററത്തേക്കാൾ സാമൂഹ്യവും സാംസ്കാരികവുമായ ഒരു അദ്ധ്യാസമായിരുന്നു. ആ പ്രക്രിയ ഏകപക്ഷീയമായിരുന്നുമില്ല. ബ്രാഹ്മണർ ഇങ്ങോട്ടു കൊടുത്തതുപോലെ അങ്ങോട്ടു വാങ്ങുകയുംചെയ്തു. കേരളാചാരങ്ങൾ പലതും അവർ സ്വീകരിച്ചു. മലയാളഭാഷയെ അവരുടെ മാതൃഭാ

ഷയാക്കി. ആരാധനാക്രമത്തിൽ മാത്രമല്ല, ആരാധ്യദേവതകളുടെ കാര്യത്തിലും അവർ പലതും അങ്ങോട്ടു സ്വീകരിച്ചു. അതിന്റെ പ്രത്യക്ഷോദാഹരണങ്ങളിൽ ഒന്നാണ് പരശുരാമന്റെ ദേവീശാസ്താപ്രതിഷ്ഠകൾ. ദേവിയും ശാസ്താവും മിക്കവാറും ദ്രാവിഡവും കേരളീയവുമായ സങ്കല്പങ്ങളാണ്. പരശുരാമൻ പ്രതിഷ്ഠിക്കുന്ന കാലത്തു് തികച്ചും അങ്ങനെതന്നെയായിരുന്നു—പില്ക്കാലത്തെ ചരിത്രപരമായ പരിവർത്തനങ്ങൾ അതിന്റെ ബാഹ്യസ്വരൂപത്തിൽ എന്തെല്ലാം മാററങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും.

ഇന്നു നാം ആരാധിക്കുന്ന ശാസ്താവിന്റെ സങ്കല്പത്തിൽ മൂന്നംശങ്ങൾ പ്രകടമായി കാണുന്നുണ്ട്. ഒന്ന് മുകളിൽ സൂചിപ്പിച്ചുകഴിഞ്ഞ ആദ്യകാലത്തെ ദേവതകൾ. ചാത്താ, മാചാത്താ, കണ്ടൻചാത്താ എന്നീ പേരുകളിലറിയപ്പെട്ടിരുന്ന ഈ ദേവതകളെ പാണ്ടിദേശീയർ അയ്യൻ, അയ്യനാർ എന്നീ പേരുകളാലും സങ്കല്പിച്ചിരുന്നു. ക്രിസ്തുവർഷാരംഭത്തിന് അഞ്ചാറു ശതകങ്ങൾക്കുമുമ്പ് പരശുരാമന്റെ നേതൃത്വത്തിൽ ആഗതരായ ആര്യബ്രാഹ്മണരിൽനിന്നു സ്വീകരിക്കപ്പെട്ട വൈഷ്ണവശൈവദേവതാസങ്കല്പങ്ങളാണ് രണ്ടാമത്തെ അംശം. മൂന്നാമത്തു് ക്രി. മു. രണ്ടാംശതകം മുതല്ക്കേ കേരളത്തിൽ പ്രചരിച്ചുതുടങ്ങിയിരുന്ന ബുദ്ധമതസമ്പ്രദായങ്ങളുടെ സ്വാധീനംനിമിത്തമുണ്ടായ മാററങ്ങളോടുകൂടിയ ആരാധനാക്രമങ്ങളും ആചാരങ്ങളും. ഇങ്ങനെ ആദിമമായ ഒരു ദ്രാവിഡപരദേവതാസങ്കല്പത്തിനുചുററും പില്ക്കാലത്തു് ബ്രാഹ്മണബൗദ്ധലക്ഷണങ്ങൾ വളരെയേറെ കടന്നുകൂടി വികസിച്ചു പരിണമിച്ച ഒരു ദിവ്യസങ്കല്പമാണ് ശാസ്താവെന്നു പറയാം.

പരശുരാമൻ കേരളത്തിൽ വന്നപ്പോൾ ഇവിടെ ദൃശ്യമായ മതബോധത്തിന്റേയും ഈശ്വരപരമായ സങ്കല്പങ്ങളുടേയും ഭദ്രതയിൽ പ്രീതനായിട്ടാവാം ഇവിടത്തെ പ്രധാന ദേവതകളായിരുന്ന ശാസ്താവിനേയും ദേവിയേയും രക്ഷാദേവതകളായി പ്രതിഷ്ഠിച്ചതും ബ്രാഹ്മണരെക്കൂടി അവയിൽ വിശ്വസിക്കുകയും, അവയെ പൂജിക്കുകയും ചെയ്യാൻ പ്രേരിപ്പിച്ചതും. ഒരു ദേശത്തിന്റേയും ജനതയുടേയും, ഉദാരമായ സങ്കല്പങ്ങളുടേയും പരിശുദ്ധിബോധത്തിന്റേയും പ്രതീകങ്ങളായിരിക്കും ആ നാട്ടാരുടെ ആരാധ്യദേവതകൾ. ഒരു നൂതനസംസ്കാരവുമായെത്തിയ നമ്പൂതിരിമാർക്കും അവ സ്വീകാര്യമായി തോന്നണമെങ്കിൽ സാരവത്തായ പല മഹത്വാംശങ്ങളും അവയിൽ അപ്പോൾ ഉണ്ടായിരുന്നിരിക്കണം. ക്രമേണ പുരാണേതിഹാസങ്ങളിൽ അധിഷ്ഠിതമായ മതസങ്കല്പങ്ങൾ കേരളത്തെ സ്വാധീനംചെയ്തതോടുകൂടി ശാസ്തൃപൂജയിൽ വൈഷ്ണവമായ ഒരു പശ്ചാത്തലംകൂടി ആവിർഭവിച്ചു. ദ്രാവിഡങ്ങളായ ശൈവസങ്കല്പങ്ങൾ പുരാണേതിഹാസങ്ങളിൽ വളരെനേരത്തെ കടന്നുകൂടിയിരുന്നതിനാൽ പുരാണങ്ങളോട് കേരളീയർക്കു ഭാഗികമായിട്ടെങ്കിലും പൊരുത്തപ്പെടാൻ പ്രയാസം തോന്നിയിരുന്നില്ല. അതുപോലെതന്നെ നമ്പൂതിരിമാർക്കു കേരളത്തിലെ ശൈവസംസ്കാരമുറകളോട് ഇണങ്ങുവാനും എളുപ്പമായിരുന്നു. ഇപ്രകാരമുണ്ടായ ഉൽഗ്രഥനപ്രക്രിയയുടെ ഫലമായിട്ടുകൂടിയാണ് ശാസ്താവിന്റെ ചരിത്രത്തിൽ പുരാണേതിഹാസങ്ങളുടെ ലാഞ്ഛനകൾ കടന്നുകൂടുന്നതിനും, പുരാണോപാഖ്യാനങ്ങളോടു ബന്ധപ്പെടുത്തി ശാസ്താവിന്റെ ചരിത്രം വികസിപ്പിക്കുന്നതിനും ഇടയായതു്.

ബുദ്ധമതപ്രഭാവത്തിനുശേഷം പുനരുത്ഥാനംചെയ്ത ഹിന്ദുധർമ്മത്തിൽ ബുദ്ധമതാംശങ്ങൾ വളരെയൊക്കെ അവശേഷിച്ചുവെന്നതു് സുവിദിതമായ ഒരു കാര്യമാണ്. ദീർഘകാലപരിചയവും ആചരണവും കൊണ്ട് ഒരു സംസ്കാരത്തിൽ അഗാധമായി ലയിച്ചുപോയ ചില അംശങ്ങൾ അനന്തരമുണ്ടാകുന്ന ഒരു വിപരീതപരിവർത്തനത്തിൽപ്പോലും നിശ്ശേഷം തുടച്ചുനീക്കിക്കളയുക സാദ്ധ്യമല്ലെന്നതിന് ലോകചരിത്രത്തിൽ നിരവധി ദൃഷ്ടാന്തങ്ങളുണ്ട്. ബുദ്ധമതത്തിന്റെ തിരോധാനത്തിനുശേഷം ഹിന്ദുമതത്തിൽ സംഭവിച്ചതും ഏറെക്കുറെ ഈവിധമായിരുന്നു. ഈ സാമൂഹികപരിണാമതത്വം മനസ്സിലാക്കിയിട്ടായിരിക്കാം ബുദ്ധമതത്തെ തുടച്ചുനീക്കിയ ശങ്കരാചാര്യർ സമഗ്രമായ ഒരു നിർമ്മാർജ്ജനത്തിനു മുതിരാതെ ബുദ്ധമതത്തിൽനിന്നു സ്വീകാര്യമായിട്ടുള്ള പല അംശങ്ങളും ഹൈന്ദവധർമ്മത്തിൽ സ്വീകരിച്ചതു്. ഈ ഉദാരവീക്ഷണംമൂലം പ്രച്ഛന്നബൗദ്ധൻ എന്ന

ആക്ഷേപത്തിനു് അദ്ദേഹം പാത്രീഭവിക്കുകകൂടി ചെയ്തു.

ബുദ്ധവിഹാരങ്ങളുടെ ശില്പമാതൃകകളാണു് ഇൻഡ്യയിൽ പൊതുവേതന്നെ ക്ഷേത്രശില്പം സംബന്ധിച്ചുള്ള സമ്പ്രദായങ്ങളിൽ ആവിർഭവിച്ചതു്. മുൻപു ഗ്രാമീണങ്ങളായ കാവുകൾ മാത്രമായിരുന്ന കേരളത്തിലെ ക്ഷേത്രങ്ങൾ. അവ വിപുലമായ തോതിൽ പണികഴിപ്പിക്കുവാൻ തുടങ്ങിയതും ഗജപൃഷ്ഠാകൃതിയിലും മററുമുള്ള ശ്രീകോവിലുകൾ പണിഞ്ഞുതുടങ്ങിയതും, രഥോത്സവം, കുതിരകെട്ടു്, കുത്തിയോട്ടം, അന്നംകെട്ടു് ആദിയായ ഉത്സവങ്ങൾ സ്വീകരിച്ചുതുടങ്ങിയതും മററും ഇൻഡ്യയിൽ മററുചില ഭാഗങ്ങളിലേപ്പോലെ ഇന്നും ഇവിടെ നിലനില്ക്കുന്നതു് ബുദ്ധമതസമ്പ്രദായങ്ങളുടെ അഗാധമായ സ്വാധീനശക്തിയുടെ അടയാളങ്ങളാണു്. ടി. കെ. കൃഷ്ണമേനോൻ, ആററൂർ കൃഷ്ണപ്പിഷാരടി, ശങ്കുഅയ്യർ, ഇളംകുളം കുഞ്ഞൻപിള്ള, ശ്രീധരമേനോൻ തുടങ്ങിയ പല പണ്ഡിതന്മാരും ഏറക്കുറെ ഈ അഭിപ്രായക്കാരാണു്. ബുദ്ധദേവാലയങ്ങളോടനുബന്ധിച്ച നിലവിലിരുന്ന സാമൂഹ്യസേവനപരിപാടികളുടെ അടയാളങ്ങളും ധാരാളമായി ഇന്നു കാണാതിരിക്കുന്നില്ല. തകഴി, തിരുവിഴ, ഏററുമാനൂർ, പനച്ചിക്കാട്ടു്, പള്ളിപ്പുറത്തുകാവു് മുതലായ ക്ഷേത്രങ്ങളിൽ ഇന്നു നടന്നുവരുന്നതായ ചികിത്സാസമ്പ്രദായങ്ങൾ ആ ദേവാലയങ്ങൾ ഒരുകാലത്തു് സംഘാരാമങ്ങളായിരുന്നുവെന്നതിനെയാണു് സൂചിപ്പിക്കുന്നതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. തകഴി ശാസ്താക്ഷേത്രത്തെക്കുറിച്ചു പ്രതിപാദിച്ച സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, ബുദ്ധമതാധിപത്യകാലത്തിനുശേഷം ഉണ്ടായ ഹൈന്ദവപുനരുത്ഥാനത്തിനിടയ്ക്കു് നിരവധി ബുദ്ധവിഹാരങ്ങൾ ശാസ്താക്ഷേത്രങ്ങളാക്കി മാററപ്പെട്ടവയിൽപ്പെടുന്ന ഒന്നാണു തകഴി ക്ഷേത്രമെന്നു പ്രസ്താവിക്കുകയുണ്ടായി. ജൈനബുദ്ധമതസ്ഥരുടെയിടയിൽ നടപ്പിലിരുന്ന മതസംബന്ധമായ മററു പല ആചാരങ്ങളുടേയും അവശിഷ്ടങ്ങൾ പലതും ഹിന്ദുമതത്തിൽ നിലനില്ക്കുന്നതായി കാണാവുന്നതാണു്.

വ്രതചര്യകൾക്കുശേഷം പുണ്യസ്ഥലങ്ങളിലേക്കു കൂട്ടംകൂട്ടമായി തീർത്ഥയാത്ര പോകുന്ന സമ്പ്രദായം ബൗദ്ധജൈനാചാരത്തിന്റെ അവശിഷ്ടമായിരിക്കാൻ ന്യായമുണ്ടു്. ഹിന്ദുക്കൾ പുരാതനകാലംമുതല്ക്കുതന്നെ തീർത്ഥാടനക്കാരായിരുന്നെങ്കിലും അതു മിക്കവാറും വ്യക്തിഗതമായ രീതിയിലായിരുന്നതല്ലാതെ സംഘം സംഘമായായിരുന്നെന്നു തോന്നുന്നില്ല. സാമൂഹികവും സംഘടിതവുമായ അടിസ്ഥാനത്തിലുള്ള വ്രതചര്യകൾ ബുദ്ധമതസ്ഥരുടെ സംഘടിത സമ്പ്രദായത്തിൽനിന്നും പകർത്തിയതായിരിക്കാനാണു് ഇടയുള്ളതു്. ഒരുകാലത്തു് ഒരു ബുദ്ധവിഹാരമായിരുന്നെന്നു കരുതപ്പെട്ടുവരുന്ന കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രത്തിലേക്കു്, വ്രതാനുഷ്ഠാനങ്ങൾക്കുശേഷം പോകാറുള്ള തീർത്ഥയാത്രക്കാർ 'ശരണം ഭഗവതിയേ' എന്നിങ്ങനെ വിളിച്ചുകൊണ്ടു കൂട്ടപ്രാർത്ഥന നടത്താറുള്ളതു് ആ പ്രദേശങ്ങളിൽ ദീർഘകാലമായുണ്ടായിരുന്ന ബുദ്ധമതസ്ഥരുടെ ശരണത്രയത്തോടുകൂടിയുള്ള പ്രാർത്ഥനയുടെ മുദ്ര പതിഞ്ഞിട്ടുള്ളതാണെന്നു വിചാരിക്കാവുന്നതാണു്. കൊടുങ്ങല്ലൂർ യാത്രക്കാർക്കു പുറമേ മറേറതെങ്കിലും തീർത്ഥാടകർ ഈ രീതിയിൽ 'ശരണം' വിളിക്കുന്നുണ്ടെങ്കിൽ അതു ശബരിമല അയ്യപ്പന്മാർ മാത്രമാണു്. 'ശരണം അയ്യപ്പാ', 'സ്വാമി ശരണം' എന്നീ രീതിയിലുള്ള പ്രാർത്ഥനകൾ ഹൈന്ദവക്ഷേത്രങ്ങളിൽ അത്ര സാധാരണമല്ല. ശബരിമലയുടെ ബൗദ്ധസംസ്കാരസ്പർശത്തെ ദ്യോതിപ്പിക്കുന്ന ഒരു ലക്ഷണമായി ചിലർ ഇതിനെ ചൂണ്ടിക്കാണിക്കാറുണ്ടു്. ബുദ്ധമതത്തിന്റെ സുവർണ്ണകാലങ്ങളിൽ കേരളത്തിലാകമാനം ദേവാരാധനയിലും മററും സ്വീകരിച്ചിരുന്ന പ്രാർത്ഥനാസമ്പ്രദായങ്ങൾ ഹൈന്ദവരിൽ ചെലുത്തിയ സ്വാധീനശക്തികൊണ്ടു വന്നതാവാം ഇതു്. ശബരിമലക്ഷേത്രവും ഒരുപക്ഷേ, ദീർഘകാലം ബുദ്ധസംസ്കാരത്തിന്റെ വേലിയേററത്തിനു വിധേയമായിരുന്നിരിക്കാൻ ഇടയില്ലായ്കയില്ല. തീർത്ഥയാത്രാക്രമത്തിലും മററും ബുദ്ധമതത്തിലൂടെ നിലവിൽവന്ന നൂതനാചാരാനുസരണം പല മാററങ്ങളും ഹൈന്ദവസമ്പ്രദായങ്ങളിൽ സംഭവിച്ചിരിക്കാവുന്നതാണു്. മേൽപ്പറഞ്ഞ ബാഹ്യമായ സാദൃശ്യങ്ങൾ പല തെററിദ്ധാരണകൾക്കും ഇടനല്കിയിട്ടു

ണ്ട്. ശാസ്താവ് ബുദ്ധനാണെന്ന ധാരണയാണ് അവയിൽ ഒന്ന്.*

ശാസ്തൃവിഗ്രഹങ്ങളും ബുദ്ധപ്രതിമയും തമ്മിൽ മൗലികമായ സാമ്യങ്ങളുണ്ടെന്ന സാധാരണ പറയാറുണ്ട്. പക്ഷേ, സൂക്ഷ്മാലോചനയിൽ അതു വിശ്വസിക്കാൻ സാദ്ധ്യമല്ല. സാദൃശ്യങ്ങളെക്കാൾ വൈരുദ്ധ്യങ്ങളാണു രണ്ടു വിഗ്രഹങ്ങളും തമ്മിൽ കാണുന്നത്. ഓരോന്നിന്റേയും പിന്നിലെ സങ്കല്പങ്ങളും പരസ്പരം എത്രയോ വ്യത്യസ്തങ്ങളുമാണ്. ശാസ്താവിന്റെ രൂപവർണ്ണനാപരമായ പല പഴയ പദ്യങ്ങളുമുള്ളവയിൽ ശങ്കരാചാര്യനിർമ്മിതമെന്നു വിശ്വസിക്കപ്പെട്ടുവരുന്ന താഴെ കൊടുത്തിരിക്കുന്ന പദ്യമാണ് ഏററവും പ്രഥിതമായിട്ടുള്ളതു്:

''ആരൂഢപ്രൗഢവേഗപ്രവിജിത—
പവനം തുംഗതുംഗം തുരംഗം
ചേലം നീലം വസാനഃകരതല—
വിലസൽകാണ്ഡകോദണ്ഡദണ്ഡഃ
രാഗദ്വേഷാദിനാനാവിധമൃഗ—
പടലീഭീതികൃൽഭൂതകർത്താ
കുർവ്വന്നാഖേടലീലാം പരിലസതു
മനക്കാനനേ മാമകീനേ.''

അശ്വാരൂഢനായി വായുവേഗത്തിൽ സഞ്ചരിക്കുന്ന നീലവസ്ത്രധാരിയും, കോദണ്ഡപാണിയും മൃഗയാസക്തനുമായ ശാസ്താവിന്റെ രൂപമാണ് ഇവിടെ ധ്യാനിക്കപ്പെടുന്നതു്. പീതാംബരധാരിയായി ധ്യാനനിഷ്ഠനായിരിക്കുന്ന ബുദ്ധന്റെ വിഗ്രഹവുമായി ഈ ശാസ്തൃരൂപത്തിനു യാതൊരു സാമ്യവുമില്ലെന്നു പറയേണ്ടതില്ലല്ലോ? മറെറാരു ധ്യാനപദ്യത്തിൽ ശാസ്താവിനെ ചിത്രീകരിച്ചിരിക്കുന്നതും ബുദ്ധന്റെ രൂപവുമായി ശാസ്തൃരൂപത്തിനുള്ള അന്തരത്തെയാണ് എടുത്തുകാണിക്കുന്നതു്. ആ പദ്യം ഇപ്രകാരമാണ്:

''കൽഹാരോജ്ജ്വലനീലകുന്തളഭരം
കാളാംബുദശ്യാമളം
കർപ്പൂരാകലിതാഭിരാമ വപുഷം
കാന്തേന്ദുബിംബാനനം
ശ്രീദണ്ഡാങ്കുശപാശശൂല വിലസൽ
പാണിം മദാന്ധദ്വിപാ—
രൂഢം ശത്രുവിമർദ്ദനം ഹൃദി മഹാ
ശാസ്താരമാദ്യം ഭജേ.''

ശാസ്താവിന്റെ ആദിമസങ്കല്പംതന്നെ (ധർമ്മസംസ്ഥാപനാർത്ഥം) ശത്രുക്കളെ അമർച്ചചെയ്യുന്ന ആയുധം ധരിച്ച ഒരു യോദ്ധാവിന്റേതായിട്ടാണെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ആദ്യപദ്യത്തിലെ രാഗദ്വേഷാദി വികാരങ്ങളുടെ നിഹന്താവെന്ന യൗഗികപദവിയിലൊഴിച്ചു മറെറന്തിലും, വിശേഷിച്ചു രൂപത്തിലും ഭാവത്തിലും, വളരെ തുച്ഛമായ സാദൃശ്യമേ ശാസ്താവും ബുദ്ധനും തമ്മിലുള്ളുവെന്നു പ്രത്യേകം എടുത്തു പറയേണ്ട ആവശ്യമില്ല.

ശബരിമല പ്രതിഷ്ഠാവിഗ്രഹം അസ്സൽ ബുദ്ധവിഗ്രഹമാണെന്നുവരെ ചിലർക്കു ധാരണയുണ്ട്. ഇതും കേവലം അടിസ്ഥാനരഹിതമാണ്. ബുദ്ധന്റെ പ്രതിമകൾ എവിടെയും പ്രത്യേകം കണ്ടറിയത്തക്കവിധം ഐകരൂപ്യമുള്ളവയാണ്. അവയും ശബരിമലയിലെ ശാസ്തൃവിഗ്രഹവും തമ്മിൽ യാതൊരു സാമ്യവുമില്ല. ശബരിമല ശാസ്താവിന്റെ ഒരു ധ്യാനപദ്യത്തിൽ ഉല്ലിഖിതമായിട്ടുള്ളതുപോലെ ശാസ്താവ് പത്മാസനസ്ഥനും യോഗാരൂഢനുമാണെങ്കിലും ഇടതുഭുജം ആ വശത്തെ കാൽമുട്ടിന്മേൽ അർപ്പിതമാക്കിയുള്ള ഒരു പ്രത്യേകാസനസ്ഥിതിയിലാണ് അവിടുത്തെ ഇരുപ്പ്.

''ജീമൂതശ്യാമധാമാമണിമയവിലസൽ
കുണ്ഡലോല്ലാസി വക്ത്രോ
ഹസ്താബ്ജം ദക്ഷമാത്രോല്ലലമിതരഭുജം
വാമജാനൂപരിസ്ഥം
ബിഭ്രൽ പത്മാസനസ്ഥ പരികല്പിത
യോഗപട്ടേനജുഷ്ടഃ [തന്ദർ
ശ്രീപൂർണ്ണാ പുഷ്കലാഭ്യാം പുരഹരമുര
പുത്രകഃപാതുശാസ്താ.'' [ജിത്

പ്രസ്തുതപദ്യത്തിൽത്തന്നെയും ശാസ്താവിനെ വിവിധഭാവങ്ങളിലായിട്ടാണു സങ്കല്പിച്ചിട്ടുള്ളതെന്നു കാണാം. യോഗാരൂഢത അവയിൽ ഒന്നു മാത്രമേ ആകുന്നുള്ളു. പൂർണ്ണ, പുഷ്കല എന്നീ രണ്ടു ഭാര്യമാരോടുകൂടിയിരിക്കുന്നതാണ് അതിലെ മറെറാരു സങ്കല്പം. ഇതിൽനിന്നു വ്യത്യസ്തമായ നിലകളിലും ശാസ്തൃസങ്കല്പങ്ങളുണ്ട്. പൂർണ്ണയെന്ന ഏകഭാര്യയും, സത്യകനെന്ന പുത്രനും പാർശ്വങ്ങളിൽ ഇരുന്നുകൊണ്ടുള്ള രൂപധ്യാനങ്ങളും ഉണ്ട്.

* കേരളചരിത്രം—എ. ശ്രീധരമേനോൻ, പേ. 125

''സ്നിഗ്ദ്ധാരാളവിസാരികുന്തളഭരം
സിംഹാസനദ്ധ്യാസിതം
സ്ഫൂർജ്ജൽപത്രസുക്ൢപ്തകുണ്ഡലമഥേ—
ഷ്വിഷ്വാസദ്വരശോര്യകം
നീലക്ഷൗമവസം നവീനജലദ—
ശ്യാമം പ്രഭാസത്യക—
സ്സായൽ പാർശ്വയുഗം സുരക്തസകലാ
കല്പം സ്മരേദാര്യകം''

എന്ന ധ്യാനശ്ലോകം വളരെ പ്രശസ്തമാണ്. ഇവിടെ പറഞ്ഞിരിക്കുന്ന പ്രഭമാത്രമാണു ശാസ്താവിൻെറ ഭാര്യയായി സങ്കല്പിക്കപ്പെട്ടിരിക്കുന്നതെന്നും, മുൻപദ്യത്തിൽ പരാമൃഷ്ടകളായ പൂർണ്ണയും, പുഷ്കലയും, പ്രഭയുടെ ഭാവങ്ങളെ രണ്ടായി പരിച്ഛേദിക്കപ്പെട്ടിരിക്കുന്നതിൻെറ സൂചനമാത്രമാണെന്നും ഒരു പക്ഷമുണ്ട്. പുഷ്കലതപവും പൂർണ്ണതപവും യോജിക്കുമ്പോഴുള്ള അവസ്ഥ പ്രഭയാവാതെ തരമില്ലെന്നും ഒരഭിപ്രായഗതിയും ഇല്ലാതില്ല. അതനുസരിച്ചാണെങ്കിൽ, പ്രഭയെന്ന ഭാര്യയും സത്യകനെന്ന പുത്രനുമാണു ശാസ്താവിൻെറ ഇരുപാർശ്വങ്ങളിലുമുള്ളത്. പ്രഭയെ,

''രക്താം, രക്തോജ്ജ്വലാകല്പാം,
സുരൂപാം കാന്തയൗവനാം,
ധൃതവീണാം, പ്രഭാം വന്ദേ
ദേവീം രക്താന്തലോചനാം''

എന്നാണ് ആര്യാസ്തവമെന്ന സ്തോത്രങ്ങളിൽ വർണ്ണിച്ചിട്ടുള്ളത്. സത്യകനെയാകട്ടെ,

''തമാലശ്യാമളം ഭദ്രം
പിശംഗാകല്പസുന്ദരം
അധിജ്യകാർമ്മുകം വന്ദേ
സത്യകം സത്യയൗവനം''

എന്നു വർണ്ണിച്ചിരിക്കുന്നു. മുകളിൽ പറയപ്പെട്ട എല്ലാ അംശങ്ങളും കൂടിയിണങ്ങുന്ന സാക്ഷാൽ ധർമ്മശാസ്താവ് രക്ഷാസംഹാരശക്തികരം സംയോജിച്ച താരകബ്രഹ്മശക്തിയായി ശോഭിക്കുന്നു. ആത്മീയഭൗതികഭാവങ്ങളെല്ലാം അവിടെ സമ്മേളിക്കുന്നു. പൂർണ്ണതപവും പുഷ്കലതപവും തികഞ്ഞ പ്രഭയെന്ന ഭാര്യയോടും, സത്യം യൗവനം പൂണ്ടപോലെ പരിശോഭിക്കുന്ന സത്യകനായ പുത്രനോടുംകൂടി ധർമ്മത്തിൻെറ ശാസിതാവായി, ധർമ്മസംസ്ഥാപകനായി വിജയിച്ചരുളുന്ന ബ്രഹ്മസ്വരൂപനാണു ധർമ്മശാസ്താവ്. മോക്ഷാർത്ഥികളായ മനുഷ്യർക്ക് ഇതിനെക്കാരം സംസേവ്യമായ ഒരു ഈശ്വരസങ്കല്പം വേറെ അന്വേഷിക്കേണ്ടതില്ലല്ലോ.

മററു ശാസ്താക്ഷേത്രങ്ങളിലെ സ്വരൂപസങ്കല്പങ്ങളാണെങ്കിൽ, അവ മിക്കവയും ശാസ്താവിൻെറ ഓരോ ഭാവങ്ങളെ ആസ്പദമാക്കിയുള്ളവയാണ്. കുളത്തൂപ്പുഴയിൽ ബ്രഹ്മചാരിയായ ബാലശാസ്താവാണു പ്രതിഷ്ഠിതനായിരിക്കുന്നത്.

''കുളത്തൂപ്പുഴ ബാലനേ!'' എന്ന ശരണംവിളി പ്രസിദ്ധമാണല്ലൊ. ആര്യങ്കാവിൽ ഗൃഹസ്ഥശാസ്താവാണു പൂജിക്കപ്പെടുന്നത്. അവിടെ ആണ്ടുതോറും ആഘോഷിക്കുന്ന തിരുക്കല്യാണമഹോത്സവം ശാസ്താവിൻെറ ഗാർഹസ്ഥ്യഭാവത്തെ തെളിയിക്കുന്നു. അച്ചൻകോവിലിൽ പൂർണ്ണപുഷ്കലമാരാൽ ശുശ്രൂഷിതനായി ധ്യാനനിഷ്ഠനായി വാഴുന്ന വാനപ്രസ്ഥനാണ്. ശബരിമലയിലാകട്ടെ സന്യാസം സ്വീകരിച്ച യോഗനിഷ്ഠനായി ജ്ഞാനമുദ്രയോടുകൂടി വിരാജിക്കുന്ന സമാധിസ്ഥനായിട്ടാണു പ്രതിഷ്ഠ. ഇങ്ങനെ ശാസ്തൃപ്രതിഷ്ഠയ്ക്കു വിഭിന്നഭാവങ്ങൾ ഉണ്ടായിരിക്കയും, ഏകഭാവാധിഷ്ഠിതമായ ബുദ്ധപ്രതിമയുമായി അതിനു സാദൃശ്യം കാണുകയും ചെയ്യുന്നതു യാതൊരുവിധത്തിലും പൊരുത്തപ്പെടുന്നില്ല.

ബുദ്ധനും ശാസ്താവും ഒന്നുതന്നെയെന്നതിനു മറെറാരു ന്യായീകരണംകൂടി ചിലർ ഉന്നയിക്കാറുണ്ട്. ബുദ്ധൻെറ പര്യായങ്ങളുടെ കൂട്ടത്തിൽ ശാസ്താവെന്ന പദം വരുന്നുവെന്നതാണ് അത് ''മുനീന്ദ്രഃ ശ്രീഘനഃ ശാസ്താ'' എന്നുള്ള അമരകോശപദ്യമാണ് അതിനുള്ള പ്രമാണം. എന്നാൽ ഈ പര്യായശബ്ദം, ബുദ്ധനെ സംബന്ധിച്ചിടത്തോളം ഗുണവാചിമാത്രമായ ഒന്നാണെന്നും, രൂഢിയല്ലെന്നും ധരിക്കുമ്പോൾ ഈ സാദൃശ്യം ക്ഷോഭക്ഷമമല്ലാതെയാകുന്നു. ശാസിക്കുന്നവൻ അഥവാ ധർമ്മശാസിതാവ് എന്ന അർത്ഥത്തിൽ മാത്രം ബുദ്ധനു ശാസ്താവ് എന്ന പേരു യോജിക്കുന്നുവെന്നല്ലാതെ ബുദ്ധനും ശാസ്താവെന്ന ദേവനും ഒന്നെന്ന സങ്കല്പം ആ പ്രയോഗത്തിലില്ലെന്നകാര്യം വ്യക്തമാണ്. അമരകോശത്തിൻെറ ആവിർഭാവത്തിന്നുമുമ്പ് മഹാഭാരതത്തിലെ വിഷ്ണുസഹസ്രനാമത്തിൽ ''അജോദുർമ്മർഷണ ശാ

സ്താ വിശ്രുതാത്മാസുരാരിഹാ'' എന്നു പറഞ്ഞിട്ടുള്ളിടത്തും ഇതുപോലെയാണു പ്രയോഗിച്ചിട്ടുള്ളതു്. ശാസ്ത്രശബ്ദത്തിന്റെ ശാസിതാവെന്ന ഗുണവാചിയായ അർത്ഥത്തിൽ അതു വിഷ്ണുപര്യായമായി പ്രയോഗിച്ചുവെന്നല്ലാതെ വിഷ്ണുവിനേയും ശാസ്താവിനേയും ഏകപുരുഷനാക്കി വ്യവഹരിച്ചിട്ടില്ല. അമരസിംഹനുശേഷമുള്ള കോശകാരന്മാർ ബുദ്ധനേയും ശാസ്താവിനേയും രണ്ടു പ്രത്യേക പുരുഷന്മാരാക്കി വ്യവഹരിച്ചിട്ടുള്ളതു് ഈ അവസരത്തിൽ രണ്ടു പ്രകാരത്തിൽ ശ്രദ്ധേയമാണു്. ഒന്നാമതായി അമരസിംഹൻ ബുദ്ധനെ കുറിക്കാൻ ശാസ്ത്രപദം പ്രയോഗിച്ചതു കേവലം ഗുണവാചിയായിട്ടാണെന്ന കാര്യം അനന്തരകോശകാരന്മാർ സമ്മതിക്കുന്നുവെന്നതിനെ ഇതു കാണിക്കുന്നു. രണ്ടാമതായി, ശാസ്താവു് ബുദ്ധനിൽനിന്നു ഭിന്നനാണെന്ന അഭിപ്രായം സ്ഥിരീകരിക്കുന്നു. ക്രിസ്തുബ്ദം പന്ത്രണ്ടാംശതകത്തിലെ 'നാനാർത്ഥാർണ്ണവം' എന്ന ശബ്ദകോശത്തിൽ തൽക്കർത്താവായ കേശവസ്വാമി ''ശാസ്താബുദ്ധേ, ഗുരൗ, നൃപേ, മഹാശാസ്തരിചസ്യാൽ തു'' എന്നു പറഞ്ഞിട്ടുള്ളതു് ഈ അവസരത്തിൽ ഓർക്കാവുന്നതാണു്. ശാസ്ത്രശബ്ദംകൊണ്ടു ബുദ്ധനേയും ഗുരുവിനേയും രാജാവിനേയും, മഹാശാസ്താവിനേയും കുറിക്കാവുന്നതാണെന്നു പറയുമ്പോൾ ശാസ്താവു് ബുദ്ധനിൽനിന്നു തികച്ചും വിഭിന്നനാണെന്നുള്ള ഒരു നിലപാടാണു് പ്രസ്തുതകോശകാരൻ സ്വീകരിച്ചിട്ടുള്ളതെന്നു പറയേണ്ടതില്ലല്ലോ? വാസ്തവത്തിൽ ഇതായിരുന്നു പൂർവ്വികമായ നിലപാടും.

ശാസ്ത്രപദത്തിന്റെ ആഗമവും ശാസ്താവിനെ സംബന്ധിച്ചുള്ള ഇതിഹാസത്തിന്റെ സ്വഭാവവും എന്തുതന്നെ ആയാലും ഇവിടെ ഏററവും ശ്രദ്ധാർഹമായ കാര്യം ഒരു ആരാധ്യദേവത എന്നനിലയിൽ ശാസ്താവിന്റെ മഹത്വമെന്തെന്നുള്ളതാണു്. സഹസ്രാധികം വർഷങ്ങളായി ഒരു ജനതയുടെ ആവേശഭരിതമായ ആരാധനകളും ഭക്തിനിർഭരമായ സ്തോത്രങ്ങൾക്കും പാത്രമായും, തലമുറതലമുറകളായി അവരുടെ ഈശ്വരോന്മുഖമായ ചിത്തവൃത്തികൾക്കും അനുഭൂതികൾക്കും മാർഗ്ഗദർശകമായും നിന്നിട്ടു്, ശാസ്ത്രത്തിന്റെയും യുക്തിയുടെയും എന്നു പറയുന്ന ആധുനികകാലഘട്ടത്തിൽപ്പോലും വർദ്ധിതമായ ചൈതന്യപ്രസരവും, അത്ഭുതകരമായ അനുഭവങ്ങളും ചൊരിഞ്ഞുകൊണ്ടിരിക്കുന്ന ശബരിമല ശാസ്താവു് ലോകോത്തരമായ ഒരു ഈശ്വരപ്രതിഭാസമായിട്ടാണു് നിലനില്ക്കുന്നതു്. യുക്തിവാദവും, ശാസ്ത്രവും, മതവിശ്വാസങ്ങളേയും ദിവ്യാനുഭൂതികളുടെ സാധുതയേയും നിശിതമായി വിമർശിക്കുന്ന ഈ കാലത്തു്, വിശേഷിച്ചും, ഭൗതികശാസ്ത്രാധിഷ്ഠിതമായ ഒരു വിദ്യാഭ്യാസക്രമത്തിലൂടെ യുവതലമുറയിൽനിന്നു് ആദ്ധ്യാത്മികചിന്തയെ ഒരു രോഗമെന്നോണം മാററിനിറുത്തുവാൻ ശ്രമിക്കുകയും, ഭൗതികചിന്ത വളർത്തുവാൻ സംഘടിതമായ പരിശീലന പരിപാടികളും പ്രചാരണജോലികളും വെല്ലുവിളികളും നടത്തുകയുംചെയ്യുന്ന ഈ കാലഘട്ടത്തിൽ, ശബരിമല ശാസ്ത്രസന്നിധിയിലേക്കു് വ്രതചര്യകളോടെ ഭക്തിഭരിതരായി യാത്രചെയ്തു് ഭഗവദ്ദർശനംനടത്തി മടങ്ങുന്ന തീർത്ഥാടകരുടെ സംഖ്യ ആണ്ടോടാണ്ടു് വർദ്ധിച്ചുവരുന്നതു് ഏററവും ശ്രദ്ധേയമായ ഒരു കാര്യമാണു്. ഈ കഴിഞ്ഞ ഒരു ദശവർഷത്തിനുള്ളിൽ ഉണ്ടായ അയ്യപ്പന്മാരുടെ സംഖ്യാവർദ്ധനവുതന്നെ ആരെയും അമ്പരപ്പിക്കത്തക്കതാണു്. അതിന്റെ പിന്നിലെ ആവേശം എത്ര തീവ്രവും, വ്യാപ്തവുമായി വർദ്ധിക്കുകയാണെന്നു പറയേണ്ടതില്ല. 1950-ൽ ശബരിമലക്ഷേത്രം ചിലർകൂടി തീവെച്ചു നശിപ്പിക്കുകയുണ്ടായി. തൽസംബന്ധമായ കേസിന്റെ അന്വേഷണത്തിനു പ്രത്യേകം നിയമിക്കപ്പെട്ട ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ കെ. കേശവമേനോന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പറഞ്ഞാൽ, ശബരിമല ക്ഷേത്രം ഹൈന്ദവരുടെ മതവിശ്വാസപരമായ പ്രബുദ്ധതയ്ക്കു് നല്കിക്കൊണ്ടിരുന്ന പ്രചോദനത്തിൽ അസഹിഷ്ണുതമൂലം അതിനെ തകർത്തുതരിപ്പണമാക്കണമെന്ന നിശ്ചിതലക്ഷ്യത്തോടും, തീർത്ഥാടനകേന്ദ്രത്തിന്റെ അടിക്കടിയുള്ള വികാസം എസ്റ്റേററുടമകളുടേയും, വനവിഭവങ്ങൾ കൊള്ളയടിച്ചും, വ്യാജനായാട്ടുകൾ നടത്തിയും കള്ളപ്പണമുണ്ടാക്കിവന്നവരുടേയും താല്പര്യങ്ങൾക്കു വിഘാതമാകുമെന്നു ഭയപ്പെട്ട വിമതസ്ഥരായ കുറെ ആളുകൾ ചേർന്നു് ആ

ദേവാലയം ചുട്ടുചാമ്പലാക്കുകയാണുണ്ടായതു്.* എന്നാൽ ആ വിധ്വംസകപ്രവർത്തകർ ഉദ്ദേശിച്ചതിന്റെ നേരെ വിപരീതഫലമാണു് അവരുടെ കടുംകൈയുടെ ഫലമായിട്ടുണ്ടായതു്. ഈശ്വരന്റെ മാർഗ്ഗങ്ങൾ അചിന്ത്യങ്ങളും അഗ്രാഹ്യങ്ങളുമാണു്. സ്വയം ചുട്ടുകരിയാൻ സമ്മതിച്ചും അവിടുന്നു് ലോകസംഗ്രഹധർമ്മം നിർവ്വഹിച്ചെന്നുവരാം. ശബരിമലക്ഷേത്രദഹനത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയാണു സംഭവിച്ചതു്. ഉറങ്ങിക്കിടന്ന ഹൈന്ദവമതബോധത്തിനു് ആ അത്യാഹിതം ഒരു മുസ്ക്കോൽ പ്രഹരമായിട്ടാണു് അനുഭവപ്പെട്ടതെന്നുപറയാം. ക്ഷേത്രപുനരുദ്ധാരണം അപ്രതീക്ഷിതമാംവിധം അവിളംബം നടന്നു. അതോടുകൂടി ശബരിമലയുടെ ദിവ്യചൈതന്യപ്രസരം പതിന്മടങ്ങു വർദ്ധമാനമായി കാണപ്പെട്ടു. പിന്നീടാണു് തീർത്ഥാടകസംഖ്യ ഇത്രമേൽ കുതിച്ചുകയറിയതു്.

എന്താണു് ഈ സംഖ്യാവർദ്ധനവിനു് ഇത്രവലിയ പ്രാധാന്യംകല്പിക്കേണ്ട ആവശ്യം? കേരളത്തിലും ഇൻഡ്യയിൽ പൊതുവേയും ധാരാളം ദേവാലയങ്ങളിൽ ആണ്ടുതോറും നടത്തിവരാറുള്ള പ്രസിദ്ധങ്ങളായ ക്ഷേത്രോത്സവങ്ങൾക്കു കൂടാറുള്ള ജനതതിയെപ്പോലെ കേവലം ഉത്സവഭ്രമംകൊണ്ടു തടിച്ചുകൂടുന്ന ഒരു പുരുഷാരമല്ല ശബരിമലയിൽ വരുന്നതു്. പരിപാവനമായ ലക്ഷ്യങ്ങളോടെ, നിശിതമായ വ്രതചര്യകൾക്കു വിധേയരായി, ബ്രഹ്മചര്യ, സമഭാവന, സഹിഷ്ണുത, സഹവർത്തിത്വം മുതലായവ ശീലിക്കുവാൻ സഹായിക്കുന്ന തികഞ്ഞ ശിക്ഷണത്തോടും, വിശ്വാസപാരമ്യത്തോടുംകൂടി നിരവധി ക്ലേശങ്ങൾ സഹിച്ചു്, ആത്മശുദ്ധീകരണത്തിനായി നടത്തപ്പെടുന്ന ഒരു തീർത്ഥാടനമാണു് ശബരിമലയാത്ര. അതിനു തുല്യമായി മറെറാന്നില്ല. ശബരിമലയിലേക്കുള്ള ഈ തീർത്ഥാടകപ്രവാഹത്തിന്റെ പിന്നിലെ പ്രചോദകശക്തി എന്തായിരിക്കാം? ആ പ്രസ്ഥാനത്തിന്റെ പാവനതയും, നിസ്തുലമായ ആദർശശുദ്ധിയും, അവയെല്ലാം അടിസ്ഥാനഭൂതമായി നില്ക്കുന്ന ദിവ്യചൈതന്യപ്രഭാവവുമെന്നല്ലാതെ മറെറാന്നും പറയാനില്ല. നിത്യസത്യങ്ങളായ നിർമ്മലസങ്കല്പങ്ങളാണു് മനുഷ്യനെ നന്മയുടെ പന്ഥാവിലൂടെ നയിച്ചുകൊണ്ടു പോകുന്നതു്. ശബരിമല ശാസ്താസങ്കല്പത്തിൽ അങ്ങനെയൊരു ദിവ്യപ്രഭാവം അന്തർലീനമായിട്ടുണ്ടു്. സത്യാന്വേഷികളും സ്നേഹാരാധകരുമായ ഉപാസകൾക്കു് ഈശ്വരദർശനത്തിനുള്ള ഉപാധികൾ ആ സങ്കല്പത്തിൽ നിർഭരമായി അടങ്ങിയിട്ടുണ്ടു്. അതല്ലായിരുന്നുവെങ്കിൽ ഈ ശാസ്ത്രയുഗത്തിൽ ഇതുപോലെയൊരു പ്രസ്ഥാനത്തിനു് ഇങ്ങനെ സജീവമായി തുടർന്നു നില്ക്കുവാൻ സാദ്ധ്യമാകുമായിരുന്നില്ല.

ശബരിമല ശാസ്താവിന്റെ സങ്കല്പത്തെ രണ്ടുപ്രകാരത്തിൽ വീക്ഷിക്കാം. ഒന്നു്, ശൈവവൈഷ്ണവശക്തികളിൽ അന്തർഹിതമെന്നു വിശ്വസിക്കപ്പെട്ടുപോരുന്നതും രക്ഷാശിക്ഷാദി ധർമ്മനിർവ്വഹണങ്ങളുടേയും മോക്ഷദായകത്വത്തിന്റേയും ആകരസ്ഥാനമായി കരുതപ്പെട്ടുവരുന്നതുമായ താരകബ്രഹ്മസങ്കല്പം. രണ്ടു്, ആവക ധർമ്മനിർവ്വഹണങ്ങൾക്കു് പ്രത്യക്ഷോപാധിയായി ജന്മമെടുത്തു്, ജന്മോദ്ദേശം സഫലമാക്കിയിട്ടു് ആദിമശക്തിയിലേക്കുതന്നെ വിലയംപ്രാപിച്ച അവതാരപുരുഷനായ അയ്യപ്പന്റെ സങ്കല്പം. ഈ രണ്ടു ഘടകങ്ങളുടെയും സംയുക്തഭാവനയാണു് ധർമ്മശാസ്താവു്. ജനങ്ങളുടെ ഈശ്വരാന്വേഷണബുദ്ധിയേയും പരിശുദ്ധിബോധത്തേയും ആകർഷിക്കുവാൻ പര്യാപ്തമായി ദിവ്യമെന്നപോലെ മാനുഷികവുമായ പല പാവനസങ്കല്പങ്ങളും ഈ യുഗ്മശക്തിയിൽ ലീനമായിട്ടുണ്ടു്. അവയെന്തൊക്കെയെന്നു പറയുമ്പോൾ ധർമ്മശാസ്താവിന്റെ സങ്കല്പത്തിൽ അടങ്ങിയിട്ടുള്ള മൗലികസത്യങ്ങൾ ഒട്ടധികം വിശദമായിക്കൊള്ളും. ധർമ്മശാസ്താവിന്റെ സ്വരൂപവിഭാവനയെക്കുറിച്ചു് മുമ്പു പറഞ്ഞുകഴിഞ്ഞു. അതിൽനിന്നു് വ്യത്യസ്തങ്ങളായ രൂപവിഭാവനകളും കണ്ടേക്കാം. എങ്കിലും എല്ലാത്തിന്റേയും ആന്തരതത്വം ഒന്നുതന്നെയാണു്—ശാസ്താവു് സാക്ഷാൽ താരകബ്രഹ്മമാണെന്നു്. സംസാരസാഗരം തരണംചെയ്യുന്നതിനു് ഉപാധിയായിട്ടുള്ളതു യാതൊന്നോ അതാണു് 'താരകം' എന്നറിയപ്പെടുന്നതു്. അതു സാക്ഷാൽ ഈശ്വ

* 'ശബരിമലക്ഷേത്രതീവയ്പുകേസു്'—സ്പെഷ്യൽ ഡ്യൂട്ടി ഡി. ഐ. ജി. ഓഫ് പോലീസ് ശ്രീ കെ. കേശവമേനോൻ.

രൻ അഥവാ പ്രണവസ്വരൂപമായ ബ്രഹ്മം തന്നെ. ഭൂതനാഥോപാഖ്യാനം എന്ന ഗ്രന്ഥത്തിൽ,

''താരകം ഘോരസംസാര–
സാഗരസ്യേതു താരകം''

എന്നു് അതിനെ നിർവ്വചിച്ചതു് ഈ അർത്ഥത്തിലാണു്. സംസാരസാഗരത്തെ 'ഘോര'മെന്നു വിശേഷിപ്പിച്ചതു് മനുഷ്യന്റെ ജീവിതത്തിലുള്ള നട്ടംതിരിച്ചിലിനെ കണക്കിലെടുത്തുകൊണ്ടുമാണു്. എന്താണു് ഈ നട്ടംതിരിച്ചിൽ? അതിന്റെ കാരണമെന്തു്? ഈവക അന്വേഷണങ്ങളുടെ ആരംഭത്തോടുകൂടിയത്രെ മനുഷ്യൻ ഈശ്വരോന്മുഖനായിത്തീരുന്നതു്. ശബരിമല ധർമ്മശാസ്താവിന്റെ ഇതിഹാസത്തിനു് ആദ്ധ്യാത്മികവും ജീവിതശാസ്ത്രപരവുമായ പശ്ചാത്തലം മനസ്സിലാക്കുന്നതിനു് മനുഷ്യന്റെ പ്രാപഞ്ചികവും, പാരത്രികവുമായ ബന്ധമോക്ഷങ്ങളെക്കുറിച്ചുള്ള ഒരു സംക്ഷിപ്തപഠനം ആവശ്യമായിരിക്കുന്നു.

## 2. ധർമ്മശാസ്താവും ഹൈന്ദവധർമ്മവും

മറേറതൊരു തീർത്ഥയാത്രയിൽ കാണുന്നതിനെക്കാളും ഹൈന്ദവദാർശനികതത്വങ്ങൾ ശബരിമല തീർത്ഥാടനസങ്കല്പത്തിൽ അന്തർലീനമായിട്ടുണ്ടു്. ''വേദാന്തം ജീവിതാചരണത്തിൽത്തന്നെ കാണണമെങ്കിൽ ഒരു യഥാർത്ഥ ശബരിമലവ്രതക്കാരനെ നോക്കുക'' എന്നു് അന്യമതസ്ഥനായ ഒരു പണ്ഡിതൻ ഒരിക്കൽ ഈ ലേഖകനോടു പറയുകയുണ്ടായി. അക്ഷരംപ്രതി സത്യമായ ഒരു പ്രസ്താവനയാണിതു്. മറെറാരു തീർത്ഥയാത്രയിലും ഭഗവദ്ഗീതയിൽ പറഞ്ഞിട്ടുള്ള യോഗിയുടെ സുനിയന്ത്രിതമായ ചര്യകൾ ഇത്ര തീവ്രമായ നിഷ്ഠയോടെ ആചരിക്കപ്പെടുന്നില്ല. വ്രതത്തിനു മാലയിട്ടുകഴിഞ്ഞാൽ താൻ കേൾക്കുന്നതും, അനുഭവിക്കുന്നതും, കാണുന്നതും എല്ലാം അയ്യപ്പൻതന്നെ എന്ന സങ്കല്പത്തിന്റെഫലമായി, 'സർവ്വം ബ്രഹ്മമയം' എന്ന ഉപനിഷൽതത്വത്തിന്റെ പ്രായോഗികരൂപം മാത്രമാണു് നാം കാണുന്നതു്. മുതലാളിയും തൊഴിലാളിയും, പ്രഭുവും സാധാരണക്കാരനും, മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥനും ബ്രാഹ്മണനും, ഹരിജനും എന്നിങ്ങനെ എല്ലാ വിഭാഗക്കാരും പരസ്പരം അയ്യപ്പൻ എന്ന സമഭാവനയോടെ ശബരിമലവ്രതത്തിൽ പെരുമാറുന്നതു് ജാതിഭേദജടിലുമായിരുന്ന കേരളത്തിൽ മുൻകാലംമുതല്ക്കുതന്നെ ശ്രദ്ധേയമായ ഒരു പ്രത്യേകതയായിരുന്നു. അഹന്തയെ അങ്ങേയററം ലോപിപ്പിച്ചു് സർവ്വവും അയ്യപ്പനിൽ സമർപ്പിച്ചു് 'സ്വാമിയേ ശരണം' എന്നു് ഹൃദയാന്തർഭാഗത്തുനിന്നു തന്നെ ആവിർഭവിക്കുന്ന ആക്രോശത്തോടെ കരിമല കയറുന്ന അയ്യപ്പനിൽ ഒരു യഥാർത്ഥസത്യാന്വേഷിയുടെ ചിത്രംതന്നെയാണു നാം കാണുക. പ്രാപഞ്ചികവിഭ്രാന്തികളിൽനിന്നു് താൽക്കാലികമായിട്ടെങ്കിലും വിദൂരമനസ്കനായി കഴിയുന്ന ശബരിമലവ്രതക്കാരനെപ്പോലെ ഒരു യഥാർത്ഥ ഹിന്ദുധർമ്മാനുഷ്ഠാതാവിനെ മറെറങ്ങും കണ്ടുകിട്ടുകയില്ല. ഈ ആചരണത്തിനെല്ലാം ആസ്പദമായി നിലകൊള്ളുന്നതു് താരകബ്രഹ്മസ്വരൂപിയും, യോഗാരൂഢനുമായ സാക്ഷാൽ ശബരിമല അയ്യപ്പനാണുതാനും. ഇത്ര മഹത്തായ ഒരു ദിവ്യസങ്കല്പത്തിന്റെ ഇതിഹാസപരമായ അപദാനങ്ങളിലേക്കു കടക്കുന്നതിനുമുമ്പു് ആ സങ്കല്പത്തിന്റെ പിന്നിലെ ദാർശനികവിഭാവനയുടെ ഒരു സംക്ഷിപ്തവിവരണം ആവശ്യമായിരിക്കുന്നു. 'ശ്രീഭൂതനാഥഭുജംഗ'ത്തിൽ,

''മഹായോഗപീഠോജ്വലാന്തം മഹാന്തം
മഹാവാക്യസാരോപദേശം സുശാന്തം
മഹർഷിപ്രഹർഷപ്രദം ജ്ഞാനകന്ദം
പരംജ്യോതിരൂപം ഭജേ ഭൂതനാഥം''

എന്നു് ശാസ്താവു് ധ്യാനിക്കപ്പെട്ടിരിക്കുന്നതു് ഏററവും അന്വർത്ഥതയോടെയാണു്. ഗീതയിൽ സങ്കല്പിതനായിരിക്കുന്ന യോഗേശ്വരൻതന്നെയാണു് ധർമ്മശാസ്താ

വ്. ഹൈന്ദവധർമ്മപ്രകാരമുള്ള ഈശ്വരതത്വത്തിൻെറ എല്ലാ കലകളും ശാസ്ത്രസങ്കല്പത്തിൽ അടങ്ങിയിരിക്കുന്നു. അവയിൽ പ്രസക്തമായ ഏതാനും വിവരങ്ങളെ ഒരു പശ്ചാത്തലമെന്നോണം മാത്രം ഇവിടെ സംഗ്രഹിച്ചുകൊള്ളട്ടെ.

ഹിന്ദുമതപ്രകാരം ഈശ്വരസാക്ഷാത്കാരമത്രേ മനുഷ്യൻെറ ജീവിതധർമ്മം. എന്നാൽ ഈ സാക്ഷാത്കാരം പ്രയോഗത്തിൽ കൊണ്ടുവരാൻ ഇച്ഛിക്കുന്നവരുടെ യത്നം പ്രതിബന്ധജടിലമായി കാണപ്പെടുന്നു. പ്രതിബന്ധങ്ങളെ തരണംചെയ്ത് സത്യം കണ്ടെത്തുന്നതിലാണ് ജീവിതത്തിൻെറ സാഫല്യം അടങ്ങിയിരിക്കുന്നതെന്ന് ധർമ്മശാസ്ത്രങ്ങൾ വിധിക്കുന്നു. എന്നാൽ അനുഭവത്തിൽ ജീവിതം വളരെ വ്യത്യസ്തവുമായിട്ടാണ് കാണപ്പെടുന്നത്. മനുഷ്യൻ പ്രായേണ സത്യാന്വേഷിയേക്കാൾ സുഖാന്വേഷിയായാണ് ജീവിക്കുന്നത്. അവൻെറ സകല ഉദ്യമങ്ങളും സുഖത്തെ തേടിയുള്ളവയാണ്. അനുഭവമോ? ജീവിതം മിക്കവാറും ദുഃഖമയംതന്നെ. സുഖം അവൻ എത്രമാത്രം ആഗ്രഹിക്കുന്നുവോ അത്രയ്ക്ക് ദുഃഖിതനാകുന്നു. ഒരുപക്ഷേ, സുഖം ലഭിച്ചാൽത്തന്നെയും അവൻ തൃപ്തനല്ല. സുഖത്തിന് പരിപൂർണ്ണത അവന് ഒരിക്കലും ലഭിക്കുന്നില്ല. ഒന്നു കരഗതമായാൽ അതിനപ്പുറം മറ്റൊന്നിനുവേണ്ടി ആഗ്രഹിക്കുന്നു. അതിൻെറ മാർഗ്ഗം ദുർഘടം നിറഞ്ഞതാവാം.പ്രതിബന്ധങ്ങൾ തരണം ചെയ്ത് നേടുന്നതുപോലും അവനെ തൃപ്തിപ്പെടുത്തുന്നില്ല. ആഗ്രഹങ്ങൾക്കതിരില്ല; കിട്ടുന്നതെല്ലാം ദഹിപ്പിച്ചുകൊണ്ട് കത്തിക്കാളുന്ന ദുഷ്പൂരമായ ഒരു അഗ്നിയാണ് ആഗ്രഹമെന്ന് ഭഗവാൻ ഗീതയിൽ പറഞ്ഞിട്ടുള്ളത് അക്ഷരംപ്രതി ശരിയാണ്. സുഖത്തിനുവേണ്ടി ആഗ്രഹങ്ങൾ സഫലമാക്കാൻ അവൻ വിഭവങ്ങൾ സമ്പാദിക്കുന്നു. ധനം വാരിക്കൂട്ടുന്നു. എന്നിട്ടോ, അതോടൊപ്പം ആയിരം ദുർഘടങ്ങൾ വലിച്ചുവയ്ക്കുന്നു. ''ധനം ആർജ്ജിക്കുവാനുള്ള ക്ലേശത്തിൻെറ ദുഃഖം; ആർജ്ജിച്ചതു രക്ഷിക്കാനുള്ള ദുഃഖം; വരവിൽ ദുഃഖം; ചെലവിൽ ദുഃഖം—ഈ ധനം ദുഃഖത്തിനുള്ള ഒരു പാത്രംതന്നെയാണോ?'' എന്നിപ്രകാരമാണ് ഒരു സംസ്കൃതകവി ചോദിച്ചിട്ടുള്ളത്.* ഏതായാലും ധനംമോഹിച്ച വ്യക്തികളുടെയെല്ലാം അനുഭവമിതാണ്.

വ്യക്തികളുടെ മാത്രമല്ല, സാമൂഹ്യമനുഷ്യൻെറ കാര്യവും ഒട്ടും വിഭിന്നമായിരുന്നില്ല. അവൻ പല കോട്ടകൾ കെട്ടുന്നു. എന്നാൽ ആ കോട്ടകൾ അവൻെറ തടവുമതിലുകളായിട്ടാണു തീരുക. സുഖിക്കാൻ കെട്ടിയ മതിലുകൾക്കുള്ളിൽത്തന്നെ അവൻ നരകിച്ചു മരിക്കുന്നു. ലോകത്തിലെ വമ്പന്മാരുടെയെല്ലാം കഥയിതുതന്നെ. കൗരവപാണ്ഡവയുദ്ധംതന്നെ നോക്കുക. ആ കാലഘട്ടത്തിലെ ഏററവുംവലിയ മഹാരഥന്മാരായിരുന്നു അവർ ഇരുകൂട്ടരും. ഓരോ കക്ഷിയുടേയും അവകാശസ്ഥാപനത്തിനും, ലോകജീവിതത്തിൻെറ പ്രതാപൈശ്വര്യങ്ങൾ നേടി സുഖസംതൃപ്തികൾ അനുഭവിക്കാനും അവർ അങ്ങേയററം യത്നിച്ചു. എന്നാൽ ഇരുകൂട്ടരും ഉദ്ദേശിച്ചിടത്തെങ്ങും കാര്യം ചെന്നെത്തിയില്ല. കൗരവർ സകുലം നശിച്ചു. പാണ്ഡവർ ജയിച്ചുവെങ്കിലും സാമ്രാജ്യലാഭത്തിൽ സംതൃപ്തരായല്ല അവരും ജീവിതം അവസാനിപ്പിച്ചത്.

പുരാണപുരുഷന്മാരുടെ കാര്യം മാത്രമല്ല, ചരിത്രകാലങ്ങളിലേയും, ഏററവും അധുനാതനകാലത്തേയും പ്രഗത്ഭമതികളുടെ കാര്യവും ഇങ്ങനെതന്നെയാണ്. അലക്സാണ്ഡർ ഒരു ലോകസാമ്രാജ്യം സ്ഥാപിക്കാൻ യത്നിച്ചു. എന്നാൽ അതിനുവേണ്ടിയുള്ള പരക്കംപാച്ചിലിൻെറ പ്രത്യാഘാതംകൊണ്ടോ എന്നു തോന്നുമാറ് മുപ്പത്തിരണ്ടാമത്തെ വയസ്സിൽ അദ്ദേഹം ചരമമടഞ്ഞു. സീസർ പല വമ്പന്മാരേയും വെന്ന് റോമിൽ ഏകച്ഛത്രാധിപതിയായി വാണു. എന്നാൽ സ്വന്തം സെനററിലെ ഇടതുപക്ഷക്കാർ അദ്ദേഹത്തെ വെട്ടിവീഴ്ത്തി. ഭുജപ്രതാപംകൊണ്ട് യൂറോപ്പിനെ കിടുകിടെ വിറപ്പിച്ച നെപ്പോളിയൻ സെൻറ് ഹെലീനാ ദ്വീപിലെ ഏകാന്തത്തടവിൽ അവമാനിതനായി കിടന്നു നരകിച്ചു മരിച്ചു. അത്യാധുനികകാലത്തേക്കു വന്നാൽ ഫാസിസം മുഖാന്തിരം ലോകം ജയിക്കാൻ ശ്രമിച്ച

---

* ''അർത്ഥാനാം ആർജ്ജനേ ദുഃഖം
ആർജ്ജിതാനാം തു രക്ഷണേ
ആയേ ദുഃഖം വ്യയേ ദുഃഖം
കിം അർത്ഥം ദുഃഖഭാജനം?''

മുസ്സോളിനി തെരുവീഥിയിൽവച്ചു കൊലചെയ്യപ്പെടുകയാണുണ്ടായതു്. രണ്ടാംലോകമഹായുദ്ധം അഴിച്ചുവിട്ടു് ലോകജേതാവാകാൻ ശ്രമിച്ച ഹിറ്റ്ലർ ആത്മഹത്യ ചെയ്യേണ്ടിവന്നു. ഉരുക്കുമനുഷ്യനായിരുന്ന സ്റ്റാലിന്റെ നാമോച്ചാരണംപോലും ഇന്നു് അദ്ദേഹം വളർത്തി വികസിപ്പിച്ചുവെന്നു് സ്വയം അഭിമാനിച്ച സ്വന്തം രാജ്യത്തു നിഷിദ്ധമായിരിക്കുന്നു. ആ പരമ്പര ഇന്നും തുടരുകയാണു്. ലോകഭീഷണന്മാരായി പലരും മേല്പറഞ്ഞവരെപ്പോലെതന്നെ അന്താരാഷ്ട്രീയരംഗങ്ങൾ തകർക്കുന്നുണ്ടു്. അവരും സ്വന്തം കുരുക്കുകളിൽ കിടന്നു പിടയുന്നതല്ലാതെ നിലനില്ക്കുന്ന ഒന്നും നേടുന്നതായിട്ടില്ല കാണപ്പെടുന്നതു്. അവരുടെ അന്ത്യവും മേൽപ്പറഞ്ഞവരുടേതിന്റെ രീതിയിലുള്ളതാവാനേ തരമുള്ളു. അങ്ങനെ വമ്പന്മാരുടെ കഥ. ഇനി പ്രസ്ഥാനങ്ങളുടെ കാര്യം.

ലോകക്ഷേമം വർദ്ധിപ്പിക്കാൻ ഡെമോക്രസി, സോഷ്യലിസം മുതലായ പല പ്രസ്ഥാനങ്ങളും പരീക്ഷിക്കപ്പെടുന്നുണ്ടു്. എല്ലാം നല്ല ലക്ഷ്യങ്ങളും ആദർശങ്ങളുംകൊണ്ടു് സുരഭിലങ്ങളുമാണു്. എന്നാൽ മനുഷ്യന്റെ കാര്യം അവിടേയും തകർച്ചയിലാണു കാണപ്പെടുന്നതു്. മനുഷ്യൻ സ്വാർത്ഥനും ക്രൂരനുമാകുന്നതനുസരിച്ചു് ആവക രക്ഷാമാർഗ്ഗങ്ങളും ദുഷിച്ചുപോകുന്നു. രാജാക്കന്മാരെ ധ്വംസിച്ചു് പ്രജാധിപത്യം സ്ഥാപിച്ചിട്ടും സോഷ്യലിസത്തെ കമ്മ്യൂണിസംകൊണ്ടു കൂടുതൽ കർക്കശമാക്കിയിട്ടും മനുഷ്യന്റെ പന്തികേടു് പണ്ടേപ്പോലെ തുടരുകയാണു്. മുതലാളിയുടെ സ്ഥാനത്തു് തൊഴിലാളി വന്നിട്ടും അധികാരഭ്രമത്തിനും ചൂഷണത്തിനും അപഹരണത്തിനും സാധുജനമർദ്ദനത്തിനും പറയത്തക്ക വ്യത്യാസമൊന്നും വന്നിട്ടില്ല. മനുഷ്യൻ ഇന്നും ദുഃഖാർത്തനും, അസ്വസ്ഥനുമായിത്തന്നെ കഴിയുന്നു. ധനം അവനെ തൃപ്തിപ്പെടുത്തുന്നില്ല. അധികാരം വ്യാമോഹിപ്പിക്കുന്നു; ദുഷിപ്പിക്കുന്നു; കിട്ടിയ അധികാരം വിട്ടുകൊടുക്കുവാൻ വിസമ്മതിപ്പിക്കുന്നു; എതിരാളികൾ ക്ഷോഭിക്കുന്നു; അധികാരം പിടിച്ചെടുക്കുവാൻ ശ്രമിക്കുന്നു; വെല്ലുവിളികൾ; സമരങ്ങൾ; മറിച്ചിടലുകൾ; സ്ഥാനഭ്രംശങ്ങൾ; കലാപങ്ങൾ—ഇതൊക്കെയാണു് ഇന്നത്തെ സാമൂഹ്യരാഷ്ട്രീയനിലകൾ. ഫലമോ, സാമൂഹ്യമനുഷ്യൻ അസ്വസ്ഥനും ദുഃഖിതനും നൈരാശ്യഭരിതനുമായിട്ടാണു കാണപ്പെടുന്നതു്. ആകപ്പാടെ ഗീതയിൽ ഭഗവാൻ ചിത്രീകരിച്ചിട്ടുള്ളതുപോലെ, കാമക്രോധലോഭാദികൾമൂലമുള്ള മനുഷ്യന്റെ തകർച്ച ഇത്രമാത്രം പ്രകടമാക്കിയിട്ടുള്ള മറ്റൊരു കാലഘട്ടം ഉണ്ടായിരുന്നില്ല.

''ധ്യായതോ വിഷയാൻ പുംസ—
സ്സംഗസ്തേഷൂപജായതേ
സങ്ഗാത് സംജായതേ കാമഃ
കാമാത് ക്രോധോഽഭിജായതേ
ക്രോധാദ്ഭവതി സമ്മോഹഃ
സമ്മോഹാത് സ്മൃതി വിഭ്രമഃ
സ്മൃതിഭ്രംശാദ് ബുദ്ധിനാശോ
ബുദ്ധിനാശാൽ പ്രണശ്യതി.''*

എന്നു ഗീതാചാര്യൻ പ്രഖ്യാപിക്കുമ്പോൾ ഇന്നത്തെ സാമൂഹികമനുഷ്യന്റെ നാശത്തിനു് ഹേതുഭൂതമായ മൗലികസ്വഭാവത്തിലേക്കുതന്നെയാണു് വിരൽ ചൂണ്ടിയിരിക്കുന്നതു്.

ഈ തകർച്ചയ്ക്കു് ഏക പ്രതിവിധി അതിന്റെ മൂലകാരണങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കയാണു്. അതായതു് മനുഷ്യന്റെ ഒടുങ്ങാത്ത ഈ ഭൗതികവിഭ്രാന്തിക്കു് ഒരു ഉപശമമുണ്ടാക്കുക. ഭൗതികതലത്തിലുള്ള പ്രതിവിധിയൊന്നും ഇതിനു് ഇതുവരെ ആരും നിർദ്ദേശിച്ചിട്ടുള്ളതായി അറിയുന്നില്ല. സത്യസന്ധത, സ്വഭാവശുദ്ധി, ആത്മനിയന്ത്രണം എന്നിവയുടെ ആവശ്യകതയേയും പ്രാധാന്യത്തേയുംകുറിച്ചു് ഭൗതികവാദികൾക്കും വിപരീതാഭിപ്രായമില്ല. അത്രയുമല്ലാതെ അവ മനുഷ്യരിൽ വേരുറയ്ക്കുന്നതിനാവശ്യമായ മാനസികശിക്ഷണത്തെക്കുറിച്ചു് പ്രാമാണികമായി ഒരു തത്വസംഹിത അവർക്കില്ല. എന്തുകൊണ്ടു് ഒരുത്തൻ നല്ലവനായിരിക്കണം, സത്യസന്ധനായിരിക്കണം, അഥവാ പരാർത്ഥമായി ജീവിക്കണം എന്നു ചോദിച്ചാൽ അതു

* ഭ. ഗീ. 2. 62–63. വിഷയങ്ങളെ ധ്യാനിക്കുന്ന മനുഷ്യനു് അവയിൽ സംഗം ജനിക്കുന്നു. അതു് അതിയായ ആഗ്രഹമുണ്ടാക്കുന്നു. ആഗ്രഹം സാധിക്കാത്തപ്പോൾ ക്രോധവും, ക്രോധത്തിൽനിന്നു് വ്യാമോഹവും വ്യാമോഹത്തിൽനിന്നു് സ്മൃതിഭ്രംശവും സ്മൃതിഭ്രംശത്തിൽനിന്നു ബുദ്ധിനാശവും ബുദ്ധിനാശത്തിൽ സർവ്വസ്വനാശവും സംഭവിക്കുന്നു.

സാമൂഹ്യക്ഷേമത്തിനാവശ്യമെന്ന ഒരു ഒഴുക്കൻ മറുപടിയല്ലാതെ അതിനു പിന്നിലെ നൈതികമോ, ധാർമ്മികമോ, സാന്മാർഗ്ഗികമോ ആയ അഗാധതത്വങ്ങളേയോ അവയുടെ പ്രായോഗികപദ്ധതികളേയോകുറിച്ച് ഭൗതികശാസ്ത്രങ്ങൾക്ക് ഒന്നുംതന്നെ പറയുവാനില്ല. അതൊന്നും അവരുടെ പരിധിയിൽ വരുന്നുമില്ല. ഡെമോക്രസിയിലോ സോഷ്യലിസത്തിലോ ആകട്ടെ, ധാർമ്മികമോ നൈതികമോ ആയ കോഡുകളൊന്നുമില്ല. രാജ്യത്തിലെ നിയമങ്ങൾക്ക വിരുദ്ധമല്ലാത്തതൊക്കെ സദാചാരങ്ങളായിരിക്കുമെന്നേ അവരുടെ ന്യായീകരണത്തിൽ വരാൻ സാദ്ധ്യതയുള്ളു. നമ്മുടെ പരിശീലനത്തിന് ഭൗതികവാദികൾക്ക് ഉപാധികൾ വിരളമാണ്. ഭൗതികശാസ്ത്രങ്ങൾക്ക സർവ്വപ്രാധാന്യം കൊടുത്തുകൊണ്ടുള്ള ആധുനികവിദ്യാഭ്യാസം അതിലേക്ക് ലേശവും പററിയതുമല്ല. ഒരു ഭൗതികരാഷ്ട്രത്തിലെ സദാചാരത്തിന് ധാർമ്മികമായ അടിസ്ഥാനമൊന്നുമില്ല. ഈ അടിസ്ഥാനശൂന്യതയും, ഈ നിഷ്കർഷക്കുറവും, ഉപേക്ഷയും തന്നെയാവാം ഡെമോക്രസിയുടേയും സോഷ്യലിസത്തിൻേറയും ഇന്നത്തെ തകച്ച്യ്ക്കുള്ള മുഖ്യഹേതുക്കൾ.

ധാർമ്മികാധഃപതനം തടയുവാനുള്ള ഏകമാർഗ്ഗം സത്യധർമ്മാദികളുടെ അനുഷ്ഠാനത്തിനുള്ള ഉപാധികളെ അവലംബിക്കുകയാണ്. അതിനു മതവിശ്വാസമല്ലാതെ മററൊന്നും പറയത്തക്കവിധം ഉപകരിക്കയുമില്ല. നൈതികവും ധാർമ്മികവുമായ നിയമങ്ങൾക്ക് പ്രമാണങ്ങൾ മതത്തിലല്ലാതെ ഭൗതികശാസ്ത്രങ്ങളിലോ സാമൂഹ്യജീവശാസ്ത്രത്തിലോ രാഷ്ട്രമീമാംസയിലോ പ്രതീക്ഷിക്കേണ്ടതായിട്ടില്ല. എന്നാൽ ഇന്നത്തെ പരിഷ്കൃതമനുഷ്യൻ മതം ഒരു മയക്കമരുന്നാണെന്നും, ഭൗതികശാസ്ത്രം പുരോഗമിച്ചാലേ ലോകത്തിൻേറയും മനുഷ്യൻേറയും പുരോഗതി പൂർത്തിയാകുകയുള്ളു വെന്നും വിശ്വസിക്കുന്നു. അതിനതിന് മനുഷ്യൻ ധാർമ്മികമായി അധഃപതിക്കുകയുംചെയ്യുന്നു. മതം ഈശ്വരവിശ്വാസത്തിൽ അധിഷ്ഠിതമാണ്. മതം മയക്കമരുന്നാണെന്നു പറയുമ്പോൾ ഈശ്വരവിശ്വാസവും അങ്ങനെതന്നെയാണെന്ന് പ്രഖ്യാപിക്കയാണ് ഒരുവൻ ചെയ്യുന്നതു്. അങ്ങനെയാണെങ്കിൽ ഇന്നത്തെ സമൂഹത്തിൽ കാണുന്ന ദയനീയമായ അസ്വാസ്ഥ്യങ്ങൾക്കും, അവയുടെ ഫലമായി അമേരിക്ക മുതലായ സമ്പന്നരാജ്യങ്ങളിൽ സാർവ്വത്രികമായി കാണപ്പെടുന്ന ഞരമ്പുരോഗങ്ങൾ, ബുദ്ധിസ്ഥിരതയില്ലായ്മ, ഹൃദ്രോഗം, ഉറക്കമില്ലായ്മ മുതലായവക്ക് പ്രതിവിധിയായി അവിടങ്ങളിൽ ദിവസേന ഉപയോഗിച്ചുവരുന്നുവെന്നു പറയപ്പെടുന്ന ടൺ കണക്കിനു മയക്കമരുന്നിനേക്കാൾ എത്രയോ ഭേദമായ ഒരു പ്രതിവിധിയാണ് ഈശ്വരവിശ്വാസമെന്ന മയക്കമരുന്ന്! ബുദ്ധിപൂർവ്വം ആലോചിച്ചാൽ മതം ഒരു മയക്കമരുന്നല്ല, നേരെമറിച്ച് ഒന്നാന്തരം ഒരോജസ്സരൗഷധമാണെന്നു കാണാൻ പ്രയാസമില്ല. ജീവിതത്തിൻെറ പരക്കംപാച്ചിലിൽ കിടന്ന് എരിപൊരികൊള്ളുന്ന തകന്ന മനുഷ്യന് ശാന്തിയും ആനന്ദവും പ്രത്യാശയും നല്കുന്ന ദിവ്യാമൃതമാണ് അതു്. സ്വന്തം സ്വാർത്ഥതയും കുടിലതയും കലർത്തി മതത്തേയും മനുഷ്യൻ ദൂഷിപ്പിച്ച് ആക്ഷേപപാത്രമാക്കിയിട്ടുണ്ടാവാം. അതു് മതത്തിൻെറ ദൂഷ്യമല്ല. മനുഷ്യൻെറതന്നെ ദൂഷ്യമാണ്. ആ ദൂഷിച്ച വശം നോക്കിയല്ല മതത്തേയോ അതുകൊണ്ടുള്ള പ്രയോജനത്തേയോ വിലയിരുത്തേണ്ടതു്. ഭൗതികവാദികൾക്ക പററിയ തെററതാണ്. സുസ്ഥാപിതമായ ഒരു സ്ഥാപനത്തിൻെറ ദൂഷ്യങ്ങൾ പരിഹരിക്കുന്നതിനുപകരം അവർ സ്ഥാപനത്തെത്തന്നെ നശിപ്പിക്കാൻ ഉദ്യമിച്ചു. ആ ഉദ്യമം വിജയിക്കുകയില്ലെന്നു തെളിഞ്ഞുകഴിഞ്ഞു. മതവിശ്വാസവും ഈശ്വരാവബോധവും മനുഷ്യൻെറ വിവേകവും വിവേചനബുദ്ധിയും ഉണ്ടായ കാലംമുതല്ക്കേ അവൻെറ രക്ഷാകവചങ്ങളായിരുന്നു. ഇന്നും വിവേകശാലികൾ യാതൊരു ബാഹ്യപ്രേരണയുംകൂടാതെതന്നെ ഈശ്വരവിശ്വാസംകൊണ്ടുള്ള ശാന്തിയും സമാധാനവും ആനന്ദവും അനുഭവിക്കുന്നുണ്ട്. അതിൽ മയക്കുവിദ്യകളൊന്നുമില്ല. റഷ്യ മുതലായ ഭൗതികരാഷ്ട്രങ്ങളിൽ ഈശ്വരവിശ്വാസത്തെ നിശ്ശേഷം നിർമ്മാർജ്ജനംചെയ്യാൻ ശ്രമിച്ചിട്ടും ആയത്നം വിഫലപ്പെടുകയാണുചെയ്തിട്ടുള്ളതു്. മതം അവിടെ വീണ്ടും പുലരാൻ തുട

ങ്ങിയിരിക്കുന്നു.* മാത്രമല്ല, ഈശ്വരനെ വേണ്ടെന്നുവച്ചിരിക്കുന്ന കാലത്ത് ഈശ്വരന്റെ സ്ഥാനത്ത് ഈശ്വരഭാവം കൈക്കൊണ്ട വ്യക്തികളെ ആരാധിക്കുന്ന സമ്പ്രദായങ്ങൾ അവിടെ ആവിർഭവിക്കാതിരുന്നില്ല—ഇന്നു ചൈനയിൽ കാണുന്നതുപോലെ. ആ പ്രസ്ഥാനം ഒരുതരം വിഗ്രഹാരാധനവരെയായിട്ടുണ്ട്. ഏതായാലും ഈശ്വരസങ്കല്പവും, ആരാധനയും ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ മനുഷ്യനു കൂടിയേകഴിയൂ എന്നതാണു പരമാർത്ഥം. അതിനെ നിഷ്കാസനംചെയ്തിട്ട് അതിന്റെ സ്ഥാനത്ത് അധികാരമോഹികളായ പ്രതാപശാലികളെ ആരാധിക്കുന്ന സമ്പ്രദായംമൂലം മനുഷ്യൻ അധഃപതിക്കാതിരുന്നാൽ നന്ന്.

ഈശ്വരസാക്ഷാത്കാരമാണ് ഈശ്വരവിശ്വാസിയുടെ പരമമായ ലക്ഷ്യം. പക്ഷേ, പ്രാപഞ്ചികാസക്തി മനുഷ്യനെ വിഭ്രമിപ്പിക്കുന്നിടത്തോളംകാലം ഈശ്വരാനുഭൂതിയുടെ പ്രാഥമികതലങ്ങളിലേക്കുപോലും മനുഷ്യനു പ്രവേശനം ലഭിക്കുകയില്ല. സത്യദർശനം അയാൾക്കു സാദ്ധ്യമാകയില്ല. അതിനു കാരണം, സത്യത്തിന് അഥവാ, ഈശ്വരന്, ബ്രഹ്മത്തിന്, പ്രപഞ്ചാസക്തന്റെ മനസ്സിൽ സ്ഥാനമില്ലെന്നതുതന്നെ. മനുഷ്യൻ മനോമയനാണ്. മനസ്സിൽ എന്താണോ നിറഞ്ഞിരിക്കുന്നത് അതാണു മനുഷ്യൻ. പ്രപഞ്ചസുഖങ്ങൾക്കുവേണ്ടി വെമ്പൽകൊള്ളുന്ന മനുഷ്യൻ പ്രപഞ്ചമയനാണ്. അതോടനുസരിച്ചുള്ള സകല കുഴപ്പങ്ങൾക്കും അവൻ അവകാശിയുമാണ്. നേരെമറിച്ച് ഈശ്വരചിന്തകൊണ്ട് അവൻ മനസ്സു നിറയ്ക്കട്ടെ. അപ്പോൾമുതൽ അവൻ ഈശ്വരമയനായിത്തീരുന്നു. ഈശ്വരസത്തയോടു ബന്ധപ്പെട്ട ശാന്തിക്കും ആനന്ദത്തിനും അവൻ അവകാശിയായിത്തീരുന്നു. അങ്ങനെയുള്ളവൻ ഈശ്വരനെ സാക്ഷാത്കരിക്കുന്നു; അനുഭവിക്കുന്നു. അതാണ് ഈശ്വരദർശനം എന്നു പറയുന്നത്. പുരാതനമഹർഷിമാരും ആധുനികരായ ശ്രീരാമകൃഷ്ണൻ, വിവേകാനന്ദൻ, രമണമഹർഷി മുതലായവരും ഈശ്വരനെ ദർശിച്ചുവെന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. അല്ലാതെ ഈശ്വരൻ മനുഷ്യരൂപത്തിൽ—ആ രീതിയിൽ സങ്കല്പിച്ചപ്പോഴൊഴികെ—അവരുടെ മുന്നിൽ പ്രത്യക്ഷമായി എന്നല്ല. പക്ഷേ, ഈശ്വരനെ അവർ ദർശിച്ചുവെന്നത് അവരെ സംബന്ധിച്ചിടത്തോളം നിരുപാധികം ശരിയാണ്. അഹന്ത കൈവിട്ട് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഏതു നിർമ്മലഹൃദയനും ദർശിക്കുകയും ചെയ്യാം. അതുകൊണ്ടത്രെ ശ്രീരാമൻ വിവേകാനന്ദനോട്, ''എനിക്കു നിന്നെ കാണുകയും നിന്നോടു സംസാരിക്കുകയും ചെയ്യാവുന്നതുപോലെതന്നെ ഈശ്വരനെ കാണുകയും ഈശ്വരനോടു സംസാരിക്കയും ചെയ്യാം''[1] എന്നു പറഞ്ഞത്.

ഇപ്രകാരമുള്ള ഈശ്വരാനുഭൂതിക്കു വേണ്ട സകല മാർഗ്ഗങ്ങളും, ഗണിതശാസ്ത്രത്തിലെ ഒരു പ്രമേയം സാധൂകരിക്കുംപോലെയുള്ള യുക്തിയുക്തതയോടെ വ്യക്തമായി, അനിഷേധ്യമായി, ശാസ്ത്രീയമായി നമ്മുടെ ദാർശനികഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ആ ദാർശനികസംഹിതകളുടെ അത്യുജ്ജ്വലമായ രത്നച്ചുരുക്കമാണ് ഭഗവത്ഗീത. കർമ്മജ്ഞാനഭക്തിയോഗത്തിലൂടെ എങ്ങനെ ഈശ്വരനെ പ്രാപിക്കാമെന്ന് വിസ്തരിച്ചു പ്രതിപാദിച്ചശേഷം ഗീതയിലെ ഉപദേശങ്ങളെ ഉപസംഹരിക്കുന്നിടത്ത് ആ ഉപദേശങ്ങളുടെ ഒരു സൂത്രവചനമെന്നോണം കൃഷ്ണൻ പറഞ്ഞിട്ടുള്ളതിങ്ങനെയാണ്:

''മന്മനാ ഭവ മദ് ഭക്തോ
മദ്‌യാജീ മാം നമസ്കുരു.''[2]

(എന്നിൽ ഉറച്ച മനസ്സോടുകൂടിയവനാകുക; എന്റെ ഭക്തനാകുക; നിന്റെ കർമ്മങ്ങളെ എനിക്കുവേണ്ടി ഒരു യജ്ഞമാക്കുക; എന്നെ നമസ്കരിക്കുക.)

ഹിന്ദുധർമ്മപ്രകാരം ഈശ്വരസാക്ഷാത്കാരത്തിന്റെ ആന്തരതത്വവും മാർഗ്ഗവും ഈ നിർദ്ദേശത്തിൽ അടക്കംചെയ്തിട്ടുണ്ട്.

സത്യാന്വേഷി ഇപ്രകാരമുള്ള ഒരു മനോഭാവം വളർത്തിയെടുത്തു തദനുസരണം പ്രവർത്തിച്ചുതുടങ്ങിയാൽപ്പിന്നെ മനസ്സിൽ ഈശ്വരനല്ലാതെ മറെറാന്നിനും സ്ഥാനമുണ്ടായിരിക്കുകയില്ലെന്നുള്ളത് അനുക്തസിദ്ധമാണ്. അതാണ് 'മന്മനോഭവ' എന്നതിന്റെ പൊരുൾ—മനസ്സ് ഈശ്വരനിഷ്ഠമാക്കുക എന്ന്.

* ''മതം സോവിയററ് യൂണിയനിൽ''—സോവിയററ് യൂണിയൻ ഗ്രന്ഥാവലി.

1. Life of Sri Ramakrishna, P. 332.
2. ഭ. ഗീ. XVIII; 65.

മനസ്സ് ഈശ്വരമയമാക്കാൻവേണ്ടി പ്രപഞ്ചബന്ധത്തെ പടിപടിയായിട്ടല്ലാതെ ഒന്നാകെ ഒഴിവാക്കണമെന്നില്ല. പോരെങ്കിൽ പ്രപഞ്ചബന്ധം വിടുകയെന്നാൽ പ്രപഞ്ചം ഉപേക്ഷിക്കുകയെന്നതിനേക്കാൾ, പ്രപഞ്ചത്തിൽ ആസക്തനാകാതിരിക്കുക എന്ന അർത്ഥമാണു ധരിക്കേണ്ടതു്. ആസക്തിയില്ലെങ്കിൽ പിന്നെ കർമ്മംചെയ്യാനുള്ള പ്രേരണയെങ്ങനെയുണ്ടാകുമെന്നു് ചിലർ സംശയം ഉന്നയിക്കാറുണ്ടു്. അതു് അനാസക്തിയുടെ തത്വം മനസ്സിലാകായ്കയാലാണു്. ആസക്തി സ്വാർത്ഥതയുണ്ടാക്കുന്നു. സ്വാർത്ഥത ഭയസംഭ്രമങ്ങൾ ജനിപ്പിക്കുന്നു; ശ്രദ്ധ പതറിക്കുന്നു. ജോലിയുടെ കാര്യക്ഷമതയെ ബാധിക്കുന്നു. അനാസക്തിയാണു് ശക്തിക്കു നിദാനം; സ്വാർത്ഥതയല്ല. അനാസക്തനായ സമബുദ്ധിയാണു് യഥാർത്ഥകർമ്മകുശലൻ എന്നും ഗീത തറപ്പിച്ചുപറയുന്നുണ്ടു്.[1] കർമ്മം ചെയ്തുകൊള്ളുക; പക്ഷേ, അതു മനസ്സിൽ പററിപ്പിടിക്കാൻ സമ്മതിക്കരുതു്. പ്രാപഞ്ചികഭ്രമം ഒരുവനെ മുക്കിക്കളയരുതു്. ആസക്തിയെക്കുറിച്ചു ശ്രീരാമകൃഷ്ണപരമഹംസൻ പറഞ്ഞിട്ടുള്ളതു ശ്രദ്ധേയമാണു്. ''വള്ളം വെള്ളത്തിൽക്കൂടി പോകുന്നതിനു തരക്കേടില്ല; അകത്തു വെള്ളം കയററി മുക്കിക്കളയുക മാത്രം ചെയ്യരുതു്.''[2] മനുഷ്യൻ സംസാരത്തിലൂടെ യാത്രചെയ്തുകൊള്ളട്ടെ. പക്ഷേ, സംസാരാസക്തി കടന്നുകൂടി ജീവിതനൗകയെ ആഴ്ത്തുവാൻ ഇടയാക്കരുതെന്നാണു് ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ആസക്തി വിവേകത്തെ നശിപ്പിക്കുന്നു. വിവേകം പോയാൽ ജ്ഞാനത്തിലായാലും, കർമ്മത്തിലായാലും, ഭക്തിയിലായാലും മനുഷ്യൻ പരാജയപ്പെടും.

ഇത്രയും ഗ്രഹിച്ചുകഴിഞ്ഞാൽ മനുഷ്യനു് ഈശ്വരചിന്തയുടേയും സാക്ഷാത്കാരത്തിൻേറയും അനുപേക്ഷണീയത എത്രമാത്രമെന്നു ധരിക്കാൻ കഴിയും. ഈശ്വരസാക്ഷാൽക്കാരത്തിനുവേണ്ടിയുള്ള ജീവിതക്രമങ്ങളെ ഹൈന്ദവദാർശനികന്മാർ വിശദമായി നിർദ്ദേശിച്ചിട്ടുണ്ടു്. പ്രധാനമായി മൂന്നു മാർഗ്ഗങ്ങളാണു് അതിലേക്കു വിധിച്ചിട്ടുള്ളതു്. അഹങ്കാരരഹിതമായി ഫലേച്ഛ കൂടാതെ സ്വധർമ്മം നിർവ്വഹിക്കുകയാണു് അതിലൊന്നു്. മനസ്സ് ജ്ഞാനമയമാക്കിത്തീർത്തു് ജ്ഞാനസ്വരൂപനായ ഈശ്വരനെ സാക്ഷാൽക്കരിക്കുകയത്രെ രണ്ടാമത്തെ മാർഗ്ഗം. മൂന്നാമത്തേതാകട്ടെ, മനസ്സ് പ്രേമമയമാക്കിത്തീർത്തു് അതിൻെറ പാരമ്യത്തിൽ ഈശ്വരൈക്യം പ്രാപിക്കുകയാണു്. കർമ്മജ്ഞാനഭക്തിയോഗങ്ങൾ എന്നറിയപ്പെടുന്ന ഈ മൂന്നു മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നിൽക്കൂടെയല്ലാതെ ജീവിതത്തിൻെറ സാഫല്യം സാദ്ധ്യമല്ല. സാമാന്യമായ ഒരു ജീവിതത്തിനായാലും ഇവയിൽ ഓരോന്നിൻേറയും അംശങ്ങൾ അവലംബിച്ചുതന്നെ മുന്നോട്ടുപോകേണ്ടതാണു്. വിശേഷിച്ചും സത്യധർമ്മാദികളിൽ നിഷ്ഠയോടെ ലൗകികമായ ഒരു ജീവിതം നയിക്കുവാൻ ഉദ്ദേശിക്കുന്ന ഒരാൾ നിഷ്കാമമായ കർമ്മയോഗം അവലംബിക്കുകയായിരിക്കും വരിഷ്ഠമായിട്ടുള്ളതു്. എങ്കിലും, ജ്ഞാനമാർഗ്ഗവും അനുപേക്ഷണീയമാണു്. സൂക്ഷ്മപരിശോധനയിൽ മൂന്നു മാർഗ്ഗങ്ങളും തമ്മിൽ ഏതെങ്കിലുമൊരു ഘട്ടത്തിൽ യോജിക്കാതിരിക്കുക സാദ്ധ്യമല്ല. കാരണം, മൂന്നിൻേറയും ലക്ഷ്യം ഒന്നുതന്നെ—ഈശ്വരസാക്ഷാൽക്കാരം. പലവഴിക്കുനിന്നു് ഒരേ കേന്ദ്രബിന്ദുവിലേക്കുള്ള മാർഗ്ഗങ്ങൾ എന്നെങ്കിലും ഒന്നിച്ചുചേരുമല്ലൊ.

ഏകലക്ഷ്യത്തിലേക്കുള്ള ഈ മൂന്നു മാർഗ്ഗങ്ങളും സാധകനെസംബന്ധിച്ചിടത്തോളം ചര്യാപ്രധാനങ്ങളാണു്. ധ്യാനപരിശീലനത്തിലൂടെ മനസ്സിൻെറ ശിക്ഷണം, നിയന്ത്രണം, ശുദ്ധീകരണം എന്നിവ സാധിച്ചു് മനസ്സ് യോഗനിഷ്ഠമായി ഈശ്വരാഭിമുഖമായിത്തീരുന്നുവെന്നതാണു് ഇവിടെ ശ്രദ്ധേയമായിട്ടുള്ള കാര്യം. അന്യത്ര ഉദ്ധരിച്ച രണ്ടു ഗീതാപദ്യങ്ങളിൽ, ഈവക ചര്യകളുടെ ഗുണങ്ങളൊന്നും സിദ്ധിക്കാതെ, വിഷയാസക്തനായി ജീവിച്ചു് ബുദ്ധിനാശം സംഭവിച്ചു നശിച്ച മനുഷ്യൻെറ ചിത്രം നാം കണ്ടു. അങ്ങനെയുള്ളവരെ തനിക്കു താൻപോന്ന 'യതവാക്കായമാനസന്മാരാ'ക്കിത്തീർത്തു്, ഈശ്വരസാക്ഷാൽക്കാരത്തിനു് അർഹരാക്കുകയാണു് യോഗസാധനയുടെ ലക്ഷ്യം.

ഇത്രയും കാര്യങ്ങൾ മനസ്സിൽ ധരി

1. ഭ. ഗീ. II, 50; 'യോഗകർമ്മസുകൗശലം'
2. ശ്രീരാമകൃഷ്ണോപദേശം—(ബ്രഹ്മാനന്ദൻ–സമ്പാദകൻ), പേ. 52—53

REFERE

ച്ചുകൊണ്ടു വേണ്ടിയിരിക്കുന്നു മനുഷ്യന് സംസാരസാഗരത്തിൽനിന്ന് മോചനം നല്കുന്ന താരകബ്രഹ്മമെന്നു സങ്കല്പിതനായ ധർമ്മശാസ്താവിനെക്കുറിച്ചുള്ള വിചിന്തനം തുടരേണ്ടതു്. സംസാരസാഗരത്തിന് ഏതു വിധത്തിലാണു ശാസ്താവു് 'താരക'മായിത്തീരുന്നതെന്ന ചിന്താഗതിയെ ആസ്പദമാക്കിയാണ് ഹിന്ദുധർമ്മപ്രകാരമുള്ള യോഗസാധനാദികളേയും, ഈശ്വരസാക്ഷാൽക്കാരമാർഗ്ഗങ്ങളേയുംകുറിച്ച് ഇത്രയും പ്രതിപാദിച്ചതു്. ഹിന്ദുവിശ്വാസമനുസരിച്ച് ദിക്കാലാദിവർത്തിയായി, ആദ്യന്തവിഹീനമായി, പരമജ്യോതിസ്വരൂപമായി, സച്ചിദാനന്ദമയമായി ഒരു അപരിച്ഛേദ്യശക്തിയാണ് ഈശ്വരൻ അഥവാ ബ്രഹ്മം. ആ നിലയിൽ ഈശ്വരൻ മനുഷ്യബുദ്ധിക്ക് അപരിമേയമായ ഒരു പ്രതിഭാസമാണ്. എങ്കിലും സത്യാന്വേഷിയായ മനുഷ്യന് ഈശ്വരനെ പ്രാപിക്കാതെ നിർവ്വാഹമില്ല; പ്രാപിക്കേണ്ടതു് ജീവിതത്തിന്റെ സമ്യക്‌നിർവ്വഹണത്തിന് അനുപേക്ഷണീയവുമാണ്. മുകളിൽ പറയപ്പെട്ട യോഗത്രയമാർഗ്ഗങ്ങളിൽ ഈശ്വരപ്രാപ്തിക്ക് ഏററവും ഋജുവും അനായാസവുമായിട്ടുള്ളതു് ഭക്തിമാർഗ്ഗമാണെന്ന് വിചക്ഷണന്മാർ പറയുന്നു. നിഷ്കാമകർമ്മം ക്ലേശഭൂയിഷ്ഠമായ ഒരു സാധനയാണ്; ദീർഘകാലംകൊണ്ടേ അതിന്റെ ലക്ഷ്യത്തിൽ ചെന്നെത്തുവാൻ കഴിയൂ. ജ്ഞാനയോഗത്തിനാണെങ്കിൽ, ഉപനിഷദാദികളിലുള്ള അവഗാഹംകൊണ്ടു ലഭിക്കേണ്ട ജ്ഞാനം സമ്പാദിക്കാൻ വളരെ പ്രയാസവുമാണ്. അതിനാൽ ഏററവും ശ്രേഷ്ഠമായിട്ടുള്ള മാർഗ്ഗം ഈശ്വരനോട്ട് പ്രേമാത്മകമായ ഭക്തിതന്നെയാണ്. നാരായണീയത്തിൽ മേല്പത്തൂർ ഭട്ടതിരിപ്പാട്ട് ഈ ആശയം വ്യക്തമാക്കിയിട്ടുള്ളതു് ശ്രദ്ധേയമാണ്:

''നിഷ്കാമം നിയത സ്വധർമ്മ ചരണം
യൽക്കർമ്മയോഗാഭിധം
തദ്ദൂരേത്യഫലം യദൗപനിഷദജ്ഞാ–
നൈകലഭ്യം പുനഃ
തത്വവ്യക്തതയാ സുദുർഗ്ഗമതരം
ചിത്തസ്യതസ്മാ ദ്വിഭോ!
തത്വൽ പ്രേമാത്മകഭക്തിരേവസതതം
സ്വാദീയസീശ്രേയസീ.''[1]

1. നാരായണീയം, ദ്വിതീയദശകം, ശ്ലോ. 8

ഏററവും ഉത്തമമായ മോക്ഷോപാധി എന്ന നിലയിൽ ഭക്തിയെ എങ്ങനെ സാധനചെയ്യാമെന്ന കാര്യം ഹൈന്ദവധർമ്മത്തിൽ അത്യധികം ശ്രദ്ധ ആർജ്ജിച്ചിട്ടുള്ള ഒന്നാണ്. ഈശ്വരസാക്ഷാത്കാരമാണ് ജീവിതലക്ഷ്യമെങ്കിൽ, ഈശ്വരപ്രേമത്തിലൂടെ അഭേദാവസ്ഥ പ്രാപിക്കുന്നതുതന്നെയാണ് ഋജുമാർഗ്ഗമെന്നു പറയേണ്ട ആവശ്യമില്ല. പ്രേമം ഏകീഭാവത്തിന്റെ ചോദനയാണ്. അയസ്കാന്തത്തിലേക്കു് ഇരുമ്പ് എന്നപോലെ ഈശ്വരനിലേക്കു് ഭക്തൻ ആകൃഷ്ടനാകുന്നു.[2]

സാധനയിൽ രണ്ടു ഘടകങ്ങളാം അടങ്ങിയിരിക്കുന്നു. ഒന്ന്, അവനവന്റെ യത്നം. രണ്ട്, ശരണാഗതി. പ്രപഞ്ചത്തിന്റെ അന്തരാളത്തിൽ ജീവിക്കുന്ന മനുഷ്യന് ഈശ്വരനിൽ ഏകാഗ്രത ലഭിക്കണമെങ്കിൽ സ്വയം മാനസികമായ ശിക്ഷണം ശീലിക്കുകതന്നെ വേണം. ഇതു് ശാസ്ത്രസമ്മതവും യുക്തിയുക്തവും അനുഭവസിദ്ധവുമാണ്. ശിക്ഷണത്തിന്റെ ഉദ്ദേശം ശരണാഗതിക്കുള്ള മാനസികസിദ്ധി കൈവരുത്തുകതന്നെ. എന്താണ് ഈ ശരണാഗതി? ഒരർത്ഥത്തിൽ അതു് അഹന്തയുടെ നിശ്ശേഷമായ നിർമ്മാജ്ജനമാണ്. അഹന്തയാണ് മനുഷ്യനെ ഈശ്വരനിൽനിന്നു വിദൂരനാക്കി നിറുത്തുന്നതു്. 'താൻ' 'തന്റേതു്' എന്നിവയ്ക്കു് മനസ്സിൽ അഗ്രഗണ്യമായ സ്ഥാനം നല്കുന്നതാണ് അഹന്ത. അഹന്തയെ എത്രകണ്ടു ലോപിപ്പിക്കുന്നുവോ, അത്രയ്ക്കു് മനുഷ്യൻ ഈശ്വരനോട്ട് അടുക്കുന്നു. ഈ തത്വത്തെ അടിസ്ഥാനമാക്കിയാണ്, സത്യത്തേയും ഈശ്വരനേയും ഒന്നായി സങ്കല്പിച്ച മഹാത്മാഗാന്ധി, അഹന്തയെ വെറും പൂജ്യമാക്കി കളഞ്ഞിട്ടു വേണം സത്യാന്വേഷകൻ തന്റെ യത്നം തുടരേണ്ടതെന്ന് പറയുകയുണ്ടായതു്.[3] അഹന്തയുടെ ധൂമിക എത്ര കുറയുന്നുവോ അത്രകണ്ട് അന്തരംഗം നിർമ്മലമാകുന്നു. നൈർമ്മല്യമാണ് ഈശ്വരസത്തയുടെ സാക്ഷാത്തായ ലക്ഷണം. അഹന്ത മലിനതയാണ്. സ്വതേ ശുദ്ധമായ അന്തക്കര

2. ശിവാനന്ദലഹരി, ശ്ലോ. 61
3. Mind of Mahatma Gandhi

ണത്തെ അതു് വിച്ഛായമാക്കി സത്യത്തെ മറയ്ക്കുന്നു. അഹന്ത മാറണമെങ്കിൽ ഒരുവൻ വിനയവാനാകാൻ ശീലിക്കണം. വിശേഷിച്ചും, ഈശ്വരൻെറ അപ്രമേയമായ പ്രഭാവാതിശയത്തിൻ്റെ മുന്നിൽ താൻ ഏററവും എളിയവൻ എന്ന ഭാവത്തിനേ ഒരുവനവകാശമുള്ളു. അവിടെയാണു് ശരണാഗതിയുടെ സമഞ്ജസത വ്യക്തമാകുന്നതു്. ഗീതയിൽ, തകച്ച്യുടെ വക്കിൽനിന്ന അജ്ജൂനനു് ഭഗവാൻ നല്കിയ ഉപദേശങ്ങളുടെ ഏററവും അവസാനത്തേതാണു്,

''തമേവ ശരണം ഗച്ഛ
സവ്വഭാവേന ഭാരത.''[1]

എന്നതു്. എത്രയൊക്കെയായാലും മനുഷ്യൻെറ അവസാനയാശ്രയം ഈശ്വരനിലുള്ള ശരണാഗതി മാത്രമാണെന്നാണു് ഗീത കൊണ്ടു് സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. അങ്ങനെയുള്ള അവസ്ഥ പ്രാപിച്ചുകഴിഞ്ഞാൽ ഭക്തിയുടെ പരമകാഷ്ഠയിലേക്കുള്ള പ്രവേശനദ്വാരത്തിൽ സാധകൻ എത്തിയെന്നു തീത്തു പറയാം.

ശരണാഗതിയും ഭക്തിയുടെ പരമകാഷ്ഠയും എളുപ്പം പറയപ്പെട്ടുകഴിഞ്ഞു. പക്ഷേ, അങ്ങനെയുള്ള ഒരു തലത്തിൽ എത്തുക അത്ര എളുപ്പമല്ല. ''ഞാനെന്നുമെനിക്കുള്ളതെന്നും'' എന്ന ഭാവത്തെക്കുറിച്ചു് ഉണ്ണായിവാര്യർ,

''അതുമായം, അതമേയം,
അതുമായുന്നതുമല്ലുലകിൽ''[2]

എന്നു പറഞ്ഞതു് അക്ഷരംപ്രതി ശരിയാണു്. ഭക്തിയുടെ വിവിധപടികളിൽക്കൂടി വേണ്ടിയിരിക്കുന്നു ഈ അഹന്താധ്വംസനം സാധിതപ്രായമാക്കാൻ. എന്തൊക്കെയാണു് ഭക്തിയുടെ വിവിധപടികൾ? അതു ഗ്രഹിക്കണമെങ്കിൽ ഭക്തിയുടെ പരമകാഷ്ഠയെന്തെന്നുള്ളതു് ആദ്യമായി മനസ്സിലാക്കണം. നിഷ്ക്കാമവും ഫലനിരപേക്ഷവുമായ പ്രേമത്തോടുകൂടിയുള്ള ഈശ്വരാന്വേഷണമാണു് യഥാത്ഥമായ ഭക്തി എന്നു പറഞ്ഞുകഴിഞ്ഞല്ലോ. അതൊരു സാധനയാണു്. അതു പൂത്തിയായാൽ മനുഷ്യൻ എല്ലാത്തിനേയും സ്നേഹിക്കും. ഒന്നിനേയും വെറുക്കുകയില്ല; നിത്യസംതൃപ്തനായി ഭവിക്കും; എന്തെന്നാൽ ആഗ്രഹങ്ങളും സുഖദുഃഖങ്ങളും അതീതമായ മനോഭാവമാണു് അവനു് അപ്പോഴുണ്ടാകുന്നതു്.[3]

പക്ഷേ, ഒററപ്പറക്കലിന്നു മേല്പറഞ്ഞ പദവിയിൽ ഒരുവനെത്താൻ സാദ്ധ്യമല്ല. ഇടയ്ക്കു പല ഉപാധികളേയും ആശ്രയിക്കേണ്ടതുണ്ടു്. ഒന്നാമത്തെ കാര്യം അമേയനും നിരാകാരനുമായ ഈശ്വരനെ മനസ്സിൽ ധ്യാനിക്കുക എന്നതാണു്. അതു് അജ്ഞേയററത്തെ ആത്മജ്ഞാനികൾക്കേ സാധിക്കു. സാമാന്യക്കാരൻെറ കാര്യത്തിൽ എന്നല്ല, ഒട്ടൊക്കെ അസാമാന്യക്കാരായവരുടെ കാര്യത്തിലും, ഏതെങ്കിലും ചില ഉപാധികളിൽക്കൂടിയേ നിർഗ്ഗുണനായ ഈശ്വരനെ മനസ്സിൽ ധ്യാനിക്കുവാൻ കഴിയൂ. ഉപാധികളിലൂടെയല്ലാതെ ഈശ്വരനെ അറിഞ്ഞുവെന്നു ചിലർ വീമ്പിളക്കുന്നതു വെറും ഭോഷ്ക്കാണു്. അത്രവളരെ ആത്മാത്ഥതയേറിയ ഭാവനയുള്ളവക്കു്, ഈശ്വരൻെറ വിഭൂതികളിൽ അല്പാല്പം ബോധമുണ്ടായെന്നു വരാം. എന്നാൽ ഈശ്വരമയമായ ബുദ്ധി, പൂവ്വജന്മസുകൃതത്തിൻെറ ഫലമായ ഒരു വാസനപോലെ ലഭിച്ചിട്ടില്ലാത്തവക്കു് ഉപാധികളെ ആശ്രയിക്കാതെ ഈശ്വരാവബോധമുണ്ടാകുക എളുപ്പമല്ല. അങ്ങനെയുള്ളവർ മനസ്സാവാചാകമ്മണാ തപശ്ചര്യകൾ അനുഷ്ഠിക്കുകതന്നെ വേണം. ഗീതയിൽ പതിമൂന്നാം അദ്ധ്യായത്തിൽ ഭഗവാൻ ഈ മൂന്നുവിധതപസ്സുകളെക്കുറിച്ചും പറയുന്നുണ്ടു്. അഹിംസ, ബ്രഹ്മചര്യം, ആജ്ജവം പ്രാജ്ഞന്മാരെയും ഗുരുക്കന്മാരെയും പൂജിക്കുക എന്നിവയെ ശാരീരികമായ തപശ്ചര്യയായും, സത്യസന്ധവും പരദ്രോഹരഹിതവും, പ്രിയവുമായ വാക്കുകൾ പറയുക വാങ്മയമായ തപസ്സായും, മനഃപ്രസാദം, സൗമ്യത, മനോനിയന്ത്രണം, സ്വഭാവശുദ്ധി എന്നിവയെ മനസ്സുകൊണ്ടുള്ള തപസ്സായും അവിടെ വ്യവഹരിച്ചിരിക്കുന്നു.[4]

1. ഭഗവൽഗീത XVIII; 62
2. നളചരിതം ആട്ടക്കഥ മൂന്നാംദിവസം.

3. ''യല്ലബ്ധ്വാ പുമാൻ സിദ്ധോ ഭവതി,
അമൃതോ ഭവതി തൃപ്തോ ഭവതി
യത് പ്രാപ്യ ന കിഞ്ചിത് വാഞ്ഛതി ന
ശോചതി, ന ദ്വേഷ്ടി ന രമതേ.''
—നാരദഭക്തിസൂത്രം 4, 5

4. ഭ. ഗീ. XVII, 14, 15, 16.
''ദേവദ്വിജ ഗുരുപ്രാജ്ഞ-
പൂജനം ശൗചമാജ്ജവം
ബ്രഹ്മചര്യമഹിംസാ ച
ശാരീരം തപ ഉച്യതേ

ഭക്തിയിൽ വ്യക്തമായ രണ്ടു ഘട്ടങ്ങൾ ഉള്ളതായി പ്രാമാണികഗ്രന്ഥങ്ങളിൽ പറയുന്നു. ഈശ്വരസാക്ഷാൽക്കാരത്തിനു വെമ്പുന്ന പ്രേമാത്മകമായ ഈ ഹൃദയവികാരത്തിനു പ്രാരംഭദശയിൽ ചില ഉപാധികളിലൂടെ മാത്രമേ വളച്ച്പ്രാപിക്കാൻ സാദ്ധ്യമാകയുള്ളു. അങ്ങനെയുള്ള ഘട്ടത്തിലെ ഭക്തിയെ 'ഗൗണി' എന്നു വിളിക്കുന്നു. ഭക്തമനസ്സിൻെറ ഗുണങ്ങളേയും ഭാവങ്ങളേയും ആശ്രയിച്ചിരിക്കുന്നതിനാലാണ് ആ ഘട്ടത്തിലെ ഭക്തിക്കു ഗൗണി എന്ന സംജ്ഞ വന്നതു്. ക്രമേണ സാധനകൾകൊണ്ടു ഭക്തിയുടെ പാരമ്യത്തിൽ എത്തുമ്പോഴത്തെ ഭക്തിയെ 'പര' എന്നു വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു.[1] ഗൗണഭക്തിയുടെ ഘട്ടത്തിലെ ഭക്തന്മാരെ ഗീതയിൽ പല വിഭാഗങ്ങളിലായി ഉൾപ്പെടുത്തിയിരിക്കുന്നു. ഭക്തിയെ പ്രചോദിപ്പിക്കുന്ന വിവിധഭാവങ്ങളെ ആസ്പദമാക്കിയാണ് ഇപ്രകാരം ചെയ്തിട്ടുള്ളതു്.

''ചതുർവിധാ ഭജന്തേ മാം
ജനാഃസുകൃതിനോഽർജ്ജുന!
ആർത്തോ ജിജ്ഞാസുരർത്ഥാർത്ഥീ
ജ്ഞാനീ ച ഭരതർഷഭ!''[2]

എന്നിങ്ങനെ ഗീതയിൽ അവരെ നാലായി തരംതിരിച്ചിരിക്കുന്നു.

ദുഃഖാർത്തനായി മററവലംബമില്ലാതെ വരുമ്പോൾ ഈശ്വരനെ ശരണീകരിക്കുന്നവനാണ് ആർത്തഭക്തൻ. ആവശ്യമുള്ളതൊക്കെ പ്രദാനംചെയ്യണമെന്നു പ്രാർത്ഥിക്കുന്നവൻ അർത്ഥാർത്ഥി. ജ്ഞാനാന്വേഷണത്തിലൂടെ ഈശ്വരഭക്തിയിൽ ചെന്നെത്തുവാൻ ശ്രമിക്കുന്നവൻ ജിജ്ഞാസു. സത്യത്തെ കണ്ടെത്തിയെന്നു കരുതാവുന്ന ആത്മജ്ഞാനിയായ ഭക്തനാണ് ജ്ഞാനി. ഇവയിൽ ഏററവും താഴ്ന്നപടിയിലുള്ള ഭക്തിപോലും സുകൃതപരിപാകംകൊണ്ടല്ലാതെ ലഭ്യമല്ലെന്നു് 'സുകൃതിന'എന്നു ഭക്തന്മാരെ പൊതുവേ വിശേഷിപ്പിച്ചിട്ടുള്ളതിൽനിന്നു ഗ്രഹിക്കാവുന്നതാണ്. സൽപ്രവൃത്തികൾക്കുതന്നെയാണ് ഇവിടേയും സ്ഥാനം. ദുഷ്കർമ്മം ഒരുത്തനെ ഭക്തിക്കു് അതിവിദൂരനാക്കുന്നു. ഇവിടെ എല്ലാംകൊണ്ടും ജ്ഞാനിയുടെ ഭക്തിക്കാണു വൈശിഷ്ട്യം കല്പിച്ചിട്ടുള്ളതു്. പരഭക്തിയിലേക്കു പ്രവേശിക്കുന്ന ഘട്ടത്തിലെ ഭക്തിയാണതു്.

''തേഷാം ജ്ഞാനീ നിത്യയുക്ത
ഏകഭക്തിർ വിശിഷ്യതെ''[3]

എന്ന ഗീതാവാക്യം അതിനെയാണു കുറിക്കുന്നതു്. സമഭാവമുദിച്ചവനും അനന്യഭക്തനുമായ ജ്ഞാനിയാണു ശ്രേഷ്ഠൻ എന്നർത്ഥം. ജ്ഞാനിയായ ഭക്തനെയാണു ഭഗവാനു കൂടുതൽ പ്രിയമെന്നും ഗീതകൊണ്ടു കാണുന്നു. ''ജ്ഞാനീത്വാത്മൈവമേവ തഃ''[4] (ജ്ഞാനി എനിക്കു് ആത്മാവുതന്നെയാണ്) എന്നു മേല്പറഞ്ഞതിനെ തുടന്നു പറഞ്ഞിട്ടുള്ളതിൽനിന്നു സ്പഷ്ടമാണല്ലോ.

ഭക്തിയുടെ പ്രാരംഭദശയിൽ അതിനു സഹായകമായ ചില ഉപാധികളെ ആശ്രയിക്കാതെ നിർവ്വാഹമില്ല. സഗുണാരാധന ആ ഘട്ടത്തിൽ അത്യന്താപേക്ഷിതമായിരിക്കുന്നു. ഈശ്വരൻെറ രൂപസങ്കല്പമാണു സഗുണാരാധനയുടെ പ്രധാനലക്ഷണം. ഈശ്വരരൂപസങ്കല്പം ചെയ്യുക സാദ്ധ്യമോ? സാദ്ധ്യമല്ലെന്നുള്ളതു തീച്ചയാണ്. എങ്കിലും ചില രൂപങ്ങൾ കല്പിക്കാതെ മനുഷ്യന് ഈശ്വരനോടടുക്കുക സാദ്ധ്യമല്ല. രൂപസങ്കല്പം പലവിധത്തിലുണ്ടു്; എല്ലാ മതങ്ങളിലുമുണ്ടു്. ക്രിസ്തുമതത്തിലും ബുദ്ധമതത്തിലും പ്രതിമാരാധന ഇല്ലെന്നാണ് അവകാശപ്പെടുന്നതെങ്കിലും നേരെമറിച്ചാണു കാണപ്പെടുന്നതു്. റോമൻകത്തോലിക്കാപള്ളികളിൽ പ്രതിമാരാധന സർവ്വസാധാരണമാണല്ലോ. പ്രോട്ടസ്റ്റൻറുകാർ പള്ളികളിൽ ക്രിസ്തുവിൻേറയും പുണ്യവാളന്മാരുടേയും പ്രതിമകൾ വയ്ക്കാറില്ലെങ്കിലും അവരുടെ മനസ്സിൻെറ ഭിത്തികളിലെ ആ തെളിഞ്ഞ ചിത്രങ്ങൾ ആക്കു മാച്ചുകളവാൻ കഴിയും? ബുദ്ധമതക്കാർ ഒരുകാലത്തു് ഇൻഡ്യയിൽ ആരാധിച്ചിരുന്ന ബുദ്ധപ്രതിമ

അനുദ്വേഗകരം വാക്യം
സത്യം പ്രിയഹിതം ച യത്
സ്വാദ്ധ്യായാഭ്യസനം ചൈവ
വാങ്മയം തപ ഉച്യതേ

മനഃപ്രസാദഃസൗമ്യത്വം
മൗനമാത്മവിനിഗ്രഹഃ
ഭാവസംശുദ്ധിരിത്യേത–
ത്തപോ മാനസമുച്യതേ''

1 Bhakthiyoga—Vivekananda, P. 23
2 ഭ. ഗീ. VII; 16.
3 ഭ. ഗീ. VII; 17
4 ഭ. ഗീ. VII; 18

കളെപ്പററി ഓക്കാതെ ബുദ്ധമതത്തെക്കുറിച്ചു സങ്കല്പിക്കാൻപോലും സാദ്ധ്യമല്ല. മുസ്ലീങ്ങാംക്കു പ്രതിമകാം ഒന്നുമില്ലെങ്കിലും ഉപാധികാം കുറവല്ല. സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുള്ളതുപോലെ ''മഹമ്മദീയർ അവരുടെ പുണ്യവാന്മാരുടേയും സെയ്ന്റാക്കന്യാരുടേയും 'കബറ്'കളെ മിക്കവാറും പ്രതിമാസ്ഥാനത്തു വെച്ചിരിക്കുന്നു.''[1] എന്നതു മറക്കാൻ സാദ്ധ്യമല്ല. ഈദ് ചന്ദ്രനെ വന്ദിക്കുന്നതും കാബായിലേക്കു നോക്കിനിന്നു പ്രാത്ഥിക്കുന്നതും ഒക്കെ ഓരോ പ്രതീകങ്ങളല്ലെ? മുഹമ്മദുനബിയുടെ ചിത്രം ലഭ്യമല്ലെങ്കിലും നബിയെപ്പററി സ്മരിക്കുമ്പോാം ഏതൊരു മുസൽമാൻെറ ഹൃദയത്തിലാണ് പാവനമായ ഒരു സങ്കല്പിത മുസൽമാൻചിത്രം തെളിയാത്തതു്?

മനുഷ്യനു് ഈശ്വരനെ വെറും അരൂപിയായി സങ്കല്പിക്കാൻ സാദ്ധ്യമല്ല. എന്തെങ്കിലും പ്രതിമകളിലും പ്രതിരൂപങ്ങളിലുംകൂടി മാത്രമേ മനുഷ്യമനസ്സിനു വ്യാപരിക്കാൻ കഴിയൂ. അല്ലാത്തരൂപത്തിൽ ഈശ്വരനെ ആക്കെങ്കിലും സങ്കല്പിക്കാമെങ്കിൽ അതു പരമഹംസന്മാക്ക മാത്രമേ സാധിക്കൂ. വിവേകാനന്ദൻെറ വാക്കുകളിൽ ത്തന്നെ വീണ്ടുംപറയുവാനാണെങ്കിൽ, ''മാനവദൗബ്ബല്യങ്ങാംക്കെല്ലാം ഉപരി ഉയന്നു സ്വന്തം മാനവഭാവത്തിൻെറ സീമകളേയും അതിലംഘിച്ച'' പരമഹംസന്മാക്കു മാത്രമേ പ്രതിമാദ്യുപാധികളിലൂടെയല്ലാതെ അചിന്ത്യനും അപ്രമേയനുമായ ഈശ്വരനെ മനസ്സിൽ ധ്യാനിക്കാൻ കഴിയൂ. അങ്ങനെയുള്ളവർ ഈശ്വരനെ അനുഭവിച്ചറിയുകയാണു്. അല്ലാത്ത മനുഷ്യർ അവർ എത്ര തന്നെ പണ്ഡിതന്മാരാകട്ടെ, തത്വജ്ഞാനികളാകട്ടെ, ശാസ്ത്രജ്ഞന്മാരാകട്ടെ ഈശ്വരനെ സങ്കല്പിക്കുന്നപക്ഷം അതു മാനുഷിക പ്രതീകങ്ങളിലൂടെയും പ്രതിമകളിലൂടെയും ആയിരിക്കും; തീച്ച. ദൈവം മനുഷ്യനെ സ്വന്തം രൂപത്തിലാണു സൃഷ്ടിച്ചതെന്നു പറയുന്ന ബൈബിറം അനുസരിച്ചു് ഈശ്വരനെ മനുഷ്യരൂപത്തിലാണു സങ്കല്പിച്ചിട്ടുള്ളതെന്നു പറയേണ്ടതില്ലല്ലോ.

പ്രതിമകളിലൂടെയും ചിത്രങ്ങളിലൂടെയും ആരെയെങ്കിലും സങ്കല്പിക്കുന്നവർ ആ ഉപാധികാംതന്നെയാണു് ഉദ്ദിഷ്ടവ്യക്തികാം എന്നു വിചാരിക്കാറില്ലല്ലോ. ആ വ്യക്തികളുടെ പ്രതീതിയുണ്ടാക്കുന്ന പ്രതീകങ്ങാം എന്നതിൽക്കവിഞ്ഞു് ആ പ്രതിമകാം മറെറാന്നുമല്ല. വിഗ്രഹം എന്നതിൻെറ ധാത്വത്ഥം വിശേഷേണ ഗ്രഹിക്കുക എന്നാണു്. അതിലേക്കുള്ള ഉപകരണമാണു വിഗ്രഹം. എങ്കിലും പുണ്യവാന്മാരുടേയും, ബന്ധമുള്ളവരുടേയും ചിത്രങ്ങാംക്കു പരിശുദ്ധിബോധത്തിൻേറയും മാനുഷികബന്ധങ്ങളുടേയും അതിപ്രസരംകൊണ്ടുള്ള പ്രത്യേക പാവനതയും പരിവേഷവും സ്വാഭാവികമായി വന്നുപോകാറുണ്ടു്. അതിൽ കവിഞ്ഞുള്ള അസാധാരണത്വമൊന്നും വിഗ്രഹങ്ങളുടെ കാര്യത്തിലുമില്ല, ഉണ്ടെങ്കിൽ അതു് ഇത്രമാത്രമാണു്. ഈശ്വരാവബോധവും മന്ത്രസിദ്ധിയും ധ്യാനശക്തിയുമുള്ള കമ്മികാം ഏകാഗ്രമനസ്സോടെ ഭക്തിപൂവ്വം ജപിച്ച ദിവ്യശക്തി ആവാഹിച്ചിട്ടുള്ള ഉപാധികളാണു് അവയെന്നു സങ്കല്പിക്കാം. അങ്ങനെയല്ലാതെ വിഗ്രഹങ്ങളെ കേവലം കൽപ്രതിമകളായിട്ടല്ല ഹിന്ദുക്കാം കരുതുന്നതു്. മാത്രമല്ല നാംക്കനോാം നിരവധി ഭക്തജനസമൂഹങ്ങളുടെ ഏകാഗ്രതയോടുകൂടിയ പ്രാത്ഥനാശക്തിയും, മന്ത്രസിദ്ധിയുള്ള പൂജാരിയുടെ നിയമേനയുള്ള സാന്നിദ്ധ്യാവാഹനക്രിയകളുംകൊണ്ടും ഈശ്വരസാന്നിദ്ധ്യം ആ വിഗ്രഹത്തിൽ ലീനമായിരിക്കുന്നുവെന്നു് വിചാരിക്കാവുന്നതാണു്. കേവലം പ്രതിമകളേയും ചിത്രങ്ങളേയും പൂജിക്കുന്നതിൽനിന്നു് എത്രയോ മഹത്തരമായ ഒരു സങ്കല്പമാണു് ഇതിലുള്ളതു്. ഈശ്വരാവബോധത്തിനു സങ്കല്പവും, ശക്തിപ്രസരണത്തിനു സമ്യക്പ്രയുക്തമായ ശബ്ദവും[2] അമോഘോപാധികളാണെങ്കിൽ, സുസങ്കല്പിതങ്ങളും സുപ്രതിഷ്ഠിതങ്ങളും, സുപൂജിതങ്ങളുമായ വിഗ്രഹങ്ങളേക്കാാം മനുഷ്യസങ്കല്പത്തിൻെറ തത്വശാസ്ത്രം ഇത്ര വ്യക്തമായി ധരിച്ചുകൊണ്ടുള്ള ഒരു ആരാധനോപാധി വേറെയില്ല. മററു മതസ്ഥരും വാസ്തവത്തിൽ വിഗ്രഹാരാധകരാണെങ്കിലും അവരിൽ ആരുംതന്നെ അതിൽ ഇത്രത്തോളം മനശ്ശാസ്ത്രബോധത്തോടും തുറന്നമനസ്സോടുംകൂടി ഒരു ആരാധനാക്രമം വളത്തിയെടുത്തിട്ടില്ല.

1 വിവേകാനന്ദസാഹിത്യസവ്വസ്വം ഒന്നാം ഭാഗം, പേ. 159.

2 ഏകോശബ്ദ സമ്യക്പ്രയുക്ത

വിഗ്രഹാരാധന എത്രതന്നെ യുക്തിയുക്തമായ ആരാധനാക്രമമാണെങ്കിലും ഒരു സാധകനെ സംബന്ധിച്ചിടത്തോളം അതൊരു താല്ക്കാലികോപാധി മാത്രമേ ആകുന്നുള്ളു. ഗൗണഭക്തിയിലൂടെ ബഹുദൂരം പോയി പരഭക്തിയിൽ ചെന്നെത്തുകയാണ് ഈശ്വരസാക്ഷാല്ക്കാരത്തിൽ പുരോഗതിയുടെ മാർഗ്ഗം. അതിനിടയ്ക്ക് ആശ്രയിക്കാവുന്ന പല ഉപാധികളിൽ ഒന്നാണ വിഗ്രഹാരാധന എന്നു പറഞ്ഞുകഴിഞ്ഞു. ഒരു സാധകന് അത്തരം ആരാധന അങ്ങോളം തുടരേണ്ട ആവശ്യമില്ല. ഗണിതശാസ്ത്രത്തിലെ ക്രിയകൾക്ക സങ്കല്പിക്കാറുള്ള ചിഹ്നങ്ങളുടെ സ്ഥാനമേ ആരുരുക്ഷുവായ, ഒരു സാധകനെ സംബന്ധിച്ചിടത്തോളം വിഗ്രഹങ്ങൾക്കുള്ളു. ഗണിതക്രിയ കഴിഞ്ഞു ചിഹ്നങ്ങൾ വിട്ടുകളയാവുന്നതുപോലെ പരഭക്തിയിൽ എത്തിക്കഴിഞ്ഞാൽ പിന്നെ രൂപസങ്കല്പങ്ങളും വിഗ്രഹങ്ങളും വേണ്ടെന്നുവയ്ക്കാവുന്നതേയുള്ളു. പക്ഷേ, അതിനുതക്കവണ്ണമുള്ള പരഭക്തപദവി അതിനകം ഒരുവന് കിട്ടിക്കഴിഞ്ഞിരിക്കണം. സർവ്വഭൂതങ്ങളിലും കുടികൊള്ളുന്ന പരമാത്മാവിനെ തൻെറ ഉള്ളിൽ സ്വയം കാണാൻ സാധിക്കുന്ന ഘട്ടംവരെ മാത്രമേ വിഗ്രഹാദികളെ പൂജിക്കേണ്ടതുള്ളവെന്നു മഹാഭാരതത്തിൽ പറഞ്ഞിട്ടുണ്ട്.[1] വിഗ്രഹങ്ങളിൽ വിശ്വാസമില്ലെന്ന് അഭിമാനിക്കുന്നവരുമായി ഇവക്ക് ഏതാണ്ടൊരു സാധർമ്മ്യം തോന്നിയേക്കാമെങ്കിലും ഇരുകൂട്ടരും തമ്മിൽ അപാരമായ അന്തരമുണ്ട്. വിഗ്രഹത്തിൽ വിശ്വാസമില്ല. അവർ അന്ധതയും അപക്വതയുംമൂലം വിശ്വസിക്കാതെയിരിക്കുന്നു. സാധനകൾകൊണ്ട് പല പടികൾ കടന്നു പരപദവിയിൽ എത്തിക്കഴിഞ്ഞ് വിഗ്രഹം വേണ്ടെന്നുവയ്ക്കുന്നവരാകട്ടെ, അഗാധമായ ഒരു ദാർശനികസിദ്ധാന്തത്തിൻേറയും സ്വന്തമായ അനുഭവത്തിൻേറയും അടിസ്ഥാനത്തിൽ വിശ്വസിക്കാതിരിക്കുന്നു. ഇതാണ് അവർ തമ്മിലുള്ള വ്യത്യാസത്തിൻെറ സ്വഭാവം.

ഈശ്വരവിശ്വാസത്തിലും ആരാധനയിലും ഹിന്ദുക്കളെക്കാൾ വിശാലമായ പരിധിയിൽ ചിന്തിച്ച മററൊരുവർഗ്ഗം ഉണ്ടെന്ന തോന്നുന്നില്ല. അവരവരുടെ മതപ്രകാരമുള്ള ആരാധനാമൂർത്തികൾ മാത്രമേ സത്യമാകൂ എന്നുള്ള ഇതരമതസ്ഥരുടെ ശാഠ്യത്തിൻെറ മുന്നിൽ ഗീത എത്ര ഉദാരമായ ഒരു നിലപാടാണ കൈക്കൊണ്ടിട്ടുള്ളത്! ഓരോരുത്തൻെറ വിശ്വാസമനുസരിച്ച് ഏതൊരു ദേവതയേയും ഭജിക്കാനുള്ള പൂർണ്ണമായ സ്വാതന്ത്ര്യം അവനവനുണ്ട്. അങ്ങനെ ഭക്തിപൂർവ്വമുള്ള ഏതാരാധനയും ഹിന്ദുധർമ്മത്തിൽ അനുവദിച്ചിരിക്കുന്നു.

''യേഽപ്യന്യദേവതാ ഭക്താ
യജന്തേ ശ്രദ്ധയാന്വിതാഃ
തേഽപി മാമേവ കൗന്തേയ,
യജന്ത്യവിധിപൂർവ്വകം.''[2]

ഭഗവാൻ അർജ്ജുനനോടു പറഞ്ഞു: ''അന്യദേവന്മാരെയായാലും ശ്രദ്ധയോടെ ഭജിക്കുന്നവർ, വിധിപൂർവ്വമല്ലെങ്കിൽത്തന്നെയും, എന്നെത്തന്നെയാണ ഭജിക്കുന്നത്'' എന്ന്.

ആരാധനയിൽ ഈ വിശാലമായ വീക്ഷണ്കോടി അനുവദിക്കാൻ എല്ലാ മതങ്ങൾക്കും സാദ്ധ്യമല്ല. കാരണം, മിക്ക മതങ്ങളും ഓരോ പ്രവാചകന്മാർ കാലേകൂട്ടി നിർദ്ദേശിച്ച ചട്ടക്കൂട്ടുകൾക്ക വിധേയമായി സ്ഥാപിക്കപ്പെട്ടവയാണ്. അവയ്ക്ക് ആ ചട്ടക്കൂട്ടിൽ ഒതുങ്ങിക്കഴിയുവാനല്ലാതെ സ്വതന്ത്രമായി വളരാൻ അനുവാദമില്ല. ആരെ എങ്ങനെ ആരാധിക്കണമെന്നു കാലേക്കൂട്ടി പ്രവാചകർ നിർദ്ദേശിച്ചിട്ടുണ്ട്. അതിനു വിപരീതമായി സ്വന്തം വിവേചനം ഉപയോഗിക്കുന്നവർ അവിശ്വാസികളായി തള്ളപ്പെട്ടുപോകും. ഹിന്ദുമതത്തിൽ ഈ കുഴപ്പമില്ല. മനുഷ്യൻെറ വാസനാസിദ്ധികളും പ്രതിഭാപ്രഭാവവും വിശ്വാസഗതിയും അനുസരിച്ച് യഥേഷ്ടം ചിന്തിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ഹിന്ദുമതസ്ഥനായ ഓരോ വ്യക്തിക്കുമുണ്ട്. വിമർശിക്കുന്നതിനുപോലും വിരോധമില്ല. ഗീത മുഴുവൻ ഉപദേശിച്ചിട്ട്, ''വിമൃശ്യൈതദശേഷേണ യഥേച്ഛസി തഥാ കുരു''[3] (''മുഴുവൻ സ്വയംവിമർശിച്ച്

1. അപ്പാദാവപ്പ്യയേത് താവ–
ദീശ്വരം മാം സ്വകർമ്മകൃത്
യാവന്ന വേദസ്വ ഹൃദി
സർവ്വഭൂതേഷ്വവസ്ഥിതം.—ഭാ.3,25,29.

2 ഭ. ഗീ. IX; 23.

3 ഭ. ഗീ. XVIII; 63.

എപ്രകാരം നീ ഇച്ഛിക്കുന്നുവോ അപ്രകാരം ചെയ്തുകൊള്ളുക.'') എന്നാണ് ഭഗവാൻ അർജ്ജുനനെ ഉദ്ബോധിപ്പിച്ചത്. ഇത്ര ഉദാരമായ ചിന്താസ്വാതന്ത്ര്യം മറെറാരു മതത്തിലും അനുവദിച്ചിട്ടുള്ളതിൻെറ ദൃഷ്ടാന്തം എങ്ങുമുണ്ടെന്നു തോന്നുന്നില്ല.

# 3. അയ്യപ്പൻെറ അവതാരം

വിഗ്രഹാരാധനയോടു ഗാഢമായി ബന്ധപ്പെട്ടതാണ് ഹിന്ദുമതത്തിൽ ഈശ്വരൻെറ അഥവാ ബ്രഹ്മത്തിൻെറ സകളമായ സ്വരൂപഭാവന. നിഷ്കളവും നിത്യപൂർണ്ണവും അനന്തവിശാലവുമായ ഒരു ഗംഭീര സമുദ്രമാണു ബ്രഹ്മമെങ്കിൽ അതിലെ തരംഗങ്ങളും നുരകളും പതകളും ഉൾപ്പെടെ ചലനാത്മകമായ ഉപരിതലമാണ് പ്രപഞ്ചം എന്നു പറയാം. വാസ്തവത്തിൽ അലകളും നുരകളും ഒക്കെത്തന്നെ സമുദ്രം അഥവാ ജലം മാത്രമാണ്. എന്നാൽ ഒററനോട്ടത്തിൽ സമുദ്രത്തിൻെറ ഉപരിതലത്തിലെ അലയടികളും, അവയുടെ ആരവങ്ങളും ഒക്കെക്കൂടി ജലത്തിൻെറ മൗലികതയെ മനസ്സിൽനിന്നു മാച്ചുകളയുന്നു. എന്നാൽ ആ വിഭ്രാന്തിയിൽനിന്നു മനസ്സിനെ പ്രത്യാനയിച്ചു കൂടുതൽ ഗാഢമായി ചിന്തിക്കുമ്പോൾ പുറമേയുള്ള കോലാഹലങ്ങൾക്കെല്ലാം കാരണമായ ജലപ്പരപ്പിൻെറ ബോധം മനസ്സിൽത്തെളിയുന്നു. ഏതാണ്ടിതുപോലെയാണു ബ്രഹ്മത്തിൻെറ കാര്യവും. യഥാർത്ഥത്തിൽ ബ്രഹ്മം എന്ന അടിസ്ഥാനവസ്തു മാത്രമേ സത്യമായിട്ടുള്ളു. സ്വതേ നിഷ്കളമായ ആ ബ്രഹ്മത്തിൻെറ സകളമായ ആവിഷ്കാരം മാത്രമാണ് പ്രപഞ്ചം. പ്രപഞ്ചം ഉണ്ടെങ്കിലും ആ ഉണ്മ ഒരു തോന്നൽ അഥവാ മായ മാത്രമേ ആകുന്നുള്ളു. പ്രപഞ്ചബുദ്ധി മായുന്നതിനനുസരിച്ച് ബ്രഹ്മബോധം മനസ്സിൽ തെളിയും. എങ്കിലും പ്രപഞ്ചം ആക്കും അനുഭവഗോചരമാകയാൽ അതു് ഇല്ലെന്നു ഭാവിക്കണമെന്നില്ല. തരംഗം ജലത്തിൻെറ രൂപാന്തരമോ ഭാവാന്തരമോ ആകയാൽ അതും വെള്ളംതന്നെയെന്നുള്ളതു് ഒരു കേവലവസ്തുതയുമാണ്. അതിനെ നിഷേധിക്കേണ്ട ആവശ്യമില്ല. എന്നാൽ ഈ നാമരൂപാദികളുടെ ആകർഷണങ്ങളിൽക്കുടുങ്ങി യഥാർത്ഥവസ്തുവെ, സത്യത്തെ, വിസ്മരിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നതു ശരിയല്ല. ഓരോന്നിനും അതതർഹിക്കുന്ന സ്ഥാനമേ നല്കാവൂ എന്നതാണു കാര്യം. സത്യജ്ഞാനാനന്ദമായ ബ്രഹ്മമാണ് പരമമായ സത്ത. അതിൻെറ ബഹുധായുള്ള സ്ഫുരണം പ്രപഞ്ചവും. രണ്ടാമത്തേതിനെമാത്രമവലംബമാക്കിയുള്ള വീക്ഷണം അപൂർണ്ണമായേ ഇരിക്കൂ. അതിൽ മുഴുകി ബ്രഹ്മത്തെ വിഗണിക്കുന്നതു് ജീവിതത്തിൻെറ—വ്യക്തിയുടെ ആയാലും സമൂഹത്തിൻെറയായാലും—തകർച്ചയ്ക്കു വഴിതെളിക്കും. ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നതു് ഏറക്കുറെ അതാണുതാനും.

നിഷ്കളവും സകളവുമായ ഈശ്വരസങ്കല്പങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വേദാന്തത്തിൽ ഈശ്വരസാക്ഷാല്ക്കാരത്തിൻെറ മാർഗ്ഗം നിർദ്ദേശിച്ചിട്ടുള്ളതു്. നിശ്ചിതമായ ആകാരമൊന്നുമില്ലാത്ത ഈശ്വരനെ അവിടുത്തെ വിഭൂതികളിൽക്കൂടെയാണ് മനസ്സിലാക്കാവുന്നതെന്നു ഗീതയിൽ പറഞ്ഞിരിക്കുന്നു. എന്താണ് ഈ വിഭൂതികൾ? ഗീത പത്താം അദ്ധ്യായത്തിൽ അർജ്ജുനൻ ഭഗവാനോട്, ആർക്കും അറിയുവാൻ ശക്യമല്ലാത്ത ഭഗവൽസ്വരൂപം ഏതു വിധത്തിൽ ഗ്രഹിക്കുവാൻ കഴിയുമെന്നു ചോദിച്ചപ്പോൾ തൻെറ വിഭൂതികളിലൂടെയെന്നാണ് അവിടുന്ന് അരുളിച്ചെയ്തതു്. ഭഗവാൻ ഇപ്രകാരം തുടർന്നു: ''എൻെറ വിഭൂതികൾ അവസാനമില്ലാത്തവയാണ്. അവയിൽ പ്രധാനമായ ചിലതു് നിനക്ക് ഞാൻ പറഞ്ഞുതരാം. ഞാൻ സർവ്വ പ്രാണികളുടേയും ഹൃദയത്തിൽ വസിക്കുന്നവനാണ്. അവയുടെ ആദിയും മദ്ധ്യവും അന്ത്യവും ഞാനാകുന്നു. ആദിത്യന്മാരിൽ വിഷ്ണുവും, ഉജ്ജ്വലവസ്തുക്കളിൽ പ്രകാശമാനനായ സൂര്യനും, മരു

42796

ത്തുകളിൽ മരീചിയും, നക്ഷത്രങ്ങളിൽ ചന്ദ്രനും ഞാനാകുന്നു.''[1] ഇങ്ങനെ ലോകത്തിൽ കാണായതോരോന്നും തന്റെ വിഭൂതികൾ അഥവാ മഹത്വാംശങ്ങളായിട്ടാണ് ഭഗവാൻ അർജ്ജുനനു് പറഞ്ഞുകൊടുക്കുന്നതു്. അക്കൂട്ടത്തിൽ നന്മതിന്മകളും അവയുടെ സങ്കലിതശക്തികൾ സകലതും ഉൾപ്പെടുന്നു. എല്ലാം വിസ്തരിച്ചുപറഞ്ഞിട്ടു് ഒടുവിൽ ഇങ്ങനെപോയാൽ ആ വിഭൂതികൾക്കു് അറുതിയില്ലെന്നും ഏതാനും ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചുവെന്നുമാത്രമേയുള്ളു എന്നുമാണു് അവിടുന്നു് ആ ഭാഗം ഉപസംഹരിക്കുന്നതു്.

> നാന്തോസ്തി മമ ദിവ്യാനാം
> വിഭൂതീനാം പരന്തപ
> ഏഷതൂദ്ദേശതഃ പ്രോക്തോ
> വിഭൂതേർവിസ്തരോ മയാ''[2]

പത്താം അദ്ധ്യായത്തിൽ പറഞ്ഞുവച്ചതിന്റെ ചാക്ഷുഷമായ ഒരു ആവിഷ്കാരമാണു് പതിനൊന്നാം അദ്ധ്യായത്തിലെ വിശ്വരൂപപ്രദർശനം. അഖണ്ഡവിസ്താരമായ അത്ഭുതപ്രപഞ്ചത്തിന്റെ പ്രശാന്തമോഹനമായ അംശങ്ങളോടൊപ്പം പ്രചണ്ഡങ്ങളും കരാളഭീകരങ്ങളുമായ പ്രതിഭാസങ്ങളും അർജ്ജുനനു കാണാൻ കഴിഞ്ഞു. ഈശ്വരന്റെ വിഭൂതികളുടെ എന്നപോലെ വിശ്വപ്രവർത്തനത്തിന്റെ ഒരു യഥാർത്ഥ ചിത്രമാണു് വിശ്വരൂപത്തിലൂടെ കാണിച്ചുകൊടുത്തതു്.

വിശ്വരൂപം ദർശിച്ച അർജ്ജുനൻ ആകപ്പാടെ ഭയചകിതനായി അത്ഭുതസ്തിമിതനായി ഇതികർത്തവ്യതാമൂഢനായി നിന്നുപോകുകയാണുണ്ടായതു്. അമ്പരപ്പിക്കുന്ന വിശ്വരൂപത്തെക്കാൾ ഭഗവാന്റെ സൗമ്യസുന്ദരമായ മനുഷ്യരൂപമാണു് തനിക്കു ഹൃദ്യമെന്നും അതിനാൽ വിശ്വരൂപം മാററി 'കിരീടിയും, ഗദിയും ചക്രഹസ്ത'നുമായ വിഷ്ണുവിന്റെ രൂപംതന്നെ തനിക്കു കാട്ടിത്തരണേ എന്നും അർജ്ജുനൻ പ്രാർത്ഥിക്കുന്നു. അവിടേയും ഈശ്വരോപാസനയുടെ ഒരു പ്രധാനതത്വമാണു് ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതു്. മനസ്സിനു ധരിക്കുവാൻ പ്രയാസമായ വിരാഡ്സ്വരൂപവും, മനുഷ്യഭാവം തുളുമ്പുന്ന വിഷ്ണുരൂപവും തമ്മിൽ ഒരു സാധകനു് രണ്ടാമത്തേതാണു് സർവ്വഥാ ആശ്രയിതവ്യമായിരിക്കുന്നതു്. ഈശ്വരനെ മനുഷ്യരൂപത്തിൽ ധ്യാനിക്കുന്നതിന്റെ അർത്ഥവും അത്രയേയുള്ളു. മനുഷ്യരൂപത്തിലുള്ള സങ്കല്പങ്ങളും മുകളിൽപ്പറഞ്ഞ ഈശ്വരന്റെ വിഭൂതികളിൽ ഉൾപ്പെടുന്നുവെന്നു പറയേണ്ടതില്ലല്ലോ.

ശബരിമല ശാസ്താവിന്റെ ആരാധ്യരൂപത്തെക്കുറിച്ചുള്ള പ്രതിപാദനത്തിൽ മുകളിൽപ്പറഞ്ഞ ചില പൊതുതത്വങ്ങൾ മനസ്സിൽ ധരിച്ചിരിക്കേണ്ടതായിട്ടുണ്ടു്. താരകബ്രഹ്മരൂപേണ സങ്കല്പിക്കപ്പെട്ട ഭഗവൽസ്വരൂപം ധ്യാനനിഷ്ഠനു് ഗ്രഹിക്കത്തക്ക കലകളും മൂർത്തസ്വഭാവവും തികഞ്ഞതായിരുന്നു. അന്നത്തെ ആരാധനാദേവതയുടെ മൗലികസ്വരൂപമെന്തെന്നു ഖണ്ഡിക്കുക പ്രയാസമാണു്. ''മഹായോഗപീഠോജ്ജ്വലന്തം മഹാന്തം'' എന്നിങ്ങനെ മുമ്പു് ഉദ്ധൃതമായ പദ്യത്തിൽ സങ്കല്പിക്കപ്പെട്ടിരിക്കുന്നതുപോലെ യോഗാരൂഢനായ ഒരു ജ്യോതിസ്വരൂപന്റെ വിഗ്രഹമായിരിക്കാം പരശുരാമൻ പ്രതിഷ്ഠിച്ചതെന്നു വിചാരിക്കാവുന്നതാണു്. നിത്യപൂർണ്ണവും സങ്കല്പാതീതവുമായ നിഷ്കളസത്തയ്ക്കു് സകളമായ ഒരു രൂപവും ഭാവവുമാണു് ആദിശാസ്താവിലൂടെ ലഭ്യമായതു്. പക്ഷേ, ശാസ്താവിന്റെ രൂപഭാവന അത്രയുംകൊണ്ടു് പൂർണ്ണമായില്ല. കാലക്രമേണ വേറെയും ചില ഘടകങ്ങൾ അതിനോടു് യോജിച്ചുവന്നശേഷം മാത്രമേ ശബരിമല ശാസ്താവിന്റെ ആരാധന ഇത്രമാത്രം പ്രഭാവോജ്ജ്വലമായുള്ളു. അയ്യപ്പന്റെ അവതാരമാണു് അതിനു വഴിതെളിച്ചതു്. പരശുരാമപ്രതിഷ്ഠയ്ക്കുശേഷം അനേകശതാബ്ദങ്ങളായപ്പോൾ അതു സംഭവിച്ചു.

അവതാരങ്ങളുടെ മാഹാത്മ്യം ഇവിടെ ചിന്തനീയമാണു്. അതിൽ മൗലികമായ ശുദ്ധസമ്പൂർണ്ണജ്ഞാനം അതിന്റെ സാങ്കല്പികസ്വഭാവത്തിൽനിന്നു മാറി മൂർത്തിമത്ഭാവം കൈക്കൊള്ളുന്നു. ദിവ്യപ്രഭാവം

---

1 അഹമാത്മാ ഗുഡാകേശ!
സർവ്വഭൂതാശയസ്ഥിതഃ
അഹമാദിശ്ച മദ്ധ്യം ച
ഭൂതാനാമന്തമേവ ച

ആദിത്യാനാമഹം വിഷ്ണുഃ
ജ്യോതിഷാം രവിരംശുമാൻ
മരീചിർ മരുതാമസ്മി
നക്ഷത്രാണാമഹം ശശീ''—ഭ. ഗീ. X; 20,21

2 ഭ. ഗീ; X. 40

മനുഷ്യഭാവങ്ങളോട്ട് ഒത്തിണങ്ങി അത്യന്തം ഹൃദ്യമായിത്തീരുന്നു. കൃഷ്ണാവതാരകഥകളിലൂടെ വൈഷ്ണവഭക്തിക്കുണ്ടായ പ്രചോദനവും പ്രചാരവും അവതാരങ്ങളുടെ അഭിഗമ്യതയ്ക്കു പൊതുവേ ഒരു നല്ല ദൃഷ്ടാന്തമാണ്. മഹാഭാരതത്തിലൂടെയും, ഭാഗവതത്തിലൂടെയും ഭാരതീയരുടെ ആരാധനാമൂൎത്തിയായി വിളങ്ങുന്ന ശ്രീകൃഷ്ണനേയും, രാമായണകഥയിലൂടെ ഭാരതീയരുടെ ജീവിതദൎശനത്തേയും ആദൎശസംഹിതയേയും അഗാധമായി സ്പൎശിച്ചിട്ടുള്ള ശ്രീരാമചന്ദ്രനേയുംപോലെ ഒരു ജനതയുടെ ഈശ്വരാവബോധത്തെ പരിപുഷ്ടമാക്കിയിട്ടുള്ള ലോകോത്തരവ്യക്തികളുടെ ഇതര ദൃഷ്ടാന്തങ്ങൾ അധികം ഉണ്ടെന്നു തോന്നുന്നില്ല. ''ശ്രീരാമകൃഷ്ണന്മാർ ഇല്ലാത്ത ഭാരതമോ?'' എന്നു ചോദിക്കത്തക്കവിധം അത്ര അനുപേക്ഷണീയരാണ് അവർ. അവതാരാപദാനങ്ങളിലൂടെ അവർ സമാൎജ്ജിച്ച ദിവ്യമെന്നപോലെ മാനുഷികവുംകൂടിയായ ഭാവസമ്പത്തിന്റെ പരിവേഷംകൊണ്ടാണ് അവർ ഒരു വമ്പിച്ച ജനതയുടെ ആദ്ധ്യാത്മികവും ധാൎമ്മികവുമായ സങ്കല്പങ്ങളെ സഹസ്രാബ്ദങ്ങളായി ഇതുപോലെ സ്വാധീനിച്ചിട്ടുള്ളത്.

ഹിന്ദുക്കളുടെ അവതാരസങ്കല്പങ്ങൾ ശ്രീരാമകൃഷ്ണന്മാരെക്കൊണ്ടുമാത്രം പൂൎണ്ണമാകുന്നില്ല. പുരാണപ്രോക്തമായിട്ടുതന്നെ അവതാരങ്ങൾ പത്താണ്. യുഗങ്ങൾ കഴിയുംതോറും അവതാരങ്ങൾ കൂടുതൽ വേണ്ടിവന്നേക്കുമെന്ന ഒരു നിലപാടാണു ഗീതയിൽ സ്വീകരിച്ചിട്ടുള്ളത്. അവതാരങ്ങൾ ഈശ്വരന്റെ അനന്തമായ വിഭൂതികളിൽ ചിലതാണെന്നു പത്താം അദ്ധ്യായംകൊണ്ടു കാണുന്നു. 'യാതൊന്നൊക്കെ ഐശ്വര്യം നിറഞ്ഞു് ''ഊൎജ്ജിതവസ്തുക്കളായിരിക്കുന്നുവോ, അതതുകൾ ഭഗവാന്റെ തേജസ്സിന്റെ അംശങ്ങൾകൊണ്ടു് ഉണ്ടായവയാണെന്നു ധരിച്ചുകൊള്ളുക.'' എന്നു് അൎജ്ജുനനോടു ഭഗവാൻ അരുളിച്ചെയ്യുന്നു[1]. മനുഷ്യരിൽ ഈ ലക്ഷണങ്ങൾ ഏററവും കൂടുതൽ തികഞ്ഞവരെ അവതാരങ്ങൾ എന്നു പറയാം. സകലരും ഈശ്വരാംശസംഭവർതന്നെ. എന്നാൽ ചിലരിൽ ഈ സാരാംശം താരതമ്യേന വൎദ്ധിതമായ തോതിൽ കാണാം. കൂടുതൽ ധൎമ്മജാഗ്രതയും, മഹിമാതിശയങ്ങളും പ്രദൎശിപ്പിച്ച് ലോകസംഗ്രഹം നിൎവ്വഹിച്ച ലോകോത്തരപ്രഭാവശാലികളെ ഈശ്വരതേജസ്സിന്റെ വലിയ അംശം തികഞ്ഞ അവതാരപുരുഷന്മാരായി ഹിന്ദുധൎമ്മം പരിഗണിക്കുന്നു.

മഹത്വമുള്ള ലോകോത്തരപ്രഭാവന്മാരെ—അവർ ഏതൊരു മതസ്ഥരുമാകട്ടെ—സ്വന്തം മഹിമാശാലികളുടെ ശേഖരത്തിൽ ഉൾപ്പെടുത്താനുള്ള ഒരു പ്രവണത ഹിന്ദുക്കൾക്കുണ്ടായിരുന്നു. ബുദ്ധനേയും ഒരു അവതാരപുരുഷനായി സ്വീകരിക്കാൻ അവർ മടിച്ചില്ല. കാരണം, ഈശ്വരാംശം അദ്ദേഹത്തിൽ ഉദാത്തമായവിധം കേന്ദ്രീഭവിച്ചിരുന്നു. പില്ക്കാലത്തായിരുന്നു ഗീതാകൎത്താവു ജീവിച്ചിരുന്നതെങ്കിൽ പത്താം അദ്ധ്യായത്തിലെ വിഭൂതിമത്തുക്കളുടെ ശേഖരത്തിൽ ബുദ്ധനേയും, ക്രിസ്തുവിനേയും, നബിയേയുംകൂടി ഉൾപ്പെടുത്തുമായിരുന്നു എന്നുവേണം വിചാരിക്കാൻ. അത്രമാത്രം ഉദാരമാണ് ഹിന്ദുക്കളുടെ മഹത്വാരാധനാബുദ്ധിയും, മഹത്വത്തിലൂടെ ഈശ്വരനെ കണ്ടെത്താനുള്ള സിദ്ധിയും.

മഹത്വവും നന്മയും പ്രജ്ഞാശക്തിയും ശൗര്യവീര്യങ്ങളുംകൊണ്ടു ജനതയുടെ അത്ഭുതാദരങ്ങളേയും ആരാധനയേയും ആവൎജ്ജിച്ചിട്ടുള്ള പുണ്യപുരുഷന്മാരെ കൊണ്ടാടുക മനുഷ്യസ്വഭാവമാണ്. ദാൎശനികസാഹിത്യകാരനായ കാർലൈൽ ഇത്തരം അസാധാരണവ്യക്തികളെ പൊതുവേ വീരപുരുഷന്മാർ, അഥവാ Heroes എന്നു നാമകരണം ചെയ്തിരിക്കുന്നു. വീരപുരുഷന്മാരുടെ കൂട്ടത്തിൽ ജനനേതാക്കളും, രാജ്യതന്ത്രജ്ഞരും, മതപ്രവാചകരും ഉണ്ടാകാം എന്നു് അദ്ദേഹം പറയുന്നു. മുഹമ്മദുനബിയെ കാർലൈൽ മതപ്രവാചകരായ വീരന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു[2]. പരിണാമവാദത്തെ, ആലംബമാക്കി മനുഷ്യന്റെ പ്രതിഭാപരമായ വളൎച്ചയേയും പൂൎണ്ണതയിലേക്കുള്ള പ്രയാണത്തേയും കുറിച്ചു പഠിച്ചിട്ടുള്ളവർ മനുഷ്യൻ അതിമാനുഷനായി (Super-

1 ''യദ്യദ്വിഭൂതിമത്സത്ത്വം
ശ്രീമദൂൎജ്ജിതമേവ വാ
തത്തദേവാവഗച്ഛ ത്വം
മമ തേജോംശസംഭവം.''—ഭ. ഗീ. X. 41.

2 'Heroes and Hero-worship'—Carlyle.

man) വളരുകയാണെന്നു പറയാറുണ്ട്. അവിടേയും മനുഷ്യനു ദിവ്യതയിലേക്കു വളരാൻ സാദ്ധ്യതയുണ്ടെന്ന കാര്യം സമ്മതിക്കപ്പെട്ടിട്ടുണ്ടെന്നു കാണാം. വേദാന്തം യോഗശാസ്ത്രത്തിലൂടെ ഈ പറഞ്ഞ തത്വത്തെയാണു സാധൂകരിക്കുന്നത്. ഇന്ദ്രിയനിഗ്രഹവും, മനോനിയന്ത്രണവും, ഏകാഗ്രതയും സമചിത്തതയുംകൊണ്ടുള്ള അനന്തമായ ശക്തിസംഭരണത്തിലൂടെ അതിമാനുഷത്വം നേടാമെന്നു യോഗശാസ്ത്രം തെളിയിച്ചിട്ടുണ്ട്. ഇന്നത്തെ അത്ഭുതജനകമായ രാസോജ്ജപരീക്ഷണങ്ങളിലൂടെ ആധുനികശാസ്ത്രം നൂതനമായി കണ്ടെത്തുന്ന പലതും—അണുവിജ്ഞാനീയം, ഗോളവിജ്ഞാനീയം, മനോവിജ്ഞാനീയം, ഔഷധവിജ്ഞാനീയം മുതലായവയിൽ പലതും—പുരാതനമഹർഷിമാർ അവരുടെ യൗഗികദർശനങ്ങളിൽക്കൂടി താത്വികമായി കണ്ടെത്തിയിരുന്നവയാണ്. മനുഷ്യജീവിതത്തിന്റെ നാനാവശങ്ങളിലും—ശസ്ത്രാഭ്യാസത്തിലാകട്ടെ, യുദ്ധമുറകളിലാകട്ടെ, രാഷ്ട്രവിജ്ഞാനീയത്തിലാകട്ടെ, ഭരണതന്ത്രത്തിലാകട്ടെ,—കേവലം തപസ്വികളായിരുന്ന മഹർഷിമാർക്കു ശാശ്വതസംഭാവനകൾ ചെയ്യുവാൻ കഴിഞ്ഞതു യോഗശാസ്ത്രത്തിലൂടെ മനുഷ്യന്റെ കഴിവുകളെ കേന്ദ്രീകരിച്ച് അത്ഭുതം സൃഷ്ടിക്കാൻ കഴിയുമെന്നതിന് അനിഷേദ്ധ്യമായ തെളിവുകളാണ്. വ്യാസനും, വിശ്വാമിത്രനും, വസിഷ്ഠനും, ഭീഷ്മരും, ദ്രോണരും, പരശുരാമനും, പതഞ്ജലിയും, ജനകനും, അഗസ്ത്യനും ഒക്കെത്തന്നെ യോഗശാസ്ത്രത്തിലൂടെ മനുഷ്യസിദ്ധികളുടെ പരമോച്ചപദവികൾ പ്രാപിച്ച അസാധാരണവ്യക്തികളാണ്. പരിണാമസിദ്ധാന്തപ്രകാരം മനുഷ്യൻ സ്വാഭാവികമായിത്തന്നെ മനുഷ്യാതീതനായി (Superman) വളരുകയാണെന്നു പറഞ്ഞല്ലൊ. ഇതിന്റെ പരമാർത്ഥത ഏതു നിലയിലിരുന്നാലും യോഗശാസ്ത്രമനുസരിച്ച മനുഷ്യൻ മനഃപൂർവ്വം യത്നിക്കുന്ന പക്ഷം, അവന്റെ കഴിവുകൾ പരമാവധി വികസിപ്പിച്ച് അത്ഭുതകർമ്മമായ കൃത്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമെന്നതിൽ തർക്കമില്ല. പുരാതനകാലത്തെ മാത്രമല്ല ആധുനികകാലത്തേയും ദൃഷ്ടാന്തങ്ങൾ ധാരാളം ചൂണ്ടിക്കാണിക്കാൻ കഴിയും. ഉദരംഭരികളായ ഫക്കീർമാരും ഹഠയോഗമാന്ത്രികന്മാരും വ്യാജസന്യാസിമാരും യോഗശാസ്ത്രത്തെ ദുരുപയോഗപ്പെടുത്തി ആക്ഷേപാർഹമാക്കിയിട്ടുണ്ടെങ്കിലും, സത്തുക്കളും ലോകോപകാരബുദ്ധികളുമായ സന്യാസിമാർ—ശ്രീരാമകൃഷ്ണൻ, ശ്രീ രമണമഹർഷി, ശ്രീ ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരുസ്വാമികൾ മുതലായവർ—ലോകോത്തരപ്രഭാവത്തോടെ സന്യാസിത്വത്തിന്റെ പാവനതയേയും ദിവ്യതയേയും കാര്യകാരിതയേയും ആധുനികയുഗത്തിനു ബോദ്ധ്യമാക്കിക്കൊടുത്തിട്ടുള്ളവരാണ്.

ഇവരെയെല്ലാവരേയും അവതാരപുരുഷന്മാർ എന്നു പറവാൻ പ്രയാസമാണെങ്കിലും ഓരോ തോതിൽ ഈശ്വരന്റെ അനന്തമായ വിഭൂതികൾ നിറഞ്ഞു് ദിവ്യതയുടെ ഓരോ പടികളിൽ വർത്തിച്ചവരായിരുന്നുവെന്നതു് നിഷേധിക്കത്തക്കതല്ല. യോഗശാസ്ത്രത്തിന്റെ വെന്നിക്കൊടികളാണ് അവർ. യോഗപ്രഭാവത്തിന്റെ പാരമ്യമല്ലേ പൂർണ്ണാവതാരമെന്നും വിചാരിക്കാവുന്നതാണ്. ശ്രീകൃഷ്ണന്റെ ദിവ്യതനിറഞ്ഞ ജീവിതത്തിലെ ഏററവും ഉദാത്തമായ സന്ദർഭമാണ് ഗീതോപദേശഘട്ടമെന്നു പറയാം. കൃഷ്ണൻ അപ്പോൾ യോഗാരൂഢനായിരുന്നുവെന്നാണു പറയപ്പെടുന്നതു്. യൗഗികമായ ജ്ഞാനത്തിന്റെ പാരമ്യത്തിൽ മാത്രമേ ഗീത ഉപദേശിക്കുവാനുള്ള സിദ്ധി ഉണ്ടാകുമായിരുന്നുള്ളുവെന്നാണ് അതിന്റെ സാരം. ''യത്ര യോഗേശ്വര കൃഷ്ണോ, യത്ര പാർത്ഥോ, ധനുർദ്ധര'', എന്ന പദ്യത്തിൽ ശ്രീകൃഷ്ണന്റെ സാക്ഷാത്തായ ദിവ്യതയുടെ പാരമ്യം യോഗേശ്വരതയാണെന്നുള്ള സൂചനയാണ് വ്യാസൻ നല്കിയിട്ടുള്ളതെന്നു പറയേണ്ടതില്ലല്ലോ.

യോഗവും അവതാരപദവിയും തമ്മിലുള്ള ഈ ഗാഢബന്ധം യൗഗികമായ പൂർണ്ണാവസ്ഥയാണ് അവതാരമെന്ന നിലയെ അനുകൂലിക്കുന്നതാകയാൽ, അവതാരം മനുഷ്യന്റെ ദിവ്യതയിലേക്കുള്ള വളർച്ചയുടെ പാരമ്യമാണെന്നു പറയാവുന്നതാണ്. എന്നുവച്ച് മനുഷ്യത്വത്തിന്റെ ആരോഹണംകൊണ്ടേ അവതാരം ഉണ്ടാകൂ എന്നില്ല. മറിച്ച് ദിവ്യത മനുഷ്യാവസ്ഥയിലേക്ക് അവരോഹണംചെയ്താലും അവതാരം ഉണ്ടാകാവുന്നതാണ്. ഈശ്വരേച്ഛ അങ്ങനെയാകുമ്പോൾ ആവിധം സംഭവി

ക്കുന്നുവെന്നതാണു് അതിന്റെ പ്രമാണം. സൃഷ്ടികൾ പുരസ്സരമെന്നോ ഒരുപക്ഷേ, പ്രേരകമെന്നോതന്നെ പറയാവുന്ന ഈശ്വരേച്ഛ[1] പ്രപഞ്ചത്തിന്റെ ആവശ്യത്തിനു് യോജ്യമായവിധം പ്രവർത്തിക്കുന്നുവെന്നതാണു് പ്രാമാണികമായ നിലപാടു്.

''യദാ യദാ ഹി ധർമ്മസ്യ
ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം.''[2]

എന്ന ഗീതാപദ്യം അവതാരം പ്രപഞ്ചാവശ്യമനുസരിച്ചുള്ള ഈശ്വരന്റെ ഇച്ഛ മാത്രമായ ഒരു പ്രക്രിയയായിട്ടാണു് വിഭാവിതമായിരിക്കുന്നതു്. ഇവയിൽ ഏതായാലും ഫലം ഒന്നുതന്നെ—ദിവ്യമായ ഒരവതാരം സംഭൃതമാകുന്നുവെന്നതു്. ഇവയിൽ ഏതുതന്നെയായാലും ശ്രീ വിവേകാനന്ദൻ പറഞ്ഞിട്ടുള്ളതുപോലെ, ''മനുഷ്യന്റെ പോരായ്മകൾ ഈശ്വരന്നറിയാം; അവന്റെ നന്മയ്ക്കായി അവിടുന്നു് മനുഷ്യനായിട്ടവതരിക്കുകയുംചെയ്യുന്നു.''

ധർമ്മഗ്ലാനി ചരിത്രപരമായ ഒരു വസ്തുതയാണു്. മനുഷ്യചരിത്രം ക്ഷേമസന്തുഷ്ടികളെ സംബന്ധിച്ചിടത്തോളം ആരോഹണാവരോഹണക്രമത്തിലാണു് മുന്നോട്ടു് പോകുന്നതെന്നു പറയാം. ധർമ്മത്തിനു് ഉയർച്ചയുള്ളപ്പോൾ, ക്ഷേമവും ഗ്ലാനിയും സംഭവിക്കുമ്പോൾ, ദുരിതവും ഉണ്ടാകുന്നു; സാധുക്കൾ ചൂഷിതരും മർദ്ദിതരുമാകുന്നു; പാഷണ്ഡർ പരമാധികാരികളായിത്തീരുന്നു. മനുഷ്യഭാഗധേയത്തിന്റെ ഈ ഗതിവിഗതികളാൽ ഉണ്ടാകുന്ന അസമാനതകളെ ഈശ്വരപ്രഭാവം പരിഹരിക്കുന്നുവെന്നതാണു് അവതാരത്തിൽ അടങ്ങിയിരിക്കുന്ന തത്വം. അതനുസരിച്ചാണു് ഗീതയിൽ,

''പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ.''[3]

എന്നു് ഭഗവാൻതന്നെ പറഞ്ഞിട്ടുള്ളതു്.

സമതുലിതമായ ഒരവസ്ഥയാണു് സ്വാഭാവികത. അതിലാണു് സത്യവും സൗന്ദര്യവും കളിയാടുന്നതു്. സ്വാഭാവികമായ നന്മയും സൗന്ദര്യവും നശിച്ചു് കൃത്രിമതകൾ വർദ്ധിക്കുമ്പോൾ അസത്യവും അധർമ്മവും വൈരുദ്ധ്യവും ഉണ്ടാകുന്നു. അവ മറുവശത്തേക്കു്—ധാർമ്മികമായ സമതുലിതാവസ്ഥയിലേക്കു്—പ്രത്യാഗമിക്കുവാൻ ഒരു പ്രവണത പ്രപഞ്ചത്തിനു താനെതന്നെ ഉണ്ടായെന്നുവരാം. ഒരുപക്ഷേ, സുപ്താവസ്ഥയിൽ കിടക്കുന്ന ആ പ്രവണതയെ തട്ടിയുണർത്തി ഉജ്ജീവിപ്പിക്കാനും, മർദ്ദിതമായി പ്രക്ഷീണമായിക്കിടക്കുന്ന ധർമ്മത്തെ പുനഃസ്ഥാപിക്കാനുമായി രൂപംപ്രാപിക്കുന്ന ഈശ്വരസത്തയായിരിക്കാം അവതാരം.

ഈശ്വരൻ ഇങ്ങനെയൊക്കെ മനഃപൂർവ്വം വിചാരിക്കയോ? ഈശ്വരനിൽ കേവലം മനുഷ്യത്വം ആരോപിക്കുന്ന ബാലിശതയുടെ വിലസിതമല്ലേ ഇതൊക്കെ? എന്നിങ്ങനെ ചോദിക്കുന്നവരുണ്ടാവാം. പക്ഷേ, മനുഷ്യത്വത്തിന്റെയും കാരണം ഈശ്വരനാണെങ്കിൽ ഈശ്വരനിൽ മനുഷ്യത്വവും ഇല്ലെന്നു് എങ്ങനെ പറയാം? ഈശ്വരന്റെ അനന്തപ്രഭാവത്തിൽ എന്തെല്ലാം ശക്തികളാണു്, ഇല്ലാത്തതു്? ബുദ്ധിയും ഭാവനയും യുക്തിയും എല്ലാം അവിടെനിന്നുണ്ടായിട്ടുള്ളതേയുള്ളു. അവയുടെ പ്രഭവസ്ഥാനത്തുനിന്നു സംഭവിക്കുന്ന കേവലസ്ഫുരണങ്ങൾ മാത്രമാണു് പരിമിതവിഭവനായ മനുഷ്യനിൽക്കൂടി മിന്നിത്തിളങ്ങുന്നതു്. ഒരു ഹിന്ദുവിനെപ്പോലെ ഈ തത്വത്തിൽ അഗാധബോധവാനായി മററാരെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. ഈശ്വരധ്യാനത്തിലേക്കു പ്രവേശിക്കുന്ന അവൻ പ്രാർത്ഥിക്കുമ്പോഴത്തെ വാക്കുകൾ പോലും ഈശ്വരൻ ആ വാക്കുകൾക്കു് ജീ

---

1 ''ഇച്ഛാപാത്രം പ്രഭോഃ സൃഷ്ടി'' എന്നു പ്രമാണം.

2 ഭ. ഗീ. IV; 7
ധർമ്മത്തിന്നെപ്പൊഴൊക്കെയും
വാട്ടംതട്ടുന്നു ഭാരത!
അധർമ്മാഭ്യുത്ഥാനവു-
മന്നാത്മസൃഷ്ടികഴിപ്പു ഞാൻ
(കുഞ്ഞിക്കുട്ടൻതമ്പുരാൻ)

3 ഭ. ഗീ. IV. 8.
''സാധുസംരക്ഷണത്തിന്നും
ദുഷ്ടസംശിക്ഷണത്തിനും
ധർമ്മത്തിൻ നിലനില്പിന്നും
യുഗംതോറും ജനിപ്പു താൻ
—മ: ഭാ: III, പേ. 545, (കുഞ്ഞിക്കുട്ടൻതമ്പുരാൻ)

വൻ കൊടുക്കുന്നതുകൊണ്ടു മാത്രം വെളിയിൽ വരുന്നവയാണെന്നാണ് അവന്റെ സങ്കല്പം. ഒരു പ്രാർത്ഥന നോക്കുക:

''യോഽപ്രവിശ്യ മമ വാച മാംപ്രസുപ്താം
സംജീവയത്യഖിലശക്തിധരഃസ്വധാമ്നാ
അന്യാംശ്ച ഹസ്തചരണശ്രവണത്വഗാദീൻ
പ്രാണാൻ നമോ ഭഗവതേപുരുഷായ
[തുഭ്യം.''

''സർവ്വശക്തികളും ധരിച്ച് എന്റെ ഉള്ളിൽ കടന്ന് ഉറങ്ങിക്കിടക്കുന്ന എന്റെ വാക്കിനേയും, ഹസ്തചരണാദി ഇന്ദ്രിയങ്ങളേയും പ്രാണങ്ങളേയും സ്വമഹിമകൊണ്ടുയിർകൊള്ളിക്കുന്ന ഭഗവാനേ! എന്റെ ഉള്ളിൽ സാക്ഷാൽ പുരുഷനായിരിക്കുന്ന അങ്ങേക്കു നമസ്കാരം.'' എന്നിങ്ങനെയാണ് ആ പ്രാർത്ഥന.

ഇപ്രകാരം ഈശ്വരനെ സങ്കല്പിക്കുന്നവന് ഈശ്വരനിൽനിന്നനുഭവിക്കുന്ന ബുദ്ധിപ്രഭാവവും ഭാവനാശക്തിയുമൊക്കെയല്ലാതെ അതിനപ്പുറത്ത് മറെറാന്നും സങ്കല്പിക്കാൻ സാദ്ധ്യമല്ല. എല്ലാം കേവലം ഭൗതികമാത്രമായി വ്യാഖ്യാനിക്കാൻ വെമ്പുന്ന ശാസ്ത്രജ്ഞൻ എന്തൊക്കെ പറഞ്ഞാലും, ഭൗതികപ്രതിഭാസങ്ങൾക്കെല്ലാം അപ്പുറത്ത് എല്ലാത്തിനും ആധാരമായി വർത്തിക്കുന്ന ഏകമായ അനന്തശക്തിയെ ആർക്കു വിസ്മരിക്കാൻ കഴിയും? സകല ബുദ്ധിപ്രഭാവങ്ങളും അതിൽ അടങ്ങുന്നു. അതല്ലെങ്കിൽ ഇത്ര അവധാനപൂർവ്വം കെട്ടിപ്പടുത്തിട്ടുള്ള ഒരു പ്രപഞ്ചം എങ്ങനെ നിലവിൽവന്നു? എത്ര പ്രസ്പഷ്ടമായ കാര്യകാരണബന്ധവും, പൗർവാപര്യവുമാണ് പ്രപഞ്ചഘടനയിൽ നാം കാണുന്നത്? പരസ്പരാകർഷണത്തിന്റെ അവലംബംകൊണ്ട് സ്ഥാനസ്ഥിതങ്ങളായി വ്യവസ്ഥാപിതപഥങ്ങളിലൂടെ തെററാതെ ഭ്രമണംചെയ്യുന്ന സംഖ്യാതീതങ്ങളായ തേജോഗോളങ്ങൾ അടങ്ങിയ സൗരയൂഥം ഒരു യാദൃച്ഛികപ്രതിഭാസമാണെന്ന് യുക്തിബോധമുള്ളവർക്കു പറയുവാൻ കഴിയുമോ? നാം അധിവസിക്കുന്ന പ്രപഞ്ചത്തിന്റെ പ്രവർത്തനത്തിൽത്തന്നെയില്ലേ വിശദമായ ഒരു ക്രമവും മുറയും നിയമവും? ഒരു നൂറുസംവത്സരങ്ങൾക്കുള്ളിൽ ഇന്നയിന്ന ഗ്രഹങ്ങൾ ഇന്നയിന്നരാശികളിൽ നില്ക്കുമെന്ന് ഗണിച്ചു പറയത്തക്കവിധം അത്ര കണിശവും മുറപ്രകാരവുമാണ് അവയുടെ ചലനങ്ങൾ. കാററും മഴയുംപോലും എപ്പോൾ സംഭവിക്കുമെന്ന് ദീർഘദർശനംചെയ്യത്തക്കവിധം പ്രകൃതിനിയമങ്ങൾ അത്ര സുനിശ്ചിതങ്ങളാണ്. കടുകുമണിപോലുള്ള ഒരു ബീജത്തിൽനിന്നു പൊടിച്ചുവളർന്നു പന്തലിക്കുന്ന അരയാൽവൃക്ഷത്തിന്റെ ജീവിതംതന്നെഎത്ര ക്രമവും ചിട്ടയുമനുസരിച്ചുള്ള ഒരു പരിണാമത്തെയാണ് സൂചിപ്പിക്കുന്നത്! കിളിർക്കുക, വളരുക, പുഷ്പിക്കുക, ഫലിക്കുക എന്നിങ്ങനെയുള്ള മുറകൾ വൃക്ഷലതാദികളിലും, പക്ഷിമൃഗാദികളിലും, മനുഷ്യരാശിയിലും എല്ലാം നിയമബദ്ധമായ രീതിയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഓരോ ഇനം ജീവരാശികൾക്കും അന്യോന്യമുള്ള ബന്ധംതന്നെ സുനിയതമല്ലെ? ഒരു പുഷ്പം വിടർന്നാൽ അതിന്റെ നിറവും മണവും ചിത്രശലഭത്തെ ആകർഷിക്കുന്നു. തേനും പൂംപൊടിയും ശലഭത്തിനു ഭക്ഷണമാണെങ്കിൽ, ശലഭത്തിന്റെ ശരീരത്തിലെ പൂമ്പൊടി പുഷ്പത്തിന്റെ പരാഗണത്തിനു(Pollination)പകരിക്കുന്നു. ഇങ്ങനെ പ്രപഞ്ചത്തിലെ വിവിധ ഘടകങ്ങൾ പരസ്പരാശ്രയിയും, ദൃഢബദ്ധവുമായിട്ടാണു പ്രവർത്തിക്കുന്നത്. ഇതൊക്കെ അന്ധമായോ ആകസ്മികമായോ സംഭവിക്കുന്നുവെന്നതാണെന്നു പറയുന്നത് ശാസ്ത്രജ്ഞതയ്ക്ക് നിരക്കുന്ന നിലപാടല്ല. തികച്ചും വിവേകസമ്പന്നവും ബുദ്ധിപ്രഭാവനിർഭരവുമായ ഒരു ചേതനയുടെ സർവ്വസ്പർശകമായ നിയന്ത്രണശക്തി ഇതിലെല്ലാം പ്രവർത്തിക്കുന്നുവെന്നതു വളരെ സ്പഷ്ടമാണ്. ബുദ്ധിയും നിയാമകശക്തിയും മനുഷ്യനോടുമാത്രം ബന്ധപ്പെട്ടതാണെന്നു കരുതുന്നത് ശരിയല്ല. മനുഷ്യബുദ്ധി ഈശ്വരചേതനയുടെ കേവലം നിസ്സാരമായ ഒരു സ്ഫുരണം മാത്രമാണ്. ആ സ്ഫുരണത്തിന്റെ മാത്രാവ്യത്യാസം മാത്രമാണ് മനുഷ്യനും മൃഗവും തമ്മിലുള്ള അന്തരം. മനുഷ്യനോടു ബന്ധപ്പെട്ടു മാത്രമേ ബുദ്ധിക്കു സ്ഥാനമുള്ളുവെന്ന ധാരണ വച്ചുകൊണ്ടു' അരൂപിയായി സങ്കല്പിക്കപ്പെടുന്ന ഈശ്വരനെ സംബന്ധിച്ചിടത്തോളം ബുദ്ധിസങ്കല്പത്തിന് സ്ഥാനമില്ലെന്ന വിചാരം തികച്ചും അടിസ്ഥാനരഹിതമാണ്. നേരെമറിച്ച് ബുദ്ധിശക്തിയുടെ ആകെത്തുക കണ്ടെത്തണമെങ്കിൽ

ഈശ്വരോന്മുഖമായിത്തന്നെ അന്വേഷിക്കണം.

അവതാരകാര്യത്തെക്കുറിച്ചാണല്ലോ പറഞ്ഞുവന്നതു്. ധർമ്മസംരക്ഷണാർത്ഥം ഈശ്വരൻ ഇച്ഛാനുസരണമുള്ള രൂപം കൈക്കൊണ്ടു് ദുഷ്ടന്മാരെ അമർത്തുകയും ശിഷ്ടന്മാരെ സംരക്ഷിക്കുകയും ചെയ്യുമെന്നു് പറയുന്നതിൽ അസംഭവ്യതയൊന്നുമില്ലെന്നു മുകളിൽ പറഞ്ഞതിൽനിന്നു വ്യക്തമാണല്ലൊ. മേൽ പരാമർശിക്കപ്പെട്ട പ്രകൃതിനിയമങ്ങളുടെ ഒരുവശം മാത്രമാണതു്. വരൾച്ച വർദ്ധിക്കുമ്പോൾ മഴപെയ്യുന്നതുപോലെ പ്രകൃതിയുടെ ത്രാസുതട്ടുകളുടെ കാര്യത്തിൽ സംഭവിക്കുന്ന അസമാനതയെ പരിഹരിച്ചു് ധർമ്മത്തിൻെറ സൂചി നേരെ നിറുത്താൻ ഈശ്വരചേതന്യ നിർവ്വഹിക്കുന്ന ഒരു സ്വാഭാവികചലനഫലം മാത്രമാണതു്. ധർമ്മം ഇടിഞ്ഞു് ദുഷ്കൃത്യങ്ങൾ കൊടികുത്തുമ്പോൾ ഈശ്വരശക്തി ഏതെങ്കിലും രൂപത്തിൽ ആവിർഭവിച്ചു് സമത സംസ്ഥാപിക്കുന്നു. അതിലേക്കു വേണ്ടിവരുന്ന ചൈതന്യത്തിൻെറ കേന്ദ്രീകരണം അതിനെ ''വിഭൂതിമത്തും ഔജ്ജിത്യനിർഭരവും ഐശ്വരവു്''മാക്കി പ്രതിഭാസിപ്പിക്കുന്നുവെന്നു മാത്രമേയുള്ളു.

അയ്യപ്പൻെറ അവതാരത്തെ മേൽവിവരിച്ച പശ്ചാത്തലത്തിലാണു് അവലോകനംചെയ്യേണ്ടതു്. ശ്രീരാമാവതാരത്തേയോ ശ്രീകൃഷ്ണാവതാരത്തേയോ അപേക്ഷിച്ചു് അയ്യപ്പാവതാരത്തിനു് അത്രമേൽ വിപുലമായ ഒരു പശ്ചാത്തലപ്രൗഢി തോന്നിയെന്നു വരില്ലെങ്കിലും ആന്തരമായ വിഭൂതിയിലും ഔജ്ജിത്യത്തിലും, സങ്കല്പത്തിൻെറ പാവനതയിലും അതു് ഏതു് അവതാരത്തോടും സമസ്കന്ധത വഹിക്കുമെന്നതിനു തർക്കമില്ല. ഭാരതഭൂമിയുടെ ദക്ഷിണാഗ്രത്തുള്ള മലവാരത്തു് അജ്ഞാതരായ മാതാപിതാക്കളുടെ സന്താനമായി ജനിച്ചശേഷം കാട്ടിലുപേക്ഷിക്കപ്പെട്ടുപോയ ഒരനാഥശിശുവായിട്ടാണു് അയ്യപ്പൻെറ ജീവിതം ആരംഭിക്കുന്നതു്. ഈ അംശത്തിൽ ശ്രീകൃഷ്ണൻേറയും ക്രിസ്തുവിൻേറയും ജീവിതാരംഭദശയോടു് അയ്യപ്പൻേറതിനു് ഏതാണ്ടൊരു സാധർമ്മ്യമില്ലാതില്ല. മൂവരുടേയും ആദ്യകാലം ശത്രുപീഡിതമായിരുന്നുവെങ്കിലും അവർ അക്ഷതരായി അവിടം ജീവിച്ചുകയറി. അനന്തരകാലത്തു് അവരവരുടെ പ്രഭാവാതിശയം കൊണ്ടു് മൂവരും ലോകത്തിനു വെളിച്ചം പകൻനുകൊടുത്തു; ഇന്നും വെളിച്ചം പകൻനുകൊടുത്തുകൊണ്ടിരിക്കുന്നു. ഇനിയും അങ്ങനെ തുടരുകയുംചെയ്യും.

അയ്യപ്പൻെറ അവതാരകഥയുടെ പശ്ചാത്തലത്തിലേക്കു നമുക്കിനിയും കടക്കാം. ഒരവതാരത്തിൻെറ ആവശ്യകതയെ അനുനിമിഷം പ്രകടമാക്കിവന്നിരുന്ന ഒരു കാലഘട്ടത്തിലാണു് അയ്യപ്പാവതാരം സംഭവിച്ചതു്. കേരളഭൂഭാഗം ആകെപ്പാടെ അന്നു് അരാജകവും അസ്വാസ്ഥ്യവുമായി ആയിരം ദുർഘടസന്ധികളിൽപ്പെട്ടുഴലുകയായിരുന്നു. ചേരസാമ്രാജ്യത്തിൻെറ പതനത്തെത്തുടർന്നുണ്ടായ ചോളന്മാരുടെ ആധിപത്യം കേരളത്തേയും ഗ്രസിച്ചുകഴിഞ്ഞിരുന്നു. പെരുമാൾഭരണത്തിൻെറ തകർച്ചയ്ക്കുശേഷം കേരളം പല രാജാക്കന്മാരുടെ ആധിപത്യത്തിലുള്ള അനേകം ചെറുവിഭാഗങ്ങളായി ചിന്നിച്ചിതറിപ്പോയതിനാൽ വെളിയിൽനിന്നുള്ള ആക്രമണങ്ങളെ ചെറുത്തുനില്ക്കുന്നതിനുള്ള ശക്തി അതിനില്ലാതായി. ചെറുതരം രാജാക്കന്മാർതമ്മിലാണെങ്കിൽ നിരന്തരം കലഹവുമായിരുന്നു. ഇത്തരം കലഹങ്ങളുടേയും മത്സരങ്ങളുടേയും ആഘാതങ്ങളിൽനിന്നു് അല്പം ഒഴിഞ്ഞുമാറിനിന്നിരുന്ന പ്രദേശങ്ങളായിരുന്നു സഹ്യാദ്രിക്കിപ്പുറമുള്ള ഫലഭൂയിഷ്ഠമായ മലയോരപ്രദേശങ്ങൾ. വടക്കു കുമളി മുതൽ തെക്കു് ആര്യങ്കാവു്, കുളത്തൂപ്പുഴ മുതലായ സ്ഥലങ്ങൾവരെയുള്ള മലമ്പ്രദേശങ്ങൾ ഇടവിട്ടു പലയിടങ്ങളിലും ഫലഭൂയിഷ്ഠതകൊണ്ടുള്ള ഐശ്വര്യസമൃദ്ധിയും, പുണ്യക്ഷേത്രങ്ങളുടെ സാന്നിദ്ധ്യംകൊണ്ടുള്ള ആത്മീയചൈതന്യവും പ്രദർശിപ്പിച്ചിരുന്നു. ശബരിമല, പൊന്നമ്പലമേടു്, അച്ചൻകോവിൽ, ആര്യങ്കാവു്, കുളത്തൂപ്പുഴ എന്നീ പരശുരാമപ്രതിഷ്ഠിതങ്ങളായ ശാസ്താക്ഷേത്രങ്ങളും, നിലയ്ക്കൽ, പെരിനാടു് മുതലായി ഫലസമൃദ്ധിയും ധനപുഷ്ടിയും ഒത്ത ജനപദങ്ങളുംകൊണ്ടു് ആ ഭാഗങ്ങൾ അന്നു മികച്ചുനിന്നിരുന്നു. എങ്കിലും സമതലങ്ങളിലെ അന്തച്ഛിദ്രങ്ങളുടെ പ്രത്യാഘാതങ്ങൾ ഉയൻന മേഖലകളേയും ബാധിക്കാതിരുന്നില്ല. മലയോരപ്രദേശങ്ങൾക്കു

നാട്ടിൻപ്രദേശങ്ങളിൽനിന്നു പ്രതീക്ഷിക്കാമായിരുന്ന സഹായം ലഭ്യമല്ലാതെവന്ന സന്ദർഭംനോക്കി പാണ്ടിനാട്ടിൽനിന്നു കൊള്ളക്കാരുടെ ആക്രമണങ്ങളും ആരംഭിച്ചു. പർവ്വതത്തിനപ്പുറവും ഇപ്പുറവുമുള്ള ധനപുഷ്ടിയുള്ള പ്രദേശങ്ങൾ കൊള്ളചെയ്യാൻ ഈ അക്രമിസംഘങ്ങൾ കാനനാവൃതമായ മലമേട്ടകളിൽ കോട്ടകൾ കെട്ടി താവളങ്ങൾ ഉറപ്പിച്ചു. ആദ്യം നിലയ്ക്കൽ മുതലായ ഗ്രാമങ്ങളായിരുന്നു ഇവരുടെ ആക്രമണഗോചരം. പെരിനാട്ട്, എരുമേലി മുതലായ സ്ഥലങ്ങൾവരെ അവരുടെ കൈയേററം വ്യാപിച്ചു. കുമളിയിൽനിന്നു് അക്കാലത്തു മേല്പറഞ്ഞ സ്ഥലങ്ങളിലേക്കുണ്ടായിരുന്ന കച്ചവടപ്പാത ഇവരുടെ കവച്ചുകൊണ്ടു് അരക്ഷിതമായിത്തീർന്നു. പ്രസ്തുത പാത ശബരിമലക്ഷേത്രസമീപത്തുക്കൂടിയാണു കടന്നുപോയതു്. വനാന്തരങ്ങളിൽ ഇടവിട്ടു് അവിടവിടെയുണ്ടായിരുന്ന ഗ്രാമസങ്കേതങ്ങളിലെ ജനങ്ങളുടെ ആരാധനാസ്ഥാനമായിരുന്നു അന്നു് ശബരിമല ശാസ്താക്ഷേത്രം. വിശേഷിച്ചും നിലയ്ക്കൽഗ്രാമക്കാർക്കു് ശബരിമലശാസ്താവു് പരദേവതയുമാണു്. ശബരിമലയ്ക്കു സമീപസ്ഥമായ ഗ്രാമങ്ങളുടെ ഐശ്വര്യത്തിനും സമ്പൽസമൃദ്ധിക്കും നിദാനം ശബരിമലശാസ്താവിന്റെ പ്രസാദാതിരേകമാണെന്ന ധാരണ പൊതുവേയുമുണ്ടായിരുന്നു. സ്വർണ്ണത്തിലും വെള്ളിയിലുമുള്ള തിരുവാഭരണാദികളുടേയും നിക്ഷേപങ്ങളുടേയും സങ്കേതമാണു് ശബരിമലയെന്ന കേഴ്‌വിയും പരന്നിരുന്നു. ആകപ്പാടെ പാണ്ടിനാട്ടിൽനിന്നു വന്ന കൊള്ളക്കാരുടെ ആക്രമണത്തിനു് ആ പുണ്യക്ഷേത്രം ശരവ്യമാകുവാൻ വേണ്ട ന്യായങ്ങളുമുണ്ടായിരുന്നു. ഒടുവിൽ അതു സംഭവിക്കുകയുംചെയ്തു.

ഉദയൻ എന്ന കൊള്ളത്തലവന്റെ നേതൃത്വത്തിൽ അയാളുടെ ആൾക്കാരാണു് ശബരിമലക്ഷേത്രം ആക്രമിച്ചതു്. ആഭരണാദിധനവിഭവങ്ങൾ മുഴവൻ അപഹരിച്ചിട്ടു് ശ്രീകോവിൽ അശുദ്ധപ്പെടുത്തി. പരമഭക്തനും ശാസ്തൃപൂജ മാത്രം ജീവിതധർമ്മമെന്നു കരുതിയിരുന്ന സാത്വികനുമായിരുന്ന നിലയ്ക്കൽസ്വദേശി ശാന്തിക്കാരനെ കൊള്ളക്കാർ വധിച്ചു. അതുവരെ ആക്രമണങ്ങളെ ചെറുത്തുനിന്നിരുന്ന നിലയ്ക്കൽ തുടങ്ങിയ ഗ്രാമങ്ങളിലെ ജനങ്ങൾ വാസസ്ഥലങ്ങൾ ഉപേക്ഷിച്ചു് റാന്നി, ആറന്മുള മുതലായ സ്ഥലങ്ങളിൽ കുടിയേറി താമസമാക്കി. അക്രമികളാകട്ടെ, കൈവശപ്പെടുത്തിയ സ്ഥലങ്ങളുടെ ആധിപത്യം ഉറപ്പിച്ചു. ഉദയന്റെ പ്രധാനസേനാനി പുതുശ്ശേരിമുണ്ടനെന്നൊരാളായിരുന്നു. അവരുടെ ആക്രമണങ്ങൾ ക്രമേണ താഴ്ന്നപ്രദേശങ്ങളിലേക്കും വ്യാപിച്ചുതുടങ്ങി. പന്തളം കൊട്ടാരം ആക്രമണവിധേയമായി. അവിടെനിന്നു് ഒരു രാജകുമാരിയെ അവർ അപഹരിച്ചു കൊണ്ടുപോയി. രാജകുമാരിയെ ഉദയൻ തലപ്പാറക്കോട്ടയിലേക്കു് ആനയിച്ചു. എന്നാൽ, അടുത്തദിവസം രാത്രിതന്നെ അജ്ഞാതനായ ഒരാൾ കുമാരിയെ അവിടെനിന്നു രക്ഷപ്പെടുത്തിയതായും, രക്ഷകൻ, ഹതനായ ശബരിമലക്ഷേത്രത്തിലെ ശാന്തിക്കാരൻബ്രാഹ്മണന്റെ പുത്രനും ക്ഷേത്രത്തിന്റെ നാശത്തിനുശേഷം വൈരാഗ്യചിത്തനായി പൊന്നമ്പലമേട്ടിൽ തപസ്സുചെയ്തുകൊണ്ടിരുന്ന പുണ്യവാനുമായ ഒരു യുവാവായിരുന്നുവെന്നും പഴയ പാട്ടുകളെ അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ള ശ്രീഅയ്യപ്പൻചരിത്രമെന്ന ഗ്രന്ഥത്തിൽ കാണുന്നു.*

ചേന്നൻ (ജയന്തൻ) എന്ന പേരിൽ, അറിയപ്പെട്ടിരുന്ന പ്രസ്തുതബ്രാഹ്മണയുവാവിനേക്കാൾ ശബരിമലയിലെ അത്യാഹിതത്തെക്കുറിച്ചു ക്ഷുഭിതഹൃദയനും, വ്യസനാക്രാന്തനുമായ മററൊരു വ്യക്തിയുണ്ടായിരുന്നില്ല. സ്വന്തം പിതാവിന്റെ വധത്തേക്കാൾ ക്ഷേത്രദഹനസംഭവമാണു് പരമസാത്വികനായ ആ യുവാവിനെ പീഡിപ്പിച്ചതു്. ആ കടുംകൈ പ്രവർത്തിച്ച പാഷണ്ഡന്മാരെ പലായനംചെയ്യിച്ചു് ക്ഷേത്രോദ്ധാരണം നടത്താൻതക്ക പ്രാഗത്ഭ്യമുള്ള ഒരു ധീരൻ നാട്ടിലുണ്ടാകണേ എന്ന പ്രാർത്ഥനയോടുകൂടി താരകബ്രഹ്മത്തിൽത്തന്നെ ലീനചിത്തനായി സർവ്വസ്വവും ഉപേക്ഷിച്ചു്, പൊന്നമ്പലമേട്ടിൽ എത്തി തീവ്രമായ തപോവൃത്തി ആചരിക്കുകയായി

* നാടൻപാട്ടുകൾ സംഭരിക്കുന്നതിൽ ജാഗരൂകനായിരുന്ന ചിറയിൻകീഴ് സി. പി. ഗോവിന്ദപ്പിള്ള ശേഖരിച്ച പാട്ടുകളെ അടിസ്ഥാനമാക്കി ശ്രീ പി. ആർ. രാമവർമ്മരാജാ എഴുതിയിട്ടുള്ള ഗ്രന്ഥമാണു് ശ്രീഅയ്യപ്പൻചരിത്രം.

രുന്നു അദ്ദേഹം. അവിടെവെച്ച് അദ്ദേഹത്തിനുണ്ടായ ഒരു സ്വപ്നത്തിൽ, സാക്ഷാൽ ധർമ്മശാസ്താവുതന്നെ പ്രത്യക്ഷപ്പെട്ട്, പന്തളത്തുനിന്നപഹരിക്കപ്പെട്ട രാജകുമാരിയെ ഉദയന്റെ പാളയത്തിൽനിന്നു മോചിപ്പിച്ച് സ്വന്തം സഹധർമ്മിണിയായി സ്വീകരിക്കണമെന്നു നിർദ്ദേശിച്ചതായി അദ്ദേഹത്തിനു തോന്നി. ഭഗവദനുഗ്രഹംകൊണ്ടുണ്ടായ അസാധാരണധീരതയോടും, ജാഗ്രതയോടുംകൂടി അദ്ദേഹം ഉദയസങ്കേതത്തിൽ എത്തി രാജകുമാരിയെ വിമോചിപ്പിച്ചു. അവർ പരിണീതരാകുകയുംചെയ്തു. ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ച അവർക്കുണ്ടാകുന്ന സന്താനം ദുഷ്ടന്മാരെ ധ്വംസിച്ച് ശബരിമല ദേവസ്ഥാനം ശുദ്ധീകരിച്ച് ധർമ്മശാസ്താവിനെ പുനഃപ്രതിഷ്ഠിച്ച് ധർമ്മസംസ്ഥാപനം ചെയ്യുമെന്നും, സ്വപ്നത്തിൽ സൂചനയുണ്ടായിരുന്നു. ആകെപ്പാടെ ജയന്തന് നവീനമായ ഒരു ദർശനംകിട്ടിയ മട്ടായി സ്വപ്നശേഷം.

നവവിവാഹിതനെങ്കിലും ജയന്തൻ പ്രാപഞ്ചികസുഖങ്ങളിൽ മുഴുകാതെ പരമഭക്തനായിത്തന്നെ കഴിഞ്ഞു. ഒരഭിലാഷമേ അവർക്കുണ്ടായിരുന്നുള്ളു. അതു മറ്റൊന്നുമല്ല; കേരളത്തിന്റെ രക്ഷാപുരുഷനായ ധർമ്മശാസ്താവിനെ ശബരിമലയിൽ വീണ്ടും പ്രതിഷ്ഠിക്കാൻ ഇടയാകത്തക്കവിധം ശത്രുധ്വംസനംചെയ്ത് ക്ഷേത്രം പുനരുദ്ധരിക്കാൻ ഒരു വീരസന്താനം തങ്ങൾക്കുണ്ടാകണമെന്നുതന്നെ. അചിരേണ അവരുടെ അഭിലാഷം സാധിതപ്രായമാകുന്ന ലക്ഷണങ്ങൾ കണ്ടുതുടങ്ങി. രാജകുമാരി ഗർഭം ധരിച്ചു. മകരസംക്രമദിവസം ഉത്രം നക്ഷത്രവും മന്ദവാരവും ഒത്ത നാളിൽ പഞ്ചമി തിഥിയും വൃശ്ചികലഗ്നവും ചേർന്നപ്പോൾ മഹാതേജസ്വിയും സുന്ദരാകാരനുമായ ഒരു പുത്രൻ ഭൂജാതനായി. ആ സന്ദർഭത്തിൽ മാതാപിതാക്കൾക്ക് പല ദിവ്യദർശനങ്ങളും ഉണ്ടായതായി പറയപ്പെടുന്നു. സാക്ഷാൽ താരകബ്രഹ്മമായ ധർമ്മശാസ്താവിന്റെ ദിവ്യാവതാരമാണ് അവരുടെ പുത്രനെന്നും, ദുഷ്ടനിഗ്രഹംചെയ്ത് നാട്ടിലുടനീളം കാണുന്ന ഗ്ലാനികൾ പരിഹരിച്ച് ധർമ്മസംസ്ഥാപനവും ശബരിമലക്ഷേത്രോദ്ധാരണവും ശാസ്താവിന്റെ പുനഃപ്രതിഷ്ഠയും നടത്തുകയാണ് അവതാരോദ്ദേശമെന്നുമുള്ള അശരീരികളും, ആകാശത്തുനിന്നുള്ള പുഷ്പവൃഷ്ടിയും അപ്പോഴുണ്ടായി. ഈ അവതാരോദ്ദേശനിർവ്വഹണത്തിനു സഹായകമായവിധം ഒരു മഹാപുരുഷസമാഗമം അചിരേണ ഉണ്ടാകുമെന്നും അദ്ദേഹത്തിന്റെ പക്കൽ ഓമൽശിശുവിനെ ഏൽപ്പിക്കുന്നതോടുകൂടി മാതാപിതാക്കളുടെ കർത്തവ്യം നിർവ്വഹിക്കപ്പെട്ടുകഴിയുമെന്നും, അനന്തരം അവർക്കു മുന്നേപ്പോലെ തപോവൃത്തിയിലേക്കു മടങ്ങാമെന്നുംകൂടി പ്രവചിക്കപ്പെട്ടു.

ദിവ്യസ്വരൂപനും, ലോകാഭിരാമനുമായ ഓമനശിശുവിന്റെ ജനനംകൊണ്ടു ധന്യരായ മാതാപിതാക്കൾ പ്രത്യാശാജനകമായ പ്രവചനം ശ്രവിച്ച് ആനന്ദനിമഗ്നരായി. അവരുടെ ജന്മോദ്ദേശം സഫലീകൃതമായെന്ന ചാരിതാർത്ഥ്യത്തോടും, ശിശുവിന്റെ ദൈനംദിനമുള്ള ലീലാവിലാസങ്ങളും തേജോവർദ്ധനയുംകണ്ടു സന്തോഷിച്ചും, അവർ ദിവസങ്ങൾ കഴിച്ചു. ബാലന് ശാസ്തൃനാമദ്യോതകമായ 'അയ്യൻ' എന്നു നാമകരണംചെയ്ത് അയ്യപ്പനെന്നു വിളിച്ചു. ജയന്തന്റെ പക്കൽ ഉണ്ടായിരുന്നതും, ശിവദത്തമെന്നു വിശ്വസിക്കപ്പെട്ടിരുന്നതുമായ ഒരു ദിവ്യരത്നം അവർ ബാലന്റെ കണ്ഠത്തിൽ അണിയിച്ചു. മണിഭൂഷണംകൊണ്ടു ബാലൻ വർദ്ധിതതേജസ്വിയായി.

ഏറെ താമസിയാതെ ഒരിക്കൽ പമ്പാതീരത്ത് ആ പർണ്ണശാലയുടെ പരിസരങ്ങൾ ഒരു രാജാവിന്റേയും പരിവാരങ്ങളുടേയും മൃഗയാവിനോദത്തിനു രംഗസ്ഥാനമായി. അക്കാലത്തു പന്തളം ഭരിച്ചിരുന്ന രാജശേഖരനായിരുന്നു ആ രാജാവ്. ഉദയന്റെ ആക്രമണത്തിനുശേഷം ഏറിയകാലം ഖിന്നനായി കഴിഞ്ഞുകൂടിയ അദ്ദേഹം വീണ്ടും പ്രത്യാശാഭരിതനായിത്തീരുകയായിരുന്നു. എന്നിട്ടും ചുറ്റുപാടും നാൾക്കുനാൾ പ്രകടമായി കാണപ്പെട്ട അധർമ്മത്തിന്റെ വേലിയേറ്റത്തിൽ അദ്ദേഹം സന്തപ്തഹൃദയനായാണ് കഴിഞ്ഞത്. ഹൃദയഭാരം പോക്കാൻ സമാശ്രയിക്കാറുണ്ടായിരുന്ന മൃഗയാവിനോദത്തിനുവേണ്ടി ഏതാനും ദിവസത്തേക്ക് പരിവാരസമേതം അദ്ദേഹം ശബരിമലയ്ക്കു സമീപസ്ഥമായ പമ്പാതടത്തിലെ വനാന്തരങ്ങളിൽ എത്തിച്ചേർന്നതായിരുന്നു. നിബിഡവനങ്ങളിൽ നായാ

ട്ടുകഴിഞ്ഞു് ഉച്ചവെയിലിൻെറ ചൂടുനിമിത്തം പരിക്ലാന്തനായ രാജാവു് നദീതീരത്തെ ലതാനികുഞ്ജത്തിൽ വിശ്രമിക്കുവാൻ പിൻവാങ്ങി. അനുചരന്മാർ സുഖശീതളമായ പമ്പാജലം പാനംചെയ്തും സുമധുരങ്ങളായ വനപക്വങ്ങൾ ഭുജിച്ചും ക്ഷീണംപോക്കി. അപ്പോളതാ, അല്പം ദൂരെ വനത്തിൽനിന്നു് ഒരു ശിശുവിൻെറ രോദനസ്വരം രാജാവിൻെറ ചെവിയിൽ പതിക്കുന്നു! നിസ്സന്താനനായ രാജാവു് ശിശുക്കളിൽ അത്യാസക്തനാണു്. കുട്ടികളെ എവിടെ കണ്ടാലും അദ്ദേഹം കൈയിലെടുത്തു ചുംബിക്കും; ലാളിക്കും. വനമദ്ധ്യത്തിൽക്കേട്ട സ്വരം അദ്ദേഹത്തെ ഹഠാദാകൎഷിച്ചു. ഗാഢവിശ്രമത്തിൽ ലയിച്ചിരുന്ന അനുചരന്മാരെയോ, മന്ത്രിയെപ്പോലുമോ വിളിക്കാതെ രാജാവു് ശബ്ദം പുറപ്പെട്ട സ്ഥാനത്തെ ലക്ഷ്യമാക്കി ശീഘ്രഗതിയിൽ നടന്നു. അടുത്തുള്ള ഒരു പൎണ്ണശാലയിൽനിന്നാണു് ആ ശിശുരോദനത്തിൻെറ ഉല്പത്തിയെന്നു് അദ്ദേഹം മനസ്സിലാക്കി അവിടെയെത്തി. അവിടെ ധ്യാനത്തിൽ ലയിച്ച ഒരു യോഗി ഇരിക്കുന്നതായി കണ്ടു. കുട്ടിയുടെ കരച്ചിൽ അദ്ദേഹം കേൾക്കുന്നേയില്ല. പാൎശ്വത്തിലുള്ള തൊട്ടിലിൽ, കൈകാൽ കുടഞ്ഞും, ഇളകിമറിഞ്ഞും ഒരു ശിശു കിടന്നിരുന്നു. അതിൻെറ ഓമനമുഖം കണ്ടതോടുകൂടി രാജാവു് മറെറല്ലാം മറന്നു് അതിനെ കൈയിൽ കോരിയെടുത്തു മാറോടുചേൎത്തു പലവുരു ചുംബിച്ചു. അതു കരച്ചിൽ നിറുത്തി, പൂൎവ്വപരിചയംകൊണ്ടെന്നപോലെ തോളിലേക്കു ചാഞ്ഞു. വീണ്ടും രാജാവിൻെറ മുഖത്തേക്കു നോക്കി. ആനന്ദപുളകിതനായ രാജാവു് കുഞ്ഞിനെ രണ്ടു കൈയിലും കുറുകെ കിടത്തി തൊട്ടിലിലെന്നപോലെ അങ്ങോട്ടുമിങ്ങോട്ടും ആട്ടി. ഹാ! എത്ര സ്വൎഗ്ഗീയമായ ഒരു പുഞ്ചിരിയും കൊഞ്ചലുമാണു് ആ കോമളമുഖത്തു കളിയാടിയതു്! കണ്ഠത്തിൽ അണിഞ്ഞിരുന്ന മണി കുട്ടിയുടെ തേജസ്സു് അനേകമടങ്ങു വൎദ്ധിപ്പിച്ചു. രാജാവു മതിമറന്നു നിന്നുപോയി.

നിസ്സന്താനനായ അദ്ദേഹം അതിനുമുമ്പു് അങ്ങനെയൊരാത്മനിർവൃതി അനുഭവിച്ചറിഞ്ഞിരുന്നില്ല. അനിയന്ത്രിതമായ വാത്സല്യപ്രകൎഷത്തോടെ അദ്ദേഹം വീണ്ടും ആ ശിശുവിനെ മാറിൽ ചേൎത്തു പുണൎന്നു.

അപ്പോഴേക്കും യോഗി ധ്യാനത്തിൽനിന്നുണൎന്നു. ചില പൂജാദ്രവ്യങ്ങളുമായി സാത്വികസൗന്ദൎയ്യം തുളുമ്പുന്ന ഒരു യുവയോഗിനിയും വന്നുചേൎന്നു. പൂജാദ്രവ്യങ്ങൾ ശേഖരിക്കാൻ വെളിയിൽ പോയിരുന്ന അവർ യോഗിയുടെ സന്തതസഹചാരിണിയായിരുന്നു. രാജാവിനെക്കണ്ടു് ഇരുപേരും വിസ്മയഭരിതരായി നിന്നു. ശിശുവാകട്ടെ, അപരിചിതനായ ആഗതൻെറ തോളിലും കൈകളിലും അമൎന്നു ചവിട്ടിക്കുതിച്ചു കളിക്കുകയായിരുന്നു; സുപരിചിതഭാവത്തിൽ മന്ദഹസിക്കുകയും കൊഞ്ചുകയുമായിരുന്നു. രാജാവാണെങ്കിൽ പുത്രനിൎവ്വിശേഷമായ വാത്സല്യത്തോടെ കുട്ടിയെ പുണരുന്നു. ആ ഋഷിദമ്പതിമാർ ഈ ആകസ്മികസംഭവത്തിൽ സങ്കലിതവികാരങ്ങളോടെ നിലകൊണ്ടു. ആതിഥ്യസ്വീകരണത്തേക്കാൾ ശിശുലാളനയിൽ രാജാവു കാണിച്ച താല്പൎയ്യവും സ്വാതന്ത്ര്യവും അതിൽ പ്രദൎശിതമായ വാത്സല്യപൂരവുമാണു് അവരുടെ മനസ്സിൽ അപ്പോൾ മുന്നിട്ടുനിന്നതു്. രാജാവാകട്ടെ, അമിതസ്വാതന്ത്ര്യം കാണിച്ചുവോ എന്ന സംശയംമൂലം ചകിതഹൃദയനായി കാണപ്പെട്ടു.

ആതിഥേയനായിരുന്നു ആദ്യം മൗനം ഭഞ്ജിച്ചതു്. അദ്ദേഹം ഇപ്രകാരം പറഞ്ഞു:

''മഹാനുഭാവൻ! കൃത്യാന്തരമദ്ധ്യേയുണ്ടായ അങ്ങയുടെ ആകസ്മികാഗമനത്തിൽ ആതിഥ്യമൎയ്യാദകൾ വിസ്മരിച്ചതു സദയം ക്ഷമിച്ചാലും.''

രാജാവു്:— മൎയ്യാദലംഘനം എൻെറ പക്കൽനിന്നല്ലേ ഉണ്ടായതു്? ഈ ശിശുവിനെ ഏതു മുറയനുസരിച്ചാണു്, മാതാപിതാക്കളുടെ അനുവാദമെന്യേ അപരിചിതനായ ഞാൻ എടുത്തതു്? എൻെറ സാഹസം ക്ഷമിക്കണേ.

ഈ മുഖവുരകൾക്കുശേഷം ശിശുവിനെ തൊട്ടിലിൽ കിടത്തിയിട്ടാകട്ടെ കുശലപ്രശ്നങ്ങൾ എന്നു വിചാരിച്ചു് രാജാവു് അതിലേക്കു് ഉദ്യുക്തനായി. എന്നാൽ ശിശുവുണ്ടോ വഴങ്ങുന്നു! അവൻ രാജാവിനെ അടക്കിപ്പിടിച്ചു് വിട്ടുപിരിയാൻ കൂട്ടാക്കിയില്ല. അത്ഭുതപരതന്ത്രരായ യോഗിദമ്പതിമാർ ഒട്ടും ഭാവഭേദം പ്രദൎശിപ്പിച്ചില്ല. സംഭവിക്കേണ്ടതു് സംഭവിക്കുമെന്ന

വിശ്വാസക്കാരായിരുന്ന അവർ. യോഗി ഇപ്രകാരം പറഞ്ഞു:

''അങ്ങ് പന്തളംഭരിക്കുന്ന രാജശേഖരരാജാവാണെന്ന് എനിക്കറിയാം. ഞങ്ങളുടെ രഹസ്യങ്ങളൊന്നും ഞാൻ പറയുന്നില്ല. എങ്കിലും ഇത്രമാത്രം ധരിച്ചാലും. ഈ ശിശു ക്ഷത്രിയകുലജാതനാണ്. ഈശ്വരാംശസംഭൃതനുമാണ്. മഹത്തായ ഉദ്ദേശങ്ങൾ നിറവേററുവാനാണ് അവൻ ജന്മമെടുത്തിട്ടുള്ളത്. നാടാകെ നടമാടുന്ന ധർമ്മക്ഷയത്തിൽനിന്ന് ഇവൻ അതിനെ ഉദ്ധരിക്കും. ഇതിൽക്കവിഞ്ഞ് അവനേക്കുറിച്ച് അങ്ങിപ്പോൾ ഒന്നും അറിയേണ്ടതില്ല. അവൻ അപ്രമേയപ്രഭാവനാണെന്ന് അങ്ങേക്ക് അചിരേണ ഗ്രഹിക്കാൻ കഴിയും. ഞങ്ങൾ ആരെന്ന് ഇപ്പോൾ വ്യക്തമാകുന്നില്ല. എങ്കിലും ഇത്രയും ധരിക്കണമെന്ന് അപേക്ഷിക്കുന്നു. എന്റെ സഹധർമ്മിണി ഒരു ക്ഷത്രിയയുവതിയായിരുന്നു. ഇന്നവൾ ഒരു സന്യാസിനിയാകയാൽ പൂർവ്വാശ്രമത്തിന്റെ സൂക്ഷ്മവിവരങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. അതൊക്കെ പിന്നീടു വെളിപ്പെട്ടുകൊള്ളും. ഈ ഓമനശിശു ഇനിമേൽ അങ്ങേക്കുള്ളതാണ്. ഞങ്ങളുടെ പക്കലേക്കു വരാതെ അവൻ അങ്ങയുടെ മാറിൽത്തന്നെ പററിച്ചേർന്നിരിക്കുന്നതിൽനിന്ന് അവനും സ്വഭാവേന അത് പ്രിയമാണെന്നു വരുന്നു. ഇനി അവനെ ഞങ്ങൾ ഇങ്ങോട്ടു സ്വീകരിക്കുന്നില്ല. തന്റെ ജന്മോദ്ദേശം നിർവ്വഹിക്കാനുള്ള ഉപാധി എന്തെന്നു സ്വയം ഗ്രഹിച്ചിട്ടെന്നപോലെ അവനിതാ അങ്ങോട്ടുതന്നെ പോരുന്നു. ഇവന്റെ അത്ഭുതചരിത്രം പന്ത്രണ്ടാമത്തെ വയസ്സുമുതൽ ആരംഭിക്കും. ഇവന്റെ കഴുത്തിൽ തിളങ്ങുന്ന കനകമണിയെ അടിസ്ഥാനപ്പെടുത്തി അവനെ മണികണ്ഠൻ എന്നു വിളിക്കാം. അയ്യപ്പനെന്നാണ് അവനു ഞങ്ങളിട്ട പേര്. ഞങ്ങളുടെ പൂർവ്വസുകൃതപരിപാകംകൊണ്ട് ഇവൻ ഞങ്ങളുടെ പുത്രനായി ജനിച്ചു. ആ ജനനത്തിനിടയാക്കിയ സാഹചര്യങ്ങളൊന്നും ഞങ്ങളിപ്പോൾ വെളിപ്പെടുത്തുന്നില്ല. അവ എന്നും രഹസ്യമായിത്തന്നെ ഇരിക്കും. ഇവന്റെ ഭാവി സുവർണ്ണോജ്ജ്വലമാണ്. അന്ന് അവന്റെ ലോകോപകാരകമായ പ്രകാശധോരണിയിൽ അങ്ങയുടെ യശസ്സ് ജാജ്ജ്വല്യമാനമാകും. അങ്ങ് അനുഗൃഹീതനാണ്. അവതാരപുരുഷന്മാരായ ശ്രീരാമന്റേയും ശ്രീകൃഷ്ണന്റേയും പിതാക്കളെപ്പോലെ അങ്ങും എന്നും സ്മരിക്കപ്പെടും. ഇപ്പോൾ അങ്ങേക്കു കിട്ടുന്ന അതിദിവ്യമായ ഒരു രത്നദീപമാണ് ഇവൻ. ഞങ്ങൾ ജീവിതശിഷ്ടം വാനപ്രസ്ഥം ആചരിച്ചു മോക്ഷം സമ്പാദിക്കാനാഗ്രഹിക്കുന്നു. ഞങ്ങളെ ലോകത്തോടു ബന്ധിക്കുന്ന ഏകവസ്തു ഈ ശിശുവാണ്. അവനെ ഉചിതഹസ്തങ്ങളിൽ ഏൽപ്പിച്ചതോടുകൂടി ഞങ്ങൾ കൃതാർത്ഥരായി. ലോകത്തിൽ ഞങ്ങൾക്ക് ഒരഭിലാഷമേയുള്ളൂ. അത് ഈ പ്രദേശങ്ങളെ അന്യായമായി ആക്രമിച്ച് ആധിപത്യത്തിൽവച്ചിരിക്കുന്ന കലാപകാരികളെ തുരത്തി സാക്ഷാൽ താരകബ്രഹ്മമൂർത്തിയായ ധർമ്മശാസ്താവിന്റെ പുനഃപ്രതിഷ്ഠനടക്കുന്ന ആ മംഗളമുഹൂർത്തം കാണാനുള്ള ഭാഗ്യം കൈവരണം എന്നതാണ്. ഞങ്ങളുടെ പുത്രനായിരിക്കും മഹത്തായ ആ കർത്തവ്യം നിർവ്വഹിക്കാൻ കല്പിതനായിരിക്കുന്നതെന്ന ദിവ്യദർശനം ഞങ്ങൾക്കു ഭഗവാൻ നല്കീട്ടുണ്ട്. ആ സുദിനം കാണാൻ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കും. ആകസ്മികമായി ഇതാ അങ്ങും അധർമ്മോദ്ധാരണപ്രക്രിയയിൽ ഒരു പങ്കാളിയായി പരിണമിച്ചിരിക്കുന്നു. എത്ര വിചിത്രമായ മാർഗ്ഗങ്ങളിലൂടെയാണ് ഈശ്വരന്റെ ലോകരക്ഷാപരിപാടികൾ പ്രാവർത്തികമാകുന്നത്! നമുക്ക് ഇനിയും ഒരു മംഗളമുഹൂർത്തത്തിൽ വീണ്ടും സമാഗമമുണ്ടാകുവാൻ ധർമ്മശാസ്താവ് അനുഗ്രഹിക്കട്ടെ!''

ജന്മകൃത്യം നിറവേററിയതിലുള്ള സന്തോഷസമാധാനങ്ങളോടുകൂടി ആ മുനിദമ്പതികൾ രാജാവിനെ അനുഗ്രഹിച്ച് യാത്രയാക്കി. ജീവിതശിഷ്ടം അദ്ധ്യാത്മധ്യാനത്തിൽ ചെലവഴിക്കാൻതന്നെ അവർ തീരുമാനിച്ചു.

രാജാവിനെ തികച്ചും ആനന്ദതുന്ദിലനാക്കുന്ന വചനങ്ങളായിരുന്നു ആ സന്യാസിയിൽനിന്ന് ഉദ്ഗളിച്ചത്. പൂർവ്വരഹസ്യങ്ങളിലേക്കൊന്നും കടന്നുചോദിക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ഭാവിയിലെ ആനന്ദഭാവനയിൽ മുഴുകിനില്ക്കാനും അദ്ദേഹം തന്നെ അനുവദിച്ചില്ല. കിട്ടിയ നിധി

അമിതാനന്ദത്തോടെ അദ്ദേഹം സ്വീകരിച്ചു. ഋഷിദമ്പതികളിൽ കൃതജ്ഞതാഭാരത്തോടെ രാജാവു യാത്രപറഞ്ഞു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലയടിച്ച ആനന്ദം ആൎക്കളക്കുവൻ കഴിയും? ഉടനെതന്നെ അദ്ദേഹം വിശ്രമസ്ഥാനത്തെത്തി.*

തന്റെ അസാന്നിദ്ധ്യത്തിൽ അസ്വസ്ഥരായിത്തീൎന്ന അനുചരർ അന്വേഷണത്തിനു പുറപ്പെടാൻ ആരംഭിക്കവേയാണു് രാജാവു് മടങ്ങിയെത്തിയതു്. ഒരു ദിവ്യജ്യോതിസ്സുപോലെ അദ്ദേഹത്തിന്റെ പക്കൽ കാണപ്പെട്ട ശിശു അവരേയും വിസ്മയഭരിതരാക്കി. ഈ കാട്ടിൽനിന്നു് എങ്ങനെ ഈ അസുലഭനായ പൈതൽ? എന്നായിരുന്നു അവരുടെ വിസ്മയം. നിസ്സ്പൃഹരായ രാജാവിന്റേയും രാജ്ഞിയുടേയും അപ്രതീക്ഷിതമായ ഭാഗ്യത്തിൽ അവർ ആനന്ദപുളകിതരായി. കേവലം മൃഗയാവിനോദത്തിനിറങ്ങിയ രാജാവു് തികഞ്ഞ സുകൃതശാലിക്കൊത്തവിധം ഭാഗ്യപരിലാളിതനായിട്ടാണു് കൊട്ടാരത്തിലേക്കു മടങ്ങിയതു്. അംഗരക്ഷകനായ അറക്കുളത്തു പണിക്കരായിരുന്നു അയ്യപ്പനെ എളിയിൽ എടുത്തുകൊണ്ടു് രാജാവോടൊപ്പം പന്തളത്തേക്കു പോയതു്.

പുത്രനോടുകൂടിയുള്ള രാജാവിന്റെ ആഗമനം കൊട്ടാരത്തിൽ ഒരു മഹോത്സവത്തിന്റെ രംഗംതന്നെ സൃഷ്ടിച്ചു. അദ്ദേഹത്തിന്റേയും റാണിയുടേയും ആനന്ദാധിക്യം അവിടെ എല്ലാവരിലേക്കും വ്യാപിച്ചു. ഭാവിയിൽ പന്തളംഭരിക്കാൻ സ്വപുത്രനേക്കാൾ വാത്സല്യപാത്രമായ ഒരു രാജകുമാരൻ ഉണ്ടായതോ വലിയ ഒരനുഗ്രഹം. ആ രാജകുമാരൻ അസാധാരണ മഹിമാശാലി ആയിരിക്കുക എന്നതാകട്ടെ നിർവൃതിദായകം! രാജ്യം ആകപ്പാടെ ആഹ്ലാദഭരിതമായി.

പരസ്പരം പ്രേമബദ്ധരായ ദമ്പതികളായിരുന്നു രാജശേഖരരാജാവും രാജ്ഞിയും. നിസ്സന്താനതയെന്ന കരിനിഴൽ ബാധിച്ചിരുന്നില്ലെങ്കിൽ അവരുടേതുപോലെ ഭാഗ്യപരിലാളിതമായ ഒരു ജീവിതം വിരളമായിരുന്നേനെ. മണികണ്ഠോദയത്തോടുകൂടി ആ നിഴലും മാഞ്ഞുകഴിഞ്ഞിരിക്കുന്നു. പെറ്റുവളർത്തുന്ന പുത്രനെയെന്നപോലെ തന്നെ റാണി പുത്രനെ ലാളിച്ചു. രാജാവിന്റെ ഹൃദയത്തെ ബാധിച്ചിരുന്ന മ്ലാനത മാഞ്ഞുകഴിഞ്ഞു എന്നു് അദ്ദേഹത്തിന്റെ പ്രസന്നമായ മുഖഭാവം വിളിച്ചറിയിച്ചു. അടുത്ത കിരീടാവകാശിക്കുവേണ്ട സിദ്ധികളും കഴിവുകളും ഓമനപ്പുത്രനിൽ തികഞ്ഞിരിക്കേണ്ടതു് രാജ്യനന്മയ്ക്കുതന്നെ അത്യന്താപേക്ഷിതമായിരുന്നു. രാജാവു് ഈ വസ്തുത ശരിക്കും മനസ്സിലാക്കിയിരുന്നു. മണികണ്ഠന്റെ വിദ്യാഭ്യസനത്തിനു് അതിപ്രഗത്ഭനും, മുറയ്ക്കു കുലാചാര്യനുമായ ഒരു ഗുരുവിനെ ഏർപ്പെടുത്തി. ശിഷ്യന്റെ മേധാശക്തി മനസ്സിലായപ്പോൾ പരിണതപ്രജ്ഞനായ ഗുരു അത്ഭുതപരതന്ത്രനായി. ഒന്നു പറഞ്ഞുകൊടുക്കുമ്പോൾ, കാലേകൂട്ടി പരിചിതമായിരുന്ന ഒരു കാര്യംപോലെതന്നെയാണു ശിഷ്യനതു സ്വീകരിച്ചതു്.

''സ്ഥിരോപദേശാമുപദേശകാലേ
പ്രപേദിരേ പ്രാക്തനജന്മവിദ്യാ''

എന്നു പാൎവ്വതിദേവിയുടെ വിദ്യാഭ്യാസത്തെക്കുറിച്ചു കാളിദാസൻ പറഞ്ഞതുപോലെയാണു അയ്യപ്പന്റെ കാര്യത്തിലും സംഭവിച്ചതു്. ഗുരൂപദേശം ഒരുതരം മറവിതീൎക്കൽ മാത്രമേ ആയിരുന്നുള്ളു. വേദശാസ്ത്രാദികളിൽ മാത്രമല്ല അസ്ത്രശാസ്ത്രാദികളിലും മണികണ്ഠന്റെ അഭ്യാസക്രമത്തെക്കുറിച്ചു് ഇതു പറയാവുന്നതാണു്. ഒരു ധൎമ്മയോദ്ധാവിനു്, ലോകോദ്ധാരകനു്, ആവശ്യമായ സകലസിദ്ധികളും അയ്യപ്പൻ ഏററവും കുറഞ്ഞ സമയംകൊണ്ടു നേടി. സൎവ്വശാസ്ത്രപാരംഗതനായതോടൊപ്പം ആയുധാഭ്യാസം, അശ്വവിദ്യ, സേനാവ്യൂഹം എന്നിവയിലും അത്ഭുതകരമായ പാടവം ആ യുവാവു സമ്പാദിച്ചു. ഖഡ്ഗചുരികാദികൾ പ്രയോഗിക്കുന്നതിൽ പ്രദൎശിപ്പിച്ച പ്രഗത്ഭത പ്രേക്ഷകരേയും പ്രതിയോഗികളേയും ഒരുപോലെ വിസ്മയിപ്പിച്ചു.

ഗുരുദക്ഷിണയുടെ കാലമായി. പരമസാത്വികനായ ഗുരുവിനു ധനപരമോ, സ്ഥാനമാനസംബന്ധമോ ആയ അഭിലാഷങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ശിഷ്യൻ പിന്നെ എന്താണു നല്ലേണ്ടതെന്ന ചോദ്യം

* അയ്യപ്പന്റെ ജനനം സംബന്ധിച്ചുള്ള ഈ വിവരണത്തിനു് അവലംബം ശ്രീ പി. ആർ. രാമവൎമ്മരാജായുടെ ശ്രീഅയ്യപ്പൻ എന്ന ഗ്രന്ഥമാണു്.

അവശേഷിച്ചു. ഗുരു ഒരവസരത്തിൽ ശിഷ്യനോടിങ്ങനെ പറഞ്ഞു: ''പ്രിയദർശനാ, നിന്നെപ്പോലെ സൽഗുണനിധികളായ ശിഷ്യന്മാർ എനിക്കുണ്ടായിട്ടില്ല. ഇതുപോലെയുള്ള ഒരു ശിഷ്യനെ വിദ്യ അഭ്യസിപ്പിക്കുന്നതിനുള്ള ഭാഗ്യം ഉണ്ടായതുതന്നെ പരമാനുഗ്രഹമാണ്. ലോകത്തിൽ എത്ര ഗുരുക്കന്മാരുണ്ട് ഇതുപോലെ ഒന്നവകാശപ്പെടാൻ അർഹതയുള്ളവരായിട്ട്? അതുകൊണ്ടു ഞാനൊരു ഗുരുദക്ഷിണ ആവശ്യപ്പെടുന്നതു് അധികപ്പററായിരിക്കും. നിൻെറ ഗുരുസ്ഥാനപദവിതന്നെ എനിക്കൊരു സമ്പത്താണ്. എങ്കിലും എനിക്കു ലോകത്തിലൊരഭിലാഷമുള്ളതു് മറച്ചുവയ്ക്കുന്നതു ആത്മവഞ്ചനയായിരിക്കും. അതു് എന്തെന്നു പറയാം. എൻെറ ഏകപുത്രൻ ജന്മനാ അന്ധനും മൂകനുമാണ്. അവനു കാണാനും സംസാരിക്കാനും കഴിഞ്ഞിരുന്നുവെങ്കിൽ! അത്ഭുതസിദ്ധികളുള്ള ഒരസാധാരണനാണു നീയെന്നെനിക്കു ഗ്രഹിക്കാൻകഴിഞ്ഞു. ആവക സിദ്ധികൾ വല്ലതും എൻെറ ഈ അഭിലാഷസാദ്ധ്യത്തിനു പ്രയോജനപ്പെടുത്താമെങ്കിൽ അതിനെക്കാൾ വലുതായ ഒരനുഗ്രഹം ഉണ്ടാകാനില്ല.''

വിനീതനായ ശിഷ്യൻ ഗുരുവിൻെറ അഭീഷ്ടം സാധിക്കാമെന്നേററു. ഗുരുപുത്രനെ അരികിൽവരുത്തി അവൻെറ ഗാത്രത്തിൽ കരുണയോടെ തലോടേണ്ട ആവശ്യമേ ഉണ്ടായിരുന്നുള്ളു, അവൻെറ അന്ധതവും മൂകതവും മാറിക്കിട്ടാൻ. അത്ഭുതപരതന്ത്രനായ ഗുരു ശിഷ്യൻെറ ദിവ്യതയുടെ കാര്യത്തിൽ ഛിന്നസംശയനായി ഭക്തിപാരവശ്യത്തോടെ നിന്നു. ശ്രീ അയ്യപ്പന്റെ ദിവ്യത ആദ്യമായി അനുഭവത്തിൽ കണ്ടു ഭാഗ്യവാരിധിയായ ആ ഗുരുനാഥനായിരുന്നു. എന്നാൽ സമുചിതമായ സന്ദർഭവും കാലവും സമാഗതമാകുന്നതുവരെ ഈ വസ്തുത ആരേയും അറിയിക്കേണ്ടതില്ലെന്നു മണികണ്ഠൻ നിർദ്ദേശിച്ചു. ഗുരുവരനാകട്ടെ തൻെറ ജീവിതത്തിലെ ഏററവും വലിയ അല്ലൽ തീർന്നതിൽ ചരിതാർത്ഥനായി ആനന്ദതുന്ദിലനായി നിലകൊണ്ടു. അദ്ദേഹത്തിനു കൃതജ്ഞതാസൂചകമായി എന്തെങ്കിലും പറയുവാൻ വാക്കുകൾ ലഭിച്ചില്ല. അനുഗ്രഹാശിസ്സുകളോടെ ശിഷ്യൻെറ മൂർദ്ധാവിൽ കൈകൾ വച്ചുകൊണ്ടു് ഇത്രയും മാത്രം പറഞ്ഞു: ''അപ്രമേയപ്രഭാവനായ അങ്ങയെ അനുഗ്രഹിക്കാൻ ഞാൻ ആര്? എങ്കിലും മനുഷ്യാവസ്ഥയ്ക്കു ഞാനും ഒരു ഭാഗം അഭിനയിക്കണമല്ലോ. ഈ പുണ്യഭൂമിയെ ഗ്രസിച്ചിരിക്കുന്ന ഗ്ലാനി നിവാരണം ചെയ്തു് ധർമ്മസംസ്ഥാപനം ചെയ്യാനാവശ്യമായ ഓജസ്സും ആയുസ്സും സൽക്കീർത്തിയും അങ്ങേക്കു കൈവരട്ടെ.''

ആയുധവിദ്യയിൽ ആദ്യഗുരുവിൽനിന്നു ലഭിച്ച പ്രാഥമികാഭ്യസനങ്ങളെ അയ്യപ്പൻ അനേകമടങ്ങു പൊലിപ്പിച്ചു. ചുരിക പ്രയോഗിക്കുന്നതിലായിരുന്നു അദ്ദേഹം ഏററവും കൂടുതൽ സാമർത്ഥ്യം പ്രദർശിപ്പിച്ചതു്. പന്തളംകളരി അക്കാലങ്ങളിൽ ആയോധനപടുക്കളായ വീരപുരുഷന്മാരുടെ സങ്കേതസ്ഥാനമായിരുന്നു. അവരിൽ പ്രധാനികൾ കൊച്ചുകടുത്ത, കൃഷ്ണൻ എന്നു തുടങ്ങിയ ഏതാനും യുവധീരന്മാരായിരുന്നു. പ്രായത്തിൽ അവർ അയ്യപ്പനെ കവിഞ്ഞുനിന്നിരുന്നെങ്കിലും പയററുമുറകളിൽ ക്രമേണ അവർ ഓരോരുത്തരായി അദ്ദേഹത്തിനു വിധേയരായിത്തീർന്നു. വിശേഷിച്ചും കൊച്ചുകടുത്ത അയ്യപ്പൻെറ ഏററവും പ്രധാനശിഷ്യനായിത്തീർന്നു. പന്തളം കളരിയുടെ ആഭിമുഖ്യത്തിൽ വിശേഷസന്ദർഭങ്ങളിൽ പല മത്സരങ്ങളും നടത്തപ്പെട്ടു. അവയിൽ പങ്കുകൊള്ളാൻ വെളിയിൽ നിന്നും വീരപുരുഷന്മാർ ആഗതരാകുക പതിവായിരുന്നു. അയ്യപ്പൻെറ അസാധാരണമായ സാമർത്ഥ്യപ്രകടനങ്ങൾക്കു് ഈ സന്ദർഭങ്ങൾ ഏററവും പ്രയോജകീഭവിച്ചു. കേരളക്കരയുടെ നാനാഭാഗങ്ങളിലെ കളരികളിൽനിന്നാഗതരായ ആയോധനപടുക്കളെല്ലാവരും അദ്ദേഹത്തിൻെറ മഹത്വം സമ്മതിച്ചുകൊടുത്തു. അതോടുകൂടി അയ്യപ്പൻെറ പ്രശസ്തി നാടാകെ വ്യാപിച്ചു. ഒരു പ്രദേശത്തിനു മാത്രമുള്ള നേതൃത്വത്തിൽ കവിഞ്ഞു്, നാടടക്കമുള്ള നായകത്വത്തിന് അദ്ദേഹത്തിനുള്ള യോഗ്യതയെക്കുറിച്ചു് ജനങ്ങളുടെ ഇടയിൽ വലുതായ മതിപ്പുണ്ടായി.

യോഗവേദാന്തങ്ങളിലും ആത്മവിദ്യയുടെ അഗാധതലങ്ങളിലും അദ്ദേഹത്തിൻെറ അവഗാഹം ആരുടേയും അത്ഭുതാദരങ്ങളെ ആവർജ്ജിക്കത്തക്കതായിരുന്നു. മനോവാക്കായങ്ങളുടെ നിയന്ത്രണവും

ശിക്ഷണവും യോഗാഭ്യാസമുറകളുടെ ഉയന്നകോടികളിലുള്ള ഏകാഗ്രപരിശീലനവും കൊണ്ട് അമാനുഷികങ്ങളായ പല സിദ്ധികളും അദ്ദേഹം നേടി. യൗഗികമനോഭാവവും സർവ്വജീവജാലങ്ങളോടുമുള്ള സമഭാവന, വൈരത്യാഗം മുതലായവയും കൊണ്ടു ദുഷ്ടജന്തുക്കളെപ്പോലും ശിഷ്യരെപ്പോലെ ഇണക്കത്തിൽ നിറുത്താനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായി. മനുഷ്യൻ അതിമാനുഷികതയിലേക്കു വളരുന്ന പ്രതീതിയാണ് അയ്യപ്പന്റെ വളർച്ചയിൽ കാണപ്പെട്ടത്.

ദിനേദിനേയെന്നോണം വർദ്ധിതമായിവന്ന അയ്യപ്പന്റെ പ്രഭാവം രാജശേഖരരാജാവിനേയും രാജ്ഞിയേയും ആനന്ദാബ്ധിയിലാറാടിച്ചു. അടുത്ത കിരീടാവകാശി അയ്യപ്പൻതന്നെയെന്ന് ഇരുപേരും തീരുമാനിച്ചുകഴിഞ്ഞിരുന്നു. എന്നാൽ, ആ കാലഘട്ടത്തിൽത്തന്നെ ഭാവിപ്രാധാന്യമുള്ള ഒരു സംഭവം നടന്നിരുന്നു. അതു മറ്റൊന്നുമല്ല. റാണിക്ക് ഒരു പുത്രൻ ജാതനായി. രാജരാജൻ എന്ന ആ പുത്രനും പ്രായമായിവരികയായിരുന്നു. എന്നിട്ടും ഗുണവതിയായ ആ സ്ത്രീരത്നത്തിന് അനന്തരാവകാശിയുടെ കാര്യത്തിൽ മുൻപെടുത്ത തീരുമാനത്തിൽ യാതൊരെതിരഭിപ്രായവും തോന്നിയില്ല. മണികണ്ഠനെ അവർ പണ്ടേപ്പോലെതന്നെ സ്നേഹിച്ചു. എന്നാൽ രാജഗൃഹങ്ങൾക്കു സഹജമായ ഉപജാപങ്ങൾ അവിടെയും രൂപംകൊള്ളുന്നുണ്ടായിരുന്നു. രാജാവ് വിഷമമേറിയ രാജ്യകാര്യങ്ങൾ സംബന്ധിച്ചു മണികണ്ഠകുമാരനുമായി ആലോചിച്ചുവന്നതു് മന്ത്രിക്ക് ഒട്ടും രോചകമായില്ല. അങ്ങനെയിരിക്കെ രാജാവ് തന്റെ തീരുമാനങ്ങൾ പരസ്യമായി പ്രഖ്യാപിച്ചു. അവയിൽ ഒന്ന് അയ്യപ്പനെ യുവരാജാവായി അഭിഷേകംചെയ്യണമെന്നായിരുന്നു. രാജ്യഭാരം അയ്യപ്പനെ ഏല്പിച്ചിട്ട് തനിക്കു വാനപ്രസ്ഥം സ്വീകരിക്കണമെന്നതായിരുന്നു മറ്റേതു്. റാണി, കുലാചാര്യൻ, ജനപ്രമാണികൾ മുതലായ പലരോടാലോചിച്ചാണ് ഈ തീരുമാനങ്ങളെടുത്തതു്. മന്ത്രിയെ വരുത്തി അഭിഷേകത്തിനുവേണ്ട ഒരുക്കങ്ങൾ ചെയ്യാൻ ആലോചിക്കുകയുംചെയ്തു.

ഈ തീരുമാനം മന്ത്രിക്ക് അത്യന്തം അരോചകമായിരുന്നെങ്കിലും, അതൊന്നും ഭാവിക്കാതെ എല്ലാത്തിലും അനുസരണം നടിക്കുകയാണുണ്ടായതു്. ഒരു മാസത്തിനകം ഒരുക്കങ്ങൾ പൂർത്തിയാക്കാമെന്നേല്ക്കുകയുംചെയ്തു. ജനങ്ങൾ അഭിഷേകവാർത്ത ആഹ്ലാദാരവങ്ങളോടെ സ്വീകരിച്ചു. റാണിയുടെ പുത്രനായ രാജകുമാരൻ അതിൽ സന്തോഷിക്കുകമാത്രമല്ല, ആഘോഷങ്ങൾക്കുവേണ്ട ഒരുക്കങ്ങൾ ചെയ്യാൻ മുന്നിട്ടുനിന്നു പ്രവർത്തിക്കുകകൂടിച്ചെയ്തു. പിതാവിന്റെ വാർദ്ധക്യത്തെക്കുറിച്ചു വിചാരിച്ചപ്പോൾ എത്രനേരത്തെ ജ്യേഷ്ഠൻ രാജ്യഭാരം ഏല്ക്കുന്നുവോ അത്രയ്ക്ക് അതു് അച്ഛന് ആശ്വാസദായകമായിരിക്കുമെന്ന് ആ രാജകുമാരൻ വിചാരിച്ചു. രാജ്യാഭിഷേകവാർത്ത കേട്ടറിഞ്ഞ പൗരസഞ്ചയം ആഹ്ലാദത്താൽ മതിമറന്നു് ആഘോഷങ്ങൾക്ക് ഒരുങ്ങിക്കഴിഞ്ഞു. കൊടിതോരണാദികൾ കൊണ്ട് അവർ രാജവീഥികൾ അലങ്കരിച്ചു.

ഒരുമാസത്തിനകം അഭിഷേകത്തിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയാക്കണമെന്നുവന്നപ്പോൾ മന്ത്രിയുടെ ഉപജാപത്തിന് ഊർജ്ജിതം വർദ്ധിച്ചു. രാജാവിന്റെ വാർദ്ധക്യം, റാണിയുടെ പിടിപ്പുകേട്, ഇളയരാജകുമാരന്റെ പ്രായക്കുറവ് എന്നിങ്ങനെ പല സാഹചര്യങ്ങളും ഒത്തിണക്കി ചിന്തിച്ചപ്പോൾ മണികണ്ഠനെ രംഗത്തുനിന്നു തള്ളിക്കളയേണ്ട ആവശ്യമേയുള്ള തനിക്ക് എല്ലാം കൈവശമാക്കാൻ എന്നാണ് ആ കുടിലഹൃദയൻ കരുതിയതു്. ഏതുവിധമെങ്കിലും മണികണ്ഠനെ അപായപ്പെടുത്തുക എന്നതായി മന്ത്രിയുടെ ഈപ്സിതം.

മണികണ്ഠകുമാരന്റെ വാഴ്ചയ്ക്കു സാർവ്വത്രികമായി ലഭിച്ച സ്വാഗതം കണ്ടപ്പോൾ മന്ത്രി ചകിതഹൃദയനായി. മറ്റധികം ആളുകളുടെ ആനുകൂല്യത്തോടെ കുമാരനെതിരായുള്ള യാതൊരുപജാപവും പ്രായോഗികമല്ലെന്ന് അയാൾ മനസ്സിലാക്കി. പിന്നെ രഹസ്യമായ വളഞ്ഞവഴികളല്ലാതെ മററധികമൊന്നും അവലംബ്യമായി അയാൾ കണ്ടില്ല, അഭിഷേകത്തിനുള്ള ഒരുക്കങ്ങൾ പുറമേ നടത്തുന്നതോടൊപ്പം ഒരു ദുഷ്പ്രചരണസംരംഭവും ആരംഭിച്ചു. മണികണ്ഠൻ, കാട്ടിൽനിന്നു രാജാവിനു കിട്ടിയ ഒരു കാട്ടാളശിശുവായിരുന്നെന്നും, ആ രാജകുമാര

ന്റെ വാഴ്ചയോടുകൂടി രാജവംശത്തിനു ഭ്രഷ്ടു സംഭവിച്ചുപോകുമെന്നും പറഞ്ഞുപരത്തി. അതു ഫലിക്കാതെയായപ്പോൾ മണികണ്ഠനു ജീവഹാനിവരുത്താനുള്ള യത്നമായി അടുത്തതു്. ചില ദുർമ്മന്ത്രവാദികളെ വരുത്തി ആഭിചാരങ്ങൾ ചെയ്തുനോക്കി. അതു് ഒട്ടൊക്കെ ഫലിച്ചതായും തോന്നി. ശരീരമാസകലം ഭയങ്കരവ്രണങ്ങൾ ബാധിച്ചു മണികണ്ഠൻ കിടപ്പായി. അതിനിപുണരായ ഭിഷഗ്വരന്മാർ ചികിത്സിച്ചിട്ടും ഫലമില്ലാതെ അദ്ദേഹം അവശനിലയിലായി. തേജോമയമായ ആ സൗന്ദര്യം മങ്ങിക്കാണപ്പെട്ടു. പക്ഷേ, അതുകൊണ്ടൊന്നും ആ മഹാപ്രഭാവശാലിക്കു കുഴപ്പമൊന്നും സംഭവിച്ചില്ല. ഏതൊരു ദിവ്യമഹസ്സിന്റെ അംശസംഭവനായിരുന്നോ അദ്ദേഹം, ആ ആദിധാമത്തെത്തന്നെ അഭയംപ്രാപിക്കേണ്ട കാര്യമേയുണ്ടായിരുന്നുള്ള സ്വന്തം സുരക്ഷിതത്വത്തിനു്. അദ്ദേഹം അങ്ങനെ ചെയ്തു. ഭക്തിപൂർവ്വമുള്ള ആ പ്രാർത്ഥനകൊണ്ടുള്ള ഈശ്വരാനുഗ്രഹം ഉടനെ ലഭിച്ചു.

അവിചാരിതമായി അവിടെ ഒരു വൃദ്ധസന്യാസിയുടെ ആഗമനമുണ്ടായി. മണികണ്ഠന്റെ അവശനില കണ്ടു് അദ്ദേഹം ചില ശുശ്രൂഷകൾ ചെയ്തു. വ്രണങ്ങളിൽ മൃദുലമായി തലോടി വാത്സല്യപൂർവ്വം ആശ്ലേഷിച്ചിട്ടു് നെററിയിൽ ഭസ്മംചാർത്തി. അതോടെ മണികണ്ഠന്റെ രോഗം മാറി. ശ്രീപരമശിവൻതന്നെയായിരുന്നു പ്രസ്തുതസന്യാസിയെന്നാണു് ഭക്തജനവിശ്വാസം.

രണ്ടാമത്തെ ഈ പരാജയം മന്ത്രിയെയും ഉപജാപകസംഘത്തെയും സംഭ്രാന്തരാക്കി. അമാനുഷികശക്തികളുടെ പ്രവർത്തനം അതിലൊക്കെ അത്രമാത്രം സ്പഷ്ടമായിരുന്നു. എന്നിട്ടും ആ കുടിലതന്ത്രജ്ഞൻ തന്റെ അടവുകളിൽനിന്നു പിൻവാങ്ങിയില്ല. സ്വപുത്രന്റെ ജന്മദിനാഘോഷത്തിൽ പങ്കുകൊള്ളാനെന്ന വ്യാജേന മണികണ്ഠനെ സ്വഗൃഹത്തിലേക്കു ക്ഷണിച്ചു. പിതാവിന്റെ അനുമതിയോടുകൂടി അയ്യപ്പൻ അവിടെ സന്നിഹിതനാവുകയും വിളമ്പിയ ആഹാരം (അതു് വിഷസങ്കലിതമായിരുന്നു) കഴിക്കുകയും ചെയ്തുവെങ്കിലും അദ്ദേഹത്തിനു് അപകടമൊന്നും ഇത്തവണയും സംഭവിച്ചില്ല. 'ഗരുഡപഞ്ചാക്ഷര' മന്ത്രം ജപിച്ചു വിഷാഹാരം വിമലീകരിക്കാനുള്ള സിദ്ധികൾ അദ്ദേഹത്തിനു വശമായിരുന്നു.

മണികണ്ഠന്റെ ജീവഹാനിവരുത്താനുള്ള ഓരോ യത്നവും അടിക്കടി പരാജയപ്പെട്ടതോടുകൂടി നൈരാശ്യഭരിതനായിത്തീർന്ന മന്ത്രി, തന്റെ ബുദ്ധിശാലയിലെ അവസാനകരു പ്രയോഗിക്കാനുള്ള ഒരുക്കമായി. എന്നാൽ അത്ര ലഘുവായി സംഘടിപ്പിക്കാവുന്ന ഒരു പദ്ധതിയായിരുന്നില്ല മന്ത്രിയുടെ മനസ്സിലുണ്ടായിരുന്നതു്. സ്വപുത്രനെക്കാൾ മണികണ്ഠനെ സ്നേഹിച്ചിരുന്ന രാജ്ഞിയുടെ ഒത്താശയും സഹകരണവും ലഭിച്ചെങ്കിലേ അതു പ്രയോഗതലത്തിൽ സഫലമാകുമായിരുന്നുള്ളു. അയ്യപ്പനെ അപായകരമായ ഒരു സാഹസികയത്നത്തിനു നിയോഗിക്കുക എന്നതായിരുന്നു മന്ത്രിയുടെ തന്ത്രം. റാണിയുടെ ജീവരക്ഷയ്ക്കാവശ്യമായ ഒരപൂർവ്വ ഔഷധത്തിനു് അയ്യപ്പനെ അയയ്ക്കണം. അതിലേക്കു കളമൊരുക്കുന്നതിനായി മന്ത്രി ആദ്യമായി റാണിയെത്തന്നെ സമീപിച്ചു. റാണിയുടെ സ്ത്രീസഹജവും, വിശേഷിച്ചു മാതൃപരവുമായ ചിത്തവൃത്തികളെ ചൂഷണംചെയ്യാനുള്ള ഒരു യത്നം അയാൾ ആരംഭിച്ചു. അജ്ഞാതപൈതൃകനായ മണികണ്ഠനെ യുവരാജാവായി അഭിഷേകംചെയ്താൽ റാണി പെററുവളർത്തിയ സ്വസന്താനമായ രാജരാജകുമാരന്റെ ഗതിയെന്തെന്നു് മന്ത്രി സയുക്തികം ചോദിച്ചു. രാജ്ഞിക്കും മകനും തെരുവുതന്നെ ആശ്രയമെന്നായിരുന്നു മന്ത്രി ചൂണ്ടിക്കാട്ടിയതു്. റാണി അതിനുമുൻപു് ഇങ്ങനെയുള്ള കാര്യങ്ങളൊന്നും ആലോചനാവിഷയമാക്കിയിരുന്നില്ല. മന്ത്രി പറഞ്ഞ കാര്യം അത്ര വിഗണിക്കത്തക്കതായിരുന്നുമില്ല. തന്റെ ഭാവിയെക്കുറിച്ചു പെട്ടെന്നൊരു ഞെട്ടലാണു് അവൾക്കപ്പോൾ ഉണ്ടായതു്. എങ്കിലും മണികണ്ഠനിൽ റാണിക്കു് അങ്ങേയററത്തെ വിശ്വാസമായിരുന്നു. ഒരു മകനും സ്വന്തം മാതാവിനെ ഇതുപോലെ സ്നേഹിച്ചിട്ടില്ലെന്നവൾക്കറിയാം. അതുകൊണ്ടു മന്ത്രിയുടെ യുക്തിവാദം ആദ്യം 'നാളീകം കരിമ്പനമേലെയ്തുപോലെ'യായി. മണികണ്ഠനെ താൻ പെററ മൂത്തപുത്രനായി

കരുതുന്നെങ്കിൽ പിന്നെ മന്ത്രി ഉന്നയിച്ച പ്രശ്നമേ ഉദിക്കുന്നില്ലല്ലൊ എന്നു് അവർ പറഞ്ഞുനിന്നു. എന്നിട്ടും അവരുടെ സ്ത്രീഹൃദയത്തിൽ മന്ത്രി കടത്തിവിട്ട ദുർവ്വിഷാണുക്കൾ അവയുടെ ജോലി നിർവ്വഹിക്കുന്നുണ്ടായിരുന്നു. ''എന്റെ പുത്രൻ മണികണ്ഠന്റെ ദാസനാകയോ? ഞങ്ങൾക്കു സ്ഥാനഭ്രംശമോ?'' എന്നിങ്ങനെയുള്ള ചോദ്യങ്ങൾ അവരുടെയുള്ളിൽ താനേ ഉയർന്നു.

കുടിലനായ മന്ത്രിക്കു് ഈ മനശ്ശാസ്ത്രം നല്ലപോലെ അറിയാമായിരുന്നു. അതിനാൽ ആദ്യം വാക്കുമുട്ടിയെങ്കിലും പിന്നീടു കുറിക്കുകൊള്ളുന്ന ഓരോ പ്രയോഗങ്ങൾ അയാൾ ആരംഭിച്ചു. സ്വന്തം പുത്രനായ രാജരാജനും, വന്നുകേറിയ മണികണ്ഠനും തമ്മിലുള്ള സ്വാഭാവികമായ അന്തരം റാണി ഗ്രഹിച്ചിട്ടുണ്ടോ എന്നു് അയാൾ ചോദിച്ചു. നല്ല കുലത്തിൽ ജനിച്ച ഒരു സന്താനത്തെയാണു് രാജരാജന്റെ അവകാശിയാക്കി രാജാവു് അംഗീകരിച്ചതെങ്കിൽ തനിക്കു യാതൊരു പരാതിയുമില്ലായിരുന്നെന്നും, നേരെ മറിച്ചു കാട്ടിലെവിടെയോ നിന്നു് പിതൃത്വം നിശ്ചയമില്ലാത്ത ഒരു വനചരബാലനെ രാജാവു് എഴുന്നെള്ളിച്ചു കൊണ്ടുവന്നതു നിർഭാഗ്യകരമായിപ്പോയെന്നും, നിസ്സന്താനനായിരുന്നകാലത്തു് ആസന്നവാർദ്ധക്യനായ രാജാവു് അങ്ങനെയൊരു വിവേകക്കുറവു കാണിച്ചെങ്കിൽത്തന്നെയും, ഈശ്വരാനുഗ്രഹത്താൽ സ്വന്തം പട്ടമഹിഷിയിൽ ഒരോമനപ്പുത്രൻ ഉണ്ടായിരുന്നിട്ടും, ഈ മൗഢ്യം തുടരുന്നതു് ചുമതലയുള്ള ഒരു മന്ത്രിയെന്നനിലയിൽ കണ്ടുകൊണ്ടിരിക്കാൻ മനസ്സനുവദിക്കുന്നില്ലെന്നും, രാജ്യാവകാശിയായ പുത്രനെ പ്രസവിച്ച അമ്മ എന്ന നിലയിൽ റാണിയും തന്റെ പുത്രനോടുള്ള കടമ വിസ്മരിക്കുന്നതു കൊടുംപാപമാണെന്നും മന്ത്രി ശക്തിയുക്തം വാദിച്ചു. രാജാവിന്റെ കാലശേഷം മണികണ്ഠൻ ഭരിക്കുന്നതും, രാജരാജൻ ഭരിക്കുന്നതും തമ്മിൽ റാണിയുടെ ഭാവിഭാഗ്യം സംബന്ധിച്ചിടത്തോളം അജഗജാന്തരം ഉണ്ടെന്നും സ്വന്തം പുത്രൻ ഭരിച്ചാൽ മാത്രമെ മാതാവിനു് എന്തെങ്കിലും സൗഭാഗ്യമുണ്ടാകാൻ സാദ്ധ്യതയുള്ളുവെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

മൃദുഹൃദയയായ റാണിയിൽ ലീനമായിക്കിടക്കുന്ന സന്താനവാത്സല്യത്തെ മുമ്പു തീണ്ടിയിട്ടില്ലായിരുന്ന പക്ഷപാതചിന്ത ഈ ദുർമന്ത്രഫലമായി തലപൊക്കി വിജൃംഭിച്ചുതുടങ്ങി. എങ്കിലും രാജാഭിഷേകത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിച്ചുകഴിഞ്ഞിരിക്കുന്ന സന്ദർഭത്തിൽ അതിനു വിഘ്നമുണ്ടാക്കുന്ന ഒരു പരിപാടിയെപ്പറ്റി ചിന്തിക്കാൻ അവർ ശക്തയായില്ല. തന്റെ വിഷമത്തെക്കുറിച്ചു റാണി മന്ത്രിയോടു തുറന്നു പറഞ്ഞു. അഭിഷേകം മുടക്കണമെന്നു പറയേണ്ട ആവശ്യമേ ഉദിക്കുന്നില്ലെന്നായിരുന്നു മന്ത്രിയുടെ മറുപടി. കൗശലപൂർവ്വം കൈകാര്യംചെയ്യാവുന്ന കാര്യമേ അതിലുള്ളു എന്നു് അയാൾ അറിയിച്ചു. അതെങ്ങനെയെന്നകാര്യത്തിൽ ജിജ്ഞാസുവായ റാണിക്കു് അയാൾ ഇപ്രകാരം വിശദീകരിച്ചു കൊടുത്തു: ''റാണി കഠിനമായ തലവേദനയാണെന്നു നടിച്ചു് അവശനിലയിൽ കിടക്കണം. ചികിത്സയ്ക്കു പ്രത്യേകം ആനയിക്കപ്പെടുന്ന ഭിഷഗ്വരന്മാർ പുലിപ്പാൽ കൊണ്ടുള്ള ഔഷധം കഴിച്ചാലേ രോഗം ശമിക്കു എന്നു വിധിക്കും. മനുഷ്യസാദ്ധ്യമല്ലാത്ത പുലിപ്പാൽസംഭരണത്തിനു്, സ്വപ്രാഭവത്തേയും സ്വന്തം മാതൃഭക്തിയേയും കുറിച്ചു് ഉദ്ധതനായ മണികണ്ഠൻ ഇറങ്ങിപ്പുറപ്പെടും. പിന്നെ അയാളുടെ ജീവനാശം സുനിശ്ചിതംതന്നെ.'' ഇതായിരുന്നു ആ മന്ത്രിയുടെ പദ്ധതി. അതു പ്രാവർത്തികമാക്കുന്ന ചുമതല താൻതന്നെ ഏറ്റുവെന്നും, റാണി തന്റെ പങ്കു്—രോഗനാട്യം—സമർത്ഥമായി നിർവ്വഹിക്കേണ്ട ആവശ്യമേയുള്ളുവെന്നും മന്ത്രി പറഞ്ഞു. സ്വപുത്രൻ രാജാവായിക്കാണുന്നതിനു് ഏതൊരമ്മയ്ക്കാണു് ആഗ്രഹമില്ലാത്തതു്? ആ സാധുസ്ത്രീ മന്ത്രിയുടെ ഈ അടവിനു നിശ്ശേഷം വശഗതയായി. താമസിയാതെ റാണി ശയ്യാവലംബിയായി, ദുസ്സഹമായ വേദനനടിച്ചു കരച്ചിൽ തുടങ്ങി.

രാജാവു് സംഭ്രാന്തനും, വ്യാകുലചിത്തനുമായി വിഷമിച്ചു. ഭിഷഗ്വരന്മാരെ വരുത്താൻ മന്ത്രിക്കു് ആജ്ഞനല്കി. ഭിഷഗ്വരന്മാർ വന്നു. മന്ത്രി റാണിയെ ധരിപ്പിച്ച പ്രകാരത്തിലുള്ള ഔഷധംതന്നെ വൈദ്യന്മാർ വിധിച്ചു. പുലിപ്പാൽചേർത്തുള്ള ഒരപൂർവ്വൗഷധം! രാജാവു് ഞെട്ടി. പുലിയെ കണ്ടെത്തി കറന്നു പാലെടുക്കാൻ ആളാരു്? എന്നതായിരുന്നു പ്രശ്നം. ധീരന്മാരായ പടയാ

ളികളും സേനാനായകരും ഉള്ള രാജധാനിയിൽ ഈ വാർത്ത കേട്ടവർ കേട്ടവർ പകച്ചു പിന്മാറുകയേ ചെയ്തുള്ളു. എന്നാൽ ഒരാൾമാത്രം മുന്നോട്ടു വന്നു. അയ്യപ്പൻ! മാതാവിൻെറ രോഗശാന്തിക്കു പുലിപ്പാലല്ല, ദേവലോകത്തുനിന്നു കൊണ്ടുവരേണ്ട ദിവ്യൗഷധമായാലും അതു കൊണ്ടുവരേണ്ടതു്, അഥവാ കൊണ്ടുവരാൻ യത്നിക്കേണ്ടതു്, തൻെറ പ്രഥമ കർത്തവ്യമാണെന്നു വിശ്വസിച്ച പുത്രനായിരുന്നു അയ്യപ്പൻ. രാജസന്നിധിയിൽ അതു് അദ്ദേഹം തുറന്നു പ്രഖ്യാപിച്ചു. പക്ഷേ, ആ പ്രഖ്യാപനം രാജാവിനെ കൂടുതൽ സ്തംഭിപ്പിക്കുകയാണു ചെയ്തതു്. താൻ മനസ്സിൽ കെട്ടിയ സകല കോട്ടകളും തകരുന്ന ഘോരശബ്ദമായിരുന്നു അതിൽ അദ്ദേഹം കേട്ടതു്. ഇതികർത്തവ്യതാമൂഢനായി ക്ഷണനേരം അദ്ദേഹം ഇരുന്നുപോയി. ഏതൊരോമനപ്പുത്രൻെറ രാജാഭിഷേകത്തിനുവേണ്ടിയാണോ താൻ സകല ഒരുക്കങ്ങളും ആരംഭിച്ചതു്, ഏതൊരസാധാരണപ്രഭാവൻെറ സംരക്ഷണയിലാണോ തൻെറ രാജ്യത്തിൻെറയും കുടുംബത്തിൻെറയും ഭാവിമഹിമാതിശയങ്ങൾ എല്ലാം സ്വപ്നംകണ്ടിരുന്നതു്, ആ പുത്രനെ, തൻെറ വാത്സല്യഭാജനമായ മണികണ്ഠനെ, അയ്യപ്പനെ, ഈററപ്പുലികളുടെ പാലു കറക്കാൻ അയയ്ക്കുകയോ? അവയുടെ, ആ ഘോരജന്തുക്കളുടെ, ക്രൂരനഖദന്തങ്ങളാൽ പിച്ചിക്കീറപ്പെടുകയോ? സ്നേഹസമ്പന്നനായ രാജാവിനു് ഭാവനചെയ്യാൻപോലും സാദ്ധ്യമായിരുന്നില്ല ഇതുപോലെയൊരവസ്ഥ. അദ്ദേഹം വ്യസനാക്രാന്തനായി നിലംപതിച്ചു.

മണികണ്ഠൻ വിവരമറിഞ്ഞു് പിതൃസന്നിധിയിൽ എത്തി, അച്ഛനെ ഇപ്രകാരം സാന്ത്വനപ്പെടുത്തി: ''അച്ഛാ! അങ്ങു് ഒട്ടുംതന്നെ വ്യസനിക്കേണ്ടതില്ല; അധീരനാകേണ്ടതുമില്ല. അമ്മയുടെ രോഗശാന്തിക്കാവശ്യമുള്ള പുലിപ്പാൽ കൊണ്ടുവരുവാൻ എനിക്കു കഴിയും. ഒരപായവും എനിക്കു പററുകയുമില്ല. അച്ഛൻ സമാധാനചിത്തനായിരിക്കേണ്ട ആവശ്യമേയുള്ളു.''

ഈ വാക്കുകൾ രാജാവിനെ ലേശവും സാന്ത്വനപ്പെടുത്തിയില്ല. മണികണ്ഠനെപ്പോലെ മാതാപിതാക്കൾക്കുവേണ്ടി ജീവൻ ബലികഴിക്കാൻ മടിയില്ലാത്ത ഒരു പിതൃഭക്തൻ ഇതുപോലെ ഒരു സാഹസികയാത്രയ്ക്കു മുതിരുക സ്വാഭാവികമാവാം. എന്നാൽ ആ പുത്രൻ ജീവനോടെ തിരിച്ചുവരികയെന്നതു് അസാദ്ധ്യമെന്നേ അദ്ദേഹത്തിനു വിചാരിക്കാൻ കഴിഞ്ഞുള്ളു. അതുകൊണ്ടു മകനെ അതിൽനിന്നു പിൻതിരിക്കാനാണു് അദ്ദേഹം അഭിലഷിച്ചതു്. വേറെ ഭിഷഗ്വരന്മാരെ വരുത്തി മറെറന്തെങ്കിലും മരുന്നു വിധിപ്പിച്ചു് രോഗം മാററാവുന്നതേയുള്ളു എന്നു് അദ്ദേഹം പറഞ്ഞു. പക്ഷേ, മണികണ്ഠൻ സമ്മതിച്ചില്ല. തൻെറ വിജയത്തിൽ അദ്ദേഹത്തിനു് ഉറച്ച വിശ്വാസമായിരുന്നു. മന്ത്രിയുടെ കുടിലതയെ ശിക്ഷിക്കുന്നതിനു് 'ക്രിയാ കേവലമുത്തരം' എന്ന മാർഗ്ഗംതന്നെ അവലംബിക്കണമെന്നു് അദ്ദേഹത്തിനു നിർബ്ബന്ധവുമായിരുന്നു. അതുകൊണ്ടു് പിതാവിൻെറ സമ്മതംവാങ്ങുകയെന്ന കാര്യം മാത്രമേ വേണ്ടിയിരുന്നുള്ളു. മണികണ്ഠൻ അച്ഛനു വേണ്ട ഉറപ്പുനല്കി അദ്ദേഹത്തെ സമാധാനപ്പെടുത്തി. മനസ്സു് ഒട്ടൊക്കെ ശാന്തമായപ്പോൾ അത്യന്തം വൈമനസ്യത്തോടെ അദ്ദേഹം പുത്രൻെറ അഭീഷ്ടംപോലെയാകട്ടെ എന്നു സമ്മതിച്ചു. എന്നാൽ സ്വരക്ഷയ്ക്കുവേണ്ടി ഒരു വിഭാഗം സൈന്യങ്ങളെക്കൂടി കൂടെ കൊണ്ടുപോകണമെന്നു് അദ്ദേഹം നിർബ്ബന്ധിച്ചു. സഹായത്തിനു് ഒരു സംഘം കാട്ടാളന്മാരെയും ഏർപ്പാടുചെയ്തു. എന്നാൽ മണികണ്ഠൻ അതൊന്നും സമ്മതിച്ചില്ല. സൈന്യങ്ങളെക്കണ്ടു പുലികൾ ഭയപ്പെട്ടോടിക്കളയുമെന്നും, ഏകനായിപ്പോയാൽ മാത്രമേ അവയെ ഇണക്കി കറന്നു പാലെടുക്കുവാൻ സാധിക്കുകയുള്ളു എന്നുമാണു്, ഭക്തിനമ്രനായിനിന്നു മണികണ്ഠൻ പിതാവിനെ അറിയിച്ചതു്. ഒടുവിൽ പിതാവു് എല്ലാം ധർമ്മശാസ്താവിൽത്തന്നെ സമർപ്പിച്ചുകൊണ്ടു് അനുഗ്രഹപൂർവ്വം മകനെ യാത്രയയച്ചു. വില്ലും അമ്പും ധരിച്ചു മണികണ്ഠൻ പ്രശ്രയപുരസ്സരം യാത്രവഴങ്ങി നിന്നു. പുത്രവത്സലനായ രാജാവു്, വനയാത്രയിൽ മണികണ്ഠൻ ഭക്ഷണാദികൾ കിട്ടാതെ വലയാതിരിക്കുവാൻ ആവശ്യമുള്ള പദാർത്ഥങ്ങൾകൂടി ഒരു കെട്ടിൽ കൊണ്ടുപോകണമെന്നു നിർദ്ദേശിച്ചു. മുക്കണ്ണനെ സ്മരിച്ചു മുക്കണ്ണുള്ള ഒരു നാളികേരവും പൊക്കണത്തിൽ വച്ചുകൊള്ളണമെന്നു് ഉപദേശി

ച്ചു. ആവശ്യമുള്ള സാധനങ്ങൾ രാജാവു കൊടുത്തതു് ഒരു ഇരുമുടിക്കെട്ടാക്കി ചാപ ബാണാദികളും ഏന്തി അയ്യപ്പൻ സ്വപി താവിനെ വന്ദിച്ചു വനത്തിലേക്കു തിരിച്ചു. ആ യാത്ര കാണുവാൻ കൂടിയ പുരുഷാരം റാണിയുടെ രോഗം എത്രതന്നെ കഠിനമായാലും ഈ പ്രതിവിധി ആവശ്യമില്ലായിരുന്നു എന്നു് അഭിപ്രായം പ്രകടിപ്പിച്ചു.

മന്ത്രിയും അനുയായികളും വിജയലഹരികൊണ്ടു് ഉന്മത്തരായി. റാണിയാകട്ടെ സ്വപുത്രന്റെ സ്ഥാനാരോഹണത്തിനുള്ള മാർഗ്ഗം തെളിഞ്ഞതിൽ സംപ്രീതയും, എന്നാൽ അതിലേക്കു മണികണ്ഠന്റെ ജീവനു് അപായകരമായ ഒരു മാർഗ്ഗം സ്വീകരിക്കേണ്ടിവന്നതിൽ ഖിന്നയുമായി, സങ്കലിതവികാരങ്ങൾക്കധീനയായി കാണപ്പെട്ടു. രാജാവു കഠിനദുഃഖത്താൽ വിവശനായി. പ്രിയപുത്രൻ തലയിൽ കെട്ടും താങ്ങി നടന്നു ദൃഷ്ടിപഥത്തിൽനിന്നു മായുന്നതുവരെ അദ്ദേഹം കണ്ണിമയ്ക്കാതെ നോക്കിനിന്നു. പിന്നെ തിരിയെവന്നു് ഉള്ളിലെ ഉൽക്കണ്ഠയെ പരമശിവസ്മരണയിൽ ലയിപ്പിച്ചു് ആശ്വസിച്ചു.

പുണ്യപ്രദേശമായ ശബരിഗിരിസാനുക്കളെ ലക്ഷ്യംവച്ചുകൊണ്ടാണു് അയ്യപ്പൻ നേരേ പോയതു്. ഉദയന്റെ ആക്രമണഫലമായി നാശഗർത്തത്തിലാണ്ടുകിടന്ന പല പ്രദേശങ്ങളും, വിശേഷിച്ചു് ക്രൂരസൈന്യങ്ങളാൽ അശുദ്ധമാക്കപ്പെട്ട നാളത്തിൽനിന്നു് ഇളകിയിരുന്ന പരശുരാമപ്രതിഷ്ഠിതമായ ശാസ്തൃവിഗ്രഹവും അദ്ദേഹം കണ്ടു. ഉദയന്റെ തലസ്ഥാനതാവളങ്ങളായി കരുതപ്പെട്ടിരുന്ന തലപ്പാറക്കോട്ട, കരിമലക്കോട്ട, ഇഞ്ചിപ്പാറക്കോട്ട എന്നീ ദുർഗ്ഗങ്ങളും കണ്ടെത്തി. അവിടെനിന്നു നേരേ പരിപാവനമായ പൊന്നമ്പലമേട്ടുവരെ സഞ്ചരിച്ചു. അവിടെ ലൗകികങ്ങളെയെല്ലാം സന്ത്യജിച്ചു് തപോവൃത്തിയിൽ കഴിച്ചിരുന്ന സ്വന്തം മാതാപിതാക്കളെ അദ്ദേഹം സന്ദർശിച്ചു. അക്ഷോഭ്യരായ എന്നാൽ സ്നേഹത്തിന്റെ അഗാധതലങ്ങളിൽനിന്നുള്ള ഊഷ്മളവികാരങ്ങളോടും ആ യോഗിദമ്പതിമാർ, ലോകോദ്ധാരകനായി ജനിച്ച സ്വപുത്രനെ സ്വാഗതംചെയ്തു് ദീർഘനേരം സംസാരിച്ചു. അതുവരെ നടന്ന സംഭവങ്ങളും, ഇപ്പോഴത്തെ യാത്രോദ്ദേശവും അയ്യപ്പൻ വിവരിച്ചപ്പോൾ ആ മാതാപിതാക്കൾ യാതൊരുൽക്കണ്ഠയും പ്രദർശിപ്പിച്ചില്ല. ദിവ്യാംശസംഭവനായ അയ്യപ്പന്റെ പ്രഭാവത്തെക്കുറിച്ചു് അവർക്കു് അത്രമാത്രം ദൃഢവിശ്വാസമാണുണ്ടായതു്. അയ്യപ്പനാകട്ടെ, പൊന്നമ്പലമേട്ടിൽ ദീർഘസമയം ഏകാഗ്രമായ ധ്യാനത്തിലിരുന്നു് തന്റെ പൂർവ്വധാമമായ താരകബ്രഹ്മത്തിൽ ലയിച്ചു യോഗധനനായി, വർദ്ധിതതേജസ്വിയായിത്തീന്നു. അങ്ങനെയുണ്ടായ ആത്മപ്രചോദനത്തോടുകൂടിയാണു് അയ്യപ്പൻ പിതാക്കളോടു യാത്രപറഞ്ഞതു്. അയ്യപ്പൻ തന്റെ ഉദ്ദിഷ്ടകൃത്യത്തിലേക്കു് ഉദ്യുക്തനായി.

ഗിരിപ്രദേശങ്ങളിൽനിന്നു് ഒരുപറ്റം പുലികളെ അദ്ദേഹം ആകർഷിച്ചു് ഒന്നിച്ചു ചേർത്തു പന്തളത്തെ ലക്ഷ്യമാക്കിയുള്ള തന്റെ മടക്കയാത്ര ആരംഭിച്ചു. അയ്യപ്പൻചരിതങ്ങളിൽ പൊതുവെ വർണ്ണിക്കപ്പെട്ടിട്ടുള്ള ഈ മൃഗവ്യൂഹവുമായുള്ള ജൈത്രയാത്ര ഇക്കാലത്തു് അവിശ്വസനീയമായി തോന്നിയേക്കാം. എന്നാൽ, ദുഷ്ടമൃഗങ്ങളെയും വിഷജന്തുക്കളെയും സ്നേഹംകൊണ്ടു് ഇണക്കുകയും, കീഴടക്കുകയും ചെയ്യാമെന്നതിനു കല്പിതകഥകളല്ലാത്ത യഥാർത്ഥദൃഷ്ടാന്തങ്ങൾ ഇന്ത്യയിൽ സുലഭമാണു്. പാശ്ചാത്യദേശങ്ങളിലും അങ്ങനെയുള്ള ദൃഷ്ടാന്തങ്ങൾ ഇല്ലാതെയില്ല. വനവാസികളായിരുന്ന മഹർഷിമാർക്കു് വന്യമൃഗങ്ങൾ ഒരു പ്രശ്നമേ ആയിരുന്നില്ല. അസ്സീസിയിലെ സെൻറ്ഫ്രാൻസിസിനോടു പക്ഷിമൃഗാദികൾ വളരെ ഇണങ്ങിക്കഴിഞ്ഞതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്.

മഹർഷി ദേവേന്ദ്രനാഥടാഗൂറിന്റെ തലയിലും ദേഹത്തിലും തോട്ടത്തിലെ പക്ഷികൾ വന്നിരുന്നു് ശിശുക്കളെപ്പോലെ ക്രീഡിച്ചിരുന്നതായി ടാഗൂറിന്റെ ഗീതാഞ്ജലിക്കു മുഖവുര എഴുതിയ ഡബ്ലിയൂ. ബി. യീററ്സ് പരാമർശിച്ചിട്ടുണ്ടു്. എന്തിനു്, ഈ അടുത്ത കാലത്തു ജീവിച്ചിരുന്ന ചട്ടമ്പിസ്വാമികൾക്കു കടിക്കാൻ ചെന്ന പാമ്പിനേയും, അമറിക്കൊണ്ടടുത്ത വ്യാഘ്രത്തേയും ഇണക്കുവാൻ കഴിഞ്ഞിരുന്നതിനു ദൃക്സാക്ഷികൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഈ അസാധാരണകഴിവിനെ പരാമർശിച്ചാണു് മഹാകവി വള്ളത്തോൾ,

‘‘ശാന്തിയെ പരത്തുമാ സ്വാമിതൻ—
മുന്നിൽച്ചെന്നാൽ
ശാർദ്ദൂലഭുജംഗാദി ഹിംസ്ര—
ജാതികൾപോലും
ചിക്കെന്നു ഭാവം മാറി ശിഷ്യർ—
പോലൊതുക്കത്തിൽ
നില്ക്കുയേ പതിവുള്ള ഹാ! തൊഴാം—
തപോരാശേ!’’

എന്നിങ്ങനെ പാടിയതു്.

യുക്തിപരമായി നോക്കുമ്പോഴും ഇതിൽ അസംഭാവ്യതയ്ക്കവകാശമില്ല. മനോഭാവങ്ങളുടെ അന്തരമോ, വൈരുദ്ധ്യമോ ആണു് പരസ്പരമുള്ള അകൽച്ചയുടെ നിദാനം. ക്രൗര്യത്തിനെതിരെ ക്രൗര്യം വിജൃംഭിച്ചാൽ കൂടുതൽ അകൽച്ചയും, വദ്ധിതമായ ക്രൗര്യവുംതന്നെ ഫലം. നേരേമറിച്ചു് ഏതു ക്രൂരനേയും കരുണയും സ്നേഹവുംകൊണ്ടു് വശപ്പെടുത്താമെന്നതു് ഇന്ത്യയിലെ യോഗിമാർ ആയിരമായിരം വഷങ്ങൾക്കു മുമ്പേ സ്വയം അനുഭവിച്ചിട്ടുള്ളതും, ആവിഷ്കരിച്ചു തെളിയിച്ചിട്ടുള്ളതുമായ ഒരു തത്വമാണു്. അഹിംസയുടെ ആവിർഭാവത്തോടുകൂടി അധൃഷ്യത അഭിഗമ്യതയായി രൂപാന്തരപ്പെടുന്നു എന്നു് അവർ സമത്ഥിച്ചിട്ടുണ്ടു്. ‘‘അഹിംസാപ്രതിഷ്ഠായാം തൽസന്നിധൗ വൈരത്യാഗഃ’’ എന്നു പതഞ്ജലി ഈ തത്വം സൂത്രവല്ക്കരിച്ചിരിക്കുന്നു.[1] അതായതു് ഒരുവനിൽ അഹിംസ ഉറച്ചാൽ അയാളുടെ സാന്നിദ്ധ്യത്തിൽ വൈരമെല്ലാം അററുപോകും. ഇതിനെ വിശദീകരിച്ചുകൊണ്ടു് സ്വാമി വിവേകാനന്ദൻ ഇപ്രകാരം എഴുതുന്നു:

‘‘ഒരുവനു് അഹിംസാധമ്മത്തിൽ പ്രതിഷ്ഠ ലഭിക്കുമ്പോൾ അവൻെറ മുമ്പിൽ ജാത്യാ ക്രൂരസ്വഭാവികളായ ജന്തുക്കൾപോലും ശാന്തമായി വത്തിക്കുന്നു. യോഗിയുടെ സാന്നിദ്ധ്യത്തിൽ നരി (പുലി)യും ആട്ടിൻകുട്ടിയും ഒന്നിച്ചു കളിക്കും.’’[2]

അയ്യപ്പൻ ഒരു മഹായോഗിയായിരുന്നു; ആജീവനാന്തം ബ്രഹ്മചാരിയായിരുന്നു. ബ്രഹ്മചര്യനിഷ്ഠയാൽ മനുഷ്യനു് ജീവരാശിയുടെമേൽ മഹത്തായ വശീകരണശക്തി ലഭിക്കുന്നു. ലോകത്തെ ആദ്ധ്യാത്മികപന്ഥാവിൽ നയിച്ച മഹാപുരുഷന്മാരെല്ലാവരും ബ്രഹ്മചര്യത്തിൽ അത്യന്തനിഷ്ഠയുള്ളവരായിരുന്നു. അതിൽനിന്നാണു് അവക്കു് ആ മഹാപ്രഭാവം സിദ്ധിച്ചതു്. ‘‘ബ്രഹ്മചര്യം ഉറയ്ക്കുന്നതുകൊണ്ടു് വീര്യം ഉണ്ടാകുന്നു’’ എന്നത്രെ പതഞ്ജലി പറഞ്ഞിട്ടുള്ളതു്.[3] അയ്യപ്പൻെറ പ്രഭാവത്തിൻെറ അടിസ്ഥാനം ഇതുതന്നെയായിരുന്നു.

പുലിക്കൂട്ടവുമായി വനത്തിൻെറ അതിത്തി കഴിഞ്ഞു നാട്ടിലേക്കു പ്രവേശിച്ചപ്പോഴുള്ള കോലാഹലമൊന്നും പറയുവാനില്ല. മറെറാരിടത്തും, ഒരുകാലത്തും ആരും കണ്ടിട്ടില്ലാത്ത ഒരു കാഴ്ചയായിരുന്നു അതു്. ആളുകൾ ആയിരക്കണക്കിനു തടിച്ചുകൂടിയെങ്കിലും, സാധാരണ വിശേഷകാഴ്ചകൾക്കു ചുററും കൂടുന്നവിധം ജനങ്ങൾ അടുത്തു ചെന്നില്ല. മണികണ്ഠൻ പുലിപ്പാലു കൊണ്ടുവരാൻ പോയെന്ന വാത്ത നാട്ടാരെല്ലാം അറിഞ്ഞിരുന്നുവെങ്കിലും, ഇങ്ങനെ ഈററപ്പുലികളേയും പുലിക്കുട്ടികളേയും കൊണ്ടു് ആ സാഹസികൻ മടങ്ങുമെന്നു് ആരും സംശയിക്കുകപോലും ചെയ്തിരുന്നില്ല. അടുത്ത രാജാവായി അഭിഷേകംചെയ്യപ്പെടുമെന്നു് എല്ലാവരും പ്രതീക്ഷിച്ചിരുന്ന രാജകുമാരനു് ഇങ്ങനെ ഒരു ജീവിതാന്ത്യം വന്നല്ലോ എന്നു് അനുശോചിച്ചവരായിരുന്നു അധികമാളുകളും. എന്നാൽ ഇപ്പോൾ അവരെ സ്വാഗതംചെയ്ത കാഴ്ച ഭാവനയുടെ സീമകളേയും കടന്നുനിന്നിരുന്നു. അകന്നുനിന്നുള്ള ആപ്പുവിളികളോടെ അയ്യപ്പനെ നാട്ടാർ എതിരേററു. തങ്ങളുടെ ആരാധനാപാത്രവും, വിശ്വസ്തനുമായ അയ്യപ്പൻെറ അധീനതയിൽ അനുസരണയോടെ വത്തിക്കുന്ന പുലിപ്പററത്തിൽനിന്നു യാതൊരപകടവും ഉണ്ടാകാനില്ലെന്നു് അവക്കുറപ്പുണ്ടായിരുന്നു. എന്നിട്ടും അവർ അത്രവളരെ അടുത്തില്ല. അയ്യപ്പൻ തൻെറ വന്യമൃഗവ്യൂഹവുമായി പന്തളം രാജധാനിയുടെ പരിസരത്തിലെത്തിയപ്പോഴേക്കും കാഴ്ചക്കാർ ലക്ഷക്കണക്കിനായി. പഴയപാട്ടുകളിലെ വണ്ണനയനുസരിച്ചാണെങ്കിൽ, അയ്യപ്പൻ ഒരു വമ്പിച്ച പുലിയുടെ പുറത്തു കയറിയും, പ്രസവിച്ച ഒരു കരിമ്പുലിയെ കഴുത്തിൽ കരിങ്കച്ചുകൊണ്ടു ബന്ധിച്ചു പി

1. യോഗസൂത്രങ്ങൾ; സാധനപാദം 35.
2. വിവേകാനന്ദസാഹിത്യസവ്വസ്വം I
3. ‘‘ബ്രഹ്മചര്യപ്രതിഷ്ഠായാം വീര്യലാഭഃ’’ —യോഗസൂത്രങ്ങൾ സാ. പാ. 38.

ടിച്ചും, പുലിക്കുട്ടികളെ മടിയിൽ എടുത്തു വച്ചും, വന്യമൃഗങ്ങളാൽ അനുധാവനംചെയ്യപ്പെട്ടുമാണത്രെ വന്നെത്തിയതു്. പുലികളുടെ ഗർജ്ജനത്താൽ പരിസരങ്ങരം മുഴങ്ങിക്കൊണ്ടിരുന്നു. യൗഗികമായ തേജസ്സുകൊണ്ടു് അയ്യപ്പൻെറ മുഖം പൂർവ്വാധികം പ്രകാശമാനവും, പ്രഫുല്ലവുമായി കാണപ്പെട്ടു. മനുഷ്യസാദ്ധ്യമല്ലാത്ത ഒരത്ഭുതപ്രവൃത്തിയോടൊപ്പം അഭൗമമായ ആ തേജപ്രസരംകൂടി കണ്ടു് ജനങ്ങരം അയ്യപ്പൻ ഒരു ദിവ്യസംഭവനാണെന്നുതന്നെ തീച്ച്പ്പെടുത്തി. സ്തോത്രപ്രവചനങ്ങരംകൊണ്ടു് അദ്ദേഹത്തെ വാഴ്ത്തിത്തുടങ്ങി.

രാജാവു് ഈ വാർത്ത അറിഞ്ഞപ്പോരം അത്ഭുതപരതന്ത്രനും, വിവിധവികാരാകുലനുമായി പുത്രനെ സ്വീകരിക്കാൻ ബദ്ധപ്പെട്ടു വന്നു. അയ്യപ്പൻസുരക്ഷിതനും, വിജയലാളിതനുമായി തിരിച്ചെത്തിയതിലുള്ള ചാരിതാർത്ഥ്യമായിരുന്നു ആ പിതൃഹൃദയത്തിലെ അഗ്രിമമായ വികാരം. അതോടൊപ്പം പുത്രൻെറ അമാനുഷികപ്രഭാവം കണ്ടപ്പോരം ഉള്ളിലെ സ്നേഹവാത്സല്യങ്ങരം ഭക്ത്യാദരങ്ങരംകൊണ്ടു് സംസിക്തമായതിൻെറ മധുരാനുഭൂതി അദ്ദേഹത്തിനുണ്ടായി. വിധിവശാൽ തൻെറ പ്രിയപുത്രനായിത്തീന്ന ആ അമാനുഷപ്രഭാവൻ താൻ വിചാരിച്ചിരുന്നതിനേക്കാരം എത്രയോമടങ്ങു് ഈശ്വരവിഭൂതികരം തികഞ്ഞ ഒരു വ്യക്തിയാണെന്നു് അദ്ദേഹത്തിനു് അപ്പോഴാണു് മനസ്സിലായതു്. അതു് തൻെറ ജന്മാന്തരസുകൃതംകൊണ്ടുണ്ടായ ഒരു ഭാഗ്യലബ്ധിയാണെന്നദ്ദേഹം വിചാരിച്ചു. ഒരു പുത്രനിലൂടെ ഈശ്വരനെ സാക്ഷാൽക്കരിക്കുവാൻ ലഭിച്ച അപൂർവ്വഭാഗധേയം! അങ്ങനെ ഒന്നു് ലോകത്തിൽ വളരെ ചുരുക്കം സുകൃതശാലികരംക്കു മാത്രമേ കൈവന്നിട്ടുള്ളവെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. സന്തോഷാശ്രുക്കരം പൊഴിച്ച രാജാവു് പുത്രദശനത്തിൽ ത്ര്യാകാംക്ഷയോടുകൂടി കൊട്ടാരത്തിൽനിന്നു് ഏകനായിട്ടാണു് ഗോപുരവാതില്ക്കലെത്തിയതു്. വ്യാഘ്രാരൂഢനായി, വ്യാഘ്രങ്ങളുടെ ഒരു പടയോടുകൂടി ഗോപുരദ്വാരത്തിനു സമീപമെത്തിക്കഴിഞ്ഞിരുന്ന മണികണ്ഠനെ കണ്ടിട്ടു് രാജാവിനുമാത്രം വലിയ സംഭ്രമമുണ്ടായില്ല. തൻെറ മണികണ്ഠനാണു് പുലികളെ നയിച്ചതെന്ന ഉറപ്പു് അദ്ദേഹത്തിനുണ്ടായിരുന്നു. മണികണ്ഠനാകട്ടെ, പുരോഭാഗത്തു് പിതാവിനെ കണ്ടു് വ്യാഘ്രവാഹനത്തിൽനിന്നു് താഴെയിറങ്ങി ചാപബാണഹസ്തനായി ഓടിച്ചെന്നു് പിതൃപാദത്തിൽവീണു നമസ്കരിച്ചു് അദ്ദേഹത്തിൻെറ പാദപാംസുക്കരം ശിരസ്സിലണിഞ്ഞു. സ്നേഹവാത്സല്യങ്ങരം കരകവിഞ്ഞൊഴുകിയ ആ പിതാവു് കൂപ്പുകൈയോടെ എഴുന്നേററു് നമ്രശിരസ്കനായി നില്ക്കുന്ന പുത്രനെ മാറോടണച്ചു് ആശ്ലേഷിച്ചു. എങ്കിലും വനത്തിലേക്കുപോയ മണികണ്ഠനിൽനിന്നു തുലോം വ്യത്യസ്തനായ ഒരു ദിവ്യപുരുഷൻെറ സാന്നിദ്ധ്യത്തിലാണു് താൻ നില്ക്കുന്നതെന്ന തോന്നൽ അദ്ദേഹത്തിനുണ്ടായി. മണികണ്ഠനുചുററും ഒരു പരിവേഷത്തിൻെറ പ്രതീതികൂടി അദ്ദേഹത്തിനുണ്ടാകാതിരുന്നില്ല. സാക്ഷാൽ ഒരു താരകബ്രഹ്മത്തിൻെറ, ധർമ്മശാസ്താവിൻെറ, ദിവ്യാംശസംഭവനോടാണു് താൻ സംസാരിക്കുന്നതെന്ന ബോധം അദ്ദേഹത്തിൽ താനേ ഉദയംചെയ്തു. കുലാചാര്യനായ ഗുരുഭൂതൻ അരികെ ഉണ്ടായിരുന്നു. അദ്ദേഹം മേല്പറഞ്ഞ സത്യം കൂടുതൽ വിശദീകരിച്ചു. ലോകോദ്ധാരകനായ ഒരു അവതാരപുരുഷൻെറ മുന്നിലാണു് തങ്ങരം നില്ക്കുന്നതെന്നു് അദ്ദേഹം പ്രഖ്യാപിച്ചു.

അപ്പോഴേക്കും രാജാവിൻെറ ഉള്ളിലെ സംശയമെല്ലാം നീങ്ങി. പുത്രനിൽ സാക്ഷാൽ ശ്രീഭൂതനാഥനെത്തന്നെ ദശിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. മോദഖേദഭീത്യത്ഭുതങ്ങളുടെ ഒരു സങ്കലിതാനുഭവമാണു് ക്ഷണനേരത്തേക്കു് അദ്ദേഹത്തിൻെറ ഹൃദയത്തിൽ തിരതല്ലിയതു്. എങ്കിലും ദിവ്യാനുഭൂതികളുടെ ആവിർഭാവത്തോടുകൂടി ഉള്ളിലെ വിഭിന്നവികാരങ്ങളുടെ വിക്ഷോഭം പ്രശാന്തതയിൽ ലയിച്ചു. ശ്രീഭൂതനാഥനെ അകമഴിഞ്ഞ ഭക്തിയോടുകൂടി അദ്ദേഹം സങ്കീർത്തനംചെയ്തു. പിതൃപുത്രഭാവേനജീവിച്ചിരുന്ന കാലത്തു് എന്തെങ്കിലും അപരാധം ചെയ്തിട്ടുണ്ടെങ്കിൽ അതൊക്കെ ക്ഷമിക്കണമെന്നു് കേണപേക്ഷിച്ചു. മന്ത്രിയുടെ ദുർബോധനയാൽ രാജ്ഞിക്കുപററിയ അബദ്ധംനിമിത്തം ആനയിക്കേണ്ടിവന്ന പുലിക്കൂട്ടത്തെ ഉടനെതന്നെ കാട്ടിലേക്കു തിരിയെ അയച്ചു്

ജനങ്ങളുടെ ഭയസംഭ്രമങ്ങൾ പരിഹരിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. അതനുസരിച്ചു് മണികണ്ഠന്റെ സ്നേഹസ്വരത്തിലുള്ള ആജ്ഞകേട്ടു് ആ ജന്തുനിവഹം വന്നവഴി തിരിയെപ്പോയി ആശ്വസ്തചിത്തരായ ജനങ്ങൾ അത്ഭുതവിവശരായി നോക്കിനിന്നു.

അതിനിടയ്ക്കു് പശ്ചാത്താപാർത്തരായ രാജ്ഞിയും മന്ത്രിയും, ലജ്ജയും ഭയവുംകൊണ്ടു് വിവശരായി മുന്നോട്ടുവരാൻ ധൈര്യപ്പെടാതെ മാറിനിന്നിരുന്നു. അവരെ മണികണ്ഠൻതന്നെ മുന്നോട്ടുവിളിച്ചു. മന്ത്രി അപരാധബോധത്താൽ പ്രകമ്പിതനായി അടുത്തുവന്നു് മണികണ്ഠന്റെ പാദത്തിൽ വീണു ക്ഷമയാചിച്ചു. മന്ത്രിയുടെ ദുഷ്ടമായ മനോഭാവത്തെ മണികണ്ഠൻ രൂക്ഷമായി ശാസിച്ചു. എങ്കിലും തെററു് അയാൾക്കു ബോദ്ധ്യമായസ്ഥിതിക്കു് മാപ്പുനല്കുകയാണു ചെയ്തതു്. അകമഴിഞ്ഞുള്ള പശ്ചാത്താപം വന്നുകഴിഞ്ഞാൽപ്പിന്നെ മനഃശുദ്ധിക്കു വഴിതെളിഞ്ഞുവെന്നും മേലാൽ സൽപഥത്തിൽത്തന്നെ ചരിക്കുമെന്നൊരു ദൃഢവ്രതമെടുത്താൽപ്പിന്നെ പാപഭയം ഇല്ലെന്നും പറഞ്ഞു് അദ്ദേഹം മന്ത്രിയെ സമാധാനിപ്പിച്ചു. പിന്നീടു രാജ്ഞിയാണു് മുന്നോട്ടുവന്നതു്. പ്രകൃത്യാ ശുദ്ധഹൃദയയായ ആ സ്ത്രീയെ മന്ത്രി വഴിതെററിച്ചതായിരുന്നതിനാൽ അവരുടെ അപരാധബോധത്തിന്റെ ഉൽക്കടത അല്പം കുറഞ്ഞിരുന്നുവെങ്കിലും, ഇല്ലാത്ത രോഗം അഭിനയിച്ചതിൽ അവർ അത്യന്തം ലജ്ജിച്ചു. മണികണ്ഠൻ പുത്രഭാവത്തിനുചിതമായ സൗമ്യസ്വരത്തിൽ അവരെ സാന്ത്വനപ്പെടുത്തി.

രാജമന്ദിരത്തിലെ സല്ക്കാരപരിപാടികൾ പിന്നീടു നടന്നു. മണികണ്ഠനെ സിംഹാസനത്തിൽ അവരോധിക്കണമെന്ന ആഗ്രഹം രാജാവിനെ വിട്ടുപിരിഞ്ഞിരുന്നില്ല. ഔപചാരികമായെങ്കിലും അവിടെ ഇരിക്കണമെന്നദ്ദേഹം അഭ്യർത്ഥിച്ചു. രാജാവിന്റെ അഭീഷ്ടസാദ്ധ്യത്തിലുള്ള സംതൃപ്തിയെ വിചാരിച്ചുമാത്രം അയ്യപ്പൻ അപ്രകാരം ചെയ്തു. എന്നാൽ ഒരു ബ്രഹ്മചാരിയുടെ അനാസക്തിബോധത്തോടെയാണു് അദ്ദേഹം അതു ചെയ്തതു്. അദ്ദേഹം രാജ്യം കാമിച്ചതേയില്ല.

ഉച്ചസമയം ആയപ്പോൾ എല്ലാവരും മാദ്ധ്യാഹ്നികങ്ങൾ വേണ്ടപോലെ ആചരിച്ചു് സന്തുഷ്ടരായി. ഭൂതനാഥസ്വാമിയേയും വഴിയാംവണ്ണം നൈവേദ്യങ്ങൾകൊണ്ടു പൂജിച്ചു.

സായാഹ്നമായപ്പോൾ അയ്യപ്പന്റെ സാന്നിദ്ധ്യത്തിൽ രാജസദസ്സു കൂടി. കുലാചാര്യനും സന്നിഹിതനായിരുന്നു. ജീവിതത്തിലുണ്ടായ തീക്ഷ്ണമായ അനുഭവങ്ങളുടെ ഫലമായിട്ടെന്നോണം രാജാവു് തത്വാന്വേഷിയും ഭക്തചിത്തനുമായിക്കഴിഞ്ഞിരുന്നു. അസുലഭമായ ആ ദിവ്യസന്ദർഭത്തെ ജ്ഞാനോദയത്തിനും ഭക്തിസംവർദ്ധനത്തിനുംവേണ്ടി പ്രയോജനപ്പെടുത്താൻ അദ്ദേഹം ആഗ്രഹിച്ചു. ജ്ഞാനനിധിയായ അയ്യപ്പനോടു് അദ്ദേഹം ഉപദേശങ്ങൾ ആരാഞ്ഞു. അയ്യപ്പൻ രാജാവിനു് തത്വോപദേശം ചെയ്തു. ബ്രഹ്മം, സൃഷ്ടിസ്ഥിതിലയങ്ങളുടെ മൗലികതത്വങ്ങൾ, പ്രപഞ്ചത്തിൽ മനുഷ്യന്റെ സ്ഥാനം, അവന്റെ ധർമ്മങ്ങൾ, ധർമ്മാനുഷ്ഠാനത്തിനു് അവനവലംബിക്കേണ്ട മാർഗ്ഗങ്ങൾ, കർമ്മത്തിന്റെ അനിവാര്യത, നിഷ്കാമകർമ്മാനുഷ്ഠാനത്തിന്റെ ശ്രേഷ്ഠത, നന്മതിന്മകൾ, അനാസക്തിയോഗം, യോഗചര്യയും കർമ്മമോചനവും, ഭക്തിയും ഈശ്വരസാക്ഷാത്ക്കാരവും, ജ്ഞാനത്തിന്റെ ആവശ്യകത, എന്നിവയെക്കുറിച്ചു് ശ്രോതാക്കൾക്കു് ബോധോദയം ഉണ്ടാകുമാറു് അയ്യപ്പൻ രാജാവിനെ അഭിസംബോധനചെയ്തുകൊണ്ടു് ഉപദേശങ്ങൾ നല്കി. ബ്രഹ്മതത്വത്തേയും പ്രപഞ്ചഘടനയേയും കുറിച്ചു് ആത്മപ്രചോദകമായ ഒരു ഉപനിഷദ്ഖണ്ഡമായിരുന്നു ആ ദിവ്യോപദേശം. പ്രപഞ്ചദുഃഖത്തിൽനിന്നു് മനുഷ്യനു് ഏതുവിധത്തിൽ വിമുക്തനാകാമെന്നതിനെ ആസ്പദമാക്കിയായിരുന്നു ആ ഉപദേശത്തിന്റെ പോക്കു്. ഭക്തിമാർഗ്ഗേണയുള്ള ഈശ്വരസാക്ഷാത്ക്കാരമാണു് സാക്ഷാൽ ജീവിതലക്ഷ്യമെന്നതായിരുന്നു അതിന്റെ സാരാംശം. കർമ്മോന്മുഖനായി വർത്തിച്ചുകൊണ്ടുതന്നെ ഒരുവനു ജ്ഞാനിയും ഭക്തനുമാകാമെന്നും, ചിത്തശുദ്ധിയും അനാസക്തമായ മനോഭാവവും സമ്പാദിച്ചുകഴിഞ്ഞാൽപ്പിന്നെ കർമ്മങ്ങൾ സ്വയം പരിശുദ്ധമായിക്കൊള്ളുമെന്നും, വിവേകംകൊണ്ടു് പഞ്ചേന്ദ്രിയങ്ങളെ വശത്തുനിറുത്തുവാൻ ശീലിക്കുന്ന ഒരു യഥാർത്ഥബ്രഹ്മചാ

രിയുടെ ചിത്തവൃത്തികാം വളത്തിയെടുക്കുകയാണ് ഓരോ മനുഷ്യനും ചെയ്യേണ്ടതെന്നും അയ്യപ്പൻ ഉദ്ബോധിപ്പിച്ചു. ബ്രഹ്മചാരി എപ്പോഴും ജ്ഞാനിയായ ഗുരുവിനു വിധേയനും, ഗുരൂപദേശം അക്ഷരംതെററാതെ അനുഷ്ഠിക്കുവാൻ ഉദ്യുക്തനുമായിരിക്കണമെന്നാണു വിധി. അങ്ങനെയുള്ളവനു മാത്രമേ കാമക്രോധാദികളെ അടക്കിനിറുത്താനും, സുശിക്ഷിതനായി ജീവിക്കുവാനും സാദ്ധ്യമാകൂ. അഹന്തനശിച്ച സ്ഥിതപ്രജ്ഞൻ സവ്വസ്വവും ഈശ്വരനിൽ സമപ്പിച്ച് അനന്യശരണനായി ആ സന്നിധിയിൽ അഭയംപ്രാപിക്കുന്നു; പരമഭക്തനായിത്തീരുന്നു. അത്രയുമായാൽപ്പിന്നെ പ്രപഞ്ചപ്രശ്നം തികച്ചും പരിഹൃതമായി. ശരണാഗതിയിൽ പ്രപഞ്ചമില്ല. ശരണാഗതനായിത്തീരുന്ന ഭക്തൻ പ്രപഞ്ചദുഃഖങ്ങാംക്കെല്ലാം അതീതനായി സച്ചിദാനന്ദമയനായി പരിണമിക്കുന്നു. ഈ തത്വങ്ങാം ഓരോന്നായി അയ്യപ്പൻ രാജാവിനെ ഗ്രഹിപ്പിച്ചിട്ട് സാക്ഷാൽ താരകബ്രഹ്മത്തിൽ പരമമായ ഭക്തിസമ്പാദിക്കുകയാണ് മോക്ഷാത്ഥികളായ സത്തുക്കാം ചെയ്യേണ്ടതെന്നു് ഉപദേശിച്ചു.

രാജാവിൻെറ മനസ്സ് ശാന്തമായശേഷം അയ്യപ്പൻ അതിപ്രധാനമായ ഒരു കമ്മപരിപാടിയുടെ അനുഷ്ഠാനത്തിനുവേണ്ടി തല്ക്കാലം രാജാവിനോടു വിടവാങ്ങി. അപ്പോാം രാജാവു് തൻെറ ഒരഭിലാഷം ഇപ്രകാരം അറിയിച്ചു:

''ദയാമയനായ ഭഗവൽസ്വരൂപമേ! അവിടുത്തെ ദിവ്യസാന്നിദ്ധ്യം ഈയുള്ളവനും, ഈ രാജ്യവാസികാംക്കും എക്കാലത്തും അനുഭവത്തിൽ വരത്തക്കവിധം ഞങ്ങളെ അനുഗ്രഹിക്കണം. അതിലേക്ക് എവിടെയാണ് ഒരു ക്ഷേത്രം തീക്കേണ്ടതെന്നരുളിച്ചെയ്യണം. മററാക്കും ഒരിടത്തും ലഭിക്കുവാൻ ഇക്കാലത്തു സാദ്ധ്യമല്ലാത്ത ഒരനുഗ്രഹമാണ് എൻെറ രാജ്യവാസികാംക്ക് ബ്രഹ്മത്തിൻെറ സഗുണസ്വരൂപം ദൃഷ്ടിഗോചരമായി ഭവിക്കുക എന്നതു്. അതു് വിഗ്രഹവൽക്കരിച്ച് ശാശ്വതമായി, കുടിയിരുത്തുന്നതിനു ഞങ്ങളെ അനുഗ്രഹിക്കണം.'' ശ്രീ അയ്യപ്പൻ ഇപ്രകാരം അരുളിച്ചെയ്തു:

''അങ്ങയുടെ ആഗ്രഹം ഞാൻ സാധിച്ചുതരാം. അതുതന്നെയാണ് എൻെറ അവതാരോദ്ദേശവും. ശബരിമലയിൽ പരശുരാമപ്രതിഷ്ഠിതമായിരുന്ന ശാസ്തൃവിഗ്രഹം ഉാംപ്പെടെ ക്ഷേത്രമാസകലം ദുഷ്ടവഗ്ഗക്കാർ അശുദ്ധമാക്കിയതു് അങ്ങേക്ക് അറിവുള്ളതാണല്ലോ. ഈ പ്രദേശങ്ങളുടെ എല്ലാം അധഃപതനം ആ ക്ഷേത്രപൂജ മുടങ്ങിയതോടുകൂടി ആരംഭിച്ചു. അതു് പുനഃപ്രതിഷ്ഠിച്ചുകഴിഞ്ഞാലല്ലാതെ ഇവിടം ചൈതന്യപൂണ്ണമാകയില്ല. എൻെറ ജനനം കൊണ്ടു ഞാൻ ആ കാര്യം സാധിക്കുവാൻ പ്രതിജ്ഞാബദ്ധനാണ്. അതു നിവ്വഹിച്ചു കഴിയുമ്പോാം അങ്ങ് ഇപ്പോാം വെളിപ്പെടുത്തിയ അഭിലാഷവും നിറവേറും. ആ വിഗ്രഹത്തിൻെറ മൂലശക്തിയായ താരകബ്രഹ്മംതന്നെയാണ് ഞാൻ. ഞാൻതന്നെയാണ് ആ പരാശക്തിയെ വീണ്ടും പ്രതിഷ്ഠിച്ച് ഭാരതത്തിൻെറ ഈ ദക്ഷിണഭാഗത്തിനു നഷ്ടമായ ഐശ്വര്യം പുനരുദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നതു്. ശത്രുക്കളെ ഒരു നിമിഷത്തിനുള്ളിൽ ധ്വംസിച്ച് ക്ഷേത്രോദ്ധാരണം ചെയ്യാനുള്ള വൈഭവം എന്നിൽ നിക്ഷിപ്തമാണ്. എന്നാൽ ആ വൈഭവത്തെ ആ രീതിയിൽ പ്രയോഗിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അവതാരകാര്യങ്ങാം എപ്പോഴും മനുഷ്യരാശിക്കുവേണ്ടിയാണ് നിവ്വഹിക്കുന്നതു്. അവരെ അതിൽ ഭാഗഭാക്കുകളാക്കി അനുഭവബോധം വളത്തിയെങ്കിൽ മാത്രമേ അതു് ലോകസംഗ്രഹകൃത്യമാകുകയുള്ളു. ശ്രീരാമദേവനും, ശ്രീകൃഷ്ണഭഗവാനും മായാബദ്ധരായ മനുഷ്യരെപ്പോലെ ബഹുവിധയത്നങ്ങളിൽ വ്യാപൃതരായി ചുററുപാടുമുള്ള ലോകരെ അതിൽ ഭാഗഭാക്കുകളാക്കിയതിൻെറ രഹസ്യം അതാണ്. ജനങ്ങാംക്കുവേണ്ടി ജീവിക്കുവാനും പ്രവത്തിക്കുവാനും, അവക്കു ധമ്മപഥത്തിൽ ചരിക്കാൻ വഴികാണിക്കാൻവേണ്ടിയുമാണ് എല്ലാ അവതാരങ്ങളും സംഭവിച്ചിട്ടുള്ളതു്.

അവതാരങ്ങളുടെ ധമ്മസംസ്ഥാപനപ്രക്രിയ മിക്കപ്പോഴും ദുഗ്ഗമമാഗ്ഗങ്ങളെ തരണംചെയ്തിട്ടാണു നിവ്വഹിക്കപ്പെടുന്നതു്. ഭക്തജനങ്ങാംക്ക് ഉത്തേജനവും മാഗ്ഗദശനവും ലഭിക്കാനും അതു് അത്യന്താപേക്ഷിതമാകയാൽ ഞാനും അങ്ങനെയൊരു മാഗ്ഗംതന്നെ തുടരാൻ നിശ്ചയിച്ചിരിക്കുന്നു.

ജനങ്ങളിൽ ഈശ്വരഭക്തിയും ധർമ്മബോധവും, ധർമ്മസംരക്ഷണത്തിനുവേണ്ടിയുള്ള ത്യാഗബുദ്ധിയും ഉത്തേജിപ്പിച്ച് അവരെക്കൊണ്ടുതന്നെ ശത്രുധ്വംസനംചെയ്യിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. സുകൃതശാലിയായ അങ്ങേക്കും വളരെ പ്രാധാന്യമേറിയ ഒരു പങ്ക് ഇതിൽ വഹിക്കാനുണ്ട്. ഇപ്പോൾത്തന്നെ അങ്ങ് ബ്രഹ്മചിത്തനായി രൂപാന്തരപ്പെട്ടുവരികയാണ്. ആ പരിവർത്തനത്തെ ത്വരിപ്പിക്കുന്നതിനും, പൂർത്തീകരിക്കുന്നതിനും ഉതകുന്ന പല പാവനകൃത്യങ്ങളും അങ്ങേക്ക് അവശേഷിച്ചിട്ടുണ്ട്. പര്യന്തദേശങ്ങളിലുള്ള മുഴുവൻ ജനതയേയും ശബരിമലയിലേക്ക് ആകർഷിക്കുന്നതിനും അവിടെനിന്ന് ഈശ്വരാവബോധത്തിനുള്ള പ്രചോദനം നേടുന്നതിനുമുള്ള സാഹചര്യങ്ങൾ ഉണ്ടാക്കാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. അതിലേക്കത്രേ ഞാനിപ്പോൾ പുറപ്പെടുന്നത്. ഏതാനും മാസങ്ങൾ വേണ്ടിവരും ആ കൃത്യം പൂർത്തിയാക്കുവാൻ. അതിനിടയ്ക്കു ഞാൻ വീണ്ടും ഇവിടെയെത്തും. എന്റെ സാന്നിദ്ധ്യം ഇവിടെ ഉണ്ടായിരിക്കേണ്ട ഒരു പരീക്ഷണഘട്ടത്തിൽ ഞാനിവിടെ ഇനിയും വരും. അതുകൊണ്ട് എന്തുവന്നാലും അങ്ങു സംഭ്രമിക്കേണ്ടതില്ല. ശത്രുക്കളിൽനിന്നു പരാജയം സംഭവിക്കാവുന്ന ആ ഘട്ടം തരണംചെയ്തുകഴിഞ്ഞ് ഏറെത്താമസിയാതെ അവരുടെ നിശ്ശേഷമായ നിർമ്മാർജ്ജനത്തിനും, ശബരിമല ക്ഷേത്രോദ്ധാരണത്തിനും പുനഃപ്രതിഷ്ഠയ്ക്കുമുള്ള ശുഭാവസരം സമാഗതമാകും.''

രാജാവിനോടും രാജമാതാവിനോടും അനുജനോടും താല്ക്കാലികമായി യാത്രപറഞ്ഞ് അയ്യപ്പൻ രാജ്യവ്യാപകമായ ഒരു പര്യടനത്തിനായിട്ടിറങ്ങി. വിശ്വസ്തരായ ഒരുസംഘം പടയാളികളെക്കൂടി അയ്യപ്പൻ കൊണ്ടുപോയി.

## 4. അവതാരകാര്യനിർവ്വഹണത്തിലേക്ക്

കായംകുളം, ചെമ്പകശ്ശേരി, തെക്കുംകൂർ എന്നീ പ്രദേശങ്ങളിൽ വിപുലമായ ഒരു സഞ്ചാരപരിപാടിയായിരുന്നു ആദ്യമായി അയ്യപ്പൻ നിർവ്വഹിച്ചത്. അപ്രകാരമൊരു പരിപാടിക്ക് അയ്യപ്പനെ പ്രേരിപ്പിച്ച കാര്യങ്ങൾ പലതാണ്. ഒന്നാമതായി, ശബരിമലക്ഷേത്രത്തിന്റെ ധ്വംസനത്തിന് ശത്രുക്കളെ പ്രാപ്തരാക്കിയത്, താണതലങ്ങളിലെ ജനതയുടെ അസംഘടിതാവസ്ഥയും മതബോധക്കുറവുംകൊണ്ടുള്ള നിർവ്വീര്യതയായിരുന്നു. വിഭാഗീയനിലയിൽ വിഭിന്നരാജാക്കന്മാർ ഭരിച്ചിരുന്ന പ്രസ്തുതരാജ്യങ്ങളിലെ പ്രജകൾ തമ്മിൽ വിരോധമില്ലായിരുന്നെങ്കിലും, രാജാക്കന്മാർ പരസ്പരം മത്സരികളായിരുന്നു. അതുകൊണ്ട് കിഴക്കൻപ്രദേശങ്ങളിലെ നിലയ്ക്കൽ, പെരിനാട് മുതലായ ജനസ്ഥാനങ്ങളിൽനിന്നു താഴ്‌നീതികളിലേക്കു ചെന്ന അഭയാർത്ഥികളിൽനിന്ന് ശത്രുക്കളുടെ കടുംകൈകളെക്കുറിച്ചു ജനങ്ങൾ വളരെയൊക്കെ അറിഞ്ഞിട്ടും, ശബരിമലയിൽ വരുത്തിയ നാശങ്ങളേയും പ്രതിഷ്ഠാസ്ഥാപനത്തേയുംകുറിച്ചു സൂക്ഷ്മവിവരങ്ങൾ കേട്ട് വികാരഭരിതരായിട്ടും, പരിഹാരമാർഗ്ഗമെന്തെന്നതിനെക്കുറിച്ച് ഒരു തീരുമാനത്തിലെത്താൻ ആർക്കും സാദ്ധ്യമായില്ല. അഥവാ, അതിലേക്കുവേണ്ടിയുള്ള ഒരു മഹാപ്രസ്ഥാനത്തിനു നേതൃത്വം നല്കാൻ ആരും ഉണ്ടായില്ലെന്നുള്ളതാണ് സത്യം. ഏതെങ്കിലും രാജാവിന് ഈ കാര്യത്തിൽ പ്രത്യേകമായ താല്പര്യമുണ്ടായിരുന്നില്ല. അവർ സംഘടിച്ചുനിന്ന് ഒരു പൊതുക്കാര്യത്തിന് ഉദ്യമിക്കുകയെന്നകാര്യം അസാദ്ധ്യവുമായിരുന്നു. പിന്നെ പ്രായോഗികമായ കാര്യം, രാജ്യപരിഗണനകൾക്കെല്ലാം അതീതമായി നിന്ന് ധർമ്മസംസ്ഥാപനപ്രക്രിയയെ മാത്രം ലക്ഷ്യമാക്കി ജനതയെ സംഘടിപ്പിച്ച് ഒരു വിമോചനപ്രസ്ഥാനം നയിക്കുക എന്നതായിരുന്നു. അതിനു കഴിവുള്ള ഒരു നേതാവ് ഉണ്ടാകുമെങ്കിൽ കാര്യം സഫലമാകും. ഇതായിരുന്നു ക്രാന്തദർശിയായിരുന്ന അയ്യപ്പൻ മുന്നിൽ

KERALA 42796

കണ്ട സാമൂഹികസാദ്ധ്യത. ഈ സാഹചര്യങ്ങളെ തന്റെ അവതാരകാര്യനിർവ്വഹണത്തിനു പ്രയോജനപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് അദ്ദേഹം രാജ്യവ്യാപകമായ സമ്പർക്കം പുലർത്തുവാൻ ഇറങ്ങിയതു്.

മലയോരപ്രദേശങ്ങൾ മാത്രമല്ല, താഴ്വീഥികളും കൊള്ളക്കാരുടേയും കവർച്ചക്കാരുടേയും ആക്രമണത്തിനു് അക്കാലത്തു കൂടെക്കൂടെ വിധേയമായിരുന്നു. വിശേഷിച്ചും കായംകുളം, അമ്പലപ്പുഴ മുതലായ സ്ഥലങ്ങൾ കടൽക്കൊള്ളക്കാരുടേയും, തെക്കുംകൂറിന്റെ ആധിപത്യത്തിലുള്ള ഏറ്റുമാനൂർ, പൂഞ്ഞാർ മുതലായ പ്രദേശങ്ങൾ മറവക്കവർച്ചക്കാരുടേയും ഉപദ്രവങ്ങൾക്കു പ്രസിദ്ധങ്ങളായിരുന്നു. അയ്യപ്പന്റെ പര്യടനപരിപാടി ഇങ്ങനെയുള്ള അക്രമകാരികളിൽനിന്നു് ജനങ്ങളെ വിമുക്തരാക്കുകയെന്ന കർത്തവ്യംകൂടി ഉൾപ്പെടുത്തിയിട്ടുള്ളതായിരുന്നു. പ്രധാനകൃത്യത്തിന്റെ നിർവ്വഹണത്തിനു് ഇതും സഹായകമാകുമെന്നു് അദ്ദേഹം പ്രതീക്ഷിച്ചു.

കായംകുളത്തുരാജാവുമായുണ്ടായ ഒരു കൂടിക്കാഴ്ചയിൽ രാജാവു് ശബരിമലയുടെ വിമോചനത്തിനു തന്റെ നാട്ടിലെ കളരികളിലെ ഭടജനങ്ങളെ സംഘടിപ്പിച്ചുകൊള്ളുവാനും അതിനോടൊപ്പം ജനങ്ങൾക്കു വേണ്ടി ഉദ്ബോധനങ്ങൾ നല്കുവാനും അയ്യപ്പനു് അനുവാദം നല്കി. അതിനിടയിൽ കായംകുളം തുറമുഖപ്രദേശങ്ങൾക്കു വലിയ ഒരു ഭീഷണിയായിരുന്ന വാവർ എന്ന കടൽക്കൊള്ളക്കാരനെക്കുറിച്ചു പറയുവാനിടയായി. അയാൾ അമാനുഷപ്രഭാവനായ ഒരു കടൽക്കള്ളനായിരുന്നുവത്രെ! അയ്യപ്പനും വാവരെക്കുറിച്ചു വളരെയധികം കേട്ടിരുന്നു. കായംകുളത്തെ സംഘടനാപരിശ്രമങ്ങൾക്കിടയ്ക്കു് അയ്യപ്പൻ ഈ അക്രമകാരിയെ അമർച്ചചെയ്യുന്നതിനെക്കുറിച്ചും ഗൗരവപൂർവ്വം ചിന്തിക്കാതിരുന്നില്ല.

ജനങ്ങൾക്കു് അഭയവും ശാന്തിയും ലഭിച്ചെങ്കിലേ ഒരു പ്രസ്ഥാനത്തിൽ സംഘടിച്ചുനില്ക്കാനുള്ള കഴിവു് അവർക്കുണ്ടാകയുള്ളുവെന്നു ധരിച്ചിരുന്ന അയ്യപ്പൻ, കായംകുളം–ചെമ്പകശ്ശേരി കടൽത്തീരങ്ങളിലെ ഒരു പേടിസ്വപ്നമായിരുന്ന വാവരെ അമർത്തുകയെന്നതാകട്ടെ ആദ്യത്തെ യത്നമെന്നു തീരുമാനിച്ചു. വാവർ ഒരസാധാരണവീരനായിരുന്നു. പറഞ്ഞുകേട്ടിരുന്നതുപോലെ ഒരു നീചമനുഷ്യനായിരുന്നില്ല വാവർ എന്നു് അയാളെക്കുറിച്ചു ലഭിച്ച കഥകളിൽ നിന്നു് അയ്യപ്പനു ഗ്രഹിക്കാൻകഴിഞ്ഞു. വാവർ സ്വന്തമായി യാതൊന്നും നേടുവാൻ വേണ്ടിയായിരുന്നില്ല കടൽക്കൊള്ള നടത്തിവന്നതെന്നു കേട്ടപ്പോൾ അദ്ദേഹം ആദ്യം അതു വിശ്വസിച്ചില്ല. എന്നാൽ, കവർച്ചയിൽ കിട്ടിയതെല്ലാം സാധുക്കൾക്കു വിതരണം ചെയ്യുകയായിരുന്നു വാവർ എന്നതിനു വിശ്വസനീയമായ പല തെളിവുകളും ലഭിച്ചു. വാവരുടെ അത്ഭുതകരമായ പരാക്രമങ്ങളുടെ കഥകളോടൊപ്പംതന്നെ ആകർഷകമായിരുന്നു ആ കൊള്ളക്കാരന്റെ ദീനദയാലുത്വത്തേയും നിസ്വാർത്ഥതയേയുംകുറിച്ചു കേട്ട കഥകൾ. അതുപോലെതന്നെ അമാനുഷികങ്ങളായ ചില കഴിവുകളും അയാൾക്കുണ്ടായിരുന്നുവത്രെ. മന്ത്രശക്തിയെന്നും, ഇന്ദ്രജാലവിദ്യയെന്നുമൊക്കെ ജനങ്ങൾ അവയെക്കുറിച്ചു സംസാരിക്കാറുണ്ടായിരുന്നു. ഏതായാലും, വാവർ ശ്രദ്ധേയനായ ഒരു വ്യക്തിയാണെന്നുതന്നെ അയ്യപ്പൻ വിചാരിച്ചു. വാവരുടെ പൂർവ്വചരിത്രം വിചിത്രമായിരുന്നു:

‘‘ബഹ്‌വിയാ ജാതിയിൽ
ഇസ്സായേൽ ഗോത്രത്തിൽ
ഹലബെന്ന രാജ്യത്തി–
ന്നധിപതിരാജ്യമായി
ഹീറാഖ്യാതോട്ടത്തിൽ
മക്കം പൂരുസ്ഥാനത്തിൽ
പാത്തുമ്മാ പെററ
മകനല്ലോ വാവരു്’’

എന്നാണു് വാവരുടെ വംശത്തേയും മാതാവിനേയുംകുറിച്ചു പഴയ ഒരു പാട്ടിൽ കാണുന്നതു്. മറെറാന്നിൽ,

‘‘ഇടയറിയാപെണ്ണവ–
ളോമനപ്പാത്തുമ്മാ,
പടവിരുതൻ ആലിക്കുട്ടി
കെട്ടുകഴിച്ചവളെ’’

എന്നിങ്ങനെ പിതാവിനെക്കുറിച്ചും പരാമർശിച്ചിട്ടുണ്ടു്.

ബാല്യംമുതല്ക്കേ നിശിതബുദ്ധിമാനും നിർഭയനുമായിട്ടാണു് അയാൾ വളർന്നതു്. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം മുസ്ലീംവേദങ്ങളിലും കായികാഭ്യാസമുറക

ളിലും വൈദഗ്ദ്ധ്യം സമ്പാദിച്ചു; ലോകവ്യവഹാരങ്ങളിലും സാമർത്ഥ്യം നേടി.

യൗവനംമുതൽ ഒരസാധാരണവ്യക്തിത്വം വാവരിൽ പ്രത്യക്ഷപ്പെട്ടു. സാഹസിയെന്നും, സമർത്ഥനെന്നും, ജനങ്ങളെക്കൊണ്ടു പറയിക്കത്തക്കവിധം വിവിധരംഗങ്ങളിൽ അയാരം ചടുലമായി പ്രവർത്തിച്ചു തുടങ്ങി. പുറമെ ഇന്ദ്രജാലം, മന്ത്രവാദം മുതലായവയും വശമാക്കി. ഇത്രയുമൊക്കെ സിദ്ധികരം നേടിക്കഴിഞ്ഞപ്പോരം മററാരെയും വകവയ്ക്കാത്ത ഒരു പ്രകൃതം വാവരിൽ പ്രകടമായിക്കണ്ടു. വിശേഷിച്ചു ശക്തന്മാരും, പ്രമാണികളും, പ്രഭാവശാലികളുമെന്നു കാണപ്പെട്ടവരെയൊക്കെ ഒന്നടിച്ചമർത്തുന്നതിനുള്ള ഒരു പ്രത്യേകപ്രവണതയും ആ യുവാവിൽ പ്രത്യക്ഷപ്പെട്ടു. എതിർത്തവരിൽ പലരേയും വാവർ അടിപെടുത്തി. പല വമ്പന്മാരും വാവരുടെ മുമ്പിൽ തലകുനിച്ചു. പലതരക്കാരായ അനുയായികരം അയാളുടെചുററും കൂടി. വാവരുടെ നാമം ആക്കും ഭയവും അമ്പരപ്പും ഉണ്ടാക്കിയിരുന്നു.

കപ്പലോട്ടമാണ് വാവർ ജീവിതത്തൊഴിലായി സ്വീകരിച്ചതു്. ഉപ്പുകച്ചവടമായിരുന്നു പ്രഖ്യാപിതമായ തൊഴിലെങ്കിലും, കടൽക്കൊള്ള കൂടുതൽ ആദായകരമായിത്തോന്നിയതിനാൽ ക്രമേണ കച്ചവടം കുറഞ്ഞും, കൊള്ള കൂടിയുംവന്നു. കിട്ടിയ സമ്പദ്വിഭവങ്ങരം സ്വന്തമായി വാരിക്കൂട്ടാതെ ഒട്ടധികവും അനുയായികരംക്കും അർത്ഥികരംക്കും സാധുക്കരംക്കും വീതിച്ചുകൊടുക്കുന്ന ഒരു സമ്പ്രദായം സ്വീകരിച്ചതിനാൽ വാവർ ഒരു വലിയ ആരാധകസംഘത്തിന്റെ പ്രത്യക്ഷദൈവമായിത്തീന്നു. അധികവും കേരളക്കരയുമായിട്ടായിരുന്നു വാവരുടെ ആദ്യകാലത്തെ കച്ചവടം. കായംകുളം തുറമുഖം അദ്ദേഹത്തിൻെറ ഒരു പ്രധാനതാവളമായതോടുകൂടി അതിനു സമീപമുള്ള സമുദ്രഭാഗങ്ങളിൽ കച്ചവടക്കാക്കു പൊതുവേ വാവരെ സംബന്ധിച്ച ഭീതിയും സംഭ്രമവും വദ്ധിച്ചു. തുറമുഖത്തിലെ കച്ചവടത്തിനു് അതുനിമിത്തം വലുതായ സ്തംഭനവും നേരിട്ടു. അങ്ങനെയിരിക്കുന്ന സന്ദർഭത്തിലാണ് കായംകുളംരാജാവും അയ്യപ്പനുമായുള്ള സമാഗമമുണ്ടായതും, വാവരെ എതിർത്തമർത്തേണ്ടതു് ജനങ്ങളുടെ ക്ഷേമസമാധാനങ്ങരംക്കു് അനുപേക്ഷണീയമാണെന്ന വിശ്വാസം അയ്യപ്പനുണ്ടായതും.

കായംകുളത്തെ കളരിനാഥന്മാരെയും ജനപ്രമാണികളെയും കണ്ടു മലയോരങ്ങരം കീഴടക്കി ശബരിമലക്ഷേത്രം നശിപ്പിച്ച ഉദയനെ ആ പ്രദേശങ്ങളിൽനിന്നു തുരത്തുന്നതു് ഒരു പുണ്യകമ്മമാണെന്നും, അതിലേക്കു രാജ്യസ്നേഹികളേയും, ഈശ്വരവിശ്വാസികളേയും സംഘടിപ്പിച്ചു കത്തവ്യബോധമുളവാക്കുകയാണ് ആദ്യമായി വേണ്ടതെന്നും അയ്യപ്പൻ ഉദ്ബോധിപ്പിച്ചു. ഈ യത്നം തുടന്നുകൊണ്ടിരിക്കവെയാണ് വാവർ കരുനാഗപ്പള്ളിക്കടലോരങ്ങളിൽ ഒരു കപ്പൽപ്പടയെ ഇറക്കുവാൻ ഉദ്യമിക്കുന്നുവെന്ന വാത്ത ലഭിച്ചതു്. അയ്യപ്പൻ ഉടൻതന്നെ കായംകുളത്തെ ഒരു ചെറിയ സൈനികഘടകത്തെക്കൂട്ടി തൻെറ ആരംക്കാരോടൊന്നിച്ചു കടൽത്തീരത്തേക്കു പുറപ്പെട്ടു. വാവരുടെ കപ്പൽപ്പട കരയ്ക്കടുക്കുന്നതിനു മുമ്പുതന്നെ അയ്യപ്പൻെറ സൈന്യം കടൽത്തീരത്തെത്തി. ആ ഏററുമുട്ടലിനെക്കുറിച്ചു 'വാവരങ്കം' എന്ന പഴയ പാട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

''അയ്യപ്പനും തൻ പടയോടുകൂടി
കടൽവാരത്തേക്കങ്ങെഴുന്നള്ളി
കടൽത്തീരത്തു് എത്തുന്നനേരം
കാണായൊരു കപ്പൽവരവു്
ആരുടെ കപ്പലിതെന്നു്
കണ്ടനയ്യപ്പൻ ചോദ്യവുംചെയ്തു.''

യുദ്ധത്തിൽ, അയ്യപ്പൻെറ അസ്ത്രമേററു കപ്പലിൻെറ പാമരം മുറിഞ്ഞുവീണു. എന്നിട്ടും വാവർ കപ്പൽ കരയ്ക്കടുപ്പിച്ചു പടയിറക്കി. സൈന്യങ്ങരംതമ്മിലുണ്ടായ യുദ്ധത്തിൽ വാവരുടെ ഭടന്മാർ പരാജയപ്പെട്ടു. ഒടുവിൽ വാവർ അയ്യപ്പനെ ദ്വന്ദ്വയുദ്ധത്തിനു വിളിച്ചു. അത്ഭുതപരാക്രമിയായ വാവക്കു് ഒററയ്ക്കുള്ള യുദ്ധത്തിൽ അയ്യപ്പനെ പരാജയപ്പെടുത്താമെന്ന പൂണ്ണവിശ്വാസമുണ്ടായിരുന്നു. ഏററുമുട്ടിക്കഴിഞ്ഞപ്പോഴാണ് സാമാന്യപ്പെട്ട ഒരു പ്രതിയോഗിയോടല്ല താൻ നേരിട്ടിരിക്കുന്നതെന്നു വാവർ മനസ്സിലാക്കിത്തുടങ്ങിയതു്.

അയ്യപ്പനും ആദ്യം പ്രതിയോഗിയെക്കുറിച്ചുണ്ടായിരുന്ന ധാരണ മാറേറണ്ടതായിവന്നു. താൻ മുമ്പെതിരിട്ട ഏതൊരു പടയാളിയെക്കാളും പരാക്രമിയാണ് വാവർ.

എന്നു് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. അതുകൊണ്ടു് അയ്യപ്പനും കരുതലോടെ പെരുമാറേണ്ടിവന്നു. ക്രമേണ വാവരുടെ വാൾ പ്രയോഗത്തിനു് അയ്യപ്പന്റെ ചുരികപ്രയോഗത്തോടു് ഒരുവിധത്തിലും കിടനില്ക്കാനാവാതെവന്നു. ഉടനെ വാവർ മന്ത്രശക്തി പ്രയോഗിച്ചുനോക്കി. എന്നാൽ, അതിനും അപ്പുറത്തെ മന്ത്രമാണു് അയ്യപ്പനിൽനിന്നും വാവക്കു് അഭിമുഖീകരിക്കേണ്ടിവന്നതു്. വാവരുടെ ഇന്ദ്രജാലപ്രയോഗവും ഫലിച്ചില്ല. അതോടുകൂടി അയ്യപ്പന്റെ മഹത്വം വാവക്കു സംശയാതീതമായ വിധം ബോദ്ധ്യപ്പെട്ടു. ആ പോരാളിയുടെ അന്നോളമുള്ള ജീവിതത്തിനിടയ്ക്കു് അതുപോലെ ഒരു മഹിമാശാലിയുമായി ഏററുമുട്ടാൻ ഇടയായിട്ടില്ല. തന്റെ പരാജയമാണെങ്കിൽ, നിരുപാധികമായ ഒരു കീഴടക്കത്തിന്റെ വക്കിൽ തന്നെ എത്തിക്കുകയും ചെയ്തിരിക്കുന്നു. എങ്കിലും വീരനായ വാവർ മറ്റൊരു യുദ്ധവീരനു കീഴടങ്ങുവാൻ തയ്യാറായില്ല. കീഴടക്കത്തേക്കാൾ മരണമായിരിക്കും ശ്രേഷ്ഠമെന്നു് ആദ്യം വിചാരിച്ചു. എന്നാൽ വിജയിയായിനിന്ന അയ്യപ്പന്റെ വ്യക്തിവൈഭവം വാവരുടെ അന്തരംഗത്തെ സ്വാധീനംചെയ്യുന്നതായി ആ യോദ്ധാവിനു തോന്നി. യുദ്ധത്തിനിടയ്ക്കു് തന്റേനേക്കു് ആയുധപ്രയോഗത്തിൽ അയ്യപ്പൻ പ്രകടിപ്പിച്ച ദാക്ഷിണ്യോദാരമായ മനോഭാവം വാവരെ വശീകരിച്ചു. ദ്വന്ദ്വയുദ്ധത്തിലെ ഏററവും ഉഗ്രമായ സന്ദർഭങ്ങളിൽപ്പോലും അയ്യപ്പന്റെ മനസ്സാന്നിദ്ധ്യവും, മുഖത്തെ പ്രസന്നതയും അക്ഷതമായി കാണപ്പെട്ടു. യുദ്ധം അദ്ദേഹത്തിനു് ഒരു കുട്ടിക്കളി മാത്രമേ ആയിരുന്നുള്ളു എന്നു വാവക്കു തോന്നി. യുദ്ധാനന്തരം ആ ദിവ്യപ്രഭാവനിൽനിന്നു പുറപ്പെട്ട സ്നേഹമസൃണമായ വചോധാര ഹൃദയഹാരിതന്നെയായിരുന്നു. ഒരു വിജയിയുടെ ഔദ്ധത്യത്തിന്റെ കണികപോലും അതിൽ കലന്നിരുന്നില്ല. ധീരോദാത്തനും, കരുണാശീതളസാന്ത്വനമായ ഒരു സ്നേഹസമ്പന്നന്റെ സാന്ത്വനോക്തികളാണു് അഭിമാനധനനായ വാവർ അയ്യപ്പന്റെ വചനാമൃതത്തിലൂടെ ശ്രവിച്ചതു്. അയ്യപ്പൻ ഇപ്രകാരം സംസാരിച്ചു:

''വാവരേ! നിങ്ങളുടെ ധീരതയേയും യുദ്ധവൈദഗ്ദ്ധ്യത്തേയും ഞാൻ അങ്ങേയററം വിലമതിക്കുന്നു. ഞാൻ നിങ്ങളെ ജയിച്ചതു് നിഷ്പ്രയാസമായിട്ടല്ല. ഒരു പ്രതിയോഗിയെന്ന നിലയിൽ നിങ്ങൾ അധൃഷ്യൻതന്നെയാണു്. എന്റെ വിജയം നിങ്ങളിൽനിന്നു വളരെ ക്ലേശിച്ചാണു ഞാൻ നേടിയതു്. എനിക്കു് അതിൽ അത്രവളരെ അഭിമാനിക്കേണ്ടതില്ല; നിങ്ങൾക്കു ഭഗ്നോത്സാഹനാകേണ്ടതുമില്ല. പിന്നെ എനിക്കു നിങ്ങളോടു് ഇത്രയേ പറയേണ്ടതുള്ളു. നിങ്ങളുടെ മാർഗ്ഗം തെററാണു്. കടൽക്കൊള്ള നിങ്ങളേപ്പോലെ മഹത്വത്തിന്റെ ലക്ഷണങ്ങൾ തികഞ്ഞ ഒരു മനുഷ്യനു് അനുയോജ്യമായ തൊഴിലല്ല. അതിൽനിന്നു കിട്ടുന്ന ധനം നിങ്ങൾ സ്വന്തമായി സംഭരിക്കുന്നില്ലെന്നു് എനിക്കറിയാം. അതിൽ അധികവും പരോപകാരാർത്ഥമായാണു വിനിയോഗിക്കുന്നതെന്നുമറിയാം. നിങ്ങൾ അപരിഗ്രഹബുദ്ധിയാണെന്നു് അതു തെളിയിക്കുന്നു. പക്ഷേ, അതുകൊണ്ടുമാത്രമായില്ല. ലക്ഷ്യം എത്ര നല്ലതായാലും മാർഗ്ഗം ശുദ്ധമായിരിക്കണം. മാർഗ്ഗം പിഴച്ചാൽ ലക്ഷ്യവും ക്രമേണ പിഴയ്ക്കും. പിഴ എവിടെയായാലും പിഴതന്നെയാണു്. അതുകൊണ്ടു് നിസ്വാർത്ഥനും, പരോപകാരപരനുമായ നിങ്ങൾ അതിലേക്കു പററിയ മാർഗ്ഗംകൂടി തെരഞ്ഞെടുക്കുക. പിന്നെ നിങ്ങൾക്കു തുല്യരായ മഹത്തുക്കൾ വിരളമായിരിക്കും.''

അയ്യപ്പന്റെ ഉപദേശം വാവരുടെ കണ്ണു തുറപ്പിച്ചു. ഇതുവരെ ചുററും കൂടിയിരുന്നവരെല്ലാം തന്റെ ദുഷിച്ച തൊഴിലിൽ ലഭിച്ച വിജയത്തിൽ തന്നെ അഭിനന്ദിച്ചു പ്രോത്സാഹിപ്പിച്ചതല്ലാതെ ആരും തന്റെ മാർഗ്ഗഭ്രംശത്തെക്കുറിച്ചു് അനുസ്മരിപ്പിക്കുകയുണ്ടായില്ല. ഇപ്പോൾ കണ്ണുകളിൽ പതിച്ച അമൃതധാരയാകട്ടെ, ഒരാത്മപരിശോധനചെയ്യാൻ തന്നെ പ്രേരിപ്പിക്കുന്നു. ഒരു പരിവർത്തനത്തിന്റെ കാഹളധ്വനി അതു തന്റെ അന്തരംഗത്തിൽ മുഴക്കുന്നു. അയ്യപ്പനെക്കുറിച്ചു് ഒരു യഥാർത്ഥഗുരുവിന്റെ പ്രതീതിയാണു് അപ്പോൾ വാവരുടെ മനസ്സിൽ ഉദിച്ചതു്. അയ്യപ്പന്റെ പാദത്തിൽ സാഷ്ടാംഗം നമസ്കരിച്ചിട്ടു് വാവർ ഇപ്രകാരം പറഞ്ഞു:

''ഗുരോ! അതേ, ഗുരോ എന്നുതന്നെ

യാണ് ഞാൻ അങ്ങയെ വിളിക്കുന്നത്. അങ്ങ് ഇന്നുമുതൽ എന്റെ ഗുരുവാണ്. യഥാർത്ഥവെളിച്ചം തന്ന് നേർവഴി കാണിക്കുന്ന മഹാത്മാവാണ് ഗുരുവെങ്കിൽ, അങ്ങുതന്നെയാണ് എന്റെ ഗുരു. ഞാൻ ഇതുവരെ ഇരുട്ടിൽ തപ്പിത്തടയുകയായിരുന്നു. മാർഗ്ഗഭ്രംശംമൂലം പാപങ്ങളിൽപ്പെട്ടു കുഴയുകയായിരുന്നു. മതവിശ്വാസമനുസരിച്ച് ഞാൻ ദൈവത്തെ സ്തുതിച്ചിരുന്നു. എന്നാൽ എന്റെ പ്രവൃത്തി മുഴുവൻ ദൈവത്തിനെതിരായിരുന്നു. എന്നോടൊപ്പം ദൈവം സൃഷ്ടിച്ച ഓമനമക്കളെ, എന്റെ സഹോദരരെ, ദ്രോഹിക്കുകയായിരുന്നു ഞാൻ. എന്റെ മാർഗ്ഗം തെററിയെന്ന് അങ്ങ് അരുളിച്ചെയ്തതു് ഒരു മിന്നൽപ്പിണർപോലെ എന്നെ ഞെട്ടിച്ചുണർത്തി, ഒരു പുതിയ ബോധോദയംതന്നെ എനിക്കുണ്ടാക്കി. ഇതുവരെ ഞാൻ എന്റെ ഭുജബലത്തിലും സ്വശക്തിയിലും വിശ്വസിച്ച് ഹിംസാത്മകമായ കൃത്യങ്ങളിൽ വ്യാപരിച്ചു കാലം പാഴാക്കിക്കളഞ്ഞു. അങ്ങയുടെ മുന്നിൽ, എന്റെ തനിക്കുതാൻപോരിമയാലുള്ള അഹന്ത തകന്നു തരിപ്പണമായി. അതു് എന്നിൽ ആത്മബോധോദയത്തിന് ഒരു കളമൊരുക്കലായി പരിണമിച്ചു. അഹന്തയുടെ പരാജയത്തിനുശേഷം അല്ലായിരുന്നുവെങ്കിൽ അങ്ങയുടെ ദിവ്യോപദേശം ശ്രദ്ധിക്കാനുള്ള വിനയവും സന്നദ്ധതയും എനിക്കുണ്ടാകുമായിരുന്നില്ല.''

അയ്യപ്പൻ:—വാവരുടെ വാക്കുകൾ എന്നെ ആനന്ദപുളകംകൊള്ളിക്കുന്നു. വിശേഷിച്ചും ഒടുവിൽ പറഞ്ഞ വസ്തുത അക്ഷരംപ്രതി ശരിയാണ്. നമ്മുടെ അഹന്ത ജ്ഞാനത്തിൽ വിലയംപ്രാപിച്ചാൽ മാത്രമേ നമുക്കു യഥാർത്ഥലക്ഷ്യത്തിലേക്കു ശ്രദ്ധ തിരിക്കാൻ സാധിക്കൂ. ആ ഒരു പരിവർത്തനം നിങ്ങളിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു; ആ പരിവർത്തനത്തിനുള്ള കഴിവ് നിങ്ങളിൽ പൂർവ്വജന്മാർജ്ജിതമായിട്ടുണ്ടായിരുന്നു. നിശ്ചേതനമായിക്കിടന്ന അതിനെ ഒന്നു തട്ടിയുണർത്തേണ്ട ആവശ്യമേ എനിക്കുണ്ടായിരുന്നുള്ളു. നിങ്ങൾ ഇപ്പോൾ നിങ്ങളിലേക്കുതന്നെ ഉണർന്നു. ഇനി ലോകസംഗ്രഹകൃത്യത്തിനിറങ്ങുവാൻ സർവ്വഥാ യോഗ്യനാണ് നിങ്ങൾ. അതുകൊണ്ടു് നമ്മുടെ മൈത്രി നമുക്കു മാത്രമല്ല, ലോകത്തിനുതന്നെ ഒരു വലിയ നേട്ടമായിരിക്കും. ഞാൻ അതിമഹത്തായ ഒരു കൃത്യത്തിന് പ്രതിജ്ഞാബദ്ധനായി ഇറങ്ങിയിരിക്കുകയാണ്. വാവരെപ്പോലെ ഊർജ്ജസ്വലരും ഉത്തിഷ്ഠമാനരുമായ കുറെ അധികം സഹായികളെ എനിക്കു് അതിലേക്കാവശ്യമുണ്ട്.

വാവർ:—അങ്ങയെപ്പോലുള്ള ഒരു ആചാര്യസത്തമന്റെ നേതൃത്വത്തിൽ ഏതൊരു പ്രസ്ഥാനത്തിനിറങ്ങുവാനും എനിക്കു സന്തോഷമേ ഉള്ളൂ. ആ മഹദുദ്യമം എന്തെന്നു വിശദമാക്കിയാലും.

അയ്യപ്പൻ തന്റെ ഉദ്ദേശം വാവരെ ഗ്രഹിപ്പിച്ചു. ഈശ്വരവിശ്വാസമില്ലാത്ത ഒരു വർഗ്ഗത്തലവൻ കിഴക്കൻപ്രദേശങ്ങളാക്രമിച്ചു കൈയടക്കി, ശബരിമല മുതലായ ദേവാലയങ്ങൾ നശിപ്പിച്ച കഥകൾ അയ്യപ്പൻ വിവരിച്ചപ്പോൾ, തികഞ്ഞ ആസ്തികനായ വാവർ വികാരഭരിതനായി. അങ്ങനെയുള്ള ദുഷ്ടന്മാരെ തുരത്തുന്നതിന് തന്റെ സർവ്വകഴിവുകളും ദാനംചെയ്യാമെന്നു പ്രതിജ്ഞയെടുത്തു. നല്ല യുദ്ധവൈദഗ്ദ്ധ്യമുള്ള ഒരു ചെറുസംഘം ഭടന്മാർ തന്റെകീഴിലുണ്ടെന്നും, അവരുടെ സേവനവും അയ്യപ്പന്റെ ഉദ്യമത്തിനുവേണ്ടി സമർപ്പിച്ചിരിക്കുന്നുവെന്നും വാവർ അറിയിച്ചു. താനും അനുയായികളും സ്വന്തം മതം ഉപേക്ഷിച്ചുപോലും അയ്യപ്പന്റെ പാർശ്വത്തിൽ നില്ക്കാൻ തയാറാണെന്ന് അദ്ദേഹം ഉറപ്പുകൊടുത്തു.

അവിടെ അയ്യപ്പൻ വാവരെ തടഞ്ഞുകൊണ്ടിപ്രകാരം പറഞ്ഞു:

''വാവരുടെ ആത്മാർത്ഥതയേയും ധാർമ്മികബോധത്തേയും ഞാൻ മാനിക്കുകതന്നെ ചെയ്യുന്നു. നിങ്ങളുടെ വിലയേറിയ സേവനങ്ങളെ സ്വാഗതംചെയ്യുകയുംചെയ്യുന്നു. എന്നാൽ, ആ സേവനാനുഷ്ഠാനത്തിനു മതംമാററത്തിന്റെ ആവശ്യമില്ല. അങ്ങനെയുള്ള ധാരണ ഉപേക്ഷിക്കണം. ലോകസംഗ്രഹത്തിൽ മതത്തിന്റെ പ്രശ്നമേ ഉദിക്കുന്നില്ല. മതമേതായാലും നന്മചെയ്യുക എന്നതാണ് കാര്യമായിട്ടുള്ളതു്. എല്ലാ മതവും സച്ചിദാനന്ദമയനായ സത്യസ്വരൂപനിലേക്കുള്ള മാർഗ്ഗമാണെന്നാണ് സനാതനധർമ്മം പ്രഖ്യാപിക്കുന്നതു്. അതിനാൽ വാവർക്ക് സ്വമതത്തിൽത്തന്നെ നിന്നുകൊണ്ടു് ഈ സേവനകൃത്യം അനുഷ്ഠിക്കാം.''

അയ്യപ്പന്റെ ഹൃദയവിശാലതയും ജ്ഞാനവൈഭവവും കൂടുതൽ വിശദമാക്കുന്ന ഈ പ്രഭാഷണം വാവർക്ക് ഏററവും ഉത്തേജകമായിട്ടാണ് അനുഭവപ്പെട്ടത്. ഒരുവന്റെ വിശ്വാസത്തെ ശൃംഖലാബദ്ധമാക്കാത്ത ഒരു ദർശനമാണ് അയ്യപ്പന്റേതെന്നു മനസ്സിലായപ്പോൾ അദ്ദേഹത്തിന്റെ നിസ്വാർത്ഥത സ്വയം വിശദമായി. ഗുരുവിന്റെ അഭികാമ്യതയിൽ അദ്ദേഹത്തിന് ആനന്ദം തോന്നി. മേൽ വേണ്ടതെന്തെന്ന് ഇനി ആജ്ഞാപിക്കേണ്ടതേയുള്ളുവെന്ന്, തന്നെത്തന്നെ ഗുരുവിന്റെ പക്കൽ സമർപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ഇത്ര ത്യാഗസന്നദ്ധനായ ഒരു ശിഷ്യനെ കിട്ടിയതിൽ അതീവസന്തുഷ്ടനായിത്തീർന്ന അയ്യപ്പൻ ചരിതാർത്ഥനായി. തന്റെ ജീവിതലക്ഷ്യം വിശദീകരിച്ചുകൊടുത്തശേഷം അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു:

''പ്രവൃത്തിപദ്ധതികളെല്ലാം ആസൂത്രണം ചെയ്തുകഴിഞ്ഞു. കിഴക്കൻമലപ്രദേശങ്ങളെ വിമോചിപ്പിച്ചു ശബരിമലക്ഷേത്രോദ്ധാരണം നടത്തുന്നതിലേക്ക് ഒരു സൈനികസംഘടനയും സജ്ജീകരണവും നടത്തുകയെന്നതാണ് നമ്മുടെ പരിപാടിയുടെ പ്രഥമഭാഗം. അതിനു കായംകുളം കളരിനാഥന്മാരെക്കൊണ്ടു കഴിയുന്നതെന്തെന്ന് അവരെ മനസ്സിലാക്കിക്കഴിഞ്ഞു. ഇനി ചെമ്പകശ്ശേരി, തെക്കുംകൂർ, വടക്കുംകൂർ എന്നീ പ്രദേശങ്ങളിലേക്കു നമുക്കു കടക്കേണ്ടിയിരിക്കുന്നു. കേവലം സൈനികസംഘടനമാത്രമല്ല നമ്മുടെ പ്രസ്ഥാനത്തിന്റെ ഉദ്ദേശം. ഇപ്പോൾ ഈ നാടുകളിലെല്ലാം പൊതുവേതന്നെ വലുതായ ഒരു ധർമ്മഗ്ലാനി സംഭവിച്ചിരിക്കുകയാണ്. അതിന്റെ ഫലമായിട്ടാണ് ഈശ്വരവിശ്വാസമില്ലാത്ത ദുഷ്ടസംഘങ്ങൾക്ക് നാടടക്കുന്നതിനും, ക്ഷേത്രങ്ങൾ നശിപ്പിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ലഭിച്ചത്. അതിനാൽ, ജനങ്ങളുടെ ഇടയിൽനിന്നു തിരോധാനംചെയ്തിട്ടുള്ള ഈശ്വരവിശ്വാസവും ധാർമ്മികബോധവും സദാചാരങ്ങളും വീണ്ടുകൊണ്ടുവരികയെന്നതാണ് പ്രധാനലക്ഷ്യം. യുദ്ധം എപ്പോഴും സ്വീകാര്യമല്ലെങ്കിലും, ധർമ്മസംരക്ഷണത്തിനു ചിലപ്പോൾ അതു വേണ്ടിവരും. വിശേഷിച്ചും ഇപ്പോഴത്തെപ്പോലെ ധർമ്മഗ്ലാനി സംഭവിച്ചിട്ടുള്ള ഒരു സന്ദർഭത്തിൽ പൊടുന്നനവേ വേണ്ടിയിരിക്കുന്ന ഒരു പ്രത്യൗഷധമെന്ന നിലയിൽ അതു പ്രയോഗിക്കാതെ നിർവ്വാഹമില്ല. ഒരു ദുഷ്ടവ്രണം മാററാനുള്ള ശസ്ത്രക്രിയപോലെ അതിപ്പോൾ പ്രയോഗിക്കുകയാണ്. അതിനുമുമ്പും പിമ്പും രോഗിക്കു രസായനചികിത്സപോലെ ആത്മീയോജസ്സുരങ്ങളായ ധാർമ്മികോദ്ബോധനങ്ങളും നമുക്കാവശ്യമാണ്. സമുദായത്തിന്റെ ആദ്ധ്യാത്മികാധിഷ്ഠാനം ഇന്ന് അമ്പേ തകർന്നിരിക്കുകയാണ്. കൊള്ളക്കാർ ദേവാലയങ്ങൾ നശിപ്പിച്ചിട്ടും ഇവിടുത്തെ ജനങ്ങളിൽ അതു യാതൊരു പ്രതികരണവും ഉണ്ടാക്കിയിട്ടില്ല; അഥവാ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽത്തന്നെയും അതു സംഘടിതമായിട്ടില്ല; പുറമെ യാതൊരുവിധത്തിലും പ്രകടമായിട്ടുമില്ല. ഒരുപക്ഷേ, ജനതയുടെ ഉള്ളിൽ അതു പുകഞ്ഞുനീറുന്നുണ്ടെങ്കിൽ അതിനെ ഉജ്ജ്വലിപ്പിക്കേണ്ട സമയം അതീതമായിരിക്കുന്നു. ഏതായാലും ശത്രുധ്വംസനത്തിനുള്ള ഒരാവേശമുണ്ടായിക്കഴിഞ്ഞാൽ ഇതൊക്കെ താനേ സംഭവിച്ചുകൊള്ളും. യുദ്ധസജ്ജീകരണത്തിനു സമാന്തരമായിട്ടുതന്നെ ധർമ്മോദ്ബോധനവും നടക്കണം. നിങ്ങളേപ്പോലെ വ്യക്തിവൈശിഷ്ട്യമുള്ള പോരാളികൾ എന്നോടുകൂടിയുണ്ടെങ്കിൽ ദ്വിമുഖമായ ഈ പ്രവർത്തനം വിജയപരിസമാപ്തിയിൽ എത്തിക്കാമെന്ന് എനിക്കുറപ്പുണ്ട്. യുദ്ധം കഴിഞ്ഞാലുടനെതന്നെ അഹിംസാത്മകവും ധർമ്മനിഷ്ഠവുമായ ഒരു ആത്മീയോത്തേജനപരിപാടി നമുക്കു തുടരേണ്ടതായിട്ടുണ്ട്.

''കായംകുളത്തെ പരിപാടികൾ ഒരുവിധം സമാപിച്ചിരിക്കുകയാൽ ഇനി നമുക്ക് അമ്പലപ്പുഴനാട്ടിലേക്കു കടക്കണം. പക്ഷേ, അതിനുമുമ്പ് അല്പസമയത്തേക്കു നമുക്കു പന്തളത്തേക്കുതന്നെ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. അവിടെ ചില ആപൽശങ്കകൾക്ക് അവകാശംകാണുന്നു.''

കാര്യം ശരിയായിരുന്നു. പന്തളത്തുനിന്ന് അടുത്തദിവസം കായംകുളത്തെത്തിയ ഒരു ദൂതൻ സമർപ്പിച്ച സന്ദേശത്തിൽ ഉദയൻ ഉടൻതന്നെ പന്തളം രാജധാനിയിൽ ഒരാക്രമണം നടത്താനുള്ള സാദ്ധ്യതയെക്കുറിച്ചെഴുതിയിരുന്നു. അയ്യപ്പനും

വാവരും അവരുടെ കീഴിലുള്ള ഭടസംഘങ്ങളുമായി ഉടനെ അങ്ങോട്ടു പുറപ്പെട്ടു.

അയ്യപ്പൻ പന്തളത്തു കാണിച്ച അത്ഭുതപ്രവൃത്തികളെക്കുറിച്ച് ഉദയന്റെ സങ്കേതങ്ങളിലും വാർത്തകൾ പരന്നിരുന്നു. ഉദയനെ ധ്വംസിക്കാനുള്ള വിപുലമായ ഒരു പദ്ധതിക്ക് അയ്യപ്പൻ നേതൃത്വംകൊടുക്കാൻ ഉദ്ദേശിക്കുന്നതായും അവിടെ കേട്ടിരുന്നു. അപ്രതീക്ഷിതമായ സന്ദർഭങ്ങളിൽ മിന്നലാക്രമണങ്ങൾ നടത്തി ബലിഷ്ഠങ്ങളായ സ്ഥാനങ്ങളെപ്പോലും നിർവ്വീര്യമാക്കുന്ന ഒരു നയമായിരുന്നു ഉദയന്റേതു്. അയ്യപ്പൻ കായംകുളത്തു വാവരുമായി യുദ്ധത്തിലേർപ്പെട്ടിരിക്കുന്നു എന്നറിഞ്ഞതായിരുന്നു ഉദയനു് ഒരു മിന്നലാക്രമണത്തിനുള്ള പ്രേരണനല്കിയതു്. അയ്യപ്പൻവാവരോടെതിർത്തു് അടിപ്പെടുകയോ, അല്ലെങ്കിൽ ദീർഘസമയം സമരംചെയ്തു നിന്നുപോകുകയോ ചെയ്യുമെന്നാണു് ഉദയൻ വിചാരിച്ചതു്. പൊടുന്നനവേ അയാൾ സൈന്യസമേതം പന്തളം രാജധാനിയിൽ എത്തി. പന്തളത്താണെങ്കിൽ, ആക്രമണം ഉണ്ടാകുമെന്ന കേൾവി പരന്നിരുന്നെങ്കിലും ഇത്ര അവിചാരിതമായി അതു സംഭവിക്കുമെന്നു് ആരും വിചാരിച്ചിരുന്നില്ല; പ്രതിരോധത്തിനു് പറയത്തക്ക ഒരുക്കമൊന്നും അവിടെ ചെയ്തിരുന്നുമില്ല. അതിനാൽ, കൊട്ടാരമാളികയിൽവരെ പടയെത്തിയ ഒരു പരിതസ്ഥിതിയാണു് നിനച്ചിരിയാതെ അവിടെ ആവിർഭവിച്ചതു്.

''ഉദയരാജാവും പടയോടുകൂടി
ഉലകമെല്ലാം ജയിക്കാനായി
ചെന്നു പന്തളരാജാവിന്റെ
വമ്പെഴുന്ന മാളികത്താഴെ''

എന്നാണു് പ്രസ്തുത ആക്രമണത്തെക്കുറിച്ച് അയ്യപ്പന്റെ 'പന്തളശ്ശേവ'മെന്ന പാട്ടിൽ പറഞ്ഞിട്ടുള്ളതു്.

രാജാവിനെ ആ സംഭവം എത്രമാത്രം നിർവ്വീര്യനാക്കിയെന്നതിനു് പിന്നീടുള്ള വരികൾ സാക്ഷ്യംവഹിക്കും:

''നാടും പട ഭണ്ഡാരം പോകും
നാണക്കേടും വന്നുഭവിക്കും
നാണക്കേടിങ്ങേററുംകൊണ്ടു്
നാമിങ്ങിന്നു വസിപ്പതു യോഗ്യമോ?
മാനഹാനിവരാത്തവണ്ണമെൻ
പ്രാണഹാനി വരുത്തുവൻ ഞാൻ''

എന്നിങ്ങനെയാണു് മാനധനനായ ആ രാജാവു് ആ അത്യാഹിതത്തിൽ വിലപിച്ചതു്.

എന്നാൽ ഒട്ടും പ്രതീക്ഷിച്ചിരിക്കാത്തവിധം രക്ഷാമാർഗ്ഗം തെളിഞ്ഞുവന്നു. അയ്യപ്പൻ വാവരോടും സൈനികവിഭാഗങ്ങളോടുംകൂടി രാജധാനിയിൽ വന്നെത്തി. ഈ വാർത്ത ഉദയൻ കേട്ടു് ഞെട്ടിപ്പോയി. രാജാവു് അസ്വസ്ഥചിത്തനുമായി. വാവർ എന്ന അസാധാരണയുദ്ധവീരനെ കീഴടക്കി ശിഷ്യനും ആജ്ഞാവാഹിയുമാക്കിയാണു് അയ്യപ്പൻ വന്നെത്തിയതെന്നുള്ള വാർത്ത രണ്ടുപേരേയും രണ്ടുവിധത്തിൽ തന്നെ സ്പർശിച്ചു. ഉദയന്റെ സൈന്യങ്ങൾ ആ വാർത്ത കേട്ടു് പതറിപ്പോയെന്നുതന്നെ പറയാം. ഒന്നുരണ്ടു് ഏററുമുട്ടലുകളോടുകൂടി പരാജിതരാകുന്ന ലക്ഷണം അവർക്കനുഭവപ്പെട്ടു. അയ്യപ്പൻ യുദ്ധരംഗത്തേക്കു പോകുംമുമ്പേ രാജാവിനെ സാന്ത്വനപ്പെടുത്തി. സാക്ഷാൽ ധർമ്മശാസ്താവിന്റെ കാരുണ്യാതിരേകംകൊണ്ടുതന്നെയാണു് അയ്യപ്പന്റെ ആഗമനം ഇത്ര അപ്രതീക്ഷിതമായി ഉണ്ടായതെന്നും ഏതുവിധത്തിൽ തന്റെ ഹൃദയസമർപ്പണം ആ സന്നിധിയിൽ നടത്തണമെന്നറിയുന്നില്ലെന്നും, അദ്ദേഹം പറഞ്ഞു. ആ അവസരത്തിൽ അയ്യപ്പൻ ഇപ്രകാരം ഉപദേശിച്ചതായി പഴയ പാട്ടിൽ കാണുന്നു:

''കാലമടുത്തു വരുന്ന കണക്കിനു
മകരസംക്രമയാമംതന്നിൽ
പന്തളരാജൻ വൻപടചേർത്തു്
മലമുകളേറിയിറങ്ങി മറിഞ്ഞു്
ശബരിഗിരീശനെയങ്ങുവണങ്ങി
വരുവേനെന്നൊരു സത്യംചെയ്താൽ
ഇപ്പോൾ വന്ന രിപുക്കളെയെല്ലാം
ചെന്നു വധിക്കാൻ സാധിച്ചീടും.''

രാജാവു് ഒട്ടുംതന്നെ മടിച്ചില്ല. ഉദ്ധരിക്കുവാൻ ഉദ്ദേശിക്കുന്ന ശബരിമലക്ഷേത്രത്തിൽ അയ്യപ്പൻ നിശ്ചയിച്ച സുമുഹൂർത്തത്തിൽ സന്ദർശിച്ചുകൊള്ളാമെന്നു ഭക്തിപൂർവ്വം അദ്ദേഹം പ്രതിജ്ഞചെയ്തു.

ഉടൻതന്നെ അയ്യപ്പനും വാവരും സംഘട്ടനരംഗത്തേക്കു ചെന്നു. ഉദയന്റെ സൈന്യങ്ങളിൽ ശേഷിച്ചിരുന്ന ധൈര്യവും അതോടുകൂടി അസ്തമിച്ചു. ഒരാക്രമണത്തിനു യോജിച്ച സമയമല്ല അതെന്നു് ഉദയനു

തന്നെ ബോദ്ധ്യപ്പെട്ടു. കൂടുതൽ സൗകര്യപ്രദമായ സന്ദർഭത്തിൽ വീണ്ടും എത്തിക്കൊള്ളാമെന്ന നിശ്ചയത്തോടെ അയാൾ സൈന്യവുമായി വല്ലവിധവും പിൻവാങ്ങി.

രാജാവും കൊട്ടാരത്തിലെ പ്രമുഖ വ്യക്തികളും മന്ത്രിയും കൊച്ചുകടുത്ത തുടങ്ങിയ സേനാനികളും അയ്യപ്പനെ ആദരപൂർവ്വം ബഹുമാനിച്ചു. കായംകുളത്തെ സംഭവങ്ങളും, വാവരെ സ്വശിഷ്യനായി ലഭിച്ച വിവരങ്ങളും വിശദമായി അറിഞ്ഞപ്പോൾ ജനങ്ങൾക്ക് അയ്യപ്പനെ സംബന്ധിച്ചുള്ള ആദരാരാധനകൾ ശതഗുണീഭവിച്ചു. ജനങ്ങളുടെ ഈ സ്നേഹബഹുമാനങ്ങൾ വേണ്ടതുപോലെ മനസ്സിലാക്കിയ രാജാവ് ഒരു മഹാസദസ്സിൽവെച്ച് അയ്യപ്പനു രണ്ടു കൈയ്യും വീരശൃംഖല സമ്മാനിച്ചു. വാവരുടെ സേവനസന്നദ്ധതയെ അഭിനന്ദിച്ചു. രാജാവിന്റെ സൗമനസ്യത്തെയും ജനങ്ങളുടെ സ്നേഹവായ്പിനെയും കൃതജ്ഞതയോടെ പരാമർശിച്ചുകൊണ്ട് അയ്യപ്പൻ തന്റെ മഹത്തായ ലക്ഷ്യത്തെ പന്തളനിവാസികൾക്കു വിശദീകരിച്ചുകൊടുത്തു. ശത്രുപീഡനത്തിന് ഏററവും കൂടുതൽ ശരവ്യമായിത്തീരുന്ന പന്തളത്തുകാർ സൈനികസംഘടനയിൽ പുരോഗമിച്ചുകഴിഞ്ഞിരുന്നുവെങ്കിലും, ആദ്ധ്യാത്മികമായ അവരുടെ ലക്ഷ്യത്തിൽ വേണ്ടത്ര എത്തിക്കഴിഞ്ഞിരുന്നില്ലെന്നും, ശബരിമലയുടെ പതനം അതിന് ഏറെക്കുറെ കാരണമായിട്ടുണ്ടെന്നും, അതുകൊണ്ട് ഏററവും അടുത്ത സന്ദർഭത്തിൽ നടത്തണമെന്നുദ്ദേശിക്കുന്ന പുനരുദ്ധാരണപ്രസ്ഥാനത്തിൽ സർവ്വാത്മനാ സഹകരിക്കണമെന്നും ഉദ്ബോധിപ്പിച്ചു. എല്ലാ നാട്ടിലും പ്രസ്ഥാനത്തെ സംഘടിപ്പിക്കുന്നതിനായി യോഗങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്നും, പന്തളമാണ് അതിന് ആദ്യദൃഷ്ടാന്തം കാണിച്ചുകൊടുക്കേണ്ടതെന്നും അയ്യപ്പൻ ഉപദേശിച്ചു. ശത്രുധ്വംസനം, ക്ഷേത്രോദ്ധാരണം, പുനഃപ്രതിഷ്ഠ മുതലായവയ്ക്കു വേണ്ട ജനകീയ സഹായസഹകരണങ്ങൾ അങ്ങേയററം ലഭിക്കുക എന്നതായിരുന്നു യോഗങ്ങളുടെ ഉദ്ദേശം. ആദ്യത്തെ യോഗം പന്തളത്തു സ്ഥാപിച്ചു. കൊച്ചുകടുത്ത മുതലായ ശിഷ്യന്മാരെ അതിന്റെ ചുമതലകൾ ഏല്പിച്ചിട്ട് യഥാസമയം രാജാവിന്റെ സാന്നിദ്ധ്യം ക്ഷണിക്കുവാൻ ആളയച്ചുകൊള്ളാമെന്നുപറഞ്ഞു് അയ്യപ്പൻ വിടവാങ്ങി.

പന്തളംവിടുന്നതിനുമുമ്പ് അയ്യപ്പൻ വാവരെ സംബന്ധിച്ചും അതിപ്രധാനമായ കർത്തവ്യങ്ങൾ നിറവേററി. കായംകുളം തുറമുഖത്തു് അടുപ്പിച്ചിരുന്ന വാവരുടെ കപ്പലിൽ വളരെയധികം വാണിജ്യസാധനങ്ങൾ കിടപ്പുണ്ടായിരുന്നു. ഭടന്മാരും കച്ചവടത്തൊഴിലാളികളുമായി നല്ല ഒരു സംഘം ആളുകളും കപ്പലിലും വെളിയിലും ഉണ്ടായിരുന്നു. ഇവരെ എല്ലാവരെയും ഒന്നിച്ചുകൂട്ടി, വാവരുടെ നേതൃത്വത്തിൽ, കിഴക്കൻമലകൾവഴി അന്നുണ്ടായിരുന്ന കച്ചവടപ്പാതയിലെ ഒരു പ്രധാന കമ്പോളമായിരുന്ന എരുമേലിയിൽ താമസിപ്പിക്കാനായിരുന്നു അയ്യപ്പന്റെ ഉദ്ദേശം. വാവർക്ക് ആ നിർദ്ദേശം ഏററവും സ്വീകാര്യമായി തോന്നിയതിനാൽ സമ്മതിച്ചു. പടിഞ്ഞാറൻദേശങ്ങളിൽനിന്നു ശബരിമലയിലേക്കു് ഒരു പ്രസ്ഥാനം നയിക്കുമ്പോൾ ഒരു സൈനികതാവളമായും, സാധനസാമഗ്രികളുടെ സംഭരണകേന്ദ്രമായും പ്രയോജനപ്പെടുത്താൻ അതിനെക്കാൾ പററിയ ഒരു സ്ഥാനം വേറെയില്ലെന്ന് അയ്യപ്പന് അറിയാമായിരുന്നു.

ഉദയന്റെ ആൾക്കാരുടെ ശല്യംകൊണ്ടു് അന്ന് അത്ര സുരക്ഷിതമല്ലായിരുന്ന ആ സ്ഥലം കോട്ടകെട്ടി ഉറപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നു. അതു നടപ്പാക്കുവാനും, അവിടം സ്വാധീനശക്തിയുള്ള ഒരു കച്ചവടകേന്ദ്രമാക്കി വികസിപ്പിക്കുവാനും വാവരുടേയും ആൾക്കാരുടേയും സേവനങ്ങൾ പ്രയോജനപ്പെടുമെന്ന് അദ്ദേഹം വിശ്വസിച്ചു. ശബരിമലയുടെ വിമോചനത്തിനു വേണ്ടിവരുന്ന താല്ക്കാലിക സൈനികസന്നാഹങ്ങൾക്കു മാത്രമല്ല, ഭാവിയിൽ ക്ഷേത്രവുമായി ജനങ്ങൾക്കു സമ്പർക്കംപുലർത്താൻ പര്യാപ്തമായി വനപാർശ്വത്തിലുള്ള സ്ഥിരതാവളമായിട്ടുകൂടിയാണ് അയ്യപ്പൻ എരുമേലിയെ വിഭാവനചെയ്തതു്. വാവരുടേയും അനുയായികളുടേയും ആരാധനാവശ്യങ്ങൾക്ക് അവിടെ ഒരു മുസ്ലീംദേവാലയം സ്ഥാപിക്കണമെന്നും സമീപവാസികളായ മുസ്ലീംജനതയുമായി വാവരുടെ അനുയായികൾ കൂടിക്കഴിയണമെന്നും അയ്യപ്പൻ നിർദ്ദേശിച്ചു. വാവർ ആനന്ദമഗ്നനായിട്ടാണു

വിടവാങ്ങിയതു്. അയ്യപ്പൻെറ അനുഗ്രഹാശിസ്സുകളോടെ വാവരും പരിവാരങ്ങളും എരുമേലിയിലേക്കു തിരിച്ചു. താമസിയാതെ അവിടെയെത്തി മേൽ വേണ്ടുംകാര്യങ്ങൾ നിർദ്ദേശിച്ചുകൊള്ളാമെന്നേററാണ്് അയ്യപ്പൻ അവരെ യാത്രയാക്കിയതു്.

അയ്യപ്പൻ നേരെ അമ്പലപ്പുഴയ്ക്കാണു പോയതു്. വാവരോടുണ്ടായ യുദ്ധവും, വിജയവും നാട്ടാരൊക്കെ നേരത്തേ അറിഞ്ഞിരുന്നു. അയ്യപ്പൻെറ ക്ഷേത്രോദ്ധാരണോദ്യമത്തെക്കുറിച്ചും അവർ കേട്ടിരുന്നു. വളരെ ആവേശഭരിതമായ ഒരു സ്വീകരണമാണു ജനങ്ങളും രാജാവും നല്കിയതു്. അമ്പലപ്പുഴയിലെവിവിധ കരകളിലെ കളരിനാഥന്മാരെല്ലാവരും രാജധാനിയിൽ സന്നിഹിതരായിരുന്നു. അയ്യപ്പൻ തന്റെ പ്രസ്ഥാനത്തിൻെറ ലക്ഷ്യവും മാർഗ്ഗവും വിവരിച്ചപ്പോൾ അവരുടെ പ്രതികരണം പ്രോത്സാഹജനകമായിരുന്നു. അന്നത്തെ എല്ലാ ദേശങ്ങളിലും കരനാഥന്മാർ തമ്മിൽ സ്പർദ്ധയും കിടമത്സരങ്ങളും വർദ്ധിച്ചുവന്നു. ആയോധനപാടവത്തിലും ബുദ്ധിവൈഭവത്തിലും അദ്വിതീയരായ കേരളീയർ അന്നും ശത്രുക്കളുടെ ആക്രമണത്തിനു വിധേയരാകത്തക്കവിധം ദുർബ്ബലരായതു് ഈ കലഹങ്ങൾ നിമിത്തമല്ലാതെ മററൊരു കാരണവശാലുമായിരുന്നില്ല. അമ്പലപ്പുഴ മുതലായ സ്ഥലങ്ങളിൽ ഈ മത്സരം വളരെ കൂടുതലായിരുന്നതിനാൽ അവിടെയായിരുന്നു പരസ്പര സൗഹാർദ്ദം പുനഃസ്ഥാപിക്കുന്നതിൻെറ പ്രഥമയത്നം ആരംഭിച്ചതു്. സൗഹാർദ്ദത്തിനുവേണ്ടി എല്ലാവരും യോജിച്ചു. ശബരിമലയുടെ ഉദ്ധാരണത്തിനുള്ള സമസ്തചുമതലയും ഏറെറടുക്കാൻതന്നെ അവരെല്ലാവരും തയ്യാറായി. കടലോരപ്രദേശങ്ങളിലെ സൈനികബലം മുഴുവൻ അമ്പലപ്പുഴക്ഷേത്രസങ്കേതത്തിൽ കേന്ദ്രീകരിച്ചു് പാർത്ഥസാരഥിസന്നിധിയിൽനിന്നു യാത്രപുറപ്പെടാനായിരുന്നു എല്ലാവരുംകൂടി നിശ്ചയിച്ചതു്.

രാജാവിൻെറ പിൻതുണ എല്ലാത്തിനും വാഗ്ദാനംചെയ്യപ്പെട്ടു. കേവലം ഒരു സൈനികാടിസ്ഥാനത്തെക്കാൾ ആദ്ധ്യാത്മപ്രചോദകമായ ഒരു ജനകീയസംരംഭമായി അതിനെ വിഭാവനചെയ്ത അയ്യപ്പൻെറ ഭാവനാവൈഭവത്തേയും സംഘടനാചാതുര്യത്തേയും ചെമ്പകശ്ശേരിരാജാവു് മുക്തകണ്ഠം ശ്ലാഘിച്ചു.

അമ്പലപ്പുഴനിന്നു നേരെ ചേർത്തലയിലേക്കു് അയ്യപ്പൻ പോയി. കരപ്പുറം അന്നു സൈനികബലമുള്ള അനേകം കോവിലകങ്ങളുടേയും, കളരിനാഥന്മാരുടേയും ദേശമായിരുന്നു. അവരിൽ മിക്കവരേയും അയ്യപ്പൻ കാണുകയും സംരംഭത്തിൽ ഭാഗഭാക്കുകളാക്കുകയും ചെയ്തു. ജാതിമതഭേദം കൂടാതെ സകലരേയും ഈ പ്രസ്ഥാനത്തിൽ ഉൾപ്പെടുത്തുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശമെന്നതു്, വാവരെ സ്വപാർശ്വത്തിൽ ചേർത്തു സേനാനിത്വം നല്കിയതിൽ അയ്യപ്പൻ നേരത്തെ വ്യക്തമാക്കിക്കഴിഞ്ഞിരുന്നല്ലൊ.

ചേർത്തല തണ്ണീർമുക്കത്തെ പുരാതന ഈഴവകുടുംബനാഥനായിരുന്ന ചീരപ്പൻചിറ മൂപ്പനുമായി അയ്യപ്പൻ ഉണ്ടാക്കിയ സഖ്യം അദ്ദേഹത്തിൻെറ ജാതിചിന്താതീതമായ നയത്തിനു വേറെ ഒരു തെളിവാണു്. ചീരപ്പൻചിറ മൂപ്പൻ മികച്ച ഒരു കളരിനാഥനായിരുന്നു. അയ്യപ്പൻ അവിടെ ഏറെനാൾ താമസിച്ചു കളരിയിലെ അന്തേവാസികൾക്കു് ആയുധവിദ്യയിൽ ഉയർന്നതരം അഭ്യാസങ്ങൾ ഉപദേശിച്ചതായി പാട്ടുകൾകൊണ്ടു കാണുന്നു. അവിടെവച്ചുണ്ടായ ഒരു പ്രണയബന്ധത്തിൻെറ കാര്യവും ചില പാട്ടുകളിലുണ്ടു്. ചീരപ്പൻചിറ മൂപ്പൻെറ യൗവനയുക്തയായ മകൾ അയ്യപ്പനിൽ പ്രണയബദ്ധയായെന്നും, എന്നാൽ നിത്യബ്രഹ്മചര്യാവ്രതം സ്വീകരിച്ച അയ്യപ്പൻ ആ ബന്ധത്തിൽനിന്നും ഒഴിഞ്ഞുമാറുകയാണുണ്ടായതെന്നും പറയപ്പെടുന്നു.

അയ്യപ്പൻ അവൾക്കു് ജ്ഞാനോപദേശം ചെയ്തു മുക്തിമാർഗ്ഗോന്മുഖയാക്കി. അദ്ദേഹം അവിടെ താമസിച്ചിടത്തോളം കാലം അവൾ ഒരു ശിഷ്യയെപ്പോലെ അദ്ദേഹത്തെ പരിചരിച്ചു. ഒടുവിൽ അവിടെനിന്നു പിരിഞ്ഞപ്പോൾ തൻെറ സൗഹൃദസ്മരണയ്ക്കായി പന്തളത്തുനിന്നു ലഭിച്ച വീരശൃംഖലകളിൽ ഒന്നു് അദ്ദേഹം അവൾക്കു സമ്മാനിച്ചു. കൂടുതൽ പര്യടനങ്ങൾക്കുശേഷം ശബരിമലയിലേക്കുള്ള യാത്ര സമീപിച്ചു് അദ്ദേഹം വീണ്ടും ചീരപ്പൻചിറയിൽ വന്നതായും, ശേഷിച്ച മററ വീര

ശൃംഖലകൂടി തൻെറ ശിഷ്യനു നല്കിയതായും അവരാ വീരശൃംഖലകൂടി കൈയിൽ ധരിച്ചതോടുകൂടി സകല ലൗകികാശകളും അസ്തമിച്ച് ജ്ഞാനിയായിത്തീൎന്ന് ഒടുവിൽ ശബരിമലയിൽച്ചെന്നു മുക്തിയടഞ്ഞതായും വിശ്വസിക്കപ്പെടുന്നു.*

ചേത്തലയിൽ അയ്യപ്പൻ അധികകാലം താമസിച്ചില്ല. ആവശ്യപ്പെടുന്ന ഏതു സന്ദൎഭത്തിലും പുറപ്പെടത്തക്ക സന്നദ്ധതയുള്ള അനേകം പോരാളികളെ അവിടെയുള്ള ഓരോ കളരിയിലും ഏപ്പാടുചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ചേത്തലയിൽനിന്ന് അദ്ദേഹം പെരുമ്പാവൂരിലേക്കാണു പോയതു്. വഴിമദ്ധ്യേ അനേകം കളരികൾ സന്ദശിച്ച് അഭ്യാസികളേയും യുദ്ധവീരന്മാരേയും തൻെറ മഹത്തായ ഉദ്യമത്തിലേക്കു ക്ഷണിച്ചു. പെരുമ്പാവൂരിൽ ഞാളൂർ കത്താവിനുണ്ടായിരുന്ന ഒരു കോട്ടയെ തൻെറ പ്രവൎത്തനകേന്ദ്രമാക്കിക്കൊണ്ടു് പരിസരദേശവാസികളിൽ ഊജ്ജസ്വലമായ സംഘടനാപ്രസ്ഥാനം അയ്യപ്പൻ ആരംഭിച്ചു. ഒരു പ്രബലനാടുവാഴിയായിരുന്ന ഞാളൂർ കത്താവിനെ ശിഷ്യനായി കിട്ടിയതു് ഒരു വലിയ നേട്ടമായി. അയ്യപ്പൻ അന്നു് യോഗാസനസ്ഥനായിരുന്നു. സമാധി ശീലിച്ചിരുന്നിടത്തു കത്താവു് പിന്നീടു് ഒരു ക്ഷേത്രം പണിയിച്ചതാണത്രെ ഇന്നു് അവിടെയുള്ള ശാസ്താക്ഷേത്രം. പെരുമ്പാവൂരിൽ നടത്തിയ പ്രവൎത്തനങ്ങളുടെ ഫലമായി ശബരിമല ഭക്തന്മാരുടെയിടയ്ക്കു് ഇന്നും സ്മരിക്കപ്പെടുന്ന ആലങ്ങാട്ടുയോഗം അദ്ദേഹം സ്ഥാപിച്ചു. പന്തളത്തും അമ്പലപ്പുഴയിലും ഏപ്പെടുത്തിയ യോഗങ്ങളുടെ രീതിയിലും അധിഷ്ഠാനത്തിലുമാണു് ആലങ്ങാട്ടുയോഗവും സ്ഥാപിക്കപ്പെട്ടതു്.

ശത്രുധ്വംസനത്തിനും ക്ഷേത്രപ്രതിഷ്ഠയ്ക്കുമായുള്ള പര്യടനപ്രസ്ഥാനം മേല്പറഞ്ഞ മൂന്നു യോഗങ്ങളുടെ ആഭിമുഖ്യത്തിൽ നിവ്വഹിക്കാനായിരുന്നു അയ്യപ്പൻെറ ഉദ്ദേശം. മററു പലയിടങ്ങളിലും സമാന്തരയോഗങ്ങളുണ്ടായിരുന്നെങ്കിലും അവ വിപുലമായ ഈ മൂന്നു യോഗങ്ങളിൽ ഏതെങ്കിലും ഒന്നിൻെറ ഘടകമായിരുന്നു വിഭാവന ചെയ്യപ്പെട്ടതു്. ഓരോ യോഗത്തിനും മുറയനുസരിച്ചു നായകന്മാരേയും ഉപനായകന്മാരേയും നിയമിച്ചു. പന്തളം രാജ്യവും, അതിനു തെക്കുള്ള പ്രദേശങ്ങളും പന്തളം യോഗത്തിലും, മൂവാററുപുഴമുതൽ വടക്കോട്ടുള്ള പ്രദേശങ്ങൾ ആലങ്ങാട്ടു യോഗത്തിലും ഉൾപ്പെടുത്തിയാണു വിഭജിച്ചതു്. ഒരൊററ നിദ്ദേശത്തിൽ ഈ മൂന്നു യോഗങ്ങളും ഒത്തൊരുമിച്ച് സുശക്തവും, സുശിക്ഷിതവും, ഏകശാസനയുള്ളതുമായ ഒരു വിപുല സൈന്യത്തേയും, വ്രതചര്യകളോടുകൂടിയ ഭക്തസംഘങ്ങളേയും ശബരിമലയിലേക്കു നയിക്കാൻ പര്യാപ്തമായ ഒരു സംരംഭമായിരുന്നു അയ്യപ്പൻ സംഘടിപ്പിച്ചതു്. സൈന്യം ശത്രുധ്വംസത്തെ ഉദ്ദേശിച്ചുള്ള ഒരു താല്ക്കാലികോപാധി മാത്രമത്രെ. വ്രതചര്യകളോടുകൂടിയ ഭക്തസംഘടന കൂടുതൽ ദൂരവ്യാപകമായ ഒരു പ്രസ്ഥാനവുമാണു്. പല കോയ്മകളുടെ കീഴിൽ പ്രത്യേകം പ്രത്യേകം വൎത്തിച്ചിരുന്ന മൂന്നുനാലു സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടന്ന ഒരു ജനതയെ രാജശാസനപ്രകാരമല്ലാതെ ഒരു ജനകീയസംരംഭത്തിൻെറ പേരിൽ ഒരു നേതാവു് ഇദംപ്രഥമമായി സംഘടിപ്പിച്ചതിൻെറ ഇതരദൃഷ്ടാന്തങ്ങൾ അതിനുമുമ്പു് കേരളത്തിൽ ഉണ്ടായിരുന്നില്ല.

അതു കേവലം ഒരു സൈനികപ്രസ്ഥാനമായിരുന്നില്ലെന്നു പറഞ്ഞല്ലൊ. ഭൗതികാത്മീയങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ധാമ്മികപ്രസ്ഥാനംകൂടിയായിരുന്നു അതു്. സൈന്യങ്ങൾ മാത്രമായിരുന്നില്ല, ഭക്തന്മാരായ നാട്ടുകാരും അതിൽ ഉൾപ്പെടത്തക്കവണ്ണമാണു് ഏപ്പാടുകൾ ചെയ്തതു്. ഭൗതികാധിപത്യത്തിനു വേണ്ടിയുള്ള യാതൊരു ലക്ഷ്യവും അതിൽ ഉണ്ടായിരുന്നില്ല. ശത്രുക്കളെ ധ്വംസിച്ചു കഴിഞ്ഞു നാടിനു നഷ്ടപ്പെട്ട ധാമ്മികാധിഷ്ഠാനം പുനഃസ്ഥാപിക്കുകയും, അതിൻെറ ചൈതന്യം അനന്തരകാലങ്ങളിൽ നിലനിന്നുപോകേണ്ടതിലേക്കുള്ള വ്യവസ്ഥകൾ ഏപ്പെടുത്തുകയുമല്ലാതെ അധികാരം

* ശ്രീഅയ്യപ്പൻചരിത്രം—പി. ആർ. രാമവമ്മരാജാ, പേ. 73. പ്രസ്തുത വീരശൃംഖലകളുടെ ദിവ്യത്വത്തെ പരിഗണിച്ച് ഒരു പന്തളരാജാവു് പിന്നീടു് ആ വീരശൃംഖലകൾ വീട്ടുകാക്കു ധാരാളം പണംകൊടുത്തു വാങ്ങിയതായും, ചീരപ്പൻചിറ കുടുംബക്കാക്കു് ശബരിമല വെടിവയ്ക്കാനുള്ള അവകാശം കൊടുത്തതായും ശ്രീ പി. ആർ. രാമവമ്മ രാജാ പറയുന്നു.

കേന്ദ്രീകരിക്കുന്നതിനോ, ആരെയെങ്കിലും കീഴടക്കി ഭരിക്കുന്നതിനോ അതിൽ ഉദ്ദേശമുണ്ടായിരുന്നില്ല. ഉദ്ദിഷ്ടലക്ഷ്യം സാധിച്ചുകഴിഞ്ഞാൽ പിരിക്കത്തക്ക ഒരു സൈനികസംഘടനയേ ആയിരുന്നുള്ളു അതു്. എന്നാൽ അതിൽ ഉൾപ്പെട്ട ഭക്തസംഘടന എന്നും തുടരണമെന്നു് ഉദ്ദേശിക്കപ്പെട്ടിരുന്നു. സ്വന്തമായി യാതൊരു ഫലാകാംക്ഷയും അതിൽ ആർക്കും ഉണ്ടായിരുന്നില്ല. നേതാവുതന്നെ അനാസക്തനായ ഒരു കർമ്മയോഗിയേ ആയിരുന്നുള്ളു. രാജാധിപത്യമോ ലൗകികപ്രതാപങ്ങളോ അയ്യപ്പൻ ആഗ്രഹിച്ചില്ല. അദ്ദേഹം തന്റെ അനുയായികളെ ശീലിപ്പിച്ചതും ആ നിസ്സംഗതതന്നെയാണു്. അവരാരും യുദ്ധക്കൊതികൊണ്ടു് അയ്യപ്പനെ അനുഗമിച്ചതല്ല. എന്തെങ്കിലും പ്രതിഫലം ഇച്ഛിച്ചു കൂടിയതുമല്ല. ധർമ്മച്യുതിമൂലം നാടിനു സംഭവിച്ച അധഃപ്പതനത്തിൽനിന്നു് അതിനെ കരകേറ്റുക എന്ന മഹത്തായ കർത്തവ്യം കഴിയുന്നത്ര നിർവ്വഹിക്കാമെന്നേ അവർ കരുതിയുള്ളു. അങ്ങനെ അതു തികച്ചും ഒരു ധർമ്മഭടസംഘംതന്നെയായിരുന്നു. അയ്യപ്പന്റെ ഉദ്ബോധനങ്ങളുടെ ഫലമായി നാടിന്റെ നാനാഭാഗത്തുനിന്നും ആവേശഭരിതമായ ഒരു സ്വീകരണമാണു് അതിനു ലഭിച്ചതു്. ഏതാനും മാസങ്ങൾക്കുള്ളിൽ ആദ്ധ്യാത്മികമായ ഒരുണർവ്വുതന്നെ സാർവ്വത്രികമായുണ്ടായി. അയ്യപ്പന്റെ ഉപദേശങ്ങൾ എല്ലാവരും ശ്രദ്ധാപൂർവ്വം കേട്ടു. ധാർമ്മികവും ഭൗതികവുമായ തകർച്ചയാൽ 'നിർവീര്യമായിത്തീർന്നിരുന്ന ജനതയുടെയിടയിൽ ഈ ആദ്ധ്യാത്മികോത്ഥാനം പ്രത്യാശയും ഉത്സാഹവും ഉളവാക്കി. സന്മാർഗ്ഗികവും സദാചാരപരവുമായ നിഷ്ഠകൾക്കു ജനങ്ങൾ വീണ്ടും പ്രാധാന്യം കല്പിച്ചുതുടങ്ങി. പരസ്പരസൗഹാർദ്ദവും, സഹകരണമനോഭാവവും സംജാതമായി. അയ്യപ്പനെ മഹാനായ ഒരാചാര്യനായി എല്ലാവരും കൊണ്ടാടി. ലോകത്തിൽ വല്ലപ്പോഴും മാത്രം ജനിക്കാറുള്ള അവതാരപുരുഷന്മാരുടെ ശ്രേണിയിൽ അദ്ദേഹത്തെ ഉൾപ്പെടുത്തി ജനങ്ങൾ സംസാരിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ യൗഗികമായ സിദ്ധികളും, മനുഷ്യാതീതമായ പ്രവർത്തനവൈഭവവും, വിസ്മയജനകമായ പരാക്രമങ്ങളും ദർശിച്ച ജനങ്ങൾ അദ്ദേഹത്തിൽ അമാനുഷികത ആരോപിച്ചു് ആരാധിക്കാനും മടിച്ചില്ല.

മലബാറിൽ പരപ്പനാട്ടുരാജവംശത്തിന്റെ മൂലകുടുംബമായ മേക്കോട്ടു കോവിലകത്തു് അയ്യപ്പൻ സന്ദർശിച്ചു് പൂജകൾ സ്വീകരിച്ചതായി ഒരു ഗ്രന്ഥവരിയിൽ കണ്ടിട്ടുണ്ടെന്നു ശ്രീ പി. ആർ. രാമവർമ്മ രാജാ രേഖപ്പെടുത്തിയിരിക്കുന്നു.* ചാലക്കുടിയിൽ കോടേശ്ശേരി കർത്താവിന്റെ കോട്ടയിലും അയ്യപ്പൻ കുറെക്കാലം താമസിച്ചു. അയ്യപ്പൻ തന്റെ പ്രസ്ഥാനം കൂടുതൽ വിപുലമായതോതിൽ പ്രചരിപ്പിച്ചു. അദ്ദേഹം മലബാറിൽ ചില കേന്ദ്രങ്ങളിലും പാണ്ടിനാട്ടിലും സഞ്ചരിച്ചതായി തെളിവുകളുണ്ടു്.

സഹ്യാദ്രിക്കപ്പുറം പാണ്ടിനാട്ടിൽ കടന്നു മധുരയിലെ രാജാവിനേയും അയ്യപ്പൻ സന്ദർശിച്ചതായി ഒരു പാട്ടിൽ പറയുന്നു. അവിടത്തെ രാജ്ഞിയുടെ ആലസ്യത്തിനു് ഔഷധമായിട്ടാണു് അയ്യപ്പൻ പുലിപ്പാൽ കൊണ്ടുവരാൻ പോയതെന്നാണു് ആ പാട്ടിൽ കാണുന്നതു്. പാണ്ഡ്യവംശജരായ രാജാക്കന്മാർ പന്തളത്തെത്തി താമസമുറപ്പിച്ചതിനുശേഷം ഏറിയകാലത്തേക്കു് പാണ്ഡ്യരാജാക്കന്മാരായിത്തന്നെ അറിയപ്പെട്ടിരുന്നതിനാൽ, പിൽക്കാലത്തെ പാട്ടുകാരൻ പന്തളത്തുരാജാവിന്റെ രജധാനിയിൽ നടന്ന കഥ പാണ്ഡ്യരാജധാനിയിൽ സംഭവിച്ചതായി വിഭാവനചെയ്തതായും വരാൻപാടില്ലായ്കയില്ല. ഏതായാലും പാട്ടുകളിൽനിന്നു് ഒരു കാര്യം നിസ്സംശയം വ്യക്തമാണു്. അയ്യപ്പൻ തന്റെ ജീവിതസന്ദേശം പരത്തുവാൻ വിപുലമായ സഞ്ചാരങ്ങൾ നിർവ്വഹിക്കുകയുണ്ടായി. മധുരയിലെ രാജാവിനെ സന്ദർശിച്ചു ശബരിമലക്കാര്യം വിശദീകരിക്കുകയും, നിശ്ചിതദിവസം ശബരിമലയിലെത്തുവാൻ ക്ഷണിക്കുകയും ചെയ്തുവെന്നുള്ളതിനു തർക്കമില്ല. ശബരിമലപ്രതിഷ്ഠാസമയത്തു പാണ്ഡ്യരാജാവും സന്നിഹിതനായിരുന്നു എന്നതു് പാട്ടുകളിൽനിന്നും തെളിയുന്നുണ്ടു്. പാണ്ഡ്യരാജാവിനെ അയ്യപ്പൻ ജ്ഞാനോപദേശം നല്കി സ്വശിഷ്യനാക്കിയെന്നും പറയപ്പെടുന്നു. അയ്യപ്പൻ ഈഴത്തുനാട്ടിൽ പോയതായും ഒരു പാട്ടുണ്ടു്.

* ശ്രീഅയ്യപ്പൻ, പേ. 74 (c)

പാണ്ഡ്യനാട്ടിലേക്കുള്ള യാത്രയിൽ അയ്യപ്പൻ കുറച്ചുനാരം എരുമേലിയിൽ തങ്ങി. വാവർ അവിടെ ചെയ്തിരുന്ന സജ്ജീകരണങ്ങരം അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. വളരെ ബലിഷ്ഠമായ ഒരു കോട്ട അവിടെ ഉറപ്പിച്ചുകഴിഞ്ഞിരുന്നു. വിപുലമായ ആയുധസജ്ജീകരണങ്ങളും പ്രതീക്ഷയിൽക്കവിഞ്ഞവിധം വൻതോതിൽ വാവർ കരുതിയിട്ടുണ്ടായിരുന്നു. എരുമേലിക്കമ്പോളത്തിനുണ്ടായ അഭിവൃദ്ധി സമീപസ്ഥലങ്ങളിലെ ജനങ്ങരംക്ക് സഹായകവുമായി. എരുമേലിയിലെ സൈനികത്താവളവും കമ്പോളവും വാവരിലെ സേനാനായകനേയും, വാണിജ്യവിദഗ്ദ്ധനേയുമാണ് തെളിയിച്ചതെങ്കിൽ, അവിടെ പണികഴിക്കപ്പെട്ടിരുന്ന മനോഹരമായ മുസ്ലീംദേവാലയം വാവരിലെ ഈശ്വരഭക്തനെയാണ് പ്രദർശിപ്പിച്ചത്. അയ്യപ്പൻ അതൊക്കെ കൺകുളിർക്കെ കണ്ടു് ശിഷ്യപ്രധാനനെ അനുഗ്രഹിച്ചിട്ടായിരുന്നു പാണ്ഡ്യനാട്ടിലേക്കു പോയത്. ശബരിമലയിലേക്കുള്ള സൈനികയാത്രയുടെ പദ്ധതി മുഴുവൻ വാവക്ക് അയ്യപ്പൻ വിവരിച്ചു കൊടുത്തു.

കുറെ മാസങ്ങരംക്കു ശേഷം വരുന്ന മകരസംക്രമത്തിനു പുനഃപ്രതിഷ്ഠനടത്തണമെന്നാണ് നിശ്ചയിക്കപ്പെട്ടതു്. അതിനുമുമ്പു് നാനാവഴിക്കുനിന്നു് ആഗതരാകുന്ന നാട്ടാരും ഭടന്മാരും എരുമേലിയിൽ വന്നുചേർന്നു് അവിടെനിന്നായിരുന്നു പുറപ്പെടേണ്ടിയിരുന്നതു്. വാവർ കാലേക്കൂട്ടി കിഴക്കൻമലകളിലേക്കു കടന്നു്, സ്വസൈന്യങ്ങരംക്ക് തങ്ങാനുള്ള സ്ഥാനങ്ങരം നിർണ്ണയിക്കുന്നതിനും, ശത്രുവിൻെറ കോട്ടകൊത്തളങ്ങരം, സജ്ജീകരണങ്ങരം മുതലായവയുടെ സമസ്തവിവരങ്ങളും രഹസ്യമായി ശേഖരിക്കുവാനും അയ്യപ്പൻ നിർദ്ദേശം നല്കി.

പാണ്ടിനാട്ടിൽനിന്നു മടങ്ങുംവഴി അയ്യപ്പൻ നേരെ പൊന്നമ്പലമേട്ടിലേക്കാണു പോയതു്. ശബരിമലയുടെ പതനവും, നിലയ്ക്കൽ മുതലായ ജനപദങ്ങളുടെ നാശവുംകൊണ്ടു് ഏററവും മനഃക്ലേശമനുഭവിച്ചിരുന്ന രണ്ടു വ്യക്തികളായിരുന്നു അയ്യപ്പൻെറ മാതാപിതാക്കരം. ശിശുവായ അയ്യപ്പനെ പന്തളംരാജാവിനെ ഏല്പിച്ചുകൊടുത്തശേഷം നേരത്തേതന്നെ തപോവൃത്തിയിൽ പ്രവേശിച്ചിരുന്ന അവർ പൊന്നമ്പലമേട്ടിൽ എത്തി അവിടം ആവാസസ്ഥാനമാക്കുകയും, ദിവ്യമായ ആ പരിസരങ്ങളിൽ തങ്ങളുടെ തപഃപ്രഭാവത്തെ നാരംക്കുനാരം പരിപോഷിപ്പിച്ചുവരികയുമായിരുന്നു. എങ്കിലും അവരിൽ ഒരാഗ്രഹം മാത്രം അവശേഷിച്ചിരുന്നു. ശബരിമലയിലെ പുനഃപ്രതിഷ്ഠ കണ്ടിട്ടു ലോകമുപേക്ഷിക്കണമെന്നു്. അതിലേക്കനുകൂലമായ ശുഭവാർത്തയുമായി താമസിയാതെതന്നെ അയ്യപ്പൻ ആഗതനാകുമെന്നും അവക്കുറപ്പുണ്ടായിരുന്നു.

അങ്ങനെയിരിക്കെയാണ് അയ്യപ്പൻെറ ഈ രണ്ടാമത്തെ പൊന്നമ്പലമേട്ട സന്ദശ്നം. പുത്രൻെറ മുഖത്തെ ദിവ്യതേജസ്സ് പൂവ്വാധികം വദ്ധിതമായി അവക്കനുഭവപ്പെട്ടു. വാത്സല്യവും ഭക്തിയും ഇടകലന്ന വികാരങ്ങളോടെയാണ് അയ്യപ്പനെ അവർ സ്വീകരിച്ചതു്. യൗഗികസിദ്ധികരംകൊണ്ടു് എല്ലാം പരസ്പരം അറിയാമായിരുന്ന അവക്ക് അന്യോന്യം അധികം കാര്യങ്ങരം പറവാനുണ്ടായിരുന്നില്ല. ധമ്മസംസ്ഥാപനത്തിനുവേണ്ടി താരകബ്രഹ്മത്തിൽ സവ്വാപ്പണംചെയ്തുകഴിഞ്ഞിരുന്ന ആ അപൂവ്വമാതാപിതാക്കളും പുത്രനും പരസ്പരം എല്ലാ കാര്യങ്ങളും നിസ്സംഗതയോടും നിവ്വികാരതയോടുംകൂടിയാണ് സംസാരിച്ചതു്. അടുത്ത മകരസംക്രമദിവസം നടത്തേണ്ട പ്രതിഷ്ഠാകമ്മം അച്ഛൻതന്നെയാണു നിവ്വഹിക്കേണ്ടതെന്നു് അയ്യപ്പൻ അഭ്യത്ഥിച്ചു. ആനന്ദനിർവൃതിയിൽ ആമഗ്നനായ ആ താപസശ്രേഷ്ഠൻ അതിനു യാതൊരെതിരും പറഞ്ഞില്ല. ജീവിതസാഫല്യത്തിനു് അതിനെക്കാരം മഹത്തായ ഒരു നേട്ടമെന്തെന്ന ചാരിതാത്ഥ്യത്തോടെയാണ് അദ്ദേഹം ആ കൃത്യം ഏറെറടുത്തതു്. ഏതാനും വഷങ്ങരംക്കുമുമ്പു് ക്ഷേത്രത്തിലെ അവസാനപൂജയ്ക്കുശേഷം ഉദയൻെറ ഭടന്മാരാൽ വധിക്കപ്പെട്ട ഭക്തശിരോമണിയായ സ്വപിതാവിൻെറ ആത്മശാന്തിക്ക് അതിനേക്കാരം പ്രധാനപ്പെട്ട ഒരു കൃത്യം തനിക്കു നിറവേററാനുണ്ടായിരുന്നില്ലെന്ന കാര്യത്തിലും അദ്ദേഹം തികച്ചും ബോധവാനായിരുന്നു. മകരസംക്രമദിവസം ശബരിമലയിൽവച്ചു

കണ്ടുകൊള്ളാമെന്ന പരസ്പരധാരണയോടെ അവർ പിരിഞ്ഞു.

അയ്യപ്പൻ വീണ്ടും എരുമേലിയിലെത്തി വാവരിൽനിന്നു ശത്രുതാവളങ്ങൾ, കോട്ടകൾ മുതലായവ സംബന്ധിച്ചുള്ള എല്ലാവിവരങ്ങളും ഗ്രഹിച്ചിട്ടാണ് അമ്പലപ്പുഴ, ആലങ്ങാട്ട്, പന്തളം മുതലായ സ്ഥലങ്ങളിലേക്കു പോയതു്. ധാർമ്മികോദ്ധാരണപരമായ ഒരു വലിയ ജനകീയമുന്നേററത്തിനു വേണ്ട സകല സജ്ജീകരണങ്ങളും ഓരോ നാട്ടിലും പൂർത്തിയായിക്കഴിഞ്ഞിരുന്നു. ഭടജനങ്ങളും അല്ലാത്തവരും ഒത്തൊരുമിച്ച് ഒരു വലിയ തീർത്ഥയാത്രയായി പോകത്തക്കവിധമായിരുന്നു പൊതുവേയുള്ള സന്നദ്ധത. വനമാർഗ്ഗമുള്ള സഞ്ചാരത്തിനിടയിൽ ഒരു സാധാരണക്കാരന് ആവശ്യമുള്ള ഭക്ഷണസാധനങ്ങളും, നെയ്ത്തേങ്ങാകൾ മുതലായവയും അയ്യപ്പൻ പുലിപ്പാലിനുപോയ സന്ദർഭത്തിലെടുത്തതുപോലെ ഇരുമുടിക്കെട്ടിലാക്കി ഓരോരുത്തരും തലയിൽ എടുത്തുകൊള്ളണമെന്നായിരുന്നു നിർദ്ദേശം. തണുപ്പിൽനിന്നു രക്ഷയ്ക്കായുള്ള കരിമ്പടവും കരുതിയിരുന്നു.

അയ്യപ്പൻെറ സഞ്ചാരപരിപാടി അതിനകം നാടാകെ ആദ്ധ്യാത്മികമായ ഒരുണർവ്വുണ്ടാക്കിക്കഴിഞ്ഞിരുന്നു. ശബരിമലയുടെ പുനരുദ്ധാരണം ഒരു പൊതുലക്ഷ്യമായി എല്ലാവരും അംഗീകരിച്ചു. മകരസംക്രമത്തിനു നാല്പത്തൊന്നുദിവസം മുമ്പുമുതല്ക്കേ എല്ലാവരും വ്രതചര്യകൾ ആരംഭിച്ചു. ഭക്തസംഘങ്ങൾ മാത്രമല്ല, യുദ്ധോദ്യുക്തരായി സംഘടിച്ച ഭടജനങ്ങളും വ്രതം നോററു. പരിപൂർണ്ണമായ ബ്രഹ്മചര്യയോടുകൂടിയ ഒരു മണ്ഡലക്കാലത്തെ നോയ്മ്പും അതിനിടയ്ക്കു് ദിവസംതോറും വൈകിട്ട് ശാസ്താനാമസങ്കീർത്തനങ്ങളോടുകൂടിയ ഭടജനപരിപാടികളും നിഷ്കർഷിക്കപ്പെട്ടു. നോയ്മ്പിൻെറ അവസാനത്തിൽ വേണ്ടിയിരുന്ന കൂട്ടംകൂടിയുള്ള യാത്രയ്ക്കുമുമ്പ് ഓരോസംഘത്തിലും പൂർണ്ണമായ സൗഹാർദ്ദം, സമഭാവന, ത്യാഗമനോഭാവം, വിശാലമനസ്കത മുതലായവ വളർത്തുന്നതിന് ഈ പ്രാർത്ഥനാപരിപാടികൾ വളരെ പ്രയോജനപ്പെട്ടു. ഹിന്ദുക്കൾ ഏതുകാര്യവും അഗ്നിസാക്ഷിയായി നടത്തുന്ന പതിവനുസരിച്ച്, പ്രാർത്ഥനാഗീതങ്ങൾ ആലപിക്കുന്നതു് അഗ്നികുണ്ഡംകൂട്ടി അതിനുചുററും വലംവച്ചിട്ടു വേണമെന്നു നിശ്ചയിക്കപ്പെട്ടു. അതനുസരിച്ച് എല്ലാസ്ഥലങ്ങളും ശരണംവിളികൾകൊണ്ടു മുഖരിതമായി. എല്ലായിടത്തും ഭക്തിനിർഭരമായ ഒരന്തരീക്ഷം കളിയാടി. ആദ്ധ്യാത്മികമായ ശ്രദ്ധ ഒന്നുകൂടി ജനങ്ങളുടെയിടയ്ക്കു സംജാതമായി. പുതുതായ ഒരു ഉണർച്ചയും, ഉത്സാഹവും, ധൈര്യവും, ആറ്റാദവും, പരസ്പരധാരണയും കളിയാടി. ആകപ്പാടെ നാട്ടിൽ എല്ലായിടത്തും ജനങ്ങൾക്ക് ഒരേകലക്ഷ്യവും പ്രവർത്തനപദ്ധതിയും മുന്നിൽ ഉണ്ടെന്നുള്ള ബോധവും അതു പ്രാപിക്കുവാനുള്ള ആവേശവും സംജാതമായി. അയ്യപ്പൻ നിർദ്ദേശിച്ച വ്രതചര്യകൾ ജനങ്ങളുടെ സഹിഷ്ണുതയും ശിക്ഷണബോധവും വളർത്തി. ബ്രഹ്മചര്യം തെററാതെ അനുഷ്ഠിക്കാനും ശുചിത്വവും, സാത്വികാഹാരവും ശീലിക്കാനും, പരസ്പരം സ്നേഹിക്കുവാനും, അന്യോന്യം അങ്ങേയററം വിട്ടുവീഴ്ചചെയ്യുവാനും, തനിക്കൊപ്പം തന്നെ അന്യനെ കരുതി സമഭാവന ശീലിക്കാനും, എത്രതന്നെ പ്രകോപനമുണ്ടായാലും ക്രോധമുണ്ടാകാതിരിക്കാനും, സർവ്വോപരി സാക്ഷാൽ താരകബ്രഹ്മമായ ധർമ്മശാസ്താവിൽ ഏകാഗ്രമായ ഭക്തി വളർത്താനും ആ ചര്യകളും നിഷ്ഠകളും അത്യന്തം പ്രയോജകീഭവിച്ചു. പുതിയ ഒരാദ്ധ്യാത്മികനവോത്ഥാനത്തിന്നാവശ്യമായ ആത്മീയവും ഭൗതികവുമായ ആവേശം ജനങ്ങളിൽ ഉണർത്തുവാനും ഇതു് ഉപകരിച്ചു.

തീർത്ഥയാത്രയും യുദ്ധയാത്രയും ഏകോപിച്ചുള്ള ഒരു പരിപാടിയായിരുന്നു ആദ്യത്തെ ശബരിമലയാത്ര. അതനുസരിച്ച് ഓരോ യോഗക്കാരും അവരവരുടെ വിവിധകരകളിൽ സജ്ജീകരണങ്ങൾ ആരംഭിച്ചു. പലദിക്കുകളിൽനിന്ന് അതതുകേന്ദ്രങ്ങളിൽവരുത്തി പരിശീലനം നല്കപ്പെട്ട പ്രമാണികളെ ഓരോസ്ഥലത്തും ഗുരുക്കന്മാരായി സ്വീകരിച്ചു; അവരുടെ നിർദ്ദേശങ്ങൾ അനുസരിക്കുവാൻ സൈനികമുറയ്ക്ക് എല്ലാവരും നിർബ്ബദ്ധരായിരുന്നു. വ്രതമാരംഭിക്കുന്നതിനുമുമ്പ്, ഗുരുവിനെ വരിച്ചു കളി കഴിഞ്ഞു് അതതുസ്ഥലത്തെ ക്ഷേത്രനടയിൽ നാളീകേരമുടച്ച്, ധർമ്മശാസ്താവിനു ശരണംവിളിച്ച് ധർമ്മഭടനായി ചേരുകയെന്നതായിരുന്നു വ്രതത്തിന്റെ പ്രാരംഭകൃത്യം.

വ്രതചര്യകളുടെ പരിസമാപ്തികാലത്ത് മകരസംക്രമത്തിന് കുറഞ്ഞതു പത്തുദിവസമെങ്കിലുമുള്ളപ്പോഠം എരുമേലിൽ എത്തത്തക്കവിധം ഓരോപ്രദേശത്തു നിന്നും കെട്ടുകെട്ടി ഭക്തജനങ്ങളും പടയാളികളും തിരിക്കണമെന്നായിരുന്നു അയ്യപ്പൻ എല്ലാ യോഗങ്ങഠംക്കും നല്കിയ നിർദ്ദേശം. ഓരോ ദിക്കിലുമുള്ളവർ ഇന്നയിന്നദിവസം കെട്ടുകെട്ടി ഇന്നയിന്ന താവളങ്ങളിൽ എത്തിക്കൊള്ളണമെന്ന് കശ്നമായ ആജ്ഞകഠം പുറപ്പെടുവിച്ചു. ഇരുമുടിക്കെട്ടു കെട്ടേണ്ടതെങ്ങനെയെന്നും, അതിനുള്ള ചടങ്ങുകളും, നെയ്ത്തേങ്ങാനിറയ്ക്കൽ, വഴിപാടുകഠംക്കുള്ള സാധനങ്ങഠം സജ്ജമാക്കൽ, ആവശ്യമുള്ള ആഹാരസാധനങ്ങളും മററും ശേഖരിച്ചു കെട്ടുനിറയ്ക്കൽ, മുതലായ കാര്യങ്ങളിൽ ഗുരുക്കന്മാർ എല്ലാവക്കും ഐകരൂപ്യമുള്ള രീതികഠം ഉപദേശിച്ചു. ഇരുമുടിക്കെട്ടിൽ ഭക്ഷണത്തിന് ആവശ്യമുള്ള എത്രയും എളിയ വിഭവങ്ങളും, വഴിപാടുകഠംക്കുംമററും വേണ്ടതായ കർപ്പൂരാദിസാധനങ്ങളും, നെയ്ത്തേങ്ങാകളുമായിരുന്നു കരുതേണ്ടിയിരുന്നതു്. പുറമെ ഓരോ യോഗത്തിനും ആവശ്യമുള്ള ആയുധങ്ങഠം, കൊടികഠം, വാദ്യവിശേഷങ്ങഠം മുതലായ സൈനികസാധനങ്ങളും, പാത്രങ്ങഠം മുതലായവയും, അതതു യോഗക്കാർ കരുതിക്കൊള്ളണമെന്നും നിർദ്ദേശിക്കപ്പെട്ടു.

ധനുമാസം രണ്ടാംവാരം കഴിഞ്ഞതോടുകൂടി പന്തളം, അമ്പലപ്പുഴ, ചേർത്തല, തെക്കുംകൂർ, വടക്കുംകൂർ, ആലങ്ങാട്ട് മുതലായ പ്രദേശങ്ങളിൽ ശബരിമലയിലേക്കുള്ള മഹാപ്രസ്ഥാനത്തിൻെറ സംരംഭങ്ങളാരംഭിച്ചുകഴിഞ്ഞു. അയ്യപ്പൻ എല്ലാ യോഗങ്ങളുടേയും തലസ്ഥാനങ്ങളിൽ എത്തി, ഓരോ കരകളിൽനിന്നു വന്നുചേന്നുകൊണ്ടിരുന്ന ഭടജനങ്ങളേയും ഭക്തസംഘങ്ങളേയും കണ്ട് വേണ്ട ഉപദേശങ്ങഠം നല്കിയിട്ട് നേരേ എരുമേലിയിലേക്കു പോയി. പന്തളത്തുനിന്നു പുറപ്പെട്ട സൈനികവിഭാഗം പന്തളത്തെ ഇതരകരകളിലുള്ളവരുമായി സംഘടിച്ച് പെരുനാട്ട് എന്ന സ്ഥലത്ത് ആദ്യം എത്തണമെന്നായിരുന്നു നിർദ്ദേശം. കൊച്ചുകടുത്ത തുടങ്ങി പ്രഗത്ഭരായ സൈന്യാധിപന്മാരുടെ നേതൃത്വത്തിലാണ് അവർ തിരിച്ചതു്. അമ്പലപ്പുഴയോഗക്കാർ പാർത്ഥസാരഥി ക്ഷേത്രസന്നിധിയിൽ സമ്മേളിച്ച് ഉച്ചപ്പൂജ തൊഴുതു് ആകാശത്തു് കൃഷ്ണപ്പരുന്തിനെ കണ്ടുകൊണ്ടു കിഴക്കോട്ടു തിരിച്ചു. അമ്പലപ്പുഴ അന്നുതന്നെ ശാസ്താരാധനയ്ക്കു പ്രസിദ്ധി പെററ ഒരു സ്ഥലമായിരുന്നു. ചെമ്പകശ്ശേരിരാജാക്കന്മാർ പാർത്ഥസാരഥിക്ഷേത്രം വിപുലീകരിക്കുന്നതിനുമുമ്പ് അമ്പലപ്പുഴയിലെ ദേശാധിദേവത അതിപുരാതനമായ അയ്യൻകോയിക്കൽ ശാസ്താവായിരുന്നു. അമ്പലപ്പുഴനിന്നു രണ്ടുമൈൽ കിഴക്കുള്ള തകഴി ശാസ്താക്ഷേത്രവും, അതിന് ഒന്നരമൈൽ കിഴക്കുമാറി ചങ്ങംകരി, കോഴിമുക്കുകോട്ടയിൽ എന്നീ ശാസ്താക്ഷേത്രങ്ങളും, അവിടെനിന്നു രണ്ടുമൈൽ കിഴക്ക് ആനപ്രാമ്പാൽ ക്ഷേത്രവും എന്നിങ്ങനെ ശാസ്താക്ഷേത്രങ്ങഠം, ഒരു മാലപോലെ കിടന്നിരുന്ന പ്രദേശത്തുകൂടിയാണ് അമ്പലപ്പുഴനിന്നു തീർത്ഥാടകർ കടന്നുപോയതു്. ശബരിമലയെക്കുറിച്ച് അമ്പലപ്പുഴ നാട്ടുകാക്കുണ്ടായിരുന്ന അസാധാരണമായ ആവേശത്തിൻെറ അടിസ്ഥാനത്തിലേക്കു വിരൽചൂണ്ടുന്ന ഒരു കാര്യമാണിതു്.

അമ്പലപ്പുഴയോഗത്തിൻേറയും ആലങ്ങാട്ടുയോഗത്തിൻേറയും ആഭിമുഖ്യത്തിലുണ്ടായ ഭടന്മാരുടേയും ജനങ്ങളുടേയും നീക്കവും, അവരുടെ അസാധാരണമായ ആവേശവും അയ്യപ്പൻ പ്രത്യേകം ശ്രദ്ധിച്ചു. പില്ക്കാലത്തു് ആ രണ്ടു നാടുകളിൽനിന്നും ശബരിമലയിൽ എത്തിയിരുന്നവക്ക് എരുമേലിപ്പേട്ട, പമ്പയിലെ സദ്യ, സന്നിധാനത്തിലെ വിരി എന്നിവയിൽ അനുവദിക്കപ്പെട്ടിരുന്ന പ്രത്യേകസ്ഥാനമേന്മകളും അവകാശങ്ങളും ഇതിനു തെളിവാണ്. അമ്പലപ്പുഴക്കാരുടെ പേട്ടസമയത്തു് നിരന്തരം കാണപ്പെടുന്ന കൃഷ്ണപ്പരുന്തിൻെറ ആഗമനവും ഇന്നും വിസ്മയകരമായ ഒരു പ്രത്യേകതയായി കരുതപ്പെടുന്നു.

നിശ്ചിതദിവസങ്ങഠംക്കകം നാനാദേശങ്ങളിൽനിന്നും ജനതയും ഭടന്മാരും എരുമേലിയിൽ എത്തിക്കഴിഞ്ഞു. പന്തളം രാജാവും, രാജകുടുംബാംഗങ്ങളും രാജോചിതമായ പ്രഭാവത്തോടെ കൊച്ചുകടുത്തയുടെ നേതൃത്വത്തിലുള്ള പന്തളംയോഗക്കാരോടൊപ്പംതന്നെ പുറപ്പെട്ട് പെരുനാട്ടെത്തി താവളമടിച്ചു. എരുമേലിയിൽ എത്തിയ

അമ്പലപ്പുഴയോഗക്കാർ വാവരുടെ ആധിപത്യത്തിലും, ആലങ്ങാട്ടുയോഗക്കാർ കൊച്ചുകടുത്തയുടെ ആധിപത്യത്തിലും പ്രത്യേകം പ്രത്യേകം താവളമടിക്കണമെന്നായിരുന്നു അയ്യപ്പന്റെ ആജ്ഞ. എരുമേലിയിലേക്കുള്ള തീർത്ഥാടകരുടെ പ്രവാഹം വലിയ ഒരു കാഴ്ചതന്നെയായിരുന്നു. അയ്യപ്പന്റെ അമാനുഷികപ്രഭാവത്തിലും അത്ഭുതകരമായ നേതൃത്വശക്തിയിലും ആരാധനാബുദ്ധികളായിത്തീർന്നിരുന്ന പുരുഷാരം ധർമ്മശാസ്താസ്തോത്രങ്ങളോടൊപ്പം 'ശരണമയ്യപ്പാ' എന്ന വിളികളോടെയാണ് അങ്ങോട്ടു പ്രവഹിച്ചുകൊണ്ടിരുന്നത്. തലയും താടിയും വളർത്തി, മാലയും നീലവസ്ത്രവും ധരിച്ച്, ശിരസ്സിൽ കരിമ്പടവും അതിന്റെ മുകളിൽ ഇരുമുടിക്കെട്ടും താങ്ങി, വില്ല്, അമ്പ് തുടങ്ങിയ ആയുധങ്ങളുമേന്തി, ശരണംവിളികളോടും, ശംഖനാദഘോഷത്തോടും വാദ്യമേളങ്ങളോടും ജനങ്ങൾ ആയിരക്കണക്കിന് എരുമേലിയിലേക്കൊഴുകിക്കൊണ്ടിരുന്നു. ഭടന്മാരേയും സാധാരണജനങ്ങളേയും പ്രത്യേകം പ്രത്യേകം അണിനിരത്തുന്നതിനും, യാത്രാസമ്പ്രദായത്തിൽ ചിട്ടയും മുറയും ഉപദേശിക്കാനും വാവർ, കൊച്ചുകടുത്ത മുതലായവരാൽ അനുഗതനായി, അയ്യപ്പൻ എല്ലാ ഭാഗങ്ങളിലും ഊർജ്ജസ്വലമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. അയസ്കാന്തത്തിന്റെപോലെയുള്ള അയ്യപ്പന്റെ ആകർഷണശക്തിയും, പ്രസന്നവും ഉത്സാഹഭരിതവുമായ വീക്ഷണഗതിയും, എല്ലാ സംഘങ്ങളിലും എത്തി. ഇടയ്ക്കുകൂടി പാട്ടും കൂത്തും കളികളുമായിട്ടുള്ള നടപ്പും എല്ലാവരുടേയും മനസ്സിന് ഉത്സാഹവും ഉന്മേഷവും വളർത്തി. ഈ ഉത്സാഹോന്മേഷങ്ങൾ അതുപോലെയുള്ള ഒരസാധാരണസന്ദർഭത്തിൽ അനുപേക്ഷണീയമായിരുന്നു. വലിയ ഒരു പരീക്ഷണഘട്ടത്തെ നേരിടാൻ അരയും തലയും മുറുക്കി, സർവ്വസ്വവും ഭഗവൽസന്നിധിയിൽ സമർപ്പിച്ച് ഇറങ്ങിപ്പുറപ്പെട്ട ഒരു പുരുഷാരമാണ് അവിടെ സമ്മേളിച്ചത്.

അപരിചിതമായ പരിസരങ്ങളിൽ, അവരിലാരും മററൊരിക്കലും കയറിയിറങ്ങിയിട്ടില്ലാത്ത കാനനാവൃതവും ദുർഗ്ഗമങ്ങളുമായ പർവ്വതപ്രദേശങ്ങളിൽ അജ്ഞാതശക്തനും, അതിക്രൂരനുമായ ഒരു ശത്രുവിന്റെ കോട്ടകൊത്തളങ്ങൾ നശിപ്പിച്ച്, അയാളെ പരാജയപ്പെടുത്തി ഒരു മഹാക്ഷേത്രം ഉദ്ധരിച്ചെടുക്കുകയെന്നതായിരുന്നു അവരുടെ ഉദ്യമം. സാഹസികമായ ആ ഉദ്യമത്തിന്റെ വിജയം, അവക്ക് അതിൽ സർവ്വഭാവേനയുള്ള ശ്രദ്ധയേയും മനസ്സാന്നിദ്ധ്യത്തേയും ആശ്രയിച്ചിരുന്നു. അവരെ ഇതിലേക്കു നയിച്ച അമാനുഷപ്രഭാവനും അവതാരപുരുഷനുമായ നേതാവിലുള്ള അചഞ്ചലവിശ്വാസവും ഭക്തിയുംകൂടി ഇതിൽ പരിഗണനീയമായിരുന്നു.

ആ ജനങ്ങളാകട്ടെ പല നാടുകളിൽ നിന്നു്, പല സംഘങ്ങളായി വന്നെത്തിയവരാണ്. അവരുടെ സ്വഭാവങ്ങളിൽ ഭിന്നത മാത്രമല്ല, വൈരുദ്ധ്യങ്ങളും കണക്കററുണ്ടായിരുന്നു. പരസ്പരം അപരിചിതർ, അതീവ ദുരഭിമാനികൾ, മത്സരികൾ, സൗഹാർദ്ദരഹിതർ എന്നുവേണ്ട, ഒരു സംഘടിതപ്രസ്ഥാനത്തിന് ഒരുവിധത്തിലും പററാത്തവരായി വളരെയധികംപേർ അവരുടെയിടയിൽ ഉണ്ടായിരുന്നിരിക്കാൻ ഇടയുണ്ട്. അയ്യപ്പന്റെ ഉദ്ബോധനങ്ങളുടെ ശക്തികൊണ്ടുമാത്രമായിരിക്കാം അവരിൽ പലരും ഒരു പൊതുപ്രസ്ഥാനത്തിനിറങ്ങിയതു്. യഥാർത്ഥമായി അവരിൽ ഒട്ടധികം പേരിലും പറയത്തക്ക മാനസാന്തരം സംഭവിച്ചിരിക്കാൻ ഇടയില്ല. നാടിനേയും വീടിനേയുംപററി ചിന്തിച്ച് മനസ്സു പതറിയിരുന്നവർ അവരുടെക്കൂട്ടത്തിൽ ഉണ്ടായിരുന്നിരിക്കാം. അവരവരുടെ അഹന്തയും വമ്പും പ്രതാപങ്ങളും മനസ്സിൽനിന്നു പോകാതെ വെവ്വേറെ ചിന്തിച്ചവരും ഉദ്ദിഷ്ടകാര്യത്തിൽ സമ്പൂർണ്ണശ്രദ്ധചെലുത്താൻ കഴിയാതെവന്നിരുന്നവരുമായിരുന്നു അവരിൽ ഒട്ടധികംപേർ.

ഏതായാലും, നാനാദേശങ്ങളിൽനിന്നും ആഗതരായ പലരും തമ്മിൽ ഐക്യവും സാഹോദര്യവും വളർത്തി, അവാന്തരഭേദങ്ങളും അന്യോന്യമത്സരങ്ങളും അഹന്തയും നശിപ്പിക്കുന്നതിനു പര്യാപ്തമായ ഒരു ചടങ്ങിന്റെ ആവശ്യം അവിടെയുണ്ടായിരുന്നു. അയ്യപ്പന്റെ ഉപദേശങ്ങളും ലീലാരസസങ്കലിതമായ പെരുമാററങ്ങളും, എല്ലാംകൂടി അവരിൽ ആകമാനം മാനസികമായ ഒരേകഭാവാന്തരീക്ഷം സൃഷ്ടിച്ചുകഴിഞ്ഞിരുന്നു. എന്നാൽ അത്രയുംകൊണ്ടു

മാത്രമായില്ല. ധമ്മശാസ്താവിലും അവിടത്തെ ആംശസംഭൃതനായി അവരെ നയിക്കാൻ ദൈവഗത്യാ ആവിർഭവിച്ചിരിക്കുന്ന അമാനുഷനായ അയ്യപ്പനിലും ഏകാഗ്രമതിത്വത്തോടെയുള്ള ഒരു ആനന്ദനൃത്തം അവസരോചിതവും ഉത്തേജകവുമായിരിക്കുമെന്നു് എല്ലാവക്കും തോന്നി. അതിൻെറ ഫലമായി വിഭാവനചെയ്യപ്പെട്ടതാണു് എരുമേലിപ്പേട്ടതുള്ളൽ.

എരുമേലിയിൽ കൂടുന്ന അയ്യപ്പന്മാർ ഇന്നു നിവ്വഹിക്കാറുള്ള പേട്ടതുള്ളലിൻെറ ഒരേകദേശരൂപത്തിലാണു് അന്നു് ആദ്യത്തെ പേട്ടതുള്ളൽ നടന്നതു്. ആദ്യമായി— എല്ലാവരും എരുമേലിക്കമ്പോളത്തിലേക്കു ചെന്നു്, അവിടെ വാവരുടെ ആളുകളുമായി സൗഹാർദ്ദപൂവ്വം സമ്മേളിച്ചു്, അയ്യപ്പൻെറ നിർദ്ദേശപ്രകാരം പടയാളികൾക്കായി തയ്യാറാക്കിവച്ചിരുന്ന ആയുധങ്ങളും ഓരോ സംഘത്തിനും ആവശ്യമുള്ള പച്ചക്കറിസാധനങ്ങളും വാങ്ങിക്കുകയെന്നതായിരുന്നു അന്നു് ആദ്യം ചെയ്തതു്. ഈവക സാധനസാമഗ്രികൾ കൊണ്ടുപോന്നതു് വലുതായ ഒരാഘോഷത്തോടുകൂടിയായിരുന്നു. ഉച്ചനീചഭേദങ്ങളേയും മററു വിഭിന്നതകളേയും നിശ്ശേഷം മറക്കുന്ന ഒരു വേഷവിധാനം എല്ലാവരും സ്വീകരിച്ചു. അതായതു്, പേട്ടയിൽനിന്നു വാങ്ങിച്ച കരി, കുങ്കുമം മുതലായ ചായങ്ങൾ തേച്ചു് കിരാതവേഷത്തിലെപ്പോലെ മുഖം വികൃതമാക്കിയിട്ടു് കറുത്ത വസ്ത്രങ്ങൾ അരയിലും കമ്പിളികൾ തലയിലും കെട്ടി, ആയുധസാമഗ്രികളും, കായു്, ചേന, കാച്ചിൽ, പഴക്കുലമുതലായവയും കരിമ്പടത്തിൽ കെട്ടി മദ്ധ്യഭാഗത്തായി ബലമായി ബന്ധിച്ചു് ഈരണ്ടുപേർവീതം പിടിച്ചു ചുമന്നുകൊണ്ടും, ''അയ്യപ്പത്തിന്തകത്തോം, സ്വാമി തിന്തകത്തോം'' എന്നിങ്ങനെ ചെണ്ട, തിമില മുതലായ വാദ്യഘോഷങ്ങളോടെ ആത്തുവിളിച്ചും, ആദ്യം വാവരുടെ പള്ളിക്കുചുററും പ്രദക്ഷിണംവച്ചു വന്ദിച്ചശേഷം അവിടെയുണ്ടായിരുന്ന ശസ്താക്ഷേത്രത്തിനു വലംവച്ചു ദർശനംനടത്തി പോകണം. സകല ലൗകികബന്ധങ്ങളും മറന്നു് അയ്യപ്പൻ എന്ന ഏകബുദ്ധിമൂലം ജീവിതത്തിനു തന്നെ ലാഘവവും പ്രസന്നതയും ആഹ്ലാദവും തോന്നിച്ച ഒരു അപൂവ്വസന്ദർഭമായിരുന്നു അതു്. അപ്പോൾമുതൽ എല്ലാവക്കും നവ്യമായ ഒരു ചൈതന്യംതന്നെ അനുഭവപ്പെട്ടുതുടങ്ങി. ആകപ്പാടെ അതു സാഹോദര്യത്തിൻേറയും സമത്വത്തിൻേറയും വിശിഷ്ടമായ ഒരു പ്രകടനമായിരുന്നു. എല്ലാവരും ആനന്ദോന്മാദംകൊണ്ടു കേവലം മതിമറന്നു് ശുദ്ധഹൃദയരായ ബാലന്മാരെപ്പോലെ ഉത്സാഹത്തകപ്പിൽ മുഴുകി. സമത്വഭാവനയുടെ പ്രകാശത്തിൽ അഹന്തയും ദുരഭിമാനവും തിരോധാനംചെയ്തു. താളമേളസമന്വിതമായ 'അയ്യപ്പത്തിന്തകത്തോം—സ്വാമി തിന്തകത്തോം' എന്ന നൃത്തകലവിയിൽ സകലതും ലയിച്ചു.

എരുമേലിയിലെ ആനന്ദനൃത്തങ്ങൾക്കിടയ്ക്കു് അയ്യപ്പൻെറ ദിവ്യതേജസ്സു പൂവ്വാധികം വദ്ധിച്ചിട്ടുള്ളതായി എല്ലാവക്കും തോന്നി. ആ തേജസ്സിൻെറ അധിപ്രസരം ജനങ്ങളിലും പ്രത്യക്ഷപ്പെടുന്നതിൻെറ പ്രതീതിയും ഇല്ലാതിരുന്നില്ല. ആഘോഷങ്ങൾക്കുശേഷം സുമുഹൂത്തത്തിൽത്തന്നെ സൈന്യങ്ങളുടെയും ജനങ്ങളുടേയും ശബരിമലയിലേക്കുള്ള യാത്ര ആരംഭിച്ചു. അയ്യപ്പൻ, വാവർ, കടുത്തസ്വാമി തുടങ്ങിയുള്ളവർ മുൻപന്തിയിൽ നിന്നു. ഓരോസംഘത്തിലേയും സൈന്യങ്ങളും ജനങ്ങളും ധമ്മശാസ്താവിൻെറ നാമങ്ങൾ ആലപിച്ചുകൊണ്ടു സംഘംസംഘമായി മുന്നോട്ടു നീങ്ങിത്തുടങ്ങി. അമ്പലപ്പുഴയോഗമാണു് ആദ്യം നിന്നിരുന്നതു്. തദവസരത്തിൽ ഒരു പരുന്തു് ആകാശത്തിൽ 'കൃഷ്ണാ' 'കൃഷ്ണാ' എന്നു മധുരഗംഭീരമായി ശബ്ദിച്ചുകൊണ്ടു് ആ സേനാവിഭാഗത്തിൻെറ തലയ്ക്കുമീതെ വലംചുററി പറന്നുകൊണ്ടിരുന്നു. ഇന്നും അമ്പലപ്പുഴയോഗക്കാർ എരുമേലിയിൽനിന്നും പുറപ്പെടുമ്പോൾ ഈ കാഴ്ച കാണാറുണ്ടു്.

എരുമേലിയുടെ മിക്കഭാഗങ്ങളും, അവിടം കഴിഞ്ഞങ്ങോട്ടു പൂണ്ണമായും, നിബിഡവനങ്ങളായിരുന്നു. എരുമേലി കഴിഞ്ഞുള്ള വനങ്ങൾ മുഴുവൻ ശബരിമല ശാസ്താവിൻെറ പൂങ്കാവനസങ്കേതങ്ങളാകയാൽ പുണ്യഭൂമിയായി കരുതണമെന്നു് അയ്യപ്പൻ ഉപദേശിച്ചു. വനത്തേയും വനദേവതമാരേയും ബഹുമാനിച്ചു് ഓരോ സംഘാംഗവും ഓരോ ഇലപറിച്ചിട്ടുതൊഴുതിട്ടുവേണം എരുമേലിക്കോട്ടപ്പടി കഴിഞ്ഞു വനത്തിലേക്കു കാലുകുത്തേണ്ടതെന്നായി

രുന്നു അയ്യപ്പൻെറ നിർദ്ദേശം. ഈ ആദരഭാവത്തിൽ അഹിംസാപരമായ ഒരുവശംകൂടിയുണ്ടെന്നുള്ളതു വിസ്മരിച്ചുകൂടാ. ദുഷ്ടജന്തുക്കളെപ്പോലും ഹനിക്കരുതെന്ന ഒരു നിലപാടാണ് അയ്യപ്പൻ സ്വീകരിച്ചതു്. വനത്തിലുള്ള ജീവജാലങ്ങളെ വാത്സല്യഭാജനങ്ങളായി കരുതുകയെന്നതു് സ്വന്തം പ്രവൃത്തികൊണ്ടു് അദ്ദേഹം തെളിയിച്ചു. സൈന്യങ്ങളുടെ കൺമുൻപിൽവച്ചു് കാട്ടാനകളെ വിളിച്ചു തടവുകയും, തീറ്റികൊടുക്കുകയും, കടുവാ, പുലി മുതലായവയെ സ്വന്തം നാസ്സുളാണെന്നു പറഞ്ഞു് അടുത്തു ചെന്നു കളിപ്പിക്കുകയും, സ്വന്തം കൈകൊണ്ടു വെള്ളംകൊടുത്തു് അവയെ താലോലിക്കുകയും ചെയ്യുവന്നിരുന്നു. അതൊന്നും മറിമായങ്ങളല്ലെന്നും, കേവലം സ്നേഹംകൊണ്ടുള്ള വശീകരണം മാത്രമാണെന്നും, എല്ലാവരും നിർവൈരമാനസരായി എല്ലാത്തിനേയും സ്നേഹിക്കാൻ ശീലിച്ചാൽ ദുഷ്ടജന്തുക്കാം ഇങ്ങോട്ടും സ്നേഹിക്കുമെന്നും, അയ്യപ്പൻ പറഞ്ഞു. വനപ്രദേശത്തു പ്രവേശിച്ചുകഴിഞ്ഞു് സൈന്യങ്ങാം എരുമേലിയിൽനിന്നു രണ്ടുനാഴിക കിഴക്കുള്ള പേരൂർത്തോട്ടിങ്കൽ അല്പം വിശ്രമിച്ചു. അവിടം ഇന്നും പ്രകൃതിമനോഹാരിതതികഞ്ഞ ഒരു രമ്യസ്ഥലമാണ്. കളകളരവത്തോടൊഴുകുന്ന പേരൂർത്തോട് ആ മനോഹാരിതയ്ക്കു കൂടുതൽ ശാന്തമോഹനവും സൗഖ്യപ്രദവുമായ തീർത്ഥസ്ഥാനത്തിൻെറ മേന്മനല്കുന്നു.

എരുമേലിക്കും ശബരിമലയ്ക്കും മദ്ധ്യേ വനാന്തരങ്ങളിൽ അവിടവിടെയായി ഉയൎന്ന മലകാംക്കുമുകളിൽ ഉദയനും അനുചരന്മാരും ഏതാനും ബലിഷ്ഠങ്ങളായ കോട്ടകാം കെട്ടി താവളങ്ങാം ഉറപ്പിച്ചിരുന്നു. ഇഞ്ചിപ്പാറ, തലപ്പാറമല, കരിമല എന്നീ കോട്ടകളിൽ ഉറപ്പിച്ചിരുന്നവയായിരുന്നു ആ താവളങ്ങാം. ഈ കോട്ടകാം ഓരോന്നായി പിടിച്ചുകഴിഞ്ഞാൽ പിന്നെ ശത്രുവിൻെറ പരാജയം സുനിശ്ചിതമെന്നു പറയാം. ഇഞ്ചിപ്പാറക്കോട്ടയായിരുന്നു അവയിൽ ആദ്യത്തേതു്. പുതുശ്ശേരി മുണ്ടൻ, എന്ന കൊള്ളത്തലവനും, ഒരു സൈന്യവ്യൂഹവുമായിരുന്നു അതിൻെറ രക്ഷയ്ക്കായി നിയോഗിക്കപ്പെട്ടിരുന്നതു്. ആ കോട്ടയ്ക്കുചുററും കുഴിക്കപ്പെട്ടിരുന്ന അഗാധമായ കിടങ്ങു് അതിൻെറ വിജയകരമായ ആക്രമണത്തിനു വലുതായ പ്രതിബന്ധമായിരുന്നു. കോട്ട സ്ഥിതിചെയ്തിരുന്നതാകട്ടെ, ദുഷ്കരമായ അഴുതമലയുടെ മുകളിലുമായിരുന്നു. കിടങ്ങു തരണംചെയ്തു കോട്ട ആക്രമിക്കുന്നതിനുള്ള തന്ത്രം അയ്യപ്പൻതന്നെ സൈനികന്മാർക്കു് ഉപദേശിച്ചു. അതു കാളകെട്ടി എന്നറിയപ്പെടുന്ന സ്ഥലത്തുവച്ചായിരുന്നു.

ആ സ്ഥലത്തിനു് ആ പേരുവരാൻ പ്രത്യേകകാരണമുണ്ടു്. അയ്യപ്പൻ അവിടംവരെ യാത്രയ്ക്കു് ഉപയോഗിച്ചിരുന്ന കാളയെ അവിടെ ഒരു ആഞ്ഞിലിമരത്തിൽ കെട്ടിയതിനെ അനുസ്മരിച്ചുകൊണ്ടാണ് ആ പ്രദേശത്തിനു പ്രസ്തുതനാമം പറഞ്ഞുതുടങ്ങിയതു്. അന്നദ്ദേഹം വിശ്രമിക്കാനുപയോഗിച്ച കല്ലിനെ തീർത്ഥാടകർ ഇന്നും തൊട്ടു തലയിൽവച്ചു വന്ദിച്ചുവരുന്നു. ആ കല്ലിൽ നിന്നുകൊണ്ടു് അദ്ദേഹം തൻെറ സൈന്യങ്ങളേയും അവയുടെ നായകന്മാരേയും അടുത്തു വിളിച്ചു് ഇഞ്ചിപ്പാറക്കോട്ടയുടെ ആക്രമണോപായം ഉപദേശിച്ചുകൊടുത്തു.

കാളകെട്ടിയിൽനിന്നു് ഒന്നൊന്നര നാഴിക കിഴക്കുമാറിയാണ് അഴുതാനദി ഒഴുകുന്നതു്. ഇതു പമ്പാനദിയുടെ ഒരു പോഷകനദിയാണ്. അതിൻെറ തീരത്തെ മണൽപ്പുറം രാത്രിയിലെ വിശ്രമത്തിനു് ഏററവും പററിയ സ്ഥലമായിരുന്നു. സായാഹ്നത്തിൽ അവിടെയെത്തിയ സൈന്യങ്ങളും ജനക്കൂട്ടവും നേരം ഒട്ടിരുട്ടുന്നതുവരെ പലവിധതാളമേളങ്ങളോടുകൂടി ശാസ്തൃനാമസങ്കീർത്തനങ്ങാം പാടി ഭക്തിലഹരിയിൽ ലയിച്ചു. അഴുതയിലെ ജലപ്പരപ്പിൽ സ്പർശിച്ചു മന്ദമായി അടിച്ചുകൊണ്ടിരുന്ന സുഖശീതളമായ മാരുതപോതങ്ങളാൽ ഉപചരിക്കപ്പെട്ടു് അവർ പിന്നീടു സുഖനിദ്രയിലാണ്ടു.

ഇഞ്ചിപ്പാറക്കോട്ടയുടെ ആക്രമണം സുകരമാക്കുന്നതിലേക്കു്, അതേസമയം തന്നെ തലപ്പാറക്കോട്ടകൂടി ആക്രമിക്കണമെന്നാണ് അയ്യപ്പൻ തീരുമാനിച്ചതു്. അതല്ലെങ്കിൽ ഉദയൻെറ തലപ്പാറസൈന്യം ഇഞ്ചിപ്പാറയെ രക്ഷിക്കുവാൻ എത്തുമായിരുന്നു. പന്തളം സൈന്യത്തിലെ കൊച്ചുകടുത്ത, രാമൻ, കൃഷ്ണൻ എന്ന മൂന്നു സേനാനികളുടെ കീഴിൽ തലപ്പാറമല ആക്രമിക്കു

വാൻ ഏർപ്പാടുചെയ്തിട്ട്, വാവരുടെ നേതൃത്വത്തിൽ ഇഞ്ചിപ്പാറയുടെ ആക്രമണം ആരംഭിച്ചുകൊള്ളാൻ അയ്യപ്പൻ ആജ്ഞാപിച്ചു. ഇഞ്ചിപ്പാറക്കോട്ടയുടെ ചുററുമുണ്ടായിരുന്ന കിടങ്ങു കടക്കുവാൻ അയ്യപ്പൻ നിർദ്ദേശിച്ച മാർഗ്ഗം വളരെ ലഘുവായിരുന്നു. സൈന്യങ്ങൾ അഴുതയാററിൽ കുളിച്ചു ദേഹശുദ്ധിവരുത്തി ശരണംവിളിച്ചുകൊണ്ടുവേണം കോട്ട ആക്രമിക്കുവാൻ പുറപ്പെടേണ്ടിയിരുന്നതു്. ആ അവസരത്തിൽ ഓരോരുത്തനും എടുക്കാവുന്ന വലുപ്പത്തിലുള്ള ഓരോ കല്ലും, ഏതെങ്കിലും വൃക്ഷത്തിൻെറ കുറെ ഇലച്ചില്ലുംകൂടി എടുത്തുകൊണ്ടുവേണം നടക്കേണ്ടതെന്നു നിർദ്ദേശിച്ചിരുന്നു. ഈ കല്ലുകളും ഇലച്ചില്ലുകളും കിടങ്ങിൽ നിക്ഷേപിക്കണമെന്നായിരുന്നു ആജ്ഞ. വലിയ ഒരു സൈന്യം, വൃക്ഷങ്ങളുടെ ഇലച്ചില്ലുള്ള കമ്പുകൾ പൊക്കിപ്പിടിച്ചു കോട്ടയെ ലക്ഷ്യമാക്കി ശരണംവിളികളോടെ ശീഘ്രഗതിയിൽ നടത്തിയ ആ പ്രയാണം ശത്രുക്കളുടെയിടയ്ക്കു് ഏറെ സംഭ്രമവും ചിന്താക്കുഴപ്പവുമുണ്ടാക്കി.

ആളുകളെ വ്യക്തമായി കാണാൻ പ്രയാസമായിരുന്നതിനാൽ സഞ്ചരിക്കുന്ന ഒരു വനമാണോ തങ്ങളെ അഭിമുഖീകരിക്കുന്നതെന്നു് കോട്ടയിലെ ഭടന്മാർക്കു തോന്നി. പ്രത്യേകം ആരേയും ലക്ഷ്യമാക്കി ശരംതൊടുക്കാൻ കഴിയാത്ത ഒരവസ്ഥയാണുണ്ടായതു്. അതിനിടയ്ക്കു് അയ്യപ്പസൈനികർ ആയിരക്കണക്കിനു് കല്ലുകളും ധാരാളം തൂപ്പുകളും കിടങ്ങിൻെറ പ്രത്യേകഭാഗത്തു നിക്ഷേപിച്ച് ഇരുകരകളേയും യോജിപ്പിച്ചുകഴിഞ്ഞിരുന്നു. അതിനുശേഷം വാവരും മററു പ്രധാനസേനാനികളും മുന്നിട്ടുനിന്നു് അതിശക്തിമത്തായ ഒരാക്രമണം നടത്തി, കോട്ടമതിൽ ഭേദിച്ചു് അകത്തുകടന്നു. പിന്നാലെ ആയിരക്കണക്കിനു സൈന്യങ്ങൾ 'ശരണമയ്യപ്പാ' എന്ന ഉച്ചൈസ്സരമുള്ള ഉൽഘോഷത്തോടെ അകത്തേക്കു പ്രവഹിച്ചു. കോട്ടയ്ക്കുള്ളിൽ നിന്നവർക്കു് അതു കേവലം ഒരു സൈനികശക്തിയായിട്ടല്ല തോന്നിയതു്. അസാധാരണമായ ആ ആവേശം തടുത്തുനില്ക്കത്തക്കതായിട്ടല്ല അവർക്കു് അനുഭവപ്പെട്ടതു്. പെരുവെള്ളപ്പാച്ചിലിൽ തകരുന്ന അണപോലെ പുതുശ്ശേരിമുണ്ടൻെറ സൈന്യം വഴിതിമാറി പലായനംതുടങ്ങി. അതിനുമുമ്പു പരാജയമെന്നതെന്തെന്നറിഞ്ഞിരുന്നില്ലാത്ത ആ കൊള്ളത്തലവൻ മാനസംരക്ഷണത്തിനും ജീവരക്ഷയ്ക്കുംവേണ്ടി പഠിച്ച അടവുകൾ മുഴുവൻ പ്രയോഗിച്ചു. എന്നാൽ, ഒന്നും ഫലിക്കാതെ അയാളും മറുവശം കോട്ടവാതിൽ തുറന്നു് അനുയായികളോടുകൂടി ഓട്ടംപിടിച്ചു. എന്നാൽ വാവർ അയാളെ വിട്ടില്ല. ഒരു ചെറുസംഘം സൈന്യവുമായി വാവർ അയാളെ പിൻതുടന്നു. അയാൾ നേരെ കരിമലക്കോട്ടയിൽ ഉദയൻെറ രക്ഷയ്ക്കായിട്ടായിരിക്കും പോകുന്നതെന്നു് അയ്യപ്പനറിയാമായിരുന്നു. അതുകൊണ്ടു് ഇടയ്ക്കുവച്ചുതന്നെ അയാളെ പിടികൂടേണ്ടതിൻെറ ആവശ്യം അയ്യപ്പൻ വാവരെ ഗ്രഹിപ്പിച്ചിരുന്നു. വാവരും അനുയായികളും അല്പം കിഴക്കുമാറിയുള്ള ആററിൻകരയിൽവച്ചു് അവിടെ വിശ്രമിച്ചുകൊണ്ടിരുന്ന പുതുശ്ശേരി മുണ്ടനേയും അനുയായികളേയും കണ്ടെത്തി. ആദ്യസംഘഷ്ത്തിൽത്തന്നെ അനുയായികളിൽ ചിലർ കൊല്ലപ്പെട്ടു. ശേഷിച്ചവർ ഓടി രക്ഷപെട്ടു. നൈരാശ്യഭരിതനായ പുതുശ്ശേരിമുണ്ടൻ വാവരെ ദ്വന്ദ്വയുദ്ധത്തിനു വിളിച്ചു. ഉഗ്രമായ ഒരു സമരമാണു് അവർ തമ്മിൽ ഉണ്ടായതു്. പുതുശ്ശേരി മുണ്ടൻെറ യുദ്ധസാമർത്ഥ്യവും അഭ്യാസപാടവങ്ങളും വാവരെ അത്ഭുതപ്പെടുത്തി. യുദ്ധം നീണ്ടുനില്ക്കുന്ന ലക്ഷണമാണു കണ്ടതു്. കുറെ ആയപ്പോൾ വിമോചനസൈന്യത്തോടും മററാൾക്കാരോടുംകൂടി അയ്യപ്പൻ തന്നെ സ്ഥലത്തെത്തി. പിന്നെ വലിയ താമസംകൂടാതെ വാവർ മുണ്ടനെ വെട്ടിവീഴ്ത്തി. പുതുശ്ശേരി മുണ്ടൻെറ വധം നടന്നതിനുശേഷമാണു് അവിടത്തെ ആറിനു് ഇന്നറിയുന്നതുപോലെ 'പുതുശ്ശേരി ആറു്' എന്ന പേരു ലഭിച്ചതു്. വാവരുടെ പരാക്രമങ്ങളെ എല്ലാവരും അങ്ങേയററം അഭിനന്ദിച്ചു. സൈന്യം ഉടൻതന്നെ യാത്ര തുടന്നു് അന്നു രാത്രിയോടുകൂടി കരിയിലന്തോട്ടിലെത്തി താവളമടിച്ചു.

ഇഞ്ചിപ്പാറക്കോട്ടയുടെ പതനം സംഭവിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ തലപ്പാറക്കോട്ടയിൽ ഭയങ്കരമായ യുദ്ധം നടക്കുകയായിരുന്നു. അവിടെ പന്തളംസൈന്യത്തെ നയിച്ചിരുന്ന രാമകൃഷ്ണന്മാർ അസാ

ധാരണപരാക്രമമമാണ് പ്രദർശിപ്പിച്ചതു്. രാമൻ മികച്ച വില്ലാളിയായിരുന്നു. കോട്ടയുടെ മുകളിൽനിന്നു് പന്തളംസൈന്യത്തിൻെറനേരെ അസ്ത്രങ്ങൾ അയച്ചവരെ രാമൻെറ അസ്ത്രങ്ങൾ അനുനിമിഷം നിഹനിച്ചുകൊണ്ടിരുന്നു. കൃഷ്ണനാകട്ടെ, ഒന്നാംകിടയിലുള്ള ഒരു മല്ലവീരനുമായിരുന്നു. അയ്യപ്പസേനയ്ക്കു് വളരെ നേരത്തേക്കു് കോട്ടയോടടുക്കുന്നതിനുതന്നെ സാദ്ധ്യമല്ലാതെ നിന്നുവെങ്കിലും ക്രമേണ ശത്രുവിൽനിന്നുള്ള പ്രതിരോധത്തിനു് ബലം കുറഞ്ഞുവരുന്നതായി അനുഭവപ്പെട്ടു. രാമൻെറയും പന്തളത്തെ മററു വില്ലാളികളുടേയും അസ്ത്രങ്ങൾ കുറിക്കുകൊള്ളുന്നുണ്ടായിരുന്നു. തക്കതായ ഒരു സന്ദർഭംനോക്കി മല്ലനായ കൃഷ്ണൻ തലപ്പാറക്കോട്ടയുടെ പ്രവേശനദ്വാരം തകർത്തു. ആനച്ചടക്കമെന്ന അസാധാരണമായ ഒരു മല്ലയുദ്ധപ്രയോഗം കൊണ്ടാണത്രെ കൃഷ്ണൻ അതു സാധിച്ചതു്. അതോടുകൂടി പന്തളംസൈന്യം കോട്ടയ്ക്കുള്ളിലേക്കു് ഇരച്ചുകയറി. പരിഭ്രാന്തരായ കൊള്ളത്തലവന്മാർ ചെറുത്തുനില്ക്കാൻ കഴിവില്ലാതെ കോട്ട ചാടിയും വാതിലുകൾ തുറന്നു് അവയിലൂടെയും രക്ഷപെട്ടുതുടങ്ങി. വളരെപ്പേർ വധിക്കപ്പെട്ടു. രക്ഷപെട്ടവർ നേരെ കരിമലക്കോട്ടയെ ലക്ഷ്യമാക്കി ഓടി പമ്പകടന്നതിനെ സൂചിപ്പിച്ചാണത്രെ മലയാളത്തിൽ ഇന്നും നിലവിലിരിക്കുന്ന 'പമ്പകടന്നു' എന്ന പ്രയോഗം നടപ്പിൽവന്നതു്. തലപ്പാറക്കോട്ട തകർത്ത വില്ലാളിയായ രാമനും മല്ലപ്രവീണനായ കൃഷ്ണനും പിൽക്കാലത്തു് യഥാക്രമം 'തലപ്പാറ വില്ലൻ' 'തലപ്പാറ മല്ലൻ' എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു.

ഇഞ്ചിപ്പാറയുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ അയ്യപ്പൻ തലപ്പാറയ്ക്കിലും സന്നിഹിതനായിരുന്നതായും, സേനാനായകന്മാർക്കും സൈന്യങ്ങൾക്കും വേണ്ട നിർദ്ദേശങ്ങളും പ്രചോദനങ്ങളും നല്കിയിരുന്നതായും പറയപ്പെടുന്നു. വനത്തിലേക്കു കടന്നതിനുശേഷം അയ്യപ്പൻെറ ദിവ്യപ്രഭാവം ഒന്നിനൊന്നു വർദ്ധമാനമായിട്ടാണു വന്നതു്. സൈന്യങ്ങളുടെ ഏതു ഭാഗത്തും അയ്യപ്പൻെറ സാന്നിദ്ധ്യം സദാപി ഉള്ളതായി എല്ലാവർക്കും തോന്നി. പലയിടത്തും ഒരേ സമയം പ്രത്യക്ഷനായി തൻെറ സൈനികരെ അടിക്കടി പ്രോത്സാഹിപ്പിച്ചുവന്നു. ചിലപ്പോൾ അശ്വാരൂഢനായും ചിലപ്പോൾ ഗജാരൂഢനായും അദ്ദേഹം കാണപ്പെട്ടു. കുരുക്ഷേത്രത്തിലെ പാർത്ഥസാരഥിയെപ്പോലെ അയ്യപ്പൻ യുദ്ധം നയിച്ചതല്ലാതെ ആയുധമെടുത്തു യുദ്ധംചെയ്തില്ല.

തലപ്പാറക്കോട്ട പിടിച്ചുകഴിഞ്ഞ ഉടനെ പന്തളംസൈന്യം, ഉദയൻെറ തലസ്ഥാനമായ കരിമലക്കോട്ടയെ ലക്ഷ്യമാക്കി അവരുടെ പ്രയാണം തുടങ്ങി. 'ശരണമയ്യപ്പാ' എന്ന വിളികൾക്കു് അതുമുതൽ കൂടുതൽ ഉശിരും ഊർജ്ജിതവും കാണപ്പെട്ടു.

പ്രഭാതത്തിൽത്തന്നെ അയ്യപ്പൻെറ രണ്ടു സൈന്യങ്ങളും കരിമലക്കോട്ട വളഞ്ഞു. ഉദയൻ സകലശക്തികളും അവിടെ കേന്ദ്രീകരിച്ചിരിക്കുകയായിരുന്നു. ഇഞ്ചിപ്പാറക്കോട്ടയിലും തലപ്പാറക്കോട്ടയിലും നിന്നു രക്ഷപെട്ടവർ വന്നു് രണ്ടു താവളങ്ങളും നശിച്ചതിനെക്കുറിച്ചു് അറിവുകൊടുത്തതോടുകൂടി ഉദയൻ ആകപ്പാടെ ഒന്നു സ്തംഭിച്ചിരിക്കുകയായിരുന്നു. വിശേഷിച്ചും, പുതുശ്ശേരിമൂണ്ടൻെറ മരണത്തോടുകൂടി ഉദയൻെറ ഏററവും പ്രബലനായ സേനാധിപൻ നഷ്ടപ്പെട്ടു. എന്നിട്ടും, സാഹസികനായ ഉദയൻ ഭഗ്നോത്സാഹിയായില്ല. യുദ്ധത്തിനുതന്നെ അയാൾ തയാറായി. ജീവിതത്തെ ഒരു ഭാഗ്യപരീക്ഷയായി കരുതുന്നവരുടെ കൂട്ടത്തിലൊരാളായിരുന്നു ഉദയൻ. അവസാനംവരെ തൻെറ സമസ്തശക്തികളും പ്രയോഗിച്ചുനോക്കിയിട്ടു് ഒന്നുകിൽ നിലനില്ക്കുക, അല്ലെങ്കിൽ നശിക്കുക എന്നതിനപ്പുറം ഒന്നുമില്ലാത്ത ഒരു ലോകായതികനായിരുന്നു അയാൾ. ഹിംസയും പരപീഡനവും അയാൾക്കൊരു വിനോദമായിരുന്നു. അതുകൊണ്ടു് ജീവനാശമുണ്ടാകാതെകഴിക്കാൻ അയ്യപ്പൻ നടത്തിയ സമാധാനനിർദ്ദേശങ്ങളൊന്നും അയാൾ സ്വീകരിച്ചില്ല. കീഴടക്കമെന്നതു് അയാളുടെ തത്വശാസ്ത്രത്തിലില്ലായിരുന്നു. അങ്ങനെ യുദ്ധം ഒഴിവാക്കാൻ യാതൊരു മാർഗ്ഗവുമില്ലെന്നുവന്നശേഷമേ അയ്യപ്പൻെറ സൈന്യങ്ങൾ മുന്നോട്ടു കടന്നുകൊള്ളാൻ ആജ്ഞ കൊടുത്തുള്ളു.

ഉദയനു് അയാളുടെ കോട്ടയുടെ ഉറപ്പിൽ ഉറച്ച വിശ്വാസംതന്നെയുണ്ടായിരുന്നു. ഇഞ്ചിപ്പാറക്കോട്ടയേയും തലപ്പാറ

ക്കോട്ടയേയും അപേക്ഷിച്ച് പതിന്മടങ്ങു ബലിഷ്ഠമായിരുന്നു അത്. ഏററവും പരാക്രമശാലികളായ ഭടന്മാരെ തെരഞ്ഞെടുത്തുനിറുത്തിയിട്ടുള്ള ഒരു സൈന്യവ്യൂഹമാണ് അവിടെയുണ്ടായിരുന്നതും. എത്രകാലത്തേക്കും വേണ്ട ഭക്ഷണാദിവിഭവങ്ങളും വേണ്ടത്ര സംഭരിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് അശിക്ഷിതരും, വിഘടിതരും, വിഭവശൂന്യരുമായ അയ്യപ്പസൈനികർ കോട്ടയ്ക്കു വെളിയിൽനിന്നുതന്നെ നാശമടയുകയോ, തിരിയെപ്പോകുകയോ ചെയ്തുകൊള്ളുമെന്നാണ് അയാൾ വിചാരിച്ചത്.

പക്ഷേ, ആരംഭംമുതല്ക്കേ അതിഭയങ്കരമായ ഒരാക്രമണത്തെയാണ് ഉദയനു നേരിടേണ്ടിവന്നത്. വാവർ, കൊച്ചുകടുത്ത, തലപ്പാറയിലെ മല്ലവില്ലന്മാർ തുടങ്ങിയവരുടെ യുദ്ധതന്ത്രങ്ങളും മുറകളും നേരിട്ടു കണ്ടപ്പോൾ മാത്രമേ അവ എത്രകണ്ട് അപ്രതിരോദ്ധ്യങ്ങളാണെന്ന് അയാൾക്കു മനസ്സിലാക്കാൻകഴിഞ്ഞുള്ളു. അയ്യപ്പൻ, ആരംഭംമുതല്ക്കേ ചെയ്തതുപോലെ, എല്ലാത്തിന്റേയും മേൽനോട്ടംവഹിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കിയതല്ലാതെ യുദ്ധത്തിൽ ഇടപെട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ആയിരം സേനാനായകന്മാരുടെ ശക്തി തന്റെ സൈന്യങ്ങൾക്കു നല്കി. 'ശരണമയ്യപ്പാ' എന്ന സ്വയം സമപ്പ്ണവചനം ശത്രുക്കൾക്കെതിരെ ഭയാനകമായ ഒരു പോർവിളിയായിരുന്നു; അയ്യപ്പസൈനികക്ക് ഊജ്ജപ്രദായകമായ ഒരു മഹാമന്ത്രവും. അവതാരപുരുഷനും, അപ്രമേയപ്രഭാവനുമായ അയ്യപ്പൻതന്നെയാണ് തങ്ങളിലൂടെ സമരംചെയ്യുന്നതെന്നും, അതിനെ ആക്കും തടഞ്ഞുനില്ക്കാൻ സാദ്ധ്യമല്ലെന്നും, വിജയം സുനിശ്ചിതമാണെന്നും ഉള്ള ദൃഢവിശ്വാസത്തോടെയാണ് സൈന്യങ്ങൾ കരിമലക്കോട്ടയെ ലക്ഷ്യമാക്കിയുള്ള ആക്രമണം നടത്തിയത്.

കോട്ടയെ ഉല്ലംഘിച്ച് അകത്തുകടക്കുക എളുപ്പമുള്ള ഒരു കാര്യമായിരുന്നില്ല. എന്നാൽ അയ്യപ്പന്റെ ഒരു നിർദ്ദേശം അതിനെ സുകരമാക്കിത്തീർത്തു. കോട്ടയ്ക്കുവെളിയിൽ ഒരുഭാഗത്ത് നിന്നിരുന്ന ചില വമ്പിച്ച വൃക്ഷങ്ങളെ സൈന്യങ്ങൾ കോട്ടയുടെ മുകളിലേക്കു വെട്ടിമറിച്ചിട്ടു. അവയിലൂടെ കൊച്ചുകടുത്തയുടേയും, വാവരുടേയും നേതൃത്വത്തിലുള്ള ഓരോ സേനാവിഭാഗങ്ങൾ അകത്തു കടന്നു. കോട്ടവാതിൽ തുറന്നു. പിന്നത്തെ കോലാഹലങ്ങൾ അവണ്ണനീയമെന്നേ പറയാനുള്ളു. ഇരച്ചുകയറുന്ന അയ്യപ്പസൈന്യം 'ശരണമയ്യപ്പാ!' എന്ന വിളികളോടെ കടന്ന് മുന്നേറിച്ചെന്നതിനെ ചെറുത്തുനില്ക്കാൻ ആക്കും കഴിഞ്ഞില്ല. എതിർത്തവരെല്ലാം അപ്പപ്പോൾ വെട്ടിവീഴ്ത്തപ്പെടുകയോ, ശരപ്രയോഗത്താൽ നിഹനിക്കപ്പെടുകയോ ആയി. കൊച്ചുകടുത്തയായിരുന്നു നേരിട്ട് ഉദയനോടെതിർത്തത്. ഉദയന്റെ പരാക്രമവും ധീരതയും അനുപമമെന്നാണ് പരക്കെ വിശ്വസിക്കപ്പെട്ടിരുന്നത്. എന്നാൽ കൊച്ചുകടുത്തയുടെ വാൾപ്രയോഗത്തിന്റെ മുന്നിൽ ഉദയപരാക്രമം ക്രമേണ നിഷ്പ്രഭവും, നിഷ്ഫലവുമായിത്തുടങ്ങി. ഭൂതാവേശംകൊണ്ട ഒരു പ്രതിഭാസംപോലെയായിരുന്നു കൊച്ചുകടുത്തയുടെ അപ്പോഴത്തെ വാൾപ്പയററ്. ഉദയനു് അത് ദീഘനേരം തടുത്തുനില്ക്കാൻ സാദ്ധ്യമായില്ല. അപ്രതീക്ഷിതമായ ഒരു നിമിഷത്തിൽ കടുത്തയുടെ ഒരു വെട്ട് ഉദയന്റെ കഴുത്തിലേററു് അയാൾ നിലംപതിച്ചു. പിന്നത്തെക്കാര്യം വളരെയെളുപ്പം കഴിഞ്ഞു. നായകൻ നഷ്ടപ്പെട്ട സൈന്യങ്ങളും സേനാനായകരും നാലുവഴിക്കും പ്രാണരക്ഷാത്ഥം ഓട്ടമായി. നല്ല സംഘടനാപാടവമുള്ള പല സേനാനായകരും അക്കൂട്ടത്തിലുണ്ടായിരുന്നു. അവരെ സ്വതന്ത്രരായി വിടുന്നത് അപകടകരമായിരുന്നു. അതുകൊണ്ടു പന്തളംസൈന്യം അവരിൽ മിക്കവരേയും ബന്ധനസ്ഥരാക്കി. മററുള്ളവർ പലായനംചെയ്ത് സ്ഥലംവിട്ടു. ഭാവിയിൽ കൊള്ളക്കാരുടെ താവളമാകാനുള്ള സ്വാദ്ധ്യതയുണ്ടായിരുന്നതിനാൽ കരിമലക്കോട്ട അയ്യപ്പന്റെ സൈന്യങ്ങൾ പൊളിച്ചുനിരത്തി. സൂര്യാസ്തമയത്തിനു മുമ്പ് അയ്യപ്പന്റെ കൊടി കരിമലയുടെ മുകളിൽ ശാന്തിയുടേയും സമാധാനത്തിന്റേയും പ്രകാശധോരണി പരത്തിക്കൊണ്ട് പാറിപ്പറന്നു.

സന്ധ്യയായപ്പോഴേക്കും സൈന്യങ്ങളും അവരെ അനുഗമിച്ച പുരുഷാരവും വിജയസൂചകമായി അയ്യപ്പസങ്കീർത്തനങ്ങൾ ഉച്ചത്തിൽ പാടിക്കൊണ്ട് നീലിമലയുടെ

അടിവാരത്തിൽ, പമ്പയുടെ വിസ്തൃതമായ സൈകതഭാഗങ്ങളിലേക്കു പിൻവാങ്ങി. പന്തളംരാജാവിനും പരിവാരങ്ങൾക്കും രാജോചിതമായ വിശ്രമസൗകര്യങ്ങൾ നല്കപ്പെട്ടു. രാത്രി ഉറങ്ങുന്നതിനുമുമ്പായി അയ്യപ്പൻ എല്ലാവരേയും വിളിച്ചുകൂട്ടി, അവർ നേടിയ വിജയത്തിൽ അവരെ അഭിനന്ദിച്ചു. എന്നാൽ വിജയത്തിൽ ഉന്മത്തരാകാതെ, വിനയവാന്മാരായിരിക്കാൻ അദ്ദേഹം ഉപദേശിച്ചു. ശത്രുക്കളെ പരാജയപ്പെടുത്തിയതുകൊണ്ടു മാത്രം തങ്ങളുടെ പ്രസ്ഥാനത്തിന്റെ പരിസമാപ്തിയായിട്ടില്ലെന്നും, യുദ്ധവിജയം ഒരു ആരംഭത്തേക്കുറിക്കുന്നതേ ഉള്ളുവെന്നും ഉദ്ബോധിപ്പിച്ചു. ഉദ്ദിഷ്ടമായ പ്രസ്ഥാനം സൈനികമായിട്ടുള്ളതല്ല, പ്രത്യുത, തികച്ചും ആത്മീയമായിട്ടുള്ളതാണെന്നു് മനസ്സിലാക്കാൻ അയ്യപ്പൻ അവരെ ഗുണദോഷിച്ചു. സൈനികമായ എല്ലാ കാര്യങ്ങളും ഉദയന്റെ ധ്വംസനത്തോടെ അവസാനിച്ചുവെങ്കിലും, കൂടുതൽ പ്രാധാന്യമുള്ള കാര്യം, അതായതു് ജനങ്ങളുടെ ആദ്ധ്യാത്മികപുനരുത്ഥാനം അവശേഷിക്കുന്നു എന്ന കാര്യം, അവരെ അനുസ്മരിപ്പിച്ചു. ശത്രുക്കൾ ഉണ്ടാക്കിയ ക്ഷേത്രനാശത്തോടുകൂടിയാണു് നാടിന്റെ അധഃപതനം ആരംഭിച്ചതെന്നും, ആ പുണ്യസ്ഥലത്തിന്റെ ഉദ്ധാരണം സാധിച്ചുകഴിഞ്ഞാൽ രാജ്യത്തിന്റെ ആദ്ധ്യാത്മികചൈതന്യം പ്രകാശമാനമാകുമെന്നും സൂചിപ്പിച്ചശേഷം, ഉദ്ദിഷ്ടമായ പുനരുദ്ധാരണത്തെക്കുറിച്ചു് അയ്യപ്പൻ ജനതയോടു് ഇപ്രകാരം സംസാരിച്ചു:

''പരശുരാമപ്രതിഷ്ഠിതമായിരുന്ന വിഷ്ണുശിവചൈതന്യങ്ങളുടെ സംഘടിതശക്തിയായ ശബരിമലധർമ്മശാസ്താവിന്റെ പരിപാവനക്ഷേത്രം. അതു് ഇന്നു് അശുദ്ധമായി, പ്രതിഷ്ഠയിളകി, അനാഥമായി കിടക്കുന്നു. അതിന്റെ പുനരുദ്ധാരണത്തിനു പ്രതിബന്ധമായി നിന്ന ശത്രുബാധ നാം ഇപ്പോൾ ഉച്ചാടനംചെയ്തു. ഇനി പുനഃപ്രതിഷ്ഠ നടത്തേണ്ടിയിരിക്കുന്നു. അടുത്തദിവസം നാം ആ ദിവ്യസന്നിധാനത്തിലെത്തും. ഏററവും ഉചിതമായ രീതിയിൽ പുനഃപ്രതിഷ്ഠാകർമ്മം നടത്തിക്കുകയും ചെയ്യും. എന്നാൽ അതിനുമുമ്പു് അടിസ്ഥാനപരമായ ചില കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കേണ്ടതായിട്ടുണ്ടു്. ശബരിമലയോടടുത്തുകിടക്കുന്ന ഈ പമ്പാതീരം പരിപാവനമാണു്. ഇടത്തും വലത്തുംനിന്നു് രണ്ടു പുണ്യനദീതീർത്ഥങ്ങൾ പമ്പയോടു ചേർന്നു് പമ്പയെ ത്രിവേണിയാക്കിത്തീർക്കുന്ന പാവനസ്ഥാനം ഇതിനു് അല്പം മുകളിലാണു്. ശ്രീരാമപാദസ്പർശത്താൽ പുണ്യതീർത്ഥത സമ്പാദിച്ചിട്ടുള്ള ഒരു സ്ഥാനമാണു് ഇവിടം. അതിനുമുമ്പുതന്നെ മാതംഗമഹാമുനിയുടേയും, ശബരി എന്ന പരമഭക്തയായ യോഗിനിയുടേയും പുണ്യാശ്രമങ്ങൾകൊണ്ടു് അവിടം പരിപാവനമായിരുന്നു. ഇതുപോലെ പ്രകൃതിവിലാസചൈതന്യം തുളുമ്പുന്ന പ്രദേശങ്ങൾ ഭാരതവർഷത്തിൽ വേറെ കണ്ടെത്തുക സാദ്ധ്യമല്ല. സപ്തസാഗരതീർത്ഥങ്ങൾ പമ്പയിൽ സമ്മേളിക്കുന്നു. ഈ പുണ്യസ്ഥലത്തു് പ്രവേശിക്കുന്നവർ മനസ്സിനു ശുദ്ധിയും സാത്വികമായ സ്വഭാവഗുണവും സമ്പാദിച്ചിരിക്കണം. അതിനെ ഉദ്ദേശിച്ചാണു് നിങ്ങളെല്ലാവരും മണ്ഡലവ്രതംകൊണ്ടു് ശരീരമനസ്സുകളെ ശുദ്ധീകരിച്ചു് പാപശാന്തിവരുത്തണമെന്നു് നിങ്ങളെ ഉപദേശിച്ചതു്. ക്ഷേത്രോദ്ധാരണവും പുനഃപ്രതിഷ്ഠയും കഴിഞ്ഞു് നിങ്ങൾ തല്ക്കാലം പിരിയുന്നു. എങ്കിലും ആ പുണ്യക്ഷേത്രവുമായി വീണ്ടും ബന്ധം പുലർത്തേണ്ടതു് അത്യന്താപേക്ഷിതമാണു്. അതല്ലെങ്കിൽപ്പിന്നെ ഈ യത്നങ്ങളെല്ലാം കേവലം വ്യർത്ഥമാകുകയേയുള്ളു. അടുത്ത രണ്ടു ദിവസങ്ങൾക്കകം നടത്താൻപോകുന്ന പുനഃപ്രതിഷ്ഠയോടുകൂടി ഈ ക്ഷേത്രത്തിലെ ഭഗവൽസാന്നിദ്ധ്യം അനേകമടങ്ങു് ഓജസ്സുരമാകാൻപോകയാണു്. ഈ പുണ്യതീർത്ഥങ്ങളുടെ മാഹാത്മ്യവും അങ്ങനെ വർദ്ധിക്കാൻപോകുന്നു. അവക്കു് ജനഹൃദയത്തെ ആകർഷിക്കാനുള്ള ശക്തി സ്വായത്തമായിട്ടുണ്ടു്. ജനത തലമുറതലമുറകളായി ഇവിടം സന്ദർശിക്കാനിടയാവണം. ഈ പ്രദേശങ്ങളുടെ ദുർഗ്ഗമത ജനങ്ങളുടെ ഇങ്ങോട്ടുള്ള തീർത്ഥാടനത്തിനു് യാതൊരു പ്രതിബന്ധവും ഉണ്ടാക്കാൻപോകുന്നില്ല. അതു നാൾക്കുനാൾ വർദ്ധിച്ചുവരികയേയുള്ളു. ആ തീർത്ഥാടനങ്ങൾ ആണ്ടോടാണ്ടു് ജനങ്ങളുടെ ആദ്ധ്യാത്മികവും, സാന്മാർഗ്ഗികവുമായ നിലയ്ക്കു് ഉണർവ്വും, ഉത്തേജനവും, ഉൽക്കർഷവും പ്രദാനംചെയ്തുകൊണ്ടിരിക്കും. അടുത്ത

ദിവസം നടക്കുന്ന പുനഃപ്രതിഷ്ഠാകർമ്മം ദർശിക്കാൻപോകുന്ന നിങ്ങളുടെ ദിവ്യാനുഭൂതികൾതന്നെ ഈ പുണ്യസ്ഥാനത്തിന്റെ മാഹാത്മ്യത്തെ നിങ്ങൾക്കു ബോദ്ധ്യമാക്കിത്തരും.''

പിറെറദിവസം പ്രഭാതത്തിൽ 'ശരണമയ്യപ്പാ!' എന്ന വിളികളോടെ എല്ലാവരും ഉണന്ന് പമ്പയിൽ തീർത്ഥസ്നാനം നടത്തി. തർപ്പണം, ശ്രാദ്ധം മുതലായവയെല്ലാം ഭക്തിപൂർവ്വം, ശാസ്ത്രോക്തമായരീതിയിൽ അനുഷ്ഠിച്ചു. പിന്നീട് പ്രാതൽകഴിച്ച് സദ്യയ്ക്കൊരുക്കുന്ന കോലാഹലമായി. ആളുകൾ സംഘംസംഘമായി കൈയിലുള്ള സാമാനങ്ങളെല്ലാം ഒന്നിച്ചുചേർത്ത് ഒരു വമ്പിച്ച സദ്യയ്ക്കു വട്ടംകൂട്ടി. ഉത്സാഹമല്ലാതെ ഒരുദിക്കിലും കാണാനുണ്ടായിരുന്നില്ല. പാചകവൃത്തിയിൽപ്പെടാത്തവർ വൈകുന്നേരത്തെ ആഴിക്ക് വിറകു ശേഖരിക്കാനിറങ്ങി. മററു ചിലർ ദീപക്കാഴ്ചയ്ക്കും ആഴിക്കും വേണ്ട ഒരുക്കങ്ങൾ ചെയ്തു. ഉണങ്ങിയ തടികളും, കമ്പുകളും, കീറിയ മുളകളും ഈററക്കഷണങ്ങളുംകൊണ്ടു നല്ല പൊക്കമുള്ള രഥക്കൂടങ്ങൾ ചിലർ കെട്ടിയുണ്ടാക്കി. ദീപങ്ങൾ ധാരാളം ഇതിൽ കൊളുത്തിവച്ചു. ഇവ ആററിൽ ഒഴുക്കുവാനാണ് ഉദ്ദേശിച്ചിരുന്നതു്. അയ്യപ്പൻ എല്ലായിടത്തും എല്ലാ സംഘങ്ങളിലും കൂടിച്ചേർന്ന് ആനന്ദനൃത്തമാടി. ഓരോ സംഘവും തങ്ങളുടെ സദ്യയിലും, ദീപക്കാഴ്ചയിലും ആഴിയിലുമെല്ലാം അയ്യപ്പൻകൂടി ചേരണമെന്ന് അഭ്യർത്ഥിച്ചു. അദ്ദേഹം അതു സമ്മതിക്കുക മാത്രമല്ല, എല്ലാവരേയും അത്ഭുതപ്പെടുത്തുമാറ് എല്ലാക്കൂട്ടത്തിലും ഏതെങ്കിലുമൊരവസരത്തിൽ കാണപ്പെടുകയുംചെയ്തു. സല്ക്കരിക്കുന്നതിനുമുമ്പായി വനദേവതമാരെ ഉദ്ദേശിച്ച് ഓരോ സംഘവും ഒരിലച്ചോറ് സകല വിഭവങ്ങളോടുംകൂടി മാററിവെയ്ക്കുകയും, പപ്പടം, പഴം മുതലായവ പൊക്കമുള്ള വൃക്ഷശിഖരങ്ങളിൽ കെട്ടിത്തൂക്കുകയും ചെയ്തു. ചതുർവിധവിഭവങ്ങളോടെ സദ്യ നടന്നു. വനദേവതമാരും മലകളിൽ വാസം ചെയ്യുന്ന പുണ്യാത്മാക്കളും വേഷംമാറി ഈ ആഘോഷത്തിൽ പങ്കുകൊള്ളാൻ വരുമെന്നും, ഇലച്ചോറു ഭിക്ഷയാചിച്ച് ആരെങ്കിലും വന്നാൽ അവക്ക് ആവശ്യമുള്ളതു കൊടുക്കണമെന്നും, അന്ന് അവിടെ നടത്തുന്ന ആഘോഷം പുണ്യാത്മാക്കളായ പല മഹാന്മാരും വളരെ വിശിഷ്ടവും ശ്രേഷ്ഠവുമായി കരുതി ആദരിക്കുന്നതാണെന്നും, അവിടത്തെ അന്തരീക്ഷം ഈശ്വരാനുഗ്രഹത്താൽ പരിശുദ്ധമാക്കപ്പെട്ടതാണെന്നും മററും അയ്യപ്പൻ എല്ലാവരേയും ധരിപ്പിച്ചു. അയ്യപ്പന്റെ അന്നത്തെ നിർദ്ദേശങ്ങളനുസരിച്ചുള്ള ചടങ്ങുകളാണിന്നും പമ്പാതടത്തിൽ നടന്നുവരുന്നതു്. സദ്യവട്ടമെല്ലാം അതിഗംഭീരമായിത്തന്നെ ഇന്നും നടന്നുവരുന്നു. ആനന്ദവും ഉത്സാഹവുംകൊണ്ടു് സർവ്വത്ര പരമാഹ്ളാദത്തിൽ മുഴുകുന്നു.

ആ ദിവസത്തെ സായാഹ്നവും അയ്യപ്പൻ തന്റെ അനുചരസഹസ്രങ്ങൾക്ക് ആത്മോപദേശം നല്കുവാൻ പ്രയോജനപ്പെടുത്തി. സന്ധ്യയ്ക്ക് അവരിൽ ഓരോരുത്തരും അവരവരുടെ വിളക്കുകൾ മുമ്പിൽ കത്തിച്ചുവച്ച് നാമസങ്കീർത്തനങ്ങൾ ആരംഭിച്ചു. അതിന്റെ അവസാനത്തിൽ അയ്യപ്പൻ ഇപ്രകാരം ഉദ്ബോധിപ്പിച്ചു:

''ഈ പമ്പാതടം ഈശ്വരധ്യാനത്തിന് ഏററവും അനുയോജ്യമായ ഒരു സ്ഥാനമാണ്. പൂർവ്വകാലംമുതല്ക്കേ ഇവിടം എത്രയോ മഹാത്മാക്കളുടെ ധ്യാനപ്രഭാവവും, സാക്ഷാൽക്കാരതേജസ്സുംകൊണ്ടു ദിവ്യത കലന്നിട്ടുള്ളതാണ്. ഈശ്വരമഹിമയെ അനവരതം പ്രത്യക്ഷപ്പെടുത്തുന്ന പ്രകൃതിവിലാസമാണ് ഇവിടെ നാലുപാടും കാണുന്നതു്. ഉത്തുംഗശൃംഗങ്ങൾ, ദുർഗ്ഗമങ്ങളായ കയററങ്ങൾ, രൂക്ഷമായ ഇറക്കങ്ങൾ, വൃക്ഷനിബിഡമായ സാനുപ്രദേശങ്ങൾ, പൂത്തുതളിർത്ത ലതാകദംബങ്ങൾ, തൃണാലംകൃതമായ മൈതാനങ്ങൾ, പുൽമേടുകൾ, പാറക്കൂട്ടങ്ങൾ, ഗുഹാതലങ്ങൾ, ജലപാതങ്ങൾ, അരുവികൾ, അവിടങ്ങളിലൊക്കെ അലഞ്ഞുനടക്കുന്ന മൃഗഗണങ്ങൾ, കളകളശബ്ദം പുറപ്പെടുവിക്കുന്ന പക്ഷികൾ ഇവയെല്ലാം നിറഞ്ഞ ഗഹനവനങ്ങളുടെ മദ്ധ്യത്തിലൂടെ അച്ഛസ്ഫടികസങ്കാശമായ ജലപ്പരപ്പാന്നൊഴുകുന്ന പമ്പാനദിയുംകൂടി ആയപ്പോൾ ഈശ്വരന്റെ സത്വരജസ്തമോഗുണങ്ങളെ പ്രതിഫലിപ്പിക്കുന്ന പ്രകൃതിയുടെ ഒരു പ്രതിലേഖപോലെ ഇവിടം പ്രകാശിക്കുന്നു. ഈ പ്രകൃതിയാകട്ടെ, അതിനെക്കവിഞ്ഞു വിളങ്ങുന്ന സാക്ഷാൽ സച്ചിദാനന്ദത്തിന്റെ, പരബ്രഹ്മത്തിന്റെ

പ്രതിരൂപമല്ലാതെ മററെന്താണു്"? പ്രപഞ്ചം ആകമാനംതന്നെ അങ്ങനെ ബൃഹത്തായ ഒരു പ്രതിരൂപമാണു്. പക്ഷേ, അതാകെക്കൂടി മനസ്സിൽ കൊള്ളിക്കുക പ്രയാസമാണു്. അതിഗഹനമായ അത്തരം പ്രതീകങ്ങളേക്കാൾ മനുഷ്യബുദ്ധിക്കു സുഗ്രഹമായിട്ടുള്ളതു് സ്വച്ഛന്ദസുന്ദരങ്ങളായ പ്രകൃതിവീക്ഷണങ്ങളാണു്. അങ്ങനെയുള്ള ഒരു ദൃശ്യമത്രേ ഈ പമ്പാസരിത്തടം പ്രദാനംചെയ്യുന്നതു്. ഈശ്വരചൈതന്യം ഇവിടുത്തെ ഗഹനസുന്ദരമായ അന്തരീക്ഷത്തിൽ മുററിനില്ക്കുന്നു. ഇത്ര മഹനീയമായ ഒരു സന്ദർഭത്തിൽ ഇവിടെ ഇത്ര വളരെ ഭക്തജനങ്ങൾക്കു് ഒന്നിച്ചുകൂടാൻ സാധിച്ചതു് ഒരു മഹാഭാഗ്യമാണു്. ഈശ്വരചൈതന്യത്തിന്റെ മഹിമാതിശയബോധത്തിൽനിന്നുണ്ടാകുന്ന ആനന്ദാനുഭൂതി, ഭക്തിയെ ഉണർത്തുന്നു. അതുകൊണ്ടാണു പുരാതനകാലംമുതല്ക്കേ തപോനിഷ്ഠരായ മഹർഷിമാർ ഈ പുണ്യപ്രദേശത്തെ അവരുടെ ആവാസഭൂമിയാക്കിയതു്. അവരുടെ തപഃപ്രഭാവവും, സമാധിശക്തിയും സമ്മേളിച്ച ചൈതന്യം ഇവിടെയെങ്ങും നിറഞ്ഞുതുളുമ്പുന്നു. ഇവിടം സന്ദർശിക്കുന്നവരുടെ മേൽ അതിന്റെ പ്രഭാവാതിശയം സ്വാധീനശക്തി ചെലുത്താതിരിക്കുകയില്ല. ഇങ്ങനെയാണു പുണ്യതീർത്ഥങ്ങൾ മനുഷ്യനു് ആത്മപ്രചോദകമായിരിക്കുന്നതു്. അവയ്ക്കു് മനസ്സിന്റെ മാലിന്യങ്ങളെ കഴുകിക്കളയുവാനുള്ള കഴിവു് അന്തർലീനമായിട്ടുണ്ടു്. പാറകളിൽ തട്ടി പളുങ്കിൻമണിപോലെ ചിന്നിച്ചിതറുന്ന പമ്പാതീർത്ഥജലവും രണ്ടു തീരങ്ങളിലേയും പുഷ്പഫലസമൃദ്ധമായ നന്ദാവനങ്ങളും, സുഗന്ധവാഹിയായ മന്ദമാരുതനും, മനസ്സിനു ശാന്തിയും ആത്മദ്ധ്യാനത്തിനു പ്രചോദനവും നല്കുന്നവയാണു്. പരിസരങ്ങളുടെ പരിശുദ്ധി അന്തരാത്മാവിൽ സ്പർശിക്കുന്നു. അവ പരസ്പരം പ്രചോദകമാകുന്നു.

"ഇവിടം സന്ദർശിക്കുവാൻ നിങ്ങൾക്കു ലഭിച്ച ഈ അപൂർവ്വസന്ദർഭം നിങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുക. മനസ്സിനെ ഭക്തിയിലേക്കു തിരിച്ചുവിടുവാൻ പ്രാഭവമുള്ള ഒരന്തരീക്ഷമാണല്ലോ ഇവിടെയുള്ളതു്. പാവനമായ ഈ സന്ധ്യാസമയത്തു് ഇവിടെ നിങ്ങളുടെ മനോവൃത്തികളെ ഈശ്വരാഭിമുഖമാക്കി നിറുത്തുക. ബഹുധാ പ്രവർത്തിക്കുന്ന ബാഹ്യേന്ദ്രിയങ്ങളെ പ്രത്യാനയിപ്പിച്ചു് അന്തർമുഖമാക്കിത്തീർക്കുക; ധ്യാനപരിശീലനത്തിലൂടെ മനോനേത്രങ്ങളെ നിങ്ങളുടെ ഉള്ളിന്റെ ഉള്ളിലേക്കു നയിച്ചു്, അവയെല്ലാം ഉള്ളിൽ കണ്ടെത്താവുന്ന സാക്ഷാൽ സച്ചിദാനന്ദസാഗരത്തിൽ മുഴുകുവാൻ ശ്രമിക്കുക. അങ്ങനെ ചെയ്താൽ നിങ്ങൾക്കു ലൗകികമായ അഹന്തകളെയെല്ലാം നശിപ്പിച്ചു് അദ്വിതീയമായ ഏകവസ്തുവിൽ മനസ്സിനെ നിറുത്തുവാൻ കഴിയും. ഏകാഗ്രത, ഈശ്വരദർശനം, ബ്രഹ്മാനന്ദം, എന്നൊക്കെ എളുപ്പം പറഞ്ഞുകഴിഞ്ഞുവെങ്കിലും, അവയൊന്നും നേടിയെടുക്കുക ലഘുസാദ്ധ്യമല്ല. ദീർഘകാലത്തെ ഏകാന്തദ്ധ്യാനപരിശീലനവും, സത്യദർശനാകാംക്ഷയും, അതിലേക്കു് അത്യന്താപേക്ഷിതമാണു്.

"ലൗകികരായ നിങ്ങൾ എത്രതന്നെ ഈശ്വരപ്രേമികളാണെങ്കിലും, സാധാരണഗതിയിൽ പരിപൂർണ്ണയോഗികളാകാൻ ഉടനെ നിങ്ങൾക്കു സാദ്ധ്യമായെന്നുവരില്ല. എങ്കിലും നിങ്ങളുടെ ഈശ്വരോന്മുഖമായ മനോഭാവത്തെ ബലപ്പെടുത്തി ക്രമേണയെങ്കിലും ആത്മസാക്ഷാൽക്കാരമാർഗ്ഗത്തിൽ എത്തിച്ചേരാൻ സാധിച്ചേക്കും. ഇതുപോലെയുള്ള പുണ്യതീർത്ഥസന്ദർശനങ്ങൾ അതിനു സഹായകമാകുകയും ചെയ്യും. എന്നാൽ ഇത്തരം സന്ദർശനങ്ങൾ എപ്പോഴും സാദ്ധ്യമായെന്നുവരികയില്ല. എങ്കിലും ഇവിടം ആണ്ടിലൊരിക്കലെങ്കിലും സന്ദർശിക്കാൻ എല്ലാവർക്കും കഴിയത്തക്ക ഏർപ്പാടുകൾ ചെയ്യാവുന്നതാണു്. അടുത്തദിവസം നടക്കുവാൻപോകുന്ന പ്രതിഷ്ഠാകർമ്മത്തിന്റെ ഒരു സ്മാരകമായി ശബരിമലയെ ഒരു തീർത്ഥാടനകേന്ദ്രമാക്കിത്തീർക്കണമെന്നാണു് എന്റെ ലക്ഷ്യം. ശബരിമലയാത്രയെ കൂടുതൽ പുണ്യപ്രദമാക്കാൻ തക്ക മാഹാത്മ്യമുള്ള ഒരു മനോഹരദേശമാണു് പമ്പാസരിത്തു്.

"ഭീകരമായ ഒരു യുദ്ധത്തിനുശേഷം മനസ്സു് ഇനിയും പൂർണ്ണശാന്തി പ്രാപിച്ചിട്ടില്ലാത്ത നിങ്ങൾ പ്രശാന്തമായ ഈ അന്തരീക്ഷത്തിൽ കുറച്ചുസമയം ധ്യാനനിഷ്ഠരാകാൻ ശ്രമിക്കുക. അവരവർക്കു് ആത്മശാന്തി ലഭിക്കുന്നതിലേക്കുള്ള അഭിനിവേശ

REFERENCE

വും, കഴിവും ഉണ്ടാകുവാൻ സാക്ഷാൽ താരകബ്രഹ്മത്തിൽ സ്വയം സമർപ്പിച്ചു പ്രാർത്ഥിക്കുക. അതുതന്നെയാണ് നിങ്ങളുടെ ആത്മോദ്ധൃതിക്കുള്ള തുറന്ന മാർഗ്ഗം.''

തങ്ങളുടെ തേജസ്വിയായ നേതാവിന്റെ ഈ ദിവ്യോപദേശം ഭക്തജനങ്ങൾ അക്ഷരംപ്രതി അനുസരിക്കാൻ സന്നദ്ധരായി. മിന്നിത്തിളങ്ങുന്ന സംഖ്യാതീതങ്ങളായ നക്ഷത്രസമൂഹങ്ങൾ മുകളിൽ ആകാശത്തും, ആ നക്ഷത്രപ്രപഞ്ചത്തിന്റെതന്നെ ഒരു വലിയ ഖണ്ഡം താഴേക്കു വന്നുവോ എന്ന പ്രതീതി ഉളവാക്കുന്ന ദീപസഹസ്രങ്ങൾ പമ്പാസരിത്തിന്റെ സൈകതഭൂമിയിലും, അവയുടെയെല്ലാം പ്രതിഫലിതദീപ്തി പമ്പാനദിയുടെ ജലപ്പരപ്പിലും പ്രകാശിച്ചുകൊണ്ടിരിക്കവെ, അയ്യപ്പന്റെ അനുയായികൾ ശബരിമലശാസ്താവിങ്കൽ സമസ്തശ്രദ്ധയും കേന്ദ്രീകരിച്ച് ധ്യാനനിഷ്ഠരായി ഇരുന്നു. ഗംഭീരമായ ആ ജനസമൂഹത്തിൽ അപ്പോഴുണ്ടായ നിശ്ശബ്ദതയിലും പ്രശാന്തിയിലും ഓംകാരത്തിന്റെ അന്തർനാദം ഓരോരുത്തർക്കും അനുഭവപ്പെട്ടു. അതു തികച്ചും ആത്മനിർവൃതിദായകമായിരുന്നു. ഭൗമമായ സകലബന്ധങ്ങളും ക്ഷണനേരത്തേക്കു മായുന്നതായും, സാക്ഷാൽ സച്ചിദാനന്ദത്തിൽ സകലരും ലയിക്കുന്നതായും അവർക്കു തോന്നി. ഏതാനും സമയത്തേക്കുള്ള ആനന്ദാനുഭൂതിക്കുശേഷം അയ്യപ്പന്റെ ദിവ്യവും ഓംകാരാത്മകവുമായ ശംഖൊലി അന്തരീക്ഷത്തിൽ മുഴങ്ങി. എല്ലാവരും ധ്യാനത്തിൽനിന്നുണർന്ന് ഈശ്വരസ്തോത്രാലാപങ്ങൾ ആരംഭിച്ചു. 'ശരണമയ്യപ്പാ!' എന്ന ദിവ്യമന്ത്രം അന്തരീക്ഷമാകെ മാറ്റൊലിക്കൊണ്ടു. ശംഖനാദങ്ങൾ, വാദ്യഘോഷങ്ങൾ, ഭജനഗാനങ്ങൾ എന്നിവയുടെ സ്നിഗ്ദ്ധമധുരമായ സ്വരവീചികൾകൊണ്ട് പമ്പാതീരത്തിലെ അന്തരീക്ഷം മുഖരിതമായി.

ദീപക്കാഴ്ചയായിരുന്നു ആ സായാഹ്നത്തിലെ അവസാന പരിപാടി. വമ്പിച്ച ആഴികൾ പമ്പയുടെ മണൽത്തിട്ടയിൽ കൂട്ടി, അഴുതയിൽ നടത്തിയതുപോലെ ശാസ്താവിന്റെ അപദാനകീർത്തനങ്ങൾ ചൊല്ലിക്കൊണ്ട് ചുററും വലംവയ്ക്കുക പമ്പയിലെ ഒരു പ്രധാനചടങ്ങായിരുന്നു. എന്നാൽ, ഏററവും നയനാനന്ദകരവും മനോനിർവൃതിദായകവുമായി കാണപ്പെട്ട കാഴ്ച, പമ്പയുടെ മാർത്തട്ടിൽ ഒരു കനകമാല്യംപോലെ ചാർത്തപ്പെട്ട ദീപസഹസ്രങ്ങളുടെ ദൃശ്യമായിരുന്നു. പകൽസമയം ഭക്തജനങ്ങൾ ശേഖരിച്ച ഉണങ്ങിയ തടികളും, കീറിയ മുളകളും ഈററക്കഷണങ്ങളുംകൊണ്ട് നല്ല പൊക്കമുള്ള രഥക്കൂടങ്ങൾ കെട്ടിയുണ്ടാക്കിയിരുന്നു. അവയിൽ ധാരാളം ദീപങ്ങൾ കൊളുത്തി പമ്പയിൽ ഒഴുക്കുകയായിരുന്നു ആ ദീപക്കാഴ്ചയുടെ സമ്പ്രദായം. അതു് അനന്യസാധാരണമായ ഒരു കാഴ്ചതന്നെയാണ്. മററൊരു പ്രദേശത്തും നദിക്കരയിലും ഇങ്ങനെ ഒരു ദീപക്കാഴ്ച ഇത്രയും ശോഭിക്കുമായിരുന്നില്ല. പമ്പയുടെ ഇരുകരകളിലും ഭക്തന്മാർ കൂടാരമടിച്ചിരുന്നിടങ്ങളിൽ ഓരോരുത്തരും കത്തിച്ചു വച്ചിരുന്ന ചെറുവിളക്കുകളും, അവിടവിടെയുള്ള വമ്പിച്ച ആഴികളും, ഇരുകരകളിലേയും നിബിഡവനങ്ങളുടെ പശ്ചാത്തലത്തിൽ പമ്പയിൽ പ്രതിഫലിച്ചതു് വിസ്മയമുളവാക്കുന്ന ഒരു കാഴ്ചയായിരുന്നു. നൂറുകണക്കിനു രഥക്കൂടങ്ങൾ വെള്ളത്തിനു മുകളിൽ കാണപ്പെട്ടതുപോലെ, വെള്ളത്തിനടിയിലും പ്രതിഫലിച്ചുകൊണ്ട് മന്ദമന്ദം ഒഴുകിക്കൊണ്ടിരുന്നതു് ദീപശോഭയെ അഭൗമമായ ഒരു പ്രതിഭാസമാക്കി പ്രത്യക്ഷപ്പെടുത്തി. വളരെനേരം ഉത്സവോചിതമായ ഉത്സാഹം സർവ്വത്ര കളിയാടി. പക്ഷേ, ഉത്സവത്തിമർപ്പുമുഴുവൻ ഭക്തിപരവും ആത്മനിർവൃതിപ്രദവും ആയിരുന്നു. നാട്ടിലെ ആഡംബരങ്ങളോ, ആർഭാടങ്ങളോ അല്ല, അഹന്തയെ മുഴുവൻ ഭഗവൽഭക്തിയായി രൂപാന്തരപ്പെടുത്തിയ രംഗങ്ങളായിരുന്നു അവിടെ ദൃശ്യമായതു്. രാത്രിയുടെ മൂന്നാം യാമമായപ്പോഴേക്കും ആരവങ്ങളെല്ലാം അടങ്ങി വിശ്രമത്തിന്റെ പ്രശാന്തി പമ്പാതീരത്തു കളിയാടി.

പമ്പയിൽ അന്നു നടന്ന സദ്യ, വിളക്ക്, ദീപക്കാഴ്ച, ആഴികൾ മുതലായവ ഇന്നും തീർത്ഥാടകരായ അയ്യപ്പന്മാർ മുറപ്രകാരം നടത്തിവരുന്നു. അടുത്തദിവസം പ്രാതസ്സ്നാനാദികൾക്കുശേഷം സൈന്യങ്ങളും ഭക്തജനങ്ങളും ശബരിമലയിലേക്കു യാത്ര ആരംഭിച്ചു. നീലിമലയിലേക്കുള്ള കയററമായിരുന്നു അതിന്റെ പ്രഥമഘട്ടം. നീലിമല കയറുന്നതിനു മുമ്പായി, ശബരി

ഗിരിയെ ഉദ്ദേശിച്ച് ആ മലയുടെ അടിവാരത്തിൽ പുഷ്പാച്ചനചെയ്യണമെന്നും, മല തൊട്ട തലയിൽ വയ്ക്കണമെന്നും അയ്യപ്പൻ ഭക്തജനങ്ങളെ ഉപദേശിച്ചു. അവർ അതനുസരിച്ചു പ്രവത്തിച്ചതിൻെറ അനുകരണമായിട്ടാണ് ഇന്നും നീലിമല കയറുന്നതിനു മുമ്പായി അയ്യപ്പന്മാർ ഓരോ ഇല പറിച്ചിടുകയും മലതൊട്ട തലയിൽ വയ്ക്കുകയും ചെയ്തുവരുന്നതു്.

നീലിമലകയററം അഴുതമേടിൻേറയും കരിമലയുടേയും കയററത്തേക്കാരം ദുഘടമേറിയതായിട്ടാണ് അവക്കു തോന്നിയതു്. എങ്കിലും ഉദ്ദിഷ്ടലക്ഷ്യം അടുത്തടുത്തു വന്നതിനാലും, ഉള്ളിലെ ഭക്തി അതനുസരിച്ചു വദ്ധിച്ചുവന്നതിനാലും ആയാസമെന്നതു് അവർ അറിഞ്ഞില്ല. സമുദ്രത്തിൽ ചേരാൻ അടുത്തുകഴിഞ്ഞ നദിയെപ്പോലെ ആ ഭക്തജനസമൂഹം ശബരിമലയിലേക്കു ചടുലഗതിയിൽ പ്രവഹിക്കുകയായിരുന്നു.

മാഗ്ഗമദ്ധ്യേയായിരുന്നു ശബരിപീഠം. ശ്രീരാമഭക്തയായിരുന്ന ശബരി ദീഘകാലം തപോവൃത്തി ആചരിച്ച് മോക്ഷം പ്രാപിച്ച ആ ദിവ്യപ്രദേശത്തെ അയ്യപ്പൻ ഭക്തജനങ്ങരംക്കു കാണിച്ചുകൊടുത്തിട്ട് അവിടെ വന്ദിക്കുവാൻ ഉപദേശിച്ചു. ശബരിപീഠം തൊട്ട തലയിൽവച്ച് വന്ദിച്ച ഭക്തജനങ്ങരം ശ്രീരാമകഥകളെ സ്മരിച്ച്, ആ പുണ്യപ്രദേശത്തു് കാൽവയ്ക്കുവാൻ ഭാഗ്യമുണ്ടായതിൽ ചാരിതാത്ഥ്യംപൂണ്ട്, ശരണാലാപംകൊണ്ട് ആ പ്രദേശത്തെ നാദബ്രഹ്മത്തിൽ ലയിപ്പിച്ചു. അവിടെനിന്ന് അവർ അതിപുരാതനമായ ഒരു ആൽത്തറയുടെ പരിസരങ്ങളിൽ എത്തിച്ചേന്നു. അപ്പോഴേക്കും അവർ ശബരിമലക്ഷേത്രസന്നിധിയോട് ഏകദേശം ഒരു വിളിപ്പാടടുത്തുകഴിഞ്ഞിരുന്നു.

ആ അവസരത്തിൽ അയ്യപ്പൻ തൻെറ അനുയായികളോട് ഇപ്രകാരം അരുളിച്ചെയ്തു:

''ഭക്തജനങ്ങളേ! നാം നമ്മുടെ ലക്ഷ്യത്തോട് വളരെ അടുത്തുകഴിഞ്ഞിരിക്കുന്നു. ശബരിമലയിലേക്ക് ഇനി അല്പദൂരമേയുള്ളു. അവിടെ കുടികൊള്ളുന്ന ദിവ്യധാമത്തെ ലക്ഷ്യമാക്കിയുള്ള നമ്മുടെ ഈ പ്രയാണത്തിൽ എന്തെല്ലാം പരീക്ഷണങ്ങളിലൂടേയാണു നിങ്ങരം കടന്നുപോന്നതു്. ആ പരീക്ഷണങ്ങരം സാക്ഷാൽ ജീവിതത്തിൽ നിങ്ങരം നേരിടുന്ന പരീക്ഷണങ്ങളുടെ ഒരു പ്രതീകമാണെന്നു മനസ്സിലാക്കണം. ജീവിതംതന്നെ ദുഗ്ഗമങ്ങളും, കണ്ടകാകീണ്ണങ്ങളുമായ മാഗ്ഗങ്ങളിലൂടെയല്ലേ മുന്നോട്ടുപോകുന്നതു്? ഈ വനമാഗ്ഗസഞ്ചാരം നിങ്ങരം ഏററവും പരിശുദ്ധമായ ഒരു ലക്ഷ്യംവച്ചുകൊണ്ട് നിവ്വഹിച്ചതിനാൽ സഞ്ചാരം നിങ്ങരംക്കു വിഷമകരമായി തോന്നിയില്ല. ഭൗതികമായ സ്വാത്ഥത്തിനോ, സ്വന്തമായ സുഖലബ്ധിക്കോവേണ്ടിയല്ല നിങ്ങരം ഈ മലകരം കയറുകയും ഇറങ്ങുകയും ചെയ്യുന്നതു്. സുഖാനുഭോഗങ്ങരംക്കു പകരം ആത്മാനുഭൂതിയേയും, അതിനനുകൂലമായ മനഃശിക്ഷണത്തേയുമാണു നിങ്ങരം സ്വീകരിച്ചതു്. നിങ്ങരം സഹിഷ്ണുത പരിശീലിച്ചതിനാൽ മാഗ്ഗക്ലേശങ്ങരം നിങ്ങളെ പീഡിപ്പിച്ചില്ല. അതുപോലെതന്നെയാകട്ടെ നിങ്ങളുടെ ലോകജീവിതനിവ്വഹണവും. സകലസ്വാത്ഥങ്ങളേയും ഉപേക്ഷിച്ച് സഹജാതക്കുവേണ്ടി സ്വന്തം സുഖങ്ങളെ ത്യജിച്ച് ജീവിക്കുവാൻ പഠിക്കുക. അതിലേക്കു ഐന്ദ്രിയങ്ങളായ സുഖങ്ങരം വേണ്ടെന്നുവയ്ക്കുവാൻ സന്നദ്ധരാകുക. ഈ തീത്ഥയാത്ര അങ്ങനെയുള്ള ഒരു ജീവിതത്തിനു നിങ്ങളെ സജ്ജീകരിക്കും. നിങ്ങരംക്ക് ആത്മസുഖം പ്രദാനംചെയ്യും.

''മനുഷ്യജീവിതം ഒരു കമ്മപരിപാടിമാത്രമാണ്. കമ്മംതന്നെയാണു ജീവിതമെന്നും പറയാം. എന്നാൽ എന്താണു സാക്ഷാൽ കമ്മമെന്നതു വിശദമാക്കേണ്ടതുണ്ട്. ലക്ഷ്യത്തിലും മാഗ്ഗത്തിലും ഒരുപോലെ ശുദ്ധമായിട്ടുള്ള കമ്മമേ യഥാത്ഥകമ്മമാവൂ. മനഃശുദ്ധിയാണു കമ്മഗുണത്തിൻെറ മാനദണ്ഡം. അതുകൊണ്ട് മാനസികമായ ശുദ്ധി സമ്പാദിക്കുകയാണു ജീവിതചര്യയുടെ അടിസ്ഥാനകാര്യം.

''മനസ്സു ശുദ്ധമാകണമെങ്കിൽ അതിനെ കാമക്രോധലോഭാദികളിൽനിന്നു വിമുക്തമാക്കണം. മനസ്സു നിമ്മലമായ ജലമാണെങ്കിൽ, അതിലടിഞ്ഞുകൂടുന്ന അഴുക്കുകളാണ് കാമക്രോധാദിദുവ്വികാരങ്ങരം. അങ്ങനെ അഴുക്കടിയുന്ന മനസ്സിൽ അഗാധതയിൽ വത്തിക്കുന്ന സത്യം തെളിഞ്ഞു കാണുകയില്ല. മനസ്സിൻെറ മാലിന്യം അതിനെ മായാമോഹാന്ധമാക്കുന്നു. മായാമോ

ഹിതൻ പ്രപഞ്ചകാര്യങ്ങളിൽ ഭ്രമിച്ചു നിഴലുകളുടെ പിന്നാലെ പരക്കംപായുന്നു. അവൻെറ മൂല്യനിർണ്ണയമാനദണ്ഡങ്ങൾ എപ്പോഴും വികലമായിരിക്കും. ക്ഷണികങ്ങളേയും, ശാശ്വതങ്ങളേയും തമ്മിൽ വേർതിരിക്കാനുള്ള വിവേകം അവക്കില്ല. അല്പമെങ്കിലുമായിട്ടുള്ള വിവേകത്തെ മനോമാലിന്യം വികലമാക്കുന്നു. വിവേകം നശിച്ചവർ അമരക്കാരനില്ലാത്ത നൗകപോലെ സംസാരസാഗരത്തിൽ കറങ്ങിത്തിരിയുന്നു. അതുകൊണ്ടു പ്രാപഞ്ചികവിഷയഭ്രമങ്ങൾ നിങ്ങളെ ആസക്തചിത്തരാക്കാതിരിക്കട്ടെ. ആസക്തി ആഗ്രഹങ്ങൾ വർദ്ധിപ്പിക്കുന്നു. ആഗ്രഹങ്ങൾ നിവർത്തിക്കാനാകാതെവന്നാൽ അന്യരോടു ക്രോധവും വിദ്വേഷവുമുണ്ടാകുന്നു. ക്രോധവിദ്വേഷങ്ങൾ നിങ്ങളുടെ മനസ്സിനെ വ്യാമൂഢമാക്കുന്നു. വ്യാമൂഢത ബുദ്ധിയേയും വിവേകത്തേയും നശിപ്പിക്കുന്നു. ബുദ്ധിയും വിവേകവും ഇല്ലാത്തവൻ സ്വയം നശിക്കുന്നു. അതുകൊണ്ടു നിങ്ങളോടു് ഒരൊററക്കാര്യമേ പറയാനുള്ളു. പ്രപഞ്ചസുഖങ്ങളിലുള്ള അത്യാകാംക്ഷ നിങ്ങളുടെ മനസ്സിൻെറ സമനിലയെയാണു തെററിക്കുവാൻ നിങ്ങൾ ഇടവരുത്തുന്നതു്.

''മനസ്സിൻെറ സമനില പരിപാലിക്കാൻ വേണ്ടതു് അതിനെ ഐന്ദ്രിയങ്ങളായ അനിത്യവസ്തുക്കളിൽനിന്നു പിൻതിരിച്ചു് ശാശ്വതമായ സത്യത്തിലേക്കു്, അഥവാ ബ്രഹ്മത്തിലേക്കു് ഉന്മുഖമാക്കുകയെന്നതാണു്. ആ പ്രക്രിയ ക്ഷിപ്രസാദ്ധ്യമായിട്ടുള്ള ഒരു കാര്യമല്ല. അതിലേക്കു ഞാൻ ഇതിനുമുമ്പു് നിങ്ങളോടുപദേശിച്ച ധ്യാനപരിശീലനംതന്നെയാണാവശ്യം. ധ്യാനശക്തി മനസ്സിനെ അചഞ്ചലമാക്കി നിറുത്തുന്നു; തെളിഞ്ഞ മനസ്സിൻെറ അഗാധതലങ്ങൾപോലും അനുഭവഗോചരമാകുന്നു. അനുഭൂതിക്കു് അഗാധത വർദ്ധിക്കുന്നതനുസരിച്ചു് അതു കൂടുതൽകൂടുതൽ ബ്രഹ്മാനന്ദമയമായിത്തീരുന്നു. കാരണം, അനന്യവും ഏകാന്തവും ഏകാഗ്രവുമായ ധ്യാനശക്തി അതിൻെറ പരകോടിയിൽ ബ്രഹ്മമാത്രമായി പരിണമിക്കുന്നു.

'''തത്ത്വമസി' എന്ന ശ്രുതിവാക്യം ധ്യാനനിഷ്ഠനു മാത്രമേ അനുഭവഗോചരമാക്കാൻ കഴിയൂ. എന്നാൽ ഈ അവസ്ഥ ഒരു കുതിപ്പിനു സാദ്ധ്യമല്ല. പ്രപഞ്ചകാര്യങ്ങളിൽനിന്നു പ്രതിനിവർത്തിക്കാൻതന്നെ സാധകൻ ആദ്യം ഉററുശ്രമിക്കണം. അതിനു പല പടികളുണ്ടു്. അവയിൽ ഒന്നാണു് നിങ്ങൾ ഇപ്പോൾ പരീക്ഷിച്ചുവരുന്നതു്. സമുദായത്തിൽനിന്നു നിശ്ശേഷം തിരോധാനം ചെയ്ത ധർമ്മത്തെ വീണ്ടെടുക്കുവാൻ ഞാൻ ചെയ്ത യത്നങ്ങളിൽ നിങ്ങൾ വ്യാപൃതരായതോടുകൂടി നിങ്ങളുടെ മനഃപരിവർത്തനം ആരംഭിച്ചു. സാക്ഷാൽ താരകബ്രഹ്മമായ ശാസ്താവിൻെറ ചൈതന്യശക്തിക്കു വശഗരായപ്പോൾ നിങ്ങളുടെ മനസ്സു് നിർമ്മലമായി. കർമ്മയോഗിയുടെ ഏകാഗ്രശ്രദ്ധ ഏറെക്കുറെ നിങ്ങളുടെ പ്രവർത്തനത്തിൽ ദൃശ്യമായിത്തുടങ്ങി. മണ്ഡലകാലത്തെ ബ്രഹ്മചര്യവ്രതം, ജീവിതനിഷ്ഠകൾ, അനഹംകാരത, വൈരത്യാഗം, സമഭാവന, ക്ലേശസഹിഷ്ണുത, സാത്വികാഹാരപരിശീലനം, ഈശ്വരധ്യാനം എന്നിവയെല്ലാം നിങ്ങളുടെ ചിത്തവൃത്തികളെ നിർമ്മലവും മനസ്സിനെ അതിശക്തവുമാക്കിത്തീർത്തു. ഈ കാടുകളും മലകളും എല്ലാം തരണംചെയ്യുന്ന ക്ലേശങ്ങളൊന്നും നിങ്ങളെ അധീരരോ, അസംതൃപ്തരോ ആക്കിയില്ല. നാട്ടിലും വീട്ടിലുമായിരുന്നെങ്കിൽ നിങ്ങൾ അനുഭവിക്കുമായിരുന്ന ലൗകികസുഖങ്ങളൊന്നും ഇപ്പോൾ നിങ്ങളെ വ്യാമോഹിപ്പിക്കുന്നില്ല. എരുമേലിയിലെ പേട്ടതുള്ളലിലും, പമ്പയിലെ വിളക്കിലും നിങ്ങൾ അലൗകികമായ തലത്തിൽ ഈശ്വരചൈതന്യം ദർശിച്ചവരാണു്. അഴുതയിലേയും പമ്പയിലേയും ആഴിപ്രദക്ഷിണങ്ങളിലും പമ്പയിലെ ഭജനകളിലും സങ്കീർത്തനങ്ങളിലും, ധ്യാനങ്ങളിലും എല്ലാം നിങ്ങൾ ബ്രഹ്മാനന്ദത്തിൻെറ പടിവാതിൽവരെ എത്തിയിരിക്കും.

''ഇടയ്ക്കു നിങ്ങൾ യുദ്ധത്തിൽ വ്യാപൃതരാകേണ്ടിവന്നു. അതിൽ നിങ്ങൾ, ചഞ്ചലമനസ്കരാകേണ്ടതില്ല. കാരണം, നിങ്ങൾ യാതൊരു സ്വാർത്ഥചിന്തയ്ക്കും വശപ്പെട്ടല്ല ആ കർമ്മം അനുഷ്ഠിച്ചതു്. പരിപാവനമായ ഒരു ലക്ഷ്യം നിറവേററാൻ നിങ്ങൾക്കു ധർമ്മമെന്നു തോന്നിയതിനെ അനുഷ്ഠിക്കുകമാത്രമാണു ചെയ്തതു്. അതിൽ നിങ്ങൾ കേവലം നിമിത്തമാത്രരായിരുന്നു. എൻെറ ആജ്ഞ നിർവ്വഹിച്ചതേയുള്ളു. എന്നെ നിങ്ങൾ ഗുരുവായി വരിച്ചു. എന്നിൽ നിങ്ങൾ

പൂർണ്ണമായി വിശ്വാസമർപ്പിച്ചു. 'ശരണമയ്യപ്പാ' എന്ന നിങ്ങളുടെ ശരണഗതി പ്രഘോഷണങ്ങൾ വാസ്തവത്തിൽ, സാക്ഷാൽ താരകബ്രഹ്മത്തിൽത്തന്നെയാണ് ചെന്നു ലയിച്ചിട്ടുള്ളത്. ഞാൻ ആ ആദിമഹസ്സിൻെറ ആജ്ഞാവാഹിയായ അംശസംഭവനാണ്. എന്നിൽ സമർപ്പിക്കുന്നത് അവിടെത്തന്നെ ചെന്നുചേരും. സകല പ്രപഞ്ചനിയമങ്ങളുടേയും പ്രാദുർഭാവം അവിടെ നിന്നാണ്. ആ നിയമങ്ങളുടെ പ്രവർത്തനത്തിനായി അവിടുത്തെ വിഭൂതികൾതന്നെ ഓരോ കാലങ്ങളിൽ ഓരോഅളവിൽ രൂപം കൈക്കൊണ്ടു ജന്മമെടുക്കുന്നു. അങ്ങനെയുള്ള തേജോംശസംഭൂതരായ അവതാരപുരുഷരിൽ ഒരുവൻതന്നെ ഞാനും. എനിക്ക് ഈ അവതാരത്തിൽ അനുഷ്ഠിക്കേണ്ടതായി മഹത്തായ ഒരു കർത്തവ്യമുണ്ട്. അതിൻെറ നിർവ്വഹണത്തിൽ നിങ്ങൾക്ക് ഓരോരുത്തർക്കും ഓരോ പങ്കുവഹിക്കുവാനുണ്ട്. അതും ഈശ്വരനിർദ്ദിഷ്ടമാണ്. ഒട്ടൊക്കെ ആയോധനമാർഗ്ഗത്തിലൂടെയും, ഒട്ടൊക്കെ ആദ്ധ്യാത്മികസരണിയിലൂടെയുമാണ് അതു നിർവ്വഹിക്കപ്പെടേണ്ടതു്. അതിൽ ആദ്യഭാഗം അവസാനിച്ചിരിക്കുന്നു. ഇനിയും കൂടുതൽ പ്രധാനവും ശാശ്വതികവുമായ അംശം ശേഷിക്കുന്നു. നാളെ നടക്കുന്ന പുനഃപ്രതിഷ്ഠയോടുകൂടി അതിപ്രധാനമായ ആ ഘട്ടം സമാഗതമാകുന്നു. വാസ്തവത്തിൽ അതു് ഇതുവരെ നടന്ന സംഭവങ്ങളുടെ പരിസമാപ്തിയാണെന്നു പറയാം. അതിൻെറ ആത്മീയപ്രതികരണം ലോകാവസാനംവരെ തുടരുന്നതാണ്.

''നാട്ടിൻപ്രദേശങ്ങളിൽനിന്നു് വിദൂരമായി, വനങ്ങളിലും മലകളിലുംകൂടിയുള്ള ദുർഘടാടനങ്ങൾകൊണ്ടു മാത്രം എത്താവുന്ന ഒരു സ്ഥാനത്താണ് ഈ പ്രതിഷ്ഠ പരശുരാമനാൽ നടത്തപ്പെട്ടതു്. അതു് ആസ്ഥാനത്തിൻെറ പുണ്യതീർത്ഥതകൊണ്ടു മാത്രമാണ്. ലൗകികദൃഷ്ടിക്ക് അഗോചരവും എന്നാൽ ഈ പ്രകൃതിവിലാസത്തിൽ അന്തർഭൂതവുമായി നിരവധി മാഹാത്മ്യങ്ങളും പുണ്യപരിപാകങ്ങളുമുണ്ട്. അവ തികഞ്ഞ ഒരു ദിവ്യദേശമാണ് ശബരിമല. അവിടെവരെ എത്താനുള്ള മാർഗ്ഗം എത്ര ദുർഘടമാണെങ്കിലും, അതുപോലെയുള്ള പുണ്യസ്ഥലങ്ങളിൽ എത്ര കഷ്ടത സഹിക്കുന്നതും അധികപ്പററല്ല. ലക്ഷ്യസ്ഥാനത്തിൻെറ മഹത്വം കഷ്ടതകളെ ലഘൂകരിക്കുന്നു; സാധൂകരിക്കുന്നു. ലൗകികമായ ക്ലേശങ്ങൾ ആത്മീയസമ്പത്തിൻെറ വിളനിലങ്ങളുമാണ്. അതിനാൽ ഈ പ്രതിഷ്ഠയ്ക്കു ശേഷവും ആണ്ടോടാണ്ട് നിങ്ങൾ ഈ പ്രസ്ഥാനം തുടരുകതന്നെ വേണം. ദേഹശുദ്ധിയും മനഃശുദ്ധിയും നിഷ്ഠയായി പരിപാലിച്ചുകൊണ്ടുള്ള വ്രതചര്യയോടുകൂടി, നാം ഇതുവരെ കടന്നുപോന്ന സകല സ്ഥാനങ്ങളും ഭക്തിപൂർവ്വം സന്ദർശിച്ചും, അനുഷ്ഠിച്ച കർമ്മങ്ങളെല്ലാം ആവർത്തിച്ചനുഷ്ഠിച്ചും, ഇതേ ഭക്തിപാരമ്യത്തോടും, സ്തോത്രഗാനാലാപത്തോടുംകൂടി വീണ്ടും ശബരിമലയിലേക്കു വരണം.

ഈ ആൽച്ചുവട്ട് ഏററവും പ്രതീകാത്മകമായിട്ടാണ് പരിണമിച്ചിട്ടുള്ളതു്. ഇവിടംവരെ നിങ്ങൾ ഭക്തരും ആയുധധാരികളായ പോരാളികളുമായിരുന്നു. ഇനി ആയുധത്തിൻെറ ആവശ്യമില്ല. ഭക്തിയുടെ അന്തരീക്ഷം ഇപ്പോൾ സുരക്ഷിതമാകയാൽ നിങ്ങളിൽ ഓരോരുത്തരുടേയും കൈവശമുള്ള ശരങ്ങളും മററായുധങ്ങളും ഈ ആൽച്ചുവട്ടിൽ നിക്ഷേപിക്കുക. അതോടുകൂടി നിങ്ങൾ ഇതുവരെ ആയിരുന്നതിൻെറ ഒരംശം നിങ്ങളോടു വിട്ടുപിരിയുകയാണ്. യുദ്ധാവശ്യത്തിനുള്ള ആയുധം ഇനി വേണമെന്നില്ല. യോദ്ധാവ് ഇനി ഭക്തനായി മാറട്ടെ. സാക്ഷാൽ ധർമ്മശാസ്താവിൽ ലീനചിത്തനാകട്ടെ. ധർമ്മശാസ്താവിൻെറ അംശസംഭവനാണു ഞാൻ. എന്നിൽ എന്തെങ്കിലും പ്രത്യേകത കാണുന്നുണ്ടെങ്കിൽ അതിനുള്ള ഹേതു ഞാൻ അതായിരിക്കുന്നുവെന്നതാണ്. ആ അർത്ഥത്തിൽ നിങ്ങളുടെ 'ശരണമയ്യപ്പാ!' എന്ന മുദ്രാവാക്യം അവിടെത്തന്നെയാണ് ചെന്നു ലയിക്കുന്നതു്. ഞാൻ തന്നെയും ആ ആദിധാമത്തിൽ ലയിക്കുന്നതു് ഏതാനും നാഴികയ്ക്കകം നിങ്ങൾക്കു കാണാൻകഴിയും. ശാസ്താവും അയ്യപ്പനും ഒന്നുതന്നെയെന്ന് നിങ്ങൾക്ക് അപ്പോൾ ബോദ്ധ്യപ്പെടും. നിങ്ങളും നിങ്ങളുടെ അനന്തരപരമ്പരകളും ഈ ശരണോക്തികൾ ഉദീരണംചെയ്തും, ഉൽഘോഷിച്ചും മോക്ഷം തേടുക. എല്ലാവരും അവരവരുടെ ആയുധങ്ങൾ സമർപ്പിച്ചുകഴിഞ്ഞെങ്കിൽ, നമുക്കു നേരെ ശബരിമലയിലേക്കുള്ള പ്രവേശന

സോപാനമായ പതിനെട്ടാംപടിയിലേക്ക തിരിക്കാം.

''പതിനെട്ടാംപടിയുടെ മാഹാത്മ്യം നിങ്ങരം മനസ്സിലാക്കിയിരിക്കണം. അതു സത്യദശ്നത്തിലേക്കുള്ള മനുഷ്യന്റെ ആരോഹണത്തെക്കറിക്കുന്ന മഹത്തായ ഒരു പ്രതീകമാണു്. സഞ്ചിതകമ്മങ്ങളാകുന്ന പൂങ്കാവനത്തിലൂടെയാണു നിങ്ങരം സഞ്ചരിച്ചതെങ്കിലും, നിങ്ങരം ആ പൂങ്കാവനത്തിലെ മധുരഫലങ്ങളൊന്നും കൊതിക്കാതിരുന്നതിനാലും, കൂടുതൽ ഭോഗങ്ങളിൽ മുഴുകി കൂടുതൽ കമ്മങ്ങരം സഞ്ചയിക്കാതിരുന്നതിനാലും, നിങ്ങളുടെ യാത്ര കേവലം സന്മാഗ്ഗചരണമായിരുന്നു. അതിനുശേഷം ഈ പതിനെട്ടാംപടി കയറുവാൻ നിങ്ങരം സവ്വഥാ അഹ്റരാണു്. ഒരു മോക്ഷാത്ഥി ബ്രഹ്മസാക്ഷാൽക്കാരത്തിനുമുമ്പു് ധ്യാനാവസ്ഥിതചേതസ്സായി പടിപടിയായി ഉപേക്ഷിക്കേണ്ട പഞ്ചപ്രാണമനോബുദ്ധികളുടേയും, പഞ്ചകോശങ്ങളുടേയും, സ്ഥൂലസൂക്ഷ്മകാരണദേഹങ്ങളുടേയും, ജാഗ്രൽസ്വപ്നസുഷുപ്ത്യവസ്ഥകളുടേയും ആകെക്കൂടിയുള്ള തരണമാണു് പതിനെട്ടാംപടി കയററം പ്രതിനിധാനംചെയ്യുന്നതു്. അതു കഴിഞ്ഞാൽ പിന്നെ മൂലജ്യോതിസ്സായ താരകബ്രഹ്മദശ്നാനുഭൂതിയോടുകൂടിയ പരമാത്മൈക്യമാണു് ഫലം. സ്വാമിദശ്നം അതിനെക്കറിക്കുന്നു. ഒരുവൻ സ്വയം ജ്യോതിസ്സായി മാറുന്ന അവസ്ഥാന്തരത്തിന്റെ പ്രതീകമായി ഇതിനെ മനസ്സിൽ ധരിച്ചുകൊള്ളുക. ഒരു സത്യാന്വേഷകന്റെ ജീവിതപഥചരണത്തിന്റെ അവസാനത്തെ പടികയററമാണു് പതിനെട്ടാംപടിയുടെ ആരോഹണം. അതിനെ നിങ്ങരം പരിപാവനമായി കരുതുക. അതു വലത്തുകാൽവച്ചു കയറുക. കയറുമ്പോരം പടിതൊട്ടു വന്ദിക്കുക. നാളികേരം ഉടച്ചു കയറുക. ഈ സോപാനപരമ്പരയാണു് നിങ്ങളുടെ ലക്ഷ്യമായ ബ്രഹ്മദശ്നത്തിൽ നിങ്ങളെ കൊണ്ടുചെന്നെത്തിക്കുന്നതു്.

''പതിനെട്ടാംപടി കയറിക്കഴിയുമ്പോരം സാക്ഷാൽ സന്നിധാനത്തിൽ എത്തിക്കഴിയുന്നു. അവിടെ ധമ്മശാസ്താവിന്റെ പുനഃപ്രതിഷ്ഠയാണു നടക്കുന്നതു്. അവിശ്വാസികളായ കൊള്ളക്കാർ ഇളക്കി അശുദ്ധമാക്കിയ ഭഗവത്‌വിഗ്രഹത്തിന്റെ പ്രതിഷ്ഠാകമ്മം എനിക്കു് ഈ ലോകത്തിൽ ജന്മമരുളിയ എന്റെ പിതാവു്—കൊള്ളക്കാർ ക്ഷേത്രം നശിപ്പിച്ച കാലത്തു് പൂജാരിയായിരുന്ന വധിക്കപ്പെട്ട ബ്രാഹ്മണോത്തമന്റെ പുത്രൻ, ദീഘ്കാലമായി പൊന്നമ്പലമേട്ടിൽ തീവ്രമായ തപസ്സാചരിച്ചു് ഈശ്വരസാക്ഷാൽക്കാരം നേടിയ ആ യോഗിവര്യൻ—ആണു് നിവ്വഹിക്കുന്നതു്. അപ്പോളവിടെ പന്തളാധിപനോടൊപ്പം പാണ്ഡ്യരാജാവുംകൂടി ഉണ്ടായിരിക്കും. പതിനായിരക്കണക്കിനു ഭക്തജനങ്ങളുടേയും പാണ്ഡ്യപന്തളരാജാക്കന്മാരുടേയും സാന്നിദ്ധ്യത്തിൽ മകരസംക്രമദിനമായ നാളെ സന്ധ്യാസമയത്തെ ശുഭമുഹൂത്തത്തിൽ നടത്തുവാൻപോകയാണു്. ഭാവിയിൽ കോടാനുകോടി ഭക്തജനങ്ങളുടെ ഭാഗധേയത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു സംഭവമായിരിക്കും ഇതു്. ആ പ്രതിഷ്ഠാകമ്മത്തിനു് സാക്ഷ്യംവഹിച്ചുകൊണ്ടു് ആ ജ്യോതിസ്വരൂപത്തെ അസുലഭമായ ആ മുഹൂത്തത്തിൽ നമിക്കുവാൻപോകുന്ന നിങ്ങരം പരമഭാഗ്യവാന്മാരാണു്. ഈ ശുഭകമ്മം നിവ്വഹിക്കപ്പെടുന്നതോടുകൂടി എന്റെ ജന്മകൃത്യവും സാധിച്ചുകഴിയുന്നു. എനിക്കു് മൂലസ്ഥാനമായ ആ ജ്യോതിസ്വരൂപത്തിൽ ലയിക്കുകയല്ലാതെ ഇതരകത്തവ്യം ഇനിയില്ല.''

പന്തളംരാജാവു് കാലേക്കൂട്ടി ശബരിമലക്ഷേത്രത്തിലെത്തി പാണ്ഡ്യരാജാവിനെ സ്വീകരിച്ചിരുന്നു. അയ്യപ്പന്റെ തപോനിധികളായ മാതാപിതാക്കളും സന്നിഹിതരായിരുന്നു. പുനഃപ്രതിഷ്ഠയ്ക്കുള്ള സകല സജ്ജീകരണങ്ങളും പൂത്തിയായി ക്കഴിഞ്ഞു. പ്രഭാതസമയമായപ്പോരം അയ്യപ്പന്റെ നിദ്ദേശപ്രകാരം ദിവ്യതീത്ഥമായ ഉരക്കുഴിതീത്ഥത്തിൽ എല്ലാവരും കുളികഴിഞ്ഞു വന്നു. ഭക്തിപാരവശ്യംകൊണ്ടു് ആനന്ദനൃത്തംചെയ്യുന്ന ജനങ്ങരം ഉച്ചത്തിലുള്ള ശരണംവിളികളോടുകൂടി പതിനെട്ടാംപടിക്കൽ നാളികേരം ഉടച്ചു് പടിതൊട്ടു വന്ദിച്ചു കയററം തുടങ്ങി. മുകളിലെത്തിയ അയ്യപ്പൻ, മാതാപിതാക്കന്മാരെ കണ്ട ഉടൻ അവരുടെ പാദത്തിൽ സാഷ്ടാംഗപ്രണാമംചെയ്തു. പാണ്ഡ്യരാജാവിനേയും പിതൃതുല്യനായ പന്തളംരാജാവിനേയും ആദരപുരസ്സരം അഭിവാദനംചെയ്തു.

പാണ്ഡ്യരാജാവു് അയ്യപ്പസേനയെപ്പോലെയുള്ള ഒരു സൈനികഭക്തസംഘവുമായിട്ടാണു് എത്തിയിരുന്നതു്. അവർ ക്ഷേത്രത്തിനു ചുററും വിരികാംവെച്ചു് താമസമായിരുന്നു. പന്തളംരാജാവു് അയ്യപ്പന്റെ മഹത്തായ അപദാനങ്ങരം പാണ്ഡ്യരാജാവിനെ ഗ്രഹിപ്പിച്ചപ്പോാം അദ്ദേഹം രോമാഞ്ചകഞ്ചുകിതനായി. അയ്യപ്പന്റെ മാതാപിതാക്കളാകട്ടെ സകലക്കും ശ്രദ്ധേയരായിരുന്നു. എല്ലാത്തിലും നിസ്സംഗരും, എന്നാൽ എല്ലാക്കാര്യങ്ങളിലും അഞ്ജേയററം അനുഭാവികളും, കാരുണ്യവാത്സല്യങ്ങളുടെ ആകാരങ്ങളായ ദൃഷ്ടിപ്രസരംകൊണ്ടു് സകലക്കും അനുഗ്രഹദാതാക്കളുമായിട്ടാണു് അവർ വത്തിച്ചതു്. വാവർ, കൊച്ചുകടുത്ത, രാമകൃഷ്ണന്മാർ എന്നിവരേയും അയ്യപ്പൻ പാണ്ഡ്യരാജാവിനു പരിചയപ്പെടുത്തിക്കൊടുത്തു.

പകൽ മുഴവൻ പ്രതിഷ്ഠാപരമായ സജ്ജീകരണങ്ങാംക്കു് വിനിയോഗിക്കപ്പെട്ടു. പ്രതിഷ്ഠയുടെ ശുദ്ധീകരണാദി കമ്മങ്ങാം മുറയ്ക്കു നടന്നുകൊണ്ടിരുന്നു. ജനങ്ങാം മിക്കവാറും ശരണാലാപങ്ങളിൽത്തന്നെ മുഴകി കഴിഞ്ഞു. ധമ്മശാസ്താവിന്റെ പ്രതിഷ്ഠയോടൊപ്പം പാണ്ഡ്യരാജേശ്വരിയായ മധുരമീനാക്ഷിയേയും പ്രതിഷ്ഠിക്കണമെന്നു് പാണ്ഡ്യരാജാവു് അയ്യപ്പനോടഭ്യത്ഥിച്ചു. ശബരിമലയിലെ താരകബ്രഹ്മസാന്നിദ്ധ്യത്തിനു് ഒരു പൂണ്ണിമ നല്ലാൻ അതു് പ്രയോജനപ്പെടുമെന്നും, പാണ്ടിനാടിനു് അതു് ഒരു പ്രത്യേക ആകഷ്ണമായിരിക്കുമെന്നുമുള്ള പാണ്ഡ്യരാജാവിന്റെ അഭിപ്രായം അയ്യപ്പനു് ഏററവും സ്വീകാര്യമായിത്തോന്നി. അദ്ദേഹംതന്നെ പ്രതിഷ്ഠ നടത്തിക്കൊള്ളാമെന്നും, പരിശുദ്ധമായ ഒരു തറയിൽ സങ്കല്പമാത്രമായ ഒരു വിഗ്രഹപ്രതിഷ്ഠയാണു് പരാശക്തിയെ സംബന്ധിച്ചിടത്തോളം അഭിലഷണീയമെന്നും അയ്യപ്പൻ അഭിപ്രായപ്പെട്ടു. ക്ഷേത്രത്തിന്റെ വടക്കുപുറത്തായി ബലിഷ്ഠമായ ഒരു തറ നിമ്മിക്കുവാൻ അയ്യപ്പൻ ആജ്ഞാപിച്ചു. അതു് സജ്ജമായിക്കഴിഞ്ഞു് അയ്യപ്പൻതന്നെ മധുരമീനാക്ഷിയുടെ ചൈതന്യത്തെ ആവാഹിച്ചു് ആ തറയിൽ സ്ഥാപിക്കുന്നതാണെന്നു് പാണ്ഡ്യരാജാവിനെ അറിയിച്ചു. ആ സ്ഥാനം ഭാവിയിൽ മാളികപ്പുറമെന്ന നാമത്താൽ അറിയപ്പെടുമെന്നും പ്രസ്താവിച്ചു.

മുഹൂത്തം സമീപിച്ചതോടുകൂടി ഭക്തിതരംഗിതമായ ജനസമൂഹം ക്ഷേത്രത്തിനു ചുററും തിങ്ങിക്കൂടി.

ഏതോ ദിവ്യാത്ഭുതം ഉണ്ടാകുവാൻ പോകുന്നു എന്നൊരാകാംക്ഷ അന്തരീക്ഷം മുഴവൻ തിങ്ങിയിരുന്നു. അവണ്ണനീയമായ ഒരുദ്വേഗവും ആനന്ദവും എന്നാൽ ഏതാണ്ടൊരു ശങ്കകലന്ന ഉല്ക്കണ്ഠയും, ഹൃദയലക്ഷങ്ങളെ ക്ഷോഭിപ്പിച്ചുകൊണ്ടിരുന്നു. ദൃഷ്ടിഗോചരമല്ലാത്ത പല അത്ഭുതചലനങ്ങളും ശബ്ദങ്ങളും ആകാശത്തെങ്ങും വിങ്ങിനില്ക്കുന്നതായി ആളുകാംക്കു തോന്നി. അത്ഭുതകരമായ സുഗന്ധം എങ്ങും നിറഞ്ഞുതിങ്ങി. അതിഗംഭീരമായ ഒരു നിശ്ശബ്ദത ഏതോ അലൗകികമായ, അമാനുഷമായ, സംഭവത്തിന്റെ നാന്ദിയെന്നോണം എല്ലായിടത്തും വ്യാപിച്ചു. അയ്യപ്പനാവട്ടെ ഓരോ നിമിഷംതോറും തേജസ്സു് വദ്ധിച്ചും, പ്രഭാമണ്ഡലം കൂടുതൽ തെളിഞ്ഞും വിളങ്ങി. ആകാശത്തിൽ എങ്ങുനിന്നോ വന്ന ഏകാകിയായ ഒരു ഗരുഡൻ വലംചുററി പറന്നുകൊണ്ടു് 'കൃഷ്ണാ! കൃഷ്ണാ!' എന്നിങ്ങനെ ഗാനംചെയ്തുകൊണ്ടിരുന്നു. സകലജനങ്ങളും അയ്യപ്പനിൽനിന്നും കണ്ണിളക്കാതെ അദ്ദേഹത്തിന്റെ ഓരോ ചലനവും ഓരോ വാക്കും ഓരോ ഭാവവും ശ്രദ്ധിച്ചുകൊണ്ടേയിരുന്നു. ജ്യോതിഷ്പ്രഭാപൂരിതനായ അദ്ദേഹം എല്ലാവരേയും കരുണാപൂവ്വം ഒന്നു കടാക്ഷിച്ചു. പിന്നീടു മധുരമീനാക്ഷിയായ ലോകമാതാവിനെ ഭക്തിപൂവ്വം ആവാഹിച്ചു് പ്രതിഷ്ഠയ്ക്കൊരുക്കിയ തറയിൽ സ്ഥാപിച്ചു. ഏതോ ഒരു ദിവ്യതേജസ്സു് ആകാശമാഗ്ഗമായി വന്നു് ആ തറയിൽ കുടികൊണ്ടതായി അവിടെക്കൂടിയിരുന്നവരെല്ലാം കണ്ടു. എന്നത്തേക്കും ദേവിയുടെ അനുഗ്രഹശക്തി അവിടെ സ്ഥിരമായി ഉണ്ടായിരിക്കുമെന്നും ശാസ്താക്ഷേത്രത്തിനൊപ്പം ഈ സ്ഥാനത്തിനും പ്രാധാന്യം ഉണ്ടായിരിക്കുമെന്നും അയ്യപ്പൻ കല്പിച്ചു. അത്ഭുതാധീനരായ ജനങ്ങാം ജഗദംബയെ കൈകൂപ്പി ഭക്തിപൂവ്വം വണങ്ങി. തന്റെ ആയുധങ്ങളിൽ ഏററവും പ്രിയമായ ചുരികയെ പന്തളത്തുരാജാവിനു നല്കി. പാണ്ഡ്യരാജാവിനെ അദ്ദേഹം കൈക്കൊണ്ടു്

തൊട്ടുതടവി അനുഗ്രഹിച്ചു. കൊച്ചു കടുത്ത, വാവർ, മല്ലൻ, വില്ലൻ മുതലായവരുടെ അടുക്കൽപ്പോയി അവരുടെ അഭിവാദ്യത്തെ അദ്ദേഹം സ്വീകരിച്ചു. അതിനുശേഷം എല്ലാവക്കും കാണത്തക്ക സ്ഥാനത്തു നിന്നുകൊണ്ടു് കരുണാകടാക്ഷത്താൽ എല്ലാവരേയും കുളിപ്പിച്ചു.

അനന്തരം അവിടെ കൂടിയിരുന്ന ഭക്തഭരിതമായ ജനക്കൂട്ടത്തെ അഭിസംബോധനചെയ്തുകൊണ്ടു് അയ്യപ്പൻ ഇപ്രകാരം പ്രവചിച്ചു:

''ഈ സായാഹ്നത്തിലെ മംഗളമുഹൂത്തത്തോടുകൂടി പരശുരാമപ്രതിഷ്ഠിതമായ ശബരിമലക്ഷേത്രം വീണ്ടും ഭക്തജനപരിസേവിതമായിത്തീരും. ഈ പുണ്യക്ഷേത്രത്തിനു് ഇടയ്ക്കുണ്ടായ അപചയം അതിൻെറ ഇനിമേലുള്ള ഉൽക്കഷ്ത്തെ ഒന്നുകൂടി ഉജ്ജ്വലമാക്കുവാനാണു് പോകുന്നതു്. ഇനി കൂടുതൽ കൂടുതൽ വദ്ധമാനമായിവരുന്ന ആരാധകരുടെ സംഖ്യ മുൻപുണ്ടായിരുന്നതിനേക്കാരം അനേകമടങ്ങു കവിയുവാൻ പോകുകയാണു്. ഇതിനു മുമ്പെങ്ങും ഇത്ര വിശാലമായ ഒരു പരിധിയിൽനിന്നു് ഭക്തജനങ്ങളെ ഇങ്ങോട്ടു് ആകഷിച്ചിരുന്നില്ല. എന്നാൽ, ഇനിമേലാൽ അമ്പരപ്പിക്കുന്നവിധം സംഖ്യാതീതമായിട്ടാണു് തീത്ഥാടകർ ഇങ്ങോട്ടു വരാൻ ഇടയുള്ളതു്. തലമുറയായി തുടരുവാൻപോകുന്ന ഈ ഭക്തജനപ്രവാഹം നാടിൻെറ ആത്മീയമായ ഉല്കൃഷ്ത്തെ ആണ്ടോടാണ്ടു് ഉണത്തിക്കൊണ്ടിരിക്കും. നാം ഈ യാത്രയ്ക്കു് സ്വീകരിച്ച സംമ്പ്രദായംതന്നെ എക്കാലത്തേയും തീത്ഥയാത്രക്കാർ അനുസരിക്കണം. നിഷ്ഠയോടുകൂടിയുള്ള വ്രതങ്ങരം ഒരു മണ്ഡലക്കാലം മുഴവൻ നോററിട്ടു് യാത്രയാരംഭിക്കണം. പ്രധാനകേന്ദ്രങ്ങളിൽ എന്തെല്ലാം ചടങ്ങുകരം നാം ആചരിച്ചുവോ അതെല്ലാം ഓരോ അവസരത്തിലും അനുവത്തിക്കണം. അനേകം പുണ്യസ്ഥലങ്ങളിൽ നിങ്ങരം പല സല്കമ്മങ്ങളും ആചരിച്ചു. അതെല്ലാം ഓരോവഷവും ഇനിയും നടക്കണം. എരുമേലിൽ കോട്ടപ്പടി, കാളകെട്ടി, ഇഞ്ചിപ്പാറക്കോട്ട, കരിമല, ശബരിപീഠം, ശരംകുത്തിയാൽച്ചുവട്ടു്, പതിനെട്ടാംപടി എന്നിവയെ നിങ്ങരം കടക്കുവാനുള്ള ഏഴു കോട്ടകളായി കണക്കാക്കണം. എരുമേലിൽപേട്ട നിങ്ങളെ ലൗകികാഹന്തകളുടെ വിസ്മൃതികൊണ്ടുള്ള ആനന്ദനൃത്തത്തിൽ ഇനിയും ആറാടിക്കണം. കാളകെട്ടി, അഴുത എന്നീ സ്ഥാനങ്ങളെ നിങ്ങരം താവളങ്ങളാക്കുക. പമ്പാതീത്ഥം എന്നും നിങ്ങരംക്കു് ഒരു പ്രചോദനസ്ഥാനമായി പരിലസിക്കട്ടെ! അവിടെ ഗുരുദക്ഷിണ, തീത്ഥസ്നാനം, പിതൃതപ്പണം മുതലായവയും ദീപക്കാഴ്ചയിലൂടെയുള്ള നദീപൂജയും കൊണ്ടു് നിങ്ങരം ധന്യത സമ്പാദിക്കുക. പ്രതിഷ്ഠയ്ക്കുശേഷം സന്നിധാനത്തിൽ വിധിപ്രകാരമുള്ള വഴിപാടുകരം കഴിച്ചും, ധമ്മശാസ്താവിൻെറ നാമങ്ങളെ ഉച്ചത്തിൽ ആലപിച്ചും, പാപവിമോചനം വരുത്തി ജീവിതത്തെ ധന്യമാക്കുക.

''ഭക്തിതന്നെയാണു് മനുഷ്യൻെറ സംസാരസാഗരതരണത്തിനു് സഹായിക്കേണ്ടതു്. ഈ തീത്ഥയാത്ര, മനുഷ്യനിലെ ഭക്തിയെ ഉണത്തി പരിപോഷിപ്പിക്കത്തക്കവിധമാണു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. കമ്മജ്ഞാനങ്ങരം ഒടുവിൽ ഭക്തിയായി പരിണമിക്കണം. ആരോടും ദ്വേഷബുദ്ധിയില്ലാത്തവനും, സവ്വഭൂതങ്ങളോടും സ്നേഹഭാവേന വത്തിക്കുന്നവനും, കാരുണ്യമയനും, ഞാനെന്നും എൻേറതെന്നുമുള്ള അഹംബുദ്ധിയില്ലാത്തവനും, സുഖദുഃഖങ്ങളിൽ സന്തോഷസന്താപരഹിതനുമായവനാണു് യഥാത്ഥകമ്മയോഗിയും ജ്ഞാനിയും ഭക്തനുമായിരിക്കുന്നതു്. അങ്ങനെയുള്ളവനാകുവാൻ ഈ തീത്ഥയാത്രയിലെ ചര്യകരം ഏററവും പര്യാപ്തമായിരിക്കും. മണ്ഡലകാലത്തെ ബ്രഹ്മചര്യം പരസ്പരവിദ്വേഷമില്ലായ്മ, സുഖഭോഗനിയന്ത്രണം, സാത്വികാഹാരപരിശീലനം എന്നിവയ്ക്കും പുറമെ നിരന്തരമുള്ള നാമസങ്കീത്തനങ്ങളും, ശരണംവിളികളും ആഴിപ്രദക്ഷിണങ്ങളും ഭക്തിസംവദ്ധകങ്ങളാണു്. ആപന്നിബിഡമായ കാടുകളിലും മലകളിലും കൂടിയുള്ള യാത്രകരംക്കിടയ്ക്കു് ധമ്മശാസ്താവല്ലാതെ ഇതരശരണമില്ലെന്ന മനോഭാവം ആരിലും താനെ ഉണ്ടാകുന്നു. അങ്ങനെ സവ്വഭാവേനയുള്ള ശരണാഗതിയാണു് യഥാത്ഥഭക്തൻെറ ലക്ഷണം. അതു് ശബരിമലതീത്ഥയാത്രയിൽ കാണുന്നത്ര മറ്റൊന്നിലും ഉണ്ടായിരിക്കുകയില്ല. അതുപോലെതന്നെ ഈ ദിവ്യവിഗ്രഹംപോലെ

തേജോമയമായ ഒരു ഈശ്വരസാക്ഷാൽക്കാരസ്വരൂപം അന്യത്ര അസുലഭമായിരിക്കും. അതിന്റെ മഹത്വം നിങ്ങൾ ഏതാനും നാഴികകൾക്കുള്ളിൽ കാണാൻപോകുകയാണ്. നിഷ്ക്കളമായ ബ്രഹ്മസ്വരൂപം മനുഷ്യഭാവനയ്ക്കതീതമാണ്. സകളമായിട്ടല്ലാതെ ബ്രഹ്മത്തെ മനുഷ്യബുദ്ധിക്കു ധ്യാനിക്കുക സാദ്ധ്യമല്ല. വിശേഷിച്ചും സാധനയുടെ പ്രാരംഭദശയിൽ. അതുകൊണ്ട്, താരകബ്രഹ്മത്തിന്റെ സകളസ്വരൂപമായ ധർമ്മശാസ്ത്രവിഗ്രഹം ജനങ്ങളുടെ ആരാധനാപാത്രമാകാതെ നിർവ്വാഹമില്ല. വിശേഷിച്ചും സുന്ദരങ്ങളിൽവച്ചു സുന്ദരവും, മധുരങ്ങളിൽവച്ചു മധുരവും, ആശ്ചര്യങ്ങളിൽവച്ച് ആശ്ചര്യവുമായ ശബരിമലയിലെ ഭഗവദ്രൂപം ആരെയാണ് ഭക്തിനമ്രനും ആനന്ദനിമഗ്നനുമാക്കാത്തതു്? ഇന്ന് അതു നിങ്ങൾ ദർശിച്ച് പരമാനന്ദസാന്ദ്രമായ നില പ്രാപിക്കുവാൻപോകുകയാണ്. അതേ ജ്യോതിർവിഗ്രഹം ഭാവിതലമുറകൾക്ക് ഭക്തിപ്രദായകമായി എന്നും പരിലസിക്കും.

“പ്രപഞ്ചമെല്ലാം നിശ്ചിതനിയമപ്രകാരം നിയന്ത്രിക്കുന്ന ആ മഹച്ഛക്തി—അവർണ്ണനീയമായ ഈശ്വരശക്തി—ഒരിക്കലും ശൂന്യഭാവമാകുകയില്ല. പരബ്രഹ്മശക്തിയെ പ്രതിബിംബിപ്പിക്കുവാൻ രൂപമില്ലാത്തതിനാൽ അതു ശബ്ദാത്മികമായി ഓങ്കാരനാദത്താൽ അറിയപ്പെടുന്നു. എന്നാൽ പരബ്രഹ്മശക്തിയുടെ പ്രബലചൈതന്യത്തോടുകൂടി ലോകരക്ഷാർത്ഥം അവതാരം സ്വീകരിച്ചിട്ടുള്ള ദിവ്യാത്മാക്കൾ സൃഷ്ടിസ്ഥിതിസംഹാരകർമ്മത്തോടെ വർത്തിക്കുന്ന നിർഗ്ഗുണബ്രഹ്മത്തിനു ശരിയായ ചില രീതികളും ഉദ്ദേശങ്ങളും മുറകളും ഉണ്ടെന്ന് സ്ഥാപിക്കുന്നു. ധർമ്മരക്ഷണാർത്ഥം ഈശ്വരൻ എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നു ലോകത്തെ പഠിപ്പിക്കുന്നു. ഈ അവതാരപുരുഷന്മാരുടെ രൂപങ്ങളെ ഈശ്വരധ്യാനത്തിൽ ഏകാഗ്രത സുകരമാക്കുവാൻവേണ്ടി പരമാത്മപ്രതിബിംബങ്ങളായി, ഭക്തിസ്വരൂപങ്ങളായി, മൂർത്തിവിഗ്രഹങ്ങളായി മനുഷ്യർ ആരാധന നടത്തിവരുന്നു. സാധാരണക്കാരായ ജനങ്ങൾക്ക് ഇതു് ഏററവും അത്യാവശ്യമാണ്. ഈ അവതാരപുരുഷന്മാർ അപൂർവ്വകാലങ്ങളിൽ അധർമ്മത്തിന്റെ മൂർദ്ധന്യത്തിൽ ജന്മമെടുത്ത് ലോകഗുരുക്കന്മാരായിത്തീരുന്നു. എന്നാൽ അവരുടെ ചൈതന്യം അവരുടെ കാലാനന്തരവും അതേ ശക്തിയോടെ അവരുടെ ചൈതന്യത്തെ ആകർഷിക്കുന്നിടത്ത് ആവിർഭവിക്കുന്നു. അതാണ് ക്ഷേത്രങ്ങളിലും പൂജാസ്ഥാനങ്ങളിലും ദിവ്യചൈതന്യവും അത്ഭുതസംഭവങ്ങളും കണ്ടുവരുന്നത്. ഇന്ന് ഇവിടെ നടന്ന പ്രതിഷ്ഠാകർമ്മത്തിൽ അന്തർഭൂതമായ തത്വവും ഇതല്ലാതെ മറെറാന്നല്ല. സദ്വാസനകളെ ദൃഢീകരിച്ച്, ബാഹ്യേന്ദ്രിയവികാരങ്ങളെ നിയന്ത്രിച്ച്, ഭക്തിപൂർവ്വമുള്ള ഈശ്വരാരാധനയിൽക്കൂടി ഏകാഗ്രധ്യാനം ശീലിച്ചു പടിപടിയായി ആത്മജ്ഞാനത്തിലേക്കു കയറുവാനുള്ള വഴി തെളിച്ച് ഭാവിശ്രേയസ്സിനായി നാം പ്രവർത്തിക്കണം. ആദ്ധ്യാത്മികശക്തികൊണ്ടു പരിപൂർണ്ണമായ ഈശ്വരത്വം സമ്പാദിക്കുവാൻ സമർത്ഥമാണ് ആത്മാവ്. ആത്മാവിന്റെ ഈ കഴിവിനെ സാക്ഷാൽക്കരിക്കയാണ് ശബരിമലയാത്രയിലെ വ്രതാദിചടങ്ങുകൾ കൊണ്ടു ഭക്തജനങ്ങൾ ചെയ്യുന്നത്.

“തീർത്ഥാടനവും ഭക്തിഭരിതമായ ക്ഷേത്രാരാധനയുംകൊണ്ടു നേടുന്ന ആത്മശക്തിയെ ബ്രഹ്മസാക്ഷാൽക്കാരത്തിനു നിങ്ങൾ പ്രയോജനപ്പെടുത്തണം. എങ്കിൽമാത്രമേ മനുഷ്യജന്മം സഫലമായി എന്ന് അവകാശപ്പെടാൻ കഴിയൂ. ‘ബ്രഹ്മംതന്നെയാണു ഞാൻ’ എന്ന ബോധം ഉണ്ടെങ്കിലേ ഈ സാക്ഷാൽക്കാരം സാദ്ധ്യമാവൂ. അതുകൊണ്ടാണ് പുരാതനമഹർഷിമാർ ഈ ഏകത്വത്തെ പലരൂപത്തിൽ ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതു്. ‘അയം ആത്മാ ബ്രഹ്മ’ പ്രജ്ഞാനം ‘ബ്രഹ്മ’ തത്ത്വമസി’ ‘അഹം ബ്രഹ്മ’ എന്നിങ്ങനെ ഒരേ കേന്ദ്രതത്വത്തെ അവർ ബഹുഥാ പ്രഖ്യാപിച്ചു. പക്ഷേ, ഈ ബോധം മനസ്സിലുറയ്ക്കുവാൻ ദൈവകാരുണ്യംതന്നെയുണ്ടാവണം. അതു മനസ്സിന്റെ നൈർമ്മല്യവും, അവനവന്റെ സൽക്കർമ്മങ്ങളും, സൽസംഗവും, ഗുരൂപദേശവുംകൊണ്ടേ സാധിക്കൂ. അതിനായി എല്ലാവരും ഉണർന്നു പ്രവർത്തിക്കുകയും, ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുകയും ചെയ്യണം. നിഷ്ഠകളും നിയമങ്ങളും നാമസങ്കീർത്തനങ്ങളും, മനുഷ്യനെ സാത്വികജീ

വിതത്തിലേക്ക നയിക്കുകയും, ആത്മ ജ്ഞാനത്തിന് ഒരുവനെ അധികാരിയും, യഥാത്ഥയോഗിയുമാക്കിത്തീക്കുകയും ചെയ്യുന്നു. ശബരിമലതീത്ഥാടനം ആ വിധത്തിലാണ് ബ്രഹ്മസാക്ഷാൽക്കാരത്തിനു സഹായകമാകുന്നതു്. അതിലെ പൂജാദികാം, വ്രതങ്ങാം, ശുദ്ധി, സത്യം, ബ്രഹ്മചര്യം, അഹിംസ, സമഭാവന, അപരിഗ്രഹം എന്നിവയാണ് ഒരുവനെ താരക ബ്രഹ്മസാക്ഷാൽക്കാരത്തിന് അധികാരിയാക്കുന്നതു്. ആണ്ടുതോറുമുള്ള ഈ വ്രതചര്യ, ലൗകികമായ പ്രാരബ്ധകമ്മങ്ങളിൽ ആമഗ്നരായിപ്പോകുന്ന നിങ്ങാംക്ക സ്വയം ബ്രഹ്മോന്മുഖരായിത്തീരുവാൻ സഹായിച്ചുകൊണ്ടിരിക്കും. അതിനാൽ ഈ വ്രതം നിങ്ങാം ആണ്ടുതോറും അനുഷ്ഠിക്കുക. ബ്രഹ്മനിഷ്ഠരായി ഇവിടെ എത്തി ഈ സന്നിധിയിൽ ബ്രഹ്മസാക്ഷാൽക്കാരലബ്ധിക്ക സവ്വസ്വാപ്പണം ചെയ്യുക. എങ്കിൽ നിങ്ങാം അനുഗൃഹീതരാകും.

''അനേകജന്മങ്ങാംകൊണ്ടേ ഒരുവൻ ബ്രഹ്മസാക്ഷാല്ക്കാരത്തിന് അഹ്നാകുകയുള്ളു. പൂവ്വജന്മങ്ങളിൽ അനുഷ്ഠിക്കപ്പെട്ട സല്ക്കമ്മങ്ങളുടേയോ, ദുഷ്കമ്മങ്ങളുടേയോ സഞ്ചിതഫലമാണ് ഈ ജന്മം. സദ്വിവിചാരങ്ങളും, നിമ്മലോദ്ദേശങ്ങളും, സ്നേഹാത്മകമായ കമ്മങ്ങളുംകൊണ്ടു് പൂവ്വജന്മങ്ങളിൽ മഹത്വം സമ്പാദിച്ചവർ ഈ ജന്മത്തിൽ ഈശ്വരപ്രസാദത്തിന്നഹ്രായി, അനായാസമായി ബ്രഹ്മസാക്ഷാല്ക്കാരം നേടുന്നു. അല്ലാത്തവർ കൂടുതൽ നന്മചെയ്തു് അനന്തര ജന്മങ്ങളിലെങ്കിലും അതിന് അഹ്ത സമ്പാദിക്കാൻ ഉദ്യമിക്കണം. ഇതാണ് നമ്മുടെ തത്വശാസ്ത്രം. സൽക്കമ്മമായിരിക്കട്ടെ എല്ലായ്പ്പോഴും നിങ്ങളുടെ ജീവിതവ്രതം. അതിന് ഈ തീത്ഥയാത്ര സഹായകമാകട്ടെ!''

ഈ പ്രഭാഷണാവസരത്തിൽ അയ്യപ്പന്റെ മുഖം പൂവ്വാധികം തേജോമയമാകുന്നതായി ഭക്തസമൂഹത്തിനു തോന്നി. ലോകബന്ധങ്ങാംക്ക് അതീതമായ, അഥവാ ലോകബാഹ്യമായ ഒരവസ്ഥയിലേക്ക്, അയ്യപ്പൻ പ്രവേശിക്കുകയായിരുന്നു. ദിവ്യബോധത്തിന്റെ ചിറകുകളിൽ ഉയരുന്ന ആത്മവിഹംഗമായി അദ്ദേഹം രൂപാന്തരപ്പെട്ടു. ഒരബോധാവസ്ഥയിലെന്നപോലെ അയ്യപ്പൻ ഇപ്രകാരം പ്രവചിച്ചു:

''ഏതൊരു ശക്തിയേയാണോ ഇവിടെ പ്രതിഷ്ഠിക്കുവാൻപോകുന്നതു് ആ ശക്തിതന്നെയാണ് ഞാൻ. ശമ്മശാസ്താവു തന്നെ ഞാൻ. ഞാൻതന്നെ ധമ്മശാസ്താവു്. ഹരിഹരത്വം മൂത്തീകരിച്ച ഈ ദിവ്യചൈതന്യം ഞാൻതന്നെയാണ്. സൃഷ്ടിയുടെയും പ്രളയത്തിന്റെയും നിദാനമായ, പരബ്രഹ്മത്തെ പ്രതിബിംബിപ്പിക്കുന്ന എന്റെ ചേഷ്ടയും ഭാവവും മായയുമാണ് ഈ സംസാരം. അതിനാൽ സകല വസ്തുക്കളേയും, ദ്രവ്യങ്ങളേയും, തത്വങ്ങളേയും, ഭൂതങ്ങളേയും അയ്യപ്പനായി നിങ്ങാം കരുതിക്കൊള്ളണം. നിങ്ങളിൽ ഓരോ അളവിലും എന്റെ ശക്തിയാണ് വിളങ്ങിക്കൊണ്ടിരിക്കുന്നതു്. കാണുന്നതും കേംക്കുന്നതും അറിയുന്നതുമെല്ലാം അയ്യപ്പൻതന്നെ. അപമര്യാദയായും ഹിംസാപരമായും നിങ്ങാം ആരോടെങ്കിലും പെരുമാറിയാൽ, അതു് അയ്യപ്പനോടു ചെയ്തതായി നിങ്ങാം മനസ്സിലാക്കിക്കൊള്ളണം. സകല ചരാചരങ്ങളും അയ്യപ്പനാണ്.''

അയ്യപ്പന്റെ പ്രവചനം ഈ അവസരത്തിൽ തികച്ചും ഒരു ലോകാതീതന്റേതുപോലെ ആയിരുന്നു. ജനസഹസ്രങ്ങളുടെ ഇടയ്ക്കു് ആ പ്രവചനത്തിന്റെ പ്രതികരണം വ്യക്തമായി കാണാനുണ്ടായിരുന്നു. പലരും അനുഗ്രഹംകൊണ്ടു് പ്രകമ്പിതരാകുന്നതുപോലെ കാണപ്പെട്ടു. 'ശരണമയ്യപ്പാ' എന്ന പ്രഘോഷങ്ങാംക്ക് പൂവ്വാധികം ഓജസ്സും ആവേശവും അനുഭൂതമായി.

സമസ്തജനങ്ങളും കൈകൂപ്പിനില്ക്കവേ പെട്ടെന്നു് രംഗം മാറുന്നു. ശംഖനാദവും വാദ്യഘോഷങ്ങളും മണിമുഴക്കങ്ങളുംകൊണ്ടു് അന്തരീക്ഷം മുഖരിതമാകുന്നു. അതാ അഭയമുദ്രയോടുകൂടി യോഗാസനസ്ഥമായ പ്രതിഷ്ഠാവിഗ്രഹം ആ യോഗിഹസ്തങ്ങളാൽ പീഠത്തിലേക്കുയത്തപ്പെടുന്നു. അതു് നാളത്തിൽ പ്രതിഷ്ഠിതമായതോടെ അത്യുഗ്രമായ ഒരു മിന്നൽപ്രഭ ജനസമൂഹത്തിൽ പരന്നതായി ഏവക്കും അനുഭവപ്പെടുന്നു. യോഗനിഷ്ഠനെന്നപോലെ, അയ്യപ്പൻ നിലകൊണ്ടിരുന്ന സ്ഥാനത്തുനിന്നു് അഭൗമമായ ഒരു മിന്നൽപ്രഭ തേജോമയമായ ആ വിഗ്രഹത്തിലേക്ക പാഞ്ഞു് അതിൽ

ലയിക്കുന്നതായി എല്ലാവരും കാണുന്നു. അതേസമയം ചകിതഹൃദയരും വേപഥുഗാത്രരുമായ ജനങ്ങളുടെ ദൃഷ്ടിയിൽ അയ്യപ്പൻ അപ്രത്യക്ഷനായിക്കഴിഞ്ഞിരിക്കുന്നു. ആ സ്ഥാനം ശൂന്യമായി കാണപ്പെട്ടു. അതിദിവ്യമായ ഒരു തേജസ്സ് തത്സമയം ആ പ്രതിഷ്ഠാവിഗ്രഹത്തിൽ വിലയംപ്രാപിച്ചുകഴിഞ്ഞു. അയ്യപ്പൻെറ ശുദ്ധസത്വവിലയമെന്ന അവസ്ഥയാണ് അപ്പോൾ സംഭവിച്ചത്.

ജനസമൂഹം ഏതാനും നിമിഷനേരത്തേക്ക് സ്തബ്ധവൃത്തികളായി നിലകൊണ്ടു. അത് നിശ്ചഞ്ചലമായ ഒരവസ്ഥയായിരുന്നെങ്കിലും സ്ഥൂലപ്രപഞ്ചം ബ്രഹ്മൈക്യത്തിൻെറ ചൈതന്യത്താലുള്ള ഓജഃപ്രസരത്തിൽ മുഴുകുകയായിരുന്നു.

ജനങ്ങൾ അവരുടെ അത്ഭുതാനന്ദാനുഭൂതികളിൽനിന്നുണർന്നപ്പോൾ മുന്നിൽക്കണ്ട തേജോവിഗ്രഹത്തിൻെറ മുമ്പിൽ ഭക്തിയാൽ മതിമറന്നു സാഷ്ടാംഗപ്രണാമം ചെയ്തുതുടങ്ങി. ഉള്ളിലെ സാക്ഷാൽക്കാരം പലരിലും പലവിധത്തിൽ പ്രദർശിതമായി. 'ശരണം അയ്യപ്പാ' എന്ന ഉദാത്തമായ വിളികൾ ബ്രഹ്മഭാവനയിൽ അവരെ ലയിപ്പിച്ചു. ചിലർ അന്യോന്യംതന്നെ 'അയ്യപ്പാ' 'അയ്യപ്പാ' എന്നിങ്ങനെ വിളിച്ച് ആലിംഗനബദ്ധരായി കാണപ്പെട്ടു. വീരന്മാരും സ്ഥിരമതികളുമായ യോദ്ധാക്കൾപോലും ഭക്തിരസത്തിൽ മതിമറന്നു കുട്ടികളെപ്പോലെ കരഞ്ഞുപോയി. ഒടുവിൽ ഭക്തിഭാവത്തിൻെറ പരമകോടിയിലുള്ള ആ രംഗം ശാന്തമായി. ജനതതി വിശ്രമത്തിനായി മാറിത്തുടങ്ങി.

പ്രതിഷ്ഠാനന്തരം അയ്യപ്പൻെറ മാതാപിതാക്കൾ പൊന്നമ്പലമേട്ടിലേക്കുതന്നെ മടങ്ങി. പാണ്ഡ്യരാജാവിനെ പന്തളാധിപൻ യഥോചിതം സല്ക്കരിച്ച് യാത്രയാക്കി. അയ്യപ്പൻെറ അഭാവത്തിൽ ജനങ്ങൾക്കുണ്ടായ മനോവൈക്ലബ്യം അവതാരപുരുഷനായ അവിടുത്തെ ശുദ്ധസത്വവിലയത്തെ അനുസ്മരിച്ച് ആനന്ദാനുഭൂതിയായി രൂപാന്തരപ്പെടുത്തി.

പന്തളം രാജാവു ശബരിമലയുടെ ആധിപത്യവും ഭരണച്ചുമതലയും ഏറ്റെടുത്തു. വാവർ, കൊച്ചുകടുത്ത, രാമകൃഷ്ണന്മാർ തുടങ്ങിയ സേനാനായകന്മാരെ അതിൻെറ സംരക്ഷണച്ചുമതല രാജാവ് ഏല്പിച്ചു. പൂജാകാര്യങ്ങൾക്കും മററും വേണ്ട ഏർപ്പാടുകൾചെയ്തു. മേൽശാന്തിയായി ചുമതലയുള്ള ഒരു ബ്രാഹ്മണസത്തമനെ നിയമിച്ച് അദ്ദേഹത്തെക്കൊണ്ട് പൂജാവിധികൾ നടത്തിച്ചശേഷം ശ്രീകോവിൽ പൂട്ടിച്ച് താക്കോൽ വാങ്ങി പന്തളത്തേക്കു തിരിച്ചു. നാനാ നാടുകളിൽനിന്നും ആഗതരായിരുന്ന ഭക്തജനങ്ങളും ഭടന്മാരും അവരുടെ കർത്തവ്യനിർവ്വഹണത്തിലുള്ള ചാരിതാർത്ഥ്യത്തോടുകൂടി അവരവരുടെ നാടുകളിലേക്കു പോയി. അങ്ങനെ മഹത്തായ ഒരു ലോകസംഗ്രഹകൃത്യം സമംഗളം പര്യവസാനിച്ചു.

# 5. ശബരിമലവ്രതവും യാത്രയും

അയ്യപ്പൻെറ ജ്യോതിർവിലയനത്തിനുശേഷം, ആ തേജോധാമത്തിൽ ജനങ്ങൾക്കുണ്ടായ വിശ്വാസഭക്തികളുടെ വേലിയേററംമൂലം ഏററവും ഉദ്ബുദ്ധരായിട്ടാണ് നാനാദേശവാസികളായ ജനങ്ങൾ ശബരിമലയിൽനിന്നു പിരിഞ്ഞത്. തിരിയെ അവർ എരുമേലിയിലേക്കു മടങ്ങിയശേഷം അവരവരുടെ നാടുകളിലേക്കു തിരിയെപ്പോയി. അയ്യപ്പൻെറ ഉപദേശാനുസരണം, അടുത്തവർഷം മകരസംക്രമത്തിനു മണ്ഡലവ്രതം ആചരിച്ചു വീണ്ടും വരുന്നതിനും, കൂടുതൽ ആളുകളെ അങ്ങോട്ടാനയിക്കുന്നതിനും, ബദ്ധപ്രതിജ്ഞരായിരുന്നു അവർ. പിന്നത്തെ വർഷം ജനക്കൂട്ടം ആദ്യത്തേതിലും വർദ്ധിച്ചുകാണപ്പെട്ടു. പിന്നീട് ആണ്ടോടാണ്ട് അതു വലുതായ ഒരു പ്രസ്ഥാനമായി വളർന്നു. മിക്കവാറും വൃശ്ചികം ഒന്നാംതീയതിക്കും മകരസംക്രമത്തിനും ഇടയ്ക്കു കുറഞ്ഞത് നാല്പത്തൊന്നു ദിവസത്തെ വ്രതമെങ്കിലും

തികഞ്ഞിരിക്കത്തക്കവിധം നൊയമ്പെടുക്കുന്ന ഒരു ചിട്ട ജനങ്ങളുടെ ഇടയിൽ പ്രചരിച്ചുതുടങ്ങി. അയ്യപ്പന്റെ അത്ഭുതങ്ങളും മാഹാത്മ്യങ്ങളും നേരിട്ടു കണ്ടറിഞ്ഞ സമകാലികജനതയ്ക്കുണ്ടായിരുന്ന ആവേശത്തിൽനിന്നു് ഒട്ടും കുറഞ്ഞ പരിപാടിയിലായിരുന്നില്ല അനന്തരതലമുറകളുടെയും ആവേശം. ഓരോ ആണ്ടത്തേയും വ്രതങ്ങളും യാത്രകളും കഴിയുംതോറും ജനങ്ങളുടെ ഭക്തി കൂടുതൽകൂടുതൽ വർദ്ധിക്കുമാറു് അത്ഭുതകരമായി പലതും അടിക്കടി സംഭവിച്ചുകൊണ്ടിരുന്നു. ആപത്തുകളിൽനിന്നുള്ള മോചനത്തിനും, അഭീഷ്ടസാദ്ധ്യങ്ങൾക്കും ശാസ്താവിന്റെ അനുഗ്രഹം പ്രയോജനകരമാണെന്ന വിശ്വാസം ജനങ്ങളിൽ വളർന്നുവന്നു. യാത്രക്കാരുടെ സംഖ്യ അനുവർഷം വർദ്ധിച്ചു. അങ്ങനെ ശതാബ്ദങ്ങൾ പലതു കഴിഞ്ഞപ്പോഴേക്കും ശബരിമലവ്രതവും യാത്രയും ദക്ഷിണേൻഡ്യയിലെ ഏററവും വിപുലമായ തീർത്ഥയാത്രയായിത്തീർന്നു.

മറേറതൊരു തീർത്ഥയാത്രയേയും അപേക്ഷിച്ചു് ശബരിമലയാത്രയ്ക്കുള്ള ചില പ്രത്യേക മാഹാത്മ്യങ്ങൾതന്നെയായിരിക്കണം അതിനെ ഇങ്ങനെ ശതവർഷങ്ങളായി നിലനിറുത്തുകയും വിപുലമായ പരിധിയിൽ വ്യാപിപ്പിക്കുകയും ചെയ്യുന്നതു്. എന്തൊക്കെയാണു് ആ മാഹാത്മ്യങ്ങളെന്നു് ഏറെക്കുറെ മുമ്പു പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. ഒന്നാമതായി, ഇതിനേക്കാൾ അനുഭവവേദ്യമായ ഒരു ഈശ്വരസങ്കല്പം അന്യത്ര അസുലഭമാണു്. അപരിമേയവും അഗ്രാഹ്യവുമായ ഈശ്വരപ്രഭാവത്തെ അഭിഗമ്യവും സുഗ്രാഹ്യവുമാക്കിത്തീർക്കുന്ന മനോഹരമായ ഒരു അവതാരകഥ; ശരണാഗതവത്സലനും, ആർത്തത്രാണപരായണനും കളകോമളവിഗ്രഹനും, അഭീഷ്ടദാതാവുമായ ഒരു ദിവ്യസ്വരൂപന്റെ മോഹനസങ്കല്പം; ഇവയ്ക്കുംപുറമെ, ഭക്തജനങ്ങൾക്കു് ഏതാപത്തിലും ശരണം അർപ്പിക്കുവാൻതക്ക ചൈതന്യപ്രഭാവമുള്ള സാക്ഷാൽ പരംജ്യോതിസ്സാണു് ശബരിമലയിൽ കുടികൊള്ളുന്നതെന്ന വിശ്വാസം നാൾക്കുനാൾ ദൃഢീഭവിക്കുകകൂടിയായപ്പോൾ അതിനൊരു സമ്പൂർണ്ണതയും തികഞ്ഞു. സംസാരസാഗരം കടക്കുവാൻ ആഗ്രഹിക്കുന്നവർക്കു് വിശ്വാസപൂർവ്വം അവലംബിക്കുവാൻതക്ക അന്വർത്ഥനാമാവായ ഒരു ദേവനാണു് സാക്ഷാൽ താരകബ്രഹ്മമൂർത്തിയായ ധർമ്മശാസ്താവെന്നു ജനങ്ങൾക്കു മുമ്പിനാലെതന്നെയുണ്ടായിരുന്ന വിശ്വാസം, പുതിയ സാഹചര്യങ്ങളിൽ കൂടുതൽ വർദ്ധിതമായതോതിൽ പ്രചരിച്ചുതുടങ്ങി. വിശേഷിച്ചും, ശാസ്ത്രതത്വത്തെ ജനങ്ങൾക്കു ദൃഷ്ടിഗോചരവും, അനുഭവവേദ്യവുമാക്കിത്തീർത്ത അയ്യപ്പന്റെ ലോകസംഗ്രഹചരിത്രംകൂടി അതിൽ സംഘടിച്ചപ്പോൾ, ശബരിമലയിലെ ഭഗവൽ സങ്കല്പം ലോകോത്തരമായ ഒരു നിലയിലേക്കുയരുകയാണുണ്ടായതു്.

പ്രപഞ്ചതരണത്തിനുള്ള മാർഗ്ഗം തന്റെ ശിഷ്യസമൂഹത്തിനു് പ്രായോഗികതലത്തിൽ അനുഷ്ഠിക്കാൻ പരിശീലിപ്പിക്കുകയായിരുന്നു അയ്യപ്പൻ. അതിലേക്കു് ഏതു കാലത്തും, ഏതു സമുദായത്തിനും യോജിച്ചതരത്തിലുള്ള ഒരു പദ്ധതി അദ്ദേഹം ഉപദേശിച്ചു. സംസാരദുഃഖത്തിന്റെ മൂലകാരണങ്ങളെ പരിഹരിക്കാൻ പര്യാപ്തമായ ഒരു ശിക്ഷണചര്യയാണു് ശബരിമല നൊയമ്പും തീർത്ഥാടനവും. ഉപനിഷത്തുകളിൽ പുരാതനമഹർഷിമാരും, ഗീതയിൽ ഭഗവാനും ഉപദേശിച്ച മോക്ഷമാർഗ്ഗം അതിൽ പ്രയോഗത്തിൽ കൊണ്ടുവന്നിരിക്കുന്നു. മണ്ഡലകാലത്തെ വ്രതചര്യകളിൽ ഗീതോപദേശം മുഴവൻ ഉൾപ്പെട്ടിട്ടുണ്ടു്.

യഥാർത്ഥമായ സച്ചിദാനന്ദമെന്തെന്നറിയാതെ ഐന്ദ്രിയങ്ങളായ സുഖങ്ങളെ ത്തേടിയുള്ള മനുഷ്യന്റെ അലച്ചിലുകളാണു് സംസാരദുഃഖത്തിനിടയാക്കുന്നതു്. സുഖമാണു് തേടുന്നതെങ്കിലും, അനുഭവം ദുഃഖമാണു്. അതുകൊണ്ടു പ്രപഞ്ചത്തിലെ സുഖത്തിനെ ദുഃഖം എന്നു തിരുത്തിപ്പറയുകയായിരിക്കും ഭേദം. അഥവാ, സുഖമുണ്ടെന്നു തെളിയിക്കാമെങ്കിൽത്തന്നെയും അതിന്റെ മറുവശം ദുഃഖമാണു്. സുഖദുഃഖങ്ങൾ പഞ്ചേന്ദ്രിയങ്ങൾക്കു വിഷയമാണു്. ഇന്ദ്രിയങ്ങളെ അഴിച്ചുവിട്ടാൽ അവ സുഖദുഃഖങ്ങൾക്കാസ്പദമായ വിഷയബന്ധങ്ങൾക്കു പിന്നാലെ പരക്കംപായും. അതുകൊണ്ടു യഥാർത്ഥ സുഖവും ശാന്തിയും അഭിലഷിക്കുന്നവൻ ഇന്ദ്രിയങ്ങളെ സംയമംചെയ്തു് അവയെ നിലയ്ക്കുനിർത്തണം. വിഷയാസക്തിയെ നിയന്ത്രിക്കുന്നതിനു് കർമ്മേന്ദ്രിയ

ങ്ങളെ വിവേകത്തിനു വശഗമാക്കുകയും, ബ്രഹ്മചര്യോപവാസാദിവ്രതങ്ങൾ അനുഷ്ഠിക്കുകയും ചെയ്യണം. സാത്വികാഹാരങ്ങളും, വിഷയഭ്രമനിയന്ത്രണവുംകൊണ്ട് സംശുദ്ധി തേടുന്ന ഒരുവന്റെ മനസ്സ് ഇന്ദ്രിയങ്ങൾക്കു കീഴടങ്ങുകയില്ല. ഗീതയിൽ സമർത്ഥിച്ചിട്ടുള്ള ഈ തത്വംതന്നെയാണ് ശബരിമലവ്രതത്തിലെ ചര്യകളിൽ അന്തർഭവിച്ചിട്ടുള്ളത്. പക്ഷേ, വ്രതത്തിന്റെ ബാഹ്യാചരണംകൊണ്ടുമാത്രം കാര്യമായില്ല. വ്രതം, ത്രികരണങ്ങൾകൊണ്ടും—മനസാ വാചാ കർമ്മണാ—അനുഷ്ഠേയമാണ്. അല്ലാത്ത വ്രതം മിഥ്യാചാരമാണ്. വ്രതവേഷക്കാർ മിക്കവരും മനസാ വ്രതക്കാരല്ല. അനുഷ്ഠാനങ്ങൾക്കിടയ്ക്കും മനസ്സ് ലഞ്ഞുകൊണ്ടിരിക്കും. മനസ്സിനെ സ്പർശിക്കാത്ത വ്രതം ബാഹ്യതലത്തിലും പരാജയപ്പെടുകയേ ഉള്ളു. മാനസികമായ വ്രതമാണ് മൗലികമായിട്ടുള്ളത്. അതാണ് സർവ്വപ്രധാനമായി അയ്യപ്പൻ തന്റെ അനയായികളിൽനിന്ന് ആവശ്യപ്പെട്ടതു്. തന്റെ മഹാപ്രസ്ഥാനത്തിനു മുമ്പ് അവിടുന്നുതന്നെ അതു് അവരെ ശീലിപ്പിച്ചു. ആ പരിശീലനമാണ് തലമുറകളായി മണ്ഡലവ്രതരൂപേണ ഇന്നും തുടരുന്നതു്. അയ്യപ്പന്റെ ഉപദേശങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും അയ്യപ്പൻ ഏർപ്പെടുത്തിയ വ്രതവും തീർത്ഥയാത്രയും നിലനില്ക്കുന്നിടത്തോളംകാലം ആ തത്വങ്ങൾക്കു ലിഖിതമായ രേഖകളൊന്നുമാവശ്യമില്ല. മറെറാരു ദാർശനികതത്വസംഹിതയ്ക്കും ഇതിനേക്കാൾ പ്രായോഗികമായ ഒരു സരണി തെളിഞ്ഞു കിട്ടിയിട്ടില്ല. ബ്രഹ്മചര്യ, അപരിഗ്രഹം, സാത്വികമായ ജീവിതക്രമം, സമഭാവന, എല്ലാത്തിനേയും ഈശ്വരമയമായി കാണാനുള്ള കഴിവ്, വിദ്വേഷമില്ലായ്മ എന്നിവ ശീലിക്കുവാനാണ് വ്രതചര്യകളിൽ അയ്യപ്പൻ ഉപദേശിച്ചതു്. സംസാരദുഃഖത്തിലുഴലുന്ന ഒരുവനെ, ഗീതയിൽ വിഭാവന ചെയ്യപ്പെട്ടിട്ടുള്ളപ്രകാരം സ്ഥിതപ്രജ്ഞന്റെ പദവിയിലേക്കുയർത്തുവാൻ ഇത്തരം ചര്യകളിലൂടെയല്ലാതെ സാദ്ധ്യമല്ല.

ഇത്രയുംകൊണ്ടും അയ്യപ്പൻ ഏർപ്പെടുത്തിയ വ്രതാചരണത്തിന്റെ മഹത്വം മുഴുവനാകുന്നില്ല. വ്രതങ്ങൾ നിർത്തുമ്പോഴേക്കും മനുഷ്യന്റെ അന്തഃകരണം ഒട്ടൊക്കെ പരിണതമായിക്കഴിഞ്ഞിരിക്കാമെങ്കിലും, പിന്നെയും വിഷയഭ്രമങ്ങൾ ഒരുവനെ കീഴ്പ്പെടുത്തിയെന്നു വരാം. മനസ്സ് വീണ്ടും പൂർവ്വാധികം ശക്തിയോടുകൂടി വിഷയങ്ങളിലേക്കു ചാടിക്കളഞ്ഞെന്നും വരാം. അങ്ങനെ വരാതിരിക്കാൻ ഒരൊററ മാർഗ്ഗമേയുള്ളു. ഈശ്വരപ്രസാദം നേടുക. ഭഗവാനെ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ച്, സ്തോത്രം ചെയ്ത്, ശരണംപ്രാപിച്ച്, തന്മയനായിത്തീരുക, അവിടുത്തെ അനുഗ്രഹം—പ്രസാദം—സമ്പാദിക്കുക. പിന്നെ സകലതും സുരക്ഷിതമായിരിക്കും. വ്രതം ഫലപ്രാപ്തിയിലെത്തുന്നതു് അപ്പോൾ മാത്രമേ ആയിരിക്കു. ഗീതയിൽ ഭഗവാൻ, അർജ്ജുനനോട്,

''മന്മനാ ഭവ മദ്ഭക്തോ
മദ്യാജീ മാം നമസ്കുരു
മാമേവൈഷ്യസി സത്യം തേ
പ്രതിജാനേ, പ്രിയോഽസി മേ''

എന്നു പറഞ്ഞിട്ടുള്ളതും ഇതുതന്നെയാണ്. അതായതു് ''എന്നിൽ മനസ്സുറപ്പിക്കുക; എന്റെ ഭക്തനായിത്തീരുക; എനിക്കുവേണ്ടി യജ്ഞംചെയ്യുക; എന്നെ നമസ്കരിക്കുക; അങ്ങനെയായാൽ നീ എന്നെ പ്രാപിക്കും എന്നു ഞാൻ സത്യമായി പ്രതിജ്ഞ ചെയ്യുന്നു. നീ എനിക്കു പ്രിയമുള്ളവനാകുന്നു.'' ഈ വാക്യം അയ്യപ്പൻ സ്വഭക്തരോട പറഞ്ഞിട്ടുള്ളതുപോലെതന്നെയിരിക്കുന്നു. അതുകൊണ്ട്, ഇന്ദ്രിയസംയമനാർത്ഥമുള്ള വ്രതചര്യകൾക്കൊപ്പം ഒരു ഭക്തൻ ഈശ്വരപ്രസാദം സമ്പാദിക്കുവാൻവേണ്ടി പ്രാർത്ഥനകളും, ഉള്ളഴിഞ്ഞുള്ള സ്തോത്രങ്ങളും, ശരണപ്രാപ്തിയോടുകൂടിയ ആത്മസമർപ്പണവും നടത്തണമെന്നു സിദ്ധിക്കുന്നു.

ദ്വേഷരഹിതനായി, കരുണാനിധിയായി, നിരഹങ്കാരനായി, സുഖദുഃഖശീതോഷ്ണാദികളിൽ സമഭാവമുള്ളവനായി, മനോബുദ്ധികളെ ഈശ്വരങ്കൽ സമർപ്പിച്ചവനായി ഇരിക്കുന്നവനാണ് ഈശ്വരപ്രസാദത്തിനർഹനെങ്കിൽ അയ്യപ്പൻ ഉപദേശിച്ചവിധം വ്രതചര്യകൾ പാലിക്കുന്ന ഒരു ശബരിമലഭക്തൻ തീർച്ചയായും ഈശ്വരകാരുണ്യത്തിനു് അവകാശിതന്നെയാണ്. വ്രതമാരംഭിച്ചുകഴിയുന്നതുമുതൽ അയ്യപ്പസ്തോത്രങ്ങളും, ശരണംവിളികളും, ആഴിപ്രദക്ഷിണങ്ങളും സങ്കീർത്തനങ്ങളുംകൊണ്ട്

എല്ലായ്പ്പോഴും അയ്യപ്പമയമായ ഒരു ജീവിതമാണു് ഒരു ഭക്തൻ നയിക്കുന്നതു്. 'തമേവ ശരണം ഗച്ഛ സർവ്വഭാവേന ഭാരത!' എന്ന ഗീതോപദേശം ആരെങ്കിലും പൂർണ്ണാർത്ഥത്തിൽ അനുഷ്ഠിക്കുന്നുണ്ടെങ്കിൽ അതു്, എപ്പോഴും 'ശരണം അയ്യപ്പാ' എന്നു് ഉച്ചത്തിൽ വിളിക്കുകയും അയ്യപ്പനിൽ സർവ്വാത്മനാ വിശ്വസിക്കുകയുംചെയ്യുന്ന ശബരിമലവ്രതക്കാരൻതന്നെയാണു്.

ഇങ്ങനെ മാനസികശിക്ഷണവും ഭഗവദ്ഭക്തിയും സമ്മേളിച്ചുള്ള ഒരാദ്ധ്യാത്മികപ്രസ്ഥാനമെന്ന നിലയിൽ ശബരിമല തീർത്ഥാടനം അസാധാരണവും, അനുപമവുമാണു്. ഇൻഡ്യയിൽത്തന്നെ മറ്റേതെങ്കിലുമൊരു രാജ്യത്തു് ഇതുപോലെ ചിട്ടയും ശിക്ഷണവും കലർന്ന ഒരു തീർത്ഥയാത്രയില്ല. അന്യരാജ്യങ്ങളിലെക്കാര്യം ചോദിക്കാനുമില്ല. വ്രതത്തിന്റെ ആണ്ടുതോറുമുള്ള ആവർത്തനവും, പിൽക്കാലത്തു മകരസംക്രമത്തിനു പുറമെ മണ്ഡലം, വിഷു മുതലായ വിശിഷ്ടസന്ദർഭങ്ങളിലേക്കുംകൂടി അതിനു സിദ്ധിച്ച വ്യാപ്തിയും, കേരളത്തിലും, പാണ്ഡ്യദേശത്തും മാത്രം ആദ്യമുണ്ടായിരുന്ന അതിന്റെ ആചരണം ഇപ്പോൾ അഖിലഭാരതീയമായ ഒരു തലത്തിലേക്കുകൂടി നേടിവരുന്ന പ്രചാരവും ഓർക്കുമ്പോൾ മനുഷ്യന്റെ മൗലികമായ പരിശുദ്ധിബോധത്തെ ആശ്രയിച്ചുള്ള ഒരു പരിപാടിയാണു് ശബരിമലയാത്രയെന്നതു വിശദമാകാതിരിക്കുകയില്ല.

പല ശതവർഷങ്ങൾക്കിടയ്ക്കു ശബരിമലനൊയമ്പിന്റെയും തീർത്ഥാടനത്തിന്റെയും ആചരണത്തിൽ പല വ്യതിയാനങ്ങളും വന്നിരിക്കാം. എങ്കിലും ആദ്യം അയ്യപ്പൻ നിഷ്കർഷിച്ച ചിട്ടകൾതന്നെ മൗലികമായി ഇന്നും തുടരുന്നു. ഓരോ നാട്ടിലേയും യോഗങ്ങളുടെ ആഭിമുഖ്യത്തിൽത്തന്നെയാണു് ദീർഘകാലങ്ങളായി അതതുനാട്ടുകാർ വ്രതചര്യയും തീർത്ഥയാത്രയും നടത്തിവന്നതു്. വിശേഷിച്ചും അമ്പലപ്പുഴ, ആലങ്ങാട്ടു് എന്നീ ദേശക്കാർ അടുത്തകാലങ്ങൾവരെ അവയൊക്കെ, നിഷ്കർഷമായി പരിപാലിച്ചുവന്നിരുന്നു. അതതുകരയിലെ ഏറ്റവും കൂടുതൽ പ്രാവശ്യം മലചവിട്ടിയിട്ടുള്ള അയ്യപ്പനെ ഗുരുവായി വരിക്കുക എന്നതാണു് ആ ചിട്ടയിലെ പ്രാഥമികമായ ഒരു കാര്യം. ഗുരുസങ്കല്പം ശബരിമലവ്രതത്തിലെ ഏറ്റവും അടിസ്ഥാനതത്വമാണു്. കന്നിക്കാരൻ, രണ്ടാംകന്നിക്കാരൻ, മൂന്നാംകന്നി എന്നിങ്ങനെ പരിശീലനത്തിന്റെ ആദ്യപടികൾ കഴിയുന്നവർക്കൊക്കെ ചില പ്രത്യേക മുറകളും കടമകളും അനുസരിക്കേണ്ടതുണ്ടായിരുന്നു. ദേഹശുദ്ധിയും മനഃശുദ്ധിയും പരിപാലിക്കുകയെന്നതു സർവ്വപ്രധാനമായി നിഷ്കർഷിക്കപ്പെട്ടിരുന്നു. അതുപോലെതന്നെ പരസ്പരമുള്ള പെരുമാറ്റത്തിലും ധാരണയിലും ആർക്കും മനസ്സിനു വേദനയോ അവമതിയോ തോന്നത്തക്ക യാതൊരു പ്രവൃത്തിയും പാടില്ല.

മാല ധരിക്കുകയെന്നതാണു വ്രതത്തിന്റെ ആദ്യത്തെ ചടങ്ങു്. അതു മണ്ഡലത്തിന്റെ ആരംഭദിവസമായ വൃശ്ചികം ഒന്നാംതീയതിമുതൽ ഏതെങ്കിലും നല്ല ഒരു ദിവസമാകാം നടത്തുന്നതു്. ഏതെങ്കിലും ക്ഷേത്രസന്നിധിയിൽ വച്ചായിരിക്കണം മാലയിടേണ്ടതു്. മാലധരിക്കുന്ന ദിവസം മുതൽ കണക്കുകൂട്ടുമ്പോൾ മകരസംക്രമത്തിനു കുറഞ്ഞതു നാല്പത്തൊന്നുദിവസത്തെ വ്രതം തികഞ്ഞിരിക്കണമെന്നാണു് വ്യവസ്ഥ. മാല ദേവസന്നിധിയിൽവച്ചു പൂജിച്ചശേഷം പൂജകനിൽനിന്നോ, ഗുരുജനങ്ങളിൽനിന്നോ, ദക്ഷിണനല്കി അതു സ്വീകരിക്കണം. സ്വാമിയുടെ മുദ്രയാണു് മാല എന്നാണു സങ്കല്പിച്ചിട്ടുള്ളതു്. തുളസിമാലയോ, രുദ്രാക്ഷമാലയോ ആണു് ശ്രേഷ്ഠമായി കരുതപ്പെടുന്നതു്. മാല ക്ഷേത്രസന്നിധിയിൽവച്ചു ധരിക്കുമ്പോൾമുതല്ക്കേ വ്രതകാലത്തു് ആവശ്യമായ ഭക്തിഭരിതമായ പ്രാർത്ഥനാശീലം സമാരംഭിക്കുന്നു. ''മനസാ, വാചാ, കർമ്മണാ ഉള്ള സമസ്താപരാധങ്ങളും ക്ഷമിച്ചു്, മലചവിട്ടാനും പതിനെട്ടാംപടി കയറി സ്വാമിദർശനം ലഭിച്ചു മടങ്ങിവരുവാനും അനുഗ്രഹിക്കണമേ'' എന്ന ഹൃദയപൂർവ്വമായ പ്രാർത്ഥനയോടുകൂടിയാണു് മാല ധരിക്കേണ്ടതു്. ''ശബരിമല ധർമ്മശാസ്താ, ഹരിഹരസുതനയ്യനയ്യപ്പസ്വാമിയേ! ശരണമയ്യപ്പോ'' എന്നു് ഉച്ചത്തിൽ വിളിച്ചിട്ടു തുടർന്നു്, ''ശരണമയ്യപ്പാ, ശരണമയ്യപ്പാ, ശരണമയ്യപ്പാ, സ്വാമിയേ ശരണം'' എന്നിങ്ങനെ കൂടെയുള്ളവ

രോടൊപ്പം വിളിക്കുന്നതാണു് സാധാരണ ശരണംവിളിയുടെ രീതി.

നൊയമ്പാരംഭിക്കുമ്പോൾത്തന്നെ എന്തൊരു സംഘടനാബോധവും, ദൃഢവ്രതനിഷ്ഠയുമാണു് മുൻകാലങ്ങളിൽ ഉണ്ടായിരുന്നതെന്നതിനു്, വളരെ പഴക്കമുള്ള ഒരയ്യപ്പൻ* (അദ്ദേഹം ഇതിനകം അൻപത്തൊമ്പതു പ്രാവശ്യം പതിനെട്ടാംപടി കയറിക്കഴിഞ്ഞു.) അദ്ദേഹത്തിന്റെ ആദ്യകാലവ്രതചര്യകളെ അനുസ്മരിച്ചുകൊണ്ടു് എഴുതി അയച്ചിട്ടുള്ള താഴെക്കൊടുക്കുന്ന വാചകങ്ങൾ തെളിവാണു്:

''അന്നത്തെ അമ്പലപ്പുഴയോഗം ചുറ്റുപാടുമുള്ള കരകളെ എല്ലാം പ്രതിനിധീകരിച്ചിരുന്നു. ഓരോ കരയ്ക്കും ഓരോ പെരിയസ്വാമിയുണ്ടായിരുന്നു. യോഗത്തിൽ ചേർന്നല്ലാതെ ഒരുത്തക്കും ശബരിമലയാത്ര സാദ്ധ്യമായിരുന്നില്ല. ഏതൊരു കന്നിക്കാരനും അമ്പലപ്പുഴ അമ്പലത്തിൽ വൃശ്ചികം ഒന്നു മുതൽ പന്ത്രണ്ടു ദിവസം ഭജനമിരിക്കുക പതിവായിരുന്നു. പന്തീരടിപൂജയ്ക്കു് പഞ്ചഗവ്യം സേവിച്ചതിനുമേലല്ലാതെ വെള്ളംപോലും കുടിക്കുവാൻ കന്നിക്കാരനവകാശമില്ലായിരുന്നു. പന്ത്രണ്ടുദിവസത്തെ ഭജന കാലംകൂടിയതിനുശേഷം അതാതു കരയിലെ പെരിയസ്വാമിമാർ നിർദ്ദേശിക്കുന്ന ശാസ്താക്ഷേത്രത്തിൽ പെരിയസ്വാമിയോടുകൂടിപ്പോയി മാല പൂജിച്ചുവാങ്ങി പെരിയസ്വാമിക്കു ദക്ഷിണകൊടുത്തു് പെരിയസ്വാമിയെക്കൊണ്ടു മാല ഇടുവിക്കയായിരുന്നു അന്നത്തെ പതിവു്. വൃശ്ചികം ഒന്നു മുതൽ രണ്ടുനേരവും കുളിച്ചു് ദേവദർശനം നടത്തേണ്ടതും നിവൃത്തിയുള്ളപക്ഷം അത്താഴപ്പൂജ കഴിഞ്ഞുള്ള ദീപാരാധനയിലെ കർപ്പൂരധൂമമേല്ക്കേണ്ടതും അനുപേക്ഷണീയമായിരുന്നു. വ്രതക്കാരൻ പകൽ ഉറങ്ങുകയോ, മലവിസർജ്ജനംചെയ്യുകയോചെയ്താൽ കുളിക്കേണ്ടതും ഒഴിച്ചുകൂടാൻവയ്യാത്ത നിബന്ധനയായിരുന്നു. അമ്പത്തൊന്നു വ്രതവും നൂറ്റിരണ്ടു കുളിയും ഏതൊരയ്യപ്പനും നിർവ്വഹിക്കേണ്ടിയിരുന്നു. മിക്കവാറും ക്ഷേത്രോപജീവിയായി കഴിഞ്ഞുകൂടുകയായിരുന്നു അന്നത്തെ പതിവു്. ആചാര്യനിർദ്ദേശം ശിഷ്യന്മാർ ഭക്തിപുരസ്സരം ആചരിച്ചുവന്നിരുന്നു.''

ധർമ്മശാസ്താവിനെ സാക്ഷാൽ സച്ചിദാനന്ദമൂർത്തിയായി ധ്യാനിച്ചു് അവിടുത്തെ പ്രാപിക്കാൻവേണ്ടി ദേഹത്തിനും, മനസ്സിനും, ആത്മാവിനും എത്രമാത്രം ശുദ്ധി കൈവരുത്താമോ അതിന്റെ പരമാവധി പരിപാലിക്കുന്നതിനാണു് ഓരോ അയ്യപ്പനും തന്റെ വ്രതത്തിന്റെ ആരംഭം മുതല്ക്കേ യത്നിക്കുന്നതു്. ലൗകികബന്ധങ്ങളിൽനിന്നു് മനസ്സിനെ നിവർത്തിപ്പിക്കാൻ വേണ്ടി കഴിവുള്ളിടത്തോളം ക്ഷേത്രങ്ങളോടുതന്നെ ബന്ധം പുലർത്തി, അവിടെയൊക്കെ നമസ്കാരം, സ്തുതി, പൂജ മുതലായവയാൽ മുമ്പു് അയ്യപ്പന്മാർ ദിവസങ്ങൾ കഴിച്ചിരുന്നു. തികഞ്ഞ ഗൗരവബുദ്ധിയോടെയാണു് ഓരോരുത്തനും വ്രതമെടുത്തിരുന്നതു്. മനസാ വാചാ കർമ്മണാ ഒരു തെറ്റും വരാതെ സൂക്ഷിക്കേണ്ടതും, അഥവാ വന്നുപോയാൽ അതിനു പെരിയസ്വാമിസമക്ഷത്തിൽ അയ്യപ്പനു ശരണം വിളിച്ചു് സർവ്വാത്മനാ പ്രായശ്ചിത്തം ചെയ്യേണ്ടതുമാണു്. ആദ്യമായി മലയ്ക്കുപോകുന്ന അയ്യപ്പനെ കന്നിഅയ്യപ്പനെന്നും, രണ്ടാമത്തെയും മൂന്നാമത്തെയും തവണ പോകുന്നവരെ യഥാക്രമം രണ്ടാംകന്നി, മൂന്നാംകന്നി എന്നിങ്ങനെയും വിളിച്ചുവരുന്നു. ഒന്നാംകന്നിക്കാരൻ ഭഗവാന്റെ വത്സലഭക്തനാണെന്നാണു കരുതപ്പെടുന്നതു്. ഭഗവൽഭക്തിയുടെ സരണിയിലേക്കു പ്രഥമപ്രവേശം ലഭിച്ചു് ബ്രഹ്മചര്യാനിഷ്ഠനാകുന്നതു് ഒരു യുവാവിന്റെ ഭാവിശ്രേയസ്സിനു വലിയ ഒരു വാഗ്ദാനമാണു്. നല്ലവഴിക്കു മനസ്സു തിരിയുന്നതുതന്നെ ഈശ്വരാനുഗ്രഹത്തിന്റെ ലക്ഷണമല്ലേ? ലൗകികവിഷയങ്ങളിൽമാത്രം ദത്തശ്രദ്ധനായി ജീവിക്കുന്ന സാമാന്യമനുഷ്യനു് ഈശ്വരചിന്തയ്ക്കും ആത്മശുദ്ധീകരണത്തിനും സന്ദർഭങ്ങൾ വളരെ ചുരുക്കമായേ ലഭിക്കാറുള്ളു. അതുകൊണ്ടു് ഒരു സാമാന്യക്കാരന്റെ കാര്യത്തിൽ ജീവിതത്തിൽ ഒട്ടധികഭാഗവും ആത്മീയദൃഷ്ട്യാ പാഴായിപ്പോകുകയാണു്. ഇതിനു പരിഹാരമുണ്ടാകണമെങ്കിൽ, മനുഷ്യമനസ്സിനെ സദ്വാസനകൾക്കു വിധേ

* ശ്രീ അമ്പലപ്പുഴ കേശവപിള്ള, റിട്ടയാർഡ് ടീച്ചർ, മങ്കൊമ്പു്. ഇദ്ദേഹത്തിന്റെ പിതാവു് രാമക്കുറുപ്പും ഒരു കാലത്തു് അമ്പലപ്പുഴ നാട്ടിൽ എല്ലാവർക്കും അറിയാമായിരുന്ന വളരെ പഴക്കമുള്ള ഒരു പെരിയ അയ്യപ്പനായിരുന്നു.

യമാക്കി കരുപ്പിടിപ്പിച്ചെടുക്കുവാൻ യൗവനകാലംമുതല്ക്കേ ഒരുവൻ യത്നിച്ചെങ്കിലേ പററൂ. എന്നാൽ യൗവനത്തിൽ വളരെ ചുരുക്കം ആളുകൾക്കേ ഇങ്ങനെയുള്ള നല്ലമാർഗ്ഗങ്ങളിൽ മനസ്സുതിരിക്കുവാൻ സാധിക്കാറുള്ളു. ലൗകികജീവിതത്തിനു ബാധകമാകാത്തവിധം ആത്മീയപഥത്തിൽ സഞ്ചരിക്കുവാനുള്ള സൗകര്യങ്ങളുടെ അഭാവം നിമിത്തമാണ് അതു സാധിക്കാതെവരുന്നത്.

ശബരിമലവ്രതം ഈ കാര്യത്തിൽ വളരെ വിപുലമായ സൗകര്യം പ്രദാനം ചെയ്യുന്നു. ആണ്ടുതോറും ഒരു മണ്ഡലക്കാലം വ്രതം നോല്ക്കുന്ന ആളിനു മൗലികമായ ഒരു പരിശീലനമാണു സിദ്ധിക്കുന്നത്. വ്രതചര്യകൾക്കിടയ്ക്കു ലഭിക്കുന്ന മാനസികശിക്ഷണവും ഈശ്വരോന്മുഖതയും ആണ്ടോടാണ്ടു വർദ്ധമാനമായിവരുന്നു. വ്രതത്തിൽനിന്നു വിരമിച്ചിരിക്കുന്ന കാലങ്ങളിലും ഒരുവൻെറ ദൈനംദിനജീവിതത്തിൽ ആവക ശിക്ഷണങ്ങളുടെ മുദ്ര പതിഞ്ഞിരിക്കാൻ സാദ്ധ്യതയുണ്ട്. ഒരു കന്നി അയ്യപ്പൻ ഭാവിശ്രേയസ്സിന് അടിത്തറപാകുന്നുവെന്നു പറയുന്നത് അങ്ങനെയുള്ള സാദ്ധ്യതകൾ മൂലമാണ്. സുശിക്ഷിതമായ ഒരു ജീവിതത്തിനുള്ള ആ സജ്ജീകരണങ്ങൾ എല്ലാം അയാൾ തൻെറ വ്രതത്തിനിടയ്ക്കു നേടുന്നു.

ഒരു കന്നിഅയ്യപ്പൻെറ ജീവിതവും ചര്യകളും അനായാസമായ ഒരു പ്രക്രിയയല്ലെന്നു മുകളിൽ പറഞ്ഞതിൽനിന്നു ഗ്രഹിക്കാമല്ലോ. വ്രതചര്യകളുടെ പ്രാരംഭപരിശീലനങ്ങൾ അതീവകർക്കശമാണ്. കന്നിക്കാരൻ, അയ്യപ്പന്റെ വത്സലശിഷ്യനാണെങ്കിലും, രണ്ടാംകന്നിക്കാരൻ മുതൽ മേല്പോട്ട് പെരിയസ്വാമിവരെയുള്ള സകലരുടേയും പ്രത്യേകനോട്ടത്തിനു വിഷയമാണ്. ഭക്തിക്കുറവിൻേറയോ, ആചരണവൈകല്യത്തിൻേറയോ, അനുസരണക്കേടിൻേറയോ ലാഞ്ഛനപോലും മുൻപു ശ്രദ്ധിക്കപ്പെട്ടിരുന്നു; ശാസിക്കപ്പെട്ടിരുന്നു. ഇന്ന് ആവക മുറകളിലൊക്കെ എത്രതന്നെ അയവുവന്നിരിക്കാമെങ്കിലും മുൻകാലങ്ങളിൽ അവ പഴയ ഗുരുകുലജീവിതത്തിലെ ശിക്ഷണത്തിൻെറ നിർദ്ദാക്ഷിണ്യതയേയും കാർക്കശ്യത്തേയും അനുസ്മരിപ്പിക്കുമാറുള്ളവയായിരുന്നു. പണ്ടത്തെ കന്നിക്കാരുനു നേരിടേണ്ടിവന്നിരുന്ന ശിക്ഷണനടപടിയെക്കുറിച്ചു മുൻപു പറഞ്ഞ പെരിയ അയ്യപ്പൻ ശ്രീ കെ. കേശവപിള്ള പറഞ്ഞിട്ടുള്ളതു നോക്കുക:

"രണ്ടും മൂന്നും കന്നിക്കാരുടേയും, പഴമക്കാരുടേയും, പെരിയസ്വാമികളുടേയും നിർദ്ദേശം കന്നിക്കാരൻ അനുസരിച്ചേ തീരൂ. ആജ്ഞാലംഘികളെ കണ്ടുപിടിച്ച് മൂന്നാംകന്നിക്കാരനായ ഭരിപ്പുകാരൻമുഖേന ഭരണമണ്ഡലത്തെ അറിയിക്കേണ്ട ചുമതല രണ്ടാം കന്നിക്കാരൻേറതാണ്. കുററക്കാരനേയും, സാക്ഷികളേയും വിസ്തരിച്ച്, ആരോപണങ്ങൾ ശിക്ഷാർഹങ്ങളെന്നു തെളിയുന്നപക്ഷം, ശിക്ഷിക്കേണ്ടതു ഭരണസമിതിയുടെ കർത്തവ്യമാണ്. ശിക്ഷ മിക്കവാറും പിഴശരണംവിളിയായിരിക്കും. സാധാരണ ശരണം വിളിക്കുമ്പോൾ കേട്ടുനില്ക്കുന്നവർ ഏററുവിളിക്കണമെന്നു നിർബ്ബന്ധമുണ്ട്. എന്നാൽ, പിഴശരണം വിളിക്കുന്നവർ ഏററുവിളിക്കുവാൻ പാടില്ല. മററുള്ളവരുടെ മദ്ധ്യത്തിൽ ഒററയ്ക്കുനിന്നു ശരണംവിളിച്ചു ഗദ്ഗദകണ്ഠന്മാരായിത്തീർന്നിട്ടുള്ള പലരേയും കാണുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്."

മണ്ഡലവ്രതകാലത്ത് അനുഷ്ഠിക്കേണ്ട ചര്യകളിൽ പല പ്രധാനചിട്ടകളും പരിപാലിക്കേണ്ടതായിട്ടുണ്ട്. ഏതുസമയവും അയ്യപ്പനെക്കുറിച്ചുള്ള സ്മരണയും, അവിടുന്നുതന്നെ ശരണമെന്നുള്ള സമർപ്പണബുദ്ധിയുമാണ് അവയിൽ സർവ്വപ്രധാനമായി വേണ്ടിയിരുന്നത്. മുൻകാലങ്ങളിൽ ഒരയ്യപ്പൻ നടക്കുമ്പോഴാകട്ടെ, ഇരിക്കുമ്പോഴാകട്ടെ, ഏതു കർമ്മം ചെയ്യുകൊണ്ടിരിക്കുമ്പോഴാകട്ടെ, കൂടെക്കൂടെ ശരണമയ്യപ്പാ എന്ന് ഉച്ചത്തിൽ വിളിക്കണമെന്നു നിഷ്കർഷയുണ്ടായിരുന്നു. അയ്യപ്പനെക്കുറിച്ചുള്ള വിചാരം മനസ്സിൽ ആവിർഭവിക്കാൻ ഇങ്ങനെയുള്ള ശരണംവിളി വളരെ ഉപകരിച്ചിരുന്നു. ദേഹശുദ്ധിയേയും, സാത്വികാഹാരനിഷ്കർഷയേയുംകുറിച്ചു മുകളിൽപ്പറഞ്ഞുകഴിഞ്ഞു. രണ്ടു സന്ധ്യകളിലേയും അനുഷ്ഠാനങ്ങളിൽ ഓരോന്നിനും മുമ്പായി ഓരോ കുളി കഴിഞ്ഞിരിക്കണം. ദേഹശുദ്ധിയോടെ പ്രത്യേകം പാകംചെയ്ത ആഹാരമേ അയ്യപ്പന്മാർ മുമ്പു കഴിച്ചിരുന്നുള്ളു. ബ്രഹ്മചര്യയാണ് ശബരിമലവ്രതത്തിന്റെ ആണിക്ക

ല്ലെന്നു പറയാം. അതിനനുകൂലമല്ലാത്തതെല്ലാംതന്നെ നിഷിദ്ധമായിരുന്നു. വികാരവിജൃംഭകങ്ങളായ ആഹാരപദാൎത്ഥങ്ങളൊന്നും കഴിക്കരുതെന്നു പറയുന്നതിൻെറ ഉദ്ദേശംതന്നെ ബ്രഹ്മചര്യയെ സഹായിക്കുകയെന്നതാണു്. ബ്രഹ്മചര്യ കേവലം ബാഹ്യഭാവങ്ങളിൽമാത്രമായാൽ പോരാ. മനസാ വാചാ കൎമ്മണാതന്നെ ഒരുവൻ ബ്രഹ്മചാരി ആയിരിക്കണം. വാക്കിലും പ്രവൃത്തിയിലും ബ്രഹ്മചര്യ പരിപാലിക്കുന്ന ഒരാളിൻെറ അന്തരംഗത്തിൽ ചിലപ്പോൾ കാമവികാരങ്ങൾ കുടികൊള്ളുന്നുണ്ടായിരിക്കാം. ശബരിമലവ്രതക്കാരൻ ആവക വികാരങ്ങളെക്കൂടി നിയന്ത്രിച്ചു വിജയിക്കേണ്ടതായിട്ടുണ്ടു്. സമസ്താപരാധങ്ങളെ മനസാ വാചാ കൎമ്മണാ എന്നു വിശേഷിപ്പിക്കുന്ന ഒരു വ്രതക്കാരനു് സൎവ്വജ്ഞനായ അയ്യപ്പൻെറ മുന്നിൽ ഒളിവിൽ വികാരങ്ങൾ വച്ചുകൊണ്ടിരിക്കാൻ നിവൃത്തിയില്ല. അങ്ങനെവരുമ്പോൾ ഉള്ളതു മറച്ചുവയ്ക്കാതെ അതിനെ ഉച്ചാടനംചെയ്യാൻ വ്രതക്കാരൻ ബാദ്ധ്യസ്ഥനായിത്തീരുന്നു. മറെറാരുവിധം പറഞ്ഞാൽ, മനുഷ്യൻ ആത്മപരിശോധനചെയ്തു സ്വന്തം അപാകങ്ങൾ കണ്ടെത്തി അവ തിരുത്താൻ ബാദ്ധ്യസ്ഥനായിത്തീരുന്നു. സാധാരണഗതിയിൽ ഒരു സ്ത്രീയെക്കണ്ടു് ഒരാൾ മോഹിക്കുന്നതുകൊണ്ടു് നിയമവിരുദ്ധമായി ഒന്നും സംഭവിക്കുന്നില്ലെങ്കിൽ അയാൾ കുററക്കാരനല്ല. എന്നാൽ, ശബരിമലവ്രതം അനുശാസിക്കുന്ന ബ്രഹ്മചര്യയുടെ നിയമമനുസരിച്ചു് അയാൾ മനസാ അപരാധിയാണു്. കാരണം, മാനസികമായി അയാൾ വ്യഭിചാരത്തിൻെറ സരണിയിലാണു്. അതുപോലെതന്നെ ശബരിമലവ്രതക്കാലത്തു് അന്യനു ഹാനികരവും, വിദ്വേഷജനകവുമായ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും വ്യാപരിക്കുന്നവൻ ഭഗവൽക്കോപത്തിനു പാത്രമാകുന്നുമെന്നും, യാത്രയ്ക്കിടയ്ക്കു ശിക്ഷിക്കപ്പെടുന്നുവെന്നുമുള്ള ഒരു വിശ്വാസം പണ്ടേതന്നെയുണ്ടു്. അങ്ങനെ അപരാധികൾക്കുള്ള ശിക്ഷകളുടേയും, മറിച്ചു് ശ്രദ്ധയോടെ വ്രതം നോല്ക്കുന്നവൎക്കു് കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള അനുഗ്രഹങ്ങളുടേയും അഭീഷ്ടസാദ്ധ്യങ്ങളുടേയും കഥകൾ നിരവധിയാണു്. ഏതായാലും ആത്മപരിശോധനയുടെ ആവശ്യവും നന്മയിലേക്കുള്ള ആഭിമുഖ്യവും, തിന്മചെയ്യുന്നതിൽ ഭയവും ജനിപ്പിക്കുവാൻ ശബരിമലവ്രതംപോലെ കഴിവുററ ആചരണങ്ങൾ അധികമില്ലെന്നുതന്നെ പറയാം.

ഈശ്വരവിചാരവും വ്രതനിഷ്ഠയും ഉറപ്പിക്കുവാൻ പൎയ്യാപ്തമായ പല അനുഷ്ഠാനങ്ങളും ശബരിമലവ്രതത്തിൽ ആചരിച്ചുവരുന്നു. രാവിലെയും വൈകിട്ടുമുള്ള ശരണംവിളികൾ, വെള്ളംകുടി, ആഴിക്കൂട്ടി ശരണംവിളി അഥവാ പടുക്ക എന്നിങ്ങനെയുള്ള ചടങ്ങുകളുടെ ഉദ്ദേശം ഇതാണു്. ശരണംവിളി ലഘുവായ ഒരു ചടങ്ങേ ആകുന്നുള്ളു. ഏതെങ്കിലും അയ്യപ്പൻെറ ഗൃഹത്തിൽ സന്ധ്യയോടുകൂടി അയ്യപ്പന്മാർ കൂടി വിളക്കുവച്ചു ഗണപതിപൂജ നടത്തി, പീഠത്തിൽ നാളികേരംവച്ചു് ഭഗവാനെ ആവാഹിച്ചു്, ദീപാരാധന നടത്തി കുറേനേരം ശരണംവിളിക്കുന്നു. പിന്നീടു് ഏതാനും കീൎത്തനങ്ങൾ ചൊല്ലി ദീപാരാധനയും പ്രസാദവിതരണവും നടത്തി പിരിയുന്നു. ആഴിക്കൂട്ടിയുള്ള ശരണംവിളി വിപുലമായ ഒരു ചടങ്ങാണു്. പഴയകാലത്തെമുറയ്ക്കാണെങ്കിൽ, അതിൻെറ പരിപാടി, അടിയന്തരക്കാരനായ അയ്യപ്പൻ വെററില പുകയിലവച്ചു വിവരം പെരിയസ്വാമിയെ ധരിപ്പിക്കുന്നിടംമുതൽ ആരംഭിക്കുന്നു. പെരിയസ്വാമി, ആളിൻെറ സ്ഥിതിഗതികൾകൂടി കണക്കിലെടുത്തു സംഭരിക്കേണ്ട സാധനങ്ങളുടെ ഒരു ചാൎത്തു നല്കുന്നു. ആഴിക്കൂട്ടിയുള്ള ശരണംവിളിയോടനുബന്ധിച്ചു വെള്ളംകുടി, അഥവാ അവൽ, പഴം, അട, മലരു്, പാനകം മുതലായവകൊണ്ടുള്ള സല്ക്കാരംകൂടി ഉണ്ടായിരിക്കുമെന്നുള്ളതിനാൽ ചാൎത്തു് അതിനുള്ള സാധനങ്ങളെക്കൂടി ഉൾപ്പെടുത്തിയായിരിക്കും. പടുക്കയ്ക്കു് ഒരു പന്തലും ആവശ്യമാണു്.

പടുക്കപ്പന്തൽനിൎമ്മാണം വളരെ നിഷ്കൎഷിച്ചു നടത്തേണ്ട ഒരു കൎമ്മമാണു്. അതിനു സ്ഥാനവും കണക്കും ഉണ്ടു്. പ്രധാനഗൃഹത്തിനു മുൻവശത്തു് ഏഴുകോൽ ചതുരത്തിലുള്ള ഒരു പന്തലായിരിക്കണം അതു്. മേൽഭാഗം വെള്ളവസ്ത്രംകൊണ്ടു വിതാനിച്ചു്, പഴക്കുല, ആലില, മാവില, പൂക്കുലകൾ മുതലായവകൊണ്ടു് മോടിവ

രുത്തുന്നു. നാലു കോണുകളിലും ത്രുക്കവിളക്കുകളും, അകത്തു പന്തിവിളക്കുകളും സജ്ജീകരിക്കുന്നു. പന്തലിൻെറ മദ്ധ്യത്തിലാണു് സ്വാമിപ്രതിഷ്ഠയുള്ള ശ്രീകോവിലിൻെറ സ്ഥാനം. പതിനെട്ടാംപടിഉൾപ്പെടെ ശബരിമലയിലെ സങ്കല്പങ്ങൾ എല്ലാം— ഗണപതി, മാളികപ്പുറം, മലനട, മററു ധമ്മദൈവങ്ങൾ, ഉടുമ്പാറമല, കറുപ്പസ്വാമി, കടുത്തസ്വാമി, വാവരുസ്വാമി എന്നിവക്കെല്ലാം — ശബരിമലയിലെപ്പോലെതന്നെ സ്ഥാനങ്ങൾ കല്പിക്കുന്നു. പന്തലിൻെറ കിഴക്കുഭാഗത്തു് ആഴിക്കു സ്ഥാനം നിശ്ചയിക്കുന്നു. പീഠത്തിൻെറ മുൻവശത്തു് അയ്യപ്പൻെറ വാളു് (ചുരിക) ചാരിവയ്ക്കുന്നു. ഗണപതിയുടെ സ്ഥാനത്തിനു് ഇടത്തും വലത്തും നിറപറ, ചങ്ങഴിപ്പറ, നാഴിപ്പറ എന്നിവ വയ്ക്കുന്നു.

ആഴിപൂജയുടെ ദിവസം പ്രഭാതംമുതല്ക്കേ ചടങ്ങുകൾ ആരംഭിക്കുന്നു. ബ്രാഹ്മമുഹൂത്തത്തിൽ പെരിയസ്വാമി സ്ഥലത്തെത്തി പട്ടുക്കപ്പന്തലിൽ വിളക്കുവച്ചു മുമ്പിൽ ഗണപതിക്കൊരുക്കി പൂജിക്കുന്നു. പിന്നീടു് പീഠം പൂജിച്ചു് പീഠത്തിൽ പട്ടുവസ്ത്രം വിരിച്ചു് അതിൽ നെല്ലും അരിയും നിരത്തിയിട്ടു് അതിന്മേൽ, ശുദ്ധിചെയ്തെടുത്ത ഒരു നാളികേരംവച്ചു് ഭസ്മവും ചന്ദനവും ചാത്തി, ഭഗവാനെ അതിൽ ആവാഹിച്ചു് ശരണംവിളിയോടുകൂടി പീഠത്തിൽ വയ്ക്കുന്നു. അതുകഴിഞ്ഞു് നാളികേരം ഉടയ്ക്കൽ, ത്രിമധുരം മുതലായ നിവേദ്യങ്ങൾ എന്നിവയ്ക്കുശേഷം ദീപാരാധന നടത്തുന്നു. ഓരോ ചടങ്ങിൻേറയും പ്രാരംഭം ''ഹരിഹരസുതനയ്യനയ്യപ്പസ്വാമി ശരണമയ്യപ്പോ,ശരണമയ്യപ്പാ, ശരണമയ്യപ്പാ, ശരണമയ്യപ്പാ—സ്വാമിയേ!'' എന്നിങ്ങനെ ശരണംവിളിച്ചുകൊണ്ടുതന്നെയായിരിക്കും. ധനശേഷിയുള്ളവരാണു് ആഴിയും വെള്ളംകുടിയും നടത്തുന്നതെങ്കിൽ പകൽ അയ്യപ്പന്മാക്കു തേച്ചുകുളിയും ഊണും ഉണ്ടായിരിക്കും.

സായാഹ്നത്തോടുകൂടി യോഗത്തിലെ അയ്യപ്പന്മാർ അടുത്തുള്ള ക്ഷേത്രത്തിൽ കൂടി ദീപാരാധന തൊഴുന്നു. അവിടെനിന്നു് ആതിഥേയൻ അതിഥികളെ എതിരേററു ഗൃഹത്തിലേക്കു കൊണ്ടുപോകുന്നു. അവിടെ വന്നാലുടനെ പട്ടുക്കപ്പന്തലിലെ ശ്രീകോവിലിൽ പെരിയസ്വാമി ദീപാരാധന ഉഴിയുന്നു. എല്ലാവരും പരമഭക്തിയോടുകൂടി കർപ്പൂരധൂമം ഏല്ക്കുന്നു. അതിനുശേഷം കന്നിമേൽഗണപതി, മാളികപ്പുറത്തമ്മ, തലപ്പാറമല, കൊച്ചുകടുത്തസ്വാമി, കടുത്തസ്വാമി മുതലായ ഉപദേവന്മാരെയും ആവാഹിച്ചു്, പ്രത്യേകംപ്രത്യേകം പീഠങ്ങളിൽ നാളികേരംവച്ചു പൂജനടത്തുന്നു. ശ്രീകോവിൽ ശുദ്ധമായി സങ്കല്പിച്ചു്, തെക്കുനിന്നു് ഉത്തരാഭിമുഖമായി ഇരുന്നു് പൂജകൻ അത്യന്തഭക്തിയോടെ ഗണപതിയേയും ഗുരുവിനേയും ധ്യാനിച്ചു് ജലഗന്ധപുഷ്പദീപങ്ങളെക്കൊണ്ടു് ഹരിഹരതേജോംശസമ്പൂണ്ണനായ ധമ്മശാസ്താവിനെ പൂജതുടങ്ങുന്നു. ഇതിനു പ്രത്യേക പൂജാപ്രകാരമന്ത്രങ്ങൾ വശമില്ലെങ്കിൽ, 'സ്വാമിയേ ശരണമയ്യപ്പാ!' എന്ന നവാക്ഷരമന്ത്രം സവ്വാത്മനാ ഭക്തിയോടെ ജപിച്ചാൽ ധാരാളം മതിയാകുമെന്നു് മഹത്തായ ആ മന്ത്രത്തിൻെറ ശക്തി ഗ്രഹിച്ചിട്ടുള്ളവർ പറയുന്നു. പ്രത്യേകംപ്രത്യേകം നൈവേദ്യംവച്ചു പൂജിക്കുന്നു. കളഭം, പനിനീർ, അവൽ നനച്ചതു്, അട, പഞ്ചാമൃതം, മലരു്, പഴം നുറുക്കു്, പഴങ്ങൾ, പാനകം, പാൽ, കരിക്കു്, വറുത്തുപൊടി എന്നിവ നൈവേദ്യങ്ങളിൽ ഉൾപ്പെടുന്നു.

പൂജയ്ക്കുശേഷം ആഴിക്കുള്ള ആരംഭമായി. ഉണക്കലരിക്കിഴി എണ്ണയിൽ നനച്ചു വച്ചിരുന്നതു് കത്തിച്ചു് പടുക്കയിൽ ദീപാരാധന നടത്തിയശേഷം അതുമായി മുററത്തു പ്രത്യേകം ചാണകം മെഴകി ശുദ്ധീകരിച്ചിട്ടുള്ള മെഴക്കൽസ്ഥലത്തേക്കു് അയ്യപ്പന്മാർ വിളക്കും പ്രത്യേകം ഒരുക്കുകളുമായി പോകുന്നു. മെഴക്കൽ പൂജിച്ചുകഴിഞ്ഞു് അതിൽ കത്തുന്ന കിഴിവച്ചു് വിറകടുക്കുന്നു. വിറകു് പ്ലാവു തുടങ്ങിയ ഉത്തമവൃക്ഷങ്ങളുടേതായിരിക്കണമെന്നാണു് വയ്പു്. വിറകുകമ്പുകൾ ഊദ്ധ്വാഗ്രമായിട്ടല്ലാതെ വിലങ്ങനെ അടുക്കരുതെന്നുണ്ടു്. ആഴി കത്തിക്കാളുന്നതോടുകൂടി അയ്യപ്പന്മാർ ശരണംവിളികളോടെ ആഴിക്കു പ്രദക്ഷിണമാരംഭിക്കുന്നു. അപ്പോഴത്തെ ശരണംവിളി അത്യൂജ്ജ്വലവും, ഭക്തിഭരിതവുമാണു്. തന്മയീഭാവംകൊണ്ടു് ചിലപ്പോൾ അയ്യപ്പന്മാർ അനുഗ്രഹംകൊള്ളുകയും ചെയ്യാറുണ്ടു്. നാളികേരം നുറുക്കിയ കഷണങ്ങൾ, വറുത്തുപൊടി, മലർ എന്നിവ ഉൾപ്പെട്ട

പൊടി ആഴിയിൽ തൂവുന്നതിനായി പെരിയസ്വാമി അയ്യപ്പന്മാർക്കു വിതരണംചെയ്യുന്നു. അനന്തരം പുലിപ്പാൽ കൊണ്ടുവന്ന കഥയും മററും ഉൾപ്പെട്ട അയ്യപ്പന്റെ ചരിത്രം വിവരിച്ചു് സ്തുതികൾ പാടിക്കൊണ്ടു്, അയ്യപ്പന്മാർ ആഴിക്കു പ്രദക്ഷിണം തുടരുന്നു:

‘‘അക്കാലം കേരളം രക്ഷ
ചെയ്യാൻ (അയ്യപ്പൻ)
ശബരിമലമുകളിലയ്യൻ ,,
കേരളൻ* കുടികൊണ്ടപ്പോൾ ,,
തൈമാസമാദിയായി ,,
പല പല നിയമമോടെ ,,
ലോകരും വന്നുകൂടി ,,
ഹരിഹരസുതനെ കുപ്പി–
ട്ടരിയതും വാങ്ങി മോദാൽ’’ ,,

എന്നിങ്ങനെ പാദംപാദമായി നിറുത്തി ഒരാൾ പാടിക്കൊടുക്കുന്ന ആ സ്തുതിയിലെ ഓരോ അടി നിറുത്തുമ്പോഴും മററുള്ള അയ്യപ്പന്മാർ ‘അയ്യപ്പൻ’ എന്നിങ്ങനെ വിളിക്കുന്നു. വേറെ ഒരു കീർത്തനത്തിൽ,

‘‘ഹരിഹരസുതനാമയ്യനെസ്സേവ
ചെയ്യാൻ (അയ്യപ്പൻ)
മാനുഷർ നമ്മളെല്ലാം ,,
കേടുപിഴ വരാതിരിക്കാൻ ,,
മണ്ഡലം നോയ്മ്പു നോററു് ,,
കെട്ടുകൾ കെട്ടിക്കൊണ്ടു് ,,
അയ്യനുടെ താവളത്തിൽ ,,
നമ്മളിതാ ആർത്തുപുക്കു്’’ ,,

എന്നിങ്ങനെയാണു് സ്തുതിയുടെ പോക്കു്.

‘‘തനിക്കോമൽക്കിടാവാം (അയ്യപ്പൻ)
കരിമ്പുലിക്കഴുത്തിലേറി ,,
കാശി രാമേശ്വരം പാണ്ടി
മലയാളം ,,
അടച്ചുവാണും വാഴിച്ചുമി–
രിക്കും നമ്മുടെ ,,
ശബരിമലധർമ്മശാസ്താവു് ,,
ഹരിഹരസുതനയ്യനയ്യപ്പ–
സ്വാമിയേ ശരണമയ്യപ്പാ!’’ ,,

എന്നിങ്ങനെയാണു് മറെറാരു സ്തുതി സമാപിക്കുന്നതു്.

അപ്പോഴും ആഴി ജ്വലിച്ചുകൊണ്ടിരിക്കും. സ്തുതിയുടെ അവസാനത്തിൽ ചില വന്ദനശ്ലോകങ്ങൾ ചൊല്ലി എല്ലാവരും ആഴിയിൽ പൊടിതൂവുന്നു. അനന്തരം മാറിയിരുന്നു് ഏതാനും കീർത്തനങ്ങൾ എല്ലാവരുംകൂടി പാടുന്നു. മദ്ധ്യതിരുവിതാംകൂർ ഭാഗത്തു് മുമ്പു പാടിവന്ന ഒരു കീർത്തനമാണു് ‘കല്യാണഗുണാലയ! കാമദ!’ എന്നാരംഭിക്കുന്നതും ‘ചൊല്ലേറും ശബരിമഹാമല വാണരുളും നാഥ നമസ്തേ!’ എന്നു് ഓരോ നാലാംപാദത്തിലും അവസാനിക്കുന്നതുമായ പതിമ്മൂന്നോളം ചതുഷ്പദികളുള്ള കീർത്തനം. ഏററവും ഭക്തിസംവർദ്ധകമായ ഒരു മട്ടിലാണു് അവർ അതു പാടി കേട്ടിട്ടുള്ളതു്. മാതൃകയ്ക്കുവേണ്ടി അങ്ങിങ്ങു് മൂന്നു ചതുഷ്പദികൾ താഴെ ചേർക്കുന്നു:

കല്യാണഗുണാലയ! കാമദ!
മല്ലാരി മഹേശ്വരനന്ദന!
വില്ലാളി മഹാഭുജവിക്രമ!
മുല്ലായുധതുല്യശരീരാ!
വല്ലാത്ത വിപത്തുകൾ നീക്കി–
ക്കല്യാണമെനിക്കരുളീടുക
ചൊല്ലേറും ശബരിമഹാമല
വാണരുളും നാഥ! നമസ്തേ!

കേടുഭവിച്ചീടുന്നവരും,
ചൂടുപിടിച്ചീടുന്നവരും
വീടുഭരിച്ചീടുവതിന്നായ്
സന്തതിധനമില്ലാത്തവരും
കാടും മല കേറിവരുന്നവ–
ർക്കാടലുടൻ തീർത്തരുളീടുക
ചൊല്ലേറും ശബരിമഹാമല
വാണരുളും നാഥ നമസ്തേ!

കൈലാസസമാനമതാകിയ
ശൈലോപരി വാണു നിയതം
ഭൂലോകവിലോകവിചക്ഷണ
ലീലാരസമെന്തുരചെയ്യാം
ആലസ്യമശേഷം തീർത്തിഹ
പാലിപ്പതിനാരുള്ളിതുപോൽ
ചൊല്ലേറും ശബരിമഹാമല
വാണരുളും നാഥ! നമസ്തേ!

കീർത്തനങ്ങൾ കഴിയുമ്പോഴേക്കും ആഴി എരിഞ്ഞടങ്ങി കനൽക്കട്ടയുടെ ഒരു ശേഖരമായി പരിണമിച്ചിരിക്കും. അതിൽ, പെരിയസ്വാമി പട്ടു്, ചന്ദനമുട്ടി, എണ്ണ മുതലായവ അർപ്പിക്കുകയും നാളികേരം എറിഞ്ഞു് കർപ്പൂരദീപത്താൽ ആരാധിച്ചു് ആഴിപ്രസാദം എടുക്കുകയും

* അയ്യപ്പനു മാതാപിതാക്കന്മാർ ഇട്ട പേരു് കേരളൻ എന്നായിരുന്നു എന്നു് പല പാട്ടുകളും കൊണ്ടു കാണുന്നുണ്ടു്.

ചെയ്യുന്നു. പ്രസാദവുമായി അയ്യപ്പന്മാർ പടുക്കവെച്ചിരിക്കുന്നിടത്തെത്തി നീരാജനം ഉഴിഞ്ഞു് ഭഗവാനേയും ഉപദേവതകളേയും ഉദ്വാസനംചെയ്തു പടുക്ക ഇളക്കുന്നു. പ്രസാദവും നൈവേദ്യസാധനങ്ങളും അയ്യപ്പന്മാർക്കും കൂടിയിരിക്കുന്ന ഭക്തജനങ്ങൾക്കും നാട്ടാർക്കും വിതരണംചെയ്യുന്നു. ചടങ്ങുകൾക്കു കൂടുതൽ മിഴിവുനല്കാൻ വാദ്യഘോഷങ്ങൾ, വായ്ക്കുരവ മുതലായവയും ഉണ്ടായിരിക്കും. വില്ലടിച്ചാൻപാട്ടു് (വിൽപ്പാട്ടു്), ഉടുക്കുപാട്ടു്, ഭജന മുതലായവയും ആഴിസംബന്ധിച്ചു നടത്താറുണ്ടു്. ആകെപ്പാടെ ഭക്തിഭരിതമായ ഒരു കേരളീയാന്തരീക്ഷത്തിൽ, സ്നേഹസൗഹാർദ്ദമയവും സൗജന്യശീതളവുമായി ഹൃദ്യമായ ഒരു അടിയന്തിരമാണു് ആഴിപൂജയും വെള്ളംകുടിയും.

ആഴി നടത്തിയ അയ്യപ്പൻ ശബരിമലയിൽനിന്നു തിരിയെ വരുന്നതുവരെ ആഴിയിൽ ദിവസവും സന്ധ്യയ്ക്കു വിളക്കുവച്ചും, പന്തൽ ശുദ്ധമായി സൂക്ഷിച്ചും അവയുടെ പാവനത പരിരക്ഷിക്കണമെന്നാണു് വിധി.

ശരണംവിളികൾ, ആഴിപൂജകൾ, ശാസ്താംപാട്ടുകൾ, ഭജനകൾ എന്നിവ ഒരു മണ്ഡലത്തിലധികം നിരന്തരം നടന്നതിന്റെ ഫലമായി വളർന്നുവന്ന ഭക്തിഭരിതമായ അന്തരീക്ഷം ഒടുവിൽ കെട്ടുമുറുക്കു് എന്ന ചടങ്ങിനോടടുക്കുകയാണു്. തീർത്ഥയാത്ര തുടങ്ങുന്നതിന്റെ ആരംഭച്ചടങ്ങാണു് കെട്ടുമുറുക്കു്. പഴയകാലങ്ങളിൽ ആയിരുന്ന തോതിലല്ലെങ്കിലും ഇന്നും ഇതു് ഹൃദയസ്പർശിയായ ഒരു സന്ദർഭമായിട്ടാണു് അനുഭവപ്പെടുന്നതു്. മുൻകാലങ്ങളിലാണെങ്കിൽ, കുന്നും മലയും കയറി, ആന, കടുവ മുതലായ ജന്തുക്കൾനിറഞ്ഞ വനങ്ങളിലൂടെയുള്ള യാത്ര തികച്ചും ആപന്നിബിഡമായിരുന്നു. സ്വാമികൃപകൊണ്ടു് തിരിയെ വന്നെങ്കിലായി എന്ന മനോഭാവത്തോടെയാണു് അന്നൊക്കെ മിക്കവരും യാത്രപോയിരുന്നതു്. പോരെങ്കിൽ വ്രതത്തിനിടയ്ക്കു് എന്തെങ്കിലും തെററുപററിയിരിക്കുമോ എന്ന ഭയം ഇല്ലാത്തവർ ചുരുക്കമായിരുന്നു. അതുകൊണ്ടു് കെട്ടും എടുത്തുകൊണ്ടു സ്വഗൃഹത്തിൽനിന്നു് അയ്യപ്പൻ യാത്രതിരിക്കുന്ന സന്ദർഭം വളരെ ഉല്ക്കണ്ഠാജനകമാണു്. എന്നാൽ അതിനു് ഒരു മറുവശമുണ്ടു്. സർവ്വസ്വവും അയ്യപ്പനിൽ സമർപ്പിച്ചു് ഭക്തവത്സലനായ അയ്യപ്പൻ മനസ്സറിയാതെവന്ന തെററു ക്ഷമിക്കുമെന്നു പൂർണ്ണമായി വിശ്വസിച്ചും അതിനുവേണ്ടി ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചുംകൊണ്ടാണു് പള്ളിക്കെട്ടു തലയിൽ താങ്ങി അയ്യപ്പന്മാർ പുറപ്പെടുന്നതു്. അതുകൊണ്ടു് ഇറങ്ങിക്കഴിഞ്ഞാൽ ഭയമില്ല. കെട്ടു മുറുക്കുന്നതിനും പലവിധത്തിലുള്ള സജ്ജീകരണങ്ങൾ നടത്തേണ്ടതായിട്ടുണ്ടു്. ശബരിമലയാത്രയുടെ ലാഘവം വർദ്ധിച്ചുവരുന്ന ഇക്കാലത്തു് ഈവക സജ്ജീകരണങ്ങളുടേയും സമ്പ്രദായം വളരെ ലഘുവായിട്ടുണ്ടെങ്കിലും, മുറപ്രകാരം മലയ്ക്കുപോകുന്ന ഒരു ഭക്തനെ സംബന്ധിച്ചിടത്തോളം കെട്ടുമുറുക്കു് ഇന്നും ഗൗരവാവഹമായ ഒരു കാര്യംതന്നെയാണു്.

ഇരുമുടിക്കെട്ടും, അതിനുള്ളിൽ കൊള്ളിക്കേണ്ട സാധനങ്ങൾക്കായുള്ള സഞ്ചികളും ശ്രദ്ധിച്ചു തുന്നിച്ചെടുക്കേണ്ടതായിട്ടുണ്ടു്. പല ഇനത്തിലുള്ള വഴിപാടുകൾക്കും, വ്രതക്കാരന്റെതന്നെ എട്ടുപത്തു ദിവസത്തെ സ്വന്തം ആവശ്യത്തിലേക്കുവേണ്ട സാധനങ്ങളും നേരത്തെ കരുതേണ്ടതായിട്ടുണ്ടു്. യോഗങ്ങൾ നിലവിലിരുന്നപ്പോൾ, കെട്ടുമുറുക്കുകാരനായ അയ്യപ്പൻ വെററിലപുകയിലവച്ചു് പെരിയ അയ്യപ്പനെ വിവരം കാലേക്കൂട്ടി അറിയിക്കണമായിരുന്നു. അതതു സ്ഥലത്തുനിന്നു യാത്രയ്ക്കു വേണ്ടിവരുന്ന ദൂരം അനുസരിച്ചായിരുന്നു പുറപ്പെടേണ്ട ദിവസം നിശ്ചയിക്കാറുണ്ടായിരുന്നതു്. കരുതേണ്ട സാധനങ്ങളുടെ ഒരു ലിസ്റ്റു് പെരിയ അയ്യപ്പൻ കൊടുക്കുന്നു. അതൊക്കെ യഥാവിധി സജ്ജീകരിക്കുന്നതോടുകൂടി നിശ്ചിതദിവസം കെട്ടുനിറയ്ക്കലും കെട്ടുമുറുക്കും നടത്തപ്പെടുന്നു. പെരിയസ്വാമിയുടേയും ഏതാനും അയ്യപ്പന്മാരുടേയും ആഭിമുഖ്യത്തിലായിരിക്കും അതു നടത്തുക. അവനവന്റെ സ്ഥിതിയനുസരിച്ചു് ഇതിനും വാദ്യഘോഷങ്ങൾ, സദ്യവട്ടങ്ങൾ മുതലായവ ഉണ്ടായിരിക്കാവുന്നതാണു്. കെട്ടുമുറുക്കു നടത്തുന്ന സ്ഥലം പരിശുദ്ധമായിരിക്കണം. വീടുകളിൽ അതിനുതകുന്ന സ്ഥലമില്ലെങ്കിൽ ക്ഷേത്രങ്ങളിൽവച്ചു് ആകാം. ആഴിപൂജയ്ക്കു ചെയ്തതുപോലെ പന്തൽകെട്ടി അലങ്കരിച്ചു് പീഠം, നിറപറ, ഗണപതിക്കൊരുക്കു് മുതലായവ

യും വേണം. കുറഞ്ഞതോതിലാണെങ്കിൽ ഭദ്രദീപം, അവൽ, മലർ, നാളികേരം മുതലായവയായാലും മതിയാകും. പീഠംവച്ചു ശുദ്ധിവരുത്തിയ നാളികേരത്തിൽ ഭഗവാനെ ആവാഹിച്ചിരുത്തി ഗണപതിപൂജ നടത്തിയശേഷം കെട്ടുമുറുക്കുകാരനായ അയ്യപ്പനെ കറുപ്പുകച്ച കെട്ടിക്കുന്നു. ഏററവും ഭക്തിയോടുകൂടി സ്വാമിയെ സ്തുതിച്ച് ശരണംവിളിച്ചുകൊണ്ടുവേണം കെട്ടുമുറുക്കു സംബന്ധിച്ചുള്ള ഓരോ കൃത്യവും നിവ്വഹിക്കേണ്ടതു്.

പള്ളിക്കെട്ടിനുപയോഗിക്കുന്ന സഞ്ചിക്ക് രണ്ടു പ്രധാന അറകളുള്ളതിനാലാണ് 'ഇരുമുടിക്കെട്ട്' എന്ന് അതിനു പേരുവന്നതു്. 'മുൻകെട്ട്', 'പിൻകെട്ട്' എന്നീ പേരുകൾകൊണ്ട് അവയെ പ്രത്യേകംകുറിക്കുന്നു. ധാരാളം സാധനങ്ങൾ കൊള്ളിച്ചാലും ഒതുക്കംതോന്നത്തക്കവിധം സൗകര്യമായിട്ടാണ് അതു വിഭാവനചെയ്യപ്പെട്ടിട്ടുള്ളതു്. കെട്ടുനിറച്ചുതുടങ്ങുന്നതിനു മുമ്പ്, ഒരു പുത്തൻ വിരിപ്പാ വിരിച്ച് അതിനെ ശുദ്ധീകരിച്ച് അതിൽ കരിമ്പടം വിരിക്കുകയും, അതിനുമീതെ ഇരുമുടി വിരിക്കുകയുംചെയ്യുന്നു. പിന്നെ കെട്ടുനിറയ്ക്കുന്ന ചടങ്ങായി. കെട്ടുമുറുക്കുകാരൻ, സ്വാമിയെ ധ്യാനിച്ച് 'സ്വാമിശരണമയ്യപ്പാ' എന്നു വിളിച്ചുകൊണ്ട് വെററിലപാക്ക്, നാണയം, ഒരു നാളികേരം എന്നിവ ഒരുമിച്ചു നെഞ്ചിൽ ചേത്തുപിടിച്ചുകൊണ്ട് പരമശിവനെ സ്മരിച്ച് ആത്മാപ്പണംചെയ്ത് സ്വാമിമന്ത്രത്തോടുകൂടി പ്രാണപ്രതിഷ്ഠനടത്തി, സ്വാമിയെ തൻെറ പള്ളിക്കെട്ടിൽ ആവാഹിച്ചു പ്രതിഷ്ഠിക്കുന്നതായി ധ്യാനിച്ചുകൊണ്ട്, സ്വാമിക്ക് അഭിഷേകത്തിനുള്ള നെയ്ത്തേങ്ങ, കർപ്പൂരം, കടുത്തസ്വാമിക്കുള്ള അവൽ, മലർ, പൊടികൾ, കാണിക്ക, വഴിപാടുസാധനങ്ങൾ, അരി ഇവയും പൂജയ്ക്കുള്ള മററു സാധനങ്ങളും മുൻകെട്ടിൽ നിറയ്ക്കുന്നു. അതോടുകൂടി കെട്ട് സ്വാമിസാന്നിദ്ധ്യത്താൽ ചൈതന്യമുള്ളതായിത്തീരുന്നു. പിന്നെ സ്വാമിയെ ധ്യാനിച്ചു ശരണംവിളിച്ചുകൊണ്ട് മൂന്നുപ്രാവശ്യം കൈനിറയെ അരി മുൻകെട്ടിൽ വാരിയിടുകയും, തുടന്ന് നിശ്ചയിച്ചിടത്തോളം അരി പ്രത്യേകം സഞ്ചിയിൽക്കെട്ടി കെട്ടിൽ നിക്ഷേപിക്കുകയുംചെയ്യുന്നു. അങ്ങനെ ചെയ്യുന്നതിനുമുമ്പായി മൂന്നുകൈ അരി അതിൽനിന്ന് അരിയിരുന്ന പാത്രത്തിലേക്കു തിരിയെ ഇടാറുള്ളതു്, തിരിച്ചു വരുമ്പോൾ അയ്യപ്പനുണ്ണാനുള്ളതാണെന്ന സങ്കല്പത്തിലാണത്രെ. പിന്നീട് വളരെ പരിശുദ്ധമായി തയാറാക്കീട്ടുള്ളതും, സ്വാമിയുടെ പാവനമുദ്രയായി കരുതിവരുന്നതുമായ നെയ്ത്തേങ്ങ കെട്ടിൽ ഭക്തിപൂവ്വം വയ്ക്കുന്നു. പിന്നെ വഴിപാടുസാമാനങ്ങളാണു കൊള്ളിക്കുന്നതു്. കർപ്പൂരം, അഷ്ടഗന്ധം, പനിനീർ, സാമ്പ്രാണിത്തിരി, മഞ്ഞൾപ്പൊടി എന്നിവയാണ് അവയിൽ പ്രധാനം. എല്ലാം സൗകര്യാനുസരണം പ്രത്യേകം സഞ്ചികളിലാക്കേണ്ടതാണ്. ഇത്രയും ശരിപ്പെട്ടുകഴിയുമ്പോൾ പെരിയസ്വാമി, ശരണംവിളിയോടുകൂടി മുൻകെട്ട് മുറുക്കിക്കെട്ടുന്നു.

പിൻകെട്ടിൽ മിക്കവാറും പലവക സാമാനങ്ങളാണു നിറയ്ക്കുന്നതു്. അവയിൽ നാളികേരമാണ് കൂടുതൽ. ഓരോസ്ഥലത്തു് എറിയാനും ഉരുട്ടാനും, പമ്പ, കമ്പളംതോട് എന്നിവിടങ്ങളിലെ സദ്യകൾക്കും തേങ്ങ വേണ്ടിവരുന്നു. ചമ്മന്തിപ്പൊടി, പപ്പടം, വററലുകൾ, പഞ്ചസാര, കാപ്പിപ്പൊടി, എണ്ണ, വെളിച്ചെണ്ണ, തോത്ത്, അലക്കുവസ്ത്രം, അരിവയ്ക്കാനും കഞ്ഞികുടിക്കാനും ഉള്ള പാത്രങ്ങൾ, കൈച്ചിരവ, കുത്തുവിളക്ക് എന്നിവവരെ പഴയകാലത്തു പിൻകെട്ടുകളിൽ കൊള്ളിച്ചുവന്നിരുന്നു. ഇതെല്ലാംകൂടി പ്രത്യേകം കെട്ടിക്കഴിഞ്ഞ് കെട്ടിൻെറ രണ്ടു മുടികളും തമ്മിൽ ഒതുങ്ങി ഇരിക്കത്തക്കവിധം ബന്ധിക്കുന്നു. മുൻപു വിരിച്ച വിരിപ്പായ് തെറുത്തുകെട്ടി ചേക്കുന്നു. കരിമ്പടം മടക്കിയിട്ടു കെട്ട് അതിൽ എടുത്തുവയ്ക്കുന്നു. ഇത്രയുമായാൽ പഴയമട്ടിൽ കെട്ടുമുറുക്കുക എന്ന ചടങ്ങു പൂണ്ണമാകുന്നു.

ഇനി അയ്യപ്പൻെറ സവ്വപ്രായശ്ചിത്തവും ഗുരുദക്ഷിണ മുതലായ കാര്യങ്ങളുമാണ്. ''വ്രതകാലത്തു് അറിഞ്ഞോ അറിയാതെയോ വന്നുപോയിട്ടുള്ള സകല തെററുകളും ക്ഷമിച്ചു മലചവിട്ടിച്ചു സ്വാമിദശനം നടത്തിച്ചു തിരിയെവരുവാൻ അനുഗ്രഹിക്കേണമേ'' എന്ന പ്രാത്ഥനയോടും സ്വാമിശരണംവിളികളോടുമാണ് പ്രായശ്ചിത്തംചെയ്യുന്നതു്. സവ്വപ്രായശ്ചിത്ത

REFEREN

സമയത്തു പ്രായശ്ചിത്തവാചകം ഉറക്കെ വിളിച്ചുകൊണ്ടു കെട്ടിൻപുറത്തു വെററില, പാക്കു്, പണം എന്നിവ ദക്ഷിണവച്ചു സാഷ്ടാംഗപ്രണാമംചെയ്തു കെട്ടു തൊട്ടുതൊഴുതു വന്ദിക്കണം. അതു കഴിഞ്ഞാലുടനെ പിതൃക്കളെ നമസ്കരിച്ചു തെക്കുപുറത്തു ചെന്നു പ്രാർത്ഥിക്കുന്നു. പിന്നീടു തന്നെക്കാൾ മൂപ്പുള്ള കുടുംബാംഗങ്ങൾക്കും, ബന്ധുക്കൾക്കും, രണ്ടാംകന്നി, മൂന്നാംകന്നി, പഴമക്കാർ എന്നിവർക്കും ദക്ഷിണ കൊടുക്കുന്നു. അതിനുശേഷം അടുക്കളയിൽനിന്നു ഭക്ഷണം കഴിക്കുന്നു. തിരിയെവന്നു മാതാവിനു ദക്ഷിണ കൊടുക്കുന്നു. ഒടുവിൽ കർപ്പൂരം ആരാധിച്ചു്, കിഴക്കഭിമുഖമായിനിന്നു്, പെരിയസ്വാമിയുടെ സഹായത്തോടെ അടിയിൽ കരിമ്പടമടക്കിനോടൊപ്പം ഇരുമുടിക്കെട്ടു തലയിലേററി ശരണംവിളിച്ചു്, തേങ്ങായടിച്ചു ഭവനംവിടുന്നു.

പഴയകാലത്തെ ചുററുപാടുകളിൽ ആപന്നിബിഡമായ ഒരു യാത്രയ്ക്കായുള്ള ആ വേർപാടുരംഗം, പോകുന്ന ആളിനേയും നില്ക്കുന്നവരേയും ഒരുപോലെ വികാരഭരിതമാക്കുന്ന ഒന്നാണു്. എന്നാൽ, 'ശരണമയ്യപ്പൻ' എന്ന ചിന്തയല്ലാതെ മറെറാന്നും അപ്പോൾ മനസ്സിലുണ്ടായിരുന്നുകൂടാ. ബന്ധുക്കളോടോ, കളത്രപുത്രാദികളോടോ, ആരോടും യാത്ര പറഞ്ഞുകൂടാ. ആരേയും തിരിഞ്ഞുനോക്കുകയും അരുതു്. ലൗകികമമതകളാൽ മഥിതനാകേണ്ട സന്ദർഭമല്ല അതു്. എല്ലാം ഈശ്വരനിൽ സമർപ്പിച്ചു സമാധാനംകൊള്ളേണ്ട ഒരേകാഗ്രനിമിഷമാണു് അതു്. അതിനു തുല്യമായി മറെറാന്നുമില്ല. സ്വാമിമന്ത്രോച്ചാരണത്തോടുകൂടി സ്വാമിക്കു സ്വയം സമർപ്പിതനാകുന്ന ഭക്തനു് അപ്പോൾമുതൽ യാതൊരുല്ക്കണ്ഠയ്ക്കും അവകാശമില്ല. എല്ലാത്തിനും അയ്യപ്പൻ തന്നെ ശരണം.

''തമേവ ശരണം ഗച്ഛ
സർവ്വഭാവേന ഭാരത''

എന്ന ഗീതയിലെ ശരണാഗതന്റെ അവസ്ഥയ്ക്കു് ഇതിനെക്കാൾ ഉത്തമമായ ഒരു ദൃഷ്ടാന്തമേതു്?

ഇരുമുടിക്കെട്ടുമായി ദുർഗ്ഗമമായ വനപർവ്വതമാർഗ്ഗങ്ങളിലൂടെ സ്വാമിസന്നിധിയിലേക്കു യാത്രചെയ്യുന്ന അയ്യപ്പൻ, നിരവധി വിഷമങ്ങൾ സഹിച്ചും, എന്നാൽ പാവനമായ ഒരു ലക്ഷ്യം മുന്നിൽ കണ്ടും മുന്നോട്ടുപോകുന്ന ജീവിതയാത്രികനായ മനുഷ്യന്റെ ശരിയായ ഒരു പ്രതീകമാണു്. കെട്ടിന്റെ മുടികൾ, മനുഷ്യസത്തയിലെ ആത്മീയവും ഭൗതികവുമായ ഘടകങ്ങളായി പരിഗണിക്കാം. നെയ്ത്തേങ്ങ, വഴിപാടുദ്രവ്യങ്ങൾ മുതലായി ആത്മീയസ്പർശമുള്ള സാധനങ്ങൾ അടങ്ങിയ മുൻകെട്ടും ലൗകികാവശ്യത്തിനുതകുന്ന ഉപകരണങ്ങൾ അടങ്ങിയ പിൻകെട്ടും മനുഷ്യനിലെ ആദ്ധ്യാത്മികഭൗതികതലങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നതായി വിചാരിക്കാവുന്നതാണു്. ഓരോ ജീവാത്മാവും ഭേസുന്ന പുണ്യപാപസങ്കലിതമായ ജീവിതഭാണ്ഡമായും അതിനെ കരുതാവുന്നതാണു്. സാക്ഷാൽ ജീവിതപഥംപോലെതന്നെ നിമ്നോന്നതങ്ങളും ദുസ്തരങ്ങളുമായ മാർഗ്ഗങ്ങൾ തരണംചെയ്തു മുന്നോട്ടുപോകുന്ന ഒരു പ്രയാണമാണു് ശബരിമലയാത്ര. സ്വായത്തമായ ചൈതന്യശക്തിയെ ഏകാഗ്രമായി കേന്ദ്രീകരിച്ചു പ്രയാണമാർഗ്ഗങ്ങളിലെ പ്രതിബന്ധദുർഗ്ഗങ്ങളിൽ ഓരോന്നിനേയും ധീരമായും കർമ്മക്ഷമതയോടും കടന്നു് നിശ്ചിതലക്ഷ്യത്തിൽ — ഈശ്വരസാക്ഷാൽക്കാരത്തിൽ — ചെന്നെത്തുകയെന്നതു് ജീവിതയാത്രയ്ക്കും ശബരിമലയാത്രയ്ക്കും ഒരുപോലെയുള്ള ധർമ്മമാണു്. യോഗമാർഗ്ഗത്തിലൂടെ സച്ചിദാനന്ദസായൂജ്യത്തിലേക്കു് ഉയരുന്ന സാധകചിത്തം കടന്നുപോകുന്ന വിവിധപടികളുടെ പ്രതീതിയും ശബരിമലയാത്രയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഉണ്ടാകാതിരിക്കുന്നില്ല. പരമഗുരുവായ അയ്യപ്പൻ ഭക്തജനങ്ങൾക്കു് ഏതുകാലത്തും പ്രസക്തമായ ഒരു നിത്യസത്യമാർഗ്ഗമാണു് ഉപദേശിച്ചതു്.

ശബരിമലയാത്രയുടെ വിശദവിവരങ്ങളിലേക്കു് ഇനി കടക്കാം. നാനാ വഴിക്കുനിന്നും അയ്യപ്പന്മാർ എരുമേലിയിൽ എത്തുന്നതോടുകൂടി യാത്രയുടെ പ്രധാനഘട്ടം ആരംഭിക്കുന്നു. ശബരിമലയോടനുബന്ധിച്ചു് എരുമേലിയുടെ ചരിത്രപരമായ പ്രാധാന്യമെന്തെന്നു് അയ്യപ്പന്റെ കഥ വിവരിച്ചപ്പോൾ പറഞ്ഞുകഴിഞ്ഞു. പല ശതാബ്ദങ്ങൾക്കു മുമ്പു് ശബരിമലയിലേക്കുള്ള മഹാപ്രസ്ഥാനത്തിന്റെ ആരംഭം എരുമേലിയിൽനിന്നായിരുന്നതു് അന്നേ ആ

സ്ഥലത്തിന് കേന്ദ്രസ്ഥാനീയമായിട്ടുണ്ടായിരുന്ന പ്രാധാന്യംകൊണ്ടാണ്. ആ പ്രാധാന്യം അന്നത്തെപ്പോലെ ഇന്നുമുണ്ട്. പോരെങ്കിൽ ശ്രീരാമസ്വാമിക്ക് ശ്രീഹനൂമാൻ എന്നപോലെ, അയ്യപ്പന് ഏററവും വലിയ വിശ്വാസപാത്രവും, ഭക്തശിരോമണിയുമായിരുന്ന വാവരുടെ ആസ്ഥാനമെന്ന നിലയിൽ എരുമേലി എന്നും ഒരു പുണ്യസ്ഥലമായി പരിലസിക്കും. ചൈതന്യംതുളുമ്പുന്ന മുഖഭാവത്തോടെ മൃഗയാലോലൻെറ രൂപം കൈക്കൊണ്ടുനില്ക്കുന്ന എരുമേലിശാസ്താവിൻെറ ക്ഷേത്രത്തോടൊപ്പം, സമീപസ്ഥമായ വാവരുടെ പള്ളിയും ശബരിമലയാത്രക്കാർക്ക് പരിപാവനമാണ്. ഇന്നു വണ്ടിപ്പെരിയാർ, ചാലക്കയം എന്നിവിടങ്ങളിലൂടെയുള്ള എളുപ്പവഴികൾ തെളിഞ്ഞതോടുകൂടി പഴയ വഴിയേ യാത്രചെയ്യുന്നതിനുള്ള നിഷ്ഠ സാരമായവിധം കുറഞ്ഞിട്ടുണ്ട്. എങ്കിലും എരുമേലിയുടെ പ്രാധാന്യം ഒട്ടും ഇടിഞ്ഞിട്ടില്ല. വിവിധദേശങ്ങളിൽനിന്ന് വിവിധമാർഗ്ഗങ്ങളിലൂടെ പ്രവഹിക്കുന്ന ജനാവലികൾ എരുമേലിയിൽവച്ച് ഒരു അയ്യപ്പമഹാസമുദ്രമായി പരിണമിക്കുന്നു. ശാസ്താക്ഷേത്രത്തിനും പള്ളിക്കും പുറമെ പുരാതനകാലം മുതല്ക്കേയുള്ള പേട്ട(കമ്പോളം)യും എരുമേലിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. സ്ഥലവാസികളിൽ ഒരു നല്ലവിഭാഗം മുസ്ലീങ്ങളാണ്. ധനു 26–ാംതീയതിയോടുകൂടി അയ്യപ്പന്മാർ എരുമേലിയിലെത്തുമ്പോൾ വാവരുടെ പള്ളിയിലും കൊടിയേറി പെരുന്നാൾ ആരംഭിച്ചിരിക്കും. അയ്യപ്പന്മാർ അവിടെയും ആരാധന നടത്തുന്നു. ഇൻഡ്യയിൽ മറെറാരിടത്തും രണ്ടു മതസ്ഥർതമ്മിൽ, വിശേഷിച്ചും ഹിന്ദു–മുസ്ലീം മതസ്ഥർതമ്മിൽ, ഇതുപോലെ ആരാധനാരംഗത്തുള്ള ദൃഢമൈത്രി കണ്ടെത്താൻ കഴിയുമെന്നു തോന്നുന്നില്ല. ശതവർഷങ്ങൾക്കുമുമ്പ് അയ്യപ്പൻ നല്കിയ ആ പ്രചോദനം ഇന്നും സജീവമായി നിലനില്ക്കുന്നു.

എരുമേലിക്ഷേത്രത്തിൽ ഹരിഹരപുത്രനായ ധർമ്മശാസ്താവ് വില്ലും അമ്പും ധരിച്ച് നായാട്ടിന് ഒരുമ്പെട്ടുനില്ക്കുന്നതായിട്ടാണ് പ്രതിഷ്ഠാസങ്കല്പം. പേട്ടതുള്ളലിൽ ആ സങ്കല്പത്തിനനുയോജ്യമായ ഒരു ചടങ്ങാണ് നടക്കുന്നത്. പേട്ടതുള്ളാതെ അയ്യപ്പന്മാർ കോട്ടപ്പടി കടന്നു പൂങ്കാവനം ചവിട്ടിക്കൂടാ എന്നാണ് നിയമം. മുൻകാലങ്ങളിൽ അയ്യപ്പന്മാരുടെ സംഖ്യ പരിമിതമായിരിക്കുകയും, പഴയ ചിട്ടപ്രകാരം എല്ലാവരും ധനു 26–ാംതീയതിതന്നെ എരുമേലിയിൽ വന്നുചേരുകയും ചെയ്തിരുന്നപ്പോൾ പേട്ടതുള്ളൽ 27–ാംനു നടത്തിവന്നു. ഇക്കാലത്തു് ഏതാണ്ട് 20–ാംതീയതിക്കു മുമ്പുമുതല്ക്കേ അയ്യപ്പന്മാർ എരുമേലിയിൽ എത്തുന്നതിനാൽ സൗകര്യാർത്ഥം കാലേകൂട്ടിത്തന്നെ പേട്ടതുള്ളൽ പലരും പല ദിവസങ്ങളിൽ നടത്തുന്നു.

പേട്ടതുള്ളലിൻെറ ഒരേകദേശരൂപം അയ്യപ്പൻെറ ശബരിമലയിലേക്കുള്ള സൈനികയാത്രയുടെ കാര്യം വിവരിച്ചപ്പോൾ നല്കുകയുണ്ടായി. എങ്കിലും, അതിൻെറ ചടങ്ങുകളുടെ ആന്തരാർത്ഥം വിവാദജനകമാണ്. അയ്യപ്പൻ പുലിപ്പാലിനുപോയവഴി എരുമേലിയിൽവച്ച് കൊല്ലുവാനിടയായ ഉപദ്രവിയായ ഒരു എരുമയുടെ ശരീരം, അമാനുഷശക്ത്യാ അവിടുന്നുതന്നെ രണ്ടായി ചമഞ്ഞു് ഒരു ദണ്ഡിൽ കെട്ടിത്തൂക്കിക്കൊണ്ടു പോയതിനെ അനുസ്മരിപ്പിക്കുന്നതാണ് പേട്ടതുള്ളൽ എന്നാണ് ഒരു ഐതിഹ്യം. എരുമേലിക്ഷേത്രത്തിലെ പ്രതിഷ്ഠ, നായാട്ടിനൊരുമ്പെട്ടുനില്ക്കുന്ന ശാസ്താവാകയാൽ അവിടുത്തെ പേട്ട, ശാസ്താവിൻെറ മൃഗയാവിനോദത്തിൻെറ പ്രതീകമാണെന്നു ചിലർ അഭ്യൂഹിക്കുന്നു. എന്നാൽ, അയ്യപ്പൻെറ സൈനികയാത്രയെക്കുറിച്ചു പ്രതിപാദിച്ചപ്പോൾ പ്രസ്താവിച്ചതുപോലെ, ശബരിമലയുടെ പുനരുദ്ധാരണത്തിനു വിവിധദേശങ്ങളിൽനിന്ന് ആഗതരായ ജനങ്ങൾതമ്മിൽ പരസ്പരവേഴ്ചയ്ക്കു പ്രതിബന്ധമായി മുററിനിന്ന അകൽച്ചകളുടെ സ്ഥാനത്തു് പരിചയരസവും, സമഭാവനയും, സാധർമ്മ്യബോധവും, വിനോദപരമായ ഒരു നൃത്തവിശേഷത്തിലൂടെയുള്ള ഹൃദയലാഘവവും സംജാതമാക്കാൻ അയ്യപ്പൻ നിർദ്ദേശിച്ച ഒരു മേളനപരിപാടിയുടെ ആചരണമായി എരുമേലിപ്പേട്ടയെ കരുതുന്നതായിരിക്കും യുക്തമായിട്ടുള്ളതു്.

യുദ്ധപരാക്രമങ്ങൾ, പ്രാദേശികപ്രാമാണ്യം, സ്ഥാനമാനങ്ങൾ, വമ്പ്, പ്രതാപം എന്നിവയായിരുന്നു അന്ന് എരുമേലിൽ കൂടിയവരുടെ അഹന്തയ്ക്കാസ്പദമെ

ങ്കിൽ, ഇന്നു് ഔദ്യോഗികപ്രൗഢി, ജനനേതൃത്വം, വ്യവസായവാണിജ്യാദികളിലുള്ള വിജയമത്രു് മുതലായവയാണു് ജനങ്ങളെ ഓരോ തട്ടുകളിൽ തിരിച്ചുനിറുത്തുന്നതു്. അങ്ങനെയുള്ളവക്കു്, സാമൂഹ്യജീവിതത്തിൽ പരസ്പരം സമഭാവമോ, സഹകരണബുദ്ധിയോ ഉണ്ടാകുവാൻ പ്രയാസമാണു്. എന്നാൽ എരുമേലിൽവച്ചു് അവരെല്ലാവരും ഒരുപോലെ അവലംബിക്കുന്ന നാടൻനൃത്തവേഷത്തിൽ മനുഷ്യരെ പ്രത്യേകം പ്രത്യേകം വേർതിരിച്ചു നിറുത്തുന്ന ബാഹ്യമോടികളെല്ലാം തിരോധാനം ചെയ്യുന്നു. യജമാനനും ഭൃത്യനും, പ്രധാന ഉദ്യോഗസ്ഥനും കീഴ്സിൽബന്ധിയും, മുതലാളിയും തൊഴിലാളിയും തമ്മിലുള്ള എല്ലാ അന്തരങ്ങളും പോയി മറയുന്നു. 'അയ്യപ്പത്തിന്തകത്തോം' എന്നിങ്ങനെ താളസമന്വിതമായ നിരന്തരാലാപനങ്ങൾ ഓരോരുത്തനേയും അവനവനിൽനിന്നു് സാക്ഷാൽ അയ്യപ്പനിലേക്കു നയിക്കുകയുംചെയ്യുന്നു. വാദ്യഘോഷങ്ങളുടേയും, ആരവങ്ങളുടേയും, നൎത്തനവിഹാരങ്ങളുടേയും കോലാഹലങ്ങൾക്കിടയിലും, ആത്മവിസ്മൃതിയോടെ അയ്യപ്പോന്മത്തരായിത്തീരുന്ന ആ ഭക്തസംഘം സകല ഭേദചിന്തകളും മറന്നു് അയ്യപ്പചിത്തരായിത്തീരുന്നുവെന്നതാണു് പേട്ടതുള്ളലിനെ സംബന്ധിച്ചിടത്തോളം ആന്തരമായ കാര്യം.

പേട്ടയുടെ തലേദിവസം നിശ്ചയങ്ങൾചെയ്യുന്നു. അയ്യപ്പസംഘങ്ങൾ പെരിയസ്വാമിമാരുടെ നേതൃത്വത്തിൽ ഓരോ വിരികളിൽ ഒന്നിച്ചുകൂടി വിളക്കുവെച്ചു് പിറേറദിവസം രാവിലെ നടത്തേണ്ട പേട്ടയെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ എടുക്കുന്നു. കന്നിക്കാർ, രണ്ടാംകന്നിക്കാർ എന്നിവർ ഓരോനിരക്കിൽ ഇതിലേക്കു പണം വയ്ക്കേണ്ടതായിട്ടുണ്ടു്. കന്നിക്കാർക്കാണു് ഇതു കൂടുതൽ ബാധകമാകാറുള്ളതു്. ഓരോരുത്തരും ശരണംവിളിച്ചു് അവരവരുടെ തുക വയ്ക്കുന്നു. ആകെക്കിട്ടുന്ന പണത്തിൽനിന്നു് ശബരിമല ശീവേലി വിളക്കിനു വേണ്ടിവരുന്ന തുക നീക്കിവച്ചു് ബാക്കിയാണു് പേട്ടച്ചെലവിലേക്കു് വിനിയോഗിക്കുന്നതു്.

പള്ളിക്കെട്ടുമുറുക്കിയപ്പോൾ നിവ്വഹിച്ചതുപോലെ ഒരു സവ്വപ്രായശ്ചിത്തത്തോടുകൂടിയാണു് പേട്ടതുള്ളലിനുമുമ്പുള്ള ചടങ്ങുകൾ നിവ്വഹിക്കപ്പെടുന്നതു്. പള്ളിക്കെട്ടുമായി തിരിച്ചതിനുശേഷം അറിഞ്ഞോ അറിയാതെയോ സംഭവിച്ചിട്ടുള്ള സകല തെറുകളും ക്ഷമിച്ചു് കോട്ടപ്പടി കടന്നു് പൂങ്കാവനം ചവിട്ടുവാനും, സത്യമായ പതിനെട്ടാംപടി കയറുവാനും അനുഗ്രഹിക്കണമെന്നു പ്രാത്ഥിച്ചുകൊണ്ടാണു് ഇവിടെ സവ്വപ്രായശ്ചിത്തം ചെയ്യുന്നതു്.

എരുമേലിക്ഷേത്രത്തിലും ചേർന്നുള്ള മൈതാനങ്ങളിലും വിരിവയ്ക്കുന്ന അയ്യപ്പന്മാർ ക്ഷേത്രത്തിൽ തൊഴുതു വിശ്രമിച്ച ശേഷം പേട്ടതുള്ളലിനുള്ള ഒരുക്കങ്ങൾ ആരംഭിക്കുന്നു. പെരിയ അയ്യപ്പന്മാർ മുഖാന്തരം അയ്യപ്പന്മാർ, വിശേഷിച്ചും കന്നി അയ്യപ്പന്മാർ, പേട്ടയ്ക്കു വേഷം അണിയുന്നു. കരിയും ചായങ്ങളും മുഖത്തു തേച്ചും, ചുട്ടികൾകുത്തിയും കാട്ടാളരൂപപ്രതീതി ഉണ്ടാക്കുന്ന കോലങ്ങൾ അണിയുന്നു. അരയിൽ ഓരോ തോൎത്തുമാത്രം ധരിച്ചു് കൈകളിൽ കാട്ടുചെടികളുടെ തുമ്പുകൾ അടുക്കിപ്പിടിച്ചു്, അവരിൽ ഈരണ്ടുപേർവീതം ഒരു കാട്ടുകമ്പിൻെറ അററങ്ങൾ തോളിൽവച്ചു് അതിൻെറ മദ്ധ്യത്തിൽ കരിമ്പടക്കെട്ടിൽ തൂക്കിയിട്ടുള്ള പേട്ടസ്സാധനങ്ങൾ (ചേന, കാച്ചിൽ, ഏത്തയ്ക്കാ, പഴക്കുലകൾ, ഒരു ശരക്കോൽ, ഗദ മുതലായവ) വഹിച്ചുകൊണ്ടു്,

''അയ്യപ്പത്തിന്തകത്തോം
സ്വാമിതിന്തകത്തോം
അയ്യപ്പത്തിന്തകത്തോം
സ്വാമിതിന്തകത്തോം
തിന്തകത്തോം
ധിമിതകത്തോം—
സ്വാമിതിന്തകത്തോം''

എന്നുള്ള ആക്രോശങ്ങളോടെ, താളത്തിനൊപ്പിച്ചു് ആനന്ദനൃത്തംചെയ്യുന്നു. വളരെ ആവേശഭരിതരായി തന്നത്താൻമറന്നുള്ള ഒരു തുള്ളലാണതു്.

ഇതു് ഒരു വിനോദനൃത്തമെന്നപോലെ ഒരു പുണ്യകമ്മംകൂടിയായിട്ടാണു് പരിഗണിക്കപ്പെടുന്നതു്. ഒന്നാമതായി സാക്ഷാൽ അയ്യപ്പൻ തൻെറ ശബരിമലപ്രസ്ഥാനത്തിൽ പ്രയോഗിച്ച രീതിയുടെ അനുസ്മരണയാണിതെന്ന മഹത്വം; സൈന്യങ്ങൾക്കാവശ്യമുള്ള ആയുധങ്ങൾ എരു

മേലിയിൽനിന്നു് അന്നു വാങ്ങിയതിനെ അനുസ്മരിപ്പിക്കുന്നതാണു് പേട്ടസാധനങ്ങളുടെകൂട്ടത്തിൽ ശരക്കോൽ, ഗദ മുതലായവ കൂടി ഉൾപ്പെട്ടത്തിയിരിക്കുന്നതു്. ഈ ശരക്കോലാണു് ശരംകുത്തിയാലിൽ ഒടുവിൽ നിക്ഷേപിക്കേണ്ടതു്. അഹന്താരഹിതവും, പാവനവും, ആന്തരാ ഭക്തിഭരിതവുമായ പേട്ടതുള്ളൽ കാണുന്നതുതന്നെ പാപഹരമാണെന്നു വിശ്വസിക്കപ്പെട്ടുപോരുന്നു. തുള്ളുന്നവർക്കാകട്ടെ, സ്ഥായിയായ ചില ദേഹാസ്വാസ്ഥ്യങ്ങൾ പിന്നീടു ഭേദപ്പെട്ടതിൻെറ ദൃഷ്ടാന്തങ്ങളും ഇല്ലാതെയില്ല. അയ്യപ്പന്മാർ പേട്ടക്കമ്പുമായി നൃത്തംചെയ്തു് ക്ഷേത്രത്തിനു മൂന്നുപ്രാവശ്യം പ്രദക്ഷിണംവച്ചു് നമസ്കരിച്ചു കർപ്പൂരദീപം ആരാധിച്ചു് പേട്ടതുള്ളൽ അവസാനിപ്പിക്കുന്നു.

എരുമേലിയിലെ ചടങ്ങുകളിൽ ശ്രദ്ധേയമായ മറെറാരുകാര്യം അവിടെ ദൃശ്യമാകുന്ന സമുദായസൗഹാർദ്ദമാണു്. അയ്യപ്പൻ അന്നു കാണിച്ചുകൊടുത്ത ആ ദൃഷ്ടാന്തം ഇന്നും പരിപാലിക്കപ്പെട്ടുവരുന്നു. വാവരുടെ പേട്ടയും പള്ളിയും അയ്യപ്പന്മാർ പരിപാവനമായി കരുതുന്നു. പേട്ടയിൽ ഇന്നും മഹമ്മദീയരും ഹിന്ദുക്കളും സൗഹാർദ്ദപൂർവ്വം സഹകരിക്കുന്നു. അവിടെനിന്നു് പേട്ടസ്സാമാനങ്ങൾ വാങ്ങി തിരിയെ പേട്ടതുള്ളിവരുന്ന അയ്യപ്പന്മാർ വാവരുടെ പള്ളിയിൽപ്പോയി കാണിക്കയിടുന്നു. അയ്യപ്പനും വാവരുമായി നിലനിന്ന ബന്ധവും സൗഹാർദ്ദവും അവിടെ രണ്ടു സമുദായക്കാരും നിലനിറുത്തിവരുന്നതു് ഭാരതത്തിനാകമാനം നല്ല ഒരു മാതൃകയായിരിക്കേണ്ടതാണു്.

പേട്ടതുള്ളലിനെക്കുറിച്ചു പറയുമ്പോൾ അമ്പലപ്പുഴ—ആലങ്ങാട്ടു പേട്ടകളെ സംബന്ധിച്ചു് പ്രത്യേകം പറയേണ്ടതായിട്ടുണ്ടു്. ഈ രണ്ടു നാട്ടുകാർക്കും ശബരിമലയിൽ പണ്ടേക്കാലംമുതല്ക്കേയുള്ള പ്രത്യേകപ്രാധാന്യത്തിനുള്ള ആസ്പദത്തെക്കുറിച്ചു് അയ്യപ്പൻെറ സൈനികസജ്ജീകരണങ്ങളെ സംബന്ധിച്ചുള്ള പ്രതിപാദനസന്ദർഭത്തിൽ പരാമർശിക്കുകയുണ്ടായി. ആ നാട്ടുകളിലെ കളരിത്തലവന്മാരും ഭക്തജനങ്ങളുമായിരുന്നു അയ്യപ്പൻെറ ഏററവും അടുത്ത ശിഷ്യരും ഭക്തരും. അയ്യപ്പൻ അവർക്കു നല്കിയ പ്രാമുഖ്യത്തേയും, അവർ നിർവ്വഹിച്ച സേവനങ്ങളേയും ആദരിച്ചു് പിന്നീടു പന്തളം രാജാവു് എരുമേലിയിലും, ശബരിമലക്ഷേത്രത്തിലും അവർക്കു് പല പ്രത്യേകാവകാശങ്ങളും നല്കുകയുണ്ടായി. അക്കൂട്ടത്തിലുൾപ്പെട്ടതാണു് അമ്പലപ്പുഴ—ആലങ്ങാട്ടു നാട്ടുകാരായ അയ്യപ്പന്മാരുടെ പേട്ടയ്ക്കു് നെററിപ്പട്ടംകെട്ടിയ ഗജവീരന്മാരും കുടതഴചാമരാദി അലങ്കാരങ്ങളും, ചെണ്ട, നാഗസ്വരം തുടങ്ങിയ വാദ്യമേളങ്ങളും കാണുന്നതു്.

ശബരിമല ക്ഷേത്രോത്സവങ്ങളുടേയും മററും ചുമതലകൾ തിരുവിതാംകൂർ ഗവർമ്മെൻറു് ഏറെറടുത്തതിനുശേഷവും മേല്പറഞ്ഞ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടതിനാൽ അവ പലതും ഇന്നും തുടരുന്നു. അയ്യപ്പന്മാരുടെ സംഖ്യാവർദ്ധനവുമൂലം ശബരിമലക്ഷേത്രസന്നിധിയിൽ എത്തിയശേഷം അമ്പലപ്പുഴക്കാർക്കു് പതിനെട്ടാംപടിക്കുമുകളിലും, ആലങ്ങാട്ടുകാർക്കു് മാളികപ്പുറത്തും വിരിവയ്ക്കാനുള്ള അവകാശം തുടരാൻ കുറേക്കാലമായി നിവൃത്തിയില്ലാതായിട്ടുണ്ടു്. അമ്പലപ്പുഴ—ആലങ്ങാട്ടു് പേട്ടകളിൽ, അമ്പലപ്പുഴക്കാരുടെ പേട്ടയ്ക്കാണു് കൂടുതൽ പ്രാബല്യവും പ്രശസ്തിയും. അതിനു് ദൈവികമായ ചില പ്രത്യേകതകൾ ഉള്ളതായും വിശ്വസിക്കപ്പെടുന്നു. ക്ഷേത്രത്തിൻെറ തെക്കേനടയിൽ പേട്ട എഴുന്നെള്ളിച്ചു് പടിഞ്ഞാട്ടുതിരിഞ്ഞു് നിലപാടു നില്ക്കുന്ന സന്ദർഭത്തിൽ പടിഞ്ഞാറുനിന്നു് ഒരു ചെമ്പരുന്തു് പറന്നുവന്നു് പേട്ടയെഴുന്നെള്ളത്തിനു മുകൾഭാഗത്തു ചുററിപ്പറക്കാറുണ്ടെന്നുള്ളതു് നിരന്തരം കണ്ടുവരുന്ന ഒരു കാഴ്ചയാണു്. പരുന്തിനെ കാണാത്തപക്ഷം പേട്ട നിന്നനിലപാടിൽനിന്നു് ഇളകാറില്ല. പരുന്തു വരുകയുംചെയ്യും. ഈ പതിവു് ഇതുവരെ നിറവേറാതെവന്നിട്ടില്ലെന്നാണുപറയപ്പെടുന്നതു്. ഭക്തജനങ്ങൾ വളരെ വളരെ ആവേശപൂർവ്വം സ്മരിക്കുകയും പറയുകയും ചെയ്യാറുള്ള ഒരു കാര്യമാണു് ഇതു്. ഈ കൃഷ്ണപ്പരുന്തു്, അമ്പലപ്പുഴ ക്ഷേത്രത്തിലെ ഉച്ചപ്പൂജയ്ക്കുശേഷം പേട്ട കാണാൻ എഴുന്നെള്ളുന്ന ഭഗവാൻ ശ്രീകൃഷ്ണൻെറ വാഹനമായിട്ടാണു് സങ്കല്പിക്കപ്പെടുന്നതു്. പരുന്തിൻെറ വരവിനു് വിളംബം വല്ലപ്പോഴും നേരിട്ടിട്ടുണ്ടെങ്കിൽ അപ്പോഴൊക്കെ അയ്യപ്പന്മാരുടെ ശരണംവിളിക്കു

കൂടുതൽ ആവേശം വർദ്ധിക്കുന്നതോടുകൂടി കൃഷ്ണപ്പരുന്തു വരികയുംചെയ്തിട്ടുണ്ട്.

പേട്ടതുള്ളൽ കഴിഞ്ഞു് സമീപസ്ഥമായ ആററിൽ കുളിച്ച് ചായങ്ങളും കരിയും കഴുകിക്കളയുകയാണ് പിന്നീട് അയ്യപ്പന്മാർ ചെയ്യാറുള്ളതു്. അതിനുശേഷം ക്ഷേത്രസന്നിധിയിൽ എത്തി കൗമാരസൗന്ദര്യംവഴിയുന്ന പേട്ടശാസ്താവിൻെറ ചന്ദനമുഴക്കാപ്പിൽ ശോഭിക്കുന്ന ദിവ്യവിഗ്രഹംകണ്ടു തൊഴുതു് കാണിക്ക, ദീപാരാധന, നാളികേരമുടയ്ക്കൽ മുതലായവ നടത്തി വീണ്ടും വാവരുടെ ദേവാലയത്തിൽ എത്തി വന്ദിച്ച് കോട്ടപ്പടികടന്നു്, സ്വാമിയുടെ പൂങ്കാവനമായി കരുതപ്പെടുന്ന വനപ്രദേശത്തേക്കു പ്രവേശിക്കുന്നു.

കോട്ടപ്പടി എന്നു സങ്കല്പിക്കപ്പെട്ടിട്ടുള്ള പ്രദേശം അങ്ങനെ അറിയപ്പെടുന്നതിൻെറ കാരണം വാവർ കെട്ടിച്ച കോട്ടയുടെ വാതിൽ അവിടെയായിരുന്നതിനാലാവാം. പെരിനാട്, എരുമേലി, വണ്ടിപ്പെരിയാർ എന്നീ മൂന്നു ശാസ്താക്ഷേത്രകേന്ദ്രങ്ങൾക്കിടയ്ക്കുള്ള വനങ്ങൾ ആകമാനം അയ്യപ്പൻെറ നന്ദാവനമായി കണക്കാക്കപ്പെട്ടുവരുന്നു. കോട്ടപ്പടിക്കൽ നാളികേരം ഉരുട്ടി അവിടം പിന്നിട്ട്, സ്വാമിയുടെ പൂങ്കാവനത്തിലേക്കാണ് പ്രവേശിക്കുന്നതു്. ഈ സങ്കല്പത്തോടുകൂടി അയ്യപ്പന്മാർ അവിടെ ഓരോ ഇല പറിച്ചിട്ടു തൊഴുന്നു. എരുമേലിയിൽനിന്നു രണ്ടുമൈൽ ദൂരമുള്ള പേരൂർത്തോട്ടിങ്കലാണ് വിശ്രമസ്ഥാനം. അവിടം പ്രകൃതിവിലാസംകൊണ്ടു വളരെ മനോഹരമാണ്. തിങ്ങിനില്ക്കുന്ന വൃക്ഷസമൂഹങ്ങളും, പച്ചിലക്കാടുകളും, കൺകുളിർപ്പിക്കുന്നു. സുഖശീതളമായ നദീജലത്തിൽ മുഴുകുന്നതു് നിർവൃതികരവുമാണ്. യുദ്ധയാത്രയിൽ അയ്യപ്പൻെറ ദിവ്യസാന്നിദ്ധ്യത്താൽ അനുഗൃഹീതമായ ആ നദീതടത്തിലെ ശിലാഖണ്ഡങ്ങളിൽ അവിടുന്നു് വിശ്രമിച്ചതിനെ അനുസ്മരിച്ച്, സ്നാനാനന്തരം അയ്യപ്പന്മാർ പാറകളിൽ മലപ്പൊടി, അരിപ്പൊടി മുതലായവ വിതറി വന്ദിക്കുന്നു.

പേരൂർത്തോട്ടിൽനിന്നു് നേരെ കാളകെട്ടിയിലേക്കാണ് അയ്യപ്പന്മാർ തിരിക്കുന്നതു്. ഏകദേശം ഏഴുമൈൽ യാത്രയുണ്ടു് അവിടെ ചെല്ലാൻ. മഹാപ്രസ്ഥാനത്തിനിടയ്ക്കു് അയ്യപ്പൻ ഈ ഭാഗത്തു യാത്ര ചെയ്തിരുന്ന കാളയെ കെട്ടിയ ആഞ്ഞിലിവൃക്ഷത്തെ ഉദ്ദേശിച്ച് 'കാളകെട്ടിയാനിയേ — ശരണമയ്യപ്പോ!' എന്നു് അയ്യപ്പന്മാർ ഇവിടെ ശരണംവിളിക്കുന്നു. അയ്യപ്പൻ അവിടെ വിശ്രമിച്ചതായി സങ്കല്പിക്കപ്പെടുന്ന സ്ഥാനത്തെ കല്ക്കെട്ടിനുള്ളിൽ അവർ നാളികേരം ഉടയ്ക്കുന്നു. കാണിക്കയിടുക, വെടിവയ്പിക്കുക, കർപ്പൂരം കത്തിക്കുക മുതലായവയ്ക്കും ഇവിടെ പ്രസക്തിയുണ്ടു്. അയ്യപ്പൻെറ വിശ്രമസ്ഥാനത്തിനു ചുററും പ്രദക്ഷിണംവച്ച് തൊട്ടു തലയിൽ വച്ചിട്ടാണ് അയ്യപ്പന്മാർ അവിടം വിടുന്നതു്.

കാളകെട്ടിയിൽനിന്നു് അഴുതയിലേക്കു് ഒന്നരമൈലാണ്. അഴുതയിൽ പ്രകൃതിസൗന്ദര്യം കരകവിയുന്നുവെന്നു പറയാം. നദിയുടെ ഇരുകരകളിലും തിങ്ങിവളരുന്ന ആകാശസ്പർശികളായ വൃക്ഷസമൂഹങ്ങൾ എന്തൊക്കെ ഇനങ്ങളെന്നു ക്ലിപ്തപ്പെടുത്താൻ വയ്യാത്തവണ്ണം വിവിധങ്ങളാണ്. ചന്ദനം, കരിങ്ങാലി, നീർമരുതു്, കടമ്പു് മുതലായി പലതും അവയിൽ കാണാം. അവയിൽ ഇരുന്നു് കളകൂജനംചെയ്യുന്ന പലതരം പറവകളുടെ കളനാദം അയ്യപ്പന്മാരുടെ സ്തോത്രഗാനങ്ങൾക്കു് മാററുകൂട്ടുന്നു. സന്ധ്യാസമയമാകുമ്പോഴേക്കും അന്തരീക്ഷം കൂടുതൽ ഭക്തിഭരിതമാകുന്നു. ശംഖധ്വനികൾ, നാഗസ്വരം, ചെണ്ട, മദ്ദളം മുതലായവയോടുകൂടി സങ്കീർത്തനങ്ങളും ശരണംവിളികളുംകൊണ്ടു് അന്തരീക്ഷം മുഖരിതമാകുന്നു. ബഹുസഹസ്രം ദീപങ്ങളാൽ പ്രശോഭിക്കുന്ന നദീതടം നദിയിൽത്തന്നെ പ്രതിഫലിക്കുമ്പോൾ ആ കാഴ്ച സ്വർലോകമാനം ഒരു അഭൗമത തോന്നിപ്പോകുന്നു. ആകപ്പാടെ പരമകാരുണികനായ ഭഗവാൻെറ ദിവ്യസാന്നിദ്ധ്യത്തെ വിളംബരംചെയ്യുന്ന ഒരന്തരീക്ഷമാണ് അവിടം.

രാത്രിയാകുന്നതോടുകൂടി ആഴിയുടെ സമയമായി. അഴുതയിൽ ആഴി വളരെ പ്രധാനമായ ഒരു ചടങ്ങാണ്. അഴുതയിൽ മാത്രമല്ല, പമ്പ, മലനട എന്നിവിടങ്ങളിലും ആഴി ഉണ്ടായിരിക്കും. അയ്യപ്പൻെറ സാന്നിദ്ധ്യംവിശേഷവിധിയായി അപ്പോഴൊക്കെ ഉണ്ടായിരിക്കുമെന്നാണ് വിശ്വാസം. 27-ാംതീയതി പേട്ട കഴിഞ്ഞു് അയ്യ

പ്പസ്വാമി എപ്പോഴും അയ്യപ്പന്മാരോടൊപ്പം യാത്രചെയ്യുമെന്നും വിശ്രമസ്ഥലങ്ങളിൽ അവിടുന്നും വിശ്രമിച്ച്, പമ്പയിൽ നീരാടി, മകരസംക്രമമുഹൂർത്തത്തിൽ ശബരിമലയിൽ സാന്നിദ്ധ്യംചെയ്ത് ലോകാനുഗ്രഹം ചെയ്യുന്നുവെന്നും വിശ്വസിക്കപ്പെട്ടുവരുന്നു. ഇതും പണ്ട് അയ്യപ്പന്റെ ശബരിമലയിലേക്കുള്ള മഹാപ്രസ്ഥാനത്തെ അനുസ്മരിപ്പിക്കുന്ന ഒരു വിശ്വാസമായിട്ടുവേണം വിചാരിക്കാൻ. ഇവിടെയൊക്കെ അന്ന് അയ്യപ്പൻ തന്റെ ശിഷ്യസമൂഹങ്ങൾക്കിടയിൽ വിഹരിച്ച് ദിവ്യോപദേശങ്ങളാൽ അവരെ അനുഗ്രഹിക്കുകയുണ്ടായി. ഭക്തിഭരിതരായ അയ്യപ്പന്മാർ ആഴിക്കു വലംവയ്ക്കുമ്പോഴത്തെ അവരുടെ ശരണംവിളികൾ ആ നിശാവേളയിൽ വനഭാഗങ്ങളെ ഒന്നാകെ ശബ്ദായമാനമാക്കുന്നു.

അടുത്ത പ്രഭാതത്തിലെ അഴുതസ്നാനം വളരെ പ്രധാനമാണ്. മരംകോച്ചുന്ന തണുപ്പത്തും അയ്യപ്പന്മാർ ഉത്സാഹഭരിതരായി അഴുതയുടെ പുണ്യജലത്തിൽ മുഴുകുന്നു. കുളിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതായ ഒരു കാര്യമുണ്ട്. ആദ്യം മുങ്ങുന്നതോടുകൂടി ഓരോരുത്തരും ഓരോ കല്ലുകൂടി കൈയിൽ എടുത്തുകൊള്ളണം. അത് മുണ്ടിൻതുമ്പത്തു കെട്ടി സൂക്ഷിച്ചുകൊള്ളുകയും വേണം. കല്ലിടുംകുന്നു കയറുമ്പോൾ ഈ കല്ലാണ് അവിടെ നിക്ഷേപിക്കേണ്ടത്.

അഴുതയാററിൽനിന്ന് ഏകദേശം രണ്ടു മൈൽ ദൂരത്തോളം ദുസ്തരമായ ഒരു കയററമാണ്. അതത്രേ അഴുതമേട്. ഇവിടെ കെട്ടും ചുമന്നു കയറുന്ന അയ്യപ്പന്മാർ 'സ്വാമിയേ ശരണം' എന്നു വിളിക്കുന്നതിലെ ഓരോ അക്ഷരത്തിലും യഥാർത്ഥശരണാഗതിയുടെ ആത്മാർത്ഥത തിങ്ങിവിങ്ങുന്നു. അത്രയ്ക്കു സ്വയം നിസ്സഹായനും, സ്വാമിയിൽമാത്രം സമർപ്പിതബുദ്ധിയുമാണ്, ഏററവും ദേഹശേഷിയും, മനോബലവുമുള്ള തീർത്ഥാടകൻപോലും. എന്നാൽ ഈ സമർപ്പണബുദ്ധി പൂർണ്ണമായിട്ടുള്ളവർ—അവർ പൈതങ്ങളോ വൃദ്ധരോ ആകട്ടെ—നിഷ്പ്രയാസം കയറുന്നതു കണ്ടാൽ അയ്യപ്പനിലുള്ള വിശ്വാസം എത്ര ശക്തിസന്ദായകമാണെന്ന് ആരും സമ്മതിച്ചുപോകും. അഹന്തയുള്ള മനുഷ്യന്റെ ദൗർബ്ബല്യവും, നിസ്സഹായതയും ഇത്രത്തോളം വെളിപ്പെടുന്ന ഒരു സന്ദർഭം വേറെയില്ല. അപ്പോഴുണ്ടാകുന്ന ഈശ്വരാവബോധം തുടർന്നുനിന്നാൽ മനുഷ്യൻ അത്രയുംകൊണ്ടുതന്നെ മോക്ഷാർഹരായിത്തീരും. ശബരിമലയാത്രയുടെ പ്രധാനസ്വഭാവവിശേഷങ്ങളിലൊന്ന് ഇതുപോലെയുള്ള പരീക്ഷണങ്ങളിലൂടെ അത് മനുഷ്യനെ അടിക്കടി ഈശ്വരസ്മരണയിലേക്കു നയിക്കുന്നുവെന്നതാണ്.

കല്ലിടുംകുന്നിലേക്കാണ് പിന്നത്തെ കയററം. അവിടെ അഴുതയിൽനിന്ന് എടുത്ത കല്ലു നിക്ഷേപിക്കുന്നതിന്റെ പൊരുളിനെ സംബന്ധിച്ചു പല അഭിപ്രായഭേദങ്ങളുമുണ്ട്. ഭക്തിയോടും സഹിഷ്ണുതയോടും, ആത്മസമർപ്പണബുദ്ധിയോടുംകൂടി ജീവിതഭാണ്ഡം ചുമന്ന് മുന്നോട്ടുപോകുന്നവരുടെ പാപഭാരം ഉപേക്ഷിക്കുന്നതിന്റെ ഒരു പ്രതീകമായി ഈ പാഷാണഖണ്ഡനിക്ഷേപത്തെ കരുതാവുന്നതാണ്. പുരാണസമ്പ്രദായത്തിലുള്ള അയ്യപ്പന്റെ കഥയിൽ മഹിഷിയുടെ ശരീരം ലോകോപദ്രവകരമാകാതിരിക്കാൻ കല്ലിട്ടു മൂടിയതിന്റെ അനുസ്മരണയായ ഒരാചാരമായിട്ടും ഭക്തന്മാർ ഇതിനെ വിശ്വസിക്കാറുണ്ട്. അയ്യപ്പന്റെ യുദ്ധയാത്രയിൽ ഇഞ്ചിപ്പാറക്കോട്ടയിലെ കിടങ്ങു നികത്താൻ അന്നു പ്രയോഗിച്ച സമ്പ്രദായത്തിന്റെ അനുസ്മരണമാണെന്നുള്ളതാണ് ചരിത്രപരമായി നോക്കുമ്പോൾ സമഞ്ജസമായ വ്യാഖ്യാനം. ഇവയിൽ ഏതുതന്നെയായാലും, അയ്യപ്പന്റെ ദിവ്യചരിതത്തോട് ഗാഢബന്ധമുള്ള ഒരു ആചരണമാണിതെന്നുള്ളതിനു തർക്കമില്ല.

ഇഞ്ചിപ്പാറക്കോട്ടയിൽ എത്തുന്നതോടുകൂടി കടുംകയററം ഒരുവിധം അവസാനിക്കുന്നു. അവിടെ കോട്ടയിൽ ശാസ്താവാണു ദൈവതം. നാളികേരം എറിയുക, വെടിവയ്പിക്കുക, സർപ്പംപാട്ട് എന്നീ വഴിപാടുകൾ അവിടെ നടത്തുന്നു.

ഇഞ്ചിപ്പാറക്കോട്ട കഴിഞ്ഞാൽ അടുത്ത താവളം കരിമലക്കോട്ടയിലാണ്. പക്ഷേ, അവിടെയെത്തുന്നതിനു കാടും മലയും ഒട്ടധികം താണ്ടേണ്ടതായിട്ടുണ്ട്. വീണ്ടും ഗഹനസുന്ദരങ്ങളായ ദൃശ്യങ്ങൾ യാത്രക്കാർക്ക് അനുഭൂതമാകുന്നു. ഇതുപോലെ പക്ഷികളുടേയും വന്യജാതി ജന്തുക്കളുടേയും ശബ്ദകോലാഹലം മുഴങ്ങുന്ന സ്ഥാനങ്ങൾ

വളരെ കുറച്ചേ ജനങ്ങൾ കണ്ടിരിക്കയുള്ളു. ഒരനുഭവസ്ഥൻ വർണ്ണിച്ചിട്ടുള്ളതുപോലെ, ''കാട്ടുകോഴികളുടെ ക്രാംക്രാരവത്തോടിട കലർന്ന് മലഞ്ചീവീടുകളുടെ ഝങ്കാരനാദമൊരിടത്തു്; കാനനച്ചോലകൾ മർമ്മരധ്വനിയോടുകൂടി ഒരു ശിലോച്ചയത്തിൽ നിന്ന് മററൊരു ശിലോച്ചയത്തിലേക്കു തുള്ളിച്ചാടുമ്പോഴുള്ള മദ്ദളധ്വനി മററൊരിടത്തു്; കാട്ടാനകളുടെ ചിഹ്നംവിളി വേറൊരിടത്തു്; എന്തിനു വളരെ? പലതരത്തിലുള്ള ശബ്ദങ്ങളുടെ അന്തരീക്ഷത്തിൽ ലയിച്ച് അനിർവചനീയമായ ചിത്തവൃത്തിക്കു നാം അടിമപ്പെടുന്നു.''*

ഗഹനസുന്ദരമായ കാനനമാർഗ്ഗത്തിലൂടെ പല ചെറിയ തോടുകളും കടന്ന്, അന്നുച്ചയോടുകൂടി അയ്യപ്പന്മാർ കരികിലത്തോടെന്നറിയപ്പെടുന്ന കരിമലത്തോട്ടിങ്കൽ എത്തുന്നു. ഇവിടവും ഒരു താവളമാണ്. തോടിന്റെ ഇരുകരകളിലും വിരിവച്ച് ഒരുവിധം സ്വൈരമായി ആഹാരവിശ്രമാദികൾ കഴിയുന്നതോടുകൂടി കരിമല കയററത്തിനുള്ള ഒരു തയാറെടുപ്പാണു സംഭവിക്കുന്നതു്. കരിമല കയറുന്നതിന് അത്രയോ അതിലധികമോ തയാറെടുപ്പുകൊണ്ടൊന്നും കാര്യമായില്ല. അതിന് അയ്യപ്പന്റെ കാരുണ്യംതന്നെ അവലംബമായി വേണം. കരിമലയോട് താരതമ്യപ്പെടുത്തുമ്പോൾ അഴുത മലകയററം സാരമില്ല. വെറുതെയല്ല, ''കരിമലകയററം കഠിനമെൻറയ്യപ്പാ!'' എന്ന് അയ്യപ്പന്മാർ ആക്രോശിച്ചുപോകുന്നതു്. കാഴ്ചയിൽത്തന്നെ കരിമല ആകമാനം ഒട്ടൊരു ഇരുണ്ടനിറമാണ്. മണ്ണിന്റെ നിറം കറുത്തതാകയാലാണ് അങ്ങനെ തോന്നിക്കുന്നതു്. ആനക്കൂട്ടം (കരികൾ) ധാരാളമുള്ളതിനാലുമാവാം ഈ പേരുണ്ടായതു്. ഈ മല ഏതാണ്ട് ഏഴു തട്ടുകളിലായിട്ടാണ് കിടക്കുന്നതു്. അതുകൊണ്ട് അതിന്റെ കിഴക്കാംതൂക്കിലുള്ള കിടപ്പുമൂലം തോന്നിക്കുന്ന ദുസ്സരത അല്പം ഒഴിവാക്കാൻ കഴിയുന്നുണ്ട്. ഏഴാമത്തെ തട്ടിൽ എത്തിക്കഴിയുമ്പോൾ ഒരു സമഭൂമിയായി.

എരുമേലിയിൽനിന്നുള്ള യാത്രയിൽ അഴുത, കരിമല, നീലിമല എന്നിങ്ങനെ മൂന്നു വലിയ കയററങ്ങളാണുള്ളതു്. കരിമല ഇവയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. ഉദയൻ എന്ന കൊള്ളക്കാരൻ ഈ സ്ഥാനം തന്റെ പ്രധാന കോട്ടയാക്കിയതു് അതിന്റെ സൗകര്യപ്രദമായ സ്ഥാനം നിമിത്തമാണ്. ഉദയനെ ധ്വംസിച്ചശേഷം അയ്യപ്പന്റെ സൈനികർ കരിമല ക്കോട്ടയിൽ അയ്യപ്പന്റെ വിജയക്കൊടി നാട്ടിയ സ്ഥാനമാണ് ഈ ഏഴാമത്തെ തട്ട്. അവിടം പൂത്തുനില്ക്കുന്ന വൃക്ഷങ്ങളാലും, വല്ലീനികുഞ്ജങ്ങളാലും നിബിഡമായിരിക്കുന്നു. അവിടെ കാണുന്ന നാലടിയോളം നീളവും, രണ്ടടിയോളം ചുററളവും വരുന്ന ശില 'കരിമല'യുടെ പ്രതിഷ്ഠയാണ്. കൂടാതെ കൊച്ചുകടുത്തസ്വാമിയുടേയും, കരിമല ഭഗവതിയുടേയും സ്ഥാനമാണിവിടം. ഇവിടെ മഞ്ഞപ്പൊടി വിതറുകയും, കർപ്പൂരം കത്തിക്കുകയും ചെയ്യുന്നു. ഇവിടവും ഒരു വിശ്രമതാവളമാണ്—വർദ്ധിച്ചുവരുന്ന തീർത്ഥാടകസംഖ്യക്കു് തക്ക സ്ഥലസൗകര്യം ഇല്ലെങ്കിലും. അവിടെയുള്ള കിണറും കുളവും അത്ഭുതജനകങ്ങളാണ്. അവയിൽ തീരെ വെള്ളമില്ലാതെവരുമ്പോൾ അയ്യപ്പന്മാർ ഭക്തിപൂർവ്വം ശരണം വിളിച്ചു മലപ്പൊടി തൂകവെ വെള്ളം ഊറിവരുന്നതു് അനുഭവസിദ്ധമായ ഒരു കാര്യമാണ്. സത്യാധിഷ്ഠിതമായ ഒരു ദിവ്യസ്ഥാനമാണ് കരിമല.

കരിമല കയറുന്നതോടൊപ്പം പ്രയാസമാണ് കീഴ്ക്കാംതൂക്കായ അതിന്റെ ഇറക്കവും. എങ്കിലും ആക്ഷം അപായമൊന്നും സാധാരണ സംഭവിക്കാറില്ല. അവിടെ വിഹരിക്കുന്ന കൗതുകജനകങ്ങളായ വനജന്തുക്കളെക്കുറിച്ച്, അവിടം നിരവധി പ്രാവശ്യം കയറുകയും ഇറങ്ങുകയും ചെയ്തിട്ടുള്ള ഒരു പെരിയ അയ്യപ്പൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

''കരിമല കയററത്തിലും ഇറക്കത്തിലും കാൽ വയ്ക്കുന്നതു മിക്കവാറും താന്നിക്ക, കടുക്ക, രുദ്രാക്ഷം മുതലായി ഔഷധവീര്യമുള്ള ഫലങ്ങളുടെ പുറത്താണെന്നുള്ളതു് സ്മരണീയമാണ്. കിലുകിലാരവത്തോടെ പറക്കുന്ന കാട്ടുകോഴികളേയും, വൻമരങ്ങളുടെ മുകളിലെത്തി കുടുകുടശബ്ദം പുറപ്പെടുവിക്കുന്ന കരിംകുരങ്ങുകളേയും, മനോഹരവർണ്ണശബളിതങ്ങളായ മലയണ്ണാന്മാരേയും

* 'ശ്രീഭൂതനാഥസർവ്വസ്വം', പേ 119, കുറുമള്ളൂർ നാരായണപിള്ള.

ഇത്ര സുലഭമായി ദർശിക്കുവാൻ മററൊരു യാത്രയിലും കഴിയുമെന്നു തോന്നുന്നില്ല.''

കരിമല ഇറങ്ങിയാൽ വലിയാനവട്ടം, ചെറിയാനവട്ടം മുതലായ പമ്പയുടെ തീരത്തെ വനങ്ങൾ കടന്നു് സന്ധ്യയ്ക്കുമുമ്പായി അയ്യപ്പന്മാർ പമ്പയുടെ മണൽപ്പുറത്തെത്തുന്നു.

ശബരിമലയാത്രയിലെ ഏററവും വിശിഷ്ടവും, ആനന്ദപ്രദവുമായ താവളം പമ്പയാണു്. പരിപാവനമായ പമ്പാതീർത്ഥം കാണുന്നതോടുകൂടിത്തന്നെ അയ്യപ്പന്മാർ ആനന്ദനിർവൃതിയിൽ ആറാടുന്നു. ദുർഘടങ്ങളായ കയററങ്ങളും ഇറക്കങ്ങളും നേരിടാൻ വേണ്ടിവന്ന കായക്ലേശങ്ങളും ഉൽക്കണ്ഠയും എല്ലാം പമ്പയുടെ പ്രശാന്തശീതളവും, രമണീയവുമായ അന്തരീക്ഷത്തിൽ പരിവൃതമാകുന്നു. നദീതടത്തിലേക്കിറങ്ങുന്നതു് അതിമനോഹരമെന്നു് അനുപദം തെളിയിക്കുന്ന നാനാസാധനസമൃദ്ധമായ ഒരാപണവീഥി കടന്നാണു്. താല്ക്കാലികമെങ്കിലും സമ്പൂർണ്ണവിഭവമായ അവിടെ കിട്ടാത്ത തീർത്ഥാടകവസ്തുക്കൾ ഒന്നുമില്ല. ഏതെല്ലാം ദിക്കുകളിൽനിന്നു് എന്തെല്ലാം സാധനങ്ങളുംകൊണ്ടു് എത്രയെത്ര വ്യാപാരികളാണു് അവിടെ എത്തിയിട്ടില്ലാത്തതു്!

ഏതാണ്ടര മൈൽ നീളവും, ഒരു ഫർലോങ്ങെങ്കിലും വീതിയുമുള്ള ഒരു നെട്ടായമാണു് അവിടെ പമ്പാസരിത്തു്. സായാഹ്നത്തിൽ കുളിർകാററു വീശുന്ന വിശാലമായ മണൽത്തിട്ടു് ശ്രാന്തി ആഗ്രഹിക്കുന്നവർക്കു് സർവ്വഥാ ആകർഷകമാണു്. മണൽത്തിട്ടിനു മുകൾഭാഗത്തായി ത്രിവേണി എന്ന പരിപാവനസ്ഥാനത്തു് ഇരുവശങ്ങളിൽനിന്നായി രണ്ടു നദികൾ ഒന്നിച്ചു വന്നുകൂടി ഒഴുകുന്നു. വലത്തുനിന്നും വരുന്ന നദി രണ്ടായി പിരിഞ്ഞൊഴുകുകയാണു ചെയ്യുന്നതു്. ഇടത്തുനിന്നു വരുന്ന നദിയാണു് കല്ലാറു്. ഇവയുടെ മദ്ധ്യത്തിൽ ഉയർന്നു പരന്നുകിടക്കുന്ന മണൽത്തിട്ടയത്രെ ത്രിവേണി.

പമ്പയുടെ ഇടത്തേക്കരയും വലത്തേക്കരയുംതമ്മിൽ കാഴ്ചയ്ക്കുള്ള വ്യത്യാസം ശ്രദ്ധേയമാണു്. വലത്തേക്കരയുടെ സൗമ്യവും ശാലീനവുമായ മനോഹാര്യത ഇടത്തേക്കരയ്ക്കില്ല. നദിയിൽ വെള്ളമൊഴുകുന്ന ഭാഗംവരെ വ്യാപിച്ചുകിടക്കുന്ന നിബിഡ വനതലം കാഴ്ചയിൽ ഭീകരവും ആകമാനം വന്യമൃഗസങ്കുലവുമാണു്. പോരെങ്കിൽ, രാമായണപ്രഥിതമായ ഋശ്യമൂകാചലം അവിടെയാണത്രെ. ബാലികേറാമല എന്നതിന്റെ അപരനാമം കേൾക്കുമ്പോൾത്തന്നെ ഒരു വിലക്കിന്റെ പ്രതീതിയാണുണ്ടാകുക. അതുകൊണ്ടൊക്കെയായിരിക്കാം മുൻകാലങ്ങളിൽ ആ കരയിൽ കുടിൽ കെട്ടാൻ ആരും ഒരുമ്പെടാതിരുന്നതു്. തീർത്ഥാടകസംഖ്യയുടെ എണ്ണം കൂടിക്കൂടിവരുന്നതിനാൽ ഇന്നു് അവിടവും വിരിവയ്ക്കാൻ ഉപയോഗപ്പെട്ടുത്തിവരുന്നു.

പമ്പയിൽ കുടിലുകൾ അഥവാ പർണ്ണശാലകൾ നിർമ്മിക്കുക അയ്യപ്പന്മാർക്കു് ഹൃദ്യമായ ഒരു കാര്യമാണു്. പല നിലയിലും സ്ഥാനങ്ങളിലും വർത്തിക്കുന്നവർ ഒത്തൊരുമിച്ചു് സഹകരണബുദ്ധിയോടും, സ്വാശ്രയബോധത്തോടും ഈറകളും കമ്പുകളും വെട്ടിക്കൊണ്ടുവന്നു് ശ്രദ്ധാപൂർവ്വം കുടിലുകൾ കെട്ടുന്ന ജാഗ്രത കാണേണ്ടതുതന്നെയാണു്. കലാബോധവും കരകൗശലവും തികഞ്ഞവർക്കു് ആ വനപ്രദേശത്തും മനോധർമ്മപ്രയോഗത്തിനു ലഭിക്കുന്ന ഒരപൂർവ്വാവസരംതന്നെയാണതു്. ഓരോ സംഘക്കാരും അവരവരുടെ വിരികൾക്കു് വിശേഷവിധിയായി എന്തെങ്കിലും മോടിവരുത്താൻ ഉററു ശ്രമിക്കുന്നു. കാററിൽ പറക്കുന്ന കൊടിക്കൂറകൾകൊണ്ടു് അവിടവും അലംകൃതമായി പരിശോഭിക്കുന്നു. ഇരുപത്തിയൊമ്പതാംതീയതി പ്രഭാതത്തിലെ പമ്പ ദർശനീയംതന്നെയാണു്. അവിടത്തെ സ്വച്ഛസുന്ദരവും, ഭക്തിഭരിതവുമായ അന്തരീക്ഷം നിർവൃതിദായകമത്രെ. പാചകശാലകളിൽ എരിയുന്നതും വനത്തിൽ സുലഭമായി ശേഖരിക്കാവുന്നതുമായ അകിൽ, ചന്ദനം ദേവതാരം തുടങ്ങിയ വിറകുകളുടെ സുഗന്ധം വായുവിൽ പ്രസരിക്കുമ്പോൾ പുരാതനപർണ്ണശാലകളിലെ ഹോമകുണ്ഡങ്ങളിൽനിന്നു പൊങ്ങിയ ധൂമഗന്ധങ്ങളുടെ പ്രതീതിയായിരിക്കും ഉണ്ടാകുന്നതു്. ഇത്തരം ഒരന്തരീക്ഷത്തിൽ അയ്യപ്പന്മാരുടെ ഹൃദയംകവിഞ്ഞൊഴുകുന്ന ഭക്തിയുടെ പ്രതിദ്ധ്വനികളായ ശരണംവിളികളും, ഗാനാലാപങ്ങളുംകൂടിയാകുമ്പോൾ എത്ര

സ്വർഗ്ഗീയമായ ഒരന്തരീക്ഷമാണ് അവിടെ അനുഭവപ്പെടുക!

27-ാം തീയതിയിലെ സദ്യ, ഗുരുദക്ഷിണ, വിളക്ക്, ദീപക്കാഴ്ച, തീർത്ഥസ്നാനം, പിതൃതർപ്പണം എന്നിവ ഏറ്റവും സ്മരണീയമായ ചടങ്ങുകളാണ്. സദ്യയ്ക്കുള്ള ഒരുക്കങ്ങൾ ഉത്സാഹഭരിതമായരീതിയിൽ നടക്കുന്നു. പമ്പാസദ്യയ്ക്കാവശ്യമായ അരി മുതലായ സാധനങ്ങൾ മിക്കതും ഓരോ അയ്യപ്പന്മാരും കെട്ടിൽ കരുതി ചുമന്നുകൊണ്ടുവരികയായിരുന്നു പതിവ്. പഴയ ഒരു പെരിയഅയ്യപ്പൻ തന്റെ കന്നിമലക്കാലത്ത് നെയ്ത്തേങ്ങ കൂട്ടാതെ പതിനെട്ടു നാളികേരവും, ഉണക്കലരിക്കു പുറമെ പതിനൊന്നേകാൽ പുഴക്കലരിയും കെട്ടിൽ നിറച്ചിരുന്നുവെന്നു പറയുകയുണ്ടായി. പമ്പാസദ്യ മുതലായ വിശേഷാവശ്യങ്ങളെ പുരസ്കരിച്ചായിരുന്നു ഈ കരുതൽ. അതുപോലെയുള്ള ഒരു പുണ്യകർമ്മത്തിനുള്ള അരിയും സാധനങ്ങളും സ്വയം തലയിൽ ചുമന്നു മലചവിട്ടിച്ചെല്ലുന്നത് കൂടുതൽ പുണ്യപ്രദമായി കരുതപ്പെട്ടിരുന്നു. അവിടെയും ക്ലേശസഹിഷ്ണുതയിലൂടെ ദാനത്തിന്റേയും ത്യാഗത്തിന്റേയും മാറ്റും മഹിമയും വർദ്ധിക്കുന്ന ഒരു മനോഭാവമാണ് ദൃശ്യമാകുന്നത്. ഇന്നാണെങ്കിൽ മിക്കവാറും സാധനങ്ങൾ പമ്പയിലെ കമ്പോളത്തിൽനിന്നു വാങ്ങുകയേയുള്ളു.

പമ്പാസദ്യയ്ക്കു മുമ്പു ചില പ്രത്യേക ചടങ്ങുകൾ ശരിപ്പെടുത്തേണ്ടതുണ്ട്. തലേദിവസം സന്ധ്യാവന്ദനാദികൾക്കുശേഷം കന്നിഅയ്യപ്പന്മാർ വിളക്കുകൊളുത്തി വെറ്റിലപാക്കു ദക്ഷിണവെച്ച് പെരിയ അയ്യപ്പന്മാരെ പമ്പയൂട്ടിന് ക്ഷണിക്കുന്നു. അതിനുശേഷം കെട്ടിൽ സദ്യയ്ക്കു കരുതിയിട്ടുള്ള സാധനങ്ങൾ ഓരോന്നായിട്ടെടുത്ത് ഏല്പിക്കുന്നു. പോരാതെവരുന്നവ കമ്പോളത്തിൽനിന്നു വാങ്ങിക്കൊടുക്കുകയും ചെയ്യുന്നു. അയ്യപ്പന്മാരോടൊപ്പം എരുമേലിയിൽനിന്നും പോരുന്ന അയ്യസ്വാമി പമ്പയിലുള്ള ഏതെങ്കിലും വിരിയിൽ അന്നു സാന്നിദ്ധ്യംചെയ്ത് ഭക്ഷണസാധനങ്ങൾ പാകംചെയ്യുന്നതിൽ നിഷ്കർഷിക്കുകയും സദ്യയിൽ പങ്കുകൊള്ളുകയും ചെയ്യുമെന്നു വിശ്വസിക്കപ്പെടുന്നു. അതുകൊണ്ട് സദ്യ നന്നാക്കുന്നത് അയ്യപ്പസന്നിധിയിൽ മഹത്തായ യജ്ഞമാണെന്നാണ് സങ്കല്പം. സദ്യസമയത്ത് ഒരു വിരിയിൽ ഒരാളിനെ ആകസ്മികാതിഥിയായി ലഭിക്കുവാൻ ഇടയാകുന്നത് പരമഭാഗ്യമായും കരുതപ്പെടുന്നു.

സദ്യയ്ക്കിരിക്കുന്നതിനുമുമ്പ് വിളക്കുകൊളുത്തിവച്ച് സകല പദാർത്ഥങ്ങളും വിളമ്പി സ്വാമിക്കു നിവേദ്യംകഴിച്ചശേഷമേ അയ്യപ്പന്മാർ സദ്യയിൽ പങ്കുകൊള്ളുകയുള്ളു. പമ്പാസദ്യയുടെ വെടിപ്പും സ്വച്ഛതയും ഹൃദ്യതയും അനുഭവവേദ്യമാണ്. വിചക്ഷണരായ പാചകക്കാർ പാകംചെയ്ത വിഭവങ്ങൾപോലും ഇത്രയും രുചിയോടെ ആരും കഴിക്കാറില്ല. സാധാരണ സല്ക്കാരവിഭവങ്ങൾക്കില്ലാത്ത ഒരു മഹത്വം പമ്പാസദ്യയ്ക്കനുഭവപ്പെടാറുണ്ട്. അതിൽ അടങ്ങിയിരിക്കുന്ന പരിശുദ്ധിബോധവും, ഭക്തിപ്രകർഷവും, അയ്യപ്പന്റെ സാന്നിദ്ധ്യം, സഹവാസം എന്നിവകൊണ്ട് അവിടത്തെ അന്തരീക്ഷത്തിനുണ്ടെന്ന് വിശ്വസിക്കപ്പെടുന്ന അസാധാരണമായ മാസ്മരശക്തിയുംകൂടിയാകുമ്പോൾ, മറ്റെവിടെയാണ് അതുപോലെ അഭൗമമായ അനുഭൂതികൾ ഉണ്ടാകുവാൻ സാദ്ധ്യമാകുക! വിരികളുടെ മുകളിൽ ഉയർത്തിനിറുത്തിയിരിക്കുന്ന ഈറ്റക്കമ്പുകളുടെ അഗ്രങ്ങളിൽ കാറ്റത്താടുന്ന വലിയപപ്പടങ്ങളും ചെറിയപപ്പടങ്ങളും സദ്യയുടെ വിജയക്കൊടികളായി പ്രതിഭാസിക്കുന്നു.

പമ്പയിലെ ഗുരുദക്ഷിണ ഏറ്റവും അർത്ഥവത്തായ ഒരു കർമ്മമാണ്. ശാസ്താവെന്ന വാക്കിനു ഗുരുവെന്ന അർത്ഥമുണ്ട്. അവതാരമായ അയ്യപ്പനാകട്ടെ, അനേകായിരങ്ങളുടെ ഗുരുവായിട്ടും, അവിടത്തെ അനുയായികളെല്ലാം വിനീതശിഷ്യരായിട്ടുമാണ് ശബരിമലയിലേക്കുള്ള ആദ്യത്തെ യാത്ര നടന്നത്. ആ ഗുരുശിഷ്യസങ്കല്പം അനന്തരം പരിപാവനമായി സംരക്ഷിക്കപ്പെട്ടുപോരുന്നതിന്റെ സകല ലക്ഷണങ്ങളും ശബരിമലയാത്രയുടെ ആരംഭംമുതൽ അവസാനംവരെയുണ്ട്. പെരിയസ്വാമിയുടെ സങ്കല്പംതന്നെ സാക്ഷാൽ അയ്യപ്പനായിട്ടാണ്. പെരിയസ്വാമിമാർ ഈ മഹത്വം മനസ്സിലാക്കി പ്രവർത്തിക്കുകയും, അയ്യപ്പന്മാർ തദനുസരണം വിശ്വാസഭക്തികളോടെ ആചരിക്കുകയും ചെയ്യുന്ന

പക്ഷം മനുഷ്യന്റെ ഉല്ക്കർഷത്തിനുള്ള സകല മാനസികഭാവങ്ങളും അതിൽ ഉൾപ്പെടുന്നതായി കാണാവുന്നതാണ്. ഗുരു ഹിന്ദുക്കൾക്കു സാക്ഷാൽ ഈശ്വരൻതന്നെയാണ്. ''ഗുരുസ്സാക്ഷാൽ പരംബ്രഹ്മ'' എന്നാണ് അവർ എന്നും ഉരുവിടുന്നതും സങ്കല്പിക്കുന്നതും. അതിനാൽ പമ്പയിൽവച്ചു നല്കപ്പെടുന്ന ദക്ഷിണയെ കേവലം വെററില പാക്ക് പണം എന്നിവയായി മാത്രം സങ്കല്പിക്കാതെ ഗുരുഭക്തിയുടെ പ്രതീകമായി ഗണിക്കേണ്ടതാണ്.

അയ്യപ്പന്റേയും അനുയായികളുടേയും പര്യടനകാലത്ത് ആദ്യമായി നടത്തപ്പെട്ട പമ്പയിലെ ദീപക്കാഴ്ചയെക്കുറിച്ചു മുമ്പു പ്രസ്താവിച്ചുകഴിഞ്ഞു. ആ ചടങ്ങ് ഇന്നും ഭക്തിപൂർവ്വം നടത്തപ്പെട്ടുവരുന്നു. ഈററക്കമ്പുകളാൽ കെട്ടിയുണ്ടാക്കപ്പെടുന്ന കൂടാരങ്ങളും രഥങ്ങളും നിറയെ ഇടിഞ്ഞിലുകളോ, പന്തങ്ങളോ, മെഴുകുതിരികളോകൊണ്ടു പരിശോഭിക്കുന്ന ആ ദൃശ്യംതന്നെ ഹൃദയാകർഷകമാണ്. അവ പമ്പയുടെ ചെറുതരംഗങ്ങളാൽ ഇളകുന്ന ജലപ്പരപ്പിൽ ആന്ദോളനംചെയ്ത് മന്ദം മന്ദം ഒഴുകുമ്പോഴത്തെ ബിംബപ്രതിബിംബദൃശ്യമാകട്ടെ സ്വർഗ്ഗീയമായ കാഴ്ചയുമാണ്. ഇതത്രെ പമ്പവിളക്ക്. ഈശ്വരസാന്നിദ്ധ്യത്തിന് അനുയോജ്യമായവിധം തേജോമയമായ ഒരു രംഗംതന്നെയാണത്. നാഗസ്വരാദി താളമേളവിശേഷങ്ങളോടുകൂടിയ ശരണംവിളികൾ അതിന്റെ മഹിമയെ കൂടുതൽ വർദ്ധിപ്പിക്കുന്നു. 29-ാംതീയതിലെ സായംസന്ധ്യയുടെ അഭൗമമായ ചൈതന്യം ഒരിക്കൽ അനുഭവിച്ചിട്ടുള്ളവരുടെ അന്തരംഗം അതിന്റെ സ്മരണകൊണ്ട് എന്നും പ്രകാശമയമായി പരിലസിക്കും.

തീർത്ഥസ്നാനമാണ് പമ്പയിലെ മറെറാരു കർമ്മം. അതോടൊപ്പം പിതൃതർപ്പണവും നടത്തപ്പെടുന്നു. ഭഗവാൻ ശ്രീരാമചന്ദ്രന്റെ പാദസ്പർശംകൊണ്ടു പരമപാവനമായി ഭവിച്ചിട്ടുള്ള ഒരു ശുദ്ധികേന്ദ്രമായിട്ടാണല്ലോ പമ്പാസരിത്തും പരിസരങ്ങളും സങ്കല്പിക്കപ്പെട്ടുവരുന്നത്. അങ്ങനെയുള്ള ഒരു പുണ്യോദകത്തിൽ സ്നാനം ചെയ്യുന്നതിനേക്കാൾ പാപവിനാശകമായി മറെറന്താണ് ഒരു ഹിന്ദുവിനു കാംക്ഷിക്കാനുള്ളത്. ഇത്തരം പാവനതീർത്ഥങ്ങൾ പിതൃതർപ്പണത്തിനും ഏററവും അനുയോജ്യമായി കരുതപ്പെടുന്നു. പമ്പയിൽ പുരോഹിതന്മാർ മുൻകൂട്ടി എത്തിച്ചേർന്നു ബലിക്രിയാദികൾ നടത്താൻ സഹായിക്കുന്നു. പമ്പാദാനം എന്ന ഒരു കർമ്മംകൂടി ഇവിടെ നടത്താറുണ്ട്. നാണയമെറിഞ്ഞു പമ്പയെ ആരാധിക്കുകയെന്നതാണ് അതിന്റെ രീതി. കൂടാതെ ഭിക്ഷുക്കൾക്കു പണവും വസ്ത്രവും ദാനം ചെയ്യാറുണ്ട്. പുണ്യം വിലയ്ക്കുവാങ്ങുന്ന രീതിയില്ലാതെ യഥാർത്ഥ ദാനമനോഭാവത്തോടെ നിർവ്വഹിക്കപ്പെടുകയാണെങ്കിൽ ഈവക സൽക്കർമ്മങ്ങളൊക്കെ അർത്ഥവത്താണ്.

പമ്പയിൽനിന്ന് അത്ര വിദൂരമല്ല രാമപാദം, കിഷ്കിന്ധ എന്നീ രാമായണകഥാബന്ധമുള്ള പുരാതനസ്ഥലങ്ങൾ. ത്രിവേണിയിൽനിന്നു നദിയുടെ കരയിലൂടെ നേരേ കിഴക്കോട്ട് ഏകദേശം നാലുഫർലോംഗ് കയറിയാൽ കാണുന്ന പാറക്കെട്ടുകളുടെ കൂട്ടത്തിൽ നദിയിലേക്കിറങ്ങിക്കാണപ്പെടുന്ന ഒന്നാണ് 'രാമപാദം.' അവിടെ പാദത്തിന്റെ ആകൃതിയിൽ കാണുന്ന കുഴിഞ്ഞ പാട് ശ്രീരാമന്റേതാണെന്നു വിശ്വസിക്കപ്പെടുന്നു. അയ്യപ്പന്മാർ കർപ്പൂരം കത്തിച്ച്, അവിടെ അർച്ചനനടത്തുന്നു. അവിടെനിന്ന് ഏതാനും മൈൽ ദൂരെയാണ് രാമായണകഥയിലെ കിഷ്കിന്ധ. ചില അയ്യപ്പന്മാർ പല ദുർഘടങ്ങളും തരണം ചെയ്ത് അവിടവും സന്ദർശിച്ചുപോരാറുണ്ട്.

ഭസ്മശേഖരണം ശബരിമലയാത്രയിലുള്ള ഒരു സൽക്കർമ്മമായി കരുതപ്പെടുന്നു. പമ്പാസദ്യയിൽ അയ്യപ്പസ്വാമി ഭാഗഭാക്കാകുമെന്നും ഏതെങ്കിലുമൊരു വിരിയിലെ അടുപ്പിൽ ഭക്ഷണം പാകംചെയ്യാൻ സഹകരിക്കുമെന്നും ഒരു വിശ്വാസമുള്ളതിനാൽ എല്ലാ വിരികളിലെ അടുപ്പുകളിലും നിന്ന് അയ്യപ്പന്മാർ ഭസ്മം ശേഖരിച്ചു കലക്കിയരിച്ച് ഉണ്ടയാക്കി സ്ഫുടംചെയ്ത് കർപ്പൂരമിട്ട് സ്വാമികൾ ദീപാരാധന നടത്തിയശേഷം വാങ്ങിച്ചു സൂക്ഷിക്കുന്നു. പൂജ നടത്തുന്ന പ്രത്യേക ആഴികളിൽനിന്നും മലനട, കമ്പളംതോട്, എന്നീ സ്ഥലങ്ങളിലുള്ള അടുപ്പുകളിൽനിന്നും ശേഖരിക്കപ്പെടുന്ന ഭസ്മവും ഇതിൽ ഉൾപ്പെടുന്നു.

ധനു മുപ്പതാംതീയതിയാണ് അയ്യപ്പന്മാർ പമ്പ വിടുന്നത്. അന്നാണല്ലോ മകര

സംക്രമം. ചില വഷങ്ങളിൽ ധനു 29 ദിവസമേയുള്ളവെന്നുവന്നാൽ മകരം 1-ാം തീയതി സംക്രമമായി കണക്കാക്കപ്പെടുന്നു. സംക്രമദിവസം പ്രഭാതത്തിൽ പമ്പാസ്നാനം നടത്തി ശുഭ്രവസ്ത്രധാരികളായി മലനടയിലേക്കു് അയ്യപ്പന്മാർ. തിരിക്കുന്നു. നവീനമായ ഒരുത്സാഹമാണു് ആ ഭക്തജനസമൂഹത്തിൽ ആകമാനം അപ്പോഠം തിരതല്ലുന്നതു്. പിന്നത്തെ നാലുമൈൽ ലക്ഷ്യസ്ഥാനമായ ദിവ്യസന്നിധി അടുത്തുകഴിഞ്ഞതിലുള്ള സന്തോഷംകൊണ്ടാവാം കൂടുതൽ മെയ്ലാഘവത്തോടെ അയ്യപ്പന്മാർ ചവിട്ടിക്കയറുന്നു. ഇടയ്ക്കു് അവർ പമ്പാതടത്തിൽ പാളയമടിച്ചിട്ടുള്ള, പന്തളംരാജാവിൻെറ സന്നിധിയിൽ എത്തി അദ്ദേഹത്തെ വന്ദിക്കുന്നു. എത്ര സംഭവബഹുലമായ ഒരു ചരിത്രമാണു് ആ അഭിവാദനത്തിൻെറ പിന്നിലുള്ളതു്! ''എന്നെപ്പോലെ പന്തളംരാജാവിനേയും കരുതുക.'' എന്നാണു് അയ്യപ്പൻ തൻെറ ശിഷ്യസമൂഹത്തോടു് അന്നരുളിച്ചെയ്തതു്. ആ ആജ്ഞ ഇന്നും നിവ്വഹിക്കപ്പെടുന്നു. രാജകീയമായ സകല അലങ്കാരങ്ങളോടുംകൂടിയാണു് പന്തളംരാജാക്കന്മാർ ശബരിമലയിൽ വരാറുള്ളതു്. അയ്യപ്പന്മാർ അദ്ദേഹത്തെ കൈവണങ്ങി കാണിക്ക സമപ്പിച്ചു് പ്രസാദംവാങ്ങുന്നു.

പിന്നെ നീലിമലകയററമാണു്. ആ കയററം കയറുമ്പോഠം അഴുതമേടിൻേറയും കരിമലയുടേയും കയററങ്ങഠം ഇത്രത്തോളം വരികയില്ലെന്നു തോന്നിപ്പോകും. അത്ര കീഴ്ക്കാംതൂക്കാണു് അതു്. പല സ്ഥലത്തിരുന്നു വിശ്രമിച്ചും പാത്രങ്ങളിൽ പകന്നുകൊണ്ടുവന്നിട്ടുള്ള പമ്പാതീത്ഥം പാനംചെയ്തു ക്ഷീണംപോക്കിയും അയ്യപ്പന്മാർ ഒരുവിധത്തിൽ അപ്പാച്ചിമേട്ടിൽ ചെന്നുചേരുന്നു. അപ്പാച്ചിമേടിൻെറ മദ്ധ്യേക്കൂടിയുള്ള വഴിത്താരയ്ക്കിരുവശവും അപ്പാച്ചിക്കുഴിയെന്നറിയപ്പെടുന്ന അഗാധഗത്തങ്ങളാണു്. നോക്കെത്താത്ത ആ അഗാധത ഭയജനകമാണു്. കന്നിക്കാരായ സ്വാമിമാർ അവിടെ കുടികൊള്ളുന്നുവെന്നു സങ്കല്പിക്കപ്പെടുന്ന ചില ദേവതകളെ ഉദ്ദേശിച്ചായിരിക്കാം അരിയുണ്ട എറിയുകയെന്ന കമ്മം നിവ്വഹിക്കുന്നു.

അപ്പാച്ചിമേട്ടിൽനിന്നു് അധികദൂരമല്ല, പ്രകൃതിമനോഹരവും ഇതിഹാസപ്രസിദ്ധവും പരിപാവനവുമായ ശബരിപീഠം. അതു് പരപ്പുള്ള ഒരു പീഠപ്രദേശമാണു്. ഒരു പുണ്യസ്ഥലത്തിൻെറ അന്തരീക്ഷം അവിടെയുണ്ടു്. ശബരി തപസ്സു ചെയ്തിരുന്ന അവിടെ അതിഥിയായി ആഗതനായ ശ്രീരാമൻെറ പാദസ്പശംകൊണ്ടു് പൂതമായ ആ സ്ഥലത്തേക്കു് അയ്യപ്പന്മാർ ഭക്തിപരവശരായിട്ടാണു് കയറുന്നതു്. തേങ്ങായടി കർപ്പൂരാരാധന, വെടിവയ്പിക്കൽ മുതലായ വഴിപാടുകഠംകൊണ്ടു് അയ്യപ്പന്മാർ അവിടം പൂജിക്കുന്നു.

അടുത്ത ലക്ഷ്യം ശബരിപീഠത്തിൽനിന്നു് ഒരുമൈൽ അകലെയുള്ള ശരംകുത്തി ആൽ ആണു്. ഈ സ്ഥലത്താണു് ശബരിമലയിലേക്കുള്ള അയ്യപ്പൻെറ പര്യടനത്തിൽ മുക്തരായ ഭടസംഘങ്ങഠം, യുദ്ധത്തിനുപയോഗിച്ച് ആയുധങ്ങളെല്ലാം ഉപേക്ഷിച്ചതു്. ശബരിമലയാത്രയുടെ ദാശനികമായ മറെറാരു വശത്തെയാണു് ഈ കൃത്യം ദ്യോതിപ്പിക്കുന്നതു്. ജീവിതം കമ്മാത്മകമാണു്. എന്നാൽ കമ്മം ഈശ്വരസാക്ഷാത്ക്കാരത്തിലേക്കു നയിക്കുന്നതായിരിക്കണം. അതിനു സാധകമായിരിക്കണം. കമ്മം എപ്പോഴും ബാഹ്യവും ആന്തരികവുമായ പ്രതിബന്ധങ്ങഠംക്കെതിരായ ഒരു സമരമായിട്ടാണു് കാണപ്പെടുന്നതു്. പക്ഷേ, ആ സമരം തനതായ യാതൊരു ഫലാകാംക്ഷയോടുംകൂടിയായിരിക്കരുതു്. ഭഗവൽഗീതയിൽ ശ്രീകൃഷ്ണൻ ഉപദേശിച്ച കേന്ദ്രതത്വം ഇതാണു്. ഭാരതയുദ്ധത്തിൽ അപ്രകാരമുള്ള ഒരു സമരംചെയ്യാനാണു് ഭഗവാൻ അജ്ജുനനെ ഉപദേശിച്ചതു്. ഗീത ഉപസംഹരിച്ചുകൊണ്ടു് വ്യാസൻ സഞ്ജയനെക്കൊണ്ടു പറയിച്ചിട്ടുള്ള തത്വം ഇവിടെ ശ്രദ്ധേയമാണു്:

''യത്ര യോഗേശ്വരഃ കൃഷ്ണോ
യത്ര പാത്ഥോ ധനുദ്ധരഃ
തത്ര ശ്രീർ വിജയോ ഭൂതിഃ
ധ്രുവാ നീതിർമതിമ്മമ''

യോഗേശ്വരനായ കൃഷ്ണനോടൊപ്പം ധനുദ്ധരനായ പാത്ഥനുംകൂടി വേണം ഐശ്വര്യവും വിജയവും ഉൽക്കഷവും ഉണ്ടാകുവാനെന്നാണു് ആ തത്വം. ഇവിടെ യോഗേശ്വരനായ അയ്യപ്പൻ, ധനുദ്ധരന്മാരായ ഭക്തയോദ്ധാക്കളെക്കൊണ്ടു് നിഷ്കാമമായ

ഒരു ലോകസംഗ്രഹകൃത്യം നിർവ്വഹിപ്പിക്കു കയായിരുന്നു. അതു കഴിഞ്ഞശേഷം പിന്നെ അവരുടെ ലക്ഷ്യമായ സാക്ഷാൽക്കാരം മാത്രമേ വേണ്ടിയിരുന്നുള്ളു. പിന്നെ ധനുർദ്ധാരണം ആവശ്യമായിരുന്നില്ല. അതുകൊണ്ടു് ആയുധങ്ങൾ ഉപേക്ഷിച്ചു് സാക്ഷാൽ താരകബ്രഹ്മദർശനത്തിനു് പതിനെട്ടാംപടി കയറുക മാത്രമാണു് കരണീയമായിരുന്നതു്. അതായതു് പഞ്ചേന്ദ്രിയങ്ങൾ കാമക്രോധാദികളായ അഷ്ടരാഗങ്ങൾ, സത്വരജസ്തമോഗുണങ്ങൾ, വിദ്യ, അവിദ്യ എന്നീ പതിനെട്ടു പടികൾ കടന്നുള്ള യൗഗികപദവി മാത്രമാണാവശ്യം. ശരംകുത്തിയാലിൽ ആയുധം ഉപേക്ഷിക്കുന്നതിന്റെ പൊരുൾ ഇതായിരിക്കണം.

ശരംകുത്തിയാൽ കഴിയുന്നതോടുകൂടി സ്വാമിദർശനത്തിനു പുറപ്പെടുന്ന അയ്യപ്പന്മാർ കടന്നിരിക്കേണ്ട കോട്ടകളിൽ ആറാമത്തേതു തരണംചെയ്യുന്നു. അതിനു മുമ്പുള്ളവ കോട്ടപ്പടി, കാളകെട്ടി, ഇഞ്ചിപ്പാറ, കരിമല, ശബരിപീഠം എന്നിവയാണു്. ഇനി പതിനെട്ടാംപടിയാണു്.

ശരംകുത്തിയാലിങ്കൽവച്ചുതന്നെ പതിനെട്ടാംപടിക്കലെ വെടിയുടെ ശബ്ദം അയ്യപ്പന്മാർ കേട്ടുതുടങ്ങുന്നു. വർഷശതങ്ങളായി ലക്ഷക്കണക്കിനു വന്നുംപോയുമിരിക്കുന്ന ഭക്തിപരവശരായ അയ്യപ്പന്മാരുടെ കയററവും ഇറക്കവുംകൊണ്ടു് മിനുസപ്പെട്ടിരിക്കുന്ന ആ കൽത്തളങ്ങൾ പാവനതയുടെ പ്രതീകങ്ങളാണു്. സഹസ്രാനുസഹസ്രങ്ങളുടെ കണ്ഠനാളങ്ങളിൽനിന്നുതിരുന്ന ശരണംവിളികൾ അന്തരീക്ഷത്തിൽ മുഴങ്ങവെ ഓരോ അയ്യപ്പനും അതിൽ തന്റെ പങ്കു് ഉച്ചത്തിൽ നിർവ്വഹിച്ചുകൊണ്ടു ഭക്തിപാരാവാരതരംഗങ്ങളാൽ സ്വയം നീതനായി മുന്നോട്ടു നീങ്ങുന്നു. പടിതൊട്ടു വന്ദിച്ചു് ഭക്തിപുരസ്സരം വലത്തുകാൽവച്ചു് ഓരോ പടിയും ചവിട്ടിക്കയറുകയാണു വേണ്ടതു്. പടി കയറുമ്പോൾ അവരവരുടെ തീർത്ഥയാത്രാവർഷങ്ങളുടെ കണക്കനുസരിച്ചു് അതതു പടികളിൽ നാളികേരം ഉടയ്ക്കുന്നു. പരിശുദ്ധമായ വിചാരങ്ങളോടെയേ പതിനെട്ടാംപടി ചവിട്ടാവൂ. അഥവാ ആ ദിവ്യമുഹൂർത്തത്തിൽ, ആ പാവനസന്നിധാനത്തിൽ ആർക്കാണു് ശിവേതരമായ ഒരു വിചാരം മനസ്സിൽ കടത്താൻ കഴിയുക? ഭഗവൽ ദർശനമുഹൂർത്തം അടുക്കുംതോറും എല്ലാവരും ആത്മവിസ്മൃതിയിൽ ലയിച്ചു സാക്ഷാൽ സ്വാമിമാത്രചിത്തരായി ഒരൊഴുക്കിൽപെട്ടു താനേ മേല്പോട്ടു പോകുകയാണു ചെയ്യുന്നതു്.

പതിനെട്ടാംപടി കയറിയാലുടനെ ദൃശ്യമാകുന്നതു് രാപകലില്ലാതെ കത്തി എരിഞ്ഞു് സുഗന്ധവാഹിയായ ധൂമം പരത്തിക്കൊണ്ടിരിക്കുന്ന കർപ്പൂരാഴിയാണു്. അവിടെ ആരാധിച്ചു് ബലിക്കൽപ്പുരയിൽക്കൂടി നേരെ ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ചു് മണിമണ്ഡപം തൊട്ടുവന്ദിച്ചു് വിഘ്നേശ്വരനായ ഗണപതിയേയും വണങ്ങി പ്രദക്ഷിണമായിച്ചെന്നു സ്വാമിദർശനം നടത്തുകയാണു്.

എന്തൊരത്ഭുതമായ തേജസ്സാണു് മുന്നിൽ ദൃശ്യമാകുന്നതു്! ''സൗന്ദര്യോത്തരതോപി സുന്ദരതരം'' എന്നും, ''കാന്തം കാന്തിനിധാനതോപി മധുരം മാധുര്യധുര്യാദപി'' എന്നും മററും പറഞ്ഞിട്ടുള്ളതു്, അഭയമുദ്രയോടുകൂടി യോഗാസനത്തിൽ കുടികൊള്ളുന്ന ധർമ്മശാസ്താവിന്റെ അത്ഭുതവിഗ്രഹത്തെ ഉദ്ദേശിച്ചല്ലയോ എന്നു് ആർക്കും തോന്നാതിരിക്കയില്ല. ശരണാഗതവത്സലനും അഭീഷ്ടദാതാവുമായ അവിടത്തെ ദിവ്യസന്നിധിയിൽ ഓരോരുത്തനും നയനങ്ങളിൽ ആനന്ദബാഷ്പംപൊടിയവേ കൃതാഞ്ജലിബദ്ധനായി നിന്നുപോകുന്നു. ഇടത്തു കൈകൊണ്ടു പള്ളിക്കെട്ടു താങ്ങി വലതു കൈകൊണ്ടു കാണിക്കയിടുന്നു. അതോടുകൂടി എല്ലാവരും ലബ്ധകാമരായി നിശ്ചിതസ്ഥാനങ്ങളിൽ പള്ളിക്കെട്ടിറക്കിവച്ചു വിശ്രമിക്കുന്നു.

പിന്നെ അങ്ങോട്ടു് ഓരോ വഴിപാടുകളാണു്. ഗണപതിഹോമമാണു് ആദ്യത്തേതു്. ഇടത്തുമാറി പടിഞ്ഞാറു കത്തി എരിഞ്ഞുകൊണ്ടിരിക്കുന്ന കന്നിമേൽ ഗണപതിയുടെ ഹോമകുണ്ഡത്തിൽ അയ്യപ്പന്മാർ നിരവധി തേങ്ങാമുറികൾ വിധിപ്രകാരം നിക്ഷേപിക്കുന്നു. ശബരിമലയിൽ നെയ്യഭിഷേകമാണു് ഏററവും പ്രധാനം. ഓരോരുത്തരും നിശ്ചയിച്ചിട്ടുള്ള നെയ്യു് പാത്രത്തിൽ അകത്തു കൊടുക്കുന്നു. അഭിഷേകംചെയ്തു് ശിഷ്ടം അവിടെനിന്നു കിട്ടുന്നു. ശബരിമലസന്നിധാനത്തിൽ നെയ്യുകൊണ്ടൊരു പ്രളയമാണു്.

ഇതുപോലെ നെയ്  വരുന്ന ഒരു ദേവസ്ഥാനം വേറെയില്ല. നെയ്യുകൊണ്ടുതന്നെ സകല വിളക്കുകളും കത്തുന്നു; നെയ്യുകൊണ്ടുതന്നെ തീവെട്ടികളും പന്തങ്ങളും എരിയുന്നു; നെയ്യപ്പത്തിനും അരവണപ്പായസത്തിനും എത്രയെത്ര പറ നെയ്യാണ്  ഉപയോഗിക്കുന്നതു്! എന്നിട്ടും നെയ്ത്തോണിയിൽ ബാക്കി എന്തുമാത്രമാണവശേഷിക്കുന്നതും പിന്നെ ലേലംചെയ്യപ്പെടുന്നതും! ഭക്തജനങ്ങളുടെ ഹൃദയഗംഗ നെയ് മയമായി പ്രവഹിക്കുകയാണ്  ശബരിമലയിൽ.

പതിനെട്ടാംപടിക്കു താഴെ തൊട്ടുതെക്കാണ്  കടുത്തസ്വാമിയെ പ്രതിഷ്ഠിച്ചിരിക്കുന്നതു്. വാവരുസ്വാമിയെപ്പോലെ അയ്യപ്പസ്വാമിയുടെ ഏററവും വിശ്വാസപാത്രമായിരുന്ന ആ ഭക്തോത്തംസത്തിന്റെ—സർവ്വസ്വവും സ്വാമിക്കുവേണ്ടി സമർപ്പിച്ച ആ ആത്മപരിത്യാഗിയുടെ—സ്മരണയും, അവിടെ നടത്തപ്പെടുന്ന വഴിപാടുകളും കടുത്തസ്വാമിയെ അനുഗ്രഹിച്ച ഭക്തിവിശ്വാസങ്ങളുടെ അലകൾ അയ്യപ്പന്മാരിലേക്കു പകരുന്നു. കടുത്തസ്വാമി ശബരിമലയിൽ താമസിച്ചുതന്നെ സമാധി അടയുകയായിരുന്നു. കറുപ്പസ്വാമിയുടെ പ്രതിഷ്ഠയും അതിനടുത്തുതന്നെയുണ്ടു്.

അവിടെനിന്നും വടക്ക്  വാവരുസ്വാമി കുടികൊള്ളുന്നു. സ്വാമിഭക്തന്മാരിൽ അഗ്രേസരനായ ഈ മഹാമതി അന്യമതസ്ഥനായിരുന്നു എന്നതു്  ഹിന്ദുക്കൾക്ക്  ഒരു പ്രശ്നമേയല്ല. ശബരിമല ആദ്യംമുതല്ക്കേ ജാതിമതചിന്തകൾക്കതീതമായ ഒരു പുണ്യദേശമാണ്. കേരളത്തിന്റെ നാനാഭാഗങ്ങളിലും ജാതിഭേദം നടമാടിയിരുന്ന കാലങ്ങളിൽ അയ്യപ്പൻ തന്റെ ഏററവും അടുത്തഭക്തനായി വാവരെ സ്വീകരിച്ചു. ഭക്തജനങ്ങളും പന്തളംരാജാവും ഈ തത്വം മനസ്സിലാക്കി വാവരുടെ കാലശേഷം ആ പുണ്യവാന്റെ പാവനസ്മരണയ്ക്ക്  ശബരിമലയിൽ സങ്കേതം കല്പിച്ചു. ഒരു മുസ്ലീംതന്നെയാണ്  അവിടുത്തെ പൂജാരി. ശബരിമലയിലെ സമത്വസുന്ദരവും ഭേദരഹിതവുമായ ദാർശനികാന്തരീക്ഷത്തിന്റെ പ്രതീകമായി വാവരുടെ ആരാധന നിലനില്ക്കുന്നു.

മാളികപ്പുറത്തമ്മ അയ്യപ്പന്റെ ഇടത്തുവശത്തായി വടക്കുഭാഗത്തു കിഴക്കോട്ടു ദർശനമായി ഇരിക്കുന്നു. സാക്ഷാൽ ലോകമാതാവിന്റെ ഈ ദിവ്യപ്രതിഭാസത്തെ അയ്യപ്പന്മാർ ഭക്തിപുരസ്സരം കൈവണങ്ങുന്നു. വെടിവഴിപാട്, കർപ്പൂരാരാധന മുതലായ വഴിപാടുകൾ അവിടെ നടത്തുന്നു. മാളികപ്പുറത്തമ്മയുടെ സമീപം തെക്കുപുറത്തായി കൊച്ചുകടുത്തയും വടക്കുമാറി മലനടയിൽ ഭഗവതിയും സ്ഥിതിചെയ്യുന്നു. ഇവിടെയൊക്കെ കർപ്പൂരാരാധന മുതലായ വഴിപാടുകൾ നടത്തേണ്ടതായിട്ടുണ്ടു്. നാഗരാജാവിനും നാഗയക്ഷിക്കും കർപ്പൂരം, കാണിക്ക, മഞ്ഞപ്പൊടി എന്നിവ അർപ്പിക്കപ്പെടുന്നു.

തപസ്വിനിയായ ശബരി, യോഗാഗ്നിയിൽ വിലയിച്ചുവെന്നു വിശ്വസിക്കപ്പെടുന്ന സ്ഥാനമാണ്  ഭസ്മക്കുളം. അവിടം ഒരു പുണ്യതീർത്ഥമായിപ്പരിഗണിക്കപ്പെടുന്നു.

ശബരിമലയിലെ വഴിപാടുകളിൽ ഏററവും ഹൃദയസ്പൃക്കായിട്ടുള്ളതു്  ശയനപ്രദക്ഷിണമാണ്. ഇത്രയും ക്ലേശകരമായ ഒരു നേർച്ച വേറെയില്ല. നിരവധി ശാരീരികാസ്വാസ്ഥ്യങ്ങൾ ഇതുകൊണ്ടു്  ഓരോ അയ്യപ്പന്മാർ പരിഹരിച്ചതിന്റെ ദൃഷ്ടാന്തങ്ങൾ സുലഭമാണ്.

ഉരക്കുഴിതീർത്ഥത്തിലെ (ഇതു സന്നിധാനത്തിൽനിന്നു്  ഒരുമൈൽ വടക്കുപടിഞ്ഞാറാണ്) സ്നാനം, ഭക്തിയും അത്ഭുതവും വളർത്തത്തക്കതാണ്. ഉന്നതമായ ഒരു പാറക്കെട്ടിന്റെ മുകളിൽനിന്നു്  കീഴോട്ടൊഴുകുന്ന ഈ തീർത്ഥജലം സാമാന്യം ഉയരത്തിലുള്ള ഒരു കുഴിയിൽ വന്നുകൂടുന്നതാണ്  സ്നാനത്തിനുപയോഗിക്കുന്നതു്. അവിടേക്കു കയറുവാൻതന്നെ വിഷമമാണ്. കുഴി കണ്ടാൽ ഒരാളിനു്  ഇരിക്കാനോ മുങ്ങാനോ സാദ്ധ്യമല്ലെന്നു്  തോന്നിയേക്കാം. എങ്കിലും എത്ര വലിയ ആളിനും അതിൽ ഇറങ്ങിയിരുന്നു കുളിക്കാൻ കഴിയുന്നു. അവിടം പാവനമായ ഒരു തീർത്ഥമായി പരിഗണിക്കപ്പെടുന്നു.

മേല്പറഞ്ഞ തീർത്ഥജലത്തിൽനിന്നു്  ഉത്ഭവിക്കുന്ന കുമ്പളംതോടും ഒരു പരിശുദ്ധതീർത്ഥമാണ്. ഗംഗാജലത്തിന്റെ പരിശുദ്ധി ഇതിലെ ജലത്തിനുണ്ടു്. ഇവിടുത്തെ സ്നാനമാണ്  പതിനെട്ടാംപടി കയറിയശേഷമുള്ള മറെറാരു പുണ്യകർമ്മം.

പന്തളത്തുനിന്നുള്ള തിരുവാഭരണം വരവാണ് ശബരിമലയിലെ ഏററവും രോമാഞ്ചപ്രദമായ കാഴ്ചകളിൽ ഒന്നു്. പന്തളംകൊട്ടാരത്തിൽനിന്നു കൊണ്ടുവരുന്ന ആഭരണപ്പെട്ടിയോടൊപ്പം പമ്പയിൽ നേരത്തെ എത്തിയ പന്തളംരാജാവും ചേരുന്നു. രാജാവിന്റെ അകമ്പടിയോടെ കുത്തുവിളക്കു്, ചങ്ങലവിളക്കു്, കർപ്പൂരം, ദീപയഷ്ടി മുതലായ മംഗളദീപങ്ങൾ, നാഗസ്വരം, ചെണ്ട, പഞ്ചവാദ്യം മുതലായ വാദ്യഘോഷങ്ങൾ, കുട, ചാമരം മുതലായ അലങ്കാരങ്ങൾ, വെടി, ഭക്തജനങ്ങളുടെ ശരണംവിളി മുതലായ ശബ്ദഘോഷങ്ങൾ, വെളിച്ചപ്പാടന്മാരുടെ അകമ്പടി, ദേവസ്വം ഉദ്യോഗസ്ഥന്മാരുടെ സശ്രദ്ധമായ മേൽനോട്ടം, പോലീസുകാരുടെ കാവൽ— എന്നിവയോടുകൂടി, അനുഗ്രഹംകൊണ്ടു തുളളുന്ന വാഹകന്മാരുടെ തലയിൽ തൊട്ടും തൊടാതെയും ഇളകുന്ന ആ പരിശുദ്ധ പേടകം അത്ഭുതവും ഭക്തിയും ജനിപ്പിക്കുന്നു. ഈ പേടകം മേൽശാന്തി സ്വീകരിച്ചു കഴിഞ്ഞു് ശ്രീകോവിൽ അടയ്ക്കുന്നു. എന്നിട്ടു് തങ്കനിർമ്മിതമായ കേശഭാരത്തോടുകൂടിയ തിരുമുഖം ചാർത്തുന്നു. സ്വർണ്ണനിർമ്മിതമായ രണ്ടുവാളുകളും മാലയുംകൂടി ചാർത്തുന്നു. അതിനുശേഷം പുലി, ആന എന്നീ സ്വർണ്ണപ്രതിമകൾ പീഠത്തിലും, പൂർണ്ണപുഷ്കലന്മാരുടെ രൂപങ്ങൾ പീഠത്തിനടിയിലുംവച്ചു് തന്ത്രി വിധിപ്രകാരമുള്ള ദീപാരാധനാകർമ്മം ആരംഭിക്കുന്നു. അതിന്റെ പരിസമാപ്തിയിൽ നട തുറക്കുമ്പോൾ ഉണ്ടാകുന്ന ലോകോത്തരമായ ദീപാരാധനാസമയത്തു സർവ്വഭക്തന്മാരുടേയും മനസ്സു് ഒരേ ഒന്നിൽ, സാക്ഷാൽ ധർമ്മശാസ്താവിൽ, ഏകാഗ്രമായി ലയിച്ചു് അവരെ ബ്രഹ്മാനന്ദം അനുഭവിപ്പിക്കുന്നു. അതുതന്നെയാണു് ശബരിമലതീർത്ഥാടനത്തിന്റെ ലക്ഷ്യവും.

സംക്രമദിവസം രാത്രിയിലെ മകരവിളക്കെഴുന്നെള്ളിപ്പു് കാണാതെ അയ്യപ്പന്മാർ മുമ്പു ശബരിമലയിൽനിന്നു മടങ്ങാറില്ലായിരുന്നു. വിവിധവാദ്യഘോഷസമന്വിതമായി, കുടതഴചാമരാദി അലങ്കാരങ്ങളോടും, ദീപയഷ്ടികളുടെ അകമ്പടിയോടും കൂടി മാളികപ്പുറത്തിലെ മണ്ഡപത്തിൽനിന്നു പതിനെട്ടാംപടിയിലേക്കു് ആനപ്പുറത്തു് ഭഗവദ്‌വിഗ്രഹം എഴുന്നെള്ളിക്കുന്നതിൽ ഒരു ദിവ്യതേജസ്സു് സ്വാഭാവികമായി കളിയാടുന്നു. ഈ വരവു് പതിനെട്ടാംപടിക്കൽ വന്നു നിലപാടുനിന്നശേഷം പ്രദക്ഷിണമായി മടങ്ങിപ്പോകുന്നു.

മുൻപതിവുപ്രകാരം ഒരു ദിവസത്തെ ദീപാരാധന തൊഴുതു് വിളക്കു കണ്ടുകഴിഞ്ഞാൽ അയ്യപ്പന്മാർ അവരവരുടെ നാടുകളിലേക്കു മടങ്ങുന്നു. വിളക്കു കണ്ടു തൊഴുതു കഴിഞ്ഞാൽ വടക്കേനടയിൽക്കൂടി കയറി കാണിക്കയിട്ടു തൊഴുതു് നാളികേരമുടച്ചു് പതിനെട്ടാംപടി ഇറങ്ങുന്നു. ഇങ്ങോട്ടു വരുന്നവഴിയിൽ ഉപയോഗിച്ച താവളങ്ങളിൽ നിന്നു വ്യത്യസ്തമായവയാണു് മടക്കയാത്രയിൽ അവലംബിക്കാറുള്ളതു്. തിരിയെ വീടുകളിൽ എത്തുന്നതുവരെ വ്രതംതന്നെയാണു് എല്ലാവക്കും. ഭവനങ്ങളിലെത്തി നാളികേരമുടച്ചു് കെട്ടു താഴ്ത്തി കെട്ടിൻപുറത്തു മുദ്ര ഊരി വ്രതം അവസാനിപ്പിക്കുന്നു.

എങ്കിലും അത്രയുംകൊണ്ടുമായില്ല. ശബരിമലവ്രതം അവിടംകൊണ്ടവസാനിച്ചുവെന്നു കരുതുന്നതു ശരിയല്ല. പിന്നത്തെ വഷം അതാവർത്തിക്കുന്നതുകൊണ്ടും ആയില്ല. അതു് ഒരു ജീവിതവ്രതമാക്കണം. അതിലെ തത്വങ്ങളും ആദർശവും ദൈനംദിന ജീവിതത്തിലെ അനുഷ്ഠാനങ്ങളാക്കണം. ആ ബ്രഹ്മചര്യാവ്രതം, സമസ്തസൃഷ്ടിസ്നേഹം, സാഹോദര്യം, സമത്വബുദ്ധി എല്ലാം അയ്യപ്പമയമാണെന്ന ബോധം, എല്ലാം അവിടെ സമർപ്പിച്ചുകൊണ്ടുള്ള ശരണാഗതി, സർവ്വോപരി അകൈതവമായ ആ ഭക്തി—ഇതെല്ലാം വ്രതശേഷവും ദൈനംദിനജീവിതത്തിൽ പരിശീലിക്കാൻ തയാറില്ലെങ്കിൽപ്പിന്നെ ഈ വ്രതംകൊണ്ടു യാതൊരു ഫലവുമില്ല. അയ്യപ്പന്റെ ജ്യോതിർവിലയത്തിനുമുമ്പു് അവിടുന്നു് ഭക്തജനങ്ങൾക്കു നല്കിയ ഉപദേശത്തിന്റെ സാരാംശം ഇതു മാത്രമായിരുന്നു.

ശബരിമലവ്രതം ഹിന്ദുക്കൾ പൊതുവേ ഒരു ജീവിതചര്യയാക്കേണ്ടതാണു്. സ്വാമിദർശനം കൂടുതൽ സൗകര്യപ്രദമാക്കാൻ അഖിലഭാരത അയ്യപ്പസേവാസംഘത്തിൽ നിന്നു നടത്തിവരുന്ന സ്തുത്യർഹമായ യത്നങ്ങളെക്കുറിച്ചുകൂടി ഇവിടെ പരാമർശിക്കേണ്ടതായിട്ടുണ്ടു്. കേരളത്തേയും പാണ്ടിനാടിനേയും കവിഞ്ഞു് അഖിലഭാരതീയമായ ഒരു തലത്തിലേക്കു് ശബരിമലതീർത്ഥാ

42796

ടനം സ്വാധീനംചെയ്തുവരുന്ന ഇക്കാലത്തു് അയ്യപ്പസേവാസംഘംപോലെ ഒരു ലോകസേവനസംഘടന നിലവിൽവന്നതുതന്നെ അയ്യപ്പപ്രഭാവത്തിൻെറ ഒരു പ്രതിഭാസമാണ്. ഭക്തജനങ്ങളുടെ സേവനത്തിനു് കാട്ടിലും മലമുകളിലും എല്ലാം ഈ സംഘടനാപ്രവർത്തകന്മാർ നിർവ്വഹിച്ചുവരുന്ന യത്നങ്ങൾ മാതൃകാപരമാണ്. തീർത്ഥയാത്രയെ കൂടുതൽ വിപുലമാക്കിത്തീർക്കാൻ ആരംഭിച്ചിരിക്കുന്ന ശബരിമല വികസനപദ്ധതി പൂർത്തിയാകുന്നതോടുകൂടി ശബരിമലപ്രസ്ഥാനം ഭാരതത്തിലെ ഹിന്ദുക്കൾക്കു് കാശി–ബദരിയാത്രകളോടൊപ്പം ഭാരതവ്യാപകമായ ഒന്നായി വളരുമെന്നു പ്രതീക്ഷിക്കാവുന്നതാണ്. യാത്രയ്ക്കുള്ള നൂതനമാർഗ്ഗങ്ങൾ എത്രവന്നാലും പഴയ രീതിയിലുള്ള തീർത്ഥാടനപഥം വേണമെന്നാഗ്രഹിക്കുന്നവർക്കു് യാതൊരു പ്രതിബന്ധവും ഉണ്ടായിരിക്കുന്നതല്ല.

ഹരിഹരശക്തിസംഭവനായ ധർമ്മശാസ്താവിൻെറ തൃച്ചേവടികളിൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് അവിടത്തെ പാവനചരിതത്തിൻേറയും അപദാനങ്ങളുടേയും ലഘുവായ ഈ വിവരണം ഉപസംഹരിച്ചുകൊള്ളട്ടെ! സ്വാമിശരണം!

''മഹായോഗപീഠോജ്ജ്വലന്തം മഹാന്തം
മഹാവാക്യസാരോപദേശം സുശാന്തം
മഹർഷിം പ്രഹർഷപ്രദം ജ്ഞാനകന്ദം
പരം ജ്യോതിരൂപം ഭജേ ഭൂതനാഥം.''

# അയ്യപ്പസേവാസംഘം

സ്വാമി ആതുരദാസ്

(പ്രസിഡൻറ്, അഖിലഭാരത അയ്യപ്പസേവാസംഘം)

വർഷങ്ങൾക്കുമുൻപുള്ള ഒരു സായാഹ്നം. സൂക്ഷ്മമായി പറഞ്ഞാൽ ആയിരത്തി ഒരു നൂററിഇരുപതാമാണ്ടു് ധനുമാസം 28-ാം തീയതി വൈകുന്നേരം 5.30. സ്ഥലം പരമപവിത്രമായ പമ്പാസരസ്സുതടം. ആയിരക്കണക്കിനു് അയ്യപ്പഭക്തന്മാർ പമ്പയിലേക്കു പ്രവഹിക്കുകയാണു്. വ്രതാനുഷ്ഠാനത്തോടും ഭക്തിയോടും ഗുരുനിഷ്ഠയോടുംകൂടി ഭഗവാൻ ശ്രീഅയ്യപ്പന്റെ 'വഴിയിൽ' എരുമേലി, പേരൂർത്തോടു്, കരിമല,വലിയാനത്താവളംവഴി നടന്നും,ആചാരങ്ങൾ ശ്രദ്ധയോടെ നിർവ്വഹിച്ചും ലോകമനോഹരമായ പമ്പാസരസ്സുതടത്തിൽ എത്തിച്ചേരുന്ന ഭക്തന്മാരുടെ ഇടതടവില്ലാത്ത പ്രവാഹമാണു് നാം അന്നത്തെ സായാഹ്നത്തിൽ കണ്ടതു്. ശിരസ്സിൽ ഭഗവാനുള്ള പള്ളിക്കെട്ടുമായി, 'സ്വാമിയല്ലാതൊരു ശരണമില്ലയ്യപ്പാ' എന്ന സർവ്വസമർപ്പണബുദ്ധിയോടെ പമ്പയിലെത്തുന്ന ഭക്തന്മാരെയാണു് നാം അന്നു കണ്ടതു്.

കണ്ടകാകീർണ്ണമായ മാർഗ്ഗം താണ്ടി പമ്പയിൽ വിരിവയ്ക്കുവാനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരുന്ന ആ ഭക്തസഹസ്രങ്ങളിൽ മൂന്നുനാലുപേർ ആ സായാഹ്നത്തിൽ തീർത്ഥാടകരുടെ ക്ലേശങ്ങളെപ്പററി ചിന്തിച്ചുപോയി. ആ ചെറുസംഘത്തിൽ ഈദൃശചിന്തകൾക്കു തുടക്കമിട്ടതു് അന്നുമുതൽ ഇന്നുവരെ സംഘത്തിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്ന ഡാക്ടർ പി. എ. വേലായുധൻപിള്ളയായിരുന്നു. അദ്ദേഹവും സർവ്വശ്രീ സി. വി. രാമൻപിള്ള, ആർ. കൃഷ്ണപിള്ള, വി. അച്യുതൻനായർ തുടങ്ങിയവരുംകൂടി അന്നു പമ്പയിൽവച്ചു് ഉറക്കെ ചിന്തിച്ചു ബീജാവാപംചെയ്ത ഒരു പ്രസ്ഥാനമാണു് ഇന്നുകാണുന്ന അഖിലഭാരത അയ്യപ്പസേവാസംഘം. ശുചീകരണത്തിനുള്ള യാതൊരു ഏർപ്പാടുമില്ലാത്ത വഴിത്താരകളിൽക്കൂടിയുള്ള യാത്ര, കാട്ടുകമ്പുകളും, പച്ചിലകളും കൂട്ടിക്കെട്ടി ഉണ്ടാക്കുന്ന പർണ്ണശാലകളിലെ താമസം, കടന്നുപോയ തീർത്ഥാടകരുടെ മലവും മൂത്രവും ഉച്ഛിഷ്ടങ്ങളും സ്വന്തം കൈകൊണ്ടു വാരിമാററി വെടിപ്പാക്കിയശേഷം വിരികെട്ടി താമസിക്കേണ്ടിവരുന്നതിലുള്ള ക്ലേശങ്ങൾ, യാത്രാക്ഷീണംകൊണ്ടു നടക്കുവാൻ വയ്യാത്തനിലയിൽ എത്തിയിട്ടുള്ള തീർത്ഥാടകരുടെ ദുർഗ്ഗതി, രോഗബാധിതരായിത്തീരുന്നവർക്കു പ്രാഥമികശുശ്രൂഷപോലുംചെയ്യുവാനുള്ള ഏർപ്പാടില്ലായ്മ, ആൾത്തിരക്കിൽപ്പെട്ടു കൂട്ടംതെററി സ്വന്തക്കാരും ബന്ധുക്കാരും നഷ്ടപ്പെട്ട, വൃദ്ധന്മാരും കൊച്ചുകുഞ്ഞുങ്ങളും അനുഭവിക്കുന്ന ക്ലേശങ്ങൾ, കപടവേഷക്കാരായി വന്നുചേരുന്ന കള്ളന്മാരിൽനിന്നുമുള്ള തിക്താനുഭവങ്ങൾ, അങ്ങനെ തീർത്ഥാടകരുടെ ക്ലേശങ്ങളുടെ ഒരു നീണ്ട പട്ടികതന്നെ ആ ചെറുസംഘത്തിന്റെ ചിന്തയിലേക്കു കടന്നുവന്നു. 'ദീപാരാധനയ്ക്കു സമയമായി' എന്ന ഗുരുസ്വാമിയുടെ ശബ്ദം ആ സംഘത്തിന്റെ ആലോചനയ്ക്കു വിരാമമിട്ടു. അന്നത്തെ കർപ്പൂരാരാധന അയ്യപ്പഭക്തന്മാരുടെ ക്ലേശപൂരിതതമസ്സിനെ മാററാനുള്ള 'ദീപാരാധന'യായിരുന്നു. അങ്ങനെ 1120 ധനു 28-ാംതീയതി വൈകുന്നേരം 7 മണിയോടുകൂടി 'അയ്യപ്പസേവാസംഘം' എന്ന ആശയത്തിനു ബീജാവാപംചെയ്തശേഷമാണു് ആ ഭക്തന്മാർ ഉറങ്ങിയതു്.

### ചിത്രാ തീയേറ്ററിലെ യോഗം

1120 മീനമാസത്തിൽ ഹൈക്കോടതി ജഡ്ജി ശ്രീ കെ. എസ്. ഗോവിന്ദപ്പിള്ളയുടെ മഹനീയാദ്ധ്യക്ഷതയിൽ 'അയ്യപ്പസേവാസംഘ'രൂപീകരണത്തെപ്പററി ആലോചിക്കുവാനുള്ള പ്രഥമയോഗം തിരുവനന്തപുരത്തു് ആര്യശാലയിലുള്ള ചിത്രാ തിയേറററിൽ ചേർന്നു. ഈ സമ്മേളനത്തിൽവച്ചു് ശ്രീ കെ. എസ്. ഗോവിന്ദപ്പിള്ള അദ്ധ്യക്ഷനും ഡാക്ടർ പി. എ. വേലായുധൻപിള്ള ജനറൽസെക്രട്ടറിയും ശ്രീ പി. സുബ്രഹ്മണ്യം ഖജാൻജിയുമായി 15 പേരടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിക്കുകയും ഒരു വാടകക്കെട്ടിടത്തിൽ സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

അയ്യപ്പസേവാസംഘത്തിൽ ഒന്നാമതു് അംഗമായി ചേർന്നതും സംഘത്തിലേക്കു് ഒന്നാമതായി സംഭാവനനല്കിയതും ശ്രീ പി. സുബ്രഹ്മണ്യമാണു്. പ്രവേശനഫീസ് ആയി ഒരു രൂപയും സംഭാവനയായി

അറുനൂറുരൂപയും ഉൾപ്പെടെ 601 രൂപാ നല്കിക്കൊണ്ട് ശ്രീ പി. സുബ്രഹ്മണ്യം തുടങ്ങിവച്ച പ്രസ്ഥാനമാണ് ഇന്ന് ആയിരക്കണക്കിന് അംഗങ്ങളോടും അറുനൂറോളം ശാഖകളോടുംകൂടി വളർന്ന് ഒരു അഖില ഭാരത പ്രസ്ഥാനമായിത്തീർന്നിരിക്കുന്നത്.

അയ്യപ്പസേവാസംഘരൂപീകരണ വാർത്ത ദിനപ്പത്രങ്ങളിൽ വന്നതിനെത്തുടർന്ന് അംഗത്വം ആവശ്യപ്പെട്ടുകൊണ്ടും, പ്രവർത്തനവിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടും സംഘം ആഫീസിൽ ലഭിച്ച ആദ്യത്തെ കത്ത് ശ്രീ എ. ജി. രാമൻപിള്ള (ആലഞ്ചേരിൽ വീട്, വായ്പൂർ)യുടേതാണ്. അദ്ദേഹം ഇന്നും സംഘത്തിന്റെ അഭ്യുദയകാംക്ഷിയും പ്രവർത്തകനും ആണ്.

### സംഘം വളരുന്നു

ഭഗവൽകൃപകൊണ്ടും, ഭക്തജനസഹകരണംകൊണ്ടും അയ്യപ്പസേവാസംഘം അനുദിനം വളർന്നുവന്നു. അഴുതമേട്ടിലും കരിമലമുകളിലും നീലിമലമുകളിലും ജലവിതരണവും പമ്പയിൽ ഉച്ചഭാഷിണി ഉപയോഗിച്ചുകൊണ്ടുള്ള മതപ്രഭാഷണം, ഭജന തുടങ്ങിയ പരിപാടികളും 1121 ധനുമാസത്തിൽ സമാരംഭിച്ചു. ആ വർഷം ഭക്തജനങ്ങളിൽനിന്നും സംഘത്തിനു ലഭിച്ച സംഭാവന 800 രൂപയിൽ താഴെയായിരുന്നു. ഏകദേശം 2000 രൂപയോളം ചെലവുവന്നു. എങ്കിലും മഹത്തായ ഒരു കാര്യംചെയ്ത സംതൃപ്തിയോടെയാണ് സംഘംപ്രവർത്തകർ പൂങ്കാവനത്തിൽനിന്നും മടങ്ങിപ്പോന്നത്. അതോടെ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കണമെന്ന അത്യാഗ്രഹവും പ്രവർത്തകരിൽ വളർന്നിരുന്നു. ഗ്രാമങ്ങൾതോറും സംഘം ശാഖകൾ രൂപീകരിച്ച് ഹൈന്ദവ ഏകീകരണം, ജാതിനശീകരണം, ആതുരസേവനം, ആദ്ധ്യാത്മികപ്രവർത്തനം എന്നീ മഹത്തായ ആദർശങ്ങൾ ഹൈന്ദവരിൽ വളർത്തിക്കൊണ്ടുവരുവാൻ പ്രവർത്തകർ ആഗ്രഹിച്ചു.

1121 മേടമാസത്തിൽ സംഘത്തിന്റെ പ്രഥമശാഖ രൂപീകരിക്കപ്പെട്ടു. തുടർന്ന് കഴിഞ്ഞ 23 വർഷക്കാലംകൊണ്ടു കേരളത്തിനകത്തും പുറത്തുമായി 570ശാഖകൾ സംസ്ഥാപിക്കപ്പെടുവാൻകഴിഞ്ഞു. കൂടാതെ, ഒരു ഡസനോളം യൂണിയനുകളും ഇന്നു സംഘത്തിനുണ്ട്. തിരുവിതാംകൂർഭാഗത്തുനിന്നുമാത്രം ഭക്തന്മാർ ശബരിമലയ്ക്കു വന്നിരുന്ന നിലയിൽനിന്നും കേരളത്തിന്റെ എല്ലാഭാഗത്തുനിന്നും ഭക്തന്മാരെ ശബരിമലയ്ക്ക് ആകർഷിക്കപ്പെടുവാൻ തുടങ്ങിയത്, കൊച്ചി, മലബാർ പ്രദേശത്തേക്കു സംഘത്തിന്റെ പ്രവർത്തനം വ്യാപിച്ചതോടെയാണ്.

### അയ്യപ്പപര്യടനം

ഭാരതത്തിന്റെ ഭരണസാരഥ്യം ഭാരതീയന്റെ ഹസ്തങ്ങളിലേക്കു മാറിയതിന്റെ ശേഷം തിരുവിതാംകൂറിൽത്തന്നെ 150-നുമേൽ ക്ഷേത്രം നശിപ്പിക്കപ്പെടുകയോ വിഗ്രഹങ്ങൾ തകർക്കപ്പെടുകയോ ചെയ്തു. ആ ക്ഷേത്രനശീകരണപ്രക്രിയയുടെ മുൻപന്തിയിൽനില്ക്കുന്ന ഒരു ദുരന്തസംഭവമായിരുന്നു, 1125 മിഥുനത്തിൽ നടന്ന ശബരിമലക്ഷേത്രധ്വംസനം. ഭാരതീയരെയാകമാനം പൊതുവേയും, കേരളീയ ഹൈന്ദവജനതയെ പ്രത്യേകിച്ചും ദുഃഖത്തിൽ ആഴ്ത്തിയ ആ സംഭവം, സംഘത്തെ ഞെട്ടിച്ചു. പ്രവർത്തകർ ഇതികർത്തവ്യതാമൂഢരായി നില്ക്കാതെ, കേട്ടവർകേട്ടവർ ശബരിമല സന്നിധാനത്തിൽ എത്തിച്ചേരാൻ വെമ്പൽപൂണ്ടു. ഭക്തന്മാരെ സാന്ത്വനപ്പെടുത്തുകയും സ്വയം സംയമനംചെയ്യുകയും ഭാവിപരിപാടികൾ ആസൂത്രണംചെയ്യുകയും ഒരേസമയം നിർവ്വഹിക്കേണ്ടിവന്ന ആ പ്രതിസന്ധിയെ സംഘം ബുദ്ധിപൂർവ്വം തരണംചെയ്യുകതന്നെ ചെയ്തു. ധ്വംസനം നടത്തിയവരെ വെളിച്ചത്തുകൊണ്ടുവരുവാൻ സംഘം സർക്കാരിൽ നടത്തിയ സകല സമ്മർദ്ദങ്ങളും പരാജയമടയുകയാണുണ്ടായത്. അതിന് ഒരു പോംവഴി എന്ന നിലയിൽ സംഘം ആവിഷ്കരിച്ച പരിപാടിയായിരുന്നു അയ്യപ്പവിഗ്രഹത്തിന്റെ ദക്ഷിണഭാരതപര്യടനം.

ശാസ്തൃവിഗ്രഹം തച്ചുടയ്ക്കുകയും ക്ഷേത്രം നശിപ്പിക്കുകയുംചെയ്താൽ ഹൈന്ദവചൈതന്യം അസ്തമിക്കുമെന്നു വ്യാമോഹിച്ച് അതിക്രമം കാണിച്ച മൂഢമതികളോടുള്ള വെല്ലുവിളിയായിരുന്നു സംഘം ആവിഷ്കരിച്ച 'ശ്രീഅയ്യപ്പപര്യടനം'. ശബരിമലക്ഷേത്രത്തിലെ പ്രതിഷ്ഠാവിഗ്രഹത്തോടു സാദൃശ്യമുള്ള, പഞ്ചലോഹനിർമ്മി

തമായ ഒരു അയ്യപ്പവിഗ്രഹവും വഹിച്ചു കൊണ്ട് ഒരു ഘോഷയാത്ര തലസ്ഥാനനഗരിയിൽനിന്നും പുറപ്പെട്ടു. മധുര, തിരുനൽവേലി, പളനി, തിരുപ്പതി തുടങ്ങിയ പുണ്യസ്ഥലങ്ങളിലും പ്രധാനനഗരങ്ങളിലും ഗ്രാമങ്ങളിലും വിഗ്രഹം കടന്നുപോയ തെരുവീഥികളിലും തികച്ചും ആഭാടപൂർവ്വവും ആദ്ധ്യാത്മികചൈതന്യനിർഭരവുമായ വരവേല്പാണ് അയ്യപ്പവിഗ്രഹത്തിനു ലഭിച്ചതു്. ഡാ: പി. ജി. പിള്ള, ശ്രീ വി. നാഗപ്പൻനായർ (അദ്ദേഹം പിന്നീടു സംഘം പ്രസിഡൻറായി 8 വർഷക്കാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്), സർ. പി. ടി. രാജൻ (മധുര) എന്നിവരുടെ അശ്രാന്തപരിശ്രമവും, സംഘംപ്രവർത്തകരുടെ ആത്മാർത്ഥസഹകരണവും, സേവനവുമാണ് പര്യടനം പരിപൂർണ്ണവിജയമാകുവാനും ഇന്നു കാണുന്ന രീതിയിൽ തമിഴ്നാട്ടിൽനിന്നും ഭക്തജനപ്രവാഹം സംജാതമാകുവാനും കാരണം. ദക്ഷിണഭാരതപര്യടനംകഴിഞ്ഞു മടങ്ങിയെത്തിയ ഭഗവൽവിഗ്രഹം തിരുവനന്തപുരം സുബ്രഹ്മണ്യക്ഷേത്രത്തിൽ ഒരു പ്രത്യേകക്ഷേത്രം പണികഴിപ്പിച്ചു പ്രതിഷ്ഠിച്ച് ആരാധിച്ചുപോരുന്നു.

ക്ഷേത്രധ്വംസനംചെയ്ത കുററവാളികളെ കണ്ടുപിടിക്കുവാൻ സർക്കാർ പരാജയപ്പെട്ടതിനെപ്പററി സംഘം ശക്തമായ ഭാഷയിൽ വിമർശനമാരംഭിച്ചതോടെ സർക്കാർ ജീവനക്കാർ അയ്യപ്പസേവാസംഘത്തിൽ പ്രവർത്തിക്കരുതെന്നുള്ള നിരോധനാജ്ഞ പുറപ്പെടുവിക്കുകയാണ് അന്നത്തെ തിരുവിതാംകൂർസർക്കാർ ചെയ്തതു്.

ആ കല്പനയുടെ അടിസ്ഥാനത്തിൽ ഡോക്ടർ വേലായുധൻപിള്ള ജനറൽസെക്രട്ടറിസ്ഥാനം ഒഴിയുകയും ഡോക്ടർ പി. ജി. പിള്ള തൽസ്ഥാനം ഏറെറടുക്കുകയും ചെയ്തു. എന്നാൽ, ഈ 'നിരോധനം' അധികകാലം നീണ്ടുനിന്നില്ല.

### ദേവസ്വം ബോർഡ്

തിരുവിതാംകൂറിലെ ദേവസ്വങ്ങളുടെ ഭരണം സർക്കാരിൻെറ 'ദേവസ്വം ഡിപ്പാർട്ട്മെൻറി'ൽ ഒരു കമ്മീഷണറുടെ കീഴിൽ നിക്ഷിപ്തമായിരുന്നു. ഭരണം ജനഹസ്തങ്ങളിലേക്കു പകർന്നപ്പോൾ ദേവസ്വം ഡിപ്പാർട്ട്മെൻറ് ഒരു സ്വതന്ത്രബോർഡായിത്തീർന്നു. സംഘത്തോടു വളരെയധികം സ്നേഹവാത്സല്യത്തോടെയാണ് ദേവസ്വംബോർഡും മാറിവരുന്ന അതിലെ അംഗങ്ങളും പെരുമാറിയിട്ടുള്ളതു്. ബോർഡുണ്ടാകുന്നതിനു മുമ്പുതന്നെ അയ്യപ്പസേവാസംഘത്തിന് സർക്കാരിൽനിന്നും അനുവദിച്ചിരുന്ന 8000 രൂപയുടെ വാർഷികഗ്രാൻറ് ബോർഡ് തുടർന്നു നല്കുകയുണ്ടായി.

### ആതുരസേവനം ആരംഭിക്കുന്നു

അയ്യപ്പസേവാസംഘത്തിൻെറ പ്രവർത്തനത്തിൽ പ്രാധാന്യം അർഹിക്കുന്നതു് ആതുരസേവനമാണ്. ശബരിമലതീർത്ഥാടനവേളയിൽ ആതുരസേവനം പരമപവിത്രമായ ഒരു ധർമ്മമെന്നനിലയിലായിരിക്കണം സംഘം കൈകാര്യംചെയ്യേണ്ടതെന്നു പ്രവർത്തകർ ആഗ്രഹിച്ചു. ആ ആഗ്രഹത്തിൻെറ വിളംബരമാണ് തീർത്ഥാടനമദ്ധ്യേയുള്ള താവളങ്ങളിൽ സംഘം ഏർപ്പെടുത്തിയിട്ടുള്ള ആയുർവ്വേദ–അലോപ്പതിസമ്പ്രദായപ്രകാരമുള്ള ചികിത്സാസൗകര്യങ്ങൾ. പമ്പയിലും സന്നിധാനത്തിലും ആയുർവ്വേദ–അലോപ്പതി ആശുപത്രികൾ സമാരംഭിക്കുകയും തീർത്ഥാടകർക്കു യാദൃച്ഛികമായി വന്നുചേരുന്ന രോഗങ്ങൾക്കു ശമനംവരുത്തുവാൻവേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയുംചെയ്തു. ലക്ഷക്കണക്കായി വന്നുചേരുന്ന തീർത്ഥാടകർക്കുവേണ്ട പ്രാഥമിക ശുശ്രൂഷാസൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതുതന്നെ ഭാരിച്ച സാമ്പത്തികബാദ്ധ്യതകൾ ഉളവാക്കുമെന്നുള്ള ഭീതി പ്രവർത്തകരെ ഞെട്ടിപ്പിച്ചു. എങ്കിലും 'സ്വാമി ശരണ'മെന്നു സങ്കല്പിച്ച് ആ പ്രവർത്തനം 1122 ധനുമാസത്തിൽ സമാരംഭിച്ചു.

1122 ധനുമാസത്തിൽ പമ്പയിലും സന്നിധാനത്തിലും ചെറിയതോതിൽ ആയുർവ്വേദ–അലോപ്പതി ആശുപത്രികൾ സമാരംഭിച്ചു. കേരളത്തിലെ കേൾവികേട്ട ആയുർവ്വേദ–അലോപ്പതി ഭിഷഗ്വരന്മാരുടെ സേവനമാണ് അന്നുമുതൽ കഴിഞ്ഞ വർഷംവരെ സംഘത്തിനു ലഭിച്ചിട്ടുള്ളതു്. കേവലം പ്രാഥമികശുശ്രൂഷാസൗകര്യങ്ങൾ മാത്രമായി 1122-ൽ ആരംഭിച്ച ഈ സേവനപ്രവർത്തനങ്ങൾ ഇന്ന് എല്ലാവിധ ആധുനികസജ്ജീകരണങ്ങളോടുംകൂടി പമ്പയിലും സന്നിധാനത്തിലും രണ്ട് ആയു

ർവ്വേദാശുപത്രികളും അലോപ്പതി ആശുപത്രികളുമായി പ്രവർത്തിച്ചുപോരുന്നു. ആയുർവ്വേദവൈദ്യന്മാരും, അലോപ്പതിഡോക്ടർമാരും ആയിരക്കണക്കിനു രൂപയുള്ള മരുന്നുകൾ ഈ ആവശ്യത്തിലേക്കു വഴിപാടായി നല്കിവരുന്നു. പമ്പയിലും സന്നിധാനത്തിലും വൈദ്യന്മാരും ഡോക്ടറന്മാരും അഹോരാത്രം അവിശ്രമം പ്രവർത്തനം നടത്തുന്നു. സംഘത്തിൻെറ സേവനപ്രവർത്തനങ്ങളിൽ ഏററവും പ്രാമുഖ്യമർഹിക്കുന്ന 'ആതുരസേവനം' ഇന്നു ഭക്തലക്ഷങ്ങളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതമായിട്ടുണ്ട്.

## ശുദ്ധജലവിതരണവും ശുചീകരണവും

തീർത്ഥാടനകാലത്തു ഭക്തന്മാർ അനുഭവിച്ചുപോന്നിരുന്ന ശുദ്ധജലദൗർലഭ്യം പരിഹരിക്കുവാനുള്ള പ്രവർത്തനത്തിലാണ് സംഘത്തിൻെറ ശ്രദ്ധ തുടന്നു കേന്ദ്രീകരിച്ചതു്. അഴുതമേട്, കരിമല, നീലിമല, ഉപ്പുപാറ എന്നീ കേന്ദ്രങ്ങളിൽ അവശ്യാനുസരണം ശുദ്ധജലവും, തിളപ്പിച്ചാററിയ ഔഷധവീര്യമുള്ള ജീരകവെള്ളവും വിതരണംചെയ്യുവാനുള്ള ശ്രമകരമായ പ്രവർത്തനം നടത്തുവാൻ തുടങ്ങിയതും 1122-ലായിരുന്നു. പ്രയത്നവും, പണച്ചെലവും ആവശ്യമുള്ള ഈ പ്രവർത്തനം സംഘം ഇന്നും നടത്തിപ്പോരുന്നു.

വഴിത്താരകളിലും താവളങ്ങളിലും ആരോഗ്യപ്രവർത്തനങ്ങൾ, ശുചീകരണപരിപാടികൾ എന്നിവ നടപ്പിലാക്കിയതും ഈ വർഷത്തിൽത്തന്നെയാണ്.

വർദ്ധിച്ചുവരുന്ന ഭക്തജനപ്രവാഹത്തിനനുസരണമായി ജലവിതരണ-ശുചീകരണപ്രവർത്തനവും വിപുലമാക്കിക്കൊണ്ടിരിക്കുന്നു.

## പ്രസിദ്ധീകരണവിഭാഗം

ഒരു ഹൈന്ദവനവോത്ഥാനം നാട്ടിലുടനീളം വളർത്തിക്കൊണ്ടുവരുവാൻ സംഘത്തിൻെറ പ്രവർത്തനം 'ശബരിമല'യിൽ മാത്രം ഒതുക്കിനിറുത്തിയാൽ പോരാ എന്നുള്ള പ്രവർത്തകരുടെ മുൻതീരുമാനം പ്രാവർത്തികമാക്കുന്നതിന് ഒരു പ്രസിദ്ധീകരണം ആവശ്യമാണെന്നുതോന്നിയതിൻെറ ഫലമായി 'ശ്രീഅയ്യപ്പൻ' എന്ന പേരിൽ ഒരു മത-സാംസ്കാരികമാസിക തുടങ്ങുവാൻ തീരുമാനിച്ചു. 'ശ്രീഅയ്യപ്പൻ' പ്രസിദ്ധീകരണമാരംഭിക്കുമ്പോൾ ശ്രീരാമകൃഷ്ണമിഷൻെറ ആഭിമുഖ്യത്തിൽ നടത്തിപ്പോരുന്ന 'പ്രബുദ്ധകേരളം' മാത്രമായിരുന്നു മലയാളത്തിലുള്ള ഏക മത-സാംസ്കാരികമാസിക. 'ശ്രീഅയ്യപ്പൻ' മാസികയെപ്പററി പറയുമ്പോൾ അതിനുവേണ്ടി അനവരതം പ്രവർത്തിച്ച പല പ്രമുഖന്മാരും യശഃശരീരനായ ശ്രീ വാരനാട്ടു കെ. പി. ശാസ്ത്രികളും പ്രത്യേകം സ്മരണീയരാണ്. കഴിഞ്ഞ 15 വർഷക്കാലമായി 'ശ്രീഅയ്യപ്പൻ' പ്രസിദ്ധീകരിച്ചുപോരുന്നു. സ്വന്തമായി ഒരു അച്ചുക്കൂടമോ, ഒരു പ്രസിദ്ധീകരണത്തിനുവേണ്ട യാതൊരുവിധ സാഹചര്യങ്ങളോ, മൂലധനമോ ഇല്ലാതെ കഴിഞ്ഞ 15 വർഷക്കാലമായി 'ശ്രീഅയ്യപ്പൻ' പ്രസിദ്ധീകരിച്ചുപോരുന്നതു് ഭഗവാൻ അയ്യപ്പൻെറ അനുഗ്രഹം ഒന്നുകൊണ്ടു മാത്രമാണ്. ശ്രീഅയ്യപ്പൻെറ ആവിർഭാവം മുതൽ അതിൻെറ പ്രധാന പത്രാധിപരായി ശ്രീ പുത്തേഴത്തു രാമമേനോൻ പ്രവർത്തിച്ചുവരുന്നു.

സംഘത്തിൽനിന്നും, കഠോപനിഷദ്, മുണ്ഡകോപനിഷദ്, 'എൻെറ ശബരിമലയാത്ര' കാനനപ്പാന, ആത്മാർപ്പണം, മായാകുമാരസംഭവം, മനസ്സിലെ മകരവിളക്കു്, പന്തളദാസൻ തുടങ്ങി ഒരു ഡസനിലധികം ആദ്ധ്യാത്മിക-മതഗ്രന്ഥങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംഘത്തിൻെറ പ്രസിദ്ധീകരണവിഭാഗം കൂടുതൽ വിപുലമാക്കുവാനുള്ള പരിപാടികളും സംഘം ആലോചിച്ചുവരുന്നു.

ഋഷികേശത്തു തപോനിരതനായി വിശ്രമിച്ചുവരുന്ന സ്വാമി ജ്ഞാനാനന്ദസരസ്വതിയാൽ വിരചിതമായ, സുപ്രഭാതകീർത്തനങ്ങൾ സംഘത്തിലേക്കു സദയം നല്കിയതു് സംഘം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ കീർത്തനങ്ങളിൽനിന്നും 'ശബരിഗിരീശസുപ്രഭാതം' സംഘം റിക്കാഡ് ആക്കി പ്രസിദ്ധീകരിച്ചു. സുപ്രസിദ്ധഗായിക ശ്രീമതി പി. ലീല പാടിയ പ്രസ്തുത കീർത്തനം ഇപ്പോൾ ക്ഷേത്രങ്ങളിലും അനേകഭക്തന്മാരുടെ ഗൃഹങ്ങളിലും, പ്രഭാതസമയത്തു കേൾക്കാം. ഗുരുവായൂപുരേശസുപ്രഭാതം, ശ്രീപത്മനാഭസുപ്രഭാതം

തുടങ്ങിയവയും റിക്കാഡ്ചെയ്യണമെന്നു് സംഘത്തിനു് ആഗ്രഹമുണ്ട്.

### ക്ഷേത്രജീർണ്ണോദ്ധാരണം

കേരളത്തിലെ നശിച്ച നാമാവശേഷമായിക്കിടക്കുന്ന ക്ഷേത്രങ്ങളിൽ ചിലതു് ഏറെറടുത്തു ജീർണ്ണോദ്ധാരണംചെയ്യുന്നതിനും സംഘത്തിനു കഴിഞ്ഞിട്ടുണ്ട്. നാല്പതോളം ക്ഷേത്രങ്ങൾ ഇന്നു സംഘത്തിൻെറ ചുമതലയിൽത്തന്നെയുണ്ട്.

പുതിയ തലമുറയ്ക്കു മതബോധം നല്കുന്നതിനു് ക്ഷേത്രങ്ങൾ, ഭജനമന്ദിരങ്ങൾ, മററു പൊതുസ്ഥലങ്ങൾ എന്നിവ കേന്ദ്രമാക്കി അനേകം മതപാഠശാലകൾ സംഘത്തിൽനിന്നും സ്ഥാപിച്ചു നടത്തിപ്പോരുന്നു. സംഘത്തിൻെറ ആഭിമുഖ്യത്തിൽ രാജ്യത്തുടനീളം മതസമ്മേളനങ്ങൾ, ചർച്ചാക്ലാസ്സുകൾ, മതപരിഷത്തുകൾ തുടങ്ങിയവയും സംഘടിപ്പിക്കാറുണ്ട്.

### 'അഖിലഭാരത'മാകുന്നു

ശബരിമലതീർത്ഥാടകരുടെ ക്ലേശങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി സമാരംഭിച്ച ഒരു ചെറിയ 'സേവനസന്നദ്ധസംഘം' വളൎന്നു കേരളാതിർത്തികളേയും അതിലംഘിച്ചു വടക്കോട്ടു വികസിച്ചുതുടങ്ങി. മധുര, ബാംഗളൂർ, കോയമ്പത്തൂർ, മദിരാശി, ബോംബേ, ഭോപാൽ എന്നീ പ്രദേശങ്ങളിലും അതിൻെറ പരിസരപ്രദേശങ്ങളിലും, തലസ്ഥാനനഗരിയായ ഡൽഹിയിലും സംഘത്തിനു ശാഖകളും പ്രവർത്തകരും ഉണ്ട്. സംഘത്തിൻെറ പേരും ആശയവും, ആദർശവും ഇന്നു ഭാരതത്തിൻെറ മുക്കിലും മൂലയിലും എത്തിക്കഴിഞ്ഞു. ഈ വികാസത്തിനും വളർച്ചയ്ക്കും നിയമപരമായ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി 'അഖിലഭാരത അയ്യപ്പസേവാസംഘം' എന്ന നിലയിൽ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടു.

### പ്രചരണപരിപാടികൾ

